# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 5, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 190 - നമ്പർ 1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 5, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

**അംഗങ്ങൾ**

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ-എസ്.സി.)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ-എസ്.സി.)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര -എസ്.സി.)
17. ശ്രീമതി സി. കെ. ആശ (വൈക്കം -എസ്.സി.)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)
25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
27. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)
28. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)
29. ശ്രീമതി ദെലീമ (അരൂർ)
30. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
31. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
32. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ-എസ്.സി.)
33. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
34. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
35. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
36. ഡോ. കെ. ടി. ജലീൽ (തവനൂർ)
37. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)
38. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
39. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
40. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)
41. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)
42. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
43. ശ്രീ. വി. ജോയി (വർക്കല)
44. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)
45. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
46. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
47. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)
48. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)
49. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)
50. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)
51. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)
52. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

53. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)
54. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)
55. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)
56. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
57. ശ്രീ. മാണി സി. കാപ്പൻ (പാലാ)
58. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)
59. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
60. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
61. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)
62. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)
63. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
64. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)
65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
66. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)
67. ശ്രീ. എം. മുകേഷ് (കൊല്ലം)
68. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക-എസ്.സി.)
69. ഡോ. എം. കെ. മുനീർ (കൊടുവള്ളി)
70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
72. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)
73. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)
74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)
78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)
79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)
81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
82. ശ്രീമതി യു. പ്രതിഭ (കായംകുളം)
83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)
84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര-എസ്.സി.)
85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
86. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
87. ശ്രീ. എ. രാജ (ദേവികുളം-എസ്.സി.)
88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
89. ശ്രീ. കെ. രാജൻ (ഒല്ലൂർ)
90. ശ്രീ. പി. രാജീവ് (കളമശ്ശേരി)
91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)
92 ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)
93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)
94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)
97. ശ്രീമതി കെ. കെ. രമ (വടകര)
98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി-എസ്.സി.)
101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)
102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)
103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)
104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)
106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്-എസ്.സി.)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)
108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)
109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)
112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)
114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)
116. ശ്രീ. വി. ശിവൻകുട്ടി (നേമം)
117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)
118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്-എസ്.സി.)
119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)
120. ഡോ. സുജിത് വിജയൻപിള്ള (ചവറ)
121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)
122. ശ്രീ. പി. പി. സുമോദ് (തരൂർ-എസ്.സി.)
123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)
126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)
129. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
130. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)
131. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ (വൈപ്പിൻ)
132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)
133. ശ്രീമതി വീണാ ജോർജ് (ആറന്മുള)

134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)
137. ശ്രീ. എം. വിൻസെന്റ് (കോവളം)
138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)
139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)
140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ്  നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ന്യൂനപക്ഷക്ഷേമം

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. അഹമ്മദ് ദേവർകോവിൽ: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. ആന്റണി രാജു: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

യുവജനകാര്യം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി**

സഹകരണം

രജിസ്ട്രേഷൻ

സാംസ്കാരികം

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.20380/Table-1/2022/Leg. Thiruvananthapuram, 17th November, 2022.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Seventh Session at 09.00 a.m. on Monday, 5 th December, 2022 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ ഏഴാം സമ്മേളനത്തിലേയ്ക്കായി 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

A. M. BASHEER,
Secretary,
Kerala Legislative Assembly.

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II ചരമോപചാരം**

എൻ. എം. ജോസഫ്, കെ. മുഹമ്മദാലി, ആര്യാടൻ മുഹമ്മദ്, കോടിയേരി ബാലകൃഷ്ണൻ, പുനലൂർ മധു, വെങ്ങാനൂർ പി. ഭാസ്കരൻ ... എന്നിവരുടെ നിര്യാണം

**III ചെയർമാൻമാരുടെ പാനൽ** ...

**IV അടിയന്തരപ്രമേയം** ...

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ പിൻവാതിൽ നിയമനങ്ങൾ ...

- ശ്രീ. പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു) ...

**V ശ്രദ്ധ ക്ഷണിക്കൽ**

വിഴിഞ്ഞം തുറമുഖ സമരം

-ശ്രീ. കടകംപള്ളി സുരേന്ദ്രൻ ...

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ...

## VII നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും<br>സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ...

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ...

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ...

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ ...

**അനുബന്ധം I & II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2022 ഡിസംബർ 5, തിങ്കൾ

---

വാല്യം 190} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 1

---

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........*1-ാം നമ്പർ ചോദ്യവുമായി *7-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ

1 (*1) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും ഫലമായി രാജ്യത്ത് വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിലും സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) വിലക്കയറ്റത്തിന്റെ ആഘാതത്തിൽനിന്നും ഓണക്കാലത്തുൾപ്പെടെ സംസ്ഥാനത്തെ സാധാരണക്കാരെ രക്ഷിക്കാൻ നടത്തിയ ഇടപെടലുകൾ ഫലം കണ്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽനിന്ന് നിത്യോപയോഗ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) കോവിഡാനന്തര പ്രതിസന്ധികൾ കാർഷികമേഖലയെ ദോഷകരമായി ബാധിച്ചതും കേന്ദ്രസർക്കാർ പിന്തുടരുന്ന വികലമായ കാർഷിക നയങ്ങൾ കാരണവും രാജ്യത്ത് വിലക്കയറ്റമുണ്ടായി എന്നത് ഒരു യാഥാർത്ഥ്യമാണ്. യാതൊരു നിയന്ത്രണവുമില്ലാതെ കേന്ദ്രസർക്കാർ എണ്ണവില വർദ്ധിപ്പിച്ചത് വിലക്കയറ്റം രൂക്ഷമാകാൻ കാരണമായി. കേന്ദ്രസർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റ് പണപ്പെരുപ്പത്തിനും രൂപയുടെ മൂല്യശോഷണത്തിനും വഴിയൊരുക്കി. രാജ്യത്തെ ഉപഭോക്തൃ വിലസൂചിക സമീപകാലത്തെ ഏറ്റവും ഉയർന്ന നിരക്കിലേയ്ക്ക് (7.41%) എത്തുകയുണ്ടായി. വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെമാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315

കോടി രൂപ ചെലവ് വരുന്നു. മേൽപരാമർശിച്ച 13 ഇനം സബ്സിഡി ഉല്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383 രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് വെറും 756 രൂപയ്ക്ക് ലഭിക്കുകയാണ്. ഇതിലൂടെ ഒരു ഉപഭോക്താവിന് 618 രൂപയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള വിപണി ഇടപെടൽ നടക്കുന്നില്ല. ഇതിലൂടെ 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിക്കുകയുണ്ടായി. പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെയാണ് ഉത്സവസീസണുകളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തുടനീളം ഉത്സവച്ചന്തകൾ നടത്തുന്നത്. കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് 27.8.2022 മുതൽ 7.9.2022 വരെ നടത്തിയ ഓണം ഫെയറിൽ 2.64 കോടി രൂപയുടെ വിൽപ്പന നടക്കുകയുണ്ടായി. ഇതിലൂടെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വാങ്ങാൻ സാധിച്ചു. എന്നുമാത്രമല്ല കഴിഞ്ഞ 6

വർഷമായി വിപണി ഇടപെടലിന്റെ ഭാഗമായി 6,588.48 കോടി രൂപ സർക്കാർ ചെലവഴിക്കുകയുണ്ടായി. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. പൊതുവിപണിയിൽ അരിവില വർദ്ധിച്ചപ്പോൾ അവിടെയും സംസ്ഥാന സർക്കാർ സമയോചിതമായ ഇടപെടൽ നടത്തുകയുണ്ടായി. സംസ്ഥാനത്തെ തീരദേശ-മലയോര-ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് 2.11.2022 മുതൽ 8.11.2022 വരെ 'അരിവണ്ടി'-യുടെ സേവനം ജനങ്ങളിലേയ്ക്കെത്തിച്ചു. ഇതിലൂടെ 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23, 24, 25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു ജനവിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ

മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ ഓണക്കാലത്ത് മുൻഗണനേതര കാർഡുടമകൾക്ക് 10 കിലോ അരി 10.90 രൂപയ്ക്ക് അധികമായി നൽകുവാൻ കഴിഞ്ഞു. പൊതുവിപണിയിൽ അരിവില കൂടിയപ്പോൾ കഴിഞ്ഞമാസം 8 കിലോ അരി 10.90 രൂപ നിരക്കിൽ നൽകുവാനും കഴിഞ്ഞു. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ-ലീഗൽ മെട്രോളജി വകുപ്പുദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധിച്ചതിലൂടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞു. രാജ്യത്തെ സ്വാഭാവിക വിലക്കയറ്റമാണ് സംസ്ഥാനത്തും വിലവർദ്ധിക്കാൻ കാരണമെന്നാണ് മനസ്സിലാക്കുന്നത്.

(ബി) ഉണ്ട്. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും 13 ഇനം അവശ്യസാധനങ്ങളുൾപ്പെടുത്തിയ 8569583 ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശുപത്രികൾ, കന്യാസ്ത്രീ

മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.8.2022 മുതൽ 7.9.2022 വരെ ഓണം ഫെയറുകൾ സംഘടിപ്പിച്ചു. ടി കാലയളവിൽമാത്രം ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. കൂടാതെ, മുൻഗണനേതര വിഭാഗങ്ങളിലെ നീല, വെള്ള കാർഡുകൾക്ക് നോർമൽ വിഹിതത്തിനുപുറമെ 10 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ അധികമായി നൽകിയിരുന്നു.

(സി) ഇടനിലക്കാരെ ഒഴിവാക്കി വിവിധ ഉൽപ്പന്നങ്ങൾ കുറഞ്ഞവിലയ്ക്ക് നേരിട്ടെത്തിക്കുന്നതിന് കേരളം-ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ഭക്ഷ്യമന്ത്രിമാർ ഇരുസംസ്ഥാനങ്ങളിലും സന്ദർശനം നടത്തുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനും നേരിട്ട്

വാങ്ങാവുന്ന ഉല്പന്നങ്ങളുടെ കാര്യത്തിൽ ഓരോ ഉൽപ്പന്നങ്ങളുടെയും വില, ഗുണനിലവാര പരിശോധനാ നടപടികൾ, മറ്റ് നിബന്ധനകൾ (മുൻകൂറായി പണം നൽകൽ തുടങ്ങിയവ), ഗതാഗത സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, രാജ്യത്ത് വൻതോതിലുള്ള വിലക്കയറ്റമാണുണ്ടായിട്ടുള്ളത്. ദേശീയ ഉപഭോക്തൃ വിലസൂചിക സമീപകാലത്തെ ഏറ്റവും ഉയർന്ന നിലയിലേയ്ക്കെത്തിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ വലിയ തോതിലുള്ള വിപണിയിടപെടൽ കാരണം സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾക്ക് വിലക്കയറ്റത്തിന്റെ തീവ്രത കാര്യമായി അനുഭവപ്പെടുന്നില്ല. എന്നാൽ പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വില കാര്യമായി കുറയുന്നതായി കാണുന്നില്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വിശദമാക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, വിപണി സമ്പദ്‌വ്യവസ്ഥ നിലനിൽക്കുന്ന ഒരു രാജ്യത്ത് ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് ഉല്പാദകരും അതിന്റെ വിതരണക്കാരുമായ വിപണന ശൃംഖലയാണ്. ഒരു ഉൽപ്പന്നത്തിന്റെ ആവശ്യകതയും ലഭ്യതയുമാണ് വില നിർണ്ണയത്തെ

സ്വാധീനിക്കുന്ന ഘടകങ്ങൾ. ഒരു ഉൽപ്പന്നം ഇത്ര വിലയ്ക്കേ വിൽക്കാവൂവെന്ന് അനുശാസിക്കാൻ ഒരു സർക്കാരിനും കഴിയില്ല. അവശ്യവസ്തുക്കളുടെ സംഭരണം, വിപണനം, വില നിശ്ചയിക്കൽ എന്നിവയിലെല്ലാം ഒരുപരിധിവരെ ഇടപെടാൻ സർക്കാരിന് അധികാരം നൽകുന്ന 1955-ലെ എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിനെ 1990-നുശേഷം കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന ഉദാരവത്കരണ-സ്വകാര്യവത്കരണ നയങ്ങൾ ദുർബ്ബലപ്പെടുത്തുകയാണുണ്ടായത്. വിലക്കയറ്റമുണ്ടാകുമ്പോൾ വിപണിയിൽ ഇടപെടുക എന്നതാണ് ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യം. ഇക്കഴിഞ്ഞ നാളുകളിൽ ഈ സർക്കാർ ഫലപ്രദമായി അതിലിടപെട്ടിട്ടുമുണ്ട്. ദേശീയതലത്തിൽ ഗണ്യമായ വിലക്കയറ്റമുണ്ടായപ്പോഴും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ അത് വലിയ തോതിൽ ബാധിക്കാത്തതും വിലക്കയറ്റം വിജയകരമായി പിടിച്ചുനിർത്താൻ കഴിഞ്ഞ സംസ്ഥാനങ്ങളുടെ മുൻനിരയിൽ കേരളത്തിനെത്താൻ കഴിഞ്ഞതും അതുകൊണ്ടാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കഴിഞ്ഞ മൂന്നുമാസമായി റേഷൻ കടകളിൽ പച്ചരിയാണ് കൂടുതലായി ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ ജനങ്ങൾ പുഴക്കലരിയാണ് ഏറ്റവും കൂടുതൽ ഭക്ഷിക്കുന്നത്. ഇത്

പൊതുവിപണിയിൽ അരിയുടെ വില വർദ്ധിക്കാനിടയാകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പൊതുവിപണിയിൽ പുഴക്കലരി കൂടുതലായി ലഭിക്കുന്നതിനും വില വർദ്ധിക്കുന്നത് തടയുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് പച്ചരിയുടെ ഉപഭോഗം കൂടുതലായതിനാൽ റേഷൻകടകൾവഴി കൂടുതൽ പച്ചരി വേണമെന്ന ആവശ്യം കേരളത്തിൽ നേരത്തെ ഉയർന്നുവന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എഫ്.സി.ഐ-യുടെ ഉദ്യോഗസ്ഥരും കേന്ദ്രസർക്കാരുമായി ചർച്ച നടത്തിയതിലൂടെയാണ് 50 ശതമാനം പച്ചരിയും 50 ശതമാനം പുഴക്കലരിയും എന്നതോതിൽ നിശ്ചയിക്കാൻ കഴിഞ്ഞത്. മാത്രമല്ല, എഫ്.സി.ഐ-യിൽനിന്നും വിട്ടെടുക്കുന്ന അരിയുടെ ഇനം, അളവ്, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിന് പൊതുവിതരണ വകുപ്പുദ്യോഗസ്ഥർക്ക് കൂടുതൽ ഇടപെടൽ നടത്താൻ കഴിയുന്ന തരത്തിൽ എഫ്.സി.ഐ. ജനറൽ മാനേജരും സിവിൽ സപ്ലൈസ് കമ്മീഷണറുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇക്കഴിഞ്ഞ നാളുകളിൽ കേന്ദ്രസർക്കാരിന്റെ സമീപനത്തിന്റെ ഫലമായിട്ടാണ് 70 ശതമാനത്തിലധികം പച്ചരി എഫ്.സി.ഐ.-യിൽനിന്ന് നൽകുന്ന

സ്ഥിതിയുണ്ടായത്. അതുകാരണം കേരളത്തിലെ സാധാരണ ജനങ്ങൾക്ക് പുഴുക്കലരി വാങ്ങാൻ മാർക്കറ്റിൽ പോകേണ്ട സാഹചര്യമുണ്ടായെന്നുള്ളതും അത് പുഴുക്കലരിയുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. ഈ വിഷയം സംബന്ധിച്ച് എഫ്.സി.ഐ. അധികാരികളുമായി ചർച്ച നടത്തിയപ്പോൾ കേന്ദ്രം അനുവദിക്കുന്ന പ്രകാരമുള്ള അരി മാത്രമേ വിതരണം ചെയ്യാൻ കഴിയൂവെന്നാണ് അറിയിച്ചിട്ടുള്ളത്. എങ്കിലും കേരളത്തിന്റെ ഈ അവസ്ഥ കണക്കിലെടുത്ത് അമ്പത് ശതമാനം പുഴുക്കലരി നൽകണമെന്ന ആവശ്യം 28.11.2022-ന് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്തെ റേഷൻകടകളിൽ പലതും പഴയ കെട്ടിടങ്ങളിൽ പരിമിതമായ സ്ഥലസൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ശരാശരി 200 സ്ക്വയർ ഫീറ്റ് സ്ഥലസൗകര്യമുള്ള ഇത്തരം കടകളിൽ ആവശ്യത്തിന് ഭക്ഷ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. കടകളുടെ സ്ഥലസൗകര്യം വിപുലപ്പെടുത്തി ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമൊരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; അതോടൊപ്പം റേഷൻകടകൾവഴി

പലവ്യഞ്ജനങ്ങളും മറ്റ് അവശ്യസാധനങ്ങളും വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ടോയെന്നും അറിയിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റേഷൻകടകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനായി പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. 2022-23 വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. 2021-ലെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ ഖണ്ഡിക 32 പ്രകാരം റേഷൻകടകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആ മാനദണ്ഡത്തിനനുസരിച്ചുള്ള സൗകര്യമില്ലാത്ത സ്ഥിതിയാണ് നിരവധി റേഷൻകടകളിലുമുള്ളത്. സ്ഥലപരിമിതി കാരണം ചില റേഷൻകടകളിൽ ഒന്നിൽക്കൂടുതൽ തവണ ഭക്ഷ്യധാന്യങ്ങളെത്തിക്കേണ്ട സ്ഥിതിയുമുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്ഥലപരിമിതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 3330 റേഷൻ കടകൾ കുറഞ്ഞത് 300 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം കൈവരിക്കുന്നതിനായി റേഷൻ വ്യാപാരികൾക്ക് സർക്കാർ ഗ്യാരണ്ടിയിൽ ബാങ്കുകൾവഴി കുറഞ്ഞ പലിശ നിരക്കിൽ രണ്ട് ലക്ഷം രൂപവരെ ലോൺ അനുവദിക്കുന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുകയാണ്. ഈ പദ്ധതിപ്രകാരം ബാങ്ക് ഈടാക്കുന്ന

ആകെ പലിശയിൽ മൂന്ന് ശതമാനം സംസ്ഥാന സർക്കാർ നൽകുന്നതായിരിക്കുമെന്നുള്ള കാര്യവും അവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ചതായുള്ള പത്രവാർത്തകൾ സമൂഹത്തിൽ വലിയ ചർച്ചകൾക്ക് വഴിയൊരുക്കിയിരുന്നു. പൊതുവിതരണ സമ്പ്രദായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിർണ്ണായക പങ്കുവഹിക്കുന്ന റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കാമോ; ഒരു റേഷൻ വ്യാപാരിക്ക് ലഭിക്കുന്ന ശരാശരി കമ്മീഷൻ എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ചെന്ന വാർത്ത ശരിയല്ല. റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനായി സർക്കാരിന് പ്രതിമാസം 15-16 കോടി രൂപയാണ് വേണ്ടിവരുന്നത്. 2022-23-ലെ ബഡ്ജറ്റിൽ 216 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയത്. കേന്ദ്ര സർക്കാർ Pradhan Mantri Garib Kalyan Anna Yojana (PMGKAY) പദ്ധതിപ്രകാരം അനുവദിച്ച ഭക്ഷ്യധാന്യങ്ങൾകൂടി നൽകേണ്ടിവന്നപ്പോൾ കൂടുതൽ തുക കണ്ടെത്തേണ്ടതായി വന്ന സാഹചര്യത്തിലാണ് കമ്മീഷൻ വിതരണത്തിന്

തടസ്സമുണ്ടായത്. ഒരു മാസം 16 കോടിയോളം രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 28.44 കോടി രൂപ ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. ആയതിനാൽ ഒരു ലൈസൻസിക്ക് ഇരട്ടി രൂപ കമ്മീഷൻ ലഭിക്കുന്ന സാഹചര്യമാണ് ഈ കാലയളവിൽ ഉണ്ടായത്. ഒരു ക്വിന്റൽ ഭക്ഷ്യധാന്യ വിതരണത്തിന് റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് 239 രൂപ നൽകേണ്ടിവരികയാണ്. കേന്ദ്രഗവൺമെന്റ് അതിന് സമാനമായി സംസ്ഥാന സർക്കാരിന് നൽകുന്ന തുക സംബന്ധിച്ച് ഈ സഭയും ജനങ്ങളും അറിയേണ്ടതാണ്. എൻ.എഫ്.എസ്.എ. പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിന് കമ്മീഷനായി കേന്ദ്രഗവൺമെന്റ് ക്വിന്റലിന് 43 രൂപ നൽകുമ്പോൾ സംസ്ഥാന സർക്കാരിന് 239 രൂപ നൽകേണ്ടിവരികയാണ്. അതുപോലെതന്നെ PMGKAY പദ്ധതിയനുസരിച്ചുള്ള ഭക്ഷ്യധാന്യ വിതരണത്തിന് ക്വിന്റലിന് 83 രൂപയാണ് കേന്ദ്രസർക്കാർ നൽകുന്നത്. ഇതിൽ 81 ശതമാനം മാത്രമാണ് കേന്ദ്രഗവൺമെന്റ് സഹായമായി ലഭിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കമ്മീഷൻ ഇനത്തിൽ സംസ്ഥാനത്തിന് മാറ്റിവച്ചിരുന്ന തുക തീർന്നപ്പോൾ, ഇക്കഴിഞ്ഞ സെപ്റ്റംബർ മാസം ധനകാര്യവകുപ്പിനോട് 102 കോടി രൂപ

ആവശ്യപ്പെട്ടതിൻപ്രകാരം 29.11.2022-ലെ ഉത്തരവുപ്രകാരം 42 കോടി രൂപ അനുവദിക്കുകയും ആ പ്രശ്നം പരിഹരിക്കുകയും ചെയ്തു. കമ്മീഷൻ വിതരണം ചെയ്യുന്നതിൽ ദിവസങ്ങൾ മാത്രമാണ് വൈകിയത്. പ്രസ്തുത പ്രശ്നം കൃത്യമായി പരിഹരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, റേഷൻ കാർഡില്ലാത്ത 7181 അതിദരിദ്രർ സംസ്ഥാനത്തുണ്ടെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ അതിദരിദ്ര നിർണ്ണയ പ്രക്രിയയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളത്. ഇങ്ങനെ കണ്ടെത്തിയ റേഷൻ കാർഡില്ലാത്ത മുഴുവൻ അതിദരിദ്രർക്കും പുതിയ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: അതിദരിദ്രരെ നിർണ്ണയിക്കുന്ന പ്രക്രിയ പൂർത്തിയായതനുസരിച്ച് 2411 പേർക്ക് റേഷൻ കാർഡില്ലെന്നും 4270 പേർക്ക് ആധാർ കാർഡും റേഷൻ കാർഡും ഇല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സിവിൽ സപ്ലൈസ് വകുപ്പിനെ അറിയിക്കുകയുണ്ടായി. എന്നാൽ ആധാർ കാർഡുള്ളവരുടെ ലിസ്റ്റ് വിശദമായി പരിശോധിച്ചതിൽ 1261 പേരുകൾ നിലവിൽ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 1150 പേരിൽ 867 പേർക്ക് പുതിയ റേഷൻ കാർഡ് നൽകിയിട്ടുണ്ട്. മരണപ്പെട്ടതും സ്ഥലത്തില്ലാത്തതുമായ 130 പേർക്ക് റേഷൻ

കാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവശേഷിക്കുന്ന 153 പേർക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി നടന്നുവരികയാണ്. റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ആധാർ കാർഡ് നിർബന്ധമായതിനാൽ അതില്ലാത്ത അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട ജില്ലകളിൽ ക്യാമ്പുകൾ നടത്തി അടിയന്തരമായി ആധാർ കാർഡ് വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരുടെയും ജില്ലാ സപ്ലൈ ഓർഫീസർമാരുടെയും യോഗം വിളിച്ചുചേർത്ത് ധാരണയാക്കിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സപ്ലൈകോ നടത്തുന്ന കൺവെൻഷണലായിട്ടുള്ള പദ്ധതികൾ സംബന്ധിച്ചാണ് അങ്ങയുടെ മറുപടിയിൽ വ്യക്തമാക്കിയത്. അത് ഫലപ്രദമാകുമെന്നുതന്നെയാണ് ഇപ്പോഴത്തെ സ്ഥിതിഗതികളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിനോടൊപ്പംതന്നെ പഴങ്ങളുടെയും പച്ചക്കറികളുടെയും വിലക്കയറ്റം നിയന്ത്രിക്കാൻ സംഭരണവും സംസ്കരണവും നടത്തുകയെന്നതും ഏറ്റവും നല്ല ആശയങ്ങളിൽ ഒന്നാണ്. അത്തരത്തിലുള്ള നിരവധി പദ്ധതികൾ കേരളത്തിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇലഞ്ഞിയിൽ ആരംഭിച്ച പഴം-പച്ചക്കറി സംസ്കരണശാല. ഈ സംസ്കരണശാലയുടെ

നിർമ്മാണം ആരംഭിച്ച് ഏഴ് വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഇതുവരെ പൂർത്തിയായിട്ടില്ല. എന്ത് സാങ്കേതികകാരണം കൊണ്ടാണെങ്കിലും ഏഴ് വർഷത്തെ കാലതാമസം എന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് അടിയന്തരമായി ഇടപെട്ട് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇലഞ്ഞി സംസ്കരണശാലയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിരവധി പരാതികളും പോരായ്മകളുമുണ്ട്. അതിനെ സംബന്ധിച്ച് വിശദമായി പഠിക്കുകയും അന്വേഷിക്കുകയും ചെയ്തുവെങ്കിലും അന്തിമ തീരുമാനത്തിലേയ്ക്ക് എത്തിയിട്ടില്ല. അന്തിമ തീരുമാനത്തിനനുസൃതമായി എത്രയുംവേഗം പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി രാജ്യത്തിന് മാതൃകയായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ അങ്ങേയറ്റം പ്രശംസിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഗ്രാമതലത്തിൽ സഞ്ചരിക്കുന്ന

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും അതോടൊപ്പംതന്നെ റേഷൻ കടകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം ഗൗരവമായി ആലോചിക്കുകയുണ്ടായി. കേരളത്തിലെ ആദിവാസി ഊരുകൾ ഉൾപ്പെടെയുള്ള 136 ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ വഴി അരിയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ഫലപ്രദമായി വിതരണം ചെയ്തുവരികയാണ്. അതോടൊപ്പംതന്നെ മറ്റ് നിത്യോപയോഗ സാധനങ്ങളുൾപ്പെടെ വിൽക്കാൻ കഴിയുന്ന തരത്തിൽ കേരളാ സ്റ്റോർ (കെ-സ്റ്റോർ)-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്; അത് പൂർത്തിയായാൽ കൂടുതൽ ജനങ്ങളെ സഹായിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മില്ലുടമകൾ കേരളത്തിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് നല്ലയിനം അരി പുറത്തേയ്ക്ക് വിൽക്കുകയും അയൽസംസ്ഥാനങ്ങളിൽ നിന്നും വില കുറഞ്ഞ നെല്ല് സംഭരിച്ച് സംസ്കരിച്ച് അത് സിവിൽ സപ്ലൈസ് കോർപ്പറേഷന്

കൈമാറുന്നതായും അറിയാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് മില്ലുടമകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം നടപടികൾ നിരോധിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിലുള്ള വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാൽ അത്തരത്തിലൊരു നടപടിയിലേയ്ക്ക് പോകുന്ന മില്ലുടമകൾക്കെതിരെ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, പതിമൂന്നിനം ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ (2016 ഏപ്രിൽ മാസത്തെ നിരക്കിൽ) നൽകിക്കൊണ്ടിരിക്കുന്ന പദ്ധതി ഇപ്പോൾ കേരളത്തിൽ മാത്രമായി നിലനിൽക്കുകയാണ്. ഇത് കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ അതിന്റെ അളവ് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഗൗരവമേറിയ വിഷയമാണ്. നിലവിൽ ഒരു മാസം 35 ലക്ഷത്തിലധികം കാർഡുടമകൾ സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെ ഇത്തരം ഭക്ഷ്യധാന്യങ്ങൾ

സബ്സിഡി നിരക്കിൽ വാങ്ങുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. എന്നുമാത്രമല്ല 50 ലക്ഷത്തോളം കുടുംബങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിന്നും വിലകുറഞ്ഞ മറ്റുല്പന്നങ്ങൾ വാങ്ങുന്നുണ്ട്. അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല; അതുസംബന്ധിച്ച് പരിശോധിക്കാം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പതിമൂന്നിനം ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകുന്നുവെന്ന് സൂചിപ്പിച്ചത് ശരിയാണ്. പക്ഷെ, ഇന്നത്തെ രൂക്ഷമായ വിലക്കയറ്റം തടയുന്നതിനുള്ള ഇടപെടൽ പര്യാപ്തമല്ല. ഒരു റേഷൻ കാർഡിന് സബ്സിഡി നിരക്കിൽ മുളക്, മല്ലി, വെളിച്ചെണ്ണ എന്നിവ അരക്കിലോ വീതമാണ് നൽകുന്നത്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഒരു ഉല്പന്നം ഏത് വിലയ്ക്ക് വിൽക്കണമെന്ന് വ്യാപാരികളെ നിർബന്ധിക്കാൻ സാധിക്കില്ല. നിലവിൽ നൽകിവരുന്ന സാധനങ്ങൾ ഇരട്ടിയായി വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണമെന്നതാണ് ഒരു കാര്യം. പല ഡിപ്പോകളിലും ഈ സാധനങ്ങൾ ലഭ്യമല്ലെന്നതാണ് രണ്ടാമത്തെ കാര്യം. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ജില്ലയായ തിരുവനന്തപുരത്തെ ഡിപ്പോയിൽ മുളകും മല്ലിയും വെളിച്ചെണ്ണയുമടക്കം പല സാധനങ്ങളുമില്ല. വിലക്കയറ്റം രൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ

സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും നിലവിൽ നൽകുന്ന സാധനങ്ങൾ ഇരട്ടിയാക്കി വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇത്തരം ഉല്പന്നങ്ങൾ മാർക്കറ്റുവിലയെക്കാൾ വളരെ കുറഞ്ഞ വിലയ്ക്കാണ് (ഏകദേശം പകുതി വിലയ്ക്കാണ്) ഗവൺമെന്റിന്റെ സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെ നൽകുന്നത്. അതുകൊണ്ട് ഓരോ ഷോപ്പിലും ഈ ഉല്പന്നങ്ങൾ വന്നാൽ (മുളക്, മല്ലി, വെളിച്ചെണ്ണ) പെട്ടെന്ന് തീർന്നുപോകുന്ന സാഹചര്യം സാധാരണ കാണാറുണ്ട്. അത് പരിഹരിക്കാനാവശ്യമായ ഇടപെടൽ കൃത്യമായി വകുപ്പ് നടത്തുന്നുണ്ട്. ജനങ്ങൾക്ക് പ്രയാസകരമാകാത്ത വിധത്തിൽ സാധനങ്ങൾ വിതരണം ചെയ്യാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, രാജ്യത്ത് അരിയുടെ വിലക്കയറ്റം ക്രമാതീതമായി ഉയർന്നുവന്നപ്പോഴും കേരളത്തിലെ പൊതു മാർക്കറ്റുകളെ അത് ബാധിക്കാതിരിക്കാനുള്ള ഫലപ്രദമായ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയത്. സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരാണ് അവയുടെ വില തീരുമാനിക്കുന്നതെന്ന കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചിരുന്നു. എന്നാൽ നെൽകർഷകരെ സംബന്ധിച്ച് അത്തരമൊരനുഭവം നമ്മുടെ രാജ്യത്തില്ലെന്ന് അറിയാം. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ

ഉൽപ്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി വില കൊടുത്ത് നെല്ല് സംഭരിക്കുമെന്ന് പറഞ്ഞത് ഇതുവരെ നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല. കർഷകർക്ക് പകുതി വിലപോലും നൽകാൻ തയ്യാറാകുന്നില്ല. യഥാർത്ഥത്തിൽ നെല്ലിന്റെ ഉൽപ്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി വില, അതായത് കിലോയ്ക്ക് നാൽപ്പത് രൂപയെങ്കിലും കേന്ദ്ര സർക്കാർ പ്രഖ്യാപിക്കേണ്ടതായിരുന്നു. അത് നടപ്പാക്കാത്ത കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് തിരുത്തിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ വിഷയം നിരവധി തവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അതിൽ മാറ്റം വരുത്താൻ അവർ തയ്യാറായിട്ടില്ല. എന്നാൽ, കേരളത്തിൽ ഒരു കിലോ നെല്ലിന് 28.20 രൂപ നൽകിയാണ് സംഭരിക്കുന്നത്. ഇത്തവണയും സംഭരണം ഊർജ്ജിതമായി നടത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ സംഭരിക്കുന്ന നെല്ലിന്റെ തുക കൃത്യമായി നൽകാനുള്ള പരിശ്രമവും നടത്തിയിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, പരമ്പരാഗത രീതിയിലുള്ള വിപണി ഇടപെടലുകളാണ് വിലക്കയറ്റം നിയന്ത്രിക്കാനുള്ള ഏക മാർഗ്ഗമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള

അധികാരമുപയോഗിച്ച് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കണ്ടെത്തുന്നതിനുള്ള ശ്രമം സംസ്ഥാനത്ത് നടക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സർക്കാർ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, വിശദമായ കണക്ക് മേശപ്പുറത്ത് വയ്ക്കുന്നു.+ വിലവർദ്ധനവുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം ജില്ലാ കളക്ടർമാർ, ഡി.എസ്.ഒ, റവന്യൂ ഉദ്യോഗസ്ഥർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ടീം എല്ലാ ജില്ലകളിലും വിശദമായ ഇടപെടലുകൾ നടത്തി, അത്തരം കേസ്സുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## നവകേരളം കർമ്മ പദ്ധതി 2

2 (*2) ശ്രീ. എം. നൗഷാദ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസന രംഗത്ത് കുതിച്ചുചാട്ടം സൃഷ്ടിക്കാൻ വഴിയൊരുക്കിയ വികസന മിഷനുകളുടെ

+ അനുബന്ധമായി ചേർക്കുന്നു.

പ്രാധാന്യം കണക്കിലെടുത്ത് വികസനത്തുടർച്ച ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നവകേരളം കർമ്മ പദ്ധതി 2-നെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കർമ്മ പദ്ധതിയുടെ മുൻഗണനാ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളെയും കേരള പുനർ നിർമ്മാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുള്ളത്. 11.2.2022-ലെ സർക്കാർ ഉത്തരവുപ്രകാരം നവകേരളം കർമ്മപദ്ധതി 2-ന്റെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

നാല് വികസന മിഷനുകളുടെയും കേരള പുനർ നിർമ്മാണപദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് തുടർച്ച സൃഷ്ടിക്കുന്ന രീതിയിലുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നവകേരളം കർമ്മ പദ്ധതി 2-ന്റെ മാർഗ്ഗരേഖയിൽ

ചിട്ടപ്പെടുത്തിയിരിക്കുന്നത്. മിഷനുകളുടെ പ്രവർത്തന സമീപനം, പൊതു ലക്ഷ്യങ്ങൾ, സംയോജന സാദ്ധ്യതകൾ, ക്യാമ്പയിനുകൾ, മോണിറ്ററിംഗ് സംവിധാനം എന്നിവ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപനത്തോടെ നിർവ്വഹിച്ചുവരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബന്ധപ്പെട്ട മന്ത്രിമാരുമുൾപ്പെടുന്ന സംസ്ഥാന സമിതി ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്. ഓരോ മിഷനുമായി ബന്ധപ്പെട്ട മന്ത്രിമാർ അദ്ധ്യക്ഷനായ കർമ്മസമിതികൾ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.

(ബി) ലൈഫ്, ആർദ്രം, ഹരിത കേരളം, വിദ്യാകിരണം എന്ന പേരിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കേരള പുനർ നിർമ്മാണ പദ്ധതി എന്നിവ ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2-ന് രൂപം നൽകിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതി 2-ന്റെ മുൻഗണനാ മേഖലകൾ താഴെപ്പറയുന്നവയാണ്:

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം ഉറപ്പാക്കിയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കിയും ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് സമഗ്ര

പുനരധിവാസ പദ്ധതിയും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയും സർക്കാർ ആശുപത്രികൾ വിപുലീകരിച്ചും ജീവിത ശൈലീരോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കൽ, ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം തുടങ്ങിയവ ഉറപ്പുവരുത്തി ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആർദ്രം മിഷൻ ലക്ഷ്യമിടുന്നു.

ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതുവിദ്യാലയങ്ങളിലെ പഠനബോധനപ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് വിദ്യാകിരണം.

ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ് സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി

ഉറപ്പാക്കൽ തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയിട്ടുള്ളതാണ് ഹരിത കേരളം മിഷൻ.

പ്രളയത്തിന്റെ ഭാഗമായുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ച് പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ പുന:സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള സംരംഭമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI).

ശ്രീ. എം. നൗഷാദ്: സർ, എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുന്ന കെ-ഫോൺ ഇന്റർനെറ്റ് കണക്ഷന്റെ ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ രണ്ടാംഘട്ട ഗുണഭോക്തൃ പട്ടിക തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നെറ്റ്‌വർക്ക് ഓപ്പറേഷൻ സെന്റർ പൂർണ്ണമായും പ്രവർത്തനസജ്ജമാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയം ഇതിന്റെ ഭാഗമായി വരുന്നതാണോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കെ-ഫോണുമായി ബന്ധപ്പെട്ട ഗുണഭോക്തൃ പട്ടിക തയ്യാറാക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിന് ആദ്യഘട്ടത്തിൽ സൗജന്യമായി നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ഗുണഭോക്തൃപട്ടിക തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്, അത് തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നൗഷാദ്: സർ, സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിപ്രകാരം ഇതുവരെ എത്രപേർക്കാണ് വീടുകൾ നൽകിയത്; ഇനി എത്രപേർക്ക് നൽകാനുണ്ട്? ലൈഫ് പദ്ധതിയിൽ കുടുംബ കാർഡ് വച്ച് അപേക്ഷ സമർപ്പിച്ചവർ പ്രത്യേകമാണ് താമസിക്കുന്നതെങ്കിൽ കാർഡ് മാറ്റാനുള്ള അവസരം നൽകിയിരുന്നു. ഇപ്രകാരം കാർഡ് മാറ്റിയവർക്കും അപേക്ഷ നൽകിയപ്പോൾ ഒരുമിച്ചുള്ള കാർഡായിരുന്നു എന്നുള്ളതുകൊണ്ട് ആനുകൂല്യം നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മൂന്ന് ലക്ഷത്തിലധികം ഭവനങ്ങൾ പൂർത്തിയായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഭവനനിർമ്മാണത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. ശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ജാഗ്രതയോടെയുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ലൈഫ് മിഷൻ ഭവന പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടായിരുന്നു. ആ മാനദണ്ഡങ്ങളനുസരിച്ച് അർഹതയുള്ളവരെയാണ് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയത്. എന്നാൽ അർഹതയുള്ളവരെ

ഒഴിവാക്കിയെന്നും അവരെ പരിഗണിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി ആവശ്യങ്ങൾ ഉയർന്നുവന്നതിന്റെ ഭാഗമായി രണ്ടാമതും അപേക്ഷ ക്ഷണിക്കുകയും അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അർഹതയുള്ള എല്ലാ വിഭാഗങ്ങൾക്കും വീടുകൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിന്റെ മാലിന്യ സംസ്കരണ നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങൾക്ക് ഭീമമായ തുക ഫൈൻ അടയ്ക്കാൻ വിധിച്ചപ്പോൾ കേരളത്തിന് മാത്രമാണ് ഫൈൻ ഈടാക്കാതിരുന്നത്. ഒന്നാം പിണറായി സർക്കാർ നടപ്പാക്കിയ ഹരിത കേരള മിഷന്റെ പ്രവർത്തനമികവാണ് ഇത്തരമൊരു അംഗീകാരത്തിന് അർഹമാക്കിയത്. എന്നാൽ കേരളത്തിലെ ചില പഞ്ചായത്തുകളിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര താൽപ്പര്യമെടുക്കാത്ത സ്ഥിതിയും നിലവിലുണ്ട്. കേരളത്തിൽ ആവശ്യത്തിന് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിരീക്ഷണം കർശനമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, നമ്മുടെ നാടിന് അഭിമാനിക്കാവുന്ന വിധിയാണ് ഗ്രീൻ ട്രിബ്യൂണലിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. മറ്റ് പല സംസ്ഥാനങ്ങൾക്കും കനത്ത പിഴ ചുമത്തുന്ന സാഹചര്യമുണ്ടായി. സാധാരണനിലയിൽ കേരളത്തിലുള്ള എല്ലാവരും ഇക്കാര്യത്തിൽ സന്തോഷിക്കുകയാണ് ചെയ്യുന്നത്, ഇതൊരു സർക്കാരിന്റെ മാത്രം പരിപാടിയല്ല, നാടാകെ ഒന്നിച്ചുനിന്ന് നടത്തിയ പ്രവർത്തനമാണ്. ഹരിത കേരള മിഷന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ നാട്ടിലെ ജനങ്ങളാകെ ഏറ്റെടുക്കുന്നൊരു സാഹചര്യമാണുണ്ടായിട്ടുള്ളത്. കേരളത്തിന് ശിക്ഷ കിട്ടാത്തതിലുള്ള വിഷമം രേഖപ്പെടുത്തുന്ന മട്ടിലുള്ള തലക്കെട്ടോടുകൂടിയാണ് ഇവിടത്തെ പ്രധാനപ്പെട്ടൊരു മാധ്യമം ഈ വാർത്ത പ്രസിദ്ധീകരിച്ചത്. ഇതാണ് നമ്മുടെ നാട്ടിലുള്ള ഏറ്റവും വലിയ പ്രയാസം. നാടിന്റെ കാര്യങ്ങൾ ഉയർത്തിപ്പിടിക്കുക, ആവശ്യങ്ങൾക്കുവേണ്ടി ഒന്നിച്ചുനിൽക്കുക, അതിനാവശ്യമായ ഉത്തേജനം നൽകുക എന്നതാണ് നമ്മളെല്ലാവരും ചെയ്യേണ്ടതെങ്കിലും ഉത്തരവാദപ്പെട്ട ചില മാധ്യമങ്ങൾപോലും അങ്ങനെയല്ലാത്തൊരു നിലപാട് സ്വീകരിക്കുന്ന അവസ്ഥ നിലനിൽക്കുകയാണ്. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങളിൽ നാം ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. ഇപ്പോൾ എല്ലാവർക്കും അഭിമാനിക്കാവുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ നാട് എത്തിയെന്ന് പറയാൻ സാധിക്കില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായ എതിർപ്പ് ആ പ്രദേശത്തുനിന്നും ഉയർന്നുവരുന്നൊരു സാഹചര്യമുണ്ട്. പക്ഷേ, നാടിന്റെ നന്മ ആഗ്രഹിക്കുന്ന എല്ലാവരും ആ പദ്ധതി നടപ്പാക്കണമെന്നാണ് സാധാരണഗതിയിൽ ചിന്തിക്കുന്നത്. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. കുറേ ജില്ലകളിൽ അത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവരെ നടപ്പാക്കാൻ സാധിക്കാത്ത ജില്ല തിരുവനന്തപുരമാണ്. ഇക്കാര്യം ഗൗരവമായി കണ്ട് എല്ലാവരുംചേർന്ന് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. മാലിന്യം നാടിന് ദോഷം വരുത്തുന്ന പൊതുവായ കാര്യമാണ്. കുടിക്കുന്ന വെള്ളത്തിലും നാട്ടിലേയ്ക്ക് വരുന്നവർക്ക് നൽകുന്ന വെള്ളത്തിലും മനുഷ്യവിസർജ്ജ്യത്തിന്റെ അംശമടങ്ങിയതാണെന്ന കാര്യം നാം മനസ്സിലാക്കണം. ഈയൊരവസ്ഥ കേരളജനതയ്ക്ക് അഭിമാനിക്കാൻ വകനൽകുന്നതല്ല. ഇക്കാര്യങ്ങൾ പരിഹരിക്കാൻ 'മാലിന്യമുക്ത കേരളം'

പദ്ധതി വിജയകരമായി നടപ്പിലാക്കണം. "ഹരിത കേരള മിഷൻ" തുടങ്ങുമ്പോൾ നദികളിലെ വെള്ളം കയ്യിൽ കോരിക്കുടിക്കാൻ കഴിയുന്ന അവസ്ഥയിലെത്തണമെന്നാണ് പറഞ്ഞിരുന്നത്. നദികൾ മാലിന്യമുക്തമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ജനങ്ങൾ ഏറ്റെടുത്ത് നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. അത് ശക്തമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, മലിനജലം സംസ്കരിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് 'തെളിനീരൊഴുകും കേരളം' എന്നതാണ് നമ്മുടെ മുദ്രാവാക്യം. നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലായിടത്തും സ്വിവറേജ് പദ്ധതികൾ നടപ്പാക്കേണ്ട ഒരു സംസ്ഥാനമാണ് കേരളം. നിരവധി മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ മാലിന്യസംസ്കരണം പ്രാവർത്തികമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധതരത്തിലുള്ള പരിപാടികളാണ് നടപ്പാക്കുന്നത്. നഗര-ഗ്രാമ

വ്യത്യാസമില്ലാതെ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, നവകേരള സൃഷ്ടിക്കായി കർമ്മ പദ്ധതി 2-മായി മുന്നോട്ടുപോകുന്ന രണ്ടാം പിണറായി ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഭൂമിയും വീടുമില്ലാത്തവർക്കായി വീടെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച് വടക്കാഞ്ചേരിയിൽ നിർമ്മാണമാരംഭിച്ച ഫ്ലാറ്റ് സമുച്ചയത്തിനെതിരെ അനാവശ്യ കാരണങ്ങളുന്നയിച്ച് കേസ് കൊടുത്ത് നിർമ്മാണം തടസ്സപ്പെടുത്തിയിരിക്കുകയാണ്. തടസ്സങ്ങൾ നീക്കി ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എല്ലാ വീടുകളുടെ നിർമ്മാണവും വേഗത്തിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വടക്കാഞ്ചേരിയിലേത് ഒരു പ്രത്യേക പ്രശ്നമാണ്. അത് കോടതിയുടെ പരിഗണനയിലിരിക്കുന്നൊരു വിഷയവുമാണ്. ഫ്ലാറ്റ് സമുച്ചയ നിർമ്മാണം പുനരാരംഭിക്കുന്നതിനാവശ്യമായ നിയമനടപടികൾ ത്വരിതപ്പെടുത്തി ടി

പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മാലിന്യസംസ്കരണ പ്ലാന്റുകൾ അനിവാര്യമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പക്ഷേ, ജനാഭിലാഷങ്ങൾക്കെതിരായി പല മാലിന്യസംസ്കരണ പ്ലാന്റുകളും ജനവാസ കേന്ദ്രങ്ങളിലേയ്ക്കാണ് വന്നുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ ജനവാസകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന ഇത്തരം മാലിന്യസംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് നിരവധി പോലീസ് അതിക്രമങ്ങളും നടന്നുവരികയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നമ്മുടെ നാടിനൊരു പ്രത്യേകതയുണ്ടെന്ന വസ്തുത ആദ്യമായി നാമോരുത്തരും ഉൾക്കൊള്ളണം. കേരളത്തിലെ തലപ്പാടി മുതൽ പാറശ്ശാലവരെയുള്ള എല്ലാ സ്ഥലങ്ങളും ജനനിബിഡമാണ്; തുടർച്ചയായി കിടക്കുന്ന പട്ടണംപോലെയാണത്. മാലിന്യസംസ്കരണ കേന്ദ്രം ജനവാസമില്ലാത്ത പ്രദേശത്ത് വേണമെന്നുപറഞ്ഞാൽ അതിന്റെ ഭാഗമായി വന്നുചേരാനിടയുള്ള നിരവധി പ്രയാസങ്ങളുണ്ട്. ഒരു ഘട്ടത്തിൽ തിരുവനന്തപുരത്തെ മാലിന്യസംസ്കരണ

പ്ലാന്റ് നടപ്പാക്കാൻ ശ്രമിച്ചത് പെരിങ്ങമ്മലയിലാണ്. കൂടുതൽ ജനവാസമില്ലാത്ത പ്രദേശമായിരുന്നിട്ടുപോലും വലിയ രീതിയിലുള്ള പ്രക്ഷോഭമാണ് അവിടെയുണ്ടായത്. അതിന്റെ ഫലമായി അത് മാറ്റിവയ്ക്കുക മാത്രമെ നിവൃത്തിയുണ്ടായിരുന്നുള്ളൂ. എല്ലാവരും ചേർന്നുകൊണ്ടുള്ളൊരു പ്രക്ഷോഭമാണ് അവിടെ നടന്നത്. ഇതാണ് കേരളത്തിന്റെ അവസ്ഥ. ഇങ്ങനെ പോയാൽ മാലിന്യസംസ്കരണം എവിടെ നടപ്പാക്കാൻ സാധിക്കുമെന്ന പ്രശ്നമുണ്ട്. ഞാൻ നേരത്തെ പറഞ്ഞ വാചകം വെറുതെയല്ല. നാം കുടിക്കുന്ന വെള്ളം പരിശോധിച്ചാൽ മാത്രമെ അത് ഏത് തരത്തിലുള്ളതാണെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പലയിടത്തും മനുഷ്യവിസർജ്ജ്യത്തിന്റെ അംശം വെള്ളത്തിലടങ്ങിയിട്ടുണ്ട്. അത്രയും ഗുരുതരമായ പ്രശ്നങ്ങൾ നമ്മുടെ നാടിനുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുണ്ടാക്കുന്ന രോഗങ്ങളും നിരവധിയാണ്. ഒരു ഭാഗത്ത് ആരോഗ്യസമ്പുഷ്ട കേരളം സൃഷ്ടിക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടക്കുമ്പോൾ മറുഭാഗത്ത് പലയിടത്തും മാലിന്യം നിറഞ്ഞുനിൽക്കുന്ന അവസ്ഥയാണുള്ളത്. മാലിന്യമുക്തതയ്ക്കുവേണ്ടിയുള്ള നടപടികൾ നാം സ്വീകരിക്കുമ്പോൾ അതിന്റെ ശാസ്ത്രീയ വശങ്ങൾ പരിശോധിച്ച് അതിലെന്തെങ്കിലും

അപാകതകളുണ്ടെങ്കിൽ അവ പരിഹരിക്കേണ്ടിവരും. പ്ലാന്റ് ആവശ്യമില്ലെന്ന് അതത് പ്രദേശത്തെ ജനങ്ങൾ ചേർന്ന് തീരുമാനിക്കുകയല്ല വേണ്ടത്. അത്തരം വികാരമുണ്ടായാൽ അത് ശമിപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ചേർന്ന് പ്രവർത്തിക്കുകയാണ് വേണ്ടത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വലിയ കാലതാമസം നേരിടുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ച പല സ്വീവറേജ് പദ്ധതികളും മൂന്നുനാല് വർഷമായിട്ടും എവിടെയുമെത്താത്ത സ്ഥിതിയാണുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ഏതാണ്ട് മൂന്നിലൊന്ന് ഭാഗം റോഡുകളും ആളുകൾക്ക് നടക്കാൻപോലുമാകാത്ത രീതിയിൽ സഞ്ചാര യോഗ്യമല്ലാതായിരിക്കുകയാണ്. ഈ പ്രവൃത്തികളുടെ വേഗത വർദ്ധിപ്പിക്കാനും അവ പൂർത്തീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത്തരത്തിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. ബന്ധപ്പെട്ട വകുപ്പ് അതിനോടനുബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുകതന്നെ ചെയ്യും.

## ദേശീയപാത വികസനം

3(*3) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിനായി 80 ശതമാനം ഭൂമിയെങ്കിലും ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് നൽകിയാൽ മാത്രമെ നാഷണൽ ഹൈവേ അതോറിറ്റിക്ക് പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് 2014-ൽ കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രി അന്നത്തെ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) 2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിർജ്ജീവമായിക്കിടന്ന ദേശീയപാത വികസനം പുനരാരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിയതെന്ന് അറിയിക്കാമോ;

(സി) ദേശീയപാത വികസനത്തിന് ഭൂമി നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. 2011-2016 കാലഘട്ടത്തിൽ എങ്ങുമെത്താതെ മുടങ്ങിക്കിടന്ന ദേശീയപാത വികസനം സാദ്ധ്യമാക്കാൻ നിശ്ചയദാർഢ്യത്തോടെയുള്ള നടപടികളാണ് 2016-ൽ അധികാരത്തിൽ വന്ന സർക്കാർ സ്വീകരിച്ചത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നയമനുസരിച്ച് അവാർഡ് ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് പദ്ധതിക്കാവശ്യമായതിന്റെ 80-90 ശതമാനം ഭൂമിയെങ്കിലും ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനും സത്വരനടപടികളാണ് സർക്കാർ സ്വീകരിച്ചത്. സ്ഥലം വിട്ടുനൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാനും തുകയുടെ 25 ശതമാനം വഹിക്കാനും

സംസ്ഥാന സർക്കാർ തീരുമാനിച്ചു. അർഹരായ എല്ലാവർക്കും 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ഉറപ്പാക്കി തെറ്റിദ്ധാരണ സൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തി ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയാണ് പദ്ധതി ഇപ്പോൾ പുരോഗമിക്കുന്നത്. സ്ഥലമേറ്റെടുപ്പിന്റെ 98.92 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു.

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി യോഗം ചേർന്ന് ഭൂമിയേറ്റെടുക്കൽ പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തുന്നുണ്ട്. ദേശീയപാത വികസനത്തിന്റെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. ഇതുകൂടാതെ നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ടെത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദേശീയപാത വികസനത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള യോഗങ്ങളും നടത്തുന്നുണ്ട്. വിവിധ റീച്ചുകളിലായി ദേശീയപാതയുടെ വികസന പ്രവൃത്തികൾ നടന്നുവരികയാണ്. അസാദ്ധ്യമെന്ന് പറഞ്ഞ് പലരും

എഴുതിത്തള്ളിയ ഈ സ്വപ്നപദ്ധതി 2025-ഓടെ പൂർത്തിയാക്കുകയാണ് ലക്ഷ്യം. പദ്ധതി പൂർത്തിയാകുന്നതോടെ ഗതാഗത സൗകര്യങ്ങളിലുണ്ടാകുന്ന മാറ്റം സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് കൂടുതൽ ഊർജ്ജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാത വികസനത്തിന് ഭൂമിയേറ്റെടുക്കൽ, നിർമ്മാണപുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, തിരുവനന്തപുരം ജില്ലയിലെ ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതിനായി സംസ്ഥാന സർക്കാർ ഏതെങ്കിലും വിധത്തിൽ സാമ്പത്തിക ബാദ്ധ്യത വഹിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഔട്ടർ റിംഗ് റോഡ് കേരളത്തിന്റെ പ്രധാന പദ്ധതിയാണ്. ഇത് തലസ്ഥാനനഗരിയെന്ന നിലയ്ക്ക് പ്രധാനപ്പെട്ടൊരു റോഡായി മാറാൻ പോകുകയാണ്. ഇത് കേവലമൊരു റോഡ് മാത്രമല്ല, ആ റോഡിന്റെ ഇരുവശങ്ങളിലും വൻതോതിലുള്ള പദ്ധതികളുമാരംഭിക്കാൻ സാധിക്കും. രാജ്യത്തിന്റെ ചില

+ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗങ്ങളിൽ സ്വീകരിച്ചുവരുന്ന ലാൻഡ്പൂളിംഗ് പോലുള്ള പുതുമയാർന്ന സമ്പ്രദായങ്ങൾ നടപ്പാക്കാനാവശ്യമായ നടപടിയും സ്വീകരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ സഹകരണം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നുണ്ട്. ആ പദ്ധതി നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ദേശീയപാത 66-ന്റെ വികസനത്തോടൊപ്പം മറ്റേതെല്ലാം വികസന പദ്ധതികൾക്കാണ് കേരളം ഫണ്ട് നൽകുന്നത്; കേരള-തമിഴ്നാട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന കരമന-കളിയിക്കാവിള റോഡിന്റെ കൊടിനട-വഴിമുക്ക് റീച്ചിന്റെ പ്രവർത്തനപുരോഗതിയോടൊപ്പം വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള കേരള സംസ്ഥാനത്തിന്റെ അവസാനഭാഗ റോഡിന്റെ നിർമ്മാണം ആരംഭിക്കാനാകുമോ; അതിനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ദേശീയപാത വികസന കാര്യത്തിൽ കാലതാമസമുണ്ടായെന്നത് വസ്തുതയാണ്. ചില വീഴ്ചകൾ അക്കാര്യത്തിലുണ്ടായതിന്റെ ഫലമായി മറ്റു സംസ്ഥാനങ്ങളിലൊക്കെ ദേശീയപാത വികസനം നടക്കുമ്പോൾ കേരളത്തിലെ ദേശീയപാത മാത്രം

വികസിക്കാതെ പഞ്ചായത്ത് റോഡിന്റെ അവസ്ഥയിൽ കിടക്കുന്നതിനിടയായി. ഈയൊരു ഘട്ടത്തിലാണ് ദേശീയപാത വികസനം നടക്കണമെന്ന നിർബന്ധബുദ്ധിയോടെ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ 2016-ൽ സംസ്ഥാന സർക്കാർ തയ്യാറായത്. കേരളത്തിൽ ഉയർന്ന വില കൊടുത്ത് ഭൂമി ഏറ്റെടുക്കാൻ സാധിക്കില്ലെന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകണമെന്നുമായിരുന്നു കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ സ്വീകരിച്ച നിലപാട്. അത് സാദ്ധ്യമല്ലെന്നും എല്ലാ സ്ഥലങ്ങളിലും കേന്ദ്ര സർക്കാർ ഭൂമി ഏറ്റെടുത്ത് ദേശീയപാത വികസനം നടത്തിയതുകൊണ്ട് കേരളത്തിലും അങ്ങനെതന്നെ വേണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചു. ആ തർക്കം കുറച്ചുകാലം നീണ്ടുപോവുകയും അവസാനം ഇരു സർക്കാരുകളും ഒത്തുതീർപ്പിലെത്തുകയും നിർമ്മാണച്ചെലവിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. പ്രസ്തുത 25% സർക്കാർ വഹിക്കാൻ തയ്യാറായത് ഒരു തരത്തിലുള്ള പിഴയായിരുന്നു. കാരണം, കൃത്യസമയത്ത് ടി പ്രവൃത്തി ഏറ്റെടുക്കാത്തതിന്റെ ഭാഗമായി സംസ്ഥാനത്തിന് ഒടുക്കേണ്ടിവന്ന പിഴയാണത്. അതൊരു സൗകര്യമായെടുത്ത് ഇനിയുള്ള എല്ലാ പദ്ധതികൾക്കും സംസ്ഥാന സർക്കാരിന്റെ നിശ്ചിത വിഹിതംകൂടി

വേണമെന്നുള്ള നിലപാട് ചില കാര്യങ്ങളിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. അത് ശരിയായ സമീപനമല്ല. രാജ്യത്ത് മറ്റൊരു സംസ്ഥാന സർക്കാരും ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിൽ പങ്കുവഹിക്കുന്നതായി കേട്ടിട്ടില്ല. അത് സംസ്ഥാനത്തിന് വഹിക്കാൻ കഴിയുന്നതല്ലെന്നും കേന്ദ്ര സർക്കാർ തന്നെ ഭൂമി എറ്റെടുക്കേണ്ടതാണെന്നും ആയതിന്റെ വിലയും കേന്ദ്ര സർക്കാർ തന്നെ കൊടുക്കേണ്ടതാണെന്നും നാഷണൽ ഹൈവേ അതോറിറ്റിയോടും ബന്ധപ്പെട്ട വകുപ്പിനോടും മന്ത്രിയോടുമൊക്കെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതൊരു സൗജന്യമല്ല; മറിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ടൊരവകാശമാണ്. ആ അവകാശം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച റോഡിന്റെ കാര്യം സംബന്ധിച്ച വിശദാംശങ്ങൾ നൽകാനുള്ള മതിയായ രേഖകൾ എന്റെ കൈവശം ഇപ്പോഴില്ല. ഫലപ്രദമായി അക്കാര്യങ്ങൾ നീങ്ങുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ദേശീയപാത വികസനം വഴിമുട്ടിനിന്നപ്പോഴാണ് രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള

എൽ.ഡി.എഫ്. ഗവൺമെന്റ് റോഡുനിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ശക്തമായ നടപടികൾക്ക് തുടക്കംകുറിക്കുകയും ചെയ്തത്. മാതൃകാപരമായ ഇടപെടലുകളിലൂടെ നിർമ്മാണപ്രവർത്തനങ്ങൾ സുസജ്ജമാക്കി മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും മറ്റ് വികസന വിരുദ്ധരുമൊന്നിച്ചുനിന്ന് ദേശീയപാത വികസനം അട്ടിമറിക്കാൻ ശ്രമിച്ചിരുന്നോ; ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ദേശീയപാത വികസനത്തിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ഫലപ്രദമായി മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്നതുസംബന്ധിച്ച് പ്രതിമാസ റിവ്യൂ നടത്തുന്നുണ്ട്. റവന്യൂ-പൊതുമരാമത്ത് വകുപ്പുസെക്രട്ടറിമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുമായി റിവ്യൂ നടത്തുന്നൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വളരെ വേഗതയിൽ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുകയാണ്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ആവശ്യമായത്ര ഭൂമി പലയിടങ്ങളിലും ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ദേശീയപാത വികസനം

യാഥാർത്ഥ്യമാക്കുന്നതിന് ഒരു ഘട്ടത്തിൽ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയാണ്. അതിനുശേഷം ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ അടിയന്തര നടപടികളുമായി മുന്നോട്ടുപോയപ്പോൾ ജനങ്ങൾ ഒന്നടങ്കം സഹകരിക്കുന്നൊരു നിലപാടാണ് സ്വീകരിച്ചത്. ആ ജനസമൂഹത്തിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഉണ്ടായിരുന്നു.

ശ്രീ. എച്ച്. സലാം: സർ, ദേശീയപാത 66-ന്റെ വികസനത്തിന് സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ ചില ദേശീയപാത വികസന പദ്ധതികൾ നേരത്തെ പല കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ അത്തരം പദ്ധതികൾ പൂർത്തീകരിക്കാൻ ഏത് തരത്തിലുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള ഇടപെടലുകളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനത്തിന് ഭൂമി

ഏറ്റെടുത്ത് നിർമ്മാണപ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനെടുത്ത ശുഷ്കാന്തിയെ ആദ്യമായി അഭിനന്ദിക്കുകയാണ്. കൊല്ലം-ചെങ്കോട്ട റോഡിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ട് അനേകം വർഷങ്ങളായി. കൊട്ടാരക്കരയിൽനിന്ന് കൊല്ലത്തെത്തുകയെന്നത് അതിദുർഘടവും ഭയാനകവുമായ കാര്യമാണ്. കൊട്ടാരക്കരയിൽനിന്നും തിരുവനന്തപുരത്ത് എത്തുന്നതിന്റെ ഏതാണ്ട് അത്രയുമോ അതിലധികമോ സമയം കൊല്ലത്തെത്തുവാൻ വേണ്ടിവരികയാണ്. കൊല്ലം-തിരുമംഗലം ദേശീയപാതയ്ക്ക് ധാരാളം സ്ഥലമുള്ളതുകൊണ്ട് സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ല. റോഡിന്റെ ടാർ വീതി വർദ്ധിപ്പിക്കണം. രണ്ടുവണ്ടികൾ വന്നാൽ മൂന്നാമതൊരു വണ്ടിക്ക് ടി റോഡിലൂടെ പോകാൻ സാധിക്കില്ല. ആയതിനാൽ ബസ് ബേ നിർമ്മിച്ച് ട്രാഫിക് കുരുക്കില്ലാതാക്കുന്നതിനും മൂന്നാമതൊരു വാഹനത്തിനുകൂടി കടന്നുപോകുന്നതിന് സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കൊല്ലം-ചെങ്കോട്ട പാത വികസിപ്പിക്കുന്നതിനുള്ള നടപടികൾ അണിയറയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു നാടിന്റെ അടിസ്ഥാന വികസനത്തിന് ആക്കംകൂട്ടുവാൻ റോഡ് വികസനം അനിവാര്യമാണ്. തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള റോഡ് നിലവിൽ നാലുവരിപ്പാതയാണ്. അവിടെ ആറുവരിപ്പാത വരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. കാരണം, അത്രമാത്രം വാഹനപെരുപ്പമുണ്ടാകുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള റോഡ് ആറുവരിയാക്കാനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; സംസ്ഥാന സർക്കാർ അതിന് മുൻകയ്യെടുക്കുന്നുണ്ടോ? കഴിഞ്ഞ ദിവസം ലോകകപ്പ് മത്സരം കാണാൻ ഖത്തറിൽ പോയപ്പോൾ അവിടത്തെ റോഡ് വികസനവും മാതൃകാപരമായ മറ്റു പ്രവർത്തനങ്ങളും കാണാൻ കഴിഞ്ഞു. അഞ്ചാറുവർഷം മുമ്പാണ് റോഡുവികസനത്തിൽ ഇത്രയധികം പുരോഗതി ഉണ്ടായതെന്നാണ് അവിടത്തെ ജനങ്ങൾ പറയുന്നത്. അതൊക്കെ കാണുമ്പോൾ കേരളത്തിലും അത്തരത്തിലുള്ള വികസനപ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിച്ചുപോകുകയാണ്. അത്രത്തോളമൊന്നും എത്തിയില്ലെങ്കിലും റോഡ് വികസനത്തിന്റെ കാര്യത്തിലെങ്കിലും എല്ലാവരും ഒറ്റക്കെട്ടായി നിന്നാൽ അത് സാധിക്കുമെന്നാണ് പറയാനുള്ളത്. ആലുവ മാർത്താണ്ഡവർമ്മ

പാലത്തിൽ നിരന്തരമായ ട്രാഫിക് ബ്ലോക്ക് അനുഭവപ്പെടുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്. അതിനുപരിഹാരം കാണണമെങ്കിൽ അവിടെ വേറൊരു പാലം അനിവാര്യമാണ്. ആലുവയിലെ നാഷണൽ ഹൈവേയിലൂടെ നിരന്തരമായി എയർപോർട്ടിലേയ്ക്ക് പോകുന്ന യാത്രക്കാർ അവിടത്തെ ബ്ലോക്കിൽപ്പെടാറുണ്ട്. ആയതിനാൽ ആലുവയിലെ ട്രാഫിക് ബ്ലോക്കിന് പരിഹാരം കാണുന്നതിനായി മറ്റൊരുപാലം നിർമ്മിക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തൃശ്ശൂരിൽ നിന്നുവരുന്ന നാഷണൽ ഹൈവേ ആറുവരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രൊപ്പോസൽ നിലവിലുണ്ട്. അതിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ സംശയമുണ്ട്. നേരത്തെ ഏറ്റെടുത്ത സ്ഥലത്തുതന്നെ അത് ചെയ്യാൻ സാധിക്കുമെന്നാണ് തോന്നുന്നത്. അത്തരം കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി കാര്യങ്ങൾ നീക്കികൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആലുവയുടെ കാര്യം പ്രത്യേക പ്രശ്നമാണ്. കേരളത്തിലെ ഏത് പ്രദേശത്തായാലും ഇന്നുള്ള നിലയായിരിക്കില്ല കുറച്ചുകാലം കഴിഞ്ഞാലുണ്ടാവുന്നത്. അതുകൊണ്ടാണ് ദീർഘവീക്ഷണത്തോടെ പദ്ധതികൾ തയ്യാറാക്കണമെന്ന് പറയുന്നത്. ആവശ്യമായ കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കാം. ബഹുമാനപ്പെട്ട അംഗം ഖത്തറിൽ പോയപ്പോൾ കണ്ടുമോഹിച്ച റോഡിനെക്കുറിച്ച് പറഞ്ഞു. അത്തരം പ്രദേശങ്ങളിൽ നല്ല റോഡാണെന്ന് നമുക്കെല്ലാവർക്കും അറിയാം. നമ്മുടെ നാടും അതേ രീതിയിൽത്തന്നെ വികസിച്ചുവരികയാണ് വേണ്ടത്. അതിനുള്ള നടപടികളിലേയ്ക്കാണ് നാം നീങ്ങേണ്ടത്. നമ്മൾ ഒന്നിച്ചുനിന്നാൽ അതൊന്നും അസാദ്ധ്യമല്ല. അത്തരം കാര്യങ്ങളിൽ നമുക്കൊന്നിച്ച് നീങ്ങാൻ കഴിയണമെന്ന് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ദേശീയപാത വികസനം സാക്ഷാത്കരിക്കാൻ അങ്ങയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനം ശ്ലാഘനീയമാണ്. എൻ.എച്ച്.-66 കടന്നുപോകുന്ന ചാവക്കാട് പട്ടണം പോലെയുള്ള സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ ഒഴിവാക്കി ഗതാഗത കുരുക്കുണ്ടാക്കുന്ന 25 മീറ്റർ വീതി മാത്രമുള്ള അടിപ്പാതകളാണ് NHAI (National Highway Authority of India) ശിപാർശ ചെയ്തിട്ടുള്ളത്.

ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? മംഗലംകുന്ന് മസ്ജിദിനു മുന്നിൽ പി.ഡബ്ല്യൂ.ഡി. റോഡിന്റെ ഗതാഗത സംവിധാനത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള പ്രൊപ്പോസലാണ് NHAI നൽകിയിരിക്കുന്നത്. ഇക്കാര്യം പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തിനും പ്രത്യേകം പ്രശ്നങ്ങൾ ഉന്നയിക്കാനുണ്ടാവും. പക്ഷേ, അതിനെല്ലാം മറുപടി പറയാനുള്ള വിശദാംശങ്ങൾ ഇപ്പോൾ എന്റെ കയ്യിലില്ല. അത് പ്രത്യേകമായി ഉന്നയിക്കുന്നതാണ് നല്ലത്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോട് എന്തെങ്കിലും പ്രത്യേകമായി ഉന്നയിക്കേണ്ടതുണ്ടെങ്കിൽ ആ നിലപാട് സ്വീകരിക്കുന്നതായിരിക്കും ഉചിതം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ദേശീയപാത വികസനമെന്നത് സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയാണ്. അത് യാഥാർത്ഥ്യമാകാൻ ഒറ്റക്കെട്ടായി നിൽക്കണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കാസർഗോഡ് ജില്ലയിലെ അഞ്ച് എം.എൽ.എ-മാർക്കും ഇപ്പോൾ ഒരു സ്വസ്ഥതയുമില്ലാത്ത സ്ഥിതിയാണ്. അടിപ്പാത നിർമ്മിക്കണമെന്ന

ജനങ്ങളുടെ ആവശ്യം ന്യായമാണ്. ചില പ്രദേശങ്ങളിലെ ആളുകൾ ഒറ്റപ്പെട്ടിരിക്കുകയാണ്, അവർക്ക് പരസ്പരം ബന്ധപ്പെടാൻ കഴിയണം. കുട്ടികൾക്ക് സ്കൂളുകളിൽ പോകാൻ സാധിക്കുന്നില്ല, ആശുപത്രികളിൽ പോകാൻ സാധിക്കുന്നില്ല, അങ്ങനെയുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് പോകുന്നതിന് അടിപ്പാത നിർമ്മിക്കണം. ന്യായമായ ആവശ്യമാണെങ്കിൽ ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തീർത്തും ആരോഗ്യകരമായ സമീപനമാണ് സ്വീകരിക്കുന്നത്. ആവശ്യമായ ചില കേന്ദ്രങ്ങളിൽ അടിപ്പാത നിർമ്മിക്കുന്നതിനുള്ള നടപടി അവർ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ സ്ഥിതിയെന്താണ്? നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ അടുത്തടുത്ത് കിടക്കുകയാണ്. ഒരു പ്രദേശത്ത് നിർമ്മിച്ചുകഴിഞ്ഞാൽ തൊട്ടപ്പുറത്തുവേണമെന്ന ആവശ്യം ഉയർന്നുവരും. അക്കാര്യത്തിൽ ഒരു ക്രമീകരണം വരുത്താൻ സാധിക്കണം. സംസ്ഥാന ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇനിയും ഇടപെടാൻ തയ്യാറുമാണ്. പക്ഷേ,

അടിപ്പാത നിർമ്മാണം സംബന്ധിച്ച ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ അത് സമീപപ്രദേശങ്ങളാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

## മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യം

4 (*4) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ വഴിയുള്ള അവയവമാറ്റ ശസ്ത്രക്രിയ അത്യധികം ചെലവേറിയതിനാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി ഈ സർക്കാർ നിലവിൽ വന്നശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ അവയവദാന പ്രക്രിയയും ഒരു കുടക്കീഴിലാക്കുന്നതിനുള്ള പദ്ധതിയായ കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ

ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTO) രൂപീകൃതമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അവയവം മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചൂഷണങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ സൗകര്യം ലഭ്യമാണ്. ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം കോട്ടയം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിലും ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലും കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്.

ഈ സർക്കാർ നിലവിൽ വന്നശേഷം സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഇതിനോടകം 4 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ

വിജയകരമായി നടത്തി. തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽ കോളേജിലുമാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ സൗകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇതിനുള്ള സൗകര്യം ക്രമീകരിച്ചുവരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കിവരുന്നു. 2021-22 വർഷത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ സൗകര്യം ഒരുക്കുന്നതിനായി അവയവമാറ്റത്തിനായുള്ള ഉപകരണങ്ങളും മറ്റു സൗകര്യങ്ങൾക്കുമായി 1,70,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 3 മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 1,50,00,000 രൂപ 26.6.2022-ലെ സ.ഉ.(സാധാ)നം.1522/2022/ആകുവ പ്രകാരം അനുവദിച്ചിട്ടുണ്ട്.

അവയവദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് K-SOTO പ്രവർത്തിക്കുന്നുണ്ടെങ്കിലും ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യ

മേഖലയിലെ ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും സംസ്ഥാനത്ത് ഒരു ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>വൃക്ക</u>

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം.
3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ
4. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

<u>കരൾ</u>

1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം.

<u>ഹൃദയം</u>

1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

<u>കോർണിയ</u>

1. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം.
2. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

3. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
4. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ
5. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

(സി) മരണാനന്തര അവയവദാനവും സർക്കാർ ആശുപത്രികളിലെ അവയവമാറ്റ ശസ്ത്രക്രിയകളും വർദ്ധിപ്പിക്കുന്നതിനായും എല്ലാ അവയവദാന പ്രക്രിയകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTO) രൂപീകരിക്കുകയും ആയത് ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) 1994-ലെ Transplantation of Human Organs Act പ്രകാരം രണ്ടുവിധത്തിലുള്ള അവയവദാനമാണ് സാദ്ധ്യമായിട്ടുള്ളത്.

1. രോഗിയുടെ അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ ജീവകാരുണ്യ പ്രവർത്തകരോ ലാഭേച്ഛയില്ലാതെ നൽകുന്ന വൃക്ക അല്ലെങ്കിൽ കരൾ രോഗിയിൽ വച്ചുപിടിപ്പിക്കുക;
2. മരണാനന്തര അവയവദാനത്തിലൂടെയുള്ള അവയവം മാറ്റി വയ്ക്കൽ.

ഈ രണ്ട് മാർഗ്ഗങ്ങളിലും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമെ അവയവം ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂ. സുഹൃത്തുക്കളിൽനിന്നും ജീവകാരുണ്യ

പ്രവർത്തകരിൽ നിന്നും അവയവം സ്വീകരിക്കുന്നതിന് മേഖലാ തലത്തിലുള്ള ഓതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമെ സാധിക്കുകയുള്ളൂ. മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട വ്യക്തമായ മാർഗനിർദ്ദേശങ്ങൾ 19.1.2020-ലെ സ.ഉ (കൈ) നം. 7/2020/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

അവയവമാറ്റവുമായി ബന്ധപ്പെട്ടുള്ള ചൂഷണങ്ങൾ തടയുന്നതിനായി ബന്ധുവേതര അവയവദാനത്തിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം തയ്യാറാക്കുന്നതിന് K-SOTO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ K-SOTO സ്വീകരിച്ചുവരുന്നു. അവയവം ദാനം ചെയ്യുന്നതിന് പിന്നിൽ സഹജീവി സ്നേഹം തന്നെയാണോ എന്ന് ഉറപ്പുവരുത്തുന്നതിനായി സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ മുതലായവ പരിശോധിക്കുന്നതാണ്. അവയവദാനത്തിനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന ദാതാക്കളെ വിലയിരുത്തുവാനായി എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിശദമായ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ രംഗത്ത് നിലവിലുള്ള മാർഗ്ഗരേഖകൾ കാലാനുസൃതമായി പുതുക്കുന്നതിനുള്ള നടപടികൾ K-SOTO-യുടെ ആഭിമുഖ്യത്തിൽ സ്വീകരിച്ചുവരുന്നു.

അവയവദാനം പൂർണ്ണമായും ജീവകാരുണ്യപരമായ കാരണങ്ങളാൽ മാത്രമാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്താൻ പോസ്റ്റ് ട്രാൻസ്പ്ലാന്റ് ഓഡിറ്റ് കൂടി നടത്തുവാനുള്ള നടപടികൾ കൈക്കൊള്ളുന്ന കാര്യം കെ-സോട്ടോ പരിശോധിച്ചുവരുന്നു.

അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ടിഷ്യൂ, അവയവം എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ഗവേഷണത്തിന്റെയും പരിശീലനത്തിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക സ്ഥാപനം കോഴിക്കോട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അവയവമാറ്റ ശസ്ത്രക്രിയ ചെലവേറിയതാണെന്ന് എല്ലാവർക്കുമറിയാം. ഇത്തരമൊരു സാഹചര്യത്തിൽ സാധാരണക്കാരുടെ ആവശ്യങ്ങൾകൂടി നിർവ്വഹിക്കത്തക്കവിധത്തിൽ മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ടോ; അതിനുള്ള സാദ്ധ്യതയെന്താണ്?

ശ്രീമതി വീണാ ജോർജ്: സർ, പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സങ്കീർണ്ണവും ചെലവേറിയതുമായ ഒന്നാണ് അവയവമാറ്റ ശസ്ത്രക്രിയ. ഈ സാഹചര്യത്തിലാണ് സാധാരണക്കാർക്ക് അവയവമാറ്റ ശസ്ത്രക്രിയ ആവശ്യമായിട്ടുള്ള സാഹചര്യത്തിൽ സർക്കാർ മേഖലയിൽ ഇത് സാദ്ധ്യമാകണമെന്ന കാഴ്ചപ്പാടോടുകൂടി പരമാവധി അവയവമാറ്റ ശസ്ത്രക്രിയകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്രമീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് ശ്രമിച്ചത്. നേരത്തെ സൂചിപ്പിച്ചതുപോലെ അതിന്റെ ഭാഗമായിട്ടാണ് ഇതുവരെ സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിൽ ഇല്ലാതിരുന്ന ലിവർ ട്രാൻസ്പ്ലാന്റേഷൻ 2022 ഫെബ്രുവരി മാസത്തിൽ ആരംഭിക്കാൻ സാധിച്ചത്. അത് മറ്റ് മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതാണ്. നിലവിൽ കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലാണുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ അടുത്ത സാമ്പത്തികവർഷം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷനായി 2246-ഉം ലിവർ ട്രാൻസ്പ്ലാന്റേഷനായി 755-ഉം ഹാർട്ടിനായി 63 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൾട്ടി ഓർഗൻ ആവശ്യമുള്ളവരുടെ എണ്ണം 51 ആണ്. സമയം

നീണ്ടുപോകുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല, സർക്കാർ മേഖലയിൽ ഇത് സാദ്ധ്യമാകുന്ന സാഹചര്യമുണ്ടാകണം. അതുകൊണ്ടാണ് 2022 ജൂൺ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക യോഗം ചേർന്ന് ഇതിനുവേണ്ടി സമർപ്പിതമായിട്ടുള്ള ഒരു സ്ഥാപനംതന്നെ സംസ്ഥാനത്തുണ്ടാകണമെന്ന് കാണുകയും അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഒരു ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തത്. കോഴിക്കോട് മെഡിക്കൽ കോളേജിലായിരിക്കും ഇതാദ്യം പ്രവർത്തനമാരംഭിക്കുന്നത്. ലെപ്രസി ഹോസ്പിറ്റലിനോട് ചേർന്ന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഒരു സ്പെഷ്യൽ ഓഫീസറെയും അതിന് നിയോഗിച്ചിട്ടുണ്ട്. സാമ്പത്തികമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കാലതാമസമില്ലാതെ ശസ്ത്രക്രിയകൾ സാദ്ധ്യമാക്കുന്നതിനും ഇതിലൂടെ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അവയവദാനം സംബന്ധിച്ച് പൊതുസമൂഹത്തിൽ തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുസംബന്ധിച്ച് പൊതുസമൂഹത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കാനാവശ്യമായ ബോധവൽക്കരണത്തിന് എന്തെല്ലാം

നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; മരണപ്പെട്ടവരുടെ അവയവമടക്കം ഉപയോഗിക്കുന്നതിനുള്ള പ്രോട്ടോക്കോൾ സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീമതി വീണാ ജോർജ്: സർ, നിലവിൽ Transplantation of Human Organs Act, 1994 പ്രകാരമാണ് രാജ്യത്ത് അവയവദാനവും അവയവമാറ്റവും നടക്കുന്നത്. ഇതുപ്രകാരം രണ്ടുതരത്തിലാണ് അവയവദാനം സാദ്ധ്യമായിട്ടുള്ളത്. ഒന്ന്, ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ ഭാഗത്തുനിന്നുണ്ടാകുന്ന അവയവദാനമാണ്. രണ്ട്, മരണാനന്തര അവയവദാനത്തിലൂടെ അവയവം മാറ്റിവയ്ക്കലാണ്. ഈ രണ്ട് മാർഗ്ഗങ്ങളിലും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുമാത്രമെ അവയവം ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂ. ഇതിലെ വാണിജ്യപരമായിട്ടുള്ള താൽപ്പര്യങ്ങൾ ഒഴിവാക്കുന്നതിനും സുതാര്യമാക്കുന്നതിനും ചൂഷണമൊഴിവാക്കുന്നതിനും വേണ്ടിയുള്ള കൃത്യമായ ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഒരു സൊസൈറ്റി രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്. അവയവമാറ്റവുമായി ബന്ധപ്പെട്ടുള്ള ചൂഷണങ്ങൾ തടയുന്നതിനായി ബന്ധുവേതര അവയവദാനത്തിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ്

നടപടിക്രമം ആവശ്യമാണെന്ന് കാണുന്നുണ്ട്. അതിന് K-SOTO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുമാത്രമല്ല, അവയവം ദാനം ചെയ്യുന്നതിനുപിന്നിൽ ആ വ്യക്തിയോടുള്ള സൗഹാർദ്ദമോ സ്നേഹമോ ബന്ധമോ ആണോയെന്ന് പരിശോധിക്കുന്നതിനുവേണ്ടി സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ മുതലായവ പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അവയവദാനത്തിനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന ദാതാക്കളെ വിലയിരുത്തുവാനായി എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം പോസ്റ്റ് ട്രാൻസ്പ്ലാന്റ് ഓഡിറ്റുകൂടി ഇതിന്റെ ഭാഗമായി നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുതന്നെയാണ്. ഇതുസംബന്ധിച്ച് സമൂഹത്തിലുള്ള തെറ്റിദ്ധാരണകൾ നീക്കം ചെയ്യുന്നതിനുവേണ്ടിയാണ് മൃതസഞ്ജീവനി എന്ന പ്രത്യേക കർമ്മപദ്ധതി രൂപീകരിച്ചുകൊണ്ട് അവയവം ദാനം ചെയ്യുന്നതിനുവേണ്ടി ആളുകളെ പ്രോത്സാഹിപ്പിക്കുന്നത്. അതിനുവേണ്ടിയുള്ള പൊതുബോധം അനിവാര്യമാണ്.

ശ്രീമതി സി. കെ. ആശ: സർ, അവയവമാറ്റ ശസ്ത്രക്രിയകൾക്കായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കോഴിക്കോട് ആരംഭിക്കുന്നുവെന്നത്

മഹത്തായ കാര്യമാണ്. അവയവദാതാക്കളും സ്വീകർത്താക്കളും നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തുടർചികിത്സയ്ക്കാവശ്യമായി വരുന്ന കടുത്ത സാമ്പത്തികച്ചെലവാണ്. സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടെങ്കിലും ആജീവനാന്തം അവർക്ക് മരുന്ന് കഴിക്കേണ്ട സാഹചര്യത്തിൽ ചികിത്സാ സഹായം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിക്കുമോ; അതോടൊപ്പംതന്നെ അവയവദാനത്തിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി അവയവ സാക്ഷരത സ്കൂൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം അവസാനം നിർദ്ദേശിച്ചത് നല്ലൊരു കാര്യമാണ്; അക്കാര്യം പരിശോധിക്കാവുന്നതാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായിട്ടുള്ളതാണ്. അവയവമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം ആവശ്യമായി വരുന്ന മരുന്നുകളുടെ വില വളരെ കൂടുതലാണ്. അത് സബ്സിഡൈസ്ഡ് നിരക്കിൽ അല്ലെങ്കിൽ സൗജന്യമായി നൽകുന്നതിനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നത്. അതിനുവേണ്ടി ആഭ്യന്തര മരുന്നുല്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിലുൾപ്പെടുത്തി മരുന്ന്

നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പരമാവധിയാളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, അവയവമാറ്റത്തിനായി കോഴിക്കോട് സ്ഥാപിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ മാതൃകയിൽ സംസ്ഥാനത്തെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ ശസ്ത്രക്രിയകൾ ശക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഉദാഹരണത്തിന്, ലിവർ ട്രാൻസ്പ്ലാന്റേഷനുവേണ്ടി Donor-നും recipient-നുമായി രണ്ട് ഐ.സി.യു. ആവശ്യമാണ്. നെഗറ്റീവ് പ്രഷർ ഐ.സി.യു.-കളും ആവശ്യമാണ്. അടിസ്ഥാനസൗകര്യങ്ങളും ഉപകരണങ്ങളും ഇതിനാവശ്യമായ ഡെഡിക്കേറ്റഡായിട്ടുള്ള ടീമും ഇതിന്റെ ഭാഗമായിട്ടുണ്ടാകണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിശ്ചയമായിട്ടും അതിനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, നമ്മുടെ നാട്ടിൽ അവയവമാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നത് സംസ്ഥാനതലത്തിലുള്ള ഒരു കമ്മിറ്റിയാണ്. അതുകൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് അവയവമാറ്റത്തിന് ഏറെ കാലതാമസമെടുക്കുകയും പലരും മരണത്തിന് വിധേയമാകുകയും ചെയ്യുന്നു. കേരളത്തെ റീജിയണൈസ് ചെയ്ത് മൂന്ന് സോണുകളാക്കി തിരിച്ച് കമ്മിറ്റികൾ രൂപീകരിക്കുവാൻ സാധിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, നിലവിൽ സുഹൃത്തുക്കളിൽനിന്നും ജീവകാരുണ്യപ്രവർത്തകരിൽനിന്നും അവയവം സ്വീകരിക്കുന്നതിനു വേണ്ടിയുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്നത് മേഖലാ തലത്തിലുള്ളള ഒരു ആതറൈസേഷൻ കമ്മിറ്റിയാണ്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ.....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

{രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.+}

\+ അനുബന്ധം I

## 10.00 AM}

## II ചരമോപചാരം

### എൻ. എം. ജോസഫ്

മുൻമന്ത്രിയും ജനതാദൾ (എസ്) സംസ്ഥാന പ്രസിഡന്റുമായിരുന്ന എൻ. എം. ജോസഫ് 2022 സെപ്റ്റംബർ 13-ന് അന്തരിച്ചു. ചേന്നാട് നീണ്ടുക്കുന്നേൽ ജോസഫ് മാത്യുവിന്റെയും അന്നമ്മയുടെയും മകനായി 1942 ഒക്ടോബർ 18-നായിരുന്നു പ്രൊഫ. എൻ. എം. ജോസഫിന്റെ ജനനം. കെ.എസ്.യു.-വിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ സംഘടനാ കോൺഗ്രസിൽ ഉറച്ചുനിന്നു. സംഘടനാ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. 1977-ൽ സംഘടനാ കോൺഗ്രസ് ജനതാ പാർട്ടിയിൽ ലയിച്ചപ്പോൾ അതിന്റെ നേതൃനിരയിലെത്തി. തുടർന്ന് 1981 മുതൽ 1983 വരെ പാർട്ടിയുടെ സംസ്ഥാന വൈസ് പ്രസിഡന്റായി. ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി, ദേശീയ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 1984 മുതൽ 1988 വരെ കോട്ടയം ജില്ലാ പ്രസിഡന്റുമായിരുന്നു. പാലാ സെന്റ് തോമസ് കോളജിലെ

ഇക്കണോമിക്സ് വിഭാഗം അദ്ധ്യാപകനായിരുന്ന എൻ. എം. ജോസഫ് അദ്ധ്യാപകവൃത്തിക്കൊപ്പം രാഷ്ട്രീയത്തിലും സജീവമാകുകയായിരുന്നു. 1987-ൽ പൂഞ്ഞാർ മണ്ഡലത്തിൽനിന്ന് ജനതാ പാർട്ടിയെ പ്രതിനിധാനം ചെയ്ത് എട്ടാം കേരള നിയമസഭയിൽ അംഗമായി. ആ നിയമസഭയുടെ കാലയളവിൽ 1987 മുതൽ 1991 വരെ നായനാർ മന്ത്രിസഭയിൽ വനം വകുപ്പുമന്ത്രിയായിരുന്നു. വനം വകുപ്പിലെ അഴിമതികൾ, ആദിവാസി സംരക്ഷണത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ, വനവത്കരണ ഫണ്ട് തട്ടിയെടുക്കൽ തുടങ്ങിയവയ്ക്കെതിരെ എൻ. എം. ജോസഫ് ശക്തമായ നടപടിയെടുത്തു. കേരള യൂണിവേഴ്സിറ്റി സെനറ്റ് അംഗം, പാലാ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റ്, ജനതാദൾ (എസ്) ദേശീയ വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ധ്യാപകനായും സഹകാരിയായും മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു നേതാവിനെയാണ് എൻ. എം. ജോസഫിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**കെ. മുഹമ്മദാലി**

മുതിർന്ന കോൺഗ്രസ് നേതാവും ദീർഘകാലം ആലുവ എം.എൽ.എ.-യുമായിരുന്ന കെ. മുഹമ്മദാലി 2022 സെപ്റ്റംബർ 20-ന് അന്തരിച്ചു.

ആലുവ പാലസ് റോഡ് ചിത്ര ലെയിനിൽ പട്ടരുമഠം എ. കൊച്ചുണ്ണി-നസീബ ദമ്പതികളുടെ മകനായി കെ. മുഹമ്മദാലി 1944 മാർച്ച് 7-ന് ജനിച്ചു. മഹാരാജാസ് കോളേജിൽനിന്നും സാമ്പത്തികശാസ്ത്രത്തിൽ ബിരുദം നേടിയ അദ്ദേഹം 1963-ൽ അന്നത്തെ കേരള വിദ്യാർത്ഥി യൂണിയൻ താലൂക്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് രാഷ്ട്രീയത്തിൽ സജീവമായത്. തുടർന്ന് കെ.എസ്.യു., യൂത്ത് കോൺഗ്രസ് സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചു. 1975-ൽ ഡി.സി.സി. സെക്രട്ടറിയും തുടർന്ന് വൈസ് പ്രസിഡന്റുമായി. 1978-ൽ എ.ഐ.സി.സി. അംഗമായി. 1980-ൽ കോൺഗ്രസിൽ ആന്റണി വിഭാഗത്തോടൊപ്പം എൽ.ഡി.എഫ്.-ൽ ആയിരിക്കെ കെ. മുഹമ്മദാലി എൽ.ഡി.എഫ്. സ്വതന്ത്രനായി ആലുവയിൽ മത്സരിച്ച് എം.എൽ.എ. ആയി. തുടർന്ന് അഞ്ചുതവണ യു.ഡി.എഫ്. എം.എൽ.എ. ആയ അദ്ദേഹം ആറുതവണയായി 26 വർഷം ആലുവയെ കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തു. എം. ജി. സർവ്വകലാശാല സെനറ്റ് അംഗം, കുസാറ്റ് സെനറ്റ് അംഗം, കെ.ടി.ഡി.സി. ഡയറക്ടർ ബോർഡ് അംഗം, കേരള സ്പോർട്സ് കൗൺസിൽ അംഗം, എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, സിയാൽ ഡയറക്ടർ ബോർഡ് അംഗം, കോൺഗ്രസ് പാർലമെന്ററി പാർട്ടി ചീഫ് വിപ്പ് എന്നീ നിലകളിലും

കെ. മുഹമ്മദാലി പ്രവർത്തിച്ചു. കെ.എസ്.യു-വിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം പടിപടിയായി വളർന്ന് കേരള രാഷ്ട്രീയത്തിലെ മുതിർന്ന കോൺഗ്രസ് നേതാക്കളിലൊരാളായി മാറുകയായിരുന്നു. ജീവിതത്തിലുടനീളം കർമ്മനിരതനായിരുന്ന ഒരു മികച്ച പൊതുപ്രവർത്തകനെയാണ് കെ. മുഹമ്മദാലിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ആര്യാടൻ മുഹമ്മദ്

മലബാറിലെ കോൺഗ്രസിന്റെ കരുത്തനായ നേതാവായിരുന്ന മുൻമന്ത്രി ആര്യാടൻ മുഹമ്മദ് 2022 സെപ്റ്റംബർ 25-ന് അന്തരിച്ചു. ആര്യാടൻ ഉണ്ണീൻ-കദിയമുണ്ണി ദമ്പതികളുടെ മകനായി 1935 മേയ് 15-ന് നിലമ്പൂരിൽ ജനിച്ച ആര്യാടൻ മുഹമ്മദ്, നിലമ്പൂർ മാനവേദൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾ വിദ്യാർത്ഥി കോൺഗ്രസിൽ ആകൃഷ്ടനായി. കോൺഗ്രസ് നേതാവ് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പ്രവർത്തനശൈലിയിൽ ആകൃഷ്ടനായി മതനിരപേക്ഷതയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ആര്യാടൻ മുഹമ്മദും അതേ തീവ്രതയോടെ ഉയർത്തിപ്പിടിച്ചു. തൊഴിലാളി പ്രസ്ഥാനത്തിന്റെ കളരിയിലൂടെയായിരുന്നു ആര്യാടൻ മുഹമ്മദ് രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത്. 1956-ൽ വണ്ടൂർ ഫർക്ക കോൺഗ്രസ്

കമ്മിറ്റി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. നിലമ്പൂർ പുല്ലങ്കോട് എസ്റ്റേറ്റിലെ ഐ.എൻ.ടി.യു.സി. യൂണിയൻ പ്രസിഡന്റായിരുന്ന അദ്ദേഹം പിന്നീട് സമീപത്തെ എസ്റ്റേറ്റുകളിലെയും യൂണിയൻ ഭാരവാഹിത്വത്തിലേയ്ക്ക് എത്തി. 1958-ൽ കെ.പി.സി.സി. അംഗമായും അവിഭക്ത കോഴിക്കോട് ഡി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് കോഴിക്കോട് ഡി.സി.സി. ജനറൽ സെക്രട്ടറിയായി. 1969-ൽ മലപ്പുറം ജില്ലാ രൂപീകരണത്തോടെ മലപ്പുറം ഡി.സി.സി.-യുടെ ആദ്യ പ്രസിഡന്റായി. 11 വർഷം ഡി.സി.സി. പ്രസിഡന്റ് സ്ഥാനം വഹിച്ച ആര്യാടൻ മുഹമ്മദ് 13 വർഷം കെ.പി.സി.സി. ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1977-ലെ തെരഞ്ഞെടുപ്പിലൂടെയാണ് നിലമ്പൂരിൽനിന്ന് ആദ്യമായി അദ്ദേഹം അഞ്ചാം കേരള നിയമസഭയിലെത്തുന്നത്. 1987 മുതൽ 2011 വരെ തുടർച്ചയായി ആറ് തവണ നിലമ്പൂരിൽനിന്നും അദ്ദേഹം നിയമസഭയിലെത്തി. ഉറച്ച കോൺഗ്രസുകാരനായ അദ്ദേഹം, ആദ്യമായി മന്ത്രിയാകുന്നത് 1980-ലെ ഇടതുപക്ഷ സർക്കാരിലാണ്. മന്ത്രിയായശേഷമാണ് അന്ന് ഉപതെരഞ്ഞെടുപ്പിലൂടെ അദ്ദേഹം എം.എൽ.എ. ആയത്. 1980-ൽ നായനാർ സർക്കാരിന്റെ കാലത്ത് ആദ്യമായി തൊഴിൽ, വനം വകുപ്പുമന്ത്രിയായ

ആര്യാടൻ മുഹമ്മദ് 1995-ൽ ആന്റണി മന്ത്രിസഭയിൽ തൊഴിൽ, ടൂറിസം വകുപ്പുമന്ത്രിയായും ഉമ്മൻ ചാണ്ടി സർക്കാരുകളിൽ വൈദ്യുതി വകുപ്പുമന്ത്രിയുമായിരുന്നു. 12.4.2012 മുതൽ 1.12.2013 വരെ ഗതാഗത വകുപ്പുമന്ത്രിയായും ചുമതല വഹിച്ചിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി, തൊഴിലാളികൾക്ക് അനുകൂലമായ തൊഴിൽ നിയമഭേദഗതികൾ, തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ, ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനുള്ള ഇടപെടലുകൾ എന്നിവയെല്ലാംതന്നെ അദ്ദേഹത്തിന്റെ ഭരണനേട്ടത്തിന്റെ ഉദാഹരണങ്ങളാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ, പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം തന്റെ പാർലമെന്ററി രംഗത്തെ മികവ് പ്രകടിപ്പിച്ചിരുന്നു. നിയമസഭാ സമിതികളിലെ അദ്ദേഹത്തിന്റെ പ്രവർത്തനം എടുത്തുപറയേണ്ടതും അനുകരണീയവുമാണ്. സ്കൂൾ വിദ്യാഭ്യാസം മാത്രം സിദ്ധിച്ച അദ്ദേഹം എക്കാലത്തും സ്വയാർജ്ജിത മനുഷ്യനായിരുന്നു. ഔപചാരികമായ ഉന്നതവിദ്യാഭ്യാസം ഇല്ലാത്തത് സാമൂഹിക-രാഷ്ട്രീയ-നിയമജ്ഞാനം ആർജ്ജിക്കുന്നതിന് തടസ്സമല്ലെന്ന് സ്വന്തം പ്രവർത്തനങ്ങളിലൂടെ അദ്ദേഹം തെളിയിച്ചു. പാർലമെന്ററി പ്രവർത്തനത്തിന്റെ ആധികാരിക ഗ്രന്ഥങ്ങളിൽ ഒന്നായ ശക്ധർ ആന്റ്

കൗൾ അദ്ദേഹത്തിന് മനഃപാഠമായിരുന്നു. ജി. വി. മാവ്ലങ്കറിന്റെ ഉദ്ധരണികളും നിയമസഭാ ചട്ടങ്ങളും എതിരാളികളുടെ മുന്നിലേയ്ക്ക് പ്രയോഗിക്കുന്നതിൽ അദ്ദേഹം കഴിവ് തെളിയിച്ചു. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും അദ്ദേഹം സഭാനടപടികളിൽ തന്റേതായ പ്രാഗത്ഭ്യംകൊണ്ട് ശ്രദ്ധനേടിയിരുന്നു. നിയമസഭാ സാമാജികർക്ക് എന്നും അനുകരണീയമായ മാതൃകയായിരുന്നു ആര്യാടൻ മുഹമ്മദിന്റെ നിയമസഭയിലെ പ്രവർത്തനം. മലപ്പുറം ജില്ലയിലെ മലയോര മേഖലയായ നിലമ്പൂരിൽ ജനിച്ച് കേരള രാഷ്ട്രീയത്തിലെ മുൻനിര പേരുകാരനായതിന് പിന്നിൽ അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനവും ജനങ്ങൾക്കായുള്ള സമർപ്പണവുമാണുള്ളത്. മലപ്പുറം ജില്ലയുടെ ആദ്യ ഡി.സി.സി. അദ്ധ്യക്ഷനായ അദ്ദേഹത്തെ മലപ്പുറത്തെ നേതാക്കൾ അവസാനം വരെ 'പ്രസിഡന്റ്' എന്നുതന്നെ വിളിച്ചു. മറ്റ് നേതാക്കൾക്കും പ്രവർത്തകർക്കും 'ആര്യാടൻ സാർ' ആയിരുന്ന അദ്ദേഹം എല്ലാവർക്കും നേതാവായിരുന്നു. നിരന്തരമായ പഠനത്തിലൂടെ സ്വയം നവീകരിച്ചും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ചും പ്രവർത്തകരുമായി ഹൃദയബന്ധം സ്ഥാപിച്ചും അടിസ്ഥാന ആശയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത നിലപാട് സ്വീകരിച്ച ആര്യാടൻ മുഹമ്മദ്

എന്ന മഹാവൃക്ഷത്തിന്റെ വിടവാങ്ങൽ കോൺഗ്രസിനും മതനിരപേക്ഷ കേരളത്തിനും തീരാനഷ്ടമാണ്.

## കോടിയേരി ബാലകൃഷ്ണൻ

സമരതീക്ഷ്ണവും സൗമ്യദീപ്തവുമായ ജീവിതംകൊണ്ട് ജനമനസ്സുകളെ കീഴടക്കിയ സി.പി.ഐ.(എം) നേതാവും മുൻമന്ത്രിയുമായ സഖാവ് കോടിയേരി ബാലകൃഷ്ണൻ 2022 ഒക്ടോബർ 1-ന് അന്തരിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ കുഞ്ഞുണ്ണിക്കുറുപ്പിന്റെയും നാരായണിയമ്മയുടെയും മകനായി 1953 നവംബർ 16-ന് ആയിരുന്നു അദ്ദേഹത്തിന്റെ ജനനം. വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ രാഷ്ട്രീയത്തിൽ സജീവമായ അദ്ദേഹം 1973-ൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി സ്ഥാനത്തേയ്ക്ക് കടന്നുവന്നു. എസ്.എഫ്.ഐ-യെ സംസ്ഥാന തലത്തിൽ ഏഴ് വർഷം നയിച്ച അദ്ദേഹം പൊതുരാഷ്ട്രീയത്തിൽ നിറഞ്ഞുനിന്നു. എസ്.എഫ്.ഐ. അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി, ഡി.വൈ.എഫ്.ഐ. കണ്ണൂർ ജില്ലാ പ്രസിഡന്റ് എന്നീ ചുമതലകളും അദ്ദേഹം വഹിച്ചു. 1971-ലെ തലശ്ശേരി കലാപവേളയിൽ മുസ്ലീം ജനവിഭാഗങ്ങൾക്ക് ആത്മധൈര്യം പകരാനും സഹായം നൽകാനുമുള്ള സ്ക്വാഡ് പ്രവർത്തനത്തിൽ അദ്ദേഹം സജീവമായി. തിരുവനന്തപുരത്തുനടന്ന

അഴിമതിക്കെതിരായ സമരം, ജെ.എൻ.യു-വിലെ വിദ്യാർത്ഥി ധ്വംസനത്തിനെതിരെ നടന്ന സമരം, നാൽപ്പാടി വാസുവിന്റെ വധത്തിൽ പ്രതിഷേധിച്ചുണ്ടായ സമരം, കർഷകരുടെ ആവശ്യമുന്നയിച്ച് നടത്തിയ റെയിൽവേ സമരം എന്നിവയിലെല്ലാം പോലീസിന്റെ ഭീകര മർദ്ദനമേറ്റിട്ടുണ്ട്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചയുടനെ തലശ്ശേരിയിലെ പ്രതിഷേധ പ്രകടനം നടന്നത് അദ്ദേഹത്തിന്റെകൂടി നേതൃത്വത്തിലായിരുന്നു. അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം അതിക്രൂരമായ മർദ്ദനത്തിനും ലോക്കപ്പ് മർദ്ദനത്തിനും വിധേയനായി. മിസാ തടവുകാരനായി 16 മാസം ജയിലിൽ കഴിഞ്ഞു. 1988-ൽ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റിയംഗവും 1995-ൽ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായി. 2002-ൽ സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റിയിലേയ്ക്കും 2008-ൽ പോളിറ്റ് ബ്യൂറോയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. 2015-ൽ നടന്ന സി.പി.ഐ.(എം) ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ അദ്ദേഹം സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയായി. ഏഴ്, എട്ട്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് നിയമസഭകളിൽ തലശ്ശേരിയിൽനിന്നും നിയമസഭയിലെത്തിയ കോടിയേരി ബാലകൃഷ്ണൻ 2001-2006, 2011-2016 കാലഘട്ടത്തിൽ പ്രതിപക്ഷ ഉപനേതാവായും 2006-2011 കാലയളവിൽ ആഭ്യന്തര-ടൂറിസം

വകുപ്പുമന്ത്രിയായും പ്രവർത്തിച്ചു. ആഭ്യന്തര-ടൂറിസം വകുപ്പുമന്ത്രിയെന്ന നിലയിൽ ഒട്ടേറെ നൂതന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കെ കേരള പോലീസിന്റെ മുഖം മാറ്റിയെടുക്കുന്നതിൽ കോടിയേരി ബാലകൃഷ്ണൻ എന്ന ഭരണകർത്താവിന്റെ കയ്യൊപ്പ് പതിഞ്ഞു. പല കോണിൽനിന്നും എതിർപ്പുണ്ടായിട്ടും ജനമൈത്രി പോലീസ് സംവിധാനം നടപ്പാക്കിയതാണ് അതിൽ പ്രധാനം. എൻ.സി.സി. മാതൃകയിൽ പോലീസിന്റെകൂടി ഉത്തരവാദിത്വത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സമ്പ്രദായം തുടങ്ങിയതും അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ്. ടൂറിസം വകുപ്പുമന്ത്രി എന്നനിലയിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചതിനുപുറമെ പട്ടണം പര്യവേക്ഷണവും അതിനോടുചേർന്ന് കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് പൈതൃക ടൂറിസം പദ്ധതിയും തലശ്ശേരി കേന്ദ്രീകരിച്ച് തലശ്ശേരി പൈതൃക പദ്ധതി, ഉത്തര കേരള പൈതൃക ടൂറിസം പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങിയതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിന് പ്രമുഖ സ്ഥാനം നേടിക്കൊടുക്കാൻ അദ്ദേഹം നടത്തിയ ഭാവനാപൂർണ്ണമായ പ്രവർത്തനം എന്നും ഓർമ്മിക്കപ്പെടുന്നതാണ്. തലശ്ശേരി മണ്ഡലത്തെ 5 തവണയായി ഏറ്റവുംകൂടുതൽ കാലം പ്രതിനിധാനം

ചെയ്ത അംഗമെന്ന നിലയിൽ അവിടത്തെ വികസന മുന്നേറ്റത്തിന് അദ്ദേഹം നേതൃത്വം നൽകി. 2016-ൽ വൻഭൂരിപക്ഷത്തോടെ എൽ.ഡി.എഫ്-ന് അധികാരം ലഭിച്ച തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന്റെ അമരക്കാരനായിരുന്നു അദ്ദേഹം. 2018-ലെ തൃശ്ശൂർ സമ്മേളനത്തിലും സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായി തുടർന്നു. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പുവേളയിൽ മുന്നണിയുടെ വിജയത്തിനായി അനാരോഗ്യം വകവയ്ക്കാതെ അക്ഷീണം പ്രവർത്തിച്ചു. 2022 മാർച്ചിൽ സി.പി.ഐ.(എം) എറണാകുളം സംസ്ഥാന സമ്മേളനത്തിൽ മൂന്നാം തവണയും സെക്രട്ടറിയായി. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനം സംഭാവന ചെയ്ത സമാനതകളില്ലാത്ത നേതൃരൂപമായിരുന്നു അദ്ദേഹത്തിന്റേത്. നിയമസഭയ്ക്കകത്തും പുറത്തും ഒരുപോലെ ശോഭിക്കാൻ കഴിഞ്ഞ നേതാക്കളിൽ ഒന്നാംനിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിൽ കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ വ്യക്തമായി അവതരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗശൈലി. തന്റെ പ്രസ്ഥാനത്തിനെ ആശയദൃഢതയോടെ നയിക്കുന്നതിന് കോടിയേരി ബാലകൃഷ്ണൻ പ്രമുഖ പങ്കുവഹിച്ചു. ചാഞ്ചല്യമില്ലാത്ത പ്രത്യയശാസ്ത്ര ബോധം, വിട്ടുവീഴ്ചയില്ലാത്ത പാർട്ടി കൂറ്, കൂട്ടായ പ്രവർത്തനത്തിനുള്ള മന:സന്നദ്ധത,

എണ്ണയിട്ട യന്ത്രമെന്നതുപോലെ സംഘടനയെ സദാതയ്യാറാക്കി നിർത്തുന്നതിലുള്ള നിഷ്കർഷത എന്നിവയിൽ പുതിയ തലമുറയ്ക്ക് മാതൃകയാകുംവിധം അദ്ദേഹം തിളങ്ങിനിന്നു. സ്വതസിദ്ധമായ പുഞ്ചിരിയാൽ അനുയായികളുടെയും പ്രതിയോഗികളുടെയും മനംകവർന്ന നേതാവായിരുന്നു അദ്ദേഹം. ശത്രുക്കളില്ല, എതിരാളികളേയുള്ളുവെന്ന പ്രയോഗം അന്വർത്ഥമാക്കുംവിധമുള്ളതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. രോഗം കാർന്നുതിന്നപ്പോഴും തന്റെ പ്രസ്ഥാനം മാത്രമായിരുന്നു ആ മനസ്സിൽ. "ജീവിതം നിലയ്ക്കാത്ത പോരാട്ടമാണ്; പലതും അതിജീവിക്കേണ്ടിവരും.; രോഗം ഉൾപ്പെടെ പല പ്രശ്നങ്ങളും അലട്ടും; വിജയവും പരാജയവും സമ്മിശ്രമാണ്; പേടിച്ചിട്ട് കാര്യമില്ല; വിശ്വാസത്തോടെ മുന്നോട്ടുപോകുകയാണ് പ്രധാനം; ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുക ഏറ്റവും വലിയ സന്തോഷവും" എന്നാണ് രോഗത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. വ്യക്തിജീവിതത്തെ പൂർണ്ണമായും പാർട്ടി ജീവിതത്തിന് കീഴ്പ്പെടുത്തിയ മാതൃകാരാഷ്ട്രീയ വ്യക്തിത്വത്തിനുടമയായിരുന്നു കോടിയേരി ബാലകൃഷ്ണൻ. അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ ഇടതുപക്ഷപ്രസ്ഥാനത്തെ ആശയതലത്തിലും സംഘടനാ തലത്തിലും ഒരുപോലെ സജ്ജമാക്കുന്നതിൽ

അവിസ്മരണീയമായ സംഭാവന നൽകിയ വിപ്ലവകാരിയെയും മികച്ച നിയമസഭാ സാമാജികനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## പുനലൂർ മധു

മുതിർന്ന കോൺഗ്രസ്സ് നേതാവും മുൻ എം.എൽ.എ.യുമായ തൊളിക്കോട്ട് വേമ്പനാട്ട് വീട്ടിൽ പുനലൂർ മധു 2022 ഒക്ടോബർ 3-ന് അന്തരിച്ചു. പുനലൂർ വേമ്പനാട്ട് വീട്ടിൽ രാധാകൃഷ്ണപിള്ള-ഓമന ദമ്പതികളുടെ മകനായി 1956 നവംബർ 25-ന് പുനലൂർ മധു ജനിച്ചു. കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ പ്രവർത്തനം നടത്തിയ അദ്ദേഹം യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറി, കെ.പി.സി.സി. ജോയിന്റ് സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. 1991-ൽ പുനലൂരിൽ നിന്നും ഒമ്പതാം കേരള നിയമസഭയിൽ അംഗമായി. തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. അദ്ദേഹം കെ.പി.സി.സി. നിർവ്വാഹകസമിതി അംഗമായിരുന്നു. റീഹാബിലേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ സ്റ്റാഫ് യൂണിയൻ പ്രസിഡന്റിന്റെ ചുമതല വഹിച്ചുവരികെയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. നാലര പതിറ്റാണ്ടുകാലം പുനലൂരിന്റെ രാഷ്ട്രീയ സാംസ്കാരിക രംഗത്ത്

നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹം. പൊതു താൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട, രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു ജനകീയ നേതാവിനെയാണ് പുനലൂർ മധുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## വെങ്ങാനൂർ പി. ഭാസ്കരൻ

സി.പി.ഐ. (എം.) നേതാവും മുൻ എം.എൽ.എ.യുമായ നെല്ലിവിള വെണ്ണിയൂർ കുമാർ കോട്ടേജിൽ വെങ്ങാനൂർ പി. ഭാസ്കരൻ, 2022 ഒക്ടോബർ 6-ന് അന്തരിച്ചു. പള്ളിച്ചൽ ഇടയ്ക്കോട് വാറുവിളാകത്ത് കെ. പത്മനാഭൻ-കമലാക്ഷി ദമ്പതികളുടെ മകനായി 1942 ജൂലൈ 27-ന് വെങ്ങാനൂർ പി. ഭാസ്കരൻ ജനിച്ചു. ആർ.എസ്.പി.-യിലൂടെ രാഷ്ട്രീയത്തിൽ എത്തിയ അദ്ദേഹം 1960-ൽ കാക്കാമൂലയിലെ കണ്ണൻകുഴിയിൽ നടന്ന യോഗത്തിലൂടെ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായി. തുടർന്ന്, അദ്ദേഹം ഐ.ടി.ഐ.-ൽ ചേർന്ന സമയത്ത് ട്രാൻസ്പോർട്ട് തൊഴിലാളികളെ പിരിച്ചുവിട്ടതിനെതിരെ ആരംഭിച്ച സമരത്തിൽ മുൻനിരയിൽ ഉണ്ടായിരുന്നു. ആ പോരാട്ടം വെങ്ങാനൂർ പി. ഭാസ്കരനെ തൊഴിലാളി പ്രസ്ഥാനത്തിലേയ്ക്ക് നയിച്ചു. അടിയന്തരാവസ്ഥക്കാലത്ത് സമരത്തിൽ പങ്കെടുത്തതിന് പോലീസിന്റെ ക്രൂരമർദ്ദനത്തിനിരയായി. 43 ദിവസം ജയിൽവാസം അനുഭവിച്ചു. രാഷ്ട്രീയ

നേതാവ് എന്നതിനേക്കാൾ വെങ്ങാനൂർകാർക്ക് അദ്ദേഹം എക്കാലവും പ്രിയപ്പെട്ട ഭാസ്കരൻ സാറായിരുന്നു. അഞ്ചുപതിറ്റാണ്ടിലേറെ വെങ്ങാനൂരിൽ പാരലൽ കോളേജ് നടത്തിയും പഠിപ്പിച്ചും നാടിന്റെ പ്രിയപ്പെട്ട അദ്ധ്യാപകനായി. വിപ്ലവ ചിന്തകളും സമരവീര്യവും അദ്ദേഹത്തിന്റെ അദ്ധ്യാപനത്തിൽ ഉണ്ടായിരുന്നു. അദ്ധ്യാപകൻ എന്ന നിലയിൽ വെങ്ങാനൂർ പി. ഭാസ്കരന്റെ വ്യക്തിത്വവും നാട്ടുകാരുമായുള്ള അടുപ്പവും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഗുണം ചെയ്തു. വെങ്ങാനൂർ പഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച വെങ്ങാനൂർ പി. ഭാസ്കരൻ 1996-ൽ നേമം മണ്ഡലത്തിൽ നിന്നും ജയിച്ചാണ് നിയമസഭാംഗമായത്. കേരള കർഷകസംഘം ജില്ലാ പ്രസിഡന്റ്, സി.പി.ഐ.(എം.) ഏരിയ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം സാധാരണക്കാരായ കർഷകരും കൂലിപ്പണിക്കാരും തിങ്ങിനിറഞ്ഞ വെങ്ങാനൂർ ഗ്രാമത്തിൽ അറിവിന്റെ പാഠം എല്ലാപേരിലും എത്തിക്കുന്നതിൽ വഹിച്ച പങ്ക് വലുതാണ്. രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് വെങ്ങാനൂർ പി. ഭാസ്കരന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

**10.15 AM}**

## III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ശ്രീമതിമാർ യു. പ്രതിഭ, സി. കെ. ആശ, കെ. കെ. രമ എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**10.16 AM}**

## IV അടിയന്തരപ്രമേയം

സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ പിൻവാതിൽ നിയമനങ്ങൾ

മി. സ്പീക്കർ: പി.എസ്.സി-യും എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചും മുഖേനയല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ദിവസവേതന/കരാർ നിയമനങ്ങൾ നടത്തുന്നതുമൂലം സംസ്ഥാനത്തെ യുവജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയും അസംതൃപ്തിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സർക്കാർ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടക്കുന്ന നിയമനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രിതമായ വ്യാജപ്രചരണത്തിലൂടെ ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയും പുകമറയും സൃഷ്ടിക്കാനുള്ള സംഘടിതശ്രമം കഴിഞ്ഞ കുറേക്കാലമായി നടന്നുവരികയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതൽ ആരംഭിച്ചതാണ് ഈ പരിശ്രമങ്ങൾ. വൻസന്നാഹങ്ങളോടുകൂടിയാണ് സംഘടിതമായ വ്യാജപ്രചരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ, അർദ്ധസത്യങ്ങൾ എന്നിവയെല്ലാം അതിശയോക്തിപരമായും അതിവൈകാരികമായും അവതരിപ്പിച്ചുകൊണ്ടുള്ളൊരു പ്രചരണകോലാഹലമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഉദ്യോഗാർത്ഥികളോട് അനീതി ചെയ്തുവെന്ന പ്രതീതി സൃഷ്ടിക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങളെല്ലാം നടത്തിയിട്ടും അതെല്ലാം ഉദ്യോഗാർത്ഥികളും

ജനങ്ങളും തള്ളിക്കളഞ്ഞുവെന്നതിന്റെ തെളിവായിരുന്നു കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ തൊട്ടു മുൻപായിട്ടായിരുന്നു ഈ പ്രചരണം ഉച്ചസ്ഥായിയിലെത്തിയത്. ഈ പ്രചരണങ്ങളെയൊന്നും ജനങ്ങൾ മുഖവിലയ്ക്കെടുക്കുന്നില്ല എന്നതാണ് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്. അടിയന്തരപ്രമേയത്തിനുള്ള നോട്ടീസിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഒന്ന് പി.എസ്.സി-യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും നോക്കുകുത്തികളാക്കി ലക്ഷക്കണക്കിന് പിൻവാതിൽ നിയമനങ്ങൾ സംസ്ഥാനത്ത് നടക്കുന്നുവെന്നാണ്. നേരത്തെ പറഞ്ഞ പ്രചരണത്തിന്റെ രീതിയാണിത്. അതിശയോക്തിപരമായി കാര്യങ്ങൾ എങ്ങനെ അവതരിപ്പിക്കാം എന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്. രണ്ടാമത്തെ ആരോപണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൻതോതിൽ കരാർ നിയമനങ്ങൾ നടക്കുന്നുവെന്നതാണ്. വസ്തുതകൾ പരിശോധിച്ചാൽ ഈ രണ്ട് ആരോപണവും ഒരടിസ്ഥാനവുമില്ലാത്തതാണെന്ന് കാണാൻ കഴിയും. 2016 മേയ് മുതൽ 2021 ഏപ്രിൽ വരെ ഒന്നാം പിണറായി സർക്കാരിന്റെ അഞ്ചുവർഷക്കാലയളവിൽ കേരളത്തിൽ നടന്നിട്ടുള്ള പി.എസ്.സി. നിയമനങ്ങളുടെ എണ്ണം 161361 ആണ്. കഴിഞ്ഞ യു.ഡി.എഫ്.

സർക്കാരിന്റെ ഭരണകാലത്ത് നടത്തിയ നിയമനങ്ങളുടെ എണ്ണം നമുക്കറിയാം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 149386 നിയമന ശിപാർശകളാണ് നൽകിയത്. പ്രസ്തുത നിയമന ശിപാർശയിൽ കെ.എസ്.ആർ.ടി.സി.യിലേയ്ക്കുള്ള 4031 പേരുടെ നിയമനം നടന്നിരുന്നില്ല. ആ ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തിയത് പിന്നീട് അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പഴയ കണക്കുകൾ പറയാതെ ഇപ്പോഴത്തെ നിയമനങ്ങളെക്കുറിച്ച് പറയൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ചെയറിനെ നോക്കി സംസാരിക്കൂ.

<u>ശ്രീ. എം. ബി രാജേഷ്</u>: സർ, ഞാൻ അങ്ങയെ അഭിസംബോധന ചെയ്ത് സംസാരിക്കാം. ഏഴ് വർഷം മുമ്പ് അവർക്ക് അധികാരം നഷ്ടപ്പെട്ടുപോയതുകൊണ്ടാണ് പഴയ കണക്കുകൾകൂടി പറയേണ്ടിവന്നത്. അതല്ലെങ്കിൽ കഴിഞ്ഞ 2 വർഷത്തെ കണക്ക് മാത്രം പറഞ്ഞാൽ മതിയായിരുന്നു. യു.ഡി.എഫ്. സർക്കാരിനേക്കാൾ 18,201 അധിക നിയമനങ്ങൾ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ അഞ്ചുവർഷം നടന്നിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കണക്കുകൾ നമുക്ക് പരിശോധിക്കാം. 2021 മേയ് മുതൽ 2022 നവംബർ

30-ാം തീയതി വരെയുള്ള കണക്കനുസരിച്ച് 37,840 പേർക്ക് പി.എസ്.സി. നിയമനശിപാർശ നൽകിയിട്ടുണ്ട്. കഴിഞ്ഞ ആറര വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മൊത്തം 1,99,201 നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. ഈ കണക്കുകൾ എല്ലാവർക്കും ലഭ്യമാണ്. സർക്കാരിനുമാത്രമല്ല, ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കും ജനങ്ങൾക്കാകെയും ലഭ്യമായിട്ടുള്ള കണക്കാണിത്. പി.എസ്.സി-യെ നോക്കുകുത്തിയാക്കിയെന്ന അടിയന്തരപ്രമേയ നോട്ടീസിലെ ആരോപണത്തെ ഖണ്ഡിക്കാൻ ഈ കണക്കുകൾ മാത്രം മതിയാകും. എൽ.ഡി.എഫ്. സർക്കാർ വിവിധ മേഖലകളിൽ പുതിയതായി സൃഷ്ടിച്ചിട്ടുള്ള തൊഴിലവസരങ്ങൾ ഇതിനുപുറമേയുള്ളതാണ്. ഭരണനിർവ്വഹണ രംഗത്ത് കേരളത്തിന്റെ ഏറ്റവും ശ്രദ്ധേയമായതും അഭിമാനകരവുമായ ചുവടുവയ്പാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS). കെ.എ.എസ്. യാഥാർത്ഥ്യമാക്കുകയും 105 പേർക്ക് നിയമനം നൽകുകയും അവരുടെ ട്രെയിനിംഗ് പൂർത്തീകരിക്കുകയും ചെയ്തു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ സമീപനം അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാരിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങി വിവിധ

വകുപ്പുകളിലായി ആവശ്യാനുസരണം പുതിയ തസ്തികകൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും തുടർഭരണത്തിലൂടെ അധികാരത്തിൽവന്ന ഈ സർക്കാരും സൃഷ്ടിച്ചിട്ടുണ്ട്. പ്രാഥമിക കണക്കുകൾ നോക്കിയാൽത്തന്നെ ഇത് ഇരുപത്തയ്യായിരത്തിലധികം വരും. കോവിഡ് മഹാമാരിയെ നേരിടാൻ സൃഷ്ടിച്ച അധിക തസ്തികകൾകൂടി കണക്കിലെടുത്താൽ ഏതാണ്ട് നാൽപ്പതിനായിരത്തോളം വരും. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ സ്ഥിതി എന്തായിരുന്നു? അന്ന് സർക്കാർ സർവ്വീസിൽ തസ്തികകൾ വെട്ടിക്കുറയ്ക്കുകയാണുണ്ടായത്. പൊതുമേഖലയിലെ കമ്പനി/ബോർഡ്/കോർപ്പറേഷൻ തുടങ്ങി 52 സ്ഥാപനങ്ങളിലെ നിയമനങ്ങൾകൂടി പി.എസ്.സി-ക്കുവിട്ട സർക്കാരാണിത്. എല്ലാ സ്ഥാപനങ്ങളും അടഞ്ഞുകിടന്ന, ജീവിതത്തിനുതന്നെ താഴിട്ട ലോക്ക്ഡൗൺ കാലത്തുപോലും 112 റാങ്ക് ലിസ്റ്റുകളിൽനിന്നായി 11000 പേർക്ക് പി.എസ്.സി. മുഖാന്തരം അഡ്വൈസ് അയച്ച് നിയമനം നടത്തിയിട്ടുണ്ടായിരുന്നു. ലോക്ക്ഡൗൺ കാലത്ത് ഇന്ത്യയിൽ മറ്റൊരു പി.എസ്.സി-യും നിയമനം നടത്തിയിട്ടില്ല. ലോക്ക്ഡൗൺ കാലത്ത് 55 പുതിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും പുതുതായി 35 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. സമസ്ത

സ്ഥാപനങ്ങളും അടഞ്ഞുകിടന്നപ്പോഴും തുറന്നുപ്രവർത്തിച്ചത്, ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനുള്ള സംവിധാനമായ പി.എസ്.സി. മാത്രമാണ്. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജനങ്ങൾക്കുമുമ്പിൽവച്ച തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ 5 വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞിരുന്നു. അതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ആദ്യപടിയായി നോളജ് ഇക്കോണമി മിഷൻ സ്ഥാപിച്ചു. കേരളത്തിന്റെ സമ്പദ്ഘടനയെ വിജ്ഞാനാധിഷ്ഠിതമായ സമ്പദ്ഘടനയാക്കി മാറ്റി. ആധുനിക വൈജ്ഞാനിക തൊഴിലുകൾ കൂടുതൽ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖാന്തരം 10 ലക്ഷത്തോളം തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ഈ സംവിധാനംവഴി പതിനായിരത്തിലധികം പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. പുതിയ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖല വിവരസാങ്കേതിക വിദ്യയുടേതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പിണറായി സർക്കാരിന്റെ കാലത്ത് 181 പുതിയ

ഐ.ടി. കമ്പനികൾ കേരളത്തിൽ പ്രവർത്തിച്ചുതുടങ്ങി. തിരുവനന്തപുരം ടെക്നോപാർക്കിൽ 41, എറണാകുളം ഇൻഫോപാർക്കിൽ 100, കോഴിക്കോട് സൈബർ പാർക്കിൽ 40 എന്നിങ്ങനെ 181 പുതിയ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചതിലൂടെ നിരവധി പേർക്ക് ജോലി ലഭ്യമായിട്ടുണ്ട്.

അടിയന്തരപ്രമേയ നോട്ടീസിൽ പറയുന്ന രണ്ടാമത്തെ ആരോപണത്തിലേയ്ക്ക് വരാം. കഴിഞ്ഞ കുറച്ചുദിവസമായി വലിയ രീതിയിലുള്ള പ്രചരണം നടന്നുകൊണ്ടിരിക്കുന്നത് തിരുവനന്തപുരം കോർപ്പറേഷനെ മുൻനിർത്തിയാണ്. തിരുവനന്തപുരം മേയറുടെ ലെറ്റർപാഡിൽ എഴുതിയെന്ന് പറയപ്പെടുന്ന ഒരു കത്തിനെച്ചൊല്ലിയാണ് കോലാഹലം മുഴുവനുണ്ടാക്കുന്നത്. എഴുതിയെന്ന് പറഞ്ഞയാൾ എഴുതിയിട്ടില്ലെന്നും മേൽവിലാസക്കാരനെന്ന് പറയുന്നയാൾ കിട്ടിയിട്ടില്ലെന്നും പറയുന്ന ഒരു കത്തിനെച്ചൊല്ലിയാണ് പ്രചരണം മുഴുവൻ നടന്നുകൊണ്ടിരിക്കുന്നത്. മേയറുടെ ലെറ്റർപാഡെന്ന് കരുതുന്ന കടലാസിൽ എഴുതിയ ഒരു കത്തിന്റെ പകർപ്പായിരുന്നു ഇതിനായി ഉയർത്തിക്കാണിച്ചത്. യഥാർത്ഥത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെ കേരളത്തിൽ എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം ഭരിച്ചുകൊണ്ടിരിക്കുന്ന എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥിരം തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് പി.എസ്.സി. വഴിയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. പാർട്ട്ടൈം-കണ്ടിജന്റ് തസ്തികകളിലേയ്ക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക വാങ്ങിയാണ് നടത്തുന്നത്. എത്രയോ വർഷമായി നടന്നുകൊണ്ടിരിക്കുന്ന രീതി അതാണ്. പ്രത്യേക ദൗത്യനിർവ്വഹണത്തിനുവേണ്ടിയുള്ള പദ്ധതികൾ, മിഷനുകൾ, സ്കീമുകൾ എന്നിവയിലാണ് താത്കാലിക നിയമനങ്ങൾ നടക്കുന്നത്. അമൃത് (AMRUT), പി.എം.എ.വൈ.(Pradhan Mantri Awas Yojana), എൻ.യു.എൽ.എം. (National Urban Livelihoods Mission), സ്മാർട്ട് സിറ്റി, തൊഴിലുറപ്പ് തുടങ്ങിയവ ഇതിനുദാഹരണമാണ്. ഓരോ തസ്തികയ്ക്കും നിശ്ചയിക്കപ്പെട്ട യോഗ്യത, ശമ്പളം, നിയമനരീതി എന്നിവ സംബന്ധിച്ച വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് അത്തരം താത്കാലിക നിയമനങ്ങൾപോലും നടത്തിയിട്ടുള്ളത്. പ്രസ്തുത നിയമനങ്ങൾ നടത്തുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ പദ്ധതികളുടെ നോഡൽ ഏജൻസിയോ പദ്ധതി സംബന്ധിച്ച സംസ്ഥാന മിഷനോ ആയിരിക്കും. ഇതാണ് നിലവിൽ സ്വീകരിച്ചുവരുന്ന രീതി. ഇതിലൊന്നും ഒരുതരത്തിലും സർക്കാർ ഇടപെടാറില്ല. തിരുവനന്തപുരം

മേയറുടെ പേരിൽ പ്രചരിക്കുന്ന വ്യാജകത്തിൽ, വ്യാജകത്താണെന്ന് മേയർ പരാതി നൽകിയിട്ടുണ്ട്, പറഞ്ഞിരിക്കുന്ന തസ്തികകളിലെ നിയമനങ്ങൾ സംബന്ധിച്ച കാര്യം നമുക്കൊന്ന് പരിശോധിക്കാം. നഗരസഭാ പരിധിയിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ നേരത്തേ പ്രവർത്തിച്ചിരുന്നത് ഉച്ചയ്ക്കുശേഷം രണ്ട് മണി മുതൽ രാത്രി എട്ടുമണി വരെ മാത്രമായിരുന്നു. ജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനായി പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം രാവിലെ എട്ടുമണി മുതൽ വൈകുന്നേരം എട്ടുമണിവരെയാക്കി ദീർഘിപ്പിക്കാൻ നഗരസഭ തീരുമാനിച്ചു. രണ്ട് ഷിഫ്റ്റുകളായാണ് പ്രവർത്തനം ക്രമീകരിച്ചത്. അതിനുവേണ്ടി 32 ഡോക്ടർമാർ, 49 നഴ്സുമാർ, 29 ഫാർമസിസ്റ്റുകൾ എന്നിവരെ താത്കാലികമായി നിയമിക്കാൻ തീരുമാനിച്ചു. ഇതിനായി 19.4.2022-ന് പത്രപ്പരസ്യം നൽകുകയും 4.5.2022 മുതൽ 10.5.2022 വരെ ഇന്റർവ്യൂ നടത്തുകയും ചെയ്തു.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ബഹുമാനപ്പെട്ട മന്ത്രി, സമയം വളരെയധികമായി.

ശ്രീ. എം. ബി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് കുറച്ചധികം സമയമെടുക്കുന്നത് പ്രസ്തുത

ഇന്റർവ്യൂവിൽ 17 ഡോക്ടർമാരും 26 സ്റ്റാഫ് നഴ്സുമാരും 16 ഫാർമസിസ്റ്റുകളും പങ്കെടുത്തു.

മി. സ്പീക്കർ: സാധാരണയായി അനുവദിക്കുന്ന സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ യോഗ്യതകൂടി പരിഗണിച്ച് മുഴുവൻ പേരെയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി. എന്നാൽ ആവശ്യമായത്രയും അപേക്ഷ ലഭിച്ചിരുന്നില്ല. അപേക്ഷിച്ചവർ മുഴുവനും ഇന്റർവ്യൂവിൽ പങ്കെടുത്തിരുന്നുമില്ല. ഇതിൽനിന്നും 12 ഡോക്ടമാർ, 16 സ്റ്റാഫ് നഴ്സ്, 13 ഫാർമസിസ്റ്റ് എന്നിവർക്ക് 7.7.2022-ന് നിയമനം നൽകിയെങ്കിലും കുറച്ചുപേർ ജോലിക്ക് ഹാജരാകില്ലെന്ന് അറിയിച്ചു. തുടർന്ന് റാങ്ക്‌ലിസ്റ്റിൽനിന്നുള്ള ഉദ്യോഗാർത്ഥികളുടെ അപര്യാപ്തത കാരണം 20.10.2022-ന് വീണ്ടും അപേക്ഷ ക്ഷണിക്കുകയും രണ്ട് ദിനപ്പത്രങ്ങളിൽ പരസ്യം കൊടുക്കുകയും വെബ്സൈറ്റിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് 174 അപേക്ഷകൾ കൂടി ലഭിച്ചു. അതും പര്യാപ്തമല്ലാത്തതിനാൽ വീണ്ടും പത്രപ്പരസ്യം നൽകുകയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിനുശേഷം 990 അപേക്ഷകൾ ലഭ്യമായി. പിൻവാതിൽ നിയമനം

എന്നാരോപിക്കുന്നത് മുൻവാതിൽ തുറന്നിട്ടിട്ടുതന്നെ അപേക്ഷകരെ കിട്ടാത്ത ഒരു നിയമനത്തെക്കുറിച്ചാണ്. മുൻവാതിൽ തുറന്നിട്ടിട്ടും അപേക്ഷകരെ കിട്ടാതെ വന്നപ്പോൾപോലും ഇഷ്ടമുള്ളയാളുകളെ നിയമിക്കാമെന്നല്ല തീരുമാനിച്ചത്. ഞാൻ തീയതി സഹിതം പറഞ്ഞതുപോലെ മൂന്ന് തവണയാണ് നിയമനത്തിനായി പ്രത്യേകം അപേക്ഷ ക്ഷണിച്ചത്. ഇതെങ്ങനെയാണ് പിൻവാതിൽ നിയമനമാകുന്നത്? എത്രമാത്രം അടിസ്ഥാനരഹിതമായ ആരോപണമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. അർദ്ധസത്യങ്ങളും വ്യാജമായ കാര്യങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇത്തരത്തിൽ വിവാദം ഉയർന്നുവന്നപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ നഗരസഭയോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ ഇന്റർവ്യൂ നടപടികൾ നിർത്തിവയ്ക്കുകയും പ്രസ്തുത തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടത്താൻ തീരുമാനിക്കുകയും ചെയ്തു. ഇത്രയും സുതാര്യമായ ഒരു നിയമനത്തിന്റെ കാര്യത്തിലാണ് ഒരു വ്യാജകത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിലൂടെ സംസ്ഥാനത്തെ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമവിരുദ്ധമായ കരാർ നിയമനമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എൽ.ഡി.എഫ്. മാത്രമാണോ ഭരിക്കുന്നത്; യു.ഡി.എഫ്. ഭരിക്കുന്ന നൂറുകണക്കിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കണ്ണൂർ പോലുള്ള കോർപ്പറേഷനുകളുമില്ലേ; അവിടെയെല്ലാം ഒരേ രീതിയിലല്ലേ നിയമനങ്ങൾ നടക്കുന്നത്; എൽ.ഡി.എഫ്.-ന്റെ സ്ഥാപനങ്ങൾ ഒരു രീതിയിലും യു.ഡി.എഫ്.-ന്റെ സ്ഥാപനങ്ങൾ മറ്റൊരു രീതിയിലുമാണോ നിയമനം നടത്തുന്നത്? ഈ ആരോപണങ്ങൾ ഉന്നയിക്കുന്നതുവഴി പ്രതിപക്ഷം യഥാർത്ഥത്തിൽ യു.ഡി.എഫ്. ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനത്തിന്റെ രീതിയെക്കുറിച്ചുകൂടിയാണ് ആക്ഷേപമുന്നയിക്കുന്നത്. അതുകൊണ്ട് താൽക്കാലിക, കരാർ നിയമനങ്ങളുൾപ്പെടെ എല്ലാം നിയമാനുസൃത ഓഡിറ്റുകൾക്ക് വിധേയമാണെന്നകാര്യംകൂടി ഞാനിവിടെ അറിയിക്കുകയാണ്. ചട്ടങ്ങളും വ്യവസ്ഥകളും ലംഘിച്ച് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം ഓഡിറ്റിലൂടെ അല്ലെങ്കിൽ വിജിലൻസ് അന്വേഷണത്തിലൂടെ പുറത്തുവരികതന്നെ ചെയ്യും. വസ്തുത പരിശോധിച്ചാൽ ഈ രണ്ട്

ആരോപണങ്ങളും തെറ്റാണെന്ന് കണ്ടെത്താൻ കഴിയും. പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും നിലവിലുള്ള വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് ഈ നിയമനങ്ങളെല്ലാം നടത്തിയിട്ടുള്ളത്. അല്ലാത്ത ഒന്നിനും സർക്കാർ കൂട്ടുനിൽക്കുകയില്ല. കൃത്രിമമായ ആശങ്കയും അസംതൃപ്തിയും സൃഷ്ടിക്കാനുള്ള വ്യാജപ്രചരണങ്ങളാണ് ഈ അടിയന്തരപ്രമേയ നോട്ടീസിലുള്ളതെന്നാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തിൽ 30 ലക്ഷത്തിലധികം യുവതീ-യുവാക്കളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാത്തിരിക്കുന്നത്. 2019-20-ലെ ഇക്കണോമിക് റിവ്യൂവിന്റെ കണക്കുപ്രകാരം നാഷണൽ അൺ-എംപ്ലോയ്മെന്റ് റേറ്റ് 4.8 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അത് 10 ശതമാനമായി. ദേശീയ ശരാശരിയേക്കാൾ തൊഴിലില്ലായ്മ നിരക്ക് ഉയർന്നുനിൽക്കുന്ന ഒരു സംസ്ഥാനത്താണ് അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞതുപ്രകാരമുള്ള കാര്യങ്ങൾ നടക്കുന്നത്. തൊഴിലില്ലായ്മ കാരണമാണ് കേരള ജനസംഖ്യയുടെ 23 ശതമാനത്തോളം വരുന്ന യുവജനത ഉന്നതവിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾക്കുംവേണ്ടി

മുമ്പെങ്ങുമില്ലാത്തവിധം യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കുടിയേറ്റം നടത്തുന്നത്. മയക്കുമരുന്ന് ഉപയോഗം അവരുടെയിടയിൽ മുമ്പൊന്നുമില്ലാത്തവിധം വർദ്ധിക്കുന്ന ഈ കാലയളവിലാണ് പിൻവാതിൽ നിയമനങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് നടക്കുന്നത്. 2021-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ ഇത്ര ലക്ഷം ആളുകൾക്ക് തൊഴിൽകൊടുക്കുമെന്ന് ഞങ്ങൾ ഉറപ്പുനൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുകയാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 2016-ലെ പ്രകടനപത്രികയിൽ 25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതുപ്രകാരം അഞ്ച് വർഷക്കാലംകൊണ്ട് എത്ര പേർക്കാണ് തൊഴിൽ കൊടുക്കാൻ കഴിഞ്ഞതെന്നതിന് കൃത്യമായി മറുപടിയില്ല. എന്നുമാത്രമല്ല, 2020 അവസാനം ലഭിച്ച വിവരാവകാശരേഖ പ്രകാരം കരാർ, താൽക്കാലിക ജീവനക്കാരുടെ എണ്ണം 117267 ആണ്. ഇത് സർക്കാർ വകുപ്പുകളിലെ മാത്രം കണക്കാണ്. അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ കണക്ക് അതിനുപുറത്താണ്. 3067352 ഉദ്യോഗാർത്ഥികൾ തൊഴിലന്വേഷകരായി നിൽക്കുമ്പോൾ സംസ്ഥാനത്ത് നടക്കുന്നത് ഭൂരിപക്ഷവും പാർട്ടി നിയമനങ്ങളാണ്. ഒരു മാധ്യമ റിപ്പോർട്ടുപ്രകാരം 6200 നിയമനങ്ങൾ

കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടന്നപ്പോൾ ഏതാണ്ട് 190000-ത്തോളം പിൻവാതിൽ നിയമനങ്ങളാണ് ഇവിടെ നടന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രസക്തി എന്താണ്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കിയിരിക്കുന്നു എന്ന് ഞങ്ങൾ പറഞ്ഞത് ഇതുകൊണ്ടാണ്. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്സ് (കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ടിൽ സർക്കാർ, അർദ്ധ സർക്കാർ, കമ്പനി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമേ നടത്താവൂവെന്ന് പറയുന്നുണ്ട്. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഇത് ശരിവയ്ക്കുന്ന മറുപടി നിയമസഭയിൽ നൽകിയത് സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. അതിൽനിന്ന് വ്യത്യസ്തമായി വ്യാപകമായി പിൻവാതിൽ നിയമനം നടത്തിയിരിക്കുകയാണ്. ഭരണപാർട്ടി പിൻവാതിൽ നിയമനത്തിനുള്ള ഒരു റിക്രൂട്ടിംഗ് സംവിധാനം ലോക്കൽ കമ്മിറ്റി മുതൽ സംസ്ഥാന കമ്മിറ്റിവരെ ഒരുക്കിയിരിക്കുകയാണ്. അവരാണ് ഈ പരിപാടി ഏറ്റെടുത്തിരിക്കുന്നത്. പിൻവാതിൽ നിയമനത്തിൽ സംവരണതത്വങ്ങൾ പാലിക്കുന്നുണ്ടോ; എസ്.സി./എസ്.ടി., ഒ.ബി.സി. സംവരണം

നടപ്പിലാക്കുന്നുണ്ടോ? സംവരണതത്വങ്ങൾ മുഴുവൻ കാറ്റിൽ പറത്തിക്കൊണ്ടാണ് വ്യാപകമായി ഇഷ്ടക്കാരെയും പാർട്ടിക്കാരെയും പാർട്ടിക്കാരിൽതന്നെ റൂളിംഗ് പാർട്ടി ലീറ്റ് (Leet)കളെയും പ്രെസ്റ്റീജിയസ് പൊസിഷനിൽ നിയമിക്കുന്നത്.

വിവാദത്തിന് തിരികൊളുത്തിയ, ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് സമയമെടുത്ത് ന്യായീകരിച്ച തിരുവനന്തപുരം കോർപ്പറേഷനിലെ കത്ത് വിവാദം സംബന്ധിച്ച പോലീസ് അന്വേഷണത്തിന്റെ ഘട്ടം ഏതാണെന്നറിയില്ല. എഫ്.ഐ.ആർ-ൽ പേരില്ലാത്ത ഒരു അന്വേഷണം നടക്കുകയാണ്. അത് വ്യാജ കത്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. എന്നാൽ തിരുവനന്തപുരം മേയർ ഇതുവരെ അത് വ്യാജ കത്താണെന്ന് പറഞ്ഞിട്ടില്ല. പോലീസ് അങ്ങനെ പറഞ്ഞതായി ഞങ്ങളാരും വായിച്ചിട്ടുമില്ല. ഇൻവെസ്റ്റിഗേഷന്റെ സ്ഥിതി എന്താണെന്ന് അറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേയർ നേരിട്ട് പരാതി കൊടുത്തിട്ടുപോലും അതുസംബന്ധിച്ച് ആ ഘട്ടത്തിൽ അന്വേഷണമുണ്ടായിട്ടില്ല. പിന്നീട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ സാധാരണ സാഹചര്യത്തിൽ ചെയ്യുന്നതുപോലെ ക്രൈംബ്രാഞ്ച് അന്വേഷണം വന്നിട്ടും എന്താണ് സ്ഥിതി? 295 ഒഴിവുകളിലേയ്ക്ക് ആളുകളെ വേണമെന്നാവശ്യപ്പെട്ട് സി.പി.ഐ.(എം.)

ജില്ലാ സെക്രട്ടറിക്ക് തിരുവനന്തപുരം നഗരസഭയിൽനിന്നും കത്ത് പോയിരിക്കുകയാണ്. പബ്ലിക് ഹെൽത്ത് എക്സ്പെർട്ട് - ഡോക്ടർ - 74, സ്റ്റാഫ് നേഴ്സ് - 66, ഫാർമസിസ്റ്റ് - 64, ലാബ് ടെക്നീഷ്യൻ - 23 തുടങ്ങിയ തസ്തികകളിലേയ്ക്കാണ് ആളുകളെ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനെതിരെ മുപ്പത് ദിവസമായി യൂത്ത് കോൺഗ്രസ്, മഹിളാ കോൺഗ്രസ്, കെ.എസ്.യു., യു.ഡി.എഫ്. നേതാക്കൾ തുടങ്ങിയവർ തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിനുമുന്നിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. മേയറും ഡി.വൈ.എഫ്.ഐ. നേതാക്കന്മാരും where is my job എന്നുപറഞ്ഞ് ഡൽഹിയിലേയ്ക്ക് പോയപ്പോഴാണ് ഈ രൂപത്തിൽ പിൻവാതിൽ നിയമനങ്ങൾക്കുള്ള വ്യാജമോ അല്ലയോയെന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത കത്ത് പുറത്തുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞൊരു കാര്യം ഞാനിവിടെ വായിക്കുകയാണ്. 'എഴുതിയ ആൾ എഴുതിയിട്ടുണ്ടെന്ന് സമ്മതിക്കാത്തതും കിട്ടിയ ആൾ കിട്ടിയിട്ടില്ലായെന്ന് സമ്മതിക്കാത്തതുമായ ഒരു കത്തെന്നാണ്' അങ്ങിവിടെ പറഞ്ഞത്. എഴുതിയ ആൾ എഴുതിയിട്ടുണ്ടെന്ന് സമ്മതിച്ച വേറൊരു കത്തിനെക്കുറിച്ച് ഞാൻ പറയാം. ശ്രീ. ഡി. ആർ. അനിൽ എഴുതിയിട്ടുണ്ടെന്ന് സമ്മതിച്ച കത്ത് സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി ശ്രീ. ആനാവൂർ നാഗപ്പന്

കൊടുത്തിട്ടുണ്ട്. അദ്ദേഹം എഴുതിയിട്ടുണ്ടെന്ന് സമ്മതിച്ച ഒരു കത്ത് പ്രകാരം എസ്.എ.ടി. ആശുപത്രിയിൽ പിൻവാതിൽ നിയമനങ്ങൾ നടന്നിട്ടില്ലേ? എഴുതിയ ആൾ എഴുതിയിട്ടുണ്ടെന്ന് സമ്മതിച്ചിട്ടുണ്ടല്ലോ. അവിടെ ഏതെല്ലാം തസ്തികകളിലാണ് പിൻവാതിൽ നിയമനം നടന്നത്. റിസപ്ഷനിസ്റ്റ് - 55, നേഴ്സിംഗ് അസിസ്റ്റന്റ് - 29, ക്ലീനിംഗ് സ്റ്റാഫ് - 120, എഞ്ചിനീയറിംഗ് ഡിവിഷൻ - 9. പാർട്ടി ജില്ലാ സെക്രട്ടറിയും പാർട്ടിയും കത്ത് കൊടുത്ത് ആളെ നിയമിച്ചുകൊണ്ടിരുന്നപ്പോൾ അവിടത്തെ ലേ സെക്രട്ടറി ശ്രീമതി മൃദുല കുമാരി അവരുടെ സഹോദരിയുടെ മകനെ മെഡിസെപ് പദ്ധതിയിൽ 28,500 രൂപ ശമ്പളത്തിൽ നിയമിച്ചു. സഹോദരിയുടെ മകന്റെ ഭാര്യയെ കെ.എ.എസ്.പി. കൗണ്ടർ സ്റ്റാഫായി 28,500 രൂപ ശമ്പളത്തിൽ നിയമിച്ചു. അവരുടെ സഹോദരിയുടെ മകളെ 20,000 രൂപ ശമ്പളത്തിൽ നിയമിച്ചു, ശ്രീമതി മൃദുല കുമാരിയുടെ സഹോദരിയുടെ മകന്റെ സുഹൃത്തിനെ 28,500 രൂപ ശമ്പളത്തിൽ മെസിസെപ്പിൽ നിയമിച്ചു, ശ്രീമതി മൃദുല കുമാരിയുടെ മകനെ ഹിന്ദ് ലാബിൽ നിയമിച്ചു. ഞാനാണ് ഇത് നിയമിക്കേണ്ടത്, എന്നാൽ എന്റെ ബന്ധുക്കൾക്കുകൂടി ഇരിക്കട്ടെയെന്ന് കരുതി ഏഴ് പേരെയാണ് അവർ അവിടെ നിയമിച്ചിരിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? കത്ത് എഴുതിയ ആൾ

എഴുതിയിട്ടുണ്ടെന്നുതന്നെ സമ്മതിച്ചിരിക്കുകയാണ്. നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ട ഇരുപതോളം സ്ഥാപനങ്ങളിൽ ഈ നിലയ്ക്ക് പിൻവാതിൽ നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. കരാർ നിയമനങ്ങൾ ഓഡിറ്റ് ചെയ്യേണ്ടതില്ല എന്നദ്ദേഹം പറയുന്നതുകേട്ടു. എന്നാൽ പി.എസ്.സി. വഴി നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചാൽ മതിയായിരുന്നു. ഓഡിറ്റ് ചെയ്ത് കരാർ നിയമനം നടത്തുന്ന ഔദാര്യം കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ചെറുപ്പക്കാർക്ക് വേണ്ടായെന്ന് അവരുടെകൂടി പ്രതിനിധിയായി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. മിൽമയിൽ വ്യാപകമായി പിൻവാതിൽ നിയമനങ്ങൾ നടക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ ഒരു വ്യാജ നിയമനമുണ്ടായി. കാലിക്കറ്റ് സർവ്വകലാശാല സെനറ്റ് മെമ്പറായ ശ്രീ. പി. അബ്ദുൽ ഹമീദ് ആ വിഷയം സെനറ്റിൽ ഉന്നയിക്കാൻ ശ്രമിച്ചപ്പോൾ ആ ചോദ്യം സെനറ്റ് റദ്ദാക്കുകയാണ് ചെയ്തത്. അദ്ദേഹമിപ്പോൾ നിയമനടപടിയുമായി കോടതിയെ സമീപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിലേയ്ക്കായി ഒരു കാര്യം പറയുകയാണ്. യൂണിവേഴ്സിറ്റികളിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടതാണെങ്കിലും കേരളത്തിലെ സർവ്വകലാശാലകളിൽ മൂവായിരത്തോളം പിൻവാതിൽ നിയമനങ്ങളാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനം ലഭിക്കേണ്ടത് അവിടെയാണ്. സ്പെഷ്യൽ റൂളുണ്ടാക്കി അവർക്ക് നിയമനം നൽകാൻ തയ്യാറാകുന്നില്ല. കാരണം, അങ്ങനെ തയ്യാറായാൽ ഇഷ്ടക്കാരെയും പാർട്ടിക്കാരെയും പാർട്ടി ഓഫീസിലെ ലിസ്റ്റുപ്രകാരം കയറ്റാനും കഴിയില്ല. പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുന്നവരെ ജനങ്ങളുടെ ഖജനാവിലെ നികുതിപ്പണംകൊടുത്ത് പോറ്റിസംരക്ഷിക്കുന്ന ഒരു സംവിധാനമാണ് ഈ ഗവൺമെന്റിനുള്ളത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾത്തന്നെ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള അനുവാദം സർക്കാർ നൽകുകയാണ്. നിയമനങ്ങൾ പി.എസ്.സി-ക്കുവിട്ട സ്ഥാപനങ്ങളിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലിരിക്കെ, താൽക്കാലികമായി പിൻവാതിൽവഴി ആളുകളെ നിയമിക്കുകയാണ്. യൂണിവേഴ്സിറ്റി കോളേജിലുണ്ടായ കത്തിക്കുത്ത് കേസിൽ രണ്ട് എസ്.എഫ്.ഐ-ക്കാർ പ്രതിയാകാതിരുന്നുവെങ്കിൽ റാങ്ക്ലിസ്റ്റിൽ ഒന്നാം റാങ്ക് ഒരു എസ്.എഫ്.ഐ. ക്രിമിനലിന് ലഭിച്ച കാര്യം പുറത്തുവരുമായിരുന്നോ; പി.എസ്.സി-യുടെ വിശ്വാസ്യതയെപ്പോലും തകർക്കുന്ന നടപടികളല്ലേ ഇടതുപക്ഷം സ്വീകരിച്ചുകൊണ്ടിരുന്നത്? അങ്ങ് ഇന്നലെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റിട്ടു. ഇന്നത്തെ മലയാള മനോരമ

ദിനപ്പത്രത്തിൽ ഒരു എഡിറ്റോറിയലുണ്ട്, - 'നിഷയുടെ ചോദ്യം മുഴങ്ങുന്നു'. 'എന്റെ സ്വപ്നങ്ങൾ തകർത്തിട്ട് എന്തുനേടി? ' എന്ന് നിഷ എന്ന ഉദ്യോഗാർത്ഥി.

മി. സ്പീക്കർ: സമയമായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കാൻ പതിമൂന്ന് മിനിട്ട് എടുത്തു, ഞാൻ അത്രയും സമയം എടുക്കുന്നില്ല.

മി. സ്പീക്കർ: ഏതാണ്ട് അത്രയും സമയമായി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി എല്ലാം ചെയ്തുവെന്ന് പറഞ്ഞു. 28-ാം തീയതി ആ ഓഫീസിൽ പോയി ബിനുരാജ് എന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണെന്നും ഒഴിവ് റിപ്പോർട്ട് ചെയ്യണമെന്നും പറഞ്ഞു. 28-ാം തീയതി അയയ്ക്കാമായിരുന്നു. 30-ാം തീയതി രാവിലെ മുതൽ ഓഫീസ് തുറന്നിരുന്നിട്ടും ഉദ്യോഗസ്ഥന്റെ വീട്ടിൽകൊണ്ടുപോയി അർദ്ധരാത്രി 11.36-ന് കൊടുത്തുവെന്ന് പറയുന്നത് ആര് വിശ്വസിക്കും; രാവിലെ മുതൽ ഓഫീസ് തുറന്നിരിക്കുകയല്ലേ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ രണ്ടാമത്തെ കാര്യം 2021-ലാണ് സമരം നടന്നതെന്നാണ്. 2018-ൽ ഈ ആവശ്യമുന്നയിച്ച് നടത്തിയ സമരങ്ങളിൽ ആ ഉദ്യോഗാർത്ഥി

പങ്കെടുത്തതിന്റെ ചിത്രങ്ങൾ മലയാള മനോരമ ദിനപ്പത്രം പുറത്തുവിട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ കാണാൻ ചെന്നപ്പോൾ പ്രതികാര മനോഭാവത്തോടുകൂടി സംസാരിച്ചുവെന്ന് ഈ ഉദ്യോഗാർത്ഥി പറഞ്ഞിട്ടുണ്ട്. സമരം ചെയ്യുന്ന ഉദ്യോഗാർത്ഥികളോട് പി.എസ്.സി. പ്രതികാരം ചെയ്യുകയാണ്. അവർ സമരം ചെയ്തിട്ടും എൽ.ഡി.എഫ്. വിജയിച്ചുവെന്നാണ് പറയുന്നത്. രണ്ടാംതവണ ശ്രീ. നരേന്ദ്ര മോദി ജയിച്ചു. രണ്ടാംതവണ ജയിച്ചതെല്ലാം മികവിന്റെ അംഗീകാരമാണെന്ന് പറഞ്ഞാൽ അവിടെയും മികവിന്റെ അംഗീകാരംകൊണ്ട് ജയിച്ചുവെന്ന് സമ്മതിക്കേണ്ടിവരും. അതുകൊണ്ട് അയോഗ്യനായ ആജ്ഞാനുവർത്തികളെ താക്കോൽ സ്ഥാനത്തിരുത്തി അവർവഴി കൂടുതൽ അയോഗ്യരെ അതത് വകുപ്പുകളിൽ നിയമിക്കാൻ ചുമതലപ്പെടുത്തുന്ന ഒരു പിൻവാതിൽ സർക്കാരാണ് കേരളം ഭരിക്കുന്നത്. പട്ടിപിടിത്തക്കാർ മുതൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ വരെ ജില്ലാ സെക്രട്ടറിയുടെ കത്തുകൊണ്ട് നിയമനം നേടുന്ന ഈ നാണംകെട്ടകാലം കേരള ജനാധിപത്യത്തിന്റെ ചരിത്രത്തിലെ എക്കാലത്തേയും കുപ്രസിദ്ധമായ ഭരണമാതൃകയായി എഴുതപ്പെടും. ഇത്തരം നിയമനങ്ങൾവഴി നികുതിപ്പണംകൊണ്ട് പാർട്ടിക്കാരെ തീറ്റിപ്പോറ്റുകയാണ്. യോഗ്യതയില്ലാത്തവർ ഓരോ തൊഴിലിലും കയറിപ്പറ്റി നമ്മുടെ

വ്യവസ്ഥയുടെ കാര്യക്ഷമതയെ പ്രതിസന്ധിയിലാക്കുകയും ജനാധിപത്യം വിഭാവനം ചെയ്യുന്ന അവസരസമത്വത്തെ അട്ടിമറിക്കുകയും ചെയ്യുന്ന ഇത്തിൾക്കണ്ണി സംവിധാനം കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ ചെലവിലാണ് നടക്കുന്നത്. അതുകൊണ്ട് കേരളം ഭരിക്കുന്ന പാർട്ടി ജനങ്ങളെ വ്യവസ്ഥാപിതമായി കൊള്ളയടിക്കുന്ന ഒരു രീതിയായി ഇതിനെ കാണേണ്ടിവരും. ഞങ്ങൾക്ക് രണ്ടാമതും ഭരണം ലഭിച്ചുവെന്ന് ഭരണക്കാർ വെല്ലുവിളിക്കുകയാണ്; ഞങ്ങൾ ഇഷ്ടമുള്ളത് ചെയ്യും, പി.എസ്.സി-യെ നോക്കുകുത്തിയാക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അപ്രസക്തമാക്കും, നിയമങ്ങൾ കാറ്റിൽപ്പറത്തും. നിങ്ങൾ ചെറുപ്പക്കാരോട് പ്രഖ്യാപിച്ചിരിക്കുന്ന യുദ്ധത്തിൽനിന്നും പിന്മാറണമെന്ന് കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ഉദ്യോഗാർത്ഥികൾക്കുവേണ്ടി സർക്കാരിനോട് വിനീതമായി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ പാർട്ടിക്കാരെ ഇഷ്ടത്തിന് നിയമിക്കാൻ, ജനങ്ങളുടെ നികുതിപ്പണം പാർട്ടി നേതാക്കളുടെ ബന്ധുക്കൾക്ക് ശമ്പളമായി നൽകാനുള്ള നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിന്നോട്ടുപോകണം. ആ രൂപത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കിടയിലുണ്ടായിരിക്കുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വസ്തുതകളുടെ പിൻബലമില്ലാത്ത വ്യാജവും കൃത്രിമവുമായ, അർദ്ധസത്യങ്ങൾമാത്രം അടിസ്ഥാനമാക്കിയുള്ള പ്രചരണമാണ് നടക്കുന്നതെന്ന് ആരംഭത്തിൽത്തന്നെ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. അത് ശരിവയ്ക്കുന്നതാണ് ബഹുമാന്യനായ പ്രമേയാവതാരകന്റെ പ്രസംഗം. ഞാൻ ചൂണ്ടിക്കാണിച്ച വസ്തുതകളെ അദ്ദേഹം ചോദ്യം ചെയ്തിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയ നിയമനത്തിന്റെ എണ്ണം സംബന്ധിച്ച് അദ്ദേഹത്തിന് ആക്ഷേപമോ എതിർപ്പോ ഇല്ല. 199201 നിയമനങ്ങൾ 6 വർഷംകൊണ്ട് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ നടത്തിയെന്ന, അദ്ദേഹംതന്നെ ചോദ്യം ചെയ്യാത്ത കണക്ക്, പി.എസ്.സി-യെ നോക്കുകുത്തിയാക്കിയെന്ന അദ്ദേഹത്തിന്റെ വാദത്തെ ദുർബ്ബലപ്പെടുത്തുന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നതാണെന്ന് അദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ കേരളത്തിലെ തൊഴിലില്ലായ്മാനിരക്ക് കുറയുന്നുവെന്നതാണ് സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി ഏറ്റവും ഒടുവിൽ പുറത്തുവിട്ട കണക്കിലുള്ളത്. രാജ്യത്തെ തൊഴിലില്ലായ്മാനിരക്ക് കുതിച്ചുയരുമ്പോൾ കേരളത്തിൽ തൊഴിലില്ലായ്മാനിരക്ക് കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുന്നു. സെന്റർ ഫോർ

മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയുടെ കണക്കുപ്രകാരം ഒക്ടോബർ മാസത്തിലെ കേരളത്തിലെ തൊഴിലില്ലായ്മാനിരക്ക് 4.8 ശതമാനമാണ്. ഓരോ മാസത്തെയും കണക്ക് അവർ പ്രസിദ്ധീകരിക്കാറുണ്ട്. രാജ്യത്തെ തൊഴിലില്ലായ്മാനിരക്ക് 7.8 ശതമാനമാണ്. ആ കണക്കുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. രാജസ്ഥാനിലെ കണക്കും എന്റെ കൈവശമുണ്ട്. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി നിയമനം നടത്തുന്നുവെന്നാണ്. 2016 മേയ് മുതൽ 2021 മേയ് വരെ ഒന്നാം പിണറായി സർക്കാരിന്റെ അഞ്ചുവർഷ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 11192 പേർക്ക് സ്ഥിരം നിയമനവും 44160 പേർക്ക് താൽക്കാലിക നിയമനവും ലഭിച്ചു. ഈ വർഷത്തെ കണക്കുകൂടി ചേർത്താൽ ആകെ 68540 പേർക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ നോക്കുകുത്തിയാക്കിയാണോ ഇത്രയും പേർക്ക് നിയമനം നൽകാൻ കഴിഞ്ഞത്? അതിനാൽ അദ്ദേഹത്തിന്റെ ആ വാദവും വസ്തുതാവിരുദ്ധമാണെന്ന് വ്യക്തമാകുകയാണ്. കരാർ നിയമനക്കാരെ സ്ഥിരപ്പെടുത്തുന്നുവെന്നതാണ് അദ്ദേഹത്തിന്റെ ആക്ഷേപം. രാജസ്ഥാൻ മുഖ്യമന്ത്രി ശ്രീ. അശോക് ഗെലോട്ടിന്റെ ചിത്രമുള്ള പരസ്യത്തിലെ ഏറ്റവും

പ്രധാനപ്പെട്ട അവകാശവാദം 110000 കരാർ ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നുവെന്നതാണ്. അഞ്ച് വർഷത്തിനുശേഷം തസ്തികകൾ റെഗുലറൈസ് ചെയ്ത് കഴിയുമ്പോൾ സ്ഥിരപ്പെടുത്തുമെന്നതാണ് അവകാശവാദം. ഇതാണ് യു.ഡി.എഫ്. സ്വീകരിക്കുന്ന നയം. എന്നിട്ടാണ് ഇവിടെ ഈ പ്രസംഗം നടത്തുന്നത്. അദ്ദേഹം കുറേ ആരോപണങ്ങൾ ഉന്നയിച്ചതിനാൽ ബാക്കികൂടി ഞാൻ പറയാം. കേരളത്തിൽ 199201 പേർക്ക് 6 വർഷംകൊണ്ട് നിയമനം നൽകി. അഞ്ച് വർഷത്തെ മാത്രം കണക്ക് പരിശോധിച്ചാൽ 161000-ത്തിലധികം പേർക്ക് നിയമനം നൽകിയെന്ന് മനസ്സിലാകും. കേരളത്തിന്റെ മൂന്നിരട്ടി ജനസംഖ്യയുള്ള, കേരളത്തേക്കാൾ വലിയ സിവിൽ സർവ്വീസുള്ള രാജസ്ഥാനിൽ 2016 മുതൽ 2021 വരെ 62243 നിയമനങ്ങൾ മാത്രമാണ് നടത്തിയത്. രാജസ്ഥാനിലെ പി.എസ്.സി-യുടെയും സർക്കാരിന്റെയും കണക്കുകളാണിവ. യു.ഡി.എഫ്. രാജസ്ഥാനിൽ നൽകിയതിനെക്കാൾ ഒരുലക്ഷം തൊഴിലവസരം രാജസ്ഥാന്റെ മൂന്നിലൊന്ന് വലിപ്പം മാത്രമുള്ള കേരളത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നൽകിയിട്ടുണ്ട്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. കേരളത്തെക്കാൾ വലിയ സംസ്ഥാനമായ തമിഴ്നാട്ടിൽ ആറ് വർഷത്തിനുള്ളിൽ രണ്ട് ലക്ഷം പേർക്ക് തൊഴിൽ

നൽകിയെന്ന് അവിടത്തെ മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. കേരളത്തിലും ആറുവർഷത്തിനുള്ളിൽ രണ്ട് ലക്ഷം പേർക്ക് തൊഴിൽ നൽകുകയുണ്ടായി. പി.എസ്.സി-യെ നോക്കുകുത്തിയാക്കുകയല്ല, ലോക്ഡൗൺ കാലത്തുപോലും പ്രവർത്തിപ്പിക്കുകയും നിയമനങ്ങൾ തടസ്സംകൂടാതെ നടത്തുകയുമാണ് എൽ.ഡി.എഫ്. സർക്കാർ ചെയ്തിട്ടുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും കാര്യം ഞാൻ പറയുന്നില്ല. പശ്ചിമ ബംഗാളിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ പതിനായിരം പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയത്. ആ സ്ഥാനത്താണ് കേരളത്തിൽ അഞ്ചുവർഷം കൊണ്ട് 161000 നിയമനം നടന്നത്. ഇതാണ് രാജ്യത്തെ സ്ഥിതിയെന്ന് മനസ്സിലാക്കണം. കേന്ദ്ര സർവ്വീസിൽ പത്തുലക്ഷത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് യു.പി.എ. സർക്കാരിന്റെ കാലം മുതലുണ്ട്. നരേന്ദ്ര മോദി സർക്കാരിന്റെ കാലം വന്നപ്പോൾ അത് അധികരിച്ചുവെന്നേയുള്ളൂ. ഈ ദേശീയ സാഹചര്യത്തിലാണ് കേരളത്തിൽ ഇപ്പോഴും സർക്കാർ ഒരു പ്രധാന തൊഴിൽദാതാവായി പ്രവർത്തിക്കുന്നുവെന്നതിന്റെ പ്രാധാന്യം നാം കാണേണ്ടത്. കരാർ, താൽക്കാലിക നിയമനങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. സ്കീം, മിഷൻ തുടങ്ങിയവയിൽ അത്തരത്തിൽ മാത്രമേ നിയമനം നടത്താൻ കഴിയുകയുള്ളൂ

എന്നതിനാലാണ് അങ്ങനെ ചെയ്തത്. തൊഴിലുറപ്പ് പദ്ധതി യു.പി.എ. സർക്കാർ കൊണ്ടുവന്നതാണെന്നാണ് യു.ഡി.എഫ്-ന്റെ അവകാശവാദം. പ്രസ്തുത പദ്ധതിയിൽ ടെക്നിക്കൽ, മിനിസ്റ്റീരിയൽ സ്റ്റാഫിൽ സ്ഥിരനിയമനം നടത്താൻ കഴിയുമോ? അക്കാര്യം പറഞ്ഞാൽ മതി. ആ തസ്തികകളിലേയ്ക്കാണ് സംസ്ഥാനത്ത് കരാർ, താൽക്കാലിക നിയമനങ്ങൾ നടക്കുന്നത്. എൻ.ആർ.ഇ.ജി. ആക്ട് പ്രകാരം കരാർ അടിസ്ഥാനത്തിൽ മാത്രമേ ടെക്നിക്കൽ സ്റ്റാഫിനെ നിയമിക്കാൻ കഴിയുകയുള്ളൂ. യു.പി.എ. പാർലമെന്റിൽ പാസ്സാക്കിയ നിയമമാണത്. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളിലും കരാർ നിയമനങ്ങൾ നടക്കുന്നില്ലേ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ മാത്രം നടന്ന പി.എസ്.സി. നിയമനങ്ങളുടെ കണക്ക് പറയാം. അസിസ്റ്റന്റ് എഞ്ചിനീയർ - 159, ഓവർസീയർ ഗ്രേഡ് I - 99, ഓവർസീയർ ഗ്രേഡ് II - 154, ഓവർസീയർ ഗ്രേഡ് III - 74, ഓവർസീയർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) - 8 എന്നിങ്ങനെ 494 പി.എസ്.സി. നിയമനങ്ങൾ രണ്ട് മാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ മാത്രം നടന്നു. ഈ കണക്കുകൾ നിങ്ങൾക്ക് നിഷേധിക്കാനാകുമോ? ഇതാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്നത്, അല്ലാതെ പ്രതിപക്ഷം

ആരോപിക്കുന്നതുപോലെയല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന് ആ കണക്കുകളൊന്നും ഖണ്ഡിക്കാൻ കഴിയാതിരുന്നത്.

തിരുവനന്തപുരം കോർപ്പറേഷനുമായി ബന്ധപ്പെട്ട കത്താണ് പ്രധാനപ്പെട്ട ഒരായുധമായി അദ്ദേഹം ഉപയോഗിക്കുന്നത്. കത്തിന്റെ കാര്യം അദ്ദേഹം പറഞ്ഞ സ്ഥിതിക്ക്, ഒരുപാട് കത്തുകൾ ഇവിടെയുണ്ടെന്ന കാര്യം പറയുകയാണ്. ഇതുമുഴുവൻ പ്രസിദ്ധീകരിച്ചാൽ ജവഹർലാൽ നെഹ്റു ഇന്ദിരാ ഗാന്ധിക്ക് എഴുതിയ 'ഒരച്ഛൻ മകൾക്കയച്ച കത്തുക'ളെക്കാൾ വലിയ വോളിയമായിരിക്കും. ഞാൻ ഓരോ കത്തിനെക്കുറിച്ചും പറയുന്നില്ല. പ്രമേയാവതാരകൻതന്നെ കൊടുത്ത കത്ത് എന്റെ കൈവശമുണ്ട്. കത്തിന്റെ തീയതിയും കത്ത് ആർക്കാണെന്നുള്ളതും മാത്രം ഞാൻ വായിക്കാം - 1.4.2011-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്ക്. അദ്ദേഹമിന്ന് സഭയിലെത്തിയിട്ടില്ല. കത്ത് മുഴുവൻ വായിക്കാൻ ബഹുമാനപ്പെട്ട ചെയർ അനുവദിക്കില്ല എന്നെനിക്കറിയാം. അതുകൊണ്ട് ഓരോരുത്തരും കൊടുത്ത കത്ത്, പേര് എന്നിവ മാത്രം വായിക്കാം. പാർട്ടി സെക്രട്ടറിക്ക് കത്ത് കൊടുത്തു എന്നാണ് ഇവിടെ പറയുന്നത്. ഞാൻ കൃത്യമായാണ് പറഞ്ഞത്. എഴുതിയയാൾ അങ്ങനെയൊരു കത്ത് എഴുതിയിട്ടില്ല എന്ന് പറഞ്ഞു. ഡിസംബർ 1 എന്ന തീയതിയിലാണ് ആരാധ്യയായ മേയറുടെ പേരിൽ

കത്ത് വന്നിരിക്കുന്നത്. എന്നാൽ മേയർ അന്നേദിവസം തിരുവനന്തപുരത്തുണ്ടായിരുന്നില്ല. മേയറുടെ ഒപ്പ് വ്യാജമാണെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ആരാണോ മേൽവിലാസക്കാരനെന്ന് നിങ്ങൾ ആരോപിക്കുന്നത്, അങ്ങനെയൊരു കത്ത് കിട്ടിയിട്ടില്ല എന്ന് ആ മേൽവിലാസക്കാരൻ പറഞ്ഞിട്ടുമുണ്ട്. എന്നാൽ അങ്ങനെയല്ലാത്ത, ഇക്കാര്യത്തിലൊന്നും വ്യക്തതയുടെ പ്രശ്നമോ സംശയമോ ഇല്ലാത്ത ഒരു കത്തുണ്ട്. അത് ശ്രീ. പാലോട് രവിയുടേതാണ്. അദ്ദേഹം ഡി.സി.സി. പ്രസിഡന്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് കത്ത് നൽകിയിട്ടുള്ളത്. സമയമുണ്ടെങ്കിൽ കത്ത് മുഴുവൻ വായിക്കാം. ......(ബഹളം)......

മി. സ്പീക്കർ: വെർബൽ വാർ വേണ്ട. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇത് സമയം അപഹരിക്കലാണ്.

ശ്രീ. എം. ബി. രാജേഷ്: സർ, കത്ത് മുഴുവൻ വായിക്കുന്നില്ല. അവർ ആശങ്കപ്പെടുന്നതുപോലെ എല്ലാ കത്തും ഞാനിവിടെ വായിക്കുന്നില്ല. വേറൊരു പ്രധാനപ്പെട്ട, വളരെ കൗതുകമുള്ള കത്തുണ്ട്. കത്ത് അഭിസംബോധന ചെയ്യുന്നത് "ആർ. കെ. ചേട്ടാ," എന്നാണ്. 'ആർ. കെ. ചേട്ടൻ' ആരാണ് എന്നുള്ളത് എനിക്ക് മനസ്സിലായിട്ടില്ല. "ശ്രീ. അജേഷ്

ദാസ്, ശ്രീ. ഗോപകുമാർ എന്നിവർ ബഹു. മന്ത്രിക്ക് ഏറ്റവും വേണ്ടപ്പെട്ടവരാണ്. നടന്നുകിട്ടാൻ അഭ്യർത്ഥന." അങ്ങനെ നടത്തിക്കിട്ടിയവരാണ് സഭയിൽവന്ന് പ്രസംഗിക്കുന്നതെന്ന് മനസ്സിലാക്കണം. ആരുടേതാണ് കത്ത് എന്ന് പറയേണ്ടതുണ്ടോ? ശ്രീ. ഷിബു ബേബി ജോണിന്റേതാണ് കത്ത്. അദ്ദേഹം ഇപ്പോൾ ഈ സഭയിൽ അംഗമല്ല, മുമ്പ് മന്ത്രിയായിരുന്നയാളാണ്. അതുകൊണ്ടാണ് 'ബഹു. മന്ത്രിക്ക് ഏറ്റവും വേണ്ടപ്പെട്ട ആളാണ്' എന്ന് പറയുന്നത്. അങ്ങനെ ഒരു കത്തും ഭരണപക്ഷത്തുനിന്ന് ആരും നൽകിയിട്ടില്ല എന്നുള്ള കാര്യവും പ്രതിപക്ഷം ഓർമ്മിക്കുന്നത് നല്ലതാണ്. അടുത്ത കത്ത് സെൻട്രൽ ജയിൽ സൂപ്രണ്ട് ഓഫീസിലെ നിയമനത്തിനുവേണ്ടിയുള്ളതാണ്. ഇതിലുള്ളത് ഞാൻ അതുപോലെ വായിക്കുന്നുവെന്നേയുള്ളൂ, ഇതെന്റെ ഭാഷയല്ല. " Dear RK, This is a must care. Please help." ഇതെഴുതിയത് ജോർജ്ജ് മെഴ്സിയറാണ്. ഇത്തരത്തിൽ 'ആർ. കെ. ചേട്ട'നുള്ള കത്തുകൾ വേറെയുമുണ്ട്. തൽക്കാലം കത്തുകൾ ഇത്രയും മതിയാകുമല്ലോ. ......(ബഹളം)..... ഇതുമുഴുവൻ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ, ഡി.സി.സി. ഭാരവാഹികൾ/പ്രസിഡന്റുമാർ തുടങ്ങിയവരെല്ലാം നിയമന ശിപാർശകൾക്കുവേണ്ടി എഴുതിയിട്ടുള്ള കത്തുകളാണ്.

ബന്ധുനിയമനത്തെക്കുറിച്ചെല്ലാം ഇവിടെ പറയുകയുണ്ടായി. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആ പട്ടികയും എന്റെ കയ്യിലുണ്ട്. അതിൽ നിയമനം കിട്ടിയവർ ആരൊക്കെയാണെന്നറിയാം. അവരുടെ ബന്ധുക്കളെല്ലാം അപ്പുറത്ത് ഇരിക്കുന്നുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പരയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അതാണ് ഈ അടിയന്തരപ്രമേയത്തിന്റെ പ്രധാന ഉള്ളടക്കം. പഞ്ചായത്തുകളിൽ മാത്രം 8000 കരാർ നിയമനങ്ങൾ എന്നതാണ് ആ പരമ്പരയിലെ പ്രധാന ആരോപണം. എൽ.ഡി.എഫ്./ യു.ഡി.എഫ്. ഭരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെല്ലാം ഒരേപോലെയാണ് നിയമനങ്ങൾ നടക്കുന്നതെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതിൽ 'പാർട്ടിക്കാരെ അനധികൃതമായി നിയമിച്ചതിന്റെ തെളിവ് - കായംകുളത്തെ മാതൃകാ നിയമനം, തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ മൂന്ന് എൽ.ഡി.എഫ്. പ്രാദേശിക നേതാക്കളുടെ മക്കളെ ഒരു മടിയുംകൂടാതെയാണ് നിയമിച്ചത് ' എന്നാണ് പറയുന്നത്. ഒരു ഓവർസീയർ നിയമനവും ഇത്തരത്തിലുണ്ട്. 8000 നിയമനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നതിൽ നാലുപേർ എൽ.ഡി.എഫ്. നേതാക്കളുടെ

ബന്ധുക്കളാണെന്ന് കണ്ടെത്തിയെന്നാണ്. കേരളത്തിൽ 43 ശതമാനം വോട്ട് കിട്ടുന്നൊരു മുന്നണിയല്ലേ എൽ.ഡി.എഫ്.? 8000 നിയമനങ്ങൾ നടന്നപ്പോൾ, ഭൂതക്കണ്ണാടിവച്ച് ഇത്രയും സൂക്ഷ്മപരിശോധന നടത്തി, ഗവേഷണം നടത്തി കണ്ടുപിടിച്ചത് നാലുപേർക്ക് നിയമനം ലഭിച്ചുവെന്നതാണ്. സ്വാഭാവികമായും അതുണ്ടാകില്ലേ. യു.ഡി.എഫ്. ബന്ധമുള്ളവരുടെ ലിസ്റ്റ് ഈ പത്രം പ്രസിദ്ധീകരിക്കാത്തതെന്താണ്? എന്റെ കയ്യിൽ ആ ലിസ്റ്റുണ്ട്. ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. കണക്കുകൾ ആസ്പദമാക്കിയാണ് ഞാൻ സംസാരിച്ചത്. ഒരാക്ഷേപവും ആരെക്കുറിച്ചും ഇവിടെ ഉന്നയിച്ചിട്ടില്ല. ഇത് ആസൂത്രിതമായി നടക്കുന്ന നീക്കമാണ്, വ്യാജ പ്രചരണം നടത്താനുള്ള ശ്രമമാണെന്നാണ് വ്യക്തമാക്കാനുള്ളത്. അതുകൊണ്ടുതന്നെ പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നീതിബോധമില്ലാത്ത, രാജ്യത്തെ നിയമങ്ങളെയും ചട്ടങ്ങളെയും കാറ്റിൽപ്പറത്തുന്ന, സ്വന്തക്കാരെയും ബന്ധുക്കളെയും നിയമിക്കാൻ ഏതറ്റംവരെയും പോകുന്ന, അധികാരത്തെ ക്രൂരമായി ദുർവിനിയോഗം ചെയ്യുന്ന ജനാധിപത്യവിരുദ്ധ സർക്കാരിന്റെ നടപടികളെക്കുറിച്ചാണ് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകി അവതരിപ്പിച്ചത്. പി.എസ്.സി. നിയമനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നിരത്തിയ വാദമുഖങ്ങൾ വസ്തുതാവിരുദ്ധമാണ്. 2011 മുതൽ 2016 വരെയുള്ള നിയമനങ്ങളിലെ വസ്തുതാപരമായ തെറ്റാണ് അദ്ദേഹം സൂചിപ്പിച്ചത്. 2011 മുതൽ 2016 വരെ 158680 പേരെയാണ് നിയമിച്ചത്. അന്ന് അഡ്വൈസ് മെമ്മോ അയച്ച ആളുകളുടെ എണ്ണംകൂടി കൂട്ടിയിട്ടാണ് ഇപ്പോഴത്തെ നിയമനത്തിന്റെ എണ്ണം കൂട്ടിപ്പറഞ്ഞിരിക്കുന്നത്. ഇതെല്ലാം കണക്കുകൾ അവതരിപ്പിക്കുമ്പോഴുള്ള കളികളാണ്. ഞങ്ങൾ ഇവിടെ ഉന്നയിച്ച ആരോപണം പി.എസ്.സി. നിയമനം നടക്കുന്നില്ല എന്നാണോ? പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടായിട്ടും വകുപ്പുമേധാവികൾ വേക്കൻസികൾ റിപ്പോർട്ട് ചെയ്യാതിരിക്കാൻ എന്താണ് കാരണം? പി.എസ്.സി. വഴി നിയമിക്കുമ്പോൾ പിൻവാതിലിലൂടെ നിയമിച്ചവർ

പുറത്തുപോകേണ്ടിവരും. താൽക്കാലികക്കാരെ സംരക്ഷിക്കാനുള്ള നീക്കമാണിത്. പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് എല്ലാദിവസവും എല്ലാ എം.എൽ.എ-മാരുടെയും അടുത്ത് വിവിധ സ്ഥാപനങ്ങളിൽനിന്ന് വിവരാവകാശ നിയമപ്രകാരമെടുത്ത വേക്കൻസികളുടെ കണക്കുമായിട്ടാണ് വരുന്നത്. വിവരാവകാശ നിയമപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൊടുക്കുന്ന കണക്കുകൾ അവരുടെ കൈവശമുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ പ്രധാന കാരണം, താൽക്കാലികക്കാരായി പിൻവാതിലിലൂടെ നിയമിച്ചവരുടെ ജോലി നഷ്ടപ്പെടുമെന്നുള്ള ഭയമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെയും കാലത്ത് പി.എസ്.സി-ക്ക് വിട്ട പല ഒഴിവുകളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കാതെ പേപ്പറുകൾ മാത്രമാണ് അയച്ചത്. അതുകൊണ്ട് പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ല. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നില്ല, മന:പൂർവ്വമായി സ്പെഷ്യൽ റൂൾസ് ഫ്രെയിം ചെയ്യാൻ വൈകിപ്പിച്ചു. ഒഴിവുകൾ പി.എസ്.സി-ക്കുവിട്ട സ്ഥാപനങ്ങളിലെ നിയമനങ്ങളും നടത്തുന്നത് പിൻവാതിലിലൂടെയാണ്. കേരളത്തിൽ രണ്ടരലക്ഷത്തിനും മൂന്നുലക്ഷത്തിനുമിടയിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നുണ്ട്. ഒരുകാലഘട്ടത്തിലുമില്ലാത്ത തരത്തിലുള്ള സംവിധാനങ്ങളാണ്

ഇന്ന് കേരളത്തിലുള്ളത്. ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ മുപ്പത് ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന സമയത്താണ് ഇത്തരം നിയമനങ്ങൾ നടക്കുന്നത്. 1959-ലെ 'The Employment Exchanges (Compulsory Notification of Vacancies) Act'-ന്റെ മൂന്നാം വകുപ്പിന്റെയും നാലാം വകുപ്പിന്റെയും നഗ്നമായ ലംഘനമാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഭരണഘടനയുടെ ആർട്ടിക്കിൾ 14, 16 എന്നിവയുടെയും ലംഘനമാണ് നടക്കുന്നത്. State of Karnataka Vs Umadevi കേസിൽ എങ്ങനെയാണ് താൽക്കാലിക നിയമനങ്ങൾ നടത്തേണ്ടതെന്നും അത് സ്ഥിരപ്പെടുത്താൻ പാടില്ലായെന്നും 2006-ലെ വിധിയിൽ നിർദ്ദേശിക്കുന്നുണ്ട്. ആ വിധിയെ കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. താൽക്കാലിക/കരാറടിസ്ഥാനത്തിൽ ദിവസവേതനക്കാരെ നിയമിക്കുമ്പോൾ എന്തുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയാക്കുന്നില്ല എന്നതാണ് പ്രധാന ചോദ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് അയയ്ക്കാതിരിക്കാൻ ഒരു റിക്രൂട്ട്മെന്റ് സംഘം പ്രവർത്തിക്കുന്നു. കേരളത്തിൽ ഒരു സമാന്തര റിക്രൂട്ട്മെന്റ് സംഘമാണ് സി.പി.ഐ.(എം) നടത്തുന്നത്. അതാണ് ശ്രീ. പി. സി. വിഷ്ണുനാഥ്

ആരോപിച്ചത്. താഴെതലം മുതൽ ഉന്നതതലം വരെയുണ്ട്. അവരുടെ കത്തിടപാടുകളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനുപകരമായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്, എം.എൽ.എ-മാർ ശിപാർശ ചെയ്തുകൊണ്ട് കത്തയച്ചുവെന്നാണ്. ഞങ്ങൾ ഉന്നയിച്ച ആരോപണം എന്താണ്? തിരുവനന്തപുരം നഗരസഭയിലെ മേയർ 295 വേക്കൻസികളിലേയ്ക്ക് ആളുകളെ നിർദ്ദേശിക്കാൻ പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് കത്തയച്ചുവെന്നതാണ്. ആ കത്ത് ഞങ്ങളാണോ പുറത്ത് കൊണ്ടുവന്നത്? നിങ്ങളുടെ പാർട്ടിയിൽ നടന്ന വീതംവയ്പിലെ തർക്കമായിട്ടാണ് പാർട്ടി ഗ്രൂപ്പുകളിലൂടെ ഇത് പുറത്തുവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആധികാരികമായി പറഞ്ഞത് വ്യാജ കത്താണെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് ഉദ്യോഗസ്ഥരെയൊക്കെ വിളിച്ചുവരുത്തിയാണ് കേസന്വേഷണം നടത്താൻ തീരുമാനിച്ചത്. ക്രൈംബ്രാഞ്ച് ഒരന്വേഷണം നടത്തുന്നുണ്ട്. ആ അന്വേഷണം രസകരമാണ്. ആരോപണവിധേയനായ പാർട്ടി ജില്ലാ സെക്രട്ടറിയോട് ഫോണിൽക്കൂടിയാണ് തെളിവെടുപ്പ് നടത്തിയത്. ഇങ്ങനെയാണോ സംസ്ഥാനത്ത് നീതി നടപ്പാക്കുന്നത്; ബഹുമാനപ്പെട്ട മന്ത്രി ചൈന-ഇന്ത്യ അതിർത്തി പ്രശ്നത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞതുപോലൊരു

അഭിപ്രായപ്രകടനമാണ് നടത്തിയത്. ചൈന ചൈനയുടേതെന്നും ഇന്ത്യ ഇന്ത്യയുടേതെന്നും പറയുന്ന ഭാഗം എന്നുപറയുന്നതുപോലെ ഒരു ഇ.എം.എസ്. മോഡൽ പരാമർശമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. മേയർ എഴുതിയത് വ്യാജ കത്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽവന്ന് ആധികാരികമായി സംസാരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണ്: ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി ഇത് വ്യാജ കത്താണെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഒരു മന്ത്രി നിയമസഭയിൽ സംസാരിക്കുമ്പോൾ അത് വ്യാജ കത്താണെന്ന് പറഞ്ഞാൽ പിന്നെ അന്വേഷണത്തിന് എന്ത് പ്രസക്തിയാണുള്ളത്? എന്ത് ആധികാരികതയാണ് മന്ത്രിക്ക് പറയാനുള്ളത്; എന്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രി പറയുന്നത്; തന്റെ പദവിയെ ദുർവിനിയോഗം ചെയ്തുകൊണ്ടാണ് വ്യാജ കത്താണെന്നുള്ള ഒരു ഫൈൻഡിംഗ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം അത് പറയാൻ പാടില്ലായിരുന്നു. അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കേസാണിത്. പിൻവാതിൽ നിയമനങ്ങൾ നടക്കുമ്പോൾ സംവരണമെന്ന ഭരണഘടനാതത്വത്തെ കാറ്റിൽപ്പറത്തുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം നടത്തുമ്പോൾ കമ്മ്യൂണിറ്റി റിസർവ്

റോസ്റ്ററിന്റെ റൊട്ടേഷനനുസരിച്ചാണ് നടത്തുന്നത്. പിൻവാതിൽ നിയമനങ്ങളിൽ ഒരുതരത്തിലുമുള്ള സംവരണതത്വവും പാലിക്കപ്പെടുന്നില്ല. സംവരണം ലഭിക്കാൻ അർഹരായവർ മുഴുവൻ പിൻവാതിൽ നിയമനത്തിലൂടെ പുറത്തുപോകുകയാണ്. എവിടെയാണ് ഇതെല്ലാം നടക്കുന്നതെന്ന് ചോദിച്ചു, അതിന് വളരെ വിശദമായി മറുപടി പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും നടക്കുന്നു. കൃത്യമായ ഒരു സംവിധാനം കൊണ്ടുവന്നിട്ടല്ലേ നിയമനങ്ങൾ നടത്തേണ്ടത്? അല്ലാതെ യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തിൽ വേറൊരു സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ; സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തുന്ന സംവിധാനമല്ലാതെ പഞ്ചായത്തിനോ നഗരസഭയ്ക്കോ സ്വന്തമായൊരു തീരുമാനമെടുത്ത് ചെയ്യാൻ സാധിക്കുമോ? എൽ.ഡി.എഫ്. ആണ് ഭൂരിപക്ഷം പഞ്ചായത്തുകളും നഗരസഭകളും ഭരിക്കുന്നത്. അവിടെയെല്ലാം പിൻവാതിൽ നിയമനങ്ങൾ വ്യാപകമായി നടക്കുകയാണ്. ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരെ നിയമിച്ചതിൽ പാർട്ടി സഖാക്കളുടെ ബന്ധുക്കളുടെ നീണ്ടനിരയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് കൊടുത്ത എം.എൽ.എ-മാരുടെ പേരുകളൊക്കെ വായിച്ചു. ബന്ധുക്കൾക്ക് നിയമനം

കൊടുത്തവരുടെ പേരൊന്നും ഞാൻ വായിക്കുന്നില്ല. ഞങ്ങളങ്ങനെ വ്യക്തിപരമായി ആരോപണം ഉന്നയിക്കുന്നില്ല. ഈ സംസ്ഥാനത്തെ മുഴുവൻ പേർക്കും അറിയാവുന്ന വളരെ പ്രധാനപ്പെട്ട നേതാക്കളുടെ ഭാര്യമാർ ഉൾപ്പെടെയുള്ളവരുണ്ട്. നിയമങ്ങളും ചട്ടങ്ങളും കാറ്റിൽപ്പറത്തി നടത്തിയ ഇത്തരം നിയമനങ്ങളെക്കുറിച്ച് സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും അറിയാം. കോർപ്പറേഷനിൽത്തന്നെ ആരുടെയൊക്കെ ബന്ധുക്കളെയാണ് നിയമിച്ചിരിക്കുന്നതെന്ന് അറിയാം. ഡോക്ടർമാരെ നിയമിച്ചിരിക്കുന്നതുൾപ്പെടെയുള്ള ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ആരുടേയും പേരുകൾ വലിച്ചിഴച്ച് സ്ഥിതി വഷളാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആർ.സി.സി-യിൽ കുടുംബശ്രീ വഴി പാർട്ടിക്കാരെയാണ് നിയമിച്ചിരിക്കുന്നത്. ഒരു നേതാവിന്റെ അനുജനെ ആദ്യം നിയമിച്ചു, അയാളവിടെ മദ്യപിച്ച് ബഹളമുണ്ടാക്കുന്നുവെന്ന് ഡോക്ടർമാർ പരാതി പറഞ്ഞപ്പോൾ അയാളെ മാറ്റി. അതിനുശേഷം വീണ്ടും പിൻവാതിലിലൂടെ അയാളെത്തന്നെ അവിടെ നിയമിച്ചു. എത്രമാത്രം കേസുകളാണ് ഇത്തരത്തിലുള്ളത്. പാർട്ടി ജില്ലാ സെക്രട്ടറിക്ക് അയച്ചിരിക്കുന്ന കത്തിൽ ഇത്രയും വേക്കൻസികൾക്ക് ആളെ നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. തിരുവനന്തപുരത്തെ പാർട്ടി ജില്ലാ സെക്രട്ടറി

എന്നാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഡയറക്ടറായി മാറിയത്? ഞാൻ അദ്ദേഹത്തിന്റെ പേരൊന്നും പറയുന്നില്ല. കുടുംബശ്രീ ഡയറക്ടർ സ്ഥാനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡയറക്ടർ സ്ഥാനം ഇതെല്ലാം പാർട്ടി ജില്ലാ സെക്രട്ടറിമാർക്ക് നൽകിയിരിക്കുകയാണ്. പാർട്ടിയാണ് ഇതെല്ലാം. പോലീസ് സ്റ്റേഷൻ പാർട്ടിയാണ്, കോടതി പാർട്ടിയാണ് എന്ന് നേരത്തെ പറഞ്ഞിരുന്നു. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പി.എസ്.സി-യും പാർട്ടിയാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ,.......

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല,

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളുടെ ഭാഗത്തുനിന്നുള്ള ഒരാൾക്കും ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയില്ലല്ലോ; അതുകൊണ്ട് ഞാൻ നിങ്ങൾക്കാർക്കും വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞോളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വളരെ മര്യാദയായിട്ടാണ് പാർട്ടി ജില്ലാ സെക്രട്ടറിയെന്നെല്ലാം പറഞ്ഞത്. അദ്ദേഹത്തിന്റെ പേരുകൂടി എന്നെക്കൊണ്ട് പറയിപ്പിക്കാനാണ് ശ്രമിക്കുന്നത്.....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്....ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങ് ഇരിക്കൂ, പ്രതിപക്ഷനേതാവ് വഴങ്ങുന്നില്ലായെന്ന് പറഞ്ഞല്ലോ; അങ്ങ് ഇരിക്കൂ... അദ്ദേഹം വഴങ്ങാൻ തയ്യാറല്ലായെന്ന് പറഞ്ഞല്ലോ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പാർട്ടിക്കകത്ത് വീതം വയ്ക്കുന്നതിനെ സംബന്ധിച്ചുള്ള തർക്കമാണ്. ഞാൻ വളരെ മര്യാദയായി പാർട്ടി ജില്ലാ സെക്രട്ടറിയെന്നെല്ലാം പറഞ്ഞുപോയപ്പോൾ, അദ്ദേഹത്തിന് വ്യക്തിയുടെ പേരുകൂടി പറയിപ്പിക്കണമെന്നുണ്ട്. ഞാൻ അതിവിടെ പറയുന്നില്ല. നമ്മൾ ചില കാര്യത്തിൽ മാന്യത കാണിക്കുമെന്ന് എല്ലാവർക്കുമറിയാം. ആർ.സി.സി-യിലെ ലേ സെക്രട്ടറി നിയമിച്ചതിന്റെ കണക്ക് മുഴുവൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. ഒരാളുടെ മുഴുവൻ ബന്ധുക്കളെയും നിയമിച്ചു. അവർക്ക് വേറെ ബന്ധുക്കളില്ലായിരുന്നു. 7 പേരെ നിയമിച്ചു. ആ വീട്ടിൽ ജോലി കിട്ടാൻ സാധ്യതയുള്ള മുഴുവൻ പേരെയും നിയമിച്ചിരിക്കുകയാണ്. എന്നിട്ടും ഇവർ ന്യായീകരിക്കുകയാണ്.

സഹോദരിയുടെ മകൻ, സഹോദരിയുടെ മകന്റെ ഭാര്യ, സഹോദരിയുടെ മകൾ, സഹോദരിയുടെ മകന്റെ സുഹൃത്ത്, വീട്ടിൽ വേറെ ആളെ കിട്ടാത്തതുകൊണ്ട് മകന്റെ സുഹൃത്തിനെവരെ നിമയിച്ചു. മകനെ മാറ്റി മക്കളെയെല്ലാവരെയും അവർ നിയമിച്ചു. അവർ ദിവസവും ഇതുപോലുള്ള ലിസ്റ്റ് കണ്ടുകൊണ്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രതിനിധിയായി മെഡിക്കൽ കോളേജിൽ പോയിരിക്കുന്നയാൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണിത്. മെഡിക്കൽ കോളേജിൽ നടക്കുന്ന നിയമനങ്ങളെക്കുറിച്ച് ഞാൻ സമയക്കുറവുമൂലം വായിക്കുന്നില്ല. ആ ഒരാൾ തന്നെയാണ് ഈ കത്ത് വേറെയെഴുതിയത്. സമ്മതിച്ച കത്ത് അദ്ദേഹം എഴുതിയതാണ്.......(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.... ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അവിടെ ഇരിക്കു... അദ്ദേഹം വഴങ്ങാൻ തയ്യാറല്ലെന്ന് പറഞ്ഞല്ലോ; ......(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞോളൂ... ശ്രീ. എം. നൗഷാദ്, അവിടെ ഇരിക്കൂ....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിയമനം പി.എസ്.സി-ക്ക് വിട്ടിട്ടും ഇരുപതിലേറെ സർക്കാർ സ്ഥാപനങ്ങളിൽ ഇപ്പോഴും സ്വന്തം നിലയ്ക്ക് നിയമനം നടത്തുകയാണ്. സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയില്ല. അതല്ലാതെ

പി.എസ്.സി. നിയമനം നടത്തുന്നതല്ല ഞങ്ങളുടെ ആക്ഷേപം. പതിമൂന്ന് സർവ്വകലാശാലകളിലായി ആയിരത്തിലേറെ ഒഴിവുകളിൽ ദിവസ വേതനക്കാരെ എല്ലാ ദിവസവും നിയമിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികയുടെ നിയമനം പി.എസ്.സി-ക്ക് വിട്ടിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇപ്പോഴും വിജ്ഞാപനം പുറത്തിറക്കാൻ കഴിയുന്നില്ല. യോഗ്യതയിലുണ്ടായ സാങ്കേതിക പിശക് തിരുത്തിനൽകാൻ പലതവണ ആവശ്യപ്പെട്ടിട്ടും ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല. ഇപ്പോഴും അവിടെ ബാക്ക് ഡോർ അപ്പോയിന്റ്മെന്റ് നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ പുതിയ സംവിധാനമാണ് സി.എം.ഡി. എന്നാൽ പിന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പിരിച്ചുവിടൂ. മുഖ്യമന്ത്രിയുടെ പൊതുഭരണ വകുപ്പിൽ മൂന്നൂറോളം പേരുണ്ട്. മുഖ്യമന്ത്രിയുടെ കീഴിൽ വരുന്ന സി-ഡിറ്റിൽ അറുന്നൂറ് പേരെയാണ് ബാക്ക് ഡോർ അപ്പോയിന്റ്മെന്റിലൂടെ നിയമിച്ചത്. ധനകാര്യ വകുപ്പുമന്ത്രിയുടെ കീഴിലുള്ള സ്പാർക്കിൽ അൻപത്തിനാല് പേർക്കാണ് ജോലി നൽകിയത്. വ്യവസായ വകുപ്പുമന്ത്രി ഇന്ത്യൻ സംരംഭകത്വത്തിനുവേണ്ടി 1155 ഇന്റേണലുകളെ നിയമിച്ചു. ഇവിടെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുണ്ട്.

എന്നാൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നിയമനങ്ങൾ നടത്തിയത്. (...ബഹളം...)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): (മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവിടെ ഇരിക്കണം. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ സ്ഥലത്തും സമാന്തര റിക്രൂട്ട്മെന്റ് സംഘങ്ങളാണ്. പാർട്ടി ഓരോ ജില്ലയിലും ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിലും എല്ലാ ചുമതലകളും നൽകിക്കൊണ്ടാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ രാജസ്ഥാനിലെ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ..... ഞാൻ വഴങ്ങാൻ തയ്യാറല്ല.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): .... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: അദ്ദേഹം വഴങ്ങാൻ തയ്യാറല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇരിക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, വസ്തുതയുമായും സത്യവുമായും ബന്ധമില്ലാത്ത കാര്യങ്ങളാണ് പറയുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇരിക്കണം. അദ്ദേഹം വഴങ്ങാൻ തയ്യാറല്ല, പിന്നെ പറഞ്ഞിട്ട് കാര്യമില്ലല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെ ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവിടെ ഇരിക്കണം. പ്ലീസ്...പ്ലീസ്. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തീരാൻ പോകുന്നു. ഇരിക്കൂ... ഇരിക്കൂ... പ്ലീസ്... പ്ലീസ്. അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതാണ്. പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി അവിടെ ഇരിക്കണം...പ്ലീസ് (...ബഹളം...) ഭരണകക്ഷി അംഗങ്ങൾ ഇരിക്കണം. പ്ലീസ്.... (...ബഹളം...) പ്ലീസ്. (...ബഹളം...) സഹകരിക്കുന്നില്ലെങ്കിൽ അജണ്ടയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്ന്

മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ മറ്റ് നടപടികളിലേയ്ക്ക് കടന്നു.)

# 11.19 AM}

## V ശ്രദ്ധ ക്ഷണിക്കൽ

### വിഴിഞ്ഞം തുറമുഖ സമരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇന്ന് സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. ഏകദേശം 150 ദിവസക്കാലമായി തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ഒരു ചെറിയ വിഭാഗം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടത്തുകയാണ്. സമരം നടത്തുന്നതിനൊന്നും സർക്കാർ എതിരല്ല. സമരം ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തേണ്ടതാണെന്നുള്ള അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുള്ളത്. ആദ്യഘട്ടത്തിലൊക്കെ സമാധാനപരമായിരുന്ന സമരം, കഴിഞ്ഞ ഏതാനും ദിവസങ്ങളായി അക്രമത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് തിരിഞ്ഞ് നമ്മുടെ സംസ്ഥാനത്തിനുതന്നെ അപമാനകരമായിട്ടുള്ള സാഹചര്യമുണ്ടാക്കുന്ന തലത്തിലേയ്ക്ക് മാറുകയാണ്. കേരളത്തിന്റെ മാത്രമല്ല; നമ്മുടെ രാജ്യത്തിന്റെ സ്വപ്നപദ്ധതിയും കേരള

വികസന ചരിത്രത്തിലെ നാഴികക്കല്ലായി മാറേണ്ടതുമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. വരുംകാലത്തെ സാദ്ധ്യതകൾ മുന്നിൽക്കണ്ട് ലോകത്തെ ഏറ്റവും വലിയ തുറമുഖമായി വിഴിഞ്ഞത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിയും. കേവലമൊരു തുറമുഖപദ്ധതി എന്നതിനേക്കാളുപരി ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻപോകുന്ന സ്വപ്നപദ്ധതിയാണിത്. ഇപ്പോൾ രാജ്യങ്ങൾ തമ്മിൽ ചരക്കുകൾ വൻതോതിൽ ക്രയവിക്രയം ചെയ്യുന്നത് ഒരു ലക്ഷം ടണ്ണോ അതിലേറെയോ കേവുഭാരമുള്ള കൂറ്റൻ കപ്പലുകളുപയോഗിച്ചാണ്. അത്തരം കപ്പലുകൾക്ക് എല്ലാ തുറമുഖങ്ങളിലും കയറ്റിറക്കിന് കഴിയില്ല; അതിന് വൻതുറമുഖങ്ങൾ വേണം. ഇന്ത്യയുടെ പടിഞ്ഞാറൻ കടൽത്തീരത്ത് അത്തരമൊന്നായാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്യപ്പെട്ടത്. മുംബൈയിലോ കൊച്ചിയിലോ പോലുമില്ലാത്ത ചില ഗുണങ്ങൾ വിഴിഞ്ഞത്തിനുണ്ട്. തീരത്തുതന്നെ കടലിൽ നിലവിൽ നല്ല ആഴമുള്ളതിനാൽ വൻകപ്പലുകൾ വന്നടുക്കുന്നതിനായി കപ്പൽച്ചാലിൽ ആദ്യവും ഇടയ്ക്കിടെയും ആഴം കൂട്ടേണ്ടിവരില്ല. വിഴിഞ്ഞം തുറമുഖം നമ്മുടെ നാഷണൽ ഹൈവേ പോലെ അന്താരാഷ്ട്ര കപ്പൽച്ചാലിന് തൊട്ടരികിലുമാണ്. ഇന്ത്യയിലേയ്ക്ക് ഈ ചാലിൽക്കൂടി മാത്രം സഞ്ചരിക്കുന്ന

വൻ കപ്പലുകളിൽ നിന്ന് ദുബായ്, കൊളംബോ തുറമുഖങ്ങൾ വഴിയാണ് ഇപ്പോൾ ചരക്കുകളുടെ കയറ്റിറക്ക് നടക്കുന്നത്. വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ ഈ കുറവ് നികത്താം. മദർപോർട്ടുകൾ നിലവിലില്ലാത്തതിനാൽ ഈ രംഗത്ത് ഇന്ത്യയ്ക്ക് ഗണ്യമായ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. ലോകത്തിപ്പോൾ സർവ്വീസ് നടത്തുന്ന ഏറ്റവും വലിയ കപ്പലിനും അടുക്കാൻ കഴിയുന്ന തരത്തിലാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. ലോക ഭൂപടത്തിലേയ്ക്ക് നോക്കുകയാണെങ്കിൽ തുറമുഖ നഗരങ്ങളുടെ അവിശ്വസനീയ വളർച്ച നമുക്ക് കാണാൻ കഴിയും. ദുബായ് തുറമുഖത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ, ലോകത്തിലെ അഞ്ചാമത്തെ വലിയ തുറമുഖമായ ദുബായ് പോർട്ടിന്റെ 2022-ലെ ആദ്യ ആറ് മാസത്തെ റവന്യൂ 7932 ബില്യൺ ഡോളറാണെന്ന് കാണാൻ കഴിയും. ഈ കാലയളവിൽ പോർട്ട് നിയന്ത്രിക്കുന്ന കമ്പനിയുടെ വരവ് 721 മില്ല്യൻ ഡോളറാണ്. അന്താരാഷ്ട്ര കപ്പൽച്ചാലിനോട് വളരെയടുത്ത് സ്ഥിതിചെയ്യുന്നതായതുകൊണ്ടും ഉയർന്ന സ്വാഭാവിക ആഴമുള്ളതുകൊണ്ടും വിഴിഞ്ഞം തുറമുഖം വലിയ വിജയമായിരിക്കുമെന്നും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വളർച്ചയ്ക്ക് കരുത്തുപകരുമെന്നുമുള്ള കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല. നിർമ്മാണം പൂർത്തിയാകുന്നതിനുമുമ്പേ മതിയായ

സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടുകൂടി നടന്ന ക്രൂ ചെയിഞ്ചിംഗ് അതിന് തെളിവാണ്. തുറമുഖ വികസനത്തിന് ഇത്രയും പ്രകൃതിദത്തമായ സൗകര്യങ്ങൾ ഒത്തിണങ്ങിയ മറ്റൊരിടം ഇന്ത്യയിലില്ല. ....(ബഹളം....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം..പ്ലീസ് കൺക്ലൂഡ്.... കൺക്ലൂഡ്....

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തുറമുഖ നിർമ്മാണത്തിനാവശ്യമായ മണ്ണ് നീക്കം ചെയ്യൽ അത്യാവശ്യമാണ്. ...... (ബഹളം).... ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വിഴിഞ്ഞം തുറമുഖം ഉണ്ടാകണമെന്ന് പറഞ്ഞ് കരാറിൽ ഒപ്പിട്ട മാന്യന്മാർ ഇപ്പോൾ സൗകര്യപൂർവ്വം അതിനെതിരായ സമരത്തിനോടൊപ്പം ചേർന്നിരിക്കുകയാണ്. അവർക്കിപ്പോൾ ഇതൊന്നും ഒരു പ്രശ്നമല്ല. അതുകൊണ്ടാണ് അവരിപ്പോൾ ഈ പ്രധാനപ്പെട്ട ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് കാതോർക്കാതെ അനാവശ്യമായ മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മുന്തിയ പരിഗണന കൊടുക്കുന്ന ഒരു ഗവൺമെന്റാണിതെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം നാടിന്റെ വികസനത്തിന് ചെയ്തിട്ടുള്ള മഹത്തായ കാര്യങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. ഏതാണ്ട് 60 വർഷങ്ങൾക്കുമുമ്പാണ് ISRO-ക്ക്

വേണ്ടിയുള്ള സ്ഥലമെടുക്കുന്നതിന് തുമ്പ മത്സ്യഗ്രാമം ഒഴിപ്പിച്ചുനൽകാൻ അന്നത്തെ ഫാദർ പീറ്റർ ബർണാഡ് തിരുമേനി നേതൃത്വം കൊടുത്തത്. അങ്ങനെ ഒഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിച്ച സ്ഥലത്തിനും പള്ളിക്കും പള്ളിക്കൂടത്തിനും വീടുകൾക്കുമെല്ലാം പട്ടയം കൊടുത്തത് കഴിഞ്ഞ പിണറായി ഗവൺമെന്റിന്റെ കാലത്താണെന്നത് നമ്മൾ കാണണം. അതുപോലെ വിഴിഞ്ഞം തുറമുഖം ആവശ്യപ്പെട്ടുകൊണ്ട് നടന്നതായ ഉജ്ജ്വലപ്രക്ഷോഭങ്ങൾക്ക് എല്ലാ പിന്തുണയും നൽകിയ ഒരു നേതൃത്വമായിരുന്നു അതിരൂപതയുടേത്. ഞാൻ ആദരണീയനായിട്ടുള്ള സൂസപാക്യം തിരുമേനിയെ ഓർക്കുകയാണ്; അദ്ദേഹം വിഴിഞ്ഞം തുറമുഖത്തിന്റെ അനിവാര്യതയെയും അത് വരേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ച് സംസാരിക്കുകയും പിന്തുണ നൽകിയിട്ടുമുള്ളതുമാണ്. വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരുവനന്തപുരത്ത് നടത്തിയ 212 ദിവസം നീണ്ടുനിന്ന സമരം ഉദ്ഘാടനം ചെയ്തത് കേരളത്തിലെ ഇന്നത്തെ മുഖ്യമന്ത്രിയാണ്. അന്ന് 17 കിലോമീറ്റർ ദൈർഘ്യമുള്ള വിഴിഞ്ഞത്തുനിന്നും പാളയം രക്തസാക്ഷി മണ്ഡപം വരെ നീളുന്ന മനുഷ്യച്ചങ്ങലയിലെ ആദ്യത്തെ കണ്ണിയും

അദ്ദേഹമായിരുവെന്ന കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. എൺപത് ശതമാനത്തോളം വരുന്ന പണി പൂർത്തിയാകുകയും ഏകദേശം 6,000 കോടിരൂപ ചെലവഴിക്കുകയും ചെയ്തശേഷം ഇപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതി നിർത്തിവയ്ക്കണമെന്ന് ഏതാനും ചിലയാളുകൾ പറയുന്ന ഒരാവശ്യം എങ്ങനെയാണ് അംഗീകരിക്കാൻ സാധിക്കുന്നത്? വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെടാത്തതാണ് മറ്റ് ആറ് ആവശ്യങ്ങളെങ്കിലും അവയോടെല്ലാംതന്നെ അനുഭാവപൂർവ്വമായിട്ടുള്ള നിലപാട് സ്വീകരിക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ഒരു ദിവസംകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല പ്രക്ഷോഭക്കാർ ആവശ്യപ്പെടുന്നത്. അവ നടത്തിയെടുക്കുന്നതിനാവശ്യമായ നടപടി നിശ്ചയമായും ഗവൺമെന്റ് സ്വീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സമരത്തോടനുബന്ധിച്ച് ന്യായമായിട്ടുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ ഉപസമിതി യോഗം ചേരുകയും സമരക്കാരുമായി നിരന്തരം ചർച്ചചെയ്യുന്നതിന് തയ്യാറാകുകയും ചെയ്തു. സംസ്ഥാനത്തെ പോലീസ് സേന എത്രമാത്രം ശ്രദ്ധയോടുകൂടിയാണ് ഈ സമരത്തെ കൈകാര്യം ചെയ്തതെന്ന കാര്യത്തിൽ കേരളം ഇന്ന് പോലീസിനെ അഭിനന്ദിക്കുന്നുണ്ട്.

വെടിവയ്പ്പോ കലുഷിതമായ അന്തരീക്ഷമോ നമ്മുടെ തീരദേശത്ത് സൃഷ്ടിക്കുന്നതിന് ഇടയാകുന്ന തരത്തിലുള്ള ആക്രമണം പോലീസിനുനേരെ ഉണ്ടാകുകയും 38 പോലീസുകാർ പരിക്കുപറ്റി ആശുപത്രിയിലാകുകയും ഒരു പോലീസുകാരന്റെ നില ഗുരുതരമായി ഇപ്പോഴും തുടരുന്ന സാഹചര്യത്തിലും ആത്മസംയമനം പാലിച്ച് തീരദേശത്തെ മത്സ്യത്തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നതിനാണ് ഗവൺമെന്റ് തയ്യാറായത്. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളല്ല അവർ ഉന്നയിക്കുന്നത്. വിഴിഞ്ഞത്തുള്ള മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് വിഴിഞ്ഞം തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ശക്തമായ നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, 2015 ആഗസ്റ്റ് 17-ാം തീയതി ആരംഭിച്ച വിഴിഞ്ഞം തുറമുഖ നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. ഈ പദ്ധതി പ്രതികൂലമായി ബാധിച്ച് ഭാഗികമായോ പൂർണ്ണമായോ തൊഴിൽ നഷ്ടപ്പെടുന്ന

മത്സ്യത്തൊഴിലാളികൾക്കെല്ലാം 100 കോടിരൂപയുടെ പുനരധിവാസ പാക്കേജ് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ വിഴിഞ്ഞം നിവാസികളും പരിസരവാസികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങളെല്ലാം സർക്കാരിന്റെ ഫണ്ടും കരാർ കമ്പനിയുടെ CSR ഫണ്ടുമുപയോഗിച്ച് പരിഹരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഞാൻ വിശദമായി കഴിഞ്ഞ സഭാസമ്മേളനത്തിൽ അറിയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ഒരുവർഷമായി സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം തുറമുഖ നിർമ്മാണത്തിൽ സ്വപ്നസമാനമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞ സാഹചര്യത്തിലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത തുറമുഖ നിർമ്മാണംമൂലം തീരശോഷണം ഉണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാണിച്ച് സമരം ആരംഭിച്ചിട്ടുള്ളത്. സമരം ആരംഭിച്ച ഘട്ടങ്ങളിലെല്ലാംതന്നെ ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച നടത്താനുള്ള സൗകര്യങ്ങളൊരുക്കിക്കൊടുത്തിരുന്നു. ആ ചർച്ചകളിൽ അവരുന്നയിച്ച ആവശ്യങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും ഉയർന്നുവന്നതാണ്. ലത്തീൻ അതിരൂപത ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലമുണ്ടാകുന്ന തീരശോഷണത്തിന് ശാശ്വതപരിഹാരം കാണുക;
2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തരമായി വാടക നൽകി മാറ്റി പാർപ്പിക്കുക;
3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കുക;
4. അനിയന്ത്രിതമായ മണ്ണെണ്ണ വിലവർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക;
5. കാലാവസ്ഥാ മുന്നറിയിപ്പുകാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക;
6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരിക്കുക;
7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനും കോവളം, ശംഖുംമുഖം ബീച്ചുകൾക്കും ഭീഷണിയായിട്ടുള്ള

വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവച്ച് പ്രദേശവാസികളെയുൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.

ഈ ആവശ്യങ്ങളോട് അനുകൂലവും പ്രായോഗികവുമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓഖി ദുരന്തത്തെതുടർന്ന് വീട് നഷ്ടപ്പെട്ട 144 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഒന്നാം പിണറായി സർക്കാർ ഫ്ലാറ്റുകളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. 2019-നുശേഷം വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും മാറിത്താമസിക്കേണ്ടിവന്ന മത്സ്യത്തൊഴിലാളികളെയാണ് ഇനി പുനരധിവസിപ്പിക്കേണ്ടത്. എന്നാൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ സ്ഥലം കണ്ടെത്തിയെങ്കിലും ഇരുവിഭാഗങ്ങൾ തമ്മിലുള്ള ദൗർഭാഗ്യകരമായ തർക്കത്തെ തുടർന്ന് പുനരധിവാസം നടത്തുവാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, അവരെ മനുഷ്യോചിതമായി പുനരധിവസിപ്പിക്കുകയെന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിരിക്കുന്നത്. ഇതിലേയ്ക്കായി 12.10.2022-ന് മുട്ടത്തറ വില്ലേജിൽ ക്ഷീര വികസന വകുപ്പിന്റെ കൈവശമുള്ളതിൽനിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ്

നിർമ്മാണത്തിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധുവീടുകളിലും താമസിക്കുന്നവർക്ക് ജില്ലാ ഭരണകൂടം നിശ്ചയിച്ചപ്രകാരം പ്രതിമാസം 5,500 രൂപ വീതം വാടക അനുവദിച്ചുകൊണ്ട് 1.9.2022-ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണം ആരംഭിച്ചിട്ടുണ്ട്. രണ്ടുമാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വർദ്ധിപ്പിക്കണമെന്ന ആവശ്യത്തോടും സർക്കാരിന് അനുകൂലമായ നിലപാടാണ്. പ്രതിമാസം 8,000 രൂപ കണക്കാക്കി ബാക്കി 2,500 രൂപ മറ്റേതെങ്കിലും സ്രോതസുവഴി കണ്ടെത്താമെന്നും സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഈ വിവരം സമരക്കാരെ അറിയിക്കുകയും ചെയ്തതാണ്. മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിലവിലെ ലത്തീൻ അതിരൂപതയുടെ സമരം പരിഹരിക്കാൻ എന്തെല്ലാം ശ്രമങ്ങൾ സർക്കാർ ഭാഗത്തുനിന്നും തുടങ്ങിയിട്ടുണ്ട്; എന്നിട്ടും എന്തുകൊണ്ടാണ് സമരം തീരാഞ്ഞത്; അത് പദ്ധതിയെ എങ്ങനെ ബാധിക്കും; ഇതുകൊണ്ട് കേരള സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രത്തോളമാണ്?

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(ശ്രീ. പി. സി. വിഷ്ണുനാഥ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: ഇന്നത്തെ സബ്മിഷനുകളുടെ മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ്+.

11.33 A.M.}

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. (....ബഹളം....)

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 15 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 | അതെ |

**11.33 A.M.}**

*

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(....ബഹളം.......)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും

സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ഹൈക്കോടതി

സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. (....ബഹളം....)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.(....ബഹളം....)

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. (....ബഹളം....)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.38-ന് പിരിഞ്ഞു.)

******

# അനുബന്ധം I

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മരുന്നുകളുടെ ഗുണനിലവാരമില്ലായ്മ പരിഹരിക്കാൻ നടപടി

5 (*5) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനകളിൽ പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; ഇത്തരം കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ വളരെ കുറച്ച് സാമ്പിളുകളാണ് ഗുണനിലവാരം കുറഞ്ഞതായി പരിശോധനകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കർശന വ്യവസ്ഥകളാണ് ദർഘാസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും (freeze Memo), ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിച്ച് ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. പ്രസ്തുത പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചന അനുമതി നൽകുന്നതാണ്. ദർഘാസ് വ്യവസ്ഥ 6.28.11 പ്രകാരം ഒരു ഉത്പാദകൻ വിതരണം ചെയ്ത മരുന്നുകളിൽ ഏതെങ്കിലും ഒരിനം മരുന്നിന്റെ മൂന്ന് ബാച്ചുകൾ ഗുണനിലവാരം ഇല്ലാത്തതായി തെളിയുന്ന പക്ഷം ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത ഉത്പാദകന്റെ ടി മരുന്നിനെ കോർപ്പറേഷന്റെ തുടർന്നുള്ള മൂന്ന് വർഷത്തെ ദർഘാസ് നടപടികളിൽനിന്നും വിലക്കുകയും

ചെയ്യുന്നു. അപ്രകാരം മൂന്ന് ബാച്ചുകൾ ഗുണനിലവാരം ഇല്ലാത്തതാകുന്നപക്ഷം ടി മരുന്നിന്റെ ലഭ്യമായ മറ്റു ബാച്ചുകളും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

ദർഘാസ് വ്യവസ്ഥ 6.28.12 പ്രകാരം ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയാൽ പ്രസ്തുത മരുന്നുകമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കോർപ്പറേഷൻ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽനിന്ന് വിലക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്കെടുക്കുന്ന മരുന്ന് സാമ്പിളുകളുടെ 3 ശതമാനത്തിൽ താഴെ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളെ സംബന്ധിച്ച തുടരന്വേഷണം നടത്തിയതിൽ 49 എണ്ണത്തിന് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾപ്രകാരം നിയമ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടുള്ളത്. ബാക്കിയുള്ളവയിൽ അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിവരങ്ങൾ അതാത് മാസം പത്ര മാധ്യമങ്ങളിലും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്.

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മരുന്നുകളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിലാണ് നിർമ്മിക്കുന്നത്. പ്രസ്തുത മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന സാഹചര്യങ്ങളിൽ നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുകയും നിയമ നടപടികൾ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ ഡ്രഗ്സ് റൂളിൽ അനുശാസിക്കുന്ന വകുപ്പുതല നടപടികൾ സ്വീകരിക്കാൻ പ്രസ്തുത സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ ഔഷധ നിർമ്മാതാക്കൾ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകൾ നിർമ്മിക്കുന്നതായി കണ്ടെത്തിയാൽ ഡ്രഗ്സ് റൂളിൽ അനുശാസിക്കുന്ന രീതിയിൽ പ്രസ്തുത മരുന്നുകൾ നിർമ്മിക്കാനുള്ള അനുവാദം താല്ക്കാലികമായി റദ്ദ് ചെയ്യുക, സ്ഥിരമായി റദ്ദ് ചെയ്യുക എന്നീ നടപടികളും സ്വീകരിക്കുന്നു.

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഉല്പാദിപ്പിച്ച് സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാര

പരിശോധനയിൽ പരാജയപ്പെടുന്നതിന്മേൽ ഈ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനം ഉല്പാദിപ്പിച്ച് സർക്കാർ ആശുപത്രികൾവഴി വിതരണം ചെയ്ത മരുന്നുകളിൽ 2020-ൽ 14 ബാച്ച് മരുന്നുകളും 2021-ൽ 26 ബാച്ച് മരുന്നുകളും 2022-ൽ 49 ബാച്ച് മരുന്നുകളും ഗുണനിലവാരമില്ലാത്തതായി ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിനെതിരെ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

അതുകൂടാതെ 2019-20, 2020-21 എന്നീ വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഉൽപ്പാദിപ്പിച്ച് സർക്കാർ ആശുപത്രികൾക്ക് കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്തതും ഗുണനിലവാര പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയതുമായ മരുന്നുകൾ വാങ്ങിയ വകയിൽ പ്രസ്തുത കമ്പനിക്ക് നൽകാനുള്ള തുകയിൽനിന്നും നിശ്ചിത തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തടഞ്ഞുവച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫാർമസ്യൂട്ടിക്കൽസിന്റെ പ്രസ്തുത മരുന്നുകൾക്ക് 2022-23 സാമ്പത്തിക വർഷം വിതരണ അനുമതിയും വിതരണ ഉത്തരവും KMSCL നൽകിയിട്ടില്ല.

(സി) സർക്കാർ ആശുപത്രികളിലൂടെയും ഫാർമസികളിലൂടെയും ഗുണനിലവാരമില്ലാത്ത മരുന്ന് വിതരണം നടത്തുന്നത് തടയുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സർക്കാർ ആശുപത്രികളിലൂടെയും ഫാർമസികളിലൂടെയും ഗുണനിലവാരമില്ലാത്ത മരുന്ന് വിതരണം നടത്തുന്നത് തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി നിയമത്തിൽ നിഷ്കർഷിക്കുംപ്രകാരം കേരളത്തിൽ നിലവിൽ 4 സ്റ്റാറ്റ്യൂട്ടറി പരിശോധനാ ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ സംസ്ഥാനത്ത് അഞ്ചാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും NABL അംഗീകാരം നേടിയ ലബോറട്ടറികളാണ്. പ്രസ്തുത ലബോറട്ടറികളിൽ Injections, അണുരഹിതമാവേണ്ട മരുന്നുകൾ എന്നിവയുടെ ആധുനിക പരിശോധനകൾ നടത്താൻ വേണ്ട സൗകര്യങ്ങളുണ്ട്. സർക്കാർ ആശുപത്രികളിൽ

വിതരണത്തിനെത്തുന്ന മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം ഡ്രഗ്സ് കൺട്രോൾ വകുപ്പ് പാലിച്ചുവരുന്നുണ്ട്. പ്രതിമാസം പരിശോധനയ്ക്ക് ശേഖരിക്കുന്ന മരുന്നുകളിൽ 25%-40% വരെ മരുന്നുകൾ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് ശേഖരിക്കണമെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് ഡ്രഗ്സ് കൺട്രോളർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിപണിയിൽ എത്തിയ ശേഷവും മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## ലഹരി ഉപയോഗം തടയാൻ കർമ്മപരിപാടി

6 (*6) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തരത്തിലുള്ള രാസ ലഹരിപദാർത്ഥങ്ങളുടെ വിതരണവും ഉപയോഗവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2021 വർഷത്തെ അപേക്ഷിച്ച് 2022 വർഷത്തിൽ കണ്ടെടുത്ത മയക്കുമരുന്നുകളുടെ അളവിലും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) മയക്കുമരുന്നുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലുണ്ടാക്കുന്ന അത്യന്തം അപകടകരമായ പ്രത്യാഘാതങ്ങൾ നേരിടാൻ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മയക്കുമരുന്നുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം സംസ്ഥാനത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിലുണ്ടാക്കുന്ന അത്യന്തം അപകടകരമായ പ്രത്യാഘാതങ്ങൾ നേരിടാൻ ലഹരിക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തിയും എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർത്തും ബൃഹത്തായ ഒരു കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മയക്കുമരുന്നുകളുടെ കടത്തലും സംഭരണവും വിപണനവും ഉപയോഗവും തടയുന്നതിനായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും സഹകരിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല സമിതിയും ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അംഗങ്ങളായി ജില്ലാ/തദ്ദേശസ്വയംഭരണ/വാർഡുതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. ലഹരിമുക്ത കേരളം (Say no to Drugs) ക്യാമ്പയിനിന്റെ ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പരിപാടികൾ വൻവിജയമായതിനെ തുടർന്ന് അതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനവരി 26 വരെ രണ്ടാംഘട്ട

പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ച് നടപ്പിലാക്കിവരുന്നു. ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി-യും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും അദ്ധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. പ്രചരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തി വിവിധ പരിപാടികളും മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പോസ്റ്ററുകളും ലഹരിവിരുദ്ധ പ്രചരണ ബോർഡുകളും സ്ഥാപിക്കുകയും വാഹനത്തിൽ എൽ.ഇ.ഡി. സ്ക്രീൻ ഉപയോഗിച്ച് വാഹന പ്രചരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്സ് &

ഗൈഡ്സുമായി ചേർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി, ഭവന സന്ദർശനം എന്നിവ നടത്തി. ഒക്ടോബർ 22-ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ദീപം തെളിയിച്ചു. 2022 നവംബർ 1-ന് വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ലഹരിവിരുദ്ധ ശൃംഖല തീർക്കുകയും ശൃംഖലയിൽ പങ്കെടുത്തവർ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു.

(സി) മയക്കുമരുന്നുകളുടെ കാര്യത്തിൽ ശക്തമായ പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

എൻഫോഴ്സ്മെന്റ് നടപടികൾക്കൊപ്പം മയക്കുമരുന്നുകളുടെ കാര്യത്തിൽ ജനകീയ നിരീക്ഷണവും ശക്തമായ ബോധവൽക്കരണവും കാര്യക്ഷമമാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപന/വാർഡുതല കമ്മിറ്റികൾ എന്നിവയുമായും വിവിധ വകുപ്പുകളുമായും ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങളും

വിവരശേഖരണവും നടത്തിവരുന്നു. ആദിവാസി, തീരദേശമേഖലകളിൽ യുവാക്കളുടെയും കുട്ടികളുടെയും ശ്രദ്ധ ലഹരി ഉപയോഗത്തിലേയ്ക്ക് തിരിയാതിരിക്കുന്നതിനും അവരെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിനുമായി വിമുക്തിയുടെ ഭാഗമായി വിവിധ കായികയിനങ്ങളിൽ പരിശീലനവും മത്സരങ്ങളും നടത്തി വരുന്നതോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും വിവരശേഖരണവും നടത്തിവരുന്നു. ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലംമുതൽ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ

രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വിദ്യാർത്ഥികളെ വ്യാപകമായി ലഹരിമരുന്ന് മാഫിയ ലക്ഷ്യംവയ്ക്കുന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്കൂൾ/കോളേജ് തലത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകൾവഴി ബോധവൽക്കരണ ക്ലാസുകളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന 'ഉണർവ് ' പദ്ധതി മറ്റ് 13 ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽക്കൂടി നടപ്പിലാക്കും. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസലിംഗ് നൽകി ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൂർണ്ണമായും ലഹരിമുക്തമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയപരിസരങ്ങളിലും വിദ്യാർത്ഥികൾ

സ്കൂളുകളിലേക്ക് പോകുന്ന വഴികളിലും ബസ് സ്റ്റോപ്പുകളിലും മയക്കുമരുന്ന് വിപണനം ചെയ്യുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിലും എക്സൈസ് വകുപ്പ് നിരീക്ഷണം നടത്തിവരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ്, പരിശോധന നടത്തേണ്ടതായ സ്കൂളുകളുടെ വിവരം ശേഖരിച്ച് ഫീൽഡ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജ് ക്യാമ്പസുകളിൽ " നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിക്കും കോളേജ് ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, എക്സൈസ് ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരും ഈ കമ്മിറ്റികളിൽ അംഗങ്ങളാണ്. സ്കൂൾ തുറക്കുന്ന സമയവും ഇന്റർവെൽ സമയങ്ങളിലും സ്കൂൾ സമയം കഴിയുമ്പോഴും പുറത്തുവരുന്ന വിദ്യാർത്ഥികളിൽ ഒറ്റപ്പെട്ട് നടക്കുന്നവരെയും അസ്വാഭാവികമായ രീതിയിൽ കാണപ്പെടുന്നവരെയും നിരീക്ഷിച്ചുവരുന്നതും സ്കൂൾ പരിസരത്തെ കടകളിൽ ലഹരി കലർന്ന എന്തെങ്കിലും വസ്തുക്കൾ വില്പന നടത്തുന്നുണ്ടോയെന്ന്

പരിശോധിച്ചുവരുന്നതുമാണ്. വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പരിസരങ്ങളിലെ അപരിചിതരായ ആളുകളുടെ സാന്നിധ്യം നിരീക്ഷിക്കുന്നതിനായി പരിസരത്തുള്ള കടകളിലെയും വീടുകളിലെയും വ്യക്തികളുടെ സഹായത്തോടെ നിരീക്ഷണങ്ങൾ നടത്തി ലഹരി വിൽപ്പനക്കാരെ കണ്ടെത്തുന്നതിനായി ശ്രമിക്കുന്നുണ്ട്. കൂടാതെ കുടുംബശ്രീ, അയൽക്കൂട്ടം, സ്പോർട്സ് ക്ലബ്ബുകൾ, ആർട്സ് ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ ലഹരിക്കെതിരെ പോരാടുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരിച്ച് വരുന്നു. ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് യുവാക്കൾക്കിടയിൽ തൊഴിലിടങ്ങൾ കേന്ദ്രീകരിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി

7 (*7) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധനങ്ങളുടെ വിലക്കയറ്റത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിലക്കയറ്റത്തിൽനിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് വിപണി ഇടപെടൽ നടത്തേണ്ട സംവിധാനങ്ങൾ പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായാണ് രാജ്യത്ത് വിലക്കയറ്റം ഉണ്ടാകുന്നത്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നതുമൂലം വിപണി ഇടപെടൽ സംവിധാനം പരാജയപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1383 രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756 രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 618 രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. ഇതിലൂടെ 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിക്കുകയുണ്ടായി. പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെയാണ് ഉത്സവ സീസണുകളിൽ വിലക്കയറ്റം

നിയന്ത്രിക്കുന്നതിന് സംസ്ഥാനത്തുടനീളം ഉത്സവച്ചന്തകൾ നടത്തുന്നത്. കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് 27.08.2022 മുതൽ 07.09.2022 വരെ നടത്തിയ ഓണം ഫെയറിൽ മാത്രം 2.64 കോടി രൂപയുടെ വിൽപന നടക്കുകയുണ്ടായി. ഇതിലൂടെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വാങ്ങുവാൻ സാധിച്ചു. എന്നുമാത്രമല്ല കഴിഞ്ഞ 6 വർഷമായി വിപണി ഇടപെടലിന്റെ ഭാഗമായി 6,588.48 കോടി രൂപ സർക്കാർ ചെലവഴിക്കുകയുണ്ടായി. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

പൊതുവിപണിയിൽ അരിവില വർദ്ധിച്ചപ്പോൾ അവിടെയും സംസ്ഥാന സർക്കാർ സമയോചിതമായ ഇടപെടൽ നടത്തുകയുണ്ടായി. സംസ്ഥാനത്തെ തീരദേശ-മലയോര-ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് 02.11.2022 മുതൽ 08.11.2022 വരെ 'അരിവണ്ടി'യുടെ സേവനം ജനങ്ങളിലേക്ക് എത്തിച്ചു. ഇതിലൂടെ 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23, 24, 25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ ഓണക്കാലത്ത് മുൻഗണനേതര കാർഡുടമകൾക്ക് 10 കിലോ അരി 10.90 രൂപയ്ക്ക് അധികമായി നമുക്ക് നൽകുവാൻ കഴിഞ്ഞു. പൊതു വിപണിയിൽ അരിവില കൂടിയപ്പോൾ കഴിഞ്ഞമാസം 8 കിലോ അരി 10.90 രൂപ നിരക്കിൽ നൽകുവാനും കഴിഞ്ഞു. ഇതിനുപുറമെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ-ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ പരിശോധന നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞു. രാജ്യത്തെ

സ്വാഭാവികമായ വിലക്കയറ്റമാണ് സംസ്ഥാനത്തും വില വർദ്ധിക്കാൻ കാരണം എന്നാണ് മനസ്സിലാക്കുന്നത്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ മൂലധനശേഷിയും അത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുതുതായി നൽകിയ സഹായങ്ങളും വിശദമാക്കുമോ?

സപ്ലൈകോയുടെ നിലവിലെ മൂലധനശേഷി 143 കോടി രൂപയാണ്. വില്പനശാല നവീകരണം, വിപണിയിടപെടൽ പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ തുക അനുവദിക്കുന്നുണ്ട്. വില്പന ശാല നവീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 7.08 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 4.70 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 9.93 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 4.89 കോടി രൂപയും ചേർത്ത് ആകെ 26.60 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

**ലഹരി മാഫിയയെ നിയന്ത്രിക്കാൻ നടപടി**

8 (*8) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മാഫിയയുടെ നേതൃത്വത്തിൽ കൊലപാതകങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

രാജ്യത്ത് നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും അതോടൊപ്പം അതിർത്തികടന്ന് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അക്രമവാസനകൂടി സൃഷ്ടിക്കുന്നതാകയാൽ അത്തരം അക്രമസംഭവങ്ങളും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് എക്സൈസും പോലീസും വനം വകുപ്പും രഹസ്യ നിരീക്ഷണം നടത്തുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പോലീസും എക്സൈസും നടത്തിവരുന്നു. ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാനത്ത് വിമുക്തി മിഷൻ

പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The Prevention of illicit Traffic in Narcotic and Psychotropic Substance Act 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമ നടപടികളും NDPS ആക്ട് പ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി എടുത്തുവരുന്നു. NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്നപക്ഷം കേസിൽ വധശിക്ഷയ്ക്ക് വ്യവസ്ഥയുണ്ട്. കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുൻപ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും

എക്സൈസ് റേഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ, കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവൃത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം കോടതികളുടെ മുമ്പിൽ കൊണ്ടുവരാനും കഴിയും. NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും മയക്കുമരുന്ന് കടത്തിന് കർശനനിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. ലഹരി ഉപയോഗത്തെക്കുറിച്ചും ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ് പൂർണ്ണ രഹസ്യമായി സൂക്ഷിക്കും.

(ബി) തലശ്ശേരിയിൽ ലഹരി കച്ചവടം ചോദ്യം ചെയ്തതിന് രണ്ടുപേരെ ലഹരി മാഫിയ കൊലപ്പെടുത്തിയ സംഭവത്തിലെ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; മുഴുവൻ പ്രതികളെയും പിടികൂടാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

തലശ്ശേരിയിൽ ലഹരി കച്ചവടം ചോദ്യം ചെയ്തതിന് രണ്ടുപേരെ ലഹരി മാഫിയ കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് തലശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 896/2022 u/s 302,307,143,147,148, 120 (B), 341, 323, 212 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും കേസിന്റെ തുടരന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് നടത്തിവരികയുമാണ്. കേസിൽ ഉൾപ്പെട്ട് ഇപ്പോൾ റിമാന്റിലുള്ള 7 പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. സുരേഷ് ബാബു പി. @ പാറായി ബാബു, s/o നാണു.

2. ജാക്സൺ വിൽസൺ, s/o ജയിസൺ.

3. നവീൻ കെ., s/o വിനോദ്.

4. മുഹമ്മദ് ഫർഹാൻ കെ, s/o അബ്ദുൾ സത്താർ.

5. സുജിത്ത് കുമാർ എൻ., s/o ചാത്തുക്കുട്ടി.

6. അരുൺ കുമാർ പി., s/o കുഞ്ഞികൃഷ്ണൻ.

7. സന്ദീപ് ഇ.കെ., s/o ഗോപി.

(സി) സംസ്ഥാന പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും നേതൃത്വത്തിൽ തയ്യാറാക്കിയ സ്ഥിരം ലഹരി കടത്തുകാരുടെ ലിസ്റ്റിൽ മേൽപ്പറഞ്ഞ കേസിലെ പ്രതികൾ ഉൾപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ?

സംസ്ഥാന പോലീസ് തയ്യാറാക്കിയ സ്ഥിരം ലഹരികടത്തുകാരുടെ ലിസ്റ്റിൽ മേൽപ്പറഞ്ഞ കേസിലെ പ്രതികൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മേൽ കേസിലെ രണ്ടാം പ്രതിയായ ജാക്സൺ വിൽസണിന്റെ പേരിൽ 23 ഗ്രാം കഞ്ചാവ് വാഹനത്തിൽ കടത്തിക്കൊണ്ടുവന്ന കുറ്റത്തിന് തലശ്ശേരി എക്സൈസ് റെയ്ഞ്ചിൽ 18.08.2019-ൽ ക്രൈം നം. 26/2019 പ്രകാരം എൻ.ഡി.പി.എസ്. കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ഡി) ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

രാജ്യത്ത് നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും അതോടൊപ്പം അതിർത്തി കടന്ന് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അക്രമവാസനകൂടി സൃഷ്ടിക്കുന്നതാകയാൽ

അത്തരം അക്രമസംഭവങ്ങളും സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് എക്സൈസും പോലീസും വനം വകുപ്പും രഹസ്യ നിരീക്ഷണം നടത്തുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പോലീസും എക്സൈസും നടത്തിവരുന്നു. ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാനത്ത് വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The Prevention of illicit Traffic in Narcotic and Psychotropic Substance Act 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമ നടപടികളും NDPS ആക്ട് പ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി എടുത്തുവരുന്നു. NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി

സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്നപക്ഷം കേസിൽ വധശിക്ഷയ്ക്ക് വ്യവസ്ഥയുണ്ട്. കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുൻപ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവൃത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം കോടതികളുടെ മുമ്പിൽ കൊണ്ടുവരാനും കഴിയും. NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. ലഹരി ഉപയോഗത്തെക്കുറിച്ചും

ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ് പൂർണ്ണ രഹസ്യമായി സൂക്ഷിക്കും.

കേവലം എൻഫോഴ്സ്മെന്റ് കൊണ്ടുമാത്രം ഈ വിപത്തിനെ ചെറുത്ത് തോൽപ്പിക്കാനാവില്ല. സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ളവരുടെ പങ്കാളിത്തം കൊണ്ടുമാത്രമെ ഈ വിപത്തിനെ ഒഴിവാക്കാൻ കഴിയുകയുള്ളൂ. ഇത് മുന്നിൽകണ്ടുകൊണ്ട് ഇക്കഴിഞ്ഞ ഒക്ടോബർ 6 മുതൽ നവംബർ 1 വരെ സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ള സംഘടനകളെയും ജനങ്ങളെയും അണിനിരത്തി 'Say No to Drugs' എന്ന പേരിൽ സുശക്തമായ ജനകീയ കാമ്പയിൻ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ജനപ്രതിനിധികൾ, തദ്ദേശ സർക്കാരുകൾ, സർക്കാർ വകുപ്പുകൾ, ഇതരസർക്കാർ പൊതുമേഖലാ-സഹകരണ-സ്വകാര്യ സ്ഥാപനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങി വിദ്യാർത്ഥികളും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളും സന്നദ്ധസംഘടനകളും ബഹുജനപ്രസ്ഥാനങ്ങളും ജീവനക്കാരുടെ സംഘടനകളും ഉൾപ്പെടെയുള്ള നിരവധിപേർ ഇതിൽ പങ്കാളികളായി. ഇത്തരത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. അതിനായി എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കും.

'Say No to Drugs' കാമ്പയിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട പ്രചാരണ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിനുശേഷവും ജനകീയ കാമ്പയിൻ തുടരും.

**സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ**

9 (*9) ശ്രീ. എം. എം. മണി:
ശ്രീ. സജി ചെറിയാൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 25 വർഷത്തിനുള്ളിൽ മദ്ധ്യവരുമാന വികസിത രാജ്യങ്ങൾക്ക് സമാനമായി സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള സുപ്രധാന വികസന, ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

അടുത്ത 25 വർഷംകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം മദ്ധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ മേഖലകളിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

തൊഴിലും വിവരസാങ്കേതിക വിദ്യയും- തൊഴിൽരഹിതരായ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതികൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഇതിന് നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളജ് ഇക്കണോമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും അവരിൽനിന്ന് യോഗ്യരായവരെ ജോലിക്ക് തെരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. നിർമ്മിതബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യരൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0-യുടെ പ്രയോഗത്തിനും ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉന്നതവിദ്യാഭ്യാസ സംഘടനയെ സഹായിക്കുന്നതിനും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്ക് (കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) മുൻകൈ എടുക്കുന്നുണ്ട്. ചെറുകിട-സൂക്ഷ്മ സംരംഭങ്ങളുടെ ഇടയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കും.

കൃഷി- മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission) രൂപീകരിക്കുകയുണ്ടായി. കൂടാതെ സിയാൽ മാതൃകയിൽ 100 കോടി രൂപ മൂലധനമുള്ള ഒരു കമ്പനി (KABCO-AgroBIZ) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്- കേരള സർവ്വകലാശാല, ഡിജിറ്റൽ സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, ഐ.സി.ടി. അക്കാഡമി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ വിഭാവനം ചെയ്തുവരുന്നു.

സ്റ്റാർട്ടപ്പ് (Startups)- സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം ഉറപ്പാക്കാൻ അന്തർദേശീയ ലോഞ്ച്പാഡ് പ്രോഗ്രാമുകൾ, ഇന്റർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആരംഭിച്ചു.

ഇലക്ട്രോണിക്സ്- കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, ഇൻഫ്രാസ്ട്രക്ചർ

യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കുകൾ സ്ഥാപിക്കും. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ്, ഉപഭോക്താക്കൾ ജി.എസ്.ടി. ബില്ലുകൾ ചോദിച്ചുവാങ്ങുന്നതിനായി നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' എന്നിവ സാർവത്രികമാക്കും.

ബയോടെക്നോളജി- ലൈഫ് സയൻസ് പാർക്കുകൾ, ബയോ ക്യാമ്പസുകൾ, ലാബ് മൊഡ്യൂളുകൾ തുടങ്ങിയ മികവ് കേന്ദ്രങ്ങളുടെ പ്രവർത്തനം വികസിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള ഗവേഷണ അധിഷ്ഠിത സ്ഥാപനങ്ങൾ ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ട്യോമിക്സ് തുടങ്ങിയ സാങ്കേതികവിദ്യകൾ എന്നിവയെ പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകളാണ് വിഭാവനം ചെയ്യുന്നത്.

നാനോ ടെക്നോളജി- തൊഴിലധിഷ്ഠിത നാനോ സാങ്കേതിക വിദ്യ കോഴ്സുകൾ വർദ്ധിപ്പിക്കും. കൃഷി, വ്യവസായം ഉൾപ്പെടെ വിവിധ മേഖലകൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാനോ സാങ്കേതികവിദ്യ ആസ്പദമാക്കി സയൻസ് പാർക്കുകൾ സ്ഥാപിക്കും.

<u>ടൂറിസം</u>- അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ വിപുലമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കും. അതിന്റെ ഭാഗമായി ഇക്കോ-ടൂറിസം, റെസ്പോൺസിബിൾ ടൂറിസം, സീറോ പ്ലാസ്റ്റിക് സോൺ, ഗ്രീൻ ഡെസ്റ്റിനേഷൻ, കാരവൻ ടൂറിസം തുടങ്ങിയവയെല്ലാം വിപുലീകരിക്കും. സ്പൈസസ് ടൂറിസം, പൈതൃക ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകും.

<u>പ്രവാസികൾ</u>- വിദേശരാജ്യങ്ങളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സുരക്ഷിതമായ നിയമന നടപടികൾ പ്രവാസികൾക്ക് ഉറപ്പു വരുത്തുകയും ചെയ്യും. പ്രവാസി ഡാറ്റാ ബേസ് തയ്യാറാക്കുകയും അതിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് സ്കീം, ലോക കേരളസഭ എന്നിവയെല്ലാം പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്.

<u>പൊതുജനാരോഗ്യം</u>- പകർച്ചവ്യാധികൾ, പകർച്ചേതര രോഗങ്ങളും മാനസികരോഗങ്ങളും അപകടംമൂലം ഉണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്യൂണൈസേഷൻ പോലുള്ള പരിപാടികൾ നടപ്പിലാക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും. പ്രാഥമിക

ആരോഗ്യ കേന്ദ്രങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും. ആരോഗ്യരംഗത്ത് നൂതന സാങ്കേതികവിദ്യ പൂർണ്ണമായി പ്രയോജനപ്പെടുത്തി മൾട്ടി-സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും അപ്പെക്സ് കാൻസർ സെന്ററുകളും സ്ഥാപിക്കും. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കും.

<u>സഹകരണം</u>- താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് ഒഴിവാക്കി, 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീ വഴി, ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

<u>പാർപ്പിടം (ലൈഫ്)</u> - ലൈഫ് മിഷന്റെ ഭാഗമായി അർഹരായവർക്ക് വീട്/ഫ്ലാറ്റ് അനുവദിച്ച് എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കും. 'പുനർഗേഹം' പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം പ്രവർത്തികമാക്കിവരുന്നു.

<u>മുൻഗണനാ പദ്ധതികൾ (Priority Projects)</u>- അടിസ്ഥാന സൗകര്യ വികസനത്തിനും വൻകിട പദ്ധതികളുടെ നടത്തിപ്പിനും റോഡുകൾ, പാലങ്ങൾ, റെയിൽവേ, ഐ.ടി. വികസനം, ടെക്നോളജി ഇന്നവേഷൻ സോൺ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക

വിദ്യാഭ്യാസം, പൊതുജനാരോഗ്യരംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, ഊർജ്ജം, തുറമുഖം, തീരസംരക്ഷണം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്രവികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കും. വാതിൽപ്പടി സേവനം, നിലാവ് പദ്ധതി, കെ-ഫോൺ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ട മുൻഗണനാ പദ്ധതികളാണ്. ടേക്ക്-എ-ബ്രേക്ക്, റെസ്റ്റ്-സ്റ്റോപ് എന്നീ പദ്ധതികൾ സാർവ്വത്രികമായി നടപ്പിലാക്കിവരുന്നു. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവത്രിക ലഭ്യത ഉറപ്പാക്കുന്ന കെ-ഫോൺ പദ്ധതി എല്ലാവരിലേക്കും എത്തിക്കും. കൂടാതെ പരപ്പനങ്ങാടി, ചെത്തി എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കും.

അഴിമതിരഹിത ഭരണം- സേവന മേഖല ഉൾപ്പെടെ സർവ്വ മേഖലകളും അഴിമതിമുക്തമാക്കുന്നതിന് മുൻഗണന നൽകും. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകവഴി സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം ത്വരിതഗതിയിലാക്കുവാനും കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം വിപുലീകരിക്കും. സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലുമൊക്കെ ഡിജിറ്റലൈസേഷൻ പൂർണ്ണമായും നടപ്പാക്കും.

ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ഉറവിട-മാലിന്യ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കും.

സ്ത്രീ സുരക്ഷ- എല്ലാ പദ്ധതികളും സ്ത്രീസൗഹൃദവും പരിസ്ഥിതി സൗഹൃദവുമാക്കും. സ്ത്രീസുരക്ഷയ്ക്കായി പിങ്ക് പോലീസ്, എന്റെ കൂട് എന്ന പദ്ധതികൾ ആവിഷ്കരിച്ച് വിപുലീകരിച്ചു കഴിഞ്ഞു.

കുട്ടനാട്, കാസർഗോഡ്, വയനാട്, ഇടുക്കി പാക്കേജുകളുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര വികസന പാക്കേജുകൾ നടപ്പിലാക്കും.

റൂം ഫോർ റിവർ പദ്ധതി- നദികളുടെ ആഴംകൂട്ടി പ്രളയജലം വേഗത്തിൽ ഒഴുക്കികളയുന്നതിനുള്ള പദ്ധതികൾ സാർവത്രികമാക്കും.

പട്ടികജാതി/പട്ടികവർഗ്ഗ വികസനം - മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ പാർപ്പിടം നൽകും. റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവ ഉന്നത നിലവാരത്തിലാക്കും. നൈപുണ്യ പരിശീലനം, തുടർ തൊഴിൽ പദ്ധതി എന്നിവയും നടപ്പിലാക്കും.

വിദ്യാഭ്യാസം- എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ആധുനിക കെട്ടിട സമുച്ചയങ്ങൾ എന്നിവ ഉറപ്പാക്കും.

<u>ക്ഷേമ പെൻഷൻ</u>- സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും എല്ലാമാസവും വിതരണം ചെയ്യുന്നു. 56.16 ലക്ഷം ആളുകൾക്ക് 900 കോടി രൂപയാണ് ഓരോ മാസവും വിതരണം ചെയ്തുവരുന്നത്.

<u>പൊതുവിതരണ സമ്പ്രദായം</u>- വാടകവീട്ടിലെ താമസക്കാർ, തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലെ അർഹരായവർക്ക് റേഷൻ കാർഡ് വിതരണം ചെയ്തുവരുന്നു. ആദിവാസി ഊരുകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റേഷൻ കൈപ്പറ്റുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മൊബൈൽ റേഷൻ കടകൾ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നു. പൊതുവിതരണം കുറ്റമറ്റതും സുതാര്യമാക്കുന്നതിനുമായി പൊതുവിതരണം നടത്തുന്ന വാഹനങ്ങളിൽ GPS ഘടിപ്പിക്കൽ, NFSA ഗോഡൗണുകളിൽ CCTV സംവിധാനം ഒരുക്കൽ എന്നിവ നടന്നുവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കോവിഡ് പ്രതിസന്ധിക്കിടയിലും ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. ഈ വർഷം 526 കോടി രൂപ ചെലവിട്ട് എല്ലാവർക്കും ഓണക്കിറ്റ് വിതരണം ചെയ്തു. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തീരസംരക്ഷണം, ഗ്രാഫീൻ പാർക്ക്, ഹൈഡ്രജൻ വാലി പ്രോജക്ട്,

കെ-ഫോൺ, തുറമുഖവികസനം, കൊച്ചി മെട്രോ രണ്ടാം ഘട്ടം, കൊച്ചി വാട്ടർ മെട്രോ, വയനാട് ടണൽ റോഡ്, അന്താരാഷ്ട്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, സുഭിക്ഷകേരളം പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിനായി KIIFB 73,851 കോടി രൂപയുടെ 993 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ചില രാഷ്ട്രീയകക്ഷികളും ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമായി ചില അധികാരകേന്ദ്രങ്ങളും നിരന്തരം നടത്തുന്നതായി പറയപ്പെടുന്ന കേരളവിരുദ്ധ പ്രതീതിയുണ്ടാക്കുന്നതിനുള്ള ശ്രമം ലോക പ്രശംസ നേടിയ കേരള ബദൽ മാതൃകയ്ക്ക് വിഘ്നം സൃഷ്ടിക്കുന്നതിനായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന വസ്തുത ജനങ്ങളിലേക്ക് എത്തിക്കുന്നതിനോടൊപ്പം ഇത്തരം ഹീനശ്രമങ്ങൾക്കെതിരെ നിയമപരമായ മാർഗ്ഗങ്ങൾകൂടി അവലംബിക്കുന്ന കാര്യം പരിശോധിക്കുമോ?

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ സമൂഹത്തിൽ വളരെ വേഗത്തിൽ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ വ്യക്തമായ ആസൂത്രണത്തോടെയാണ് നടപ്പിലാക്കിവരുന്നത്. സാധാരണ ജനങ്ങളിലേയ്ക്ക് വികസന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്തിക്കുക

എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(സി) സഹകരണ ഫെഡറൽ തത്വത്തിനെതിരെയുള്ള ഇത്തരം വെല്ലുവിളികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

സഹകരണ ഫെഡറലിസവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്രസർക്കാരുമായി വളരെ അടുത്ത ബന്ധമാണ് ഈ സർക്കാർ പുലർത്തി വരുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ പല വിഷയങ്ങളിലും കേന്ദ്രസർക്കാരിന്റെ സഹായം സർക്കാർ ആവശ്യപ്പെടാറുണ്ട്. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് അവശ്യവസ്തുക്കളുടെ വില കൂടിയ സാഹചര്യത്തിലും തീരദേശ ശോഷണ സമയത്ത് തീര സംരക്ഷണത്തിനു വേണ്ടി സാങ്കേതികസഹായത്തിനും സാമ്പത്തിക സഹായത്തിനും ദേശീയപാത വികസന ആവശ്യങ്ങൾക്കും പാരിസ്ഥിതിക ലോല മേഖലകളുടെ സംരക്ഷണ വിഷയത്തിലും സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

**രാഷ്ട്രീയ കൊലപാതകങ്ങൾ പ്രതിരോധിക്കാൻ നടപടി**

10 (*10) <u>ശ്രീ. സി. ആർ. മഹേഷ്</u>:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2011-2016 കാലയളവിൽ 36 രാഷ്ട്രീയ കൊലപാതകങ്ങളും മുൻ സർക്കാരിന്റെ കാലത്ത് (2016-2021) 29 രാഷ്ട്രീയ കൊലപാതകങ്ങളും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 10 രാഷ്ട്രീയ കൊലപാതകങ്ങളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ച വരുന്നില്ല. രാഷ്ട്രീയഭേദമെന്യേ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചും കേസുകളുടെ അന്വേഷണം കാര്യക്ഷമമായി നടത്തിയും കാലതാമസം കൂടാതെ അന്വേഷണം പൂർത്തിയാക്കി പരമാവധി ശിക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) നിരവധി രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രതികൾക്ക് ശിക്ഷാ കാലയളവിൽ അനർഹമായ ഇളവുകൾ അനുവദിച്ചതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രാഷ്ട്രീയ കുറ്റവാളികൾക്ക് തടവ് ശിക്ഷയിൽ ഇളവ് ലഭിക്കുന്ന വിധത്തിൽ തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. 2012-ലെ സംസ്ഥാന പുനരേകീകരണ ദിനവുമായി ബന്ധപ്പെട്ട് തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 29.10.2012-ലെ സ.ഉ. (കൈ) നം.268/2012/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാനദണ്ഡപ്രകാരം രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്ക് പ്രത്യേക ശിക്ഷാ ഇളവിന് അർഹതയുണ്ട്. വിശേഷാവസരങ്ങളിൽ തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 23.11.2018-ലെ

സ.ഉ.(പി) നം.73/2018 ആഭ്യന്തരം പ്രകാരം പരിഷ്ക്കരിക്കുകയുണ്ടായി. ഈ ഉത്തരവിൽ ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന രാഷ്ട്രീയ കൊലപാതക കേസുകളിൽ ഉൾപ്പെട്ട തടവുകാരുടെ അകാല വിടുതലിനാണ് വിലക്കുണ്ടായിരുന്നത്.

ക്രിമിനൽ നടപടി സംഹിതയുടെ 433 എ വകുപ്പിന്റെ പരിധിയിൽ വരുന്ന ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാർ 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയെന്ന കാരണത്താൽമാത്രം വിടുതൽ ചെയ്യപ്പെടുന്നില്ല. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 462 പ്രകാരം രൂപീകരിച്ചിട്ടുള്ള ജയിൽ ഉപദേശക സമിതികളുടെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വിടുതലിന് അർഹരെന്ന് കണ്ടെത്തിയ തടവുകാരുടെ വിടുതൽ സംബന്ധിച്ച മന്ത്രിസഭാ യോഗതീരുമാനം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം - 161 അനുസരിച്ച് ഗവർണർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ജീവപര്യന്തം തടവുകാരുടെ അകാലവിടുതൽ അനുവദിക്കുന്നുള്ളൂ. ഇത് ഏത് തരത്തിലുള്ള കൊലപാതക കേസുകളിലും (രാഷ്ട്രീയ കൊലപാതകം ഉൾപ്പെടെ) ഉൾപ്പെട്ടവർക്ക് ബാധകമായതിനാൽ 23.11.2018-ലെ ഉത്തരവിലെ 'persons involved in political murder shall

not be considered for premature release before completion of 14 years of actual imprisonment' എന്നതിന് നിലവിൽ പ്രസക്തിയില്ല. ഈ അപാകത പരിഹരിച്ചും പരിഗണിക്കപ്പെടാത്ത വിഭാഗത്തിൽ വരുന്ന ഹീനമായ കുറ്റകൃത്യങ്ങൾ താഴെപ്പറയും പ്രകാരം നിർവചിച്ചുമാണ് 25.11.2022-ലെ സ.ഉ.(കൈ)നം.244/2022/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

1. Murder with rape

2. Murder with dacoity

3. Murder involving an offence under the protection of Civil Rights Act 1955.

4. Murder for dowry

5. Multiple murder

6. Murder committed after conviction while inside the jail.

7. Murder during parole

8. Murder in a terrorist incident

9. Murder in smuggling operation

10. Offences for which death is one of the punishments under the Abkari Act.

11. Offences under section 326A and B of Indian Penal Code (voluntarily causing grievous hurt by use of acids, throwing or attempting to throw acids).

(ഡി) കുറ്റവാളികൾക്ക് ശിക്ഷായിളവ് അനുവദിക്കുന്ന പ്രസ്തുത തീരുമാനംമൂലം രാഷ്ട്രീയ കൊലപാതകങ്ങൾക്കും അതിക്രമങ്ങൾക്കും പ്രോത്സാഹനം ലഭിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം റദ്ദാക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയ തടവുകാരുടെ അകാലവിടുതൽ പരിശോധിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി, ജയിൽ മേധാവി എന്നിവർ അംഗങ്ങളായ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുന്ന പട്ടിക പരിശോധിച്ചാണ് ഇളവ് അനുവദിക്കുന്നത് എന്നതിനാൽ അനർഹരായ ഒരാളും ഉൾപ്പെടില്ലെന്ന് ഉറപ്പാക്കാനാവും.

## പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽബാങ്ക്

11 (*11) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ ബാങ്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യമുള്ളവരുടെ ഡാറ്റാബേസ് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ആവശ്യമുള്ളവർക്ക് തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി ഒരു നോഡൽ ഏജൻസി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 166(3) പ്രകാരം മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. കെ-ഡിസ്ക് കുടുംബശ്രീയുമായി ചേർന്ന് ' എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ കണ്ടെത്തിയ

തൊഴിലന്വേഷകരിൽനിന്നും 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും വിവരങ്ങൾ ക്രോഡീകരിക്കുന്നതിനുമായി 'ജാലകം' എന്ന പേരിൽ ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. ടി പോർട്ടലിൽ നിന്നുതന്നെ തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ ഡാറ്റാ ബേസ് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ആവശ്യമുള്ളവർക്ക് തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററും പഞ്ചായത്ത്തല ഹെൽപ് ഡെസ്കുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തദ്ദേശസ്ഥാപന തലത്തിൽ തൊഴിൽ കൂട്ടായ്മകളെ ഏകോപിപ്പിക്കുന്നതിന് യുവജനക്ഷേമ ബോർഡിന്റെ കോ-ഓർഡിനേറ്റർക്ക് ചുമതലകളും നൽകിയിട്ടുണ്ട്.

(സി) ഇതിനായി തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ഇതിലൂടെ നൽകുന്ന സേവനങ്ങൾക്ക് ഒരു

നിശ്ചിത ഫീസ് ഈടാക്കി അതത് തദ്ദേശസ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തൊഴിലവസരങ്ങളേയും മാനവ വിഭവശേഷിയേയും ബന്ധിപ്പിക്കുന്നതിനായി സംരംഭക മാതൃകയിൽ ബ്ലോക്ക്-നഗരസഭാ തലങ്ങളിൽ എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ, പ്രാദേശികമായി ലഭ്യമാകുന്ന അവസരങ്ങൾ (ഉദാ: ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർഷിക തൊഴിലുകൾ തുടങ്ങിയവ), അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത നൈപുണ്യം നേടി ജോലിയിൽ പ്രവേശിച്ചവരുടെ സ്ഥിരമായ ഇടവേളകളിലുള്ള അവസ്ഥാ പരിശോധന (Tracking), തൊഴിലധിഷ്ഠിത നൈപുണ്യം നേടിയവരുടെ ഡാറ്റാ ബാങ്ക് സൂക്ഷിക്കൽ തുടങ്ങിയവ എംപ്ലോയബിലിറ്റി സെന്റർ മുഖേന നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നുണ്ട്. നിലവിൽ തൊഴിൽ കൂട്ടായ്മകളിലെ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും രജിസ്ട്രേഷനും ഫീസും ഏർപ്പെടുത്തിയിട്ടില്ല.

**റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ നടപടി**

12 (*12)<u>ശ്രീ. പി. ജെ. ജോസഫ്</u>:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ സംഭരണവുമായി ബന്ധപ്പെട്ട് റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) റേഷൻകടകളുടെ സ്ഥലപരിമിതിമൂലം ഭക്ഷ്യധാന്യങ്ങൾ കേടാകുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ; റേഷൻ വ്യാപാരികൾക്ക് കടമുറികൾ കിട്ടാത്ത സാഹചര്യം ഒഴിവാക്കാൻ സർക്കാർ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ‘ Establishing Adequate Storage space for all Fair Price

Shop in the State' എന്ന പദ്ധതി ഘടകത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഭക്ഷ്യധാന്യ സംഭരണവുമായി ബന്ധപ്പെട്ട് റേഷൻ കടകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 32 പ്രകാരം റേഷൻകട അനുവദിക്കുന്നതിനായി കണ്ടെത്തുന്ന കെട്ടിടത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ഉണ്ടാകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിടം ഉറപ്പുള്ളതും 10 ക്വിന്റലിന് 14 ചതുരശ്ര അടി എന്ന തോതിൽ രണ്ടുമാസത്തെ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ സൗകര്യമുള്ളതും ജോലി ചെയ്യുന്നതിനായി 40 ചതുരശ്ര അടി സ്ഥലസൗകര്യമുള്ളതും മണ്ണെണ്ണ സൂക്ഷിക്കുന്നതിന് ബാരലിന് 5 ചതുരശ്ര അടി സ്റ്റോറേജ് സൗകര്യമുള്ളതും വൈദ്യുതീകരിച്ചതുമായിരിക്കണം. കേരള റേഷനിംഗ് ഓർഡർ നിലനിന്നിരുന്ന കാലയളവിൽ അനുവദിച്ചിരുന്ന സ്ഥലപരിമിതിയുള്ള റേഷൻ കടകളിൽ യഥാവിധി സ്റ്റോക്ക് ചെയ്യാൻ സാധിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. ഇപ്രകാരമുള്ള റേഷൻ

കടകളിൽ ഓരോ മാസവും രണ്ടോ മൂന്നോ തവണയായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകുകയാണ് ചെയ്യുന്നത്. സ്ഥലപരിമിതിമൂലം ഭക്ഷ്യധാന്യങ്ങൾ കേടാകുന്നതായുള്ള സാഹചര്യം നിലവിലില്ല.

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി പുതിയ റേഷൻകട ലൈസൻസ് അനുവദിക്കുന്നതിന് റേഷൻ വ്യാപാരികൾ കടമുറികൾ കണ്ടെത്തുന്നുണ്ട്. ആയതിനാൽ കടമുറികൾ കിട്ടാത്ത സാഹചര്യം നിലവിലില്ല. സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നത് പരിഗണനയിലില്ല.

(ഡി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കുമോ; ആയത് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കമ്മീഷൻ വെട്ടിക്കുറച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് 216 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എ.ആർ.ഡി. ലൈസൻസികൾക്കുള്ള നോർമൽ കമ്മീഷൻ വിതരണത്തിന് 15 കോടി രൂപയാണ് ഓരോ മാസവും ചെലവ് വരുന്നത്. ആയതുപ്രകാരം 01.04.2022 മുതൽ 31.03.2023

വരെയുള്ള മാസങ്ങളിൽ കമ്മീഷൻ വിതരണം ചെയ്യുന്നതിന് ഈ തുക പര്യാപ്തമാണ്. എന്നാൽ കോവിഡ് കാലത്ത് NFSA കാർഡുടമകൾക്ക് (AAY, PHH) കേന്ദ്ര സർക്കാർ PMGKAY പദ്ധതിപ്രകാരം അധിക റേഷൻ വിഹിതം അനുവദിച്ചിരുന്നു. ടി സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ഈ സാമ്പത്തിക വർഷവും തുടർന്നുവരുന്നു. ആയതിനാൽ ഓരോ മാസവും 28.44 കോടി രൂപയോളം കമ്മീഷൻ ഇനത്തിൽ മാത്രം ചെലവഴിക്കേണ്ടി വരുന്നു. PMGKAY ഭക്ഷ്യധാന്യ വിതരണത്തിന്റെ കമ്മീഷൻകൂടി നൽകുമ്പോൾ റേഷൻ വ്യാപാരികൾക്ക് നോർമൽ കമ്മീഷന്റെ ഏകദേശം ഇരട്ടിയിലധികം തുക ഓരോ മാസവും നൽകേണ്ടതായി വരുന്നു.

ഒരു ക്വിന്റൽ ഭക്ഷ്യധാന്യ വിതരണത്തിന് കമ്മീഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ 239 രൂപ ചെലവഴിക്കുമ്പോൾ NFSA സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണത്തിന് ക്വിന്റലിന് 43.5 രൂപയും PMGKAY ഭക്ഷ്യധാന്യ വിതരണത്തിന് ക്വിന്റലിന് 87 രൂപയും മാത്രമാണ് കേന്ദ്ര വിഹിതമായി റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നത്. അതായത് സംസ്ഥാന സർക്കാരിന് കമ്മീഷൻ ഇനത്തിൽ ഒരു ക്വിന്റൽ NFSA സ്കീം ഭക്ഷ്യധാന്യ വിതരണത്തിന് 195.50 രൂപയും (ആകെ ചെലവിന്റെ 81%) ഒരു ക്വിന്റൽ PMGKAY സ്കീം ഭക്ഷ്യധാന്യ വിതരണത്തിന് 156 രൂപയും (ആകെ

ചെലവിന്റെ 65%) കേന്ദ്ര വിഹിതത്തിനുപുറമെ അധികമായി ചെലവാകുന്നു. ഏറ്റവും കൂടുതൽ റേഷൻ വ്യാപാരി കമ്മിഷൻ നൽകിവരുന്ന സംസ്ഥാനം കേരളമാണ്. കൂടാതെ കോവിഡുമായി ബന്ധപ്പെട്ട് 2021 മേയ് മാസം നൽകിയ ഭക്ഷ്യകിറ്റ് കമ്മീഷൻ ഇനത്തിൽ വ്യാപാരികൾക്ക് 4,26,45,895 രൂപ കമ്മീഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 2022 ഒക്ടോബർ മാസം വരെ റേഷൻ വ്യാപാരികൾക്ക് 2,30,89,93,763 രൂപ കമ്മീഷൻ ഇനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഇ) മറ്റ് ക്ഷേമനിധികളിൽ ഉള്ളതുപോലെയുള്ള സർക്കാർ വിഹിതം റേഷൻകടക്കാർക്കുള്ള ക്ഷേമനിധിയിൽ ഇല്ലാത്ത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

റേഷൻ വ്യാപാരി ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് വിവിധ ഘട്ടങ്ങളിലായി 5.50 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. മറ്റു ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ സഹായം ലഭ്യമാക്കുന്ന പ്രകാരം റേഷൻ ക്ഷേമനിധി ബോർഡിനും ഗ്രാന്റ് അനുവദിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചുവരുന്നു. റേഷൻ ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ആർദ്രം പദ്ധതി

13 (*13) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) പണമില്ലാത്തതിനാൽ സംസ്ഥാനത്ത് ഒരാൾക്കും ചികിത്സ കിട്ടാതെ വരില്ലെന്നുറപ്പാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ;

പണമില്ലാത്തതിനാൽ സംസ്ഥാനത്ത് ഒരാൾക്കും ചികിത്സ കിട്ടാതെ വരില്ലെന്ന് ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ആർദ്രം പദ്ധതി

കേരള സർക്കാരിന്റെ ആർദ്രം മിഷനിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത് ജനസൗഹൃദ ആശുപത്രികൾ സൃഷ്ടിക്കുകയും സേവനങ്ങൾ മെച്ചപ്പെടുത്തുകയുംവഴി ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും ചികിത്സ ചെലവ് കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ആരോഗ്യകേന്ദ്രങ്ങളിൽ

പൊതുജനങ്ങൾക്കായി OP സേവനം, സാന്ത്വന പരിചരണം, ശ്വാസ്, ആശ്വാസ് മുതലായ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ആരോഗ്യ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പ്പുകൾ, ഫാർമസി, ലാബോറട്ടറി സേവനങ്ങൾ എന്നിവയും പൊതുജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ ഡോക്ടർമാരെ കാണുന്നതിനുമുൻപ് നഴ്സുമാർവഴി പ്രീ-ചെക്കപ്പ് സേവനവും നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലെ OP വിഭാഗം രോഗീസൗഹൃദ സേവനം നൽകിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി കൂടുതൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനങ്ങൾ കൂടുതൽ സമയം ജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ നിലവിൽ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ക്യാൻസർ പരിശോധന ആരംഭിച്ചിട്ടുണ്ട്. ലാബോറട്ടറി സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാണ്. കൂടാതെ, അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ കണ്ടെത്തി അവർക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങളും സൗജന്യ ചികിത്സയും നൽകുന്നതിന് 11.09.2022-ലെ സ.ഉ(സാധാ) നം. 2205/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

2. <u>കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി (KASP)</u>

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം പാവപ്പെട്ട ദുർബ്ബല കുടുംബങ്ങൾക്ക് (ഏകദേശം 42 ലക്ഷം കുടുംബങ്ങൾ) ഒരു കുടുംബത്തിന് 5 ലക്ഷം രൂപവച്ച് ദ്വിതീയ, ത്രിതീയതല ആശുപത്രികളിലെ ചികിത്സ സഹായം നൽകി വരുന്നുണ്ട്. 746 ആശുപത്രികൾ KASP-ൽ എംപാനൽ ചെയ്തിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനായി SHA രൂപീകരിച്ചിട്ടുണ്ട്.

3. <u>RBSK(രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം )</u>

RBSK (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം) മുഖേന 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ചികിത്സയും ആവശ്യമായ ശസ്ത്രക്രിയയും സൗജന്യമായി നൽകി വരുന്നു.

4. <u>ആരോഗ്യകിരണം പദ്ധതി</u>

ആരോഗ്യ കിരണം പദ്ധതി മുഖേന 18 വയസ്സിന് താഴെയുള്ളവർക്ക് ആർ.ബി.എസ്.കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾ ഒഴികെയുള്ളവയ്ക്കുള്ള ചികിത്സ സൗജന്യമായി നടത്തുന്നു.

5. <u>ഹൃദ്യം പദ്ധതി</u>

ഹൃദയസംബന്ധമായ അസുഖമുള്ള 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയശസ്ത്രക്രിയ ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഹൃദ്യം പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ മുഖാന്തരം രജിസ്റ്റർ ചെയ്ത് സൗജന്യ ചികിത്സ സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സൗജന്യ ചികിത്സ നൽകുവാൻ സർക്കാർ/പ്രൈവറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

6. (JSSK)

ഗർഭിണികൾക്കും 1 വയസ്സ് വരെയുള്ള ശിശുക്കൾക്കും എല്ലാ ചികിത്സകളും പരിശോധനകളും സൗജന്യമായി അമ്മയും കുഞ്ഞും (JSSK) പദ്ധതി വഴി ലഭ്യമാക്കുന്നു.

7. മാതൃയാനം പദ്ധതി

പ്രസവത്തിനും പ്രസവാനന്തരം വീട്ടിലേക്ക് തിരിച്ചുപോകുന്നതിനും യാത്രാചെലവ് ഒഴിവാക്കുന്നതിനായി മാതൃയാനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

8. ആശാധാര പദ്ധതി

ഹീമോഫിലിയ, സിക്കിൾസെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗങ്ങൾക്ക് സമഗ്രമായ ചികിത്സയും ആവശ്യമുള്ള പ്രത്യേക മരുന്നുകളും 'ആശാധാര' പദ്ധതി മുഖേന സൗജന്യമായി ലഭ്യമാക്കുന്നു.

9. <u>കാൻസർ/ക്ഷയരോഗം/കുഷ്ഠരോഗം ഉള്ളവർക്ക് ചികിത്സാ ധനസഹായം</u>

Non Plan Fund മുഖേന നിർദ്ധനരായ കാൻസർ/ക്ഷയരോഗം/കുഷ്ഠരോഗം ഉള്ളവർക്ക് ചികിത്സാ ധനസഹായം, ആരോഗ്യവകുപ്പ് മുഖേന നൽകി വരുന്നു.

10. <u>കാൻസർ സുരക്ഷ സ്കീം</u>

18 വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് കാൻസർ സുരക്ഷ സ്കീം വഴി ധനസഹായം ലഭിക്കുന്നു.

11. <u>താലോലം പദ്ധതി</u>

കേരള സാമൂഹ്യസുരക്ഷ മിഷന്റെ കീഴിലുള്ള താലോലം പദ്ധതിവഴി ഹൃദയ വൈകല്യങ്ങൾക്കും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സിന് താഴെയുള്ള നിർദ്ധരായ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നു.

12. <u>മിഠായി പദ്ധതി</u>

18 വയസ്സിന് താഴെയുള്ള ടൈപ്പ് 1 ഡയബറ്റിക് ബാധിച്ച കുട്ടികൾക്ക് മിഠായി പദ്ധതി വഴി സൗജന്യ ചികിത്സാനുകൂല്യം ലഭിക്കുന്നു.

13. പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി (ട്രൈബൽ സ്കീം)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സമ്പൂർണ്ണമായ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്.

14. സുകൃതം പദ്ധതി

BPL വിഭാഗത്തിൽപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ ലഭ്യമല്ലാത്ത കാൻസർ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് സുകൃതം.

15. കാരുണ്യ ബനവലന്റ് ഫണ്ട്

3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് APL/BPL വ്യത്യാസമില്ലാതെ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണിത്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകിവരുന്ന ചികിത്സാനുകൂല്യം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ അധിക ചികിത്സാനുകൂല്യം നൽകുന്നതാണ്.

16. തിമിര ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിലും അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിലും സൗജന്യമായി എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാണ്. ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ധരുടെ നിർദ്ദേശാനുസരണം മരുന്ന പട്ടികയിൽ ഭേദഗതി വരുത്തുകയും അതനുസരിച്ചുള്ള ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും ദർഘാസ് നടപടിക്രമങ്ങളിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം സംഭരിച്ച നൽകിവരുന്നു. ആവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട 402 ഇനം ജനറിക് മരുന്നുകളും 155 ഇനം അനുബന്ധ സാമഗ്രികളും സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട 184 ഇനം മരുന്നുകളും ഉൾപ്പെടെ 741 ഇനങ്ങളാണ് 2022-23 സാമ്പത്തിക വർഷം ലഭ്യമാക്കുന്നത്. പേവിഷ പ്രതിരോധ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, പാമ്പുവിഷ പ്രതിരോധ മരുന്ന്, ജീവിതശൈലീരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, മാനസികാരോഗ്യ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ളവയാണ് ലഭ്യമാക്കുന്നത്.

(ബി) പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള കേന്ദ്രസർക്കാരിന്റെ അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ടോ?

പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള ദേശീയ പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയിൽ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ സേവനം മികവുറ്റതാക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർ ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ,

ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും സജ്ജമാക്കി വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>മെഡിക്കൽ കോളേജുകളുടെ ഒ.പി</u>

<u>പരിവർത്തനം</u>

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളുടെ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്) ഒ.പി. പരിവർത്തന പ്രവൃത്തികൾ പൂർത്തീകരിച്ചു.

<u>ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി. പരിവർത്തനം</u>

ജനറൽ ഹോസ്പിറ്റലുകളായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കൽപ്പറ്റ, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട്, തിരൂർ, മാനന്തവാടി, തലശ്ശേരി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ.പി. പരിവർത്തനം പൂർത്തിയായി.

<u>താലൂക്ക് ആശുപത്രിയുടെ ഒ.പി പരിവർത്തനം</u>

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

<u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി</u>

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ രണ്ട് ഘട്ടങ്ങളിലായി 152 ബ്ലോക്കുതല സി.എച്ച്.സി-കളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിവർത്തനം ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കി വരുകയാണ്.

## പ്രവാസി മലയാളികൾക്കായുള്ള ക്ഷേമ പദ്ധതികൾ

**14** (*14) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പ്രവാസി ക്ഷേമപദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് വലിയ നിക്ഷേപങ്ങൾ നടത്താൻ ഉദ്ദേശിക്കുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള നിക്ഷേപകരെ സഹായിക്കാൻ സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി മലയാളി സംരംഭകർക്ക് പ്രചോദനം നൽകുകയെന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരം കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കുകയും സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതിക സാമ്പത്തിക ഉപദേശങ്ങൾ നൽകുകയും ഏകദിന സംരംഭകത്വ പരിശീലന പരിപാടികളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസി വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) മുഖേന ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും പലിശ സബ്സിഡിയോടെ ബാങ്ക് വായ്പകൾ ലഭ്യമാകുവാൻ വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കോവിഡ്-19 സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പിലാക്കിയ പുനരധിവാസ ഏകോപന സംയോജന

പദ്ധതിയായ പ്രവാസി ഭദ്രതയിൽ തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നുണ്ട്. പ്രസ്തുത പലിശ നിരക്കിൽ 5% മാത്രം ഉപഭോക്താവ് നൽകിയാൽ മതിയാകും. 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സ് അനുവദിക്കും.

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്കുവേണ്ട സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. കോവിഡ്-19 സാഹചര്യത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വ്യവസായ ഭദ്രത എന്ന സംരംഭകത്വ സഹായ പദ്ധതിയിൽ പ്രവാസികളുടെ നേതൃത്വത്തിലുള്ള MSME യൂണിറ്റുകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി 25% സബ്സിഡിയോടെ വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ, പ്രവാസി നിക്ഷേപങ്ങൾ നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താൻ ‘ പ്രവാസി ഡിവിഡന്റ് പദ്ധതി’ എന്ന പേരിൽ കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് മുഖേന

ദീർഘകാല നിക്ഷേപ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കാൻ സാധിക്കും.

(സി) ലോക കേരളസഭ വഴി ലഭിച്ച നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും പ്രവാസികൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഒന്നാം ലോക കേരളസഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിന്മേൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i) കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപവത്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട് നടപ്പിലാക്കിവരുന്നു.

ii) കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

iii) വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിച്ച് യഥാവിധം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

iv) നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

v) കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. കേരള മൈഗ്രേഷൻ സർവ്വേ 2023 നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

vi) പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

vii) പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു.

viii) മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശസാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി പാസ്സ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. രണ്ടാം ലോക കേരളസഭയിലും മൂന്നാം ലോക കേരളസഭയിലും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നവയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കൈമാറുകയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ട ശിപാർശകൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ആരോഗ്യ മേഖലയിൽ നവീകരണ പ്രവർത്തനങ്ങൾ

15 (*15) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുജനാരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എല്ലാവർക്കും താങ്ങാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇതിനായി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനവിലും ഊന്നൽ നൽകി ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം-2-ൽ വാർഷിക പരിശോധനാ പദ്ധതി, ഹെൽത്തി ലൈഫ് കാമ്പയിൻ, രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ,

ജില്ലാ കാൻസർ പ്രതിരോധ പരിപാടി, ലാബ് നെറ്റ്‌വർക്കിംഗ്, വൺ ഹെൽത്ത് പദ്ധതി, വയോജന പരിപാലനവും സാന്ത്വന പരിചരണവും, ഇന്റഗ്രേറ്റഡ് മെഡിസിൻ & റിസർച്ച്, ഇൻഫെക്ഷ്യസ് ഡിസീസ് ഇൻഫ്രാസ്ട്രക്ചർ, ആർദ്രം മിഷൻ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണവും വിപുലീകരണവും എന്നിങ്ങനെ പത്ത് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ആർദ്രം മിഷന്റെ ഒന്നാംപാദത്തിൽ മൂന്ന് ഘട്ടങ്ങളിലായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ നിർമ്മാണ പ്രവർത്തികൾ കിഫ്ബി, പ്ലാൻ, നബാർഡ്, ആർദ്രം മിഷൻ, എൻ.എച്ച്.എം, എൽ.എസ്.ജി.ഡി, എം.എൽ.എ/എം.പി., സി.എസ്.ആർ. ഫണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നടന്നുവരുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ

പ്രവൃത്തികളുടെയും മറ്റ് നവീകരണ പ്രവർത്തനങ്ങളുടേയും പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി മന്ത്രിതലത്തിലും വകുപ്പുസെക്രട്ടറി തലത്തിലും വകുപ്പുമേധാവിതലത്തിലും ജില്ലാ തലത്തിലും സ്ഥാപന മേധാവികളുടെ നേതൃത്വത്തിലും അവലോകന യോഗം കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കിഫ്ബി, എൻ.എച്ച്.എം, എസ്.പി.വി.കളായ സ്ഥാപനങ്ങൾ എന്നിവർ പങ്കെടുത്തുകൊണ്ട് ആരോഗ്യവകുപ്പ് തലത്തിൽ എല്ലാ മാസവും അവലോകന യോഗം നടത്തിവരുന്നുണ്ട്. ഇതിന് പുറമേ ഡയറക്ടർമാരും ഡയറക്ടറേറ്റിലെ സീനിയർ ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് റീജിയണൽ അടിസ്ഥാനത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതലങ്ങളിലും റിവ്യൂ നടത്തി വരുന്നുണ്ട്. എം.എൽ.എ-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ആശുപത്രികളിലെ നിർമ്മാണപ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചും മറ്റ് നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രത്യേക യോഗങ്ങൾ വിളിച്ചുചേർക്കാറുമുണ്ട്.

(ബി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനായി ഒരുക്കിയിട്ടുള്ള വിവിധ സംവിധാനങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അതിനൂതനമായ എന്തൊക്കെ സംവിധാനങ്ങളാണ് ഈ മേഖലയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനായി ഒരുക്കിയിട്ടുള്ള വിവിധ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.+

(സി) ഈ സർക്കാർ നയപരിപാടികൾ തീരുമാനിക്കുകയും അവ നടപ്പിലാക്കി മുന്നോട്ട് പോകുകയും ചെയ്യുമ്പോൾ ചിലയിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ വിവിധോദ്ദേശ്യ കമ്പനികൾ സ്വീകരിക്കുന്ന മെല്ലെപ്പോക്ക് പരിഹരിക്കുന്നതിനായി ഇവയെ മാറ്റി പകരം സംവിധാനം ഏർപ്പാടാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങൾ/ ഏജൻസികളും വിവിധ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്ന വിഷയം ഗൗരവമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാണുകയും കാലതാമസം ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് എല്ലാവർക്കും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കാലതാമസം തുടർന്നും ഉണ്ടാവുകയാണെങ്കിൽ ഈ ഏജൻസികളെയും കരാറുകാരേയും മാറ്റി പകരം സംവിധാനം ഏർപ്പെടുത്തുമെന്നുമുള്ള കർശന താക്കീതും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വീഴ്ചവരുത്തിയെന്ന് കണ്ടെത്തിയവർക്കെതിരെ അതത് സന്ദർഭങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായ തുടർ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## ലഹരി വ്യാപനം തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ

16 (*16) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി കടത്തും വില്പനയും ഉപയോഗവും കർശനമായി തടയാൻ ജനകീയ പങ്കാളിത്തത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ജനകീയ പങ്കാളിത്തത്തോടെ മയക്കുമരുന്ന് വ്യാപനത്തിനെതിരെ സാമൂഹ്യപ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഒന്നാംഘട്ടം ഒക്ടോബർ 2 മുതൽ നവംബർ 1 വരെ നടത്തിയിരുന്നു. ഇതിന്റെ രണ്ടാംഘട്ടം 2022 നവംബർ 14-ന് ആരംഭിച്ച് 2023 ജനുവരി 26-ന് സമാപിക്കും. ഒന്നാംഘട്ട പ്രചരണ പരിപാടിയിൽ വിദ്യാർത്ഥി/യുവജന സംഘടനകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, വിവിധ ജാതി-മത-സാമൂഹ്യ-സാംസ്കാരിക സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സംസ്ഥാനത്തെ ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ

നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും അദ്ധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ വിവിധ പരിപാടികളും മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പോസ്റ്ററുകളും ലഹരിവിരുദ്ധ പ്രചരണ ബോർഡുകളും സ്ഥാപിക്കുകയും വാഹനത്തിൽ എൽ.ഇ.ഡി. സ്ക്രീൻ ഉപയോഗിച്ച് വാഹന പ്രചരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്സ് & ഗൈഡ്സുമായി ചേർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി, ഭവന സന്ദർശനം എന്നിവ നടത്തി. ഒക്ടോബർ 22-ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു. 2022 നവംബർ 1-ന് എല്ലാ വിദ്യാലയങ്ങളിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ലഹരിവിരുദ്ധ ശൃംഖല തീർക്കുകയും ശൃംഖലയിൽ

പങ്കെടുത്തവർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു.

(ബി) മയക്കുമരുന്ന് പ്രതിരോധപ്രവർത്തനത്തിൽ എല്ലാ യുവജനങ്ങളെയും കണ്ണിചേർക്കുന്നതിന് പ്രത്യേകം പരിഗണന നൽകുന്നുണ്ടോ?

ഉണ്ട്. യുവജന സംഘടനാ പ്രതിനിധികളുടെ യോഗം പ്രത്യേകം ചേർന്നു. സംസ്ഥാന യുവജന ക്ഷേമ ബോർഡ് വിവിധ പരിപാടികൾ തനതായി സംഘടിപ്പിക്കുന്നുണ്ട്.

(സി) ലഹരിവിരുദ്ധ പ്രചരണത്തോടൊപ്പം സംസ്ഥാന പോലീസുമായി ചേർന്ന് നിയമം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ലഹരിവിരുദ്ധ പ്രചാരണത്തോടൊപ്പം സംസ്ഥാന പോലീസുമായി ചേർന്ന് നിയമം കർശനമായി നടപ്പിൽ വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയ സംയുക്ത റെയ്ഡുകളിൽ 2 അബ്കാരി കേസുകളും 1 എൻ.ഡി.പി.എസ്. കേസും 42 കോട്പ

കേസുകളും കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമെ എക്സൈസും പോലീസും വെവ്വേറെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ശ്വാസ് ക്ലിനിക്കുകൾ

17 (*17) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകളിൽ വരെ ശ്വാസ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് ജീവിതശൈലീരോഗങ്ങളുടെ ഭാഗമായി കണ്ട് രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യം ഇത്തരം ക്ലിനിക്കുകളിൽ ലഭ്യമാക്കാറുണ്ടോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുരുതര ശ്വാസകോശ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനുമായി പ്രാഥമികാരോഗ്യതലം മുതൽ ജില്ലാ-ജനറൽ ആശുപത്രികൾ വരെ 'ശ്വാസ്' (സ്റ്റെപ്പ് വൈസ്

അപ്രോച്ച് ഫോർ എയർവേ ഡിസീസസ് (SWAAS)) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗ നിർണ്ണയം നടത്തപ്പെടുന്ന ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (COPD) ആസ്ത്മ രോഗികളേയും അതത് പ്രദേശത്തെ ശ്വാസ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത് സേവനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. ജീവിതശൈലി രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ ശ്വാസകോശ രോഗ വിഭാഗത്തിന്റെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെയും സാങ്കേതിക സഹകരണവും ഈ പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ആസ്ത്മ, COPD രോഗികളെ നേരത്തേ കണ്ടെത്തുകയും അവർക്ക് ശാസ്ത്രീയമായ ചികിത്സാ വിധികൾ ഉറപ്പാക്കുകയുമാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതോടൊപ്പംതന്നെ രോഗഹേതുക്കളെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനും ശ്വാസ് പദ്ധതിയിൽ പ്രത്യേക ഊന്നൽ കൊടുത്തിട്ടുണ്ട്. ഇപ്പോൾ 474 എഫ്.എച്ച്.സി.-കളിലും 25 താലൂക്കാശുപത്രികളിലും 14 ജില്ലാ/ജനറൽ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് കൂടുതൽ

കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ക്രോണിക്ക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് ജീവിതശൈലി രോഗങ്ങളുടെ ഭാഗമായികണ്ട് ചികിത്സ നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) മറ്റെന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഇത്തരം ക്ലിനിക്കുകളിൽ നിന്നും ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ?

COPD ആസ്ത്മ രോഗ നിർണ്ണയം നടത്തുന്നതിനായി എല്ലാ ശ്വാസ് ക്ലിനിക്കുകളിലും സ്പൈറോമീറ്റർ എന്ന ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്. ഈ ഉപകരണത്തിലൂടെ ശ്വാസകോശത്തിന്റെ ക്ഷമതയും രോഗാവസ്ഥയുടെ തീവ്രതയും നിർണ്ണയിക്കാൻ സാധിക്കുന്നതാണ്. രോഗനിർണ്ണയം നടത്തപ്പെടുന്ന എല്ലാപേർക്കും ചികിത്സാ മാർഗ്ഗരേഖ പ്രകാരമുള്ള ഇൻഹേലറുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും സൗജന്യമായി ശ്വാസ് ക്ലിനിക്കുകളിലൂടെ നൽകിവരുന്നു. ഇതിനുപുറമേ ശ്വാസകോശ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പൾമണറി റീഹാബിലിറ്റേഷൻ സേവനങ്ങളും ഈ ക്ലിനിക്കുകളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. പുകയില ഉപയോഗം ഇല്ലാതാക്കുന്നതിനും ശ്വാസകോശക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്വസന

വ്യായാമങ്ങളും മറ്റ് എയ്റോബിക് വ്യായാമ മുറകളും ഡയറ്റ് കൗൺസലിംഗ് ഉൾപ്പെടെയുള്ള ചികിത്സാ രീതികളുമാണ് പൾമണറി റീഹാബിലിറ്റേഷൻവഴി രോഗികൾക്കും രോഗം വരാൻ സാധ്യതയുള്ളവർക്കുമായി ഈ ക്ലിനിക്കുകളിലൂടെ ലഭ്യമാക്കുന്നത്. സ്റ്റാഫ് നഴ്സുമാർക്കും ഫിസിയോതെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള മറ്റ് ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകമായ പരിശീലനം നൽകിയാണ് ഇത് നടപ്പിലാക്കിവരുന്നത്. ജില്ലാ/ജനറൽ ആശുപത്രികളിലെ ശ്വാസ് ക്ലിനിക്കുകൾ റഫറൽ സെന്ററുകളായും ഉൾപ്പെടുത്തിക്കൊണ്ട് അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിനായി നോൺ ഇൻവേസീവ് വെന്റിലേറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ഈ റെഫറൽ ക്ലിനിക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്വാസകോശ രോഗികൾ വിഷാദരോഗത്തിന് അടിമപ്പെടാതിരിക്കാനുള്ള കൗൺസിലിംഗും വ്യായാമമുറകളും മറ്റു സഹായങ്ങളും ലഭ്യമാക്കുന്ന ശ്വാസകോശ പുനരധിവാസ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിഷാദ രോഗം മുന്നിൽ കണ്ടുകൊണ്ട് ശ്വാസ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികൾക്ക് വിഷാദരോഗം നിർണ്ണയിക്കുന്നതിനായുള്ള സ്ക്രീനിംഗ് ആശ്വാസ് പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. വിഷാദരോഗം വരാതിരിക്കുന്നതിനും രോഗം ബാധിച്ചവർക്ക് പ്രത്യേകമായ കൗൺസിലിംഗ് സേവനവും ചികിത്സയും പൾമണറി റീഹാബിലിറ്റേഷൻ സേവനങ്ങളുടെ ഭാഗമായി മാനസികാരോഗ്യ പദ്ധതിയുടെ സഹായത്തോടുകൂടി നൽകിവരുന്നുണ്ട്. ശ്വാസകോശ പുനരധിവാസ ക്ലിനിക്ക് എല്ലാ ശ്വാസ് കേന്ദ്രങ്ങളിലും ലഭ്യമാണ്. ഈ ക്ലിനിക്കുകളിൽ പുകവലി നിർത്തുന്നതിനുള്ള കൗൺസിലിംഗ് നൽകാനുള്ള സംവിധാനം, ഇൻഹേലർ മരുന്നുകൾ, ശ്വസന വ്യായാമവും കായിക വ്യായാമവും പോഷക ആഹാരങ്ങളെപ്പറ്റിയുള്ള നിർദ്ദേശം, മാനസിക ആരോഗ്യത്തിനുള്ള കൗൺസിലിംഗ് എന്നിവയെല്ലാം ലഭ്യമാണ്.

**മയക്കുമരുന്നുകളുടെ വ്യാപനം തടയാൻ നടപടി**

18 (*18) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ തീവ്രവ്യാപനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തീവ്ര വ്യാപനമുള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) 2011-2016 ഭരണകാലത്ത് മദ്യലഭ്യത കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ഇടയാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ?

മദ്യത്തിന്റെ ലഭ്യതക്കുറവ് മറ്റ് ലഹരിവസ്തുക്കളുടെ വ്യാപനത്തിന് ഒരു കാരണമാണെന്ന് വിവിധ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർ മദ്യം കിട്ടാത്ത സാഹചര്യത്തിൽ മറ്റ് ലഹരി വസ്തുക്കൾ തേടിപ്പോകുന്ന സാഹചര്യം ഉടലെടുക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്.

(സി) മദ്യവില്പനയിൽ നിലവിലെ സർക്കാർ നയം തുടരുമ്പോഴും ലഹരി വ്യാപാരം വർദ്ധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

മദ്യത്തെ അപേക്ഷിച്ച് മറ്റ് ലഹരിവസ്തുക്കൾ കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും കടത്തുന്നതും പിടിക്കപ്പെടാതെ ചെയ്യുവാൻ സാധ്യത

കൂടുതലായതിനാലും മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ലഹരിവസ്തുക്കൾ സുലഭമായി ലഭിക്കുന്നതും ലഹരി വ്യാപാരം വർദ്ധിച്ച് വരുന്നതിന്റെ പ്രധാന കാരണങ്ങളാണ്. ചെറിയ അളവിൽ മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് താരതമ്യേന ചെറിയ ശിക്ഷയാണ് നിയമത്തിൽ പരാമർശിച്ചിട്ടുള്ളത് എന്നതും മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കുന്നതിന് ഒരു കാരണമാണ്. മയക്കുമരുന്ന് ഉപയോഗത്തിന്റെ കാരണങ്ങളും മയക്കുമരുന്ന് കുറ്റകൃത്യങ്ങളും അവ സൃഷ്ടിക്കുന്ന സാമൂഹ്യാഘാതവും സംബന്ധിച്ച് കൂടുതൽ ആഴത്തിലുള്ള പഠനം എക്സൈസ് വകുപ്പും വിമുക്തി മിഷനും ചേർന്ന് നടത്തിവരുന്നുണ്ട്.

(ഡി) ലഹരി വ്യാപനം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെത്തുടർന്ന് എത്രമാത്രം ലഹരി ഉപയോഗം കുറയ്ക്കാനായിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യമാണെങ്കിലും മയക്കുമരുന്നുകൾ യഥേഷ്ടം ലഭ്യമാകുന്ന അവസ്ഥ ഉണ്ടാകാതിരിക്കുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും സാധിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കേസുകൾ കണ്ടെടുക്കുന്നതുവഴി മയക്കുമരുന്ന് വ്യാപനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറയ്ക്കുവാൻ

സാധിച്ചിട്ടുണ്ട്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ലഹരിക്കടിമപ്പെട്ടവർക്ക് നൽകുന്ന ലഹരിമോചന ചികിത്സ, കൗൺസിലിംഗ് എന്നിവയിലൂടെയും ലഹരി ഉപയോഗം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

ഒക്ടോബർ മാസം 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ള എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളിലൂടെ ലഹരിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ വൻ പൊതുജനപങ്കാളിത്തം ലഭിക്കുകയുണ്ടായി. ഇതിലൂടെ പൊതുജനങ്ങളിൽ ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുവാനും അതിലൂടെ ലഹരി ഉപയോഗം കുറയ്ക്കുവാനും കഴിയുമെന്ന് കരുതുന്നു.

(ഇ) സംസ്ഥാനത്തെ ബസ് സ്റ്റാന്റുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിലെ കടകളിൽനിന്നും നൽകുന്ന പാനീയങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ചേർക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കടകളിൽ അപ്രതീക്ഷിതമായ ഇടവേളകളിൽ പരിശോധന നടത്തുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാലും ലഹരിയുടെ ഉപയോഗത്തിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി ബസ് സ്റ്റാന്റുകൾ, സ്കൂൾ-കോളേജ്

പരിസരങ്ങൾ എന്നിവിടങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തുകയും സ്കൂൾ, കോളേജ് പരിസരങ്ങളിലെ കടകളിൽ ഭക്ഷ്യസുരക്ഷ വകുപ്പുപോലുള്ള മറ്റ് വകുപ്പുകളുമായി ചേർന്ന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

## വിദേശ സാങ്കേതികവിദ്യയും നിക്ഷേപവും ആകർഷിക്കുന്നതിന് നടപടി

19 (*19)ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിലും പുരോഗതിയിലും പ്രവാസി മലയാളികളുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ മേഖലകളിൽ പ്രവാസി മലയാളികളിൽനിന്ന് നിക്ഷേപം ആകർഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രവാസി മലയാളികളിൽനിന്നും തിരികെയെത്തിയ പ്രവാസികളിൽ നിന്നും സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുകയെന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സിന്റെ കീഴിൽ നോർക്ക ബിസിനസ്

ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് സംരംഭകർക്ക് മുമ്പിൽ അവതരിപ്പിച്ചും സാങ്കേതിക സാമ്പത്തിക ഉപദേശങ്ങൾ നൽകിയും കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതിനായി സർക്കാർ അധീനതയിൽ ‘ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ്’ കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രവാസി നിക്ഷേപം സമാഹരിക്കാൻ ശ്രമം നടത്തിവരുന്നു. പ്രവാസി കേരളീയരുടെ ക്ഷേമപരിപാടികൾ വിപുലപ്പെടുത്തുന്നതിനും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഒരു ദീർഘകാല നിക്ഷേപ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപമായി സ്വീകരിക്കുന്ന ഈ പദ്ധതിയിൽ ലഭ്യമാകുന്ന തുക കിഫ്ബി മുഖാന്തരം സംസ്ഥാനത്തിന്റെ

അടിസ്ഥാന സൗകര്യവികസനത്തിനായാണ് വിനിയോഗിക്കുന്നത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വ്യവസായ ഭദ്രത എന്ന സംരംഭകത്വ സഹായപദ്ധതിയിൽ പ്രവാസികളുടെ നേതൃത്വത്തിലുള്ള MSME യൂണിറ്റുകളെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിക്കുന്നുണ്ട്.

(ബി) വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് സംസ്ഥാനം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന മന്ത്രിമാർ നടത്തിയ വിദേശയാത്രക്കെതിരെ ചില പ്രതിപക്ഷ കക്ഷികളും കേന്ദ്ര സഹമന്ത്രിയും ആരോപണങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഇത്തരം ചില മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദേശ തൊഴിൽ കമ്പോളത്തിലെ സാധ്യതകൾ സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിന് അവസരമൊരുക്കുന്നതിനും മാലിന്യ സംസ്കരണത്തിലുൾപ്പെടെ അനുയോജ്യമായ രീതികൾ പ്രാവർത്തികമാക്കുന്നതിനും വിദേശ സാങ്കേതികവിദ്യയും നിക്ഷേപവും ആകർഷിക്കുന്നതിനും മുഖ്യമന്ത്രിയും

മന്ത്രിമാരും നടത്തിയ വിദേശയാത്ര പ്രയോജനപ്രദമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രയോജനപ്രദമായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശയാത്രയിൽ കേരള സർക്കാർ ഏജൻസിയായ നോർക്ക റൂട്ട്സും, യു.കെ.-യിൽ എൻ.എച്ച്.എസ്. പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന The Navigo & Humber and North Yorkshire Health & Care Partnership-ഉം തമ്മിൽ ആരോഗ്യ മേഖലയിൽ യോഗ്യതയും പ്രാവീണ്യവുമുള്ള മലയാളികൾക്ക് സുരക്ഷിതവും നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ യു.കെ-യിലേക്കുള്ള തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 2022 നവംബർ മാസത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച യു.കെ. എംപ്ലോയ്മെന്റ് ഫെസ്റ്റിൽ ആരോഗ്യമേഖലയിലെ ഒഴിവുകളിലേയ്ക്കും സോഷ്യൽ വർക്കർ വിഭാഗത്തിലേക്കും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. Waste to Energy പ്രോജക്ട് മുഖ്യമന്ത്രിയുടെ Priority project-ൽ ഉൾപ്പെടുത്തി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം**

20 (*20) <u>ശ്രീ. ഡി. കെ. മുരളി</u>:

ഡോ. കെ. ടി. ജലീൽ:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി എത്ര കുടുംബങ്ങളെയാണ് അർഹരായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ ഭൂമിയുള്ള ഭവനരഹിതരായി 3,68,466 കുടുംബങ്ങളേയും ഭൂരഹിത ഭവനരഹിതരായി 1,97,175 കുടുംബങ്ങളേയും കണ്ടെത്തിയിട്ടുണ്ട് (മട്ടന്നൂർ നഗരസഭയിൽ തെരഞ്ഞെടുപ്പ് കാരണം ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടില്ല).

(ബി) ലൈഫ് പട്ടികയിലുൾപ്പെട്ട അർഹരായ എല്ലാവർക്കും വീട് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; നടപ്പു സാമ്പത്തികവർഷം എത്ര വീടുകളുടെ നിർമ്മാണത്തിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തികവർഷം 1,06,000 വീടുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹരായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും അതിദരിദ്രരുടെ സർവ്വെയിലൂടെ കണ്ടെത്തിയിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് മറ്റ് ഗുണഭോക്താക്കളെ മുൻഗണനാ പ്രകാരം ആനുകൂല്യത്തിന് പരിഗണിക്കും.

(സി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് കണ്ടെത്തുന്നതിനായി സർക്കാർ ഉറപ്പിന്മേൽ കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന വായ്പ ലഭ്യമാക്കുന്നത് തടയാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നുവെന്ന വാർത്ത ഭവനരഹിതരിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക കണക്കിലെടുത്ത് പ്രസ്തുത നിലപാട് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ലൈഫ് പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽനിന്ന് ലഭിക്കുന്ന തുക മതിയാകാതെ വരുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്മേൽ പുറമേനിന്നും വായ്പയെടുക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വികസന പദ്ധതികൾ നടപ്പാക്കുന്നത് ഇങ്ങനെ പല സ്രോതസുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ്. ലൈഫ് പദ്ധതിക്കു

വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയ്ക്ക് നൽകുന്ന സർക്കാർ ഗ്യാരന്റി, സർക്കാരിന്റെ വായ്പാ കണക്കിൽ ഉൾപ്പെടുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം സമീപനം തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

21 (*21) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) അരിവില ഉയർന്നുനിന്ന സാഹചര്യത്തിലും നെൽകർഷകരെയും ഉപഭോക്താക്കളെയും ബുദ്ധിമുട്ടിലാക്കുന്ന തരത്തിൽ സ്വകാര്യ മില്ലുകൾ നെല്ല് സംഭരിക്കുന്നതിൽനിന്നും വിട്ടുനിന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ നടത്തിയ ശ്രമം അറിയിക്കാമോ?

നെൽ കർഷകരേയും ഉപഭോക്താക്കളേയും ബുദ്ധിമുട്ടിലാക്കുന്ന തരത്തിൽ സ്വകാര്യ മില്ലുകൾ നെല്ല് സംഭരിക്കുന്നതിൽനിന്നും

വിട്ടുനിന്നിരുന്നു. എന്നാൽ മില്ലുടമകളുടെ സംഘടനാ നേതാക്കളുമായി സർക്കാർ നടത്തിയ ചർച്ചയിൽ അവർ ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യുമെന്ന ഉറപ്പിന്മേൽ പ്രതിഷേധത്തിൽനിന്നും പിന്മാറുകയുണ്ടായി. കഴിഞ്ഞ സീസണിൽ ഉള്ളതിനേക്കാൾ അധികം മില്ലുകൾ ഈ സീസണിൽ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ 58 മില്ലുകൾ നെല്ല് സംഭരിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സീസണിൽ (2021-22) 56 മില്ലുകൾ മാത്രമാണ് കരാറിൽ ഏർപ്പെട്ട് നെല്ല് സംഭരണത്തിൽ പങ്കെടുത്തിരുന്നത്.

(ബി) നെല്ല് സംഭരിക്കുന്നതിന്റെ വില വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ബാങ്ക് കൺസോർഷ്യം വഴി സർക്കാർ ഉറപ്പിൻമേൽ വായ്പ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 22.09.2022-ലെ G.O.(Ms)No.18/2022/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം സപ്ലൈകോയുടെ കടമെടുപ്പ് പരിധി 2500 കോടി രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുകയും സർക്കാർ ഉറപ്പിന്മേൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവർ ചേർന്നുള്ള കൺസോർഷ്യത്തിൽനിന്നും 2500 കോടി രൂപ വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി സപ്ലൈകോ എടുക്കുകയും

ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സെപ്റ്റംബർ മാസം 28-ാം തീയതി സപ്ലൈകോ ബാങ്കുകളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതുമാണ്.

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് സപ്ലൈകോ വഴിയുള്ള നെല്ലുസംഭരണം വർദ്ധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

2019-20 നെല്ല് സംഭരണ സീസണിൽ കേരളത്തിൽ ആകെ 2,20,066 കർഷകരിൽ നിന്ന് 7,09,396.693 ടൺ നെല്ല് സംഭരിച്ചു. 2020-21 സീസണിൽ ഇത് വർദ്ധിച്ച് 2,52,160 കർഷകരിൽനിന്നും 7,64,885.393 ടൺ നെല്ല് സംഭരിച്ചു. എന്നാൽ 2021-22 സീസണിൽ കർഷകരുടെ എണ്ണം വർദ്ധിച്ചെങ്കിലും നെല്ല് സംഭരണത്തിൽ കുറവ് നേരിട്ടു. 2021-22 സീസണിൽ 2,54,072 കർഷകരിൽനിന്നും 7,48,403.193 ടൺ നെല്ല് സംഭരിച്ചു.

## ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം

22 (*22)ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; എങ്കിൽ അതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ?

(എ & ബി) ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതി സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ സാങ്കേതിക സാമ്പത്തിക സാധ്യതാ പഠനം പൂർത്തീകരിച്ച് പുതുക്കിയ പഠന റിപ്പോർട്ട് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന് 30.06.2022-ന് സമർപ്പിച്ചിരുന്നു. ഇതിന്മേൽ വ്യോമയാന മന്ത്രാലയവും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികളും നടത്തിയ നിരീക്ഷണങ്ങൾക്ക് 10.10.2022-ൽ സർക്കാർ മറുപടി നൽകിയിരുന്നു. പദ്ധതിപ്രദേശമായ കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റിലും അനുബന്ധ പ്രദേശത്തുമായുള്ള ഭൂമിയിലാണ് വിമാനത്താവളം വിഭാവനം ചെയ്തിട്ടുള്ളത്. 3500 മീറ്റർ നീളമുള്ള റൺവേ സാധ്യമാകുന്ന തരത്തിലുള്ള വിമാനത്താവള മാസ്റ്റർപ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത

വിമാനത്താവളത്തിന് "സൈറ്റ് ക്ലീയറൻസ്" നല്കുന്നതിലേക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് കേന്ദ്ര വ്യോയമാന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 22.11.2022-ന് ഡൽഹിയിൽ കൂടിയിരുന്നു. പ്രസ്തുത മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ വിമാനത്താവള പദ്ധതിക്ക് കേന്ദ്രാനുമതി വൈകാതെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായശേഷം പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ ബാക്കി നടപടികളിലേക്ക് കടക്കാൻ സാധിക്കും.

**പൊതുവിതരണ സമ്പ്രദായം സംരക്ഷിക്കാൻ നടപടി**

23 (*23)ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു മുൻപ് അധിക വിഹിതമുൾപ്പടെ ശരാശരി 16 ലക്ഷം മെ.ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തെ നിശ്ചയിച്ചിട്ടുള്ളതെന്നതിനാൽ കേരളത്തിലേയ്ക്കുള്ള അരിവിഹിതം 2011 സെൻസസിലെ ജനസംഖ്യാ അടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് ഭക്ഷ്യധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെ സംബന്ധിച്ച് വലിയ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്. കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന ആവശ്യവുമായി നിരവധി തവണ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തിയെങ്കിലും

കൂടുതൽ ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.

ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യം മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായാണ് വിതരണം ചെയ്യാനാകുന്നതെന്നതിനാൽ കോവിഡ് കാലത്ത് കിലോഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽനിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ സംഭരിച്ച് വിൽക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഔട്ട്‌ലെറ്റുകളിലേക്ക് 2½ മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽനിന്നും ഇൻഡൻറ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനംവഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ

വാങ്ങി വിൽപ്പനശാലകളിലൂടെ വിൽപന നടത്തുന്നുണ്ട്. ആയതുപ്രകാരം നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്.

## പോലീസ് സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത

24 (*24) ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ പോലീസ് സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന സി.സി.ടി.വി. ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പല കേസുകളിലും പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിനുള്ള പ്രധാന കാരണം സി.സി.ടി.വി. ക്യാമറകൾ

പ്രവർത്തിക്കാത്തതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ക്യാമറകൾ പ്രവർത്തിക്കാത്തതുമൂലം കേസിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതായ സാഹചര്യം നിലവിലില്ല. പോലീസുമായി സഹകരിച്ച് വിവിധ ഏജൻസികൾ സ്ഥാപിച്ചിട്ടുള്ള ചില ക്യാമറകളുടെ പരിശോധനയിൽ അവയിൽ ചിലത് മുഖേന ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ നമ്പർ കണ്ടെത്താൻ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇത്തരം എത്ര സി.സി.ടി.വി. ക്യാമറകളാണ് പ്രവർത്തനക്ഷമമല്ലാതിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സംസ്ഥാനത്ത് ആകെ 2064 CCTV ക്യാമറകൾ ഉള്ളതിൽ 402 എണ്ണം പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അതത് ജില്ലാ പോലീസ് മേധാവിമാർ സ്വീകരിച്ചുവരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കാൻ പൊതുവിപണിയിലെ ഇടപെടലുകൾ

25 (*25)ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം ദേശീയ ശരാശരിക്ക് താഴെയായി പിടിച്ചുനിർത്തുന്നതിന് പൊതുവിപണിയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സഹായകരമായിരുന്നോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിലനിലവാരം ദേശീയ ശരാശരിയിലും താഴെ നിലനിർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് വിലക്കയറ്റം ദേശീയ ശരാശരിക്ക് താഴെയായി പിടിച്ചുനിർത്തുന്നതിന് പൊതുവിപണിയിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വളരെയധികം സഹായകരമായിട്ടുണ്ട്. സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു

വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിലിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾവഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ

സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനുമായി മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻകടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും 13 ഇനം ആവശ്യസാധങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ

സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി 'പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി' പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന്

സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി-റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

**തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ ഇളവ്**

26 (*26) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം സംസ്ഥാനത്താകെ തീരദേശ മേഖലയുടെ വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നതിനും ജനജീവിതം ദുസ്സഹമാക്കുന്നതിനും

കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ സവിശേഷ സാഹചര്യവും വികസന താല്പര്യവും കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ എന്തൊക്കെ ഇളവുകളാണ് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 2019 CRZ വിജ്ഞാപനത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന ഇളവുകൾ ചുവടെ ചേർക്കുന്നു.

- ജനസാന്ദ്രത കൂടിയ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം.
- പൊക്കാളി പാടങ്ങളുടെയും വേലിയേറ്റ സ്വാധീനമുള്ള നീർത്തടങ്ങൾക്ക് സമീപമുള്ള കൃഷിഭൂമിയെയും CRZ-II അല്ലെങ്കിൽ CRZ-III എന്ന് തരംതിരിക്കുന്നതിനുള്ള അനുവാദം.
- കേരളത്തിലെ 1826 ദ്വീപുകൾക്കായുള്ള IIMP തയ്യാറാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് IIMP തയ്യാറാക്കുന്നതിനായി 10 ഹെക്ടറിൽ കൂടുതലും അതിൽ കുറവും വിസ്തൃതിയുടെ

അടിസ്ഥാനത്തിൽ കേരളത്തിന് അനുയോജ്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകുവാൻ അഭ്യർത്ഥിച്ചു.

- കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കുവാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു.

(ബി) സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി പുതുതായി എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2019 CRZ വിജ്ഞാപനവുമായി ബന്ധപ്പെട്ട് പുതുതായി നൽകിയ ഇളവുകൾ ചുവടെ ചേർക്കുന്നു.

- 2019 CRZ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് വിജ്ഞാപനം ചെയ്ത 26.02.2011-ലെ GO (Ms)64/2011/LSGD സർക്കാർ ഉത്തരവിൽ ശിപാർശ ചെയ്തു പ്രകാരമുള്ള 66 കാറ്റഗറി I തീരദേശ ഗ്രാമപഞ്ചായത്തുകളെ "നിലവിലുള്ള മറ്റ് നിയമപരമായി വികസിത നഗര പ്രദേശങ്ങൾ" ആയി പരിഗണിക്കാവുന്നതാണെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട്. അത്തരം കാറ്റഗറി I പഞ്ചായത്തുകൾ നിർമ്മിത വിസ്തീർണ്ണത്തിന്റെയും വികസന അടിസ്ഥാന

സൗകര്യങ്ങളുടെയും മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും CRZ II ഏരിയയുടെ പരിധിയിൽ വരുന്നതായി തരം തിരിക്കുന്നത് പരിഗണിക്കാമെന്നും അറിയിച്ചു.

- പൊക്കാളി പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021-ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം 1991-ന് മുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റരേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചു.

(സി) കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ തീരദേശ പരിപാലന പദ്ധതി സമയബന്ധിതമായി തയ്യാറാക്കി ജനാഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന

അതോറിറ്റിക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ പ്രീ-ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)-ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗ് 2023 ജനുവരി അവസാനത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എം.ബി.ബി.എസ്., പി.ജി., നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

27 (*27) ശ്രീമതി ദെലീമ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെയും വിദേശത്ത് പോകാൻ താത്പര്യപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചത് പരിഗണിച്ച് സർക്കാർ മേഖലയിൽ എം.ബി.ബി.എസ്.,

പി.ജി., നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എം.ബി.ബി.എസ്., മെഡിക്കൽ പി.ജി., നഴ്സിംഗ് കോഴ്സുകളിൽ സീറ്റ് വർദ്ധനവ് നടപ്പിലാക്കി മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഈ അദ്ധ്യയന വർഷം 100 എം.ബി.ബി.എസ്. സീറ്റുകളിൽ വീതം അഡ്മിഷൻ ആരംഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും അനുമതി ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തു. ഇപ്രകാരം 2022-23 അദ്ധ്യയന വർഷത്തിൽ ആകെ 200 MBBS സീറ്റുകളുടെ വർധനവാണ് ഉണ്ടായിട്ടുള്ളത്. വയനാട് മെഡിക്കൽ കോളേജിൽ 2023-24 അദ്ധ്യയന വർഷം എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ

ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയാക്കിയ ബ്ലോക്കിൽ ഒ.പി. ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 26 സ്പെഷ്യാലിറ്റി കോഴ്സിനും 9 സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിനും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 2022-23 അദ്ധ്യയന വർഷത്തിൽ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും അവിടങ്ങളിൽ 60 സീറ്റുകൾ വീതം ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2022-23 അധ്യയന വർഷത്തിൽ 120 പുതിയ ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ അനുവദിച്ചു. 27.11.2022-ലെ GO(Ms)

No.243/22/H&FWD പ്രകാരം സംസ്ഥാനത്തെ 7 സർക്കാർ നഴ്സിംഗ് കോളേജുകളിൽ ആകെ 92 ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, കോവിഡാനന്തരം മാറിയ സാഹചര്യത്തിനനുസരിച്ച് ആരോഗ്യ പ്രവർത്തകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് പര്യാപ്തമായിരുന്നോയെന്ന് വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ രംഗത്ത് നടത്തിയിട്ടുള്ള പുരോഗമനപരമായ പ്രവർത്തനങ്ങൾ കോവിഡാനന്തരം മാറിയ കാലഘട്ടത്തിലെ സാഹചര്യം കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായിരുന്നു. 11.02.22-ലെ സ.ഉ(കൈ)നം.34/2022/ആ.കു.വ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ മെഡിക്കൽ കോളേജുകൾക്കായി 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കൊല്ലം, മഞ്ചേരി എന്നീ സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും 2022-23 അദ്ധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതിനാവശ്യമായ 36 അദ്ധ്യാപക-അനദ്ധ്യാപക

തസ്തികകൾ 15.07.2022-ലെ സ.ഉ.(കൈ)നം.150/2022/ആ.കു.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമായി സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പാരാമെഡിക്കൽ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കാനും രജിസ്ട്രേഷൻ ഏർപ്പെടുത്താനുമായി 28.03.2021-ൽ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ട് 2021 എന്ന പേരിൽ കേന്ദ്രം പാസാക്കിയ നിയമത്തിന്റെ വ്യവസ്ഥ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് 28.09.2022-ൽ സ.ഉ(അച്ചടി) നമ്പർ 53/2022/ആ.കു.വ പ്രകാരം കേരള സർക്കാർ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര മാനദണ്ഡപ്രകാരമുള്ള സംസ്ഥാന കൗൺസിൽ പൂർണ്ണസജ്ജമാകുന്നതോടെ നിലവിലെ പോരായ്മകൾക്കും പ്രശ്നങ്ങൾക്കും പരിഹാരമാകുവാൻ സാധിക്കുന്നതാണ്.

1. ശ്രീ.അബ്ദുൾ നാസീർ.എം, അസോസിയേറ്റ് പ്രൊഫസർ എം.എൽ.ടി. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്- ചെയർപേഴ്സൺ.

2. ഡോക്ടർ അനിതാ ബാലൻ, ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ജനറൽ) -മെമ്പർ എക്സ് ഒഫീഷ്യോ

3. ഡോക്ടർ ശ്യാം.എസ്, പ്രൊഫസർ & ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമക്കോളജി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം-മെമ്പർ എക്സ് ഒഫീഷ്യോ.

4. ഡോക്ടർ മഞ്ജുശ്രീ എസ്., ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ഓഫ് മൈക്രോബയോളജി, ഗവൺമെന്റ് മെഡിക്കൽകോളേജ്, തിരുവനന്തപുരം-മെമ്പർ എക്സ് ഒഫീഷ്യോ.

## ഐ.ടി. വികസനം

28 (*28) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വിജ്ഞാനസമൂഹ നിർമ്മിതി എന്ന പ്രഖ്യാപിതലക്ഷ്യത്തിന് അടിത്തറ പാകുന്നതിന് സംസ്ഥാനം ഒരു ഡിജിറ്റൽ ഹബ്ബായി മാറുന്ന

വിധം ഐ.ടി. വ്യവസായ വികസനത്തിന് സർക്കാർ ഊന്നൽ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ?

വിജ്ഞാനസമൂഹ നിർമ്മിതി എന്ന പ്രഖ്യാപിത ലക്ഷ്യത്തിന് അടിത്തറ പാകുന്നതിന് സംസ്ഥാനം ഒരു ഡിജിറ്റൽ ഹബ്ബായി മാറുന്ന വിധം ഐ.ടി. വ്യവസായ വികസനത്തിന് സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) ഐ.ടി/ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്റ്റാർട്ട്സ് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള സുഗമമായ വൈദ്യുതി– ജല വിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 56.40 ലക്ഷം ച.അടി ഉൾപ്പെടെ 201.62 ലക്ഷം ച.അടി അടിസ്ഥാനസൗകര്യങ്ങൾ ഐ.ടി പാർക്കുകളിൽ നിലവിലുണ്ട്. സർക്കാർ തലത്തിലും ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചും

നടപ്പലാക്കിവരുന്ന മികച്ച പ്രവർത്തനങ്ങളിലൂടെ ഐ.ടി. രംഗത്തെ വൻകിട കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഒരു ഐ.ടി. ഹബ്ബാക്കി കേരളത്തെ വളർത്തുവാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ ഡിജിറ്റൽ ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും മാനവികവിഷയങ്ങളുടെ പ്രയോഗങ്ങളിലും ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനത്തിനും നൂതന ഗവേഷണ പരിപാടികളും നടപ്പിലാക്കുന്നതിലേയ്ക്കാണ് ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. വിവിധ ഡിജിറ്റൽ മേഖലകളിൽ Post-Doctoral fellowship, അത്യാധുനിക വിഷയങ്ങളിൽ Knowledge Centre എന്നിവയ്ക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഊന്നൽ നൽകിവരുന്നു. India Innovation Centre for Graphene, Centre of Excellence in Intelligent Internet of Things (IIOT) എന്നിവ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളാണ്. കൂടാതെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ആധുനിക രീതിയിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുവാനുള്ള തയ്യാറെടുപ്പുകളും നടന്നുവരുന്നു. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). ഈ

പദ്ധതി വഴി ഡിജിറ്റൽ വിഭജനം/വേർതിരിവ് മറികടക്കാൻ കേരള സർക്കാർ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും തെരഞ്ഞെടുക്കപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുള്ള ബാൻഡ്‌വിഡ്ത്ത് പരിശോധിച്ച് അപര്യാപ്തതയുണ്ടെങ്കിൽ പരിഹരിച്ച് ഭാവിലേയ്ക്ക് ആവശ്യമായ ബാൻഡ്‌വിഡ്ത്ത് സജ്ജമാക്കുന്നതിന് കെ-ഫോൺ പദ്ധതി ലക്ഷ്യമിടുന്നു. നിലവിൽ 9500-ലധികം ഓഫീസുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും കൂട്ടിയോജിപ്പിക്കുന്ന ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും K-DISC-ന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തേക്ക് വൻകിട ഐ.ടി. കമ്പനികളെ ആകർഷിച്ച് ഐ.ടി. വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തേക്ക് വൻകിട കമ്പനികളെ ആകർക്ഷിച്ച് ഐ.ടി വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള കോ-വർക്കിംഗ് സ്പെയിസ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് 'റിമോർട്ട് വർക്ക് ഫോഴ്സ്' വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ഐ.ടി. പാർക്കുകളിലേക്ക് ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ. ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേയ്ക്ക് ആകർക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി ' ഇഗ്നൈറ്റ് എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത് ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. Knowledge Economy എന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാൻ സ്റ്റാർട്ടപ് മിഷൻ വിവിധ പരിപാടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നവേഷൻ & എന്റർപ്രിണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ അഥവാ മിനി ഇൻക്യുബേറ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. അതിൽനിന്നും സാങ്കേതികാധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾ രൂപപ്പെടുവാൻ വിവിധ ഇന്നവേഷൻ ചലഞ്ചുകൾ നടത്തുകയും നിക്ഷേപം ലഭിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും സ്റ്റാർട്ടപ്പുകൾക്കായി പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ ഡിജിറ്റൽ

ഫാബ്രിക്കേഷനിൽ നൈപുണ്യ വികസനത്തിനായി കൊച്ചിയിൽ സൂപ്പർ ഫാബ് ലാബും തിരുവനന്തപുരത്ത് ഫാബ് ലാബും പ്രവർത്തിച്ചുവരുന്നു. ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ മേഖലകളിൽ ഐസിഫോസ് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നുണ്ട്. ഓപ്പൺ ഐ.ഒ.റ്റി. (Open IoT) കണ്ടന്റ് മാനേജ്‌മെന്റ് സിസ്റ്റം (Content Management System), അസിസ്റ്റീവ് ടെക്നോളജി (Assistive Technology), ഓപ്പൺ ഹാർഡ്‌വെയർ (Open Hardware), ലാംഗ്വേജ് കമ്പ്യൂട്ടിംഗ് (Language Computing), നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് (Natural Language Processing), ഇ-ഗവേണൻസ് (e-Goverance), നവമാധ്യമ കലകൾ (New media Arts), ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (Geographical Information System), വിദ്യാഭ്യാസ ഇൻഫോർമാറ്റിക്സ് (Educational Informatics), ഡ്രോൺ ടെക്നോളജി (Drone Technology), ഇന്ററാക്ടീവ് ഡിജിറ്റൽ കണ്ടന്റ് (Interactive Digital Content), ഓപ്പൺ സോഴ്സ് ഇ.ആർ.പി. (Open Source ERP), ഇൻസ്ട്രക്ഷണൽ മീഡിയ (Instructional Media), വെബ്, മൊബൈൽ ആപ്ലിക്കേഷനുകൾ (Web & Mobile Applications), ആർക്കൈവലും സംരക്ഷണവും (Archival and Preservation), ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും

(Artificial Intelligence and Machine Learning), ബിഗ് ഡാറ്റ (Big Data). ICFOSS-ന്റെ അത്യാധുനിക ഓപ്പൺ ഹാർഡ്‌വെയർ ലാബ് വികസിപ്പിച്ച LoRaWAN അടിസ്ഥാനമാക്കിയുള്ള വിവിധ ഉപകരണങ്ങളും ഗേറ്റ്‌വേകളും തയ്യാറാക്കുന്നുണ്ട്. ഐസിഫോസിന് ജവഹർലാൽ നെഹ്റു സർവ്വകലാശാലയുടെ അഫിലിയേഷനും ലഭിച്ചിട്ടുണ്ട്.

(സി) ഐ.ടി. പാർക്കുകളുടെ വികസനത്തോടൊപ്പം പശ്ചാത്തല സൗകര്യ വികസന രംഗത്തെ കുതിച്ചുചാട്ടം പ്രയോജനപ്പെടുത്തി ഐ.ടി. ഇടനാഴി രൂപീകരിക്കാനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

സർക്കാർ ഐ.ടി. പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന 4 ഐ.ടി. ഇടനാഴികൾ ദേശീയ പാത 66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം, ചേർത്തല മുതൽ എറണാകുളം, എറണാകുളം മുതൽ കൊരട്ടി, കോഴിക്കോട് മുതൽ കണ്ണൂർ എന്നിവയാണ് നിർദ്ദിഷ്ട ഐ.ടി. ഇടനാഴികൾ.

ഇതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി പദ്ധതികൾ**

29 (*29) ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനും പ്രതിജ്ഞാബദ്ധമായ സർക്കാർ എന്ന നിലയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ സ്ത്രീ ശാക്തീകരണ പദ്ധതികൾ ലക്ഷ്യം കണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

2017-ൽ വനിതാ ശിശുവികസന വകുപ്പ് രൂപീകൃതമായതുമുതൽ സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി നിരവധി പരിപാടികൾക്കും പദ്ധതികൾക്കും വകുപ്പ് രൂപം നൽകിയിട്ടുണ്ട്. 2020-21 വർഷങ്ങളിലെ കോവിഡ് വ്യാപനത്തിന്റെ കാലത്ത് സോഷ്യൽ മീഡിയാ ക്യാമ്പയിൻ വഴി സ്ത്രീധന പീഡനങ്ങൾ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയ്ക്കെതിരായി വലിയ തോതിലുള്ള പ്രചരണ പ്രവർത്തനങ്ങൾ

നടത്തുവാൻ വനിതാശിശു വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനാന്തര കേരളീയ സമൂഹത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന ലഭിക്കുകയും അതുവഴി സ്ത്രീകളുടെ സാമൂഹ്യ, സാമ്പത്തിക പദവി ക്രമേണ ഉയരുന്ന സ്ഥിതി സംജാതമാവുകയും ചെയ്തു. അപ്പോഴും സർക്കാർ വിഭാവനം ചെയ്യുന്ന 'സ്ത്രീപക്ഷ നവകേരളം' എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പൊതുസമൂഹം ഇനിയും മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനായുള്ള പോരാട്ടത്തിന്റെ മുന്നണിയിൽ നിന്നുകൊണ്ട് യുവാക്കൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും നിരവധി പ്രചരണ പരിപാടികളും ബോധവൽക്കരണ ക്യാമ്പുകളും സംവാദങ്ങളും അക്ഷീണം നടത്തിവരുന്നു. അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് സൗജന്യ താമസ സൗകര്യം, ആഹാരം, ചികിത്സ, കൗൺസലിംഗ്, നിയമ സഹായം എന്നിവ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ ധനസഹായങ്ങൾ ഉൾപ്പെടെ വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനും പ്രതിജ്ഞാബദ്ധമായ നിലയിൽ കേരള വനിതാ കമ്മീഷൻ നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കണ്ടിട്ടുണ്ട്.

കഴിഞ്ഞ 5 വർഷമായി 510 അദാലത്തുകൾ നടത്തിയതിന്റെ ഫലമായി 13339 കേസുകൾ തീർപ്പാക്കിയിട്ടുള്ളതും 2121 ബോധവത്കരണപ്രവർത്തനങ്ങളും 721 സെമിനാറുകളും 239 ജാഗ്രത സമിതികളുടെ പരിശീലനവും 118 വിവാഹപൂർവ്വ കൗൺസിലിംഗുകളും 1133 കലാലയ ജ്യോതി പരിപാടികളും 29 മുഖാമുഖം പരിപാടികളും 23 ഗവേഷണ പഠനങ്ങളും കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ ശിപാർശ അനുസരിച്ച് വിചാരണ തടവുകാരെ കോടതിയിലേക്ക് കൊണ്ടുപോകുമ്പോൾ അവർക്ക് നൽകുന്ന ഭക്ഷണ അലവൻസിന്റെ തുക 35 രൂപയിൽനിന്നും 150 രൂപയായി വർദ്ധിപ്പിച്ചു. മഹിളാമന്ദിരങ്ങളുടെയും ഷോർട്ട് സ്റ്റേ ഹോമുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ സർക്കാർ മെച്ചപ്പെടുത്തിയിട്ടുണ്ട്. 2013-ലെ പോഷ് നിയമത്തിന്റെ നോഡൽ ഏജൻസിയായി വനിതാ ശിശു വികസന വകുപ്പിനെ നിയമിച്ചു. കേരളത്തിലെ ഒട്ടുമിക്ക ജോലി സ്ഥലങ്ങളിലും മുലയൂട്ടൽ മുറികൾ ഒരുക്കിയിട്ടുണ്ട്.

<u>കേരള വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

1. സ്വയം തൊഴിൽ വായ്പാ പദ്ധതി.

2. സമാശ്വാസ വായ്പ - സ്മൈൽ കേരള പദ്ധതി

3. വനിതാ മിത്ര

4. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി

5. ഇ.ഡി.പി. പദ്ധതി

6. വനിതാ മിത്ര കേന്ദ്രം

7. സേഫ് സ്റ്റേ പദ്ധതി

8. 181 വനിതാ ഹെൽപ്പ് ലൈൻ

9. ബോധ്യം പദ്ധതി - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി

10. ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസ്സുകൾ

11. വനമിത്ര– ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം

12. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൺ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി

13. Advanced Skill Enhancement Programme for Nurses (ASEP-N).

14. വുമൺ സെൽ

(ബി) സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെ ആരംഭിച്ച സ്ത്രീപക്ഷ നവകേരളം എന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ?

സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി അയൽക്കൂട്ടതലം മുതൽ ജില്ലാതലം വരെ സ്ത്രീപക്ഷ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് കുടുംബശ്രീയുടെ ഇരുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ചുള്ള കോൺക്ലേവിൽ അവതരിപ്പിക്കുന്നതാണ്. സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ച ജെൻഡർ ക്ലബ്ബുകൾവഴി ജെൻഡർ അവബോധ പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തിവരുന്നു. ഓക്സിലറി ഗ്രൂപ്പുകളും യൂത്ത് ക്ലബ്ബുകളും കേന്ദ്രീകരിച്ച് സേഫ് ലൈഫ് എഡ്യുക്കേഷൻ എന്ന വിഷയത്തിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 2022 നവംബർ, ഡിസംബർ മാസങ്ങളിലായി ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയുള്ള തുടർ പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള ക്യാമ്പയിൻ അയൽക്കൂട്ടതലം മുതൽ സംസ്ഥാനതലം വരെ നടത്തിവരുന്നു.

(സി) സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി ജെൻഡർ കൗൺസിൽ രൂപീകരിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനിതാ ശിശു വികസന വകുപ്പുമന്ത്രി അദ്ധ്യക്ഷയും വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ ജോയിന്റ് കൺവീനറും വിവിധ മേഖലകളിൽ പ്രഗൽഭരായ 11 അനൗദ്യോഗിക അംഗങ്ങളുമടങ്ങിയ ജെൻഡർ കൗൺസിൽ 27.09.2022-ലെ സ.ഉ(സാധാ)നം.433/2022/വ.ശി.വി.വ. പ്രകാരം രൂപീകരിക്കുകയും ടി 11 അനൗദ്യോഗിക അംഗങ്ങളിൽ ഉൾപ്പെട്ട ഡോ. ടി. കെ. ആനന്ദിയെ ജെൻഡർ കൗൺസിലിന്റെ ജെൻഡർ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ എന്തൊക്കെ ചുമതലകളാണ് പ്രസ്തുത കൗൺസിൽ നിർവ്വഹിക്കുക എന്ന് അറിയിക്കാമോ?

- സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ചർച്ചകളും സംവാദങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക.

- അന്തർദേശീയ തലത്തിൽ സ്ത്രീശാക്തീകരണ രംഗത്ത് ഉണ്ടായിട്ടുള്ള നവീന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിക്കുക.

- സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളുമായി ഏകോപനം സാധ്യമാക്കുക.

- സംസ്ഥാന സർക്കാർ രൂപീകരിച്ച് അംഗീകരിച്ച ജെൻഡർ ഇക്വാലിറ്റി ആൻഡ് വിമൺ എംപവർമെന്റ് പോളിസി (ലിംഗപദവിസമത്വ-സ്ത്രീ ശാക്തീകരണ നയം) ജനകീയവൽക്കരിക്കുന്നതിനും എല്ലാ വകുപ്പുകളിലും ജെൻഡർ ബഡ്ജറ്റിംഗ്, ജെൻഡർ പ്ലാൻ, ജെൻഡർ ഓഡിറ്റിംഗ് എന്നിവ സാധ്യമാക്കി പ്രവൃത്തികൾ അവലോകനം ചെയ്യുകയും അനുസംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കി വനിതാശിശു വികസന വകുപ്പുവഴി സർക്കാരിന് സമർപ്പിക്കുക.

- സ്ത്രീശാക്തീകരണ നയം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശിശുവികസന വകുപ്പ്, പ്ളാനിംഗ് ബോർഡ്,

ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കൂടാതെ മറ്റിതര വകുപ്പുകളുമായുള്ള ഏകോപനം

- സ്ത്രീകൾക്ക് വേണ്ടിയുള്ള നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തുന്നതിനും സ്ത്രീകളുമായി ബന്ധപ്പെട്ട സ്കീമുകളിലും പദ്ധതികളിലും നിലവിലുള്ള വിടവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുക.

- ലിംഗ അസമത്വം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം നിർദ്ദേശിക്കുക തുടങ്ങിയവയാണ് ജെൻഡർ കൗൺസിലിന്റെ പ്രധാനപ്പെട്ട ചുമതലകൾ

**പോലീസിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാൻ പദ്ധതികൾ**

30 (*30) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനങ്ങളിൽ മൂന്നാംമുറ ഉൾപ്പെടെയുള്ള പ്രവണതകൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകിയിട്ടുണ്ട്.

(ബി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും നവീകരിക്കുന്നതിനുമായി മറ്റ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതമായി പോലീസിന്റെ ആധുനികവത്കരണത്തിന് 152.87 കോടി രൂപയ്ക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ കാലയളവിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മേൽപ്പറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി) വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ്, മലപ്പുറം സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ, ബേക്കൽ സബ് ഡിവിഷൻ, വയനാട് സുൽത്താൻ ബത്തേരി സബ് ഡിവിഷനും കോട്ടയം ചങ്ങനാശ്ശേരി സബ് ഡിവിഷനും കൊട്ടാരക്കര വനിതാ സെൽ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കം കുറിച്ചിട്ടുണ്ട്. സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ

സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ റൂറൽ ജില്ലയിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രം, ജില്ലാ പോലീസ് ഓഫീസ്, കൺട്രോൾ റൂം എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു.

ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി

ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകി വരുന്നു.

എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ) പോലീസ് ജില്ലകളിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/

സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV), മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 10 LMV, ബറ്റാലിയനുകൾക്കായി 30 LMV-യും 9 ഹെവി ബസ്സുകളും ജില്ലകൾക്കായി 06 മീഡിയം ബസ്സുകൾ, 02 ഓപ്പൺ ലോറി, 01 ആംബുലൻസ്, 02 വാട്ടർ ടാങ്കർ, 69 Two wheeler, Finger Printer -ന് 22 LMV എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളേയുംകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ ഒരേ കുറ്റവാളികളെയും കുറ്റങ്ങളേയുംകുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്‌വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ്‌വെയറുകളെ എല്ലാം ഒരു പൊതുവായ സോഫ്റ്റ്‌വെയറിൻകീഴിൽ കൊണ്ടുവന്ന് ‘ One data one entry’ എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സിൽവർലൈൻ പദ്ധതി

1 (1) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിയ്ക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

### സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ

2 (2) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യംമൂലം വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണസാമഗ്രികൾ ലഭ്യമാക്കുന്നതിന് ഖനനാനുമതിയുടെ ഭാഗമായുള്ള പാരിസ്ഥിതികാനുമതി നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ കാലതാമസം ഉണ്ടാകുന്നില്ല.

(സി) ഖനനാനുമതിയുടെ ഭാഗമായി നൽകാനുള്ള പാരിസ്ഥിതികാനുമതി നൽകാനുള്ള എത്ര അപേക്ഷകൾ സംസ്ഥാന, ജില്ലാ ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ടെന്നുള്ള വിശദാംശം നൽകാമോ?

നിലവിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നില്ല. നടപടിക്രമങ്ങൾ പാലിക്കാനുള്ള കാലതാമസമാണ് ഉണ്ടാകുന്നത്.

(ഡി) അപേക്ഷകളിൽ എത്രയുംവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കോടതികളുടെ പരിഗണനയിലിരിക്കുന്ന കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ആർ.കെ.ഐ.സ്കീമിലും സി.എം.എൽ.ആർ.പി. സ്കീമിലും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

3 (3) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു.+

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്കീമിലും ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റിബിൽഡ് പ്രോജക്ട് സ്കീമിലും ഉൾപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തികളുടെയും ടെൻഡർ ഏറ്റെടുത്ത കരാറുകാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ കൃത്യമായി ചെയ്യാത്തതുമൂലം കാൽനടയാത്രപോലും സാധ്യമാകാത്ത രീതിയിൽ റോഡുകൾ തകർന്നു കിടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ രേഖാമൂലമുള്ള പരാതികളൊന്നും ലഭ്യമായിട്ടില്ല.

(സി) പ്രവൃത്തികൾ കൃത്യമായി ചെയ്യാത്ത കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി പുതിയ കരാറുകാരെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

പ്രവൃത്തികൾ കൃത്യമായി ചെയ്യാത്ത കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറുന്നതിൽ കാലതാമസം വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതി

4 (4) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾ വയനാട് ജില്ലയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചെന്നും ഏതെല്ലാം പദ്ധതികൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

(എ & ബി) ആസ്പിരേഷണൽ ജില്ലാ പരിപാടിയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ ഏക ജില്ലയാണ് വയനാട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജനത്തിലൂടെ വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആസ്പിരേഷണൽ ജില്ലകളിൽ മികച്ച റാങ്ക് നേടിയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയ്ക്ക് ലഭിച്ച ചലഞ്ച് ഫണ്ട്, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് (Corporate Social

Responsibility Fund) എന്നിവ ഉപയോഗിച്ച് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(സി) ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതി പ്രകാരം വയനാട് ജില്ലയിലാകെ കേന്ദ്ര സർക്കാർ എത്ര തുകയാണ് നാളിതുവരെ അനുവദിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ആസ്പിരേഷണൽ ജില്ലാ പദ്ധതിയിൽ മികച്ച റാങ്ക് നേടിയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയ്ക്ക് ഇതുവരെ ചലഞ്ച് ഫണ്ടായി 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

## ഒളവണ്ണയിലെ ബോട്ടാണിക്കൽ ഗാർഡനിലേയ്ക്ക് പുതിയ റോഡ് നിർമ്മാണം

5 (5) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിലെ ബോട്ടാണിക്കൽ ഗാർഡനിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒളവണ്ണയിലെ മലബാർ ബോട്ടാണിക്കൽ ഗാർഡനിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ മാങ്കാവ്-പന്തീരംകാവ് റോഡിലെ കോന്തനാരിയിൽനിന്നും മലബാർ ബൊട്ടാണിക്കൽ ഗാർഡനിലേയ്ക്ക് പോകുന്ന റോഡ് ബസുകൾക്ക് തിരിയാൻ വളരെ ബുദ്ധിമുട്ടുള്ള ഇടുങ്ങിയ വഴിയാണ്. ഗ്രൂപ്പുകളായി ഇവിടേയ്ക്ക് പഠന ഗവേഷണ ആവശ്യങ്ങൾക്കായി വരുന്ന വിദ്യാർത്ഥികൾക്കും മറ്റു സന്ദർശകർക്കും ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇതിനൊരു ബദലായി, കോഴിക്കോട് ബൈപ്പാസ് റോഡിൽ (തൊണ്ടയാട് ബൈപ്പാസ്) നിന്നും ഏകദേശം 1 കിലോമീറ്റർ യാത്ര ചെയ്ത് ബോട്ടാണിക്കൽ ഗാർഡനിൽ എത്തുന്ന തരത്തിൽ ഒരു റോഡ് നിർമ്മാണത്തിന് മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 250 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

(ബി) പരിസരവാസികൾ പതിറ്റാണ്ടുകളായി ഉപയോഗിച്ചുവന്ന വഴി ബോട്ടാണിക്കൽ ഗാർഡന്റെ കോംപൗണ്ട് കെട്ടി അടച്ചതിനാൽ തടസ്സപ്പെട്ടതായ പരാതി പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

പരിസരവാസികളുടെ സഞ്ചാരം തടസ്സപ്പെടുത്തുന്ന രീതിയിൽ ബൊട്ടാണിക്കൽ ഗാർഡൻ കോംപൗണ്ട് കെട്ടി അടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി**

6 (6) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രപരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം 2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പുതിയ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ള ഇളവുകൾ ലഭിക്കാനായി സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാനിന് അംഗീകാരം ലഭിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ

പരിപാലന അതോറിറ്റിക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തോട് ഇളവുകൾ ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)-ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി

കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്കൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശിപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടുകൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള കേരളത്തിലെ ചെറുതും വലുതുമായ 1826 തുരുത്തുകൾക്കും ദ്വീപുകൾക്കുമായുള്ള ഇന്റഗ്രേറ്റഡ് ഐലൻഡ് മാനേജ്മെന്റ് പ്ലാൻ (IIMP) തയ്യാറാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്ലാൻ തയ്യാറാക്കുമ്പോൾ തെരഞ്ഞെടുക്കേണ്ട രീതി സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 01.04.2022-ലെ DO No. IA3-12/7/2021-IA III No. കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 10 Ha-ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയുള്ളൂവെന്നും ഇതുസംബന്ധിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ

നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്നും അറിയിക്കുകയും ചെയ്തു. തുടർന്ന് കരട് മാർഗ്ഗനിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) CRZ (കോസ്റ്റൽ റെഗുലേഷൻ സോൺ ) വിജ്ഞാപനം 2019-ലെ പ്രധാന ഇളവുകളിൽ ഒന്നായ 2011 സെൻസസ് അടിസ്ഥാനത്തിൽ ഒരു സ്ക്വയർ കിലോമീറ്ററിലെ ജനസാന്ദ്രത 2126-ൽ കൂടുതലായതിനാൽ CRZ III A-യിലും ജനസാന്ദ്രത 2161-ൽ കുറവായതിനാൽ CRZ III B-യിലും ഉൾപ്പെട്ട വൈപ്പിൻകരയിലെ പഞ്ചായത്തുകൾ ഏതെല്ലാമെന്നും പ്രസ്തുത പഞ്ചായത്തുകളുടെ സ്ക്വയർ കിലോമീറ്ററും ജനസാന്ദ്രത എത്രയെന്നും വിശദമാക്കാമോ?

2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS) തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്ലാൻ NCESS-ൽ നിന്ന് ലഭിച്ചാൽ മാത്രമെ ടി വിവരം അറിയുവാൻ കഴിയുകയുള്ളൂ.

(ഡി) സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിലെ പഞ്ചായത്തുകളുടെ ജനവാസയോഗ്യമായ ഭൂമിയുടെ വിസ്തീർണ്ണവും ജനസാന്ദ്രതയും കുറവാണെന്ന വസ്തുത പഞ്ചായത്തുകളെ CRZ III A കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പൊക്കാളിപാടങ്ങളും തോടുകളും ആകെ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും കൈയ്യടക്കുന്ന വൈപ്പിൻകരപോലുള്ള പഞ്ചായത്തുകളെ ജനവാസയോഗ്യമായ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ CRZ III A കാറ്റഗറിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി & ഇ) കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 2019 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161- ലേറെ ജനസംഖ്യയുള്ള പ്രദേശങ്ങളാണ് CRZ III A-ൽ ഉൾപ്പെടുന്നത്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന

മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽമാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.

പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച തീരദേശ പരിപാലന അതോറിറ്റിയുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഭേദഗതി പുറപ്പെടുവിക്കുകയും ഇതുപ്രകാരം 1991-ന് മുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**റീബിൽഡ് കേരള -സ്വയം ഭൂമി വിറ്റൊഴിയൽ പദ്ധതി**

7 (7) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ സ്വയം ഭൂമി വിറ്റൊഴിയൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലത്തിന് സർക്കാർ വില നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ഭൂമി സ്വയം വിറ്റൊഴിയുന്നവർക്കുള്ള പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിനു കീഴിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിൽ ഒന്നായ "റീലൊക്കേഷൻ ഓഫ് പ്രൈവറ്റ് സെറ്റിൽമെന്റ്സ് ഇൻ ഫോറെസ്റ്റ്' എന്ന പദ്ധതി കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന സ്വയം സന്നദ്ധമാവുന്ന ആദിവാസികളല്ലാത്ത കുടുംബങ്ങൾക്ക് വേണ്ടിയുള്ളതാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- കുടുംബമെന്നാൽ ഒരു വ്യക്തി, അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.

- ഒരു കുടുംബത്തിലെതന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് അർഹരായ പ്രത്യേക കുടുംബമായി കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനു മുകളിൽ പ്രായമുള്ള സഹോദരിയോ, സഹോദരനോ

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത

- രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.

- വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ, മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

- രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

(ഡി) പ്രസ്തുത ഭൂമി സ്വയം വിറ്റൊഴിയൽ പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോതമംഗലം താലൂക്കിൽ ഉൾപ്പെടുന്ന തട്ടേക്കാട് മേഖലയിലെ കുരിക്കുളം, തെക്കുമ്മൽ എന്നീ സെറ്റിൽമെന്റുകൾ പ്രസ്തുത പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ അപേക്ഷിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് നിയമനം

8 (8) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ കെ.എസ്.ആർ പാർട്ട് 3 ചട്ടം 100 പ്രകാരം റീ-എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ചിട്ടുള്ള എത്ര ജീവനക്കാരുണ്ട്; ഇപ്രകാരം നിയമനം ലഭിച്ചിട്ടുള്ള പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പേരും തസ്തികയും വ്യക്തമാക്കുമോ; ഇവർ ഓരോരുത്തരും ഏത് സർക്കാർ സർവീസിൽനിന്നും ഏത് തസ്തികയിൽ റിട്ടയർ ചെയ്തവരാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ കെ.എസ്.ആർ പാർട്ട് 3 ചട്ടം 100 പ്രകാരം റീ-എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു+.

(ബി) മുഖ്യമന്ത്രിക്ക് എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുണ്ട്; ഓരോരുത്തരുടെയും പേരും പദവിയും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പേര്, പദവി, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു+. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശേഷാൽ ചട്ട പ്രകാരം അസിസ്റ്റന്റ്, ക്ലാർക്ക്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിങ്ങനെയുള്ള 4 തസ്തികകളിലേക്കുള്ള നിയമനത്തിനാണ് വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടുള്ളത്. പേഴ്സണൽ സ്റ്റാഫിലെ മറ്റ് തസ്തികകളിലേക്കുള്ള നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2022 ഒക്ടോബർ മാസത്തിൽ മേൽപ്പറഞ്ഞ ഓരോ പേഴ്സണൽ സ്റ്റാഫ് അംഗത്തിനും നൽകിയ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനംതിരിച്ച് വ്യക്തമാക്കുമോ?

2022 ഒക്ടോബർ മാസത്തിൽ മുഖ്യമന്ത്രിയുടെ ഓരോ പേഴ്സണൽ സ്റ്റാഫ് അംഗത്തിനും നൽകിയ ശമ്പളം, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു+. യാത്രാബത്ത ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**കേരള രാജ്ഭവനിലെ നിയമനങ്ങൾ**

9 (9) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കേരള രാജ്ഭവനിൽ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ, ഡെപ്യൂട്ടേഷൻ നിയമനങ്ങൾ, സ്ഥിര നിയമനങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് താൽക്കാലിക, കരാർ നിയമനങ്ങൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) താൽക്കാലിക, കരാർ നിയമനങ്ങൾ ഏതെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കേരള രാജ്ഭവനിൽ 14 തസ്തികകളിലേയ്ക്ക് വിവിധ ഘട്ടങ്ങളിലായി 77 ഡപ്യൂട്ടേഷൻ നിയമനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 4 പേർക്ക് സ്ഥിര നിയമനവും നൽകിയിട്ടുണ്ട് (നിയമനങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു)+

(ഡി) താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയ രീതിയും മാനദണ്ഡങ്ങളും വിശദമാക്കുമോ ?

കുടുംബശ്രീ മുഖേനയാണ് രാജ്ഭവനിൽ താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

**മന്ത്രിമാർക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ**

10 (10) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർക്ക് നൽകുന്നതിനായി എത്ര പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്?

4 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പുതിയ വാഹനം നൽകിയ മന്ത്രി, വാഹനങ്ങൾ, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നിലവിൽ മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി എത്ര പുതിയ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; ആയതിന് ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് നാല് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

| Sl No. | Type of Vehicle | Amount |
|---|---|---|
| 1 | Innova Crysta 2.4Z (Black) | Rs. 23,17,739 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 2 | Innova Crysta G Plus (2 Nos.) | Rs. 32,21,570 |
| 3 | KIA Carnival 8 AT Limousine | Rs. 33,30,532 |

## മുഖ്യമന്ത്രിയുടെ വിദേശയാത്ര

11 (11) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുഖ്യമന്ത്രി എത്ര തവണ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും പ്രസ്തുത വിദേശയാത്രകളുടെ തീയതിയും സന്ദർശിച്ച രാജ്യങ്ങളുടെ വിവരവും ഓരോ യാത്രയ്ക്കായും സർക്കാരിൽനിന്നും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; പ്രസ്തുത വിദേശ യാത്രകൾക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മുഖ്യമന്ത്രി നടത്തിയ വിദേശ യാത്രകളുടെ വിശദാംശങ്ങളും വിമാനയാത്രക്കൂലിയിനത്തിൽ ചെലവഴിച്ച തുകയും അനുബന്ധം ആയി ചേർക്കുന്നു.+ പ്രസ്തുത യാത്രകൾക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുഖ്യമന്ത്രിയുടെ വിദേശയാത്രകളുടെ ടൂർ പ്ലാൻ വിദേശകാര്യമന്ത്രാലയം അംഗീകരിച്ചതിനുശേഷം പിന്നീട് ആയതിൽ ഭേദഗതി വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ യാത്രകളിലാണ് ഇപ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതെന്നും ആദ്യത്തെ ടൂർ പ്ലാനിൽ നിന്ന് വ്യത്യസ്തമായി പിന്നീട് സന്ദർശിച്ച സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവിടെ എത്ര ദിവസം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ബി&സി) വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരത്തോടെയാണ് യാത്രകൾ നടത്തിയിട്ടുള്ളത്.

## സംസ്ഥാനത്തിന്റെ വികസനവും പുരോഗതിയും ലക്ഷ്യമിട്ട് നടത്തിയ വിദേശയാത്ര

12 (12) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും പുതിയ നിക്ഷേപങ്ങളും പുത്തൻ ആശയങ്ങളും ലക്ഷ്യമിട്ട് കേരള മുഖ്യമന്ത്രി

നടത്തിയ വിദേശയാത്രയെ സംബന്ധിച്ച് ഒരു വിഭാഗം നടത്തിയ ദുരുപദിഷ്ടമായ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദേശ രാജ്യങ്ങളിലെ വികസന മാതൃക കേരളത്തിൽ പ്രാവർകമാക്കാനും വിദേശ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കാനും സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ വിവിധ തലങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനായുള്ള രൂപരേഖ തയ്യാറാക്കുന്നതിനുമായാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം വിദേശയാത്ര നടത്തിയത്.

(ബി) കേരളത്തിന്റെ ഔദ്യോഗിക സംഘം യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയ വികസനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേരളത്തിന്റെ മാരിടൈം വ്യവസായം ശക്തിപ്പെടുത്താവുന്ന വിധത്തിൽ പ്രസ്തുത വിദേശ സന്ദർശനത്തിന്റെ ഭാഗമായി കണ്ടെത്തിയ പുതിയ സാധ്യതകൾ വിശദീകരിക്കാമോ?

(ബി & സി) മുഖ്യമന്ത്രിയും സംഘവും ഫിൻലാൻഡ്, നോർവെ, യു.കെ. എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്. ആയത് പ്രകാരം

ചൂവടെപ്പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രസ്തുത രാജ്യങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. ഫിൻലാൻഡ് വിദ്യാഭ്യാസ മന്ത്രിയുമായും ഫിൻലാൻഡ് GINTL Education-നുമായും ചർച്ച നടത്തുകയുണ്ടായി. ആയതിന്മേൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് കേരളത്തിലെ വിദ്യാഭ്യാസ വിദഗ്ധരുമായി ചേർന്ന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനും ഫിൻലാൻഡ് സന്ദർശനം നടത്താനും തീരുമാനിച്ചിട്ടുണ്ട്.

2. ഫിൻലാൻഡിലെ സർവ്വീസ് ഡെലിവറി, വയോജനപരിപാലനം, പെൻഷൻ എന്നിവ പഠിക്കുന്നതിന് തീരുമാനിച്ചു.

3. ഫിൻലാൻഡിലെ സാമ്പത്തികകാര്യ തൊഴിൽ മന്ത്രാലയവുമായും അവിടുത്തെ വിവിധ സ്ഥാപന പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. ആയത് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10,000 നഴ്സുമാരെ അവിടെ ആവശ്യമുണ്ടെന്നും കേരള സർക്കാർ, Business Finland, ODEPEC, NORKA ROOTS എന്നിവ ഇതിനായി യോജിച്ച് പ്രവർത്തിക്കാമെന്ന് അവർ അറിയിച്ചു. ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.

4. നോർവേയിലെ Deep sea fishing vessel മാതൃകയിൽ Artificial Intelligence സംവിധാനമുള്ള Deep sea fishing boat വാങ്ങുന്നതിനായി കേന്ദ്ര സഹായം ലഭിക്കുമോയെന്ന കാര്യം പരിശോധിക്കാനും കൂടാതെ KIIFB വഴി സഹായം ലഭ്യമാക്കാനും ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന കാര്യവും തീരുമാനിച്ചിട്ടുണ്ട്.

5. നോർവേ മാതൃകയിൽ sea food innovative cluster തുടങ്ങുന്ന വിഷയം സർക്കാരിന്റെ ചർച്ചയിലാണ്. Norwegian Geotechnical Institute-മായി സഹകരിച്ച് ദുരന്തനിവാരണം, തീരശോഷണ നിയന്ത്രണം, വയനാട് ടണൽ പ്രോജക്ട് എന്നിവയിന്മേൽ സഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവരുമായി സഹകരിച്ച് ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

6. സംഘം 5 വാണിജ്യ വ്യവസായ രംഗങ്ങളിലെ 60-ഓളം വാണിജ്യ-വ്യവസായ രംഗത്തെ പ്രമുഖരുമായി ചർച്ച നടത്തി.

7. M/s Green State CEO കൊച്ചിയിൽ വന്ന് വിശദമായ ചർച്ച നടത്തി ഇന്ത്യയിലെ ആദ്യത്തെ Hydrogen based Aviation Fuel Unit, CIAL ബോർഡ് അംഗീകരിക്കുന്നമുറയ്ക്ക് നടപ്പിലാക്കാനാകും.

8. നോർവെയിലെ മാരിടൈം മോണിറ്ററിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്തത് പ്രകാരം മാരിടൈം സസ്റ്റൈനബിൾ ഹബ്ബിൽ വ്യവസായം, ഫിഷറീസ്, ടൂറിസം, തുറമുഖ വകുപ്പ് എന്നീ കൺസോർഷ്യം ആയി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ആയത് സംബന്ധിച്ച് സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

9. നോർവെയിലെ Orkla Group-മായി യോഗം ചേരുകയും കേരളത്തിൽ 150 കോടി രൂപ നിക്ഷേപിക്കുമെന്ന് കമ്പനി അറിയിച്ചിട്ടുമുണ്ട്. അവരുടെ അത്യാധുനിക ഭക്ഷ്യ പരിശോധനയ്ക്ക് ലാബ് സർട്ടിഫിക്കറ്റിന് മാതൃക റിസർച്ച് സൗകര്യം എന്നിവ ഇവിടെ സ്ഥാപിക്കുമെന്നും അവർ അറിയിച്ചിട്ടുണ്ട്. Farmers Producers Organisation-നുകളുമായി അവർ സഹകരിക്കും.

10. Norwegian Institute of Public Health സന്ദർശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ധാരണാപത്രം ഒപ്പിടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

11. Bergen-നിലെ കേരള Diaspora-യുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള റിസർച്ച്

കോഴ്സിന് വികസിത രാജ്യങ്ങളിൽ റിസർച്ചിന് സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

12. Welsh School of Architecture, University of Caroliff സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ അവർ കേരളത്തിൽ വന്ന് കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങൾക്ക് അവരുടെ സഹായം ഉപയോഗിക്കാമെന്ന് അറിയിച്ചു. കേരളത്തിലെ സർവ്വകലാശാലകളുമായി ഗവേഷണരംഗത്ത് അവർ സഹകരിക്കുമെന്ന് അറിയിച്ചു.

13. നോർവേയിലെ പെൻഷൻ സംവിധാനം പഠിക്കുന്നത് തീരുമാനിക്കുകയും ഇതിന് പ്ലാനിംഗ് ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രളയാനന്തരം മുഖ്യമന്ത്രി നടത്തിയ വിദേശ സന്ദർശനത്തെ തുടർന്ന് റൂം ഫോർ റിവർ (നദിക്ക് ഒഴുകാൻ ഇടം) എന്ന ആശയം എത്രത്തോളം പ്രാവർത്തികമായി എന്ന് വെളിപ്പെടുത്താമോ?

" റൂം ഫോർ റിവർ " പദ്ധതി പമ്പ, അച്ചൻകോവിൽ നദികളുടെ നവീകരണം, തോട്ടപള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ, ബൈപാസ്സ് കനാലുകളുടെ നവീകരണം, നദിയുടെ വീതിയും ആഴവും വർദ്ധിപ്പിക്കൽ, ഫ്ളഡ് റെഗുലേറ്ററുകളുടെ നിർമ്മാണം, പുലിമുട്ട് നിർമ്മാണം, ഹൈഡ്രോ

ഡൈനാമിക് പഠനം, എ.സി. കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന സമഗ്ര പദ്ധതി റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. ഇതിനായി 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹൈഡ്രോഡൈനാമിക് പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി 4.50 കോടി രൂപ RKI-യിൽ വകയിരുത്തിയിട്ടുണ്ട്. ഹൈഡ്രോഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.റ്റി-യെ ഏൽപ്പിക്കുകയും ആയത് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുള്ളതാണ്. രണ്ടു രീതികളിലായാണ് റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

1) ലഘുവായ പരിഹാരങ്ങളും (soft solution)

2) ദൃഢമായ പരിഹാരങ്ങളും (hard solution)

നദികളിൽ വന്നുചേരുന്ന അരുവികളിൽനിന്നും മാലിന്യങ്ങളും പോളകളും നീക്കം ചെയ്യൽ, നദിയോടു ചേർന്നുകിടക്കുന്ന പാടശേഖരങ്ങളുടെ പുറം ബണ്ടു ബലപ്പെടുത്തൽ എന്നീ പ്രവൃത്തികളാണ് ലഘുവായ പരിഹാരങ്ങൾ വിഭാവനം ചെയ്യുന്നത്. റെഗുലേറ്ററുകൾ, പെർഫറേറ്റഡ് ചെക്ക് ഡാമുകൾ

പോലുള്ള നിർമ്മിതികളുടെ നിർമ്മാണമാണ് ദൃഢമായ പരിഹാരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**കുട്ടനാട്ടിൽ എൻ.സി.സി. കേഡറ്റുകൾക്കായി ട്രെയിനിംഗ് സെന്റർ നിർമ്മാണം**

**13** (13) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ എൻ.സി.സി. കേഡറ്റുകൾക്കായി ഒരുക്കുന്ന ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ഈ സെന്ററിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി നേവൽ എൻ.സി.സി.-ക്ക് അനുവദിക്കുകയും എൻ.സി.സി.യുടെ ആവശ്യപ്രകാരം നേവൽ ഓഫീസ്, നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി.-ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48

ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമോ?

ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ കോടതി പരിഗണനയിലുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നടപടികളിലേയ്ക്ക് കടക്കുന്നതിന് പരിമിതികളുണ്ട്.

(ഡി) ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ വിദ്യാർത്ഥികൾക്കും കുട്ടനാടിനും എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ കുട്ടനാട്ടിലെയും ആലപ്പുഴ ജില്ലയിലെയും കേഡറ്റുകൾക്ക് മികച്ച പരിശീലനം നൽകുവാൻ സാധിക്കും.

പരിശീലന കേന്ദ്രത്തിൽ ഇന്ത്യൻ നേവിയുടെ പ്രാഥമിക പരിശീലനം, ക്യാമ്പ് പരിശീലനം, ജലയാത്ര പരിശീലനം, സ്കൂബ ഡൈവിംഗ്, ഫയറിംഗ് തുടങ്ങിയ സാഹസിക പരിശീലനങ്ങളും; പുനീത് സാഗർ അഭ്യാൻ, എയ്ഡ്സ് ബോധവൽക്കരണം, റോഡ് സുരക്ഷ ക്ലാസ്സുകൾ, പ്രാഥമിക സുരക്ഷ പരിശീലനങ്ങൾ, മൊബൈൽ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ലഹരിവിരുദ്ധ ക്യാമ്പയിൻ തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ സാധിക്കും. കൂടാതെ കുട്ടനാട്ടിലെ പ്രളയസമയത്ത് അടിയന്തരഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിന് നേവൽ ട്രെയിനിംഗ് സെന്റർ ഷെൽട്ടർ ആയി ഉപയോഗിക്കുവാനും നേവി ഓഫീസർമാരുടെ സേവനവും, നേവിയുടെ സുരക്ഷ ഉപകരണങ്ങളും പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

**രാജ്ഭവൻ മാർച്ചിൽ സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുത്തതായ പരാതി**

14 (14) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 നവംബർ മാസത്തിൽ സംസ്ഥാനത്ത് ഒരു രാഷ്ട്രീയപാർട്ടി നടത്തിയ രാജ്ഭവൻ മാർച്ചിൽ സർവീസ് ചട്ടങ്ങൾ ലംഘിച്ച് സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അവരുടെ ഫോട്ടോ അടക്കം പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് പരാതി നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) പങ്കെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് ഗവർണർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ - എഫ്) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയുടെ പകർപ്പ് ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി തുടർ നടപടിക്കായി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം**

15 (15) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലെ ഫയലുകളുടെ സ്ഥിതിവിവരം സാധാരണ ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ വിഭാവനം ചെയ്ത ഇ-ഓഫീസ് സംവിധാനത്തിനുകീഴിൽ വരാൻ ഏതൊക്കെ ഓഫീസുകളാണ് ഇനി ബാക്കിയുള്ളത്; വിശദമാക്കാമോ?

62 ഡയറക്ടറേറ്റുകൾ, 10 കമ്മീഷണറേറ്റുകൾ, 68 മറ്റ് ഓഫീസുകൾ എന്നിവ ഉൾപ്പെടെ 140 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. 8 ഡയറക്ടറേറ്റുകളിൽ ഇതര ഡിജിറ്റൽ ഫയലിംഗ് സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടില്ലാത്ത കാഴ്ചബംഗ്ലാവ്-മൃഗശാല വകുപ്പിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായ ഓഫീസുകളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു.

(ബി) എല്ലാ സർക്കാർ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിന് കീഴിലാകുന്നതോടെ കടലാസുപയോഗത്തിൽ

എത്രമാത്രം കുറവ് വരുത്താനും ഇതുവഴി ഓഫീസ് ചെലവ് എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്?

ഇ-ഓഫീസ് സംവിധാനം ഒരു കടലാസുരഹിത സംവിധാനം ആകയാൽ കടലാസിന്റെ ആവശ്യം ഉണ്ടാകുന്നില്ല എന്നതിനാൽ ഓഫീസ് ചെലവിൽ ഗണ്യമായ കുറവ് വരുത്തുവാൻ സാധിക്കുന്നതാണ്.

(സി) മുമ്പ് ഇ-ഓഫീസ് സംവിധാനത്തിൽ സെക്രട്ടേറിയറ്റ് ഫയലുകൾ സംബന്ധിച്ച് ദൈനംദിന നീക്കങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി അറിയാൻ കഴിയുമായിരുന്ന സംവിധാനം ഇപ്പോൾ നീക്കിയതിന്റെ കാരണം വിശദമാക്കുമോ; ഇവ പഴയപോലെ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും (https://eoffice.kerala.gov.in/) പരിഷ്കരിക്കേണ്ടതായിവന്നു. നവീകരണസമയത്ത് സിറ്റിസൺ പോർട്ടലിന്റെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെടുകയും മുൻപ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിക്കുകയും പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ഏത് സ്മാർട്ട് മൊബൈൽ ഫോണുകളിലും ഇന്റർനെറ്റ് ഉപയോഗപ്പെടുത്തി ഇ-ഓഫീസ് പോർട്ടലിൽ നിന്നുള്ള ഫയൽ നീക്കം നിരീക്ഷിക്കാൻ കഴിയുമായിരുന്ന സംവിധാനം ഇപ്പോൾ പഴയതുപോലെ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഫയലുകളുടെ തൽസ്ഥിതി അറിയുന്നതിനുള്ള സിറ്റിസൺ പോർട്ടലിന്റെ പഴയ വേർഷൻ മൊബൈൽ ഫ്രണ്ട്‌ലി ആയിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സ്മാർട്ട് ഡിവൈസസുകളിൽകൂടി സിറ്റിസൺ പോർട്ടൽ യൂസർ ഫ്രണ്ട്‌ലി ആക്കണമെന്ന് പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനോട് (NIC) ആവശ്യപ്പെടുകയും തൽഫലമായി പുതിയ വേർഷൻ നിലവിൽ വന്നപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളതുമാണ്.

## കേന്ദ്ര സർക്കാറിന്റെയും വിവിധ ഏജൻസികളുടെയും പുരസ്കാരങ്ങൾ/അംഗീകാരങ്ങൾ

16 (16) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2 വർഷത്തിനിടയിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നീ വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും ഏതെങ്കിലും പുരസ്കാരങ്ങൾ/അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) ഉണ്ട്. കഴിഞ്ഞ 2 വർഷത്തിനിടയിൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നീ വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും ലഭിച്ച പുരസ്കാരങ്ങൾ/അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.

1. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം.

2. 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം.

3. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.

4. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.

5. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തു.

6. അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.

7. ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം.

8. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0-ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.

9. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.

10. രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്

11. കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം.

12. മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു.

13. വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം.

14. കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്.

15. പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം.

16. പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ്. ഇന്ത്യ) 11-ാമത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്

17. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം.

18. നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.

19. ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021-ൽ കേരളം ഭാരത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി പ്രാഖ്യാപിച്ചു.

20. പുരപ്പുറ സോളാർ പദ്ധതിക്ക് EQ International Magazine പുരസ്കാരം. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.

21. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.

22. ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.

23. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഭാരത സർക്കാരിന്റെ മിനിസ്റ്ററി ഓഫ് ഫിനാൻസിന്റെ സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ കരസ്ഥമാക്കിയിട്ടുണ്ട്.

24. ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഐ.ഇ.ഇ.ഇ.സ്റ്റുഡന്റ്സ് ചാപ്റ്ററിന് ഐ.ഇ.ഇ.ഇ.പി.ഇ.എസ്. കേരള ഘടകത്തിന്റെ 2021-ലെ സ്വർണഫലകം ലഭിച്ചു. കൂടാതെ കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന് 2021-ൽ ബെസ്റ്റ് പ്രോഗ്രാം ഓഫീസർ അവാർഡ്, ബെസ്റ്റ് സ്റ്റുഡന്റ്സ് വോളണ്ടീയർ അവാർഡ്, ബെസ്റ്റ് യൂണിറ്റ് ക്യാഷ് അവാർഡ് എന്നിവ ലഭിക്കുകയും ചെയ്തു.

25. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ നല്കുന്ന National

Award for Performance Excellence for State Channelising Agencies (NAPE) അവാർഡും ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വനിതാ ശാക്തീകരണ പദ്ധതിയായ വനമിത്ര പദ്ധതിയിലെ രണ്ട് വനിതാ സംരഭകർക്ക് ആദരവും ലഭിച്ചു.

26. കേരള സംസ്ഥാന കയർ കോർപ്പറേഷന് 2018-19 വർഷത്തെ പ്രൊഡക്റ്റിവിറ്റി കൗൺസിലിന്റെ അവാർഡ് 2021 ഫെബ്രുവരിയിൽ ലഭിച്ചു.

27. സംസ്ഥാന നാഷണൽ സർവ്വീസ് സ്കീമിന് നാഷണൽ സർവ്വീസ് സ്കീം ദേശീയ അവാർഡ്.

28. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് Society of Indian Aerospace Technologies & Industries (SIATI) Award – 2022, പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന 10 കമ്പനികളിൽ ഒന്നായി Industry Outlook Magazine സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ തെരഞ്ഞെടുത്തു. Hindustan Aeronautics Limited ഏറ്റവും മികച്ച ഫോർജിംഗ് കമ്പനി എന്ന പുരസ്കാരം ലഭിച്ചു.

29. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ 2020-ലെ സുരക്ഷാ അവാർഡ്.

30. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് Certificate of Appreciation from Bureau of Indian Standards, മികച്ച നിലയിൽ കമ്പനിയിൽ കൃഷി രീതികൾ നടപ്പാക്കിയതിന് കൃഷി വകുപ്പിൽ നിന്നുള്ള ഒന്നാം സമ്മാനം, സംസ്ഥാന കർഷക അവാർഡ് 2020, BIS Certification എന്നീ പുരസ്കാരങ്ങൾ.

31. കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ "നിഷിദ്ധോ" എന്ന ചിത്രത്തിന് കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ഒട്ടാവ ഇൻഡ്യൻ ഫിലിം അവാർഡും ചിത്രത്തിന്റെ സംവിധായികയ്ക്ക് 26-ാമത് IFFK-യിൽ മികച്ച ഇൻഡ്യൻ നവാഗത സംവിധായികയ്ക്കുള്ള FFSI K.R. Mohanan അവാർഡും ലഭിച്ചു.

കോർപ്പറേഷന്റെ തിരുവനന്തപുരം കൈരളി തിയേറ്ററിന് 26-ാമത് IFFK യിൽ മികച്ച സാങ്കേതിക സൗകര്യങ്ങൾക്കുള്ള തിയേറ്റർ എന്ന അംഗീകാരം.

## വീട്ടുവാടക ബത്ത നിരക്കിലെ വ്യത്യാസം

17 (17) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പരിധിയിലും നഗരപരിധിയിലും ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് എത്ര ശതമാനം വീട്ടുവാടക ബത്തയ്ക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

10.02.2021-ലെ സ.ഉ (അ) നം.27/2021/ധന. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ചുവടെ ചേർക്കും വിധത്തിലാണ് ജീവനക്കാർക്ക് വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നത്.

കോർപ്പറേഷൻ പരിധി (10%)

ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)

ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തുള്ള മുനിസിപ്പാലിറ്റികൾ (6%)

പഞ്ചായത്ത് പ്രദേശങ്ങൾ (4%)

(ബി) കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനിൽ ഉൾപ്പെടെ രണ്ടുതരം വീട്ടുവാടക ബത്ത നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് സിവിൽ സ്റ്റേഷനിൽ റവന്യൂ വകുപ്പിലെ ഏതാനം ജീവനക്കാർക്ക് 4 ശതമാനം വീട്ടുവാടക അലവൻസ് മാത്രം കിട്ടുമ്പോൾ മറ്റു വിവിധ വകുപ്പുകളിൽ ജീവനക്കാർക്ക് 6 ശതമാനം നൽകിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കോർപ്പറേഷൻ പരിധിക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ജില്ലകളിലെ ആസ്ഥാനങ്ങൾക്ക് നിശ്ചിത ഭൂപരിധി 3 കിലോമീറ്റർ ചുറ്റളവ് എന്ന ഇളവ് പ്രയോജനപ്പെടുത്തി വീട്ടുവാടക ബത്ത നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

എറണാകുളം ജില്ലയിലെ കാക്കനാട് സിവിൽ സ്റ്റേഷന്റെ 3 കിലോമീറ്റർ പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ക്ലാസ്-എ നിരക്കിൽ വീട്ടുവാടക ബത്ത അനുവദിക്കുന്നുണ്ട്.

(ഇ) കാസർഗോഡ് സിവിൽ സ്റ്റേഷൻ നഗരസഭയുടെ എത്ര മീറ്ററിനുള്ളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; സിവിൽ സ്റ്റേഷനും അനുബന്ധ ഓഫീസുകളും ചെങ്കള പഞ്ചായത്തിലും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിന്റെ ചിലഭാഗം കാസർകോഡ് നഗരസഭാ അതിർത്തിയിലും സ്ഥിതി ചെയ്യുന്ന കാസർകോഡ് സിവിൽ സ്റ്റേഷനിലെ

ജീവനക്കാർക്ക് 6 ശതമാനം വീട്ടുവാടക ബത്ത നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കാസർഗോഡ് സിവിൽ സ്റ്റേഷൻ, നഗരസഭയുടെ അതിർത്തിയിൽ ചെങ്കള പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. 10.02.2021-ലെ സ.ഉ (അ) നം.27/2021/ധന. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് 4% വീട്ടുവാടക ബത്തയ്ക്കാണ് അർഹതയുള്ളത്. കാസർകോഡ് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് 6 ശതമാനം വീട്ടുവാടക ബത്ത നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സെക്രട്ടറിയേറ്റിൽ എ.സി. സ്ഥാപിക്കുന്നത് സംബന്ധിച്ച്

18 (18) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ മന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും ഓഫീസുകളിലേയ്ക്കും സെക്രട്ടറിയേറ്റിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ ഓഫീസുകളിലേയ്ക്കും

എ.സി. വാങ്ങുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ മന്ത്രിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും ഓഫീസുകളിലേയ്ക്കും സെക്രട്ടറിയേറ്റിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ ഓഫീസുകളിലേയ്ക്കും എ.സി. വാങ്ങിയതിനായി യഥാക്രമം Rs.18,33,265 (പതിനെട്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്റി അറുപത്തഞ്ച് മാത്രം) രൂപയും Rs.1,24,013 (ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തി പതിമൂന്ന് മാത്രം) രൂപയും Rs.1,73,933 (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി തൊള്ളായിരത്തി മുപ്പത്തിമൂന്ന് മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രകാരം സ്ഥാപിച്ച എ.സി.കൾ ഒരു വർഷത്തിനുള്ളിൽ കേടുപാട് സംഭവിച്ച് പ്രവർത്തനക്ഷമമല്ലാതായിട്ടുണ്ടോ; എങ്കിൽ എത്ര എ.സി.കൾക്ക് ഇപ്രകാരം കേടുപാട് സംഭവിച്ചിട്ടുണ്ട്; ഇത്തരം എ.സി.കൾ മാറ്റി പുതിയത് സ്ഥാപിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഓഫീസുകളിലാണ് ഇപ്രകാരം മാറ്റി സ്ഥാപിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച എയർകണ്ടീഷണറുകൾ ഒന്നുംതന്നെ ഒരു വർഷത്തിനുള്ളിൽ പ്രവർത്തനക്ഷമമല്ലാതായിട്ടില്ല.

(സി) സെക്രട്ടറിയേറ്റിൽ എ.സി. സ്ഥാപിക്കുന്നതിനായി കരാർ നൽകിയിട്ടുള്ളത് ഏത് സ്ഥാപനത്തിനാണ്; വിശദാംശം ലഭ്യമാക്കുമോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ എയർകണ്ടീഷണറുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സ്ഥാപനത്തിന് കരാർ നൽകിയിട്ടില്ല. എയർകണ്ടീഷണർ സ്ഥാപിക്കുന്ന ഓരോ പ്രവൃത്തിയും പൊതുമരാമത്ത് വകുപ്പ് വഴി ഇ-ടെണ്ടർ ചെയ്ത് അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിനാണ് കരാർ നൽകുന്നത്.

**സിൽവർലൈൻ പദ്ധതി**

19 (19) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**വടകര-മാഹി കനാൽ പ്രവൃത്തി**

20 (20) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ പ്രവൃത്തിയുടെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെയും നാലാം റീച്ചിലെ കളിയാംവെള്ളി പാലത്തിന്റെയും പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടങ്കൽ തുകയും പൂർത്തീകരിക്കേണ്ട കാലയളവും എത്രയെന്ന് അറിയിക്കാമോ?

വടകര-മാഹി കനാൽ പ്രവൃത്തിയുടെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിനായി 25 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് ചീഫ് ടെക്നിക്കൽ

എക്സാമിനറുടെ പരിശോധനയിലാണ്. കളിയാംവള്ളി പാലം നിർമ്മാണത്തിനായി IDRB മുഖേന ഡിസൈൻ ലഭ്യമാക്കി DPR തയ്യാറാക്കിയെങ്കിലും വടകര-മാഹി കനാലിന് കുറുകെ മറ്റ് സമാന പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) നല്കിയ സാങ്കേതിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ ഭേദഗതി ചെയ്യുന്നത് പരിശോധിച്ചുവരുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ.

(ബി) വടകര-മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പ്രവൃത്തി വൈകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; മൂന്നാം റീച്ചിൽ കനാൽ നിർമ്മിക്കുന്നതിന് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം റീച്ചിൽ LBS തയ്യാറാക്കിയ ഡിസൈന്റെ പ്രായോഗികതയും സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈന്റെ

സാധ്യതയും പരിശോധിച്ച് വരുന്നതിനാൽ LBS ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡിസൈൻ പ്രകാരമുള്ള DPR-ന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല.

(സി) മൂന്നാം റീച്ചിലെ ചേരിപ്പോയിൽ അക്വഡക്ട് പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; മൂന്നാം റീച്ചിലെ മറ്റ് വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം അറിയിക്കാമോ?

ചേരിപ്പോയിൽ അക്വഡക്ട് പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാം റീച്ചിലെ പറമ്പിൽ പാലവും തച്ചോളിത്താഴെ, രാജവീഥി എന്നീ നടപ്പാലങ്ങളും നേരത്തെ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ടി പ്രവൃത്തിയുടെ നാലാം റീച്ചിലെ വെങ്ങോളി പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ?

പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതി - 30.11.2023

അടങ്കൽ തുക- 17.06 കോടി രൂപ

(ഇ) വടകര മാഹി കനാൽ പ്രവൃത്തിയുടെ റീച്ച് അഞ്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 16.59 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. തുക അനുവദിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കാൻ കഴിയും.

(എഫ്) വടകര-മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുക്കുന്ന മണ്ണ് ഡെപ്പോസിറ്റ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

ഉണ്ട്. മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ പലതവണ റവന്യൂ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തിരുന്നു. എന്നാൽ അനുയോജ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

21 (21) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് ലഭ്യമല്ലാത്ത പൊതുജനങ്ങൾക്ക് മെഡിസെപ് മാതൃകയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് ആലോചനയിലുണ്ടോ; വിശദീകരിക്കാമോ;

(ബി) ബി.പി.എൽ. കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിഹിതം നല്കിയും എ.പി.എൽ. കുടുംബങ്ങൾക്ക് സ്വന്തം നിലയിൽ വരിസംഖ്യ അടച്ചും പദ്ധതി നടപ്പാക്കുന്നത് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS PLUS എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. ഈ പദ്ധതിയിൽ വിവിധ സ്പെഷ്യാലിറ്റികളിലായി അനവധി ചികിൽസാ പാക്കേജുകൾ നിലവിലുണ്ട്. 2018-19 കാലഘട്ടത്തിൽ RSBY

കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഒരു കാർഡിലെ കുടുംബാംഗങ്ങൾക്ക് ഒരു വർഷം 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയുടെ ചികിത്സ സഹായമാണ് നൽകി വരുന്നത്. നിലവിൽ 41.8 ലക്ഷം പേർ ഈ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകി വരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോ എന്നതും സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ വിദേശയാത്രയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വികസനം

22 (22) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രി ഏറ്റവും അടുത്ത കാലത്ത് നടത്തിയ വിദേശയാത്രയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വികസനത്തിന് സഹായകരമാംവിധം എന്തെല്ലാം വിഷയങ്ങളിൽ ധാരണകളും ഉറപ്പുകളും ലഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ?

2022 ഒക്ടോബർ 2 മുതൽ 12 വരെ സംസ്ഥാനത്തുനിന്നും ഒരു ഉന്നതതല സംഘം ഫിൻലൻഡ്, നോർവേ, യു.കെ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് പ്രസ്തുത സന്ദർശനം സഹായകരമാകുമെന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫിൻലൻഡ്

ഫിൻലൻഡിലെ പ്രാരംഭ ശൈശവ വിദ്യാഭ്യാസം, പ്രീ-പ്രൈമറി, എലമെന്ററി, സെക്കൻഡറി വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖല, വയോജന പരിപാലനം, പെൻഷൻ പദ്ധതി എന്നിവ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പരസ്പര സഹകരണത്തിന് ധാരണയായിട്ടുണ്ട്. ടൂറിസം രംഗത്തെ സഹകരണത്തിനും

ആരോഗ്യ മേഖലയിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പതിനായിരം നഴ്സ്മാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്ത് പുതുതായി നഴ്സിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും സർവ്വകലാശാലകളിൽ വിദേശ ഭാഷകൾക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗ്രീൻ എനർജി, മറൈൻ മേഖല, ലൈഫ് സയൻസ്, പെട്രോകെമിക്കൽസ്, നാനോ മെറ്റീരിയൽസ്, ഗ്രാഫീൻ മുതലായ സാങ്കേതിക വിദ്യാഭ്യാസമേഖലകളിലെ സഹകരണത്തിനുള്ള സാദ്ധ്യതകൾ, പരിസ്ഥിതി സൗഹൃദ വികസന മേഖലകളിലെ സഹകരണം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിൽ ആരംഭിക്കുന്ന സസ്റ്റെയിനബിൾ മാരിടൈം ടെക്നോളജി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഊർജ്ജ, മറൈൻ ബിസിനസ് രംഗത്തെ ഫിൻലാൻഡ് കമ്പനിയായ 'വാർട്സില' സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

നോർവേ

ഫിഷറീസ് രംഗത്തെ വൻശക്തികളിലൊന്നായ നോർവ്വെയുമായി സഹകരണം ശക്തമാക്കാൻ നടത്തിയ ചർച്ചകൾ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് കുതിപ്പ് നൽകുന്നതാണ്. കേരളത്തിൽ മാരിടൈം ക്ലസ്റ്റർ

ര്രൂപപ്പെടുത്തുന്നതിനും ഫിഷറീസ്, അക്വാകൾച്ചർ രംഗത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും നോർവീജിയൻ സർക്കാരിന്റെ വ്യക്തമായ ഉറപ്പ് ലഭിക്കുകയുണ്ടായി. ഫിഷ് ന്യൂട്രിഷൻ, ഫീഡ് റിസർച്ച് ആന്റ് ഹെൽത്ത് മാനേജ്മെന്റ്, മറൈൻകേജ് കൾച്ചർ, കപ്പാസിറ്റി ബിൽഡിംഗ്, സ്റ്റുഡന്റ് ആന്റ് ഫാക്കൽട്ടി എക്സ്ചേഞ്ച്, കേജ് ഫാർമിംഗ് വഴിയുള്ള ഓഫ് ഷോർ അക്വാകൾച്ചർ, കയറ്റുമതിക്കുള്ള പുനഃചംക്രമണ മത്സ്യകൃഷി തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിനും തൊഴിൽ സാധ്യതകൾക്കും കൂടുതൽ സഹകരണം ഉറപ്പുവരുത്താൻ സാധിച്ചു. കേരള ഫിഷറീസ് സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണ പരിശീലനം നൽകുന്നതിന് നോർദ് യൂണിവേഴ്സിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളെ നേരിടൽ, വയനാട് തുരങ്കപാത നിർമ്മാണം, തീരശോഷണം തടയൽ എന്നീ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാൻ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് താൽപ്പര്യം പ്രകടിപ്പിച്ചു. ഓസ്ലോയിൽ നടത്തിയ ഇൻവെസ്റ്റേഴ്സ് റൗണ്ട് ടേബിളിൽ ഹൈഡ്രജൻ പ്രൊ, ടോമ്ര, കാമ്പി ഗ്രൂപ്പ്, ഓർക്ക്‌ലെ എന്നീ നോർവീജിയൻ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താനുള്ള താല്പര്യം പ്രകടിപ്പിച്ചു. കേരളത്തിൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ 150 കോടി രൂപയുടെ തുടർ

നിക്ഷേപം നടത്തുമെന്ന് ഓർക്ക്‌ലെ അധികൃതർ ഉറപ്പു നൽകിയിട്ടുണ്ട്. കൊച്ചിയിൽ ആരംഭിക്കുന്ന മാരിടൈം ക്ലസ്റ്ററുമായി സഹകരിക്കുവാൻ അസ്കോ മാരിടൈം സന്നദ്ധത പ്രകടിപ്പിച്ചു. Nansen Environmental Sensing Centre, Institute of Marine Research എന്നിവയുമായി കൂടുതൽ സഹകരണത്തിന് ധാരണയായിട്ടുണ്ട്. കേരളത്തിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ പ്രമുഖ ഇലക്ട്രിക്ക് ബാറ്ററി നിർമ്മാതാക്കളായ കോർവസ് എനർജി മുന്നോട്ട് വന്നിട്ടുണ്ട്. വൈദ്യുതി അധിഷ്ഠിത ജലഗതാഗത രംഗത്ത് കോർവസ് എനർജി, മാരിനോർ എന്നീ കമ്പനികളുമായി കൂടുതൽ സഹകരണം പ്രതീക്ഷിക്കുന്നു. കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാനും നിക്ഷേപം നൽകാനും തയ്യാറായി നോർവ്വേയിലെ മലയാളി സമൂഹം മുന്നോട്ടു വന്നതായിരുന്നു വിദേശ സന്ദർശനത്തിന്റെ പ്രധാന നേട്ടം.

യു.കെ.

ലോക കേരള സഭയുടെ യൂറോപ്പ് ആന്റ് യു.കെ. മേഖലാ സമ്മേളനത്തിൽ പത്ത് യൂറോപ്യൻ രാജ്യങ്ങളിൽനിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. വിദേശത്തുള്ള പ്രൊഫഷണലുകളുടെ കഴിവും നൈപുണ്യവും വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ, വിദ്യാർത്ഥി കുടിയേറ്റം,

യൂറോപ്പിലേക്കുള്ള അനധികൃത റിക്രൂട്ട്മെന്റ്, പ്രവാസി സംഘടനകളുടെയും ലോക കേരള സഭയുടെയും പ്രവർത്തന ഏകോപനം, സ്ഥിര കുടിയേറ്റം നടത്തിയവർക്ക് കൂടുതൽ സേവനങ്ങൾ നാട്ടിൽ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, സ്കിൽ മാപ്പിംഗ് ഉൾപ്പെടെ സാധ്യമാക്കുന്ന രീതിയിൽ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുക തുടങ്ങി നിരവധി വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്തു. സമ്മേളനത്തിൽ വച്ച് കേരളത്തിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർക്കും സോഷ്യൽ വർക്കർമാർക്കും യു.കെ. യിലേയ്ക്ക് തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിനുള്ള അർത്ഥവത്തായ ഇടപെടൽ സാധ്യമായി. ഇതിനുവേണ്ടി യു.കെ.യിലെ ദേശീയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ണർഷിപ്പുകളിൽ ഒന്നായ ഹംബർ ആന്റ് നോർത്ത് യോർക്ക്ഷയർ ഹെൽത്ത് ആന്റ് കെയർ പാർട്ണർഷിപ്പ്, ലിങ്കൺ ഷയറിലെ ഹെൽത്ത് സർവീസിന്റെ മാനസിക ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നാവിഗോ എന്നിവരുമായി നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പുവച്ചു. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ ആരോഗ്യ മേഖലയിലെ പ്രൊഫഷണലുകൾക്ക് സുഗമവും സുരക്ഷിതവുമായ കുടിയേറ്റം സാധ്യമാക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ ആരോഗ്യമേഖലയിലെ വിവിധ പ്രൊഫഷണലുകൾക്കായി 3000-

ത്തിലധികം ഒഴിവുകളിലേക്ക് ഇതുവഴി തൊഴിൽ സാധ്യത ലഭ്യമാകും. സംസ്ഥാനത്തുനിന്ന് നഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് ഈ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. സമീപകാലത്ത് നാം നേരിടുന്ന അനധികൃത റിക്രൂട്ട്മെന്റ്, വീസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നീ ഗുരുതരമായ പ്രശ്നങ്ങൾ തടയാൻ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പ്രത്യേക പരിപാടി സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളുടെ വികാസത്തിന്റെയും ശാസ്ത്ര സാങ്കേതിക ഗവേഷണത്തിന്റെയും സാധ്യതകൾ കേരളത്തിന്റെ വികസനത്തിനായി എങ്ങനെ ഉപയോഗിക്കാമെന്ന് മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബറോ, സൈഗൻ സർവ്വകലാശാലകളിലെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഗ്രാഫീൻ മേഖലയിലെ സഹകരണത്തിനായി ഈ സർവ്വകലാശാലകളുമായി കേരള ഡിജിറ്റൽ സർവകലാശാല ധാരണാപത്രം ഒപ്പുവച്ചു. കൊച്ചിയിൽ ആരംഭിക്കുന്ന ഗിഫ്റ്റ് സിറ്റിയിൽ നിക്ഷേപം നടത്തുന്നതിന് പ്രമുഖ കമ്പനികളുമായി ചർച്ച നടത്തുന്നത് സംബന്ധിച്ചും ധാരണയായിട്ടുണ്ട്. വെയ്ൽസിലെ ആരോഗ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ കേരളത്തിൽ നിന്നുള്ള ആരോഗ്യമേഖലയിലെ പ്രൊഫഷണലുകളുടെ സേവനം വെയിൽസിൽ ഉപയോഗപ്പെടുത്തുന്നതിന് ധാരണാപത്രം

ഒപ്പുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഡിഫ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ആർക്കിടെക്ചറിലെ വിദ്യാർത്ഥികളും ഫാക്കൽട്ടികളുമായി കേരള സംഘം ആശയവിനിമയം നടത്തിയിട്ടുണ്ട്. കാർഡിഫ് യൂണിവേഴ്സിറ്റിയുടെ പഠനത്തിൽ കൊച്ചി നേരിടുന്ന ശബ്ദമലിനീകരണം, ജലമലിനീകരണം, ഗതാഗതപ്രശ്നങ്ങൾ, ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത എന്നിവയെല്ലാം വിശദമായി പ്രതിപാദിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിന്റെ വിശദമായ പഠനത്തിനും തുടർ ചർച്ചകൾക്കുമായി കാർഡിഫ് യൂണിവേഴ്സിറ്റിയുടെ ഒരു സംഘം ജനുവരിയിൽ സംസ്ഥാനത്ത് എത്തുന്നുണ്ട്. സംസ്ഥാനത്തെ പ്ലാനിംഗ് വിഭാഗവും ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി ഇതുസംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതാണ്. ലണ്ടനിൽ ഹിന്ദുജ ഗ്രൂപ്പ് ചെയർമാൻ ശ്രീ. ഗോപിചന്ദ് ഹിന്ദുജയുമായി നടന്ന ചർച്ചയിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖല, അശോക് ലൈലാൻഡ് ഇലക്ട്രിക് ബസ് നിർമ്മാണം, സൈബർ, ഫിനാൻസ് മേഖലകളിൽ കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് ഹിന്ദുജ ഗ്രൂപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ സിറ്റി ഗ്യാസ് പദ്ധതി

23 (23) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി ഗ്യാസ് പദ്ധതി കണ്ണൂർ ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ അനുബന്ധമായി ചേർക്കാമോ?

(എ & ബി) കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വാർഡ് നമ്പർ 15, കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതി പ്രകാരം പൈപ്പിലൂടെയുള്ള പ്രകൃതി വാതക ഗാർഹിക വിതരണ ശൃംഖല നടപ്പിലായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കാസർഗോഡ് വികസന പാക്കേജ്

24 (24) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗെഡ് വികസന പാക്കേജ് നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13.08.2014-ലെ സ.ഉ.സാധാ നം.373/2014/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിലാണ് കാസർഗോഡ് വികസന പാക്കേജ് നിലവിൽ വന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പാക്കേജ് നിലവിൽ വന്നതിനുശേഷം സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടേയും വർഷം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2013-14 | 2500.00 | 2440.00 |
| 2 | 2014-15 | 7500.00 | 6870.00 |
| 3 | 2015-16 | 8500.00 | 7353.30 |
| 4 | 2016-17 | 8798.00 | 8489.51 |
| 5 | 2017-18 | 9000.00 | 3527.92 |
| 6 | 2018-19 | 9500.00 | 275.27 |
| 7 | 2019-20 | 9065.00 | 2102.91 |
| 8 | 2020-21 | 7500.00 | 4932.17 |
| 9 | 2021-22 | 7832.00 | 6480.64 |
| 10 | 2022-23 | 7500.00 | 2908.70 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാസർഗോഡ് പാക്കേജിൽനിന്ന് തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

13.08.2014-ലെ സ.ഉ. സാധാ നം.373/2014/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് തുക ചെലവഴിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത പാക്കേജ് നിലവിൽ വന്നതിനുശേഷം ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ഇ) പ്രവൃത്തികൾ ടെണ്ടർ ചെയ്തതും പൂർത്തീകരിച്ചതും എപ്പോഴാണെന്ന് പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെണ്ടർ ചെയ്തതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പട്ടിക അനുബന്ധം അയു ചേർത്തിരിക്കുന്നു.+

(എഫ്) നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഭരണാനുമതി നൽകാൻ എത്ര പ്രൊപ്പോസലുകൾ ബാക്കിയുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു,+ ഭരണാനുമതി നടപടികൾ പൂർത്തീകരിക്കാൻ 2 പ്രൊപ്പോസലുകൾ ബാക്കിയുണ്ട്. പ്രൊപ്പോസലുകളുടെ പട്ടിക മണ്ഡലം തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ജി) കാസർകോഡ് വികസന പാക്കേജിൽ പ്രവൃത്തികൾ/ പദ്ധതികൾ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കൂടിയാലോചനകളും ചർച്ചകളും നടക്കാറുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കാസർഗോഡ് വികസന പാക്കേജിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് പരിഗണിക്കുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും 5 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾ പരിഗണിക്കുന്നത് ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല കമ്മിറ്റിയുമാണ്. ജില്ലാതല ഉദ്യോഗസ്ഥരുടെ സാമ്പത്തികപരിധിക്ക് മുകളിൽവരുന്ന എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകുന്നത് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള സാങ്കേതിക സമിതിയാണ്. മേൽ പരാമർശിച്ച സമിതികളുടെ ഘടന അനുബന്ധം 7-ൽ ചേർത്തിരിക്കുന്നു.+

## റീബിൽഡ് കേരള

25 (25) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കൊച്ചി നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊച്ചി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## റീബിൽഡ് കേരള പദ്ധതി

26 (26) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## റീബിൽഡ് കേരള പദ്ധതി

27 (27) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) റീബിൽഡ് കേരള പദ്ധതി വഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും അനുമതി ലഭിക്കാത്തവയ്ക്ക് അനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

റീബിൽഡ് കേരള പദ്ധതിവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ റീബിൽഡ് കേരളയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ളവ ഇംപ്ലിമെന്റേഷൻ കമ്മിറ്റി പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആർ.കെ.ഐ. ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ എസ്.എം.എസ്. റോഡിന്റെ നിർമ്മാണം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അനുമതി ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

(ബി&സി) 06-10-2020-ലെ സ.ഉ (സാധാ)നം.1835/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫേസ്-2-ൽ ഉൾപ്പെടുത്തുന്നതിനായി

തെരഞ്ഞെടുക്കപ്പെട്ടിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ പട്ടികയിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തൃക്കൂർ പഞ്ചായത്തിലെ എസ്.എം.എസ്. റോഡ് ഉൾപ്പെടുന്നുണ്ട്. നിലവിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ പൂർത്തിയായശേഷം, ഫണ്ടിന്റെ ലഭ്യത അനുസരിച്ചാകും രണ്ടാം ഘട്ടത്തിലെ റോഡുകൾ ഏറ്റെടുക്കുന്നത്.

## സംസ്ഥാനത്ത് സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി

28 (28) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്തെ നേട്ടങ്ങളുടെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് പുതിയതായി സയൻസ് പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിനനുസരിച്ച് ശാസ്ത്ര-സാങ്കേതിക മേഖലയിലെ നേട്ടങ്ങൾ

കാര്യക്ഷമമായി ഉപയോഗിക്കാൻ കേരളത്തിൽ പുതുതായി നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിൽ ഒരെണ്ണം ' ഡിജിറ്റൽ സാങ്കേതിക വിദ്യകൾ' അധിഷ്ഠിതമായിട്ടുള്ള ഡിജിറ്റൽ സയൻസ് പാർക്ക് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ എന്നിവിടങ്ങളിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ സമീപം സ്ഥാപിക്കുന്നതിന് തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തുനിന്നും വിദ്യാർത്ഥികൾ ഗവേഷണത്തിന് വിദേശ രാജ്യത്ത് പോകുന്ന സ്ഥിതി ഒഴിവാക്കുന്നതിനും ലോകത്തെ പ്രധാനപ്പെട്ട ശാസ്ത്രഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും അവസരമൊരുക്കുമോ; വ്യക്തമാക്കാമോ?

സാധ്യത പരിശോധിച്ചുവരുന്നു.

(സി) സയൻസ് പാർക്കിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ കേരള സയൻസ് പാർക്ക്സ് കമ്പനി ലിമിറ്റഡ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ വിശദമായ പരിശോധനയിലാണ്.

(ഡി) നോളജ് ഇക്കണോമി അടിസ്ഥാനമാക്കി വ്യവസായമേഖല, ഗവേഷണ സംഘടനകൾ, സർവകലാശാലകൾ എന്നിവയുടെ സഹകരണത്തോടെ സയൻസ് പാർക്കുകൾക്കായി പി.പി.പി. മാതൃക പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചുവരികയാണ്.

**തീരദേശ പരിപാലന നിയമത്തിൽ വരുത്തിയ ഭേദഗതികളും ഇളവുകളും**

29 (29) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ 2019 നവംബറിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതികളും ഇളവുകളും വിശദമാക്കാമോ?

2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ 2019 വിജ്ഞാപനപ്രകാരമുള്ള ഭേദഗതികൾ CRZ II-ൽ ഉൾപ്പെടുന്ന നഗരപ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് FSI/FAR, 1991- ലെ FAR തലത്തിൽ നിജപ്പെടുത്തിയിരിക്കുന്നു. നിർമ്മാണപദ്ധതികൾക്ക് നിലവിലുള്ള അംഗീകൃത FSI അനുവദിക്കുന്നതാണ്. പഞ്ചായത്തിന്റെ

പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളെ 2 പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

എ) CRZ III A:- 2011-ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161-ലേറെ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽ വികസന നിഷിദ്ധ മേഖല HTL-നിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്ററായി നിജപ്പെടുത്തി.

ബി) CRZ III B:- 2011-ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമപ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളതുപോലെ HTL-ൽ നിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും. എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 50 മീറ്ററായി വ്യവസ്ഥ ചെയ്തിരിക്കുന്നു. എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 20 മീറ്ററായി നിജപ്പെടുത്തി.

(ബി) സംസ്ഥാനത്ത് ഈ ഇളവുകൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് തീരദേശ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ, എന്നാണ് ചുമതലപ്പെടുത്തയത്; ഇവർ തയ്യാറാക്കിയ തീരദേശ പ്ലാനിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി & സി) 2019 CRZ വിജ്ഞാപനത്തിലെ clause 6 (I) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരംമാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര

വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)-ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശിപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടുകൂടി നാഷണൽ കോസ്റ്റൽ സോൺ

മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തീരദേശത്തെ കൂടുതലായ ജനസാന്ദ്രത കണക്കിലെടുത്ത് ഗ്രാമ പഞ്ചായത്തുകളെ കാറ്റഗറൈസ് ചെയ്യുന്നതുമൂലം പല ഗ്രാമ പഞ്ചായത്തുകളും കാറ്റഗറി III ബി-യിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി & ഇ) ഉണ്ട്. 2019 CRZ വിജ്ഞാപനപ്രകാരം 2011-ലെ സെൻസസ് അടിസ്ഥാനത്തിൽ ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമ പ്രദേശങ്ങളാണ് CRZ III B-യിൽ ഉൾപ്പെടുന്നത്. CRZ വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

## തീരദേശ പരിപാലന പ്ലാൻ

30 (30) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി-

കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം-

പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. ലഭ്യമായ ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)-ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശിപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടു കൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ

അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വലിയപറമ്പ് പഞ്ചായത്തിലെ സി.ആർ.ഇസഡ്. നിയമക്കുരുക്ക്**

31 (31) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. നിയമങ്ങൾമൂലം വലിയപറമ്പ് പഞ്ചായത്തിൽ ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വലിയപറമ്പ് പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മുൻനിർത്തി പ്രസ്തുത നിയമങ്ങളിൽ ഇളവുകൾ പ്രഖ്യാപിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി

-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. തീരദേശ പരിപാലന വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല.

**മലിനീകരണ നിയന്ത്രണ നടപടികൾ**

32 (32) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ നടപടികൾ കൃത്യമായി നടപ്പിലാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തിന് ഹരിത ട്രൈബ്യൂണൽ പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ പ്രാദേശിക തലത്തിൽതന്നെ ഉറപ്പാക്കാൻ സംസ്ഥാനത്തെ നഗരസഭകളിൽ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യസംസ്കരണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി വൻകിട

പ്ലാന്റുകൾക്ക് പകരം സംസ്ഥാനത്ത് വ്യക്തികളുടെകൂടി പങ്കാളിത്തത്തോടെ വികേന്ദ്രീകൃതമായാണ് ദ്രവ മാലിന്യസംസ്കരണം നടത്തുന്നത്. മാലിന്യ സംസ്കരണത്തിനായി 2343 കോടി രൂപയുടെ പദ്ധതിയാണ് സംസ്ഥാനം തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഇത്തരത്തിലുള്ള നടപടികളിൽ തൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ദേശീയ ഹരിത ട്രിബ്യൂണൽ 01.12.2022-ലെ ഉത്തരവ് പ്രകാരം മാലിന്യസംസ്കരണത്തിലെ വീഴ്ച പരിഹരിക്കാൻ 2000 കോടി രൂപ പിഴ കെട്ടിവയ്ക്കണമെന്ന ബാദ്ധ്യതയിൽനിന്ന് കേരളത്തെ ഒഴിവാക്കുകയും മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി പരിഗണിക്കുന്നതിനിടെ കേരളത്തെ മാതൃകയാക്കണമെന്ന് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. മലിനീകരണ നിയന്ത്രണ നടപടികൾ കൃത്യമായി നടപ്പിലാക്കാത്തതിന്റെ പേരിൽ സംസ്ഥാനത്തെ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻപ് ദേശീയ ഹരിത ട്രിബ്യൂണൽ പാരിസ്ഥിതിക നഷ്ടപരിഹാരം ചുമത്തിയ സാഹചര്യവും ഉണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ ഖര-ജൈവ-അജൈവ മാലിന്യങ്ങൾ, ശുചിമുറി മാലിന്യം, മറ്റ് മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി അറിയിക്കുമോ?

സംസ്ഥാനത്ത് ഖര-ദ്രവ മാലിന്യ നിർമാർജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗങ്ങൾ പ്രാദേശിക തലത്തിൽതന്നെ ഉറപ്പാക്കാൻ സംസ്ഥാനത്തെ നഗരസഭകളിൽ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണ പദ്ധതികളാണ് അവലംബിച്ചുവരുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോ മെതനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യസംസ്കരണ രീതിയാണ് കൂടുതൽ നഗരസഭകളിലും നടപ്പിലാക്കി വരുന്നത്. നിലവിലുള്ള ഡംപിംഗ് സൈറ്റുകൾ ശാസ്ത്രീയമായി വീണ്ടെടുത്ത് ഉപയോഗപ്രദമാക്കുന്നതിന് ബയോ മൈനിംഗ് നടപടികളും സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതും കൊല്ലം കോർപ്പറേഷനിൽ പൂർത്തീകരിച്ചിട്ടുള്ളതും മറ്റിടങ്ങളിൽ വിവിധ ഘട്ടങ്ങളിലുമാണ്. ഉറവിടത്തിൽതന്നെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനുംവേണ്ടി എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും നഗരസഭാ തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിൽ നദികളിലെ മാലിന്യങ്ങൾ നീക്കംചെയ്ത് നദികളെ

പുനരുജ്ജീവിപ്പിക്കുന്നതിനായി തെളിനീരൊഴുകും നവകേരളം എന്ന ക്യാമ്പയിൻ സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ജൈവ-അജൈവ, ഖര, ശുചിമുറി മാലിന്യങ്ങൾ, മറ്റ് മാലിന്യങ്ങൾ എന്നിവ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന ജനങ്ങൾക്കിടയിൽ ബോധവത്കരണവും ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് വീടുകൾക്ക് ബയോബിൻ വിതരണം, സോക്ക്പിറ്റ് നിർമ്മാണം, കലം കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് എന്നീ വ്യക്തിഗത, സ്ഥാപനതല, കമ്മ്യൂണിറ്റിതല സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. സ്ഥാപനതലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തുമ്പൂർമൂഴി, കമ്മ്യൂണിറ്റി ലെവൽ തുമ്പൂർമൂഴി എന്നീ സംവിധാനങ്ങളും പ്രവർത്തിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിത കർമ്മസേന വഴി ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളിൽ സൂക്ഷിച്ച് പിന്നീട് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളിൽ വച്ച് വിവിധ ഇനങ്ങളായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യ ഏജൻസികൾക്കോ കൈമാറുന്ന രീതിയും അവലംബിച്ചുവരുന്നു. ശുചിമുറി മാലിന്യം സംസ്കരിക്കുന്നതിലേക്കായി സോക്ക് പിറ്റുകൾ, സെപ്റ്റിക്ക് ടാങ്കുകൾ എന്നിവ സ്ഥാപന-

വ്യക്തിഗതതലത്തിൽ സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ശുചിമുറി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും സംയുക്ത മേൽനോട്ടത്തിൽ ഗ്രാമ പഞ്ചാത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിത മിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി വരുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അശാസ്ത്രീയ മാലിന്യ സംസ്കരണം തടയുന്നതിലേക്കായി നിശ്ചിത സമയങ്ങളിൽ പരിശോധനകളും നടത്തി വരുന്നു.

(സി) ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങളും വെളിയിട വിസർജ്ജനമുക്തം ആക്കിയിട്ടുണ്ടെങ്കിലും ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നതുകാരണം ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നതിനാൽ ആയത് കണ്ടെത്തി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തുറന്നുവിടുന്നതുകാരണം ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നത് തടയുന്നതിനായി അത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 340 A, 340 B എന്നിവ പ്രകാരം നിയമ ലംഘകർക്കെതിരെ നഗരസഭകൾ നടപടി സ്വീകരിച്ച് വരുന്നു.

കേരളത്തിൽ 134.51 MLD capacity ഉള്ള പൊതു സ്വീവേജ് സംസ്കരണ സംവിധാനങ്ങളും 73 MLD capacity ഉള്ള വ്യക്തിഗത സ്ഥാപനങ്ങളും 0.22 MLD capacity ഉള്ള Septage Treatment സംവിധാനവും നിലവിലുണ്ട്. കൂടുതൽ ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മറ്റ് സ്ഥലങ്ങളിൽ സെപ്റ്റിക്ക്ടാങ്ക്/ സോക്ക് പിറ്റ് സംവിധാനം നിലവിലുണ്ട്.

കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുടെയും ജല സാമ്പിളുകൾ എല്ലാ മാസവും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ 365 സാമ്പിളിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ഫലം ബോർഡിന്റെ വെബ്സൈറ്റുകളിലും

Water and Air Quality Directory വഴിയും പ്രസിദ്ധീകരിക്കുന്നു. ഗുണനിലവാരം പാലിക്കാത്തതായി കാണുന്ന അവസരങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ Priority I-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority IV-ൽ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ എന്നീ 5 നദികളുടെ ഭാഗങ്ങളും Priority V-ൽ ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവണ്ണൂർ, കവ്വായി, കുപ്പം, കുറ്റിയാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുവാനും ദേശീയ ഹരിത ട്രൈബ്യൂണൽ OA.No. 673/2018-ൽ 20.09.2018-ലെ ഉത്തരവിൻ പ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടേയും കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് തയ്യാറാക്കി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി OA.No.325/2015-ലെ ഉത്തരവ്

പ്രകാരം കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. OA No.673/2018 പ്രകാരമുള്ള നദീകർമ്മപദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ അടിസ്ഥാനത്തിൽ 21 നദീഭാഗങ്ങളിൽ 10 എണ്ണം കുളിക്കുന്നതിന് അനുയോജ്യമാകുന്ന നിലവാരം കൈവരിച്ചിട്ടുണ്ട്. മറ്റുഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. കൂടാതെ മറ്റ് ജലസ്രോതസ്സുകളിൽ ശുചിമുറി മാലിന്യം എത്തുന്നതായി ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശുചിമുറി മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് തുറന്നു വിടുന്നതിലൂടെ ജലസ്രോതസ്സുകൾ എത്രത്തോളം മലിനീകരിക്കപ്പെട്ടിരിക്കുന്നുവെന്ന അവബോധം നേരിട്ട് ജനങ്ങൾക്ക് ബോധ്യമാകുന്നതിനും അനന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും " തെളിനീർ ഒഴുകും നവ കേരളം" എന്ന ജനകീയ ക്യാമ്പയിൻ നടപ്പാക്കുകയുണ്ടായി. ടി ക്യാമ്പയിനിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ ബാക്ടീരിയോളജിക്കൽ ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് പൊതു ജലാശയങ്ങളിലെ ജലസാമ്പിളുകൾ പരിശോധിക്കുകയും ഫീക്കൽ കോളിഫോം സാന്നിധ്യം കണ്ടെത്തിയ ഇടങ്ങളിൽ അത് തടയുന്നതിന് കർമ്മപരിപാടികൾ സംസ്ഥാനത്തെ എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനങ്ങളിലും രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ Leach Pit-കളെ സെപ്റ്റിക് ടാങ്കുകളുമാക്കി മാറ്റുന്നതിനും കക്കൂസ് മാലിന്യ പരിപാലനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതു ബോധവൽക്കരണം നടത്താൻ മലഭ്രതം, ട്വിൻപിറ്റ് അഭിയാൻ എന്നീ ക്യാമ്പയിനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടന്നുവരുന്നു.

ശുചിമുറി മാലിന്യം ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നത് കാരണം ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നതിനെതിരെ ജനങ്ങൾക്ക് ബോധവത്കരണവും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആകസ്മിക പരിശോധനകളും നടത്താറുണ്ട്. നിയമ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമാനുസൃത പിഴ ഈടാക്കാറുണ്ട്.

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ജലാശയങ്ങളിലേയ്ക്ക് ശുചിമുറി മാലിന്യങ്ങൾ ഇത്തരത്തിൽ തുറന്നുവിടുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും നിലവിലെ നിയമപ്രകാരം പ്രസ്തുത കുറ്റകൃത്യത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നതെന്നും ഇത്തരത്തിൽ ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും ജലാശയങ്ങളിലേയ്ക്കോ കുടിവെള്ള സ്രോതസ്സുകളിലേയ്ക്കോ തുറന്നുവെച്ച്

മലിനമാക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് അറിയിക്കുമോ?

മാലിന്യസംസ്കരണ നടപടികളുടെ ഭാഗമായി ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് ബോർഡ് വ്യവസായശാലകൾക്കും നിലവിലെ സ്ഥാപനങ്ങൾക്കും പ്രവർത്തനാനുമതി നൽകുന്നത്. ആയത് ഉറപ്പുവരുത്തുന്നതിനായി തുടർ പരിശോധനകളും നടത്താറുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപെട്ടാൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ശുചിമുറി മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് തുറന്നു വിടുന്നത് 'തെളി നീരൊഴുകും നവകേരളം' ക്യാമ്പയിൻ മുഖേന റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ജലാശയങ്ങളിലേയ്ക്കോ ജലസ്രോതസ്സുകളിലേയ്ക്കോ ജലവിതരണ സംവിധാനങ്ങളിലേക്കോ ഏതെങ്കിലും തരത്തിലുള്ള മാലിന്യം നിക്ഷേപിക്കൽ, ശരിയായി ശുദ്ധീകരിക്കാത്ത വ്യവസായ മാലിന്യം ഏതെങ്കിലും ജലസ്രോതസ്സുകളിലേയ്ക്ക് ഒഴുക്കിവിടൽ, വിഷമയമോ

ഹാനികരമോ മലിനീകാരകമോ ആയ വസ്തുക്കൾ ഭൂമിയിലേയ്ക്കോ ജലാശയങ്ങളിലേക്കോ പുറന്തള്ളൽ, എന്നിവയ്ക്ക് ;

1. മൂന്നു വർഷംവരെ കാലയളവ് തടവോ 2 ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണ്. ഇപ്രകാരം ഒരു കോടതിയാൽ കുറ്റക്കാരൻ എന്ന് വിധിക്കപ്പെട്ട ആൾ തുടർന്ന് ഈ കുറ്റം ചെയ്തത് സ്ഥാപിക്കപ്പെട്ടാൽ ഒരു വർഷത്തിൽ കുറയാത്തതും മൂന്നുവർഷം വരെ ദീർഘിക്കാവുന്നതുമായ തടവും 2 ലക്ഷം രൂപ വരെ പിഴയും ശിക്ഷിക്കാവുന്നതാണ്. (ബാധകമാകുന്ന നിയമം/ചട്ടം:- കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003 വകുപ്പ് 70 (3), 72 (സി))

2. ഒന്നര വർഷത്തിൽ കുറയാതെ ആറുവർഷം വരെ നീളാവുന്ന തടവും പിഴയും ശിക്ഷിക്കാവുന്നതാണ്.

(ബാധകമാകുന്ന നിയമം/ചട്ടം: ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974 വകുപ്പ് 43).

3. കുറ്റസ്ഥാപനത്തിന്മേൽ 10000 രൂപയിൽ കുറയാതെയും 25000 രൂപയിൽ കവിയാതെയുമുള്ള പിഴയും ആറുമാസത്തിൽ കുറയാതെയും ഒരു

വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും നൽകി ശിക്ഷിക്കാവുന്നതാണ്.

(ബാധകമാകുന്ന നിയമം/ചട്ടം:- കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 (എസ്), വകുപ്പ് 219 (റ്റി), കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340 (എ)).

തുടർ നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു.

ജലാശയങ്ങളിലേയ്ക്ക് ശുചിമുറി മാലിന്യങ്ങളും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യങ്ങളും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു;

<u>തിരുവനന്തപുരം</u>

തിരുവന്തപുരം ജില്ലയിൽ ജലാശയങ്ങളിലേയ്ക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിയ പരിശോധനയിൽ 66,000/- രൂപ പിഴ ഇനത്തിൽ ചുമത്തിയിട്ടുണ്ട്.

കൊല്ലം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം, തേവലക്കര, പനയം ഗ്രാമപഞ്ചായത്തുകളിൽ അഷ്ടമുടി കായലിലേക്കും നീണ്ടകര ഗ്രാമപഞ്ചായത്തിൽ ചന്ദ്രവിലാസം പാലം മുതൽ കുമ്പളം ചിറ വേളൂർ കായൽ വരെയുള്ള തോടിന്റെ ഭാഗങ്ങളിലും ശുചിമുറി മാലിന്യം ഒഴുക്കിവിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുകയും ബോധവത്കരണ നടപടികൾ നടത്തുകയും ചെയ്തു. തെക്കുംഭാഗം, തേവലക്കര, പനയം ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെപ്റ്റിക് ടാങ്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ നടത്തിയ പരിശോധനയിൽ വേമ്പനാട്ട് കായലിന്റെയും പമ്പയാറിന്റെയും കൈവഴികളിലേക്കും പൊതുകുളങ്ങൾ, തോടുകൾ, പാടശേഖരങ്ങൾ എന്നിവിടങ്ങളിലേയ്ക്കും അടുക്കള മാലിന്യവും പീലിംഗ് ഷെഡിലേയും കോൾഡ് സ്റ്റോറേജിലേയും മാലിന്യവും ഒഴുക്കിവിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടുണ്ട്.

<u>പത്തനംതിട്ട</u>

പത്തനംതിട്ട ജില്ലയിൽ ജലാശയങ്ങളിലേക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുതലത്തിൽ നടത്തിയ പരിശോധനയിൽ 10,000/- രൂപ പിഴ ഇനത്തിൽ ചുമത്തിയിട്ടുണ്ട്.

<u>കോട്ടയം</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലാശയങ്ങളിലേക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ഇല്ലായെന്ന ഡി.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ഇടുക്കി</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലാശയങ്ങളിലേക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ഇല്ലായെന്ന ഡി.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>എറണാകുളം</u>

ജലസ്രോതസുകളിലെ മലിനീകരണവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് 500 രൂപയും അശമന്നൂർ ഗ്രാമപഞ്ചായത്ത് 10,000 രൂപയും ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് 1000

രൂപയും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 10,000 രൂപയും ഉൾപ്പെടെ ജില്ലയിൽ ആകെ 21,500 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

<u>തൃശ്ശൂർ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലാശയങ്ങളിലേക്ക് ശൂചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നു വിടുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ഇല്ലായെന്ന് ഡി.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>പാലക്കാട്</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലാശയങ്ങളിലേക്ക് ശൂചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നുവിടുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ഇല്ലായെന്ന് ഡി.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കോഴിക്കോട്</u>

ജലസ്രോതസുകളിലെ മലിനീകരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ അഴിയൂർ ഗ്രാമപഞ്ചായത്ത് 16,000 രൂപയും കുന്നമംഗലം ഗ്രാമപഞ്ചായത്ത് 15,000 രൂപയും ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് 20,000 രൂപയും കീഴരിയൂർ ഗ്രാമ പഞ്ചായത്ത് 5,000 രൂപയും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് 5,000 രൂപയും ഒഞ്ചിയം ഗ്രാമപഞ്ചായത്ത് 25,000

രൂപയും താമരശ്ശേരി ഗ്രാമപഞ്ചായത്ത് 10,000 രൂപയും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 20,000 രൂപയും നാദാപുരം ഗ്രാമ പഞ്ചായത്ത് 2,000 രൂപയും നരിക്കുനി ഗ്രാമപഞ്ചായത്ത് 5,000 രൂപയും ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 10,000 രൂപയും പിഴ ഇനത്തിൽ ചുമത്തിയിട്ടുണ്ട്.

<u>മലപ്പുറം</u>

മലപ്പുറം ജില്ലയിൽ ജലാശയങ്ങളിലേക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നു വിടുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിയ പരിശോധനയിൽ 75,000 രൂപ പിഴ ഇനത്തിൽ ചുമത്തിയിട്ടുണ്ട്.

<u>വയനാട്</u>

വയനാട് ജില്ലയിലെ കോട്ടത്തറ കണിയാമ്പറ്റ, പുൽപ്പള്ളി, വെള്ളമുണ്ട എന്നീ പഞ്ചായത്തുകളിൽ ജലസ്രോതസുകളിലെ മലിനീകരണവുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വ്യക്തികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

<u>കണ്ണൂർ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലാശയങ്ങളിലേക്ക് ശുചിമുറി മാലിന്യവും ഫാക്ടറികളിൽ നിന്നുമുള്ള മാലിന്യവും തുറന്നു വിടുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ഇല്ലായെന്ന് ഡി.ഡി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാസർഗോഡ്

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്ത് നടത്തിയ പരിശോധനയിൽ ശുചിമുറി മാലിന്യം തോട്ടിലേക്ക് ഒഴുക്കിയതുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകി പിഴ ഈടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവത്കരണം നടത്താറുണ്ട്. കൂടാതെ ചെറുവത്തൂർ ബേഡഡുക്ക ഗ്രാമപഞ്ചായത്തുകൾ മാലിന്യസംസ്കരണത്തിന് ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) തലസ്ഥാന നഗരിയിൽ പൂർണ്ണമായും മാലിന്യം പേറി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്, പാർവതി പുത്തനാർ എന്നിവ ശുചീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ, സംരക്ഷണ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് സ്വീകരിച്ച നടപടികൾ, ആയതിന്റെ പുരോഗതി എന്നിവ വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ മാലിന്യവാഹികളായ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവ മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് പൊതുവായി സ്വീകരിച്ച നടപടികൾ, അവയുടെ പുരോഗതി ഇവ അറിയിക്കുമോ?

(ഇ & എഫ്) തമ്പാനൂർ, പഴവങ്ങാടി, പാറ്റൂർ, വഞ്ചിയൂർ തുടങ്ങിയ ആമയിഴഞ്ചാൻ തോടിന്റെ ഭാഗങ്ങളിൽ മണ്ണ് മാറ്റിയിട്ടുണ്ട്. സൈഡ് വാൾ പൊളിഞ്ഞ് പോയ ഭാഗങ്ങൾ നന്നാക്കി വരുന്നു. ആദ്യഘട്ടത്തിൽ ടി പ്രവർത്തനങ്ങൾക്ക് 25 കോടിയും രണ്ടാം ഘട്ടത്തിൽ 15 കോടിയും അനുവദിച്ചിട്ടുണ്ട്.

പ്രസ്തുത തോടുകളിൽ ജലഗുണനിലവാരം പാലിക്കപ്പെടാത്തതിനാൽ വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവർക്ക് മലിനജലം നദിയിലേക്ക് ഒഴുകുന്നത് തടയാൻ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതുവായ സീവറേജ് പൈപ്പ് നെറ്റ്‌വർക്ക് നിലവിലുള്ള സ്ഥലമായിട്ടും തോടുകൾ മലിനീകരിക്കപ്പെട്ടതായി കാണുകയും ആകയാൽ സീവേജ് തോടുകളിലേയ്ക്ക് വഴിതിരിച്ച് വിടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. മുഖേനയുള്ള നിയമനം

33 (33) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ പി.എസ്.സി. മുഖേന എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

1,95,702 (ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി രണ്ട്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) അതുപ്രകാരം എത്രപേർ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും എത്രപേർ ജോലിയിൽ പ്രവേശിക്കുവാൻ താല്പര്യമില്ലെന്ന് രേഖാമൂലം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

നിയമന ശിപാർശ ലഭിച്ചശേഷം ജോലിയിൽ പ്രവേശിക്കാൻ താത്പര്യമില്ലെന്ന് ഉദ്യോഗാർത്ഥികൾ അതത് വകുപ്പുകളെയാണ് അറിയിക്കുന്നത്. എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കൃഷി ഓഫീസർ തസ്തിക

34 (34) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിൽ കാഴ്ചക്കുറവുള്ള ഭിന്നശേഷിക്കാർ (ഡിഎ- എൽവി) എന്ന കാറ്റഗറിയിൽ പത്തു വർഷക്കാലമായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) കൃഷി വകുപ്പിൽ കൃഷി ഓഫീസർ തസ്തികയ്ക്ക് DA-LV വിഭാഗത്തിന് കഴിഞ്ഞ പത്ത് വർഷമായി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെങ്കിൽ പ്രസ്തുത ഒഴിവുകൾ മാറ്റിവയ്ക്കുകയും തൊട്ടടുത്ത ജനറൽ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യുകയുമാണ് തുടർന്നു വരുന്ന രീതി. കൃഷി ഓഫീസർ തസ്തികയുടെ തെരഞ്ഞെടുപ്പിനായി (നേരിട്ടുള്ള നിയമനം) 24.07.2017-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽ DA-Low Vision ഉദ്യോഗാർത്ഥികൾ

ലഭ്യമല്ലാത്തതിനാൽ 7 ഒഴിവുകൾ അടുത്ത റാങ്ക് പട്ടികയിൽനിന്നും നികത്തുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. കാറ്റഗറി നമ്പർ 475/20 ഗസറ്റ് വിജ്ഞാപന പ്രകാരം (നേരിട്ടുള്ള നിയമനം) 20.09.2022-ൽ നിലവിൽ വന്ന ചുരുക്കപ്പട്ടികയിൽ D A-Low Vision വിഭാഗത്തിലെ നാല് ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്.

**പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി**

35 (35) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയായിരുന്നുവെന്ന് അറിയിക്കുമോ?

1,61,268 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട്) ഉദ്യോഗാർത്ഥികളെ പി.എസ്.സി. മുഖേന നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി.എസ്.സി. വഴി എത്ര നിയമനങ്ങളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കുമോ?

ആകെ 34,434 (മുപ്പത്തി നാലായിരത്തി നാന്നൂറ്റി മുപ്പത്തി നാല്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പി.എസ്.സി. - റൊട്ടേഷൻ സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നടപടി**

36 (36) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ നിലവിലുള്ള റൊട്ടേഷൻ സമ്പ്രദായ പ്രകാരം എത്ര ഒഴിവുണ്ടായാലും അതിനെ ഇരുപത് പേരടങ്ങുന്ന യൂണിറ്റായി എടുത്ത് സെലക്ഷൻ നടത്തുക എന്ന ചട്ടം 14(എ) ആണോ പിന്തുടരുന്നത്; വ്യക്തമാക്കുമോ?

അതെ.

(ബി) എങ്കിൽ മെറിറ്റിൽ പ്രവേശനം കിട്ടേണ്ട എസ്.സി., എസ്.ടി., ഒ.ബി.സി., വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ പലർക്കും സംവരണത്തിൽ പോകേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) കെ.എസ്. ആൻഡ് എസ്.എസ്.ആർ. ചട്ടം 14(ബി) പ്രകാരം എസ്.സി., എസ്.ടി., ഒ.ബി.സി. വിഭാഗക്കാർക്ക് മെരിറ്റ് നിയമനത്തിന് അർഹതയുണ്ട് എന്നതിനാൽ ചട്ടം 14 (എ) നടപ്പാക്കുമ്പോൾ ചട്ടം 14(ബി) ലംഘിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വസ്തുത കണക്കിലെടുത്ത് എസ്.സി., എസ്.ടി., ഒ.ബി.സി. വിഭാഗക്കാരുടെ മെരിറ്റ് അവകാശം സംരക്ഷിക്കുന്ന വിധം നിലവിലുള്ള റൊട്ടേഷൻ സമ്പ്രദായം പരിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

(ബി & സി) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II 14(b)-യിൽ സംവരണ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മെറിറ്റിൽ നിയമനം ലഭിക്കാൻ അർഹതയുണ്ടെങ്കിൽ അതിനായി പരിഗണിക്കണമെന്നും ഇപ്രകാരം മെരിറ്റിൽ നൽകുന്ന നിയമനം സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ എണ്ണത്തെ ബാധിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 14(c) യുടെ പ്രൊവിസോ പ്രകാരം 20-ന്റെ ഓരോ യൂണിറ്റിലും O C ടേണുകൾ നികത്തിയ ശേഷമാണ് സംവരണ ടേണുകൾ നികത്തി വരുന്നത്. ആകയാൽ 14(a),14(b),14(c) എന്നീ ചട്ടങ്ങൾ പ്രകാരം 20 ഒഴിവുകളുടെ യൂണിറ്റുകളായി പരിഗണിച്ച് നിയമനം നടത്തുമ്പോൾ O C ടേണുകളിൽ ആദ്യ റാങ്കുകാരെ മറ്റൊരു

പരിഗണനയും കൂടാതെ ഉൾപ്പെടുത്തുകയും (സംവരണ ആനുകൂല്യമുള്ളവരെ ഉൾപ്പെടെ O C ഊഴങ്ങളിൽ പരിഗണിക്കുന്നു.) O C ടേൺ നികത്തിയശേഷം സംവരണ ടേണുകൾ (TPO- Temporarily Passed Over Turns ഉൾപ്പെടെ) നികത്തുകയുമാണ് തുടർന്നുവരുന്ന രീതി. അപ്രകാരം ഓപ്പൺ കോംപറ്റീഷനിൽ (മെറിറ്റിൽ) തെരഞ്ഞെടുക്കുമ്പോൾ സംവരണ വിഭാഗക്കാർക്കുള്ള റിസർവേഷനിൽ കുറവ് വരുന്നില്ല.

**മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

37 (37) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇനി എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ 7(ഏഴ്) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2023 നവംബർ മാസത്തിനുമുൻപ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08.11.2022-ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി & ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ/ കാര്യാലയങ്ങളിൽനിന്ന് ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്നത്

ഉറപ്പുവരുത്തുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് നേരിട്ട് പരിശോധന നടത്തി വരുന്നുണ്ട്.

(ഇ) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രപേർ വീതം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ**

38 (38) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്?

34,434 (മുപ്പത്തി നാലായിരത്തി നാന്നൂറ്റി മുപ്പത്തി നാല്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാന, ജില്ലാ തലത്തിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനതലത്തിൽ 15,176 (പതിനയ്യായിരത്തി നൂറ്റി എഴുപത്തിയാറ്) ഉദ്യോഗാർത്ഥികൾക്കും ജില്ലാതലത്തിൽ 19,258 (പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി അമ്പത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## പി.എസ്.സി.യിൽ നിന്ന് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിൽ കാലതാമസം

39 (39) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലാ പി.എസ്.സി. ഓഫീസുകളിൽ അപ്രൂവൽ ആകുന്ന അഡ്വൈസ് മെമ്മോകൾ റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള ഇൻസ്പെക്ഷന് ശേഷം മാത്രമേ ഉദ്യോഗാർഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അയയ്ക്കുവാൻ പാടുള്ളൂ എന്ന നിബന്ധനകാരണം ഒഴിവുകൾ

റിപ്പോർട്ട് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കാലതാമസം വരുത്തുന്ന നടപടിക്രമം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി & സി) ഇല്ല. ജില്ലാ പി.എസ്.സി ഓഫീസുകളിൽ അംഗീകരിക്കുന്ന നിയമന ശിപാർശകൾ ആസ്ഥാന/മേഖലാ ഓഫീസുകളിലെ നിയമന ശിപാർശ പരിശോധനാ വിഭാഗം പരിശോധന നടത്തി കാലതാമസം കൂടാതെ തന്നെ പി.എസ്.സി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയക്കുന്നുണ്ട്. റൊട്ടേഷൻ പാലിക്കുന്നതിൽ പിശക് വരാതിരിക്കാൻ മുൻകരുതലായി ഇത്തരത്തിലുള്ള പരിശോധന ഒഴിവാക്കാൻ ആകുന്നതല്ല.

(ഡി) റീജിയണൽ പി.എസ്.സി. ഓഫീസുകളിൽനിന്നും ജില്ലാ പി.എസ്.സി. ഓഫീസുകളിൽ എല്ലാ ആഴ്ചയിലും ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ; അതിനുള്ള സാധ്യതകൾ വിശദീകരിക്കാമോ?

നിലവിൽ രണ്ട് ആഴ്ചയിൽ ഒരിക്കൽ ആസ്ഥാന/മേഖലാ ഓഫീസുകളിലെ നിയമന ശിപാർശ പരിശോധനാ വിഭാഗം ജില്ല/മേഖലാ ഓഫീസുകൾ സന്ദർശിക്കുന്നുണ്ട്.

(ഇ) ഒഴിവുകൾ പി.എസ്.സി. ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടും അഡ്വൈസ് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് മറ്റൊരു തരത്തിലുള്ള നിയമന നിരോധനം ആണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പി.എസ്.സി. നിയമനം

40 (40) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2022 ഒക്ടോബർ വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്?

1,95,702 (ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുനൂറ്റി രണ്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ കാലതാമസം ഇല്ലാതെ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ**

41 (41) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവേയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് കാലാവധി എന്ന് അവസാനിക്കുമെന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

(എ & ബി) റാങ്ക് പട്ടിക നിലവിലില്ല.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

42 (42) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 സെപ്റ്റംബർ 28-ന് നിലവിൽവന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശം നൽകുമോ?

28.09.2020-ൽ നിലവിൽ വന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും നാളിതുവരെ 728 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. റാങ്ക് നില ചുവടെ ചേർക്കുന്നു:

OC - 569, Ezhava - 572, SC-S/L 48, ST-S/L 17, Muslim - 880, LC/AI - S/L 17, OBC - 606, Viswakarma - 814, Dheevara - S/L 1, SIUC Nadar - 567, Hindu Nadar - S/L 3, SCCC - S/L 10, DA LV - 9, DA HI - 12, DA LD/CP - 11.

(ബി) 2016-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽനിന്നും രണ്ടായിരത്തോളം നിയമനങ്ങൾ നടന്നിട്ടും 2020-ലെ റാങ്ക്ലിസ്റ്റിൽ വെറും 1040 പേരെ മാത്രമാണ് മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം റാങ്ക് ലിസ്റ്റ് ചുരുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽനിന്നും യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചതിനുശേഷം ആയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ടുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്.

(സി) നിലവിലെ ലിസ്റ്റിൽ മതിയായ ആളുകൾ ഉണ്ടായിട്ടും പുതുതായി രൂപീകരിച്ച എസ്.എൻ. ഓപ്പൺ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താതെ താത്കാലികക്കാരെ നിയമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ മാതൃകയിൽ നിയമനചട്ടം ഭേദഗതി ചെയ്യാതെ തന്നെ നിലവിലെ ലിസ്റ്റിൽനിന്നും മേല്പറഞ്ഞ യൂണിവേഴ്സിറ്റികളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ചട്ട ഭേദഗതി പൂർത്തിയാക്കി ലിസ്റ്റിൽ നിന്നും കൂടുതൽ പേർക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി-ഇ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയിൽ അസിസ്റ്റന്റുമാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ താത്കാലിക നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടത്തി വരുന്നു. തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് PSC റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയുന്നതാണ്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

43 (43) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 277/18) 06.07.2019-ൽ ഒ.എം.ആർ പരീക്ഷയും 30.04.2022-ൽ ഡിക്റ്റേഷൻ ടെസ്റ്റും നടത്തിയിട്ടും നാളിവരെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റാങ്ക് പട്ടിക താമസംവിനാ പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. നടപടി സ്വീകരിച്ചുവരുന്നു.

(സി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ജില്ലാടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം

44 (44) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിലൂടെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്ന വിഷയത്തിൽ സർക്കാരിന്റെ പൊതുനിലപാട് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന ഓഫീസുകളിലും കളക്ടറേറ്റുകളിലും ഡയറക്ടറേറ്റുകളിലും യൂണിവേഴ്സിറ്റികളിലും സ്പാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിങ്ക്ഡ് പഞ്ചിംഗ് സംവിധാനം നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ സ്പാർക്ക് വഴി ശമ്പളം നൽകുന്നുവെങ്കിലും ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും സ്പാർക്ക് ലിങ്ക്ഡ് ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

(എ - ഡി) സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്പാർക്ക് മുഖേന ശമ്പളം ബിൽ തയ്യാറാക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കോവിഡ് സാഹചര്യം കാരണം ബയോമെട്രിക്ക് മെഷീനുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ ബയോമെട്രിക്ക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചതും സ്പാർക്ക് മുഖേന ശമ്പള ബിൽ തയ്യാറാക്കുന്നതുമായ എല്ലാ

ഓഫീസുകളും ബയോമെട്രിക്ക് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആശ്രിത നിയമനം**

45 (45) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്. മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/തൊട്ടടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേയ്ക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ (CE സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ

നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29.06.2018-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവയ്ക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ആശ്രിത നിയമനത്തിനായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണുള്ളത്; എണ്ണം, വകുപ്പ് എന്നിവ തിരിച്ച് അറിയിക്കാമോ?

ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

(സി) ആശ്രിത നിയമനം ഒഴിവാക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഭരണ പരിഷ്കാര

കമ്മീഷൻ എന്തെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

**മാതൃവകുപ്പിൽ സീനിയോരിറ്റി പുനഃസ്ഥാപിക്കുന്നതിന് നടപടി**

46 (46) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം പഞ്ചായത്ത് വകുപ്പിൽ നിന്നും മാതൃവകുപ്പായ കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് തിരികെ വന്ന ജോൺസൻ ജി. എന്ന ആളുടെ മുഴുവൻ സീനിയോറിറ്റിയും പുനഃസ്ഥാപിച്ച് നൽകാത്തതിന്റെയും സാമ്പത്തിക ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകാത്തതിന്റെയും കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ജോൺസൻ ജി.ക്ക് പഞ്ചായത്ത് വകുപ്പിൽ പോയ 2004 മുതലുള്ള എല്ലാ സർവീസ് സീനിയോറിറ്റിക്കും മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടെന്നുള്ള സർക്കാരിന്റെ രണ്ടു ഉത്തരവുകളും നടപ്പാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; നൽകിയിട്ടുണ്ടെങ്കിൽ

എന്ന് മുതൽ എന്ന് വരെയുള്ള കാലയളവിലേതാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പിൽ നിന്നും മാതൃവകുപ്പായ കേരള പബ്ലിക് സർവീസ് കമ്മിഷനിലേയ്ക്ക് ചട്ടപ്രകാരം തിരികെ എത്തിയ ജോൺസനെ പഞ്ചായത്ത് വകുപ്പിലേയ്ക്ക് തിരികെ അയയ്ക്കണമെന്നും കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 8-ന്റെ പരിധിയിൽ വരില്ല എന്നുമുള്ള സർവീസിൽ ജൂനിയേർസ് ആയ ജീവനക്കാർ നൽകിയ മൂന്ന് അപ്പീലുകളും കോടതി തള്ളുകയും എല്ലാ സീനിയോരിറ്റിക്കും ടിയാന് അർഹതയുണ്ടെന്നുള്ള ഉത്തരവുകൾ ഉണ്ടായിട്ടും നാളിതുവരെ അത് നൽകിയിട്ടില്ല എന്നതിന്റെ കാരണം വ്യക്തമാക്കാമോ?

14.06.2013-ലെ സ.ഉ.(അച്ചടി)നം.19/2013/ പി.ആന്റ്.എ.ആർ.ഡി. ഉത്തരവ് പ്രകാരം കെ.എസ്&എസ്.എസ്.ആർ. ഭാഗം 2 ചട്ടം 8-ൽ വരുത്തിയ ഭേദഗതി ശ്രീ. ജോൺസന്റെ പുനർനിയമനത്തിന് ബാധകമാകാത്തതിനാൽ പി.എസ്.സി.-യിൽ പുനർനിയമനത്തിന് ശേഷം ശ്രീ. ജോൺസൺ ജി-യ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ്.&എസ്.എസ്.ആർ. ചട്ടം, 8-ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് അർഹത. ശ്രീ. ജോൺസൺ ജി

പുന:പ്രവേശിച്ചതിനു ശേഷം തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അസിസ്റ്റന്റ് തസ്തികയിൽ ആദ്യം വന്ന ഒഴിവിൽ 19.10.2016-ൽ ടിയാന് നിയമനം നൽകിയിട്ടുണ്ട്. കെ.പി.എസ്.സി.-യിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽനിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -II തസ്തികയിൽ 22.10.2003 തീയതി പ്രാബല്യത്തിലും ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I തസ്തികയിൽ 22.09.2006 തീയതി പ്രാബല്യത്തിലും സ്ഥാനക്കയറ്റം അനുവദിച്ച് 06.04.2022-ൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള നടപടിക്രമം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. മേൽ വിഷയം സംബന്ധിച്ച സർക്കാരിന്റെ 02.06.2021-ലെ സ്പെഷ്യൽ ഇ 1/117/2020/പൊ.ഭ.വ. നമ്പർ കത്ത്, 06.12.2021-ലെ സ്പെഷ്യൽ-ഇ 1/145/2021/പൊ.ഭ.വ നമ്പർ കത്ത് എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പി.എസ്.സി.-യെ പോലെയുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിൽ ഒരു ജീവനക്കാരന് അർഹതപ്പെട്ട, ചട്ടപ്രകാരമുള്ള സർവീസ് ആനുകൂല്യങ്ങൾ കഴിഞ്ഞ 17 വർഷക്കാലമായി നിഷേധിക്കുന്നത് വലിയ നീതിനിഷേധമായി പരിഗണിച്ച് ഇതിൽ കുറ്റവാളികളായവരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജോൺസൻ ജി.ക്ക് പി.എസ്.സിയിൽ പുന:പ്രവേശനം അനുവദിക്കുകയും മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ പ്രൊമോഷനുകളും സീനിയോറിറ്റിയും പുന:സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ജോൺസൻ ജി.-യുടെ സർവീസ് സീനിയോരിറ്റി പുന:സ്ഥാപിക്കുമ്പോൾ 2006 മുതൽ 2013 വരെ സീനിയോരിറ്റി നൽകാതിരിക്കാനുള്ള കാരണം ഏത് ചട്ടപ്രാകാരം ആണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവുകൂടി ചേർത്ത് മുഴുവൻ സീനിയോറിറ്റിയും നൽകണമെന്ന ടിയാന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ച് വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന അർഹതാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം മുഖേന നിയമിക്കുന്നത്. അതായത് ബൈട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കണമെങ്കിൽ ടിയാൻ അതിനുള്ള നിയമന പ്രക്രിയയിൽ

പങ്കെടുത്ത്, അപേക്ഷ നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. എന്നാൽ ടിയാൻ ബൈട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി അപേക്ഷ നൽകുകയോ, അതിൻപ്രകാരം തയ്യാറാക്കുന്ന യോഗ്യതാലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്യാത്തതിനാൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.സി. തസ്തികയിൽ ജോലി നോക്കിയിരുന്ന കാലയളവിൽ ബൈട്രാൻസ്ഫർ മുഖേന കെ.പി.എസ്.സി.-യിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ വ്യവസ്ഥയില്ല എന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്.

**ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി**

47 (47) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന അപേക്ഷകളിന്മേൽ 2015 മുതൽ നിയമനം നടക്കാതെ പൊതുഭരണ (സി.ഇ.) സെല്ലിൽ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം ദ്രുതഗതിയിൽ ആക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഇല്ല. ആശ്രിത നിയമനത്തിനായി വിവിധ വകുപ്പുകളിൽനിന്നും നിശ്ചിത ശതമാനം ഒഴിവുകൾ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേയ്ക്ക്

റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് യോഗ്യരായവർക്ക് നിയമനം നൽകിവരുന്നു. എൽ.ഡി.ക്ലർക്ക്, അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലേയ്ക്ക് അപേക്ഷിച്ചവർക്ക് നിയമനം നൽകാൻ ആവശ്യമായ തസ്തികകൾ ലഭ്യമാകുന്നതിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ ഇവരെ യോഗ്യതയുടെയും അവരുടെ ഓപ്ഷന്റെയും അടിസ്ഥാനത്തിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത മറ്റ് തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് മൂന്ന് അദാലത്തുകൾ സംഘടിപ്പിക്കുകയും 197 പേർക്ക് ഇപ്രകാരം നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. മാതൃവകുപ്പുകളിൽ ഉൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വകുപ്പിലും ഓരോ വർഷവും ഓരോ തസ്തികയിലും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടരുതെന്ന ഹൈക്കോടതി ഉത്തരവ് പാലിച്ചാണ് നിയമനം നടത്തിവരുന്നത്.

(ബി) ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 13.12.2019-ൽ സംഘടിപ്പിച്ച അദാലത്ത് പോലെ വീണ്ടും ഒരു അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) 2015 മുതൽ പൊതുഭരണ (സി.ഇ.) സെല്ലിൽ എത്ര

ഒഴിവുകൾ റിപ്പോർട്ട് ചെയ്തെന്നും എത്ര നിയമനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ?

വിവിധ തസ്തികകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ ആകെ എണ്ണവും നിയമന ശിപാർശ നൽകിയവരുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ 2012 മുതൽ വിവിധ ഉത്തരവുകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിതരായ എൽ.ഡി. ക്ലർക്കുമാരുടെ സർവ്വീസ് ക്രമീകരിക്കുന്നതിനായി 105 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 30 ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ട്. യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ചില തസ്തികകളിലെ മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. മറ്റൊഴിവുകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ട്.

## സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ കരാർ നിയമനങ്ങൾ

48 (48) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്തെ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ എത്ര കരാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റിയബ് മുഖേന എത്ര നിയമനം നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഹ്രസ്വകാല ആവശ്യങ്ങൾക്കാണ് അതാത് സ്ഥാപനങ്ങൾ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താറുള്ളത്. സംസ്ഥാനത്താകെ ഇതുസംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റിയബ് മുഖേന അല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ മുഖേന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഇപ്രകാരം റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

സ്ഥാപനങ്ങൾ നേരിട്ട് പത്രപ്പരസ്യം മുഖേനയും BPE, CMD, KEXCON തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ഹ്രസ്വകാലയളവിലേക്ക് നിയമനങ്ങൾ നടത്തിവരാറുണ്ട്. ഇവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ**

49 (49) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ നിയമനങ്ങൾ സ്ഥിരപ്പെടുത്തി നൽകുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

10 വർഷത്തിലധികമായി ജോലി ചെയ്തുവന്നിരുന്ന താൽക്കാലിക ജീവനക്കാരെ മുൻ സർക്കാരുകൾ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് വിവിധ സർക്കാർ വകുപ്പുകളിലും ഏജൻസികളിലും കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച എത്രപേർ നിലവിലും ജോലിയിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഹ്രസ്വകാല ആവശ്യങ്ങൾക്കായാണ് അതത് സ്ഥാപനങ്ങൾ ദിവസവേതനത്തിൽ/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താറുള്ളത്. സംസ്ഥാനത്താകെ ഇതുസംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഇപ്രകാരം ജോലി ചെയ്യുന്നവരെ പ്രസ്തുത സർവീസിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ബയോമെട്രിക്ക് പഞ്ചിംഗ്**

50 (50) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പാക്കിവരുന്ന ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽനിന്നും ഐ.എ.എസ്. ഉദ്യോഗസ്ഥരെയും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെയും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങളും അതിനുള്ള കാരണവും അറിയിക്കാമോ?

ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ ചീഫ് സെക്രട്ടറിയെ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പേഴ്സണൽ സ്റ്റാഫിന്റെ കാര്യത്തിൽ മന്ത്രിമാരുടെ ഓഫീസുകളുടെ ആവശ്യപ്രകാരം ജോലി സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ 154 പേരെ പഞ്ചിംഗിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാകുന്നതിലേക്കായി ഐ.എ.എസ്. ഉദ്യോഗസ്ഥർ ഔട്ട്സൈഡ് ഡ്യൂട്ടി വ്യവസ്ഥ വ്യാപകമായ രീതിയിൽ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ഔട്ട്സൈഡ് ഡ്യൂട്ടി നിർവ്വഹിച്ചുവെന്ന കാര്യം എപ്രകാരമാണ് ഉറപ്പ് വരുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന് പുറമെ സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാന കേഡറിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന് പുറമേ കേന്ദ്ര സർക്കാർ ആൾ ഇന്ത്യ സർവ്വീസ് ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അലവൻസുകൾ (മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഉൾപ്പെടെ) കൂടാതെ സംസ്ഥാന സർക്കാർ ചുവടെ പറയുന്ന പ്രധാനപ്പെട്ട അലവൻസുകളും അർഹരായ ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്.

* എ.ഐ.എസ്. ഓഫീസേഴ്സ് അലവൻസ്

* ജോയിന്റ് സെക്രട്ടറി ഗ്രേഡിന് മുകളിലേയ്ക്കുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്കും സെക്രട്ടേറിയറ്റിൽ ജോലിചെയ്യുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും ദിനപത്രവും സാമ്പത്തിക കാര്യവുമായി ബന്ധപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനുള്ള അലവൻസ് തുടങ്ങിയവ.

**ഭിന്നശേഷിയുള്ള സർക്കാർ ജീവനക്കാരുടെ സംവരണം**

(51) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷന് 4% സംവരണം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷന് 4% സംവരണം അനുവദിച്ചുകൊണ്ട് 15.07.2022-ലെ G.O(P) No. 5/2022/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത സംവരണം ഏതു രീതിയിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നവരെയാണ് ഇപ്രകാരം പരിഗണിക്കുന്നതെന്നും ആയതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം അറിയിക്കാമോ?

മേൽ ഉത്തരവ് പ്രകാരം ഒരു തസ്തികയിൽ നേരിട്ടുള്ള നിയമനം വഴിയും (direct recruitment) സ്ഥാനക്കയറ്റം (from feeder category) വഴിയും നിയമനം നടത്തുന്നപക്ഷം അത്തരം തസ്തികകളിൽ ഭിന്നശേഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം അനുവദിക്കുന്നതാണ്. ഇതിനായി വിവിധ വകുപ്പുകളുടെ സ്പെഷ്യൽ റൂളും റോസ്റ്റർ സിസ്റ്റവും ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നൽകിയിട്ടുണ്ട്. 28.10.2022-ലെ G.O(P) No. 7/2022/SJD dated (അനുബന്ധം ആയി ചേർക്കുന്നു.)+ പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള 654 തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സംവരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

## ഓഫീസ് അറ്റൻഡന്റ് തസ്തിക

52 (52) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് ഒ.പി.(കെ.എ.ടി.) നമ്പർ 149/2015 തീയതി 28.02.2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ  പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിലെ കെ-ഫോൺ കണക്ഷനുകൾ**

53 (53) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നൽകിയിട്ടുള്ള കെ-ഫോൺ കണക്ഷനുകളുടെ എണ്ണം നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ ജില്ലയിൽ എത്ര കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ & ബി) പാലക്കാട് ജില്ലയിൽ ആദ്യഘട്ടത്തിൽ 2240 കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അതിൽ 942 കെ-ഫോൺ കണക്ഷനുകൾ നിലവിൽ നൽകിയിട്ടുണ്ട്. ജില്ലയിലെ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള കണക്ഷനുകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ**

54 (54) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ വിവരങ്ങളും ആദ്യഘട്ട പൂർത്തീകരണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉപഭോക്താക്കൾക്ക് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; ഇതിന് ഉപഭോക്താക്കൾ എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതായി വരും; ഇതിൽ പ്രത്യേക പ്ലാൻ സ്കീമുകൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിനും ഇന്റർനെറ്റ് സേവനം സംസ്ഥാനത്ത് സാർവത്രികമായി ലഭ്യമാക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പദ്ധതി വഴി സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുന്നതിനും ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6360 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 22802

കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18094.63 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 322 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

മോണിറ്റൈസേഷൻ ഉൾപ്പെടെയുള്ള കെ-ഫോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭ്യമായതിനുശേഷം അത് പരിശോധിച്ച മാത്രമെ കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, നിരക്ക്, പ്ലാൻ എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**മഞ്ചേരി മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ**

55 (55) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ആകെ എത്ര വീടുകളിലും ഏതെല്ലാം ഓഫീസുകളിലും കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം എത്ര വീടുകളിലും ഏതെല്ലാം ഓഫീസുകളിലും കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്; പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

(എ &ബി) മഞ്ചേരി മണ്ഡലത്തിലെ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. 215 സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷന് വേണ്ടിയുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 80 സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും 100 ബി.പി.എൽ. കുടുംബങ്ങൾ എന്ന കണക്കിൽ 140 മണ്ഡലങ്ങളിലുള്ള ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിക്കുകയും ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മഞ്ചേരി മണ്ഡലത്തിൽ അത്തരം കണക്ഷനുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുവാൻ സാധിക്കും. വീടുകളിൽ കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കുവാൻ നിലവിൽ ആരംഭിച്ചിട്ടില്ല.

**പാലക്കാട് ജില്ലയിലെ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

56 (56) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അക്ഷയ കേന്ദ്രങ്ങളാണ് പുതിയതായി അനുവദിച്ചിട്ടുള്ളതെന്ന് സ്ഥലപ്പേര് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

12 ലൊക്കേഷനുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലൊക്കേഷനുകളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ജില്ലയിലെ ഇനി ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച 12 ലൊക്കേഷനുകളും കഴിഞ്ഞ സർക്കാർ കാലഘട്ടത്തിൽ അനുവദിച്ച 26 ലൊക്കേഷനുകളുമുൾപ്പെടെ ആകെ 38 ലൊക്കേഷനുകളിലേയ്ക്ക് പുതിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരംഭകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ലൊക്കേഷനുകളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

## സി-ഡിറ്റ്

57 (57) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ്-ന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അനുവദിച്ച പദ്ധതി പണം ഉപയോഗിച്ചു സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും 2018-ൽ ഒരു കോടി പതിനഞ്ച് ലക്ഷത്തിൽപ്പരം രൂപ ചെലവാക്കി ക്ലൗഡ് അധിഷ്ഠിത കസ്റ്റമർ എൻഗേജ്മെന്റ് സൊല്യൂഷൻ സോഫ്റ്റ്വെയർ (ഒറാക്കിൾ ഡേറ്റാ മാനേജ്മെന്റ് പ്ലാറ്റ്ഫോം- ഒരു വർഷ ലൈസൻസ്) പർച്ചേസ് ഓർഡർ (214/2017-18, 178/2018-19) വാങ്ങിയിരുന്നോ; വിശദമാക്കുമോ?

വാങ്ങിയിരുന്നു. വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ വരുന്ന വിവരങ്ങളുടെ ഡാറ്റ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധന നടത്തി പ്രതികരണങ്ങളും മേൽനടപടികളും സ്വീകരിക്കുവാൻ സർക്കാർ വകുപ്പുകളെയും സ്ഥാപനങ്ങളെയും സഹായിക്കുന്ന ജോലിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സി-ഡിറ്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായാണ് ഈ സോഫ്റ്റ്‌വെയർ വാങ്ങിയത്.

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ വാർഷിക കാലാവധി തീരും വരെ ലോഗ് ഇൻ അവകാശങ്ങൾ ഉണ്ടായിരുന്ന സി-ഡിറ്റിലെ ഉദ്യോഗസ്ഥരുടെ പേരു വിവരം വിശദമാക്കുമോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഈ ഉദ്യോഗസ്ഥർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി&സി) അന്നത്തെ സി-ഡിറ്റിന്റെ രജിസ്ട്രാർക്കാണ് (registrar@cdit.org) സോഫ്റ്റ്‌വെയർ ലോഗ്-ഇൻ അവകാശങ്ങൾ നൽകിയിരുന്നത്. രജിസ്ട്രാറിന്റെ അനുമതിയോടെ ബന്ധപ്പെട്ട പ്രോജക്ട് നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും (സന്ദീപ് സുദർശൻ, ഡോ. പി. വി. ഉണ്ണികൃഷ്ണൻ) ഈ ലോഗ്-ഇൻ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

സി-ഡിറ്റിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനും KSFE പ്രവാസി ചിട്ടി, K-DISC നടപ്പിലാക്കിയ യംഗ്

ഇന്നോവേറ്റേഴ്സ് പ്രോഗ്രാം, CMDRF സംഭാവന പോർട്ടൽ തുടങ്ങിയ പ്രോജക്റ്റുകൾക്ക് വേണ്ടിയും ഉപയോഗിച്ചിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

58 (58) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെയും തിടനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, എരുമേലി, പാറത്തോട്, മുണ്ടക്കയം, കോരുത്തോട്, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിലെയും ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നിലവിൽ കെ-ഫോൺ സേവനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ കെ-ഫോൺ സേവനം നൽകുന്നതിനായി അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ ഓഫീസുകൾ, സ്കൂളുകൾ എന്നിവ ഉൾപ്പെടെയുള്ള 205 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കേബിൾ ശൃംഖല സ്ഥാപിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി 198 കി.മീ. കേബിൾ ശൃംഖല സ്ഥാപിക്കാനുള്ളതിൽ 172 കി.മീ. നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പാവപ്പെട്ടവർക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ പൂഞ്ഞാറുൾപ്പെടെയുള്ള ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 നിയോജക മണ്ഡലങ്ങളിലുള്ള ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും സർക്കാർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായാലുടൻ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**അരുവിക്കര മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

59 (59) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം കേബിളുകൾ സ്ഥാപിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെ പേര് വിവരം ലഭ്യമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുള്ള 167 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

(ബി) മണ്ഡലത്തിൽ ഇനി ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്കാണ് കെ-ഫോൺ കണക്റ്റിവിറ്റി നൽകാനുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലത്തിൽ 60 സ്ഥാപനങ്ങളിലേക്ക് കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ചേർക്കുന്നു.+

**കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ**

60 (60) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതി പൂർത്തീകരണത്തിലൂടെ സ്റ്റാർട്ടപ്പ് മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങളും യുവസംരംഭകർക്ക് ലഭിക്കുന്ന ഗുണങ്ങളും എന്തെല്ലാം; വിശദമാക്കാമോ?

ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. സംരംഭകർക്ക് മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താവുന്നതാണ്.

## എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി

61 (61) ശ്രീ. തോമസ് കെ. തോമസ്
ശ്രീ. കെ. പി. മോഹനൻ
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾ ഏറെയുള്ള സംസ്ഥാനം എന്ന നിലയിലും ദുരന്ത നിവാരണത്തിന് ഉൾപ്പെടെ ഗുണകരമാകുമെന്ന നിലയിലും എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർക്കും മലയോര മേഖലയിലെ ദുരന്ത നിവാരണത്തിനും ഇത്തരം എയർ സ്ട്രിപ്പുകൾ അത്യന്താപേക്ഷിതമായതിനാൽ സ്വകാര്യ നിക്ഷേപം ഉൾപ്പെടെ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം

നൽകുകയും അതുപ്രകാരം എയർസ്ട്രിപ്പ് നിർമ്മാണത്തിനായുള്ള ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി പഠനത്തിനായി (TEFR) കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയമിക്കുകയും ചെയ്തു. എയർസ്ട്രിപ്പ് പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന്റേയും കൊല്ലം, കോട്ടയം, പത്തനംതിട്ട, ഗുരുവായൂർ, മലപ്പുറം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ ഹെലിപാഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും ജില്ലാകളക്ടർമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും അയച്ചുകൊടുത്ത് ആവശ്യമായ സാങ്കേതിക വിഭാഗത്തോടൊപ്പം പരിശോധിച്ച് നിർദ്ദിഷ്ടസ്ഥാനങ്ങളുടെ ഉപയോഗക്ഷമത റിപ്പോർട്ടു ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഹെലിസേവാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## കെ-റെയിൽ പദ്ധതി

62 (62) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതി നിർത്തിവയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി വൈകുന്നതിനാൽ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾക്കായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും തൽക്കാലം മറ്റു പദ്ധതികളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് നിലവിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിരിക്കുകയുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ

ബോർഡിന്റെ പരിശോധനയിലാണ്. ധനകാര്യ മന്ത്രാലയത്തിന്റെ കത്തിനനുസൃതമായുള്ള റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അനുമതി പ്രകാരമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്ക്നിക്കൽ പഠനം, CRZ Mapping, ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പ്ലാൻ തയ്യാറാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) കെ-റെയിൽ പദ്ധതിയുടെ ഡി.പി.ആർ-ന് ഇന്ത്യൻ റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരത്തിനായി അപേക്ഷിച്ച തീയതി, അപേക്ഷയ്ക്ക് ലഭിച്ച മറുപടി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

സിൽവർലൈൻ പദ്ധതി ഡി.പി.ആർ. റെയിൽവേയുടെ അംഗീകാരത്തിനായി 17.06.2020-ന് റെയിൽവേ ബോർഡിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. തുടർന്ന് പദ്ധതിയുടെ ഡി.പി.ആർ.

അവലോകനത്തിന്റെ ഭാഗമായി സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ EIRR, FIRR, ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയും ദക്ഷിണ റെയിൽവേയ്ക്ക് പ്രസ്തുത വിവരം 12.08.2022-ന് കൈമാറുകയും ചെയ്തു.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് റെയിൽവേ ബോർഡിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള ക്ലാരിഫിക്കേഷനുകളുടെയും അവയ്ക്ക് സർക്കാർ നൽകിയ മറുപടികളുടെയും വിശദാംശം ലഭ്യമാക്കുമോ?

പദ്ധതിയുടെ ഡി.പി.ആർ. അവലോകനത്തിന്റെ ഭാഗമായി EIRR, FIRR, ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ റെയിൽവേ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് സമർപ്പിച്ചിരുന്നു. കൂടാതെ സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയും തുടർന്ന്

ദക്ഷിണ റെയിൽവേ അധികൃതരുമായി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ മാപ്പ് എന്നിവയോടൊപ്പമുള്ള വിശദവിവരങ്ങൾ സഹിതം ദക്ഷിണ റെയിൽവേക്ക് 12.08.2022-ന് കൈമാറുകയും ചെയ്തു.

## സിൽവർ ലൈൻ പദ്ധതിയുടെ പുരോഗതി

63 (63) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഭാവി പുരോഗതികൾ സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; സിൽവർ ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതിയുടെ സർവ്വേ, സ്ഥലമെടുപ്പ്, ഭരണപരമായ മറ്റു ചെലവുകൾ എന്നിവയ്ക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പുരോഗതി വെളിപ്പെടുത്തുമോ?

വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കെ-റെയിൽ പദ്ധതി

64 (64) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി തുടരേണ്ടതില്ല എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

പദ്ധതിക്ക് കേന്ദ്രാനുമതി കിട്ടുന്ന മുറയ്ക്ക് എസ്.ഐ.എ. പഠനം ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിരിക്കുകയുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ

ബോർഡിന്റെ പരിശോധനാ ഘട്ടത്തിലാണ്. പദ്ധതി തുടരേണ്ടതില്ല എന്ന നിലയിൽ തീരുമാനം എടുത്തിട്ടുള്ളതല്ല.

(ബി) കെ-റെയിൽ പദ്ധതിയുടെ അലൈൻമെന്റിന് ആവശ്യമായി വരുന്ന സ്വകാര്യ ഭൂമിയുടെയും റെയിൽവേ ഭൂമിയുടെയും വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് റെയിൽവേ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നൽകിയ മറുപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

സിൽവർലൈൻ പദ്ധതി ഡി.പി.ആർ. റെയിൽവേയുടെ അംഗീകാരത്തിനായി 17.06.2020-ന് റെയിൽവേ ബോർഡിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. തുടർന്ന് പദ്ധതിയുടെ ഡി.പി.ആർ. അവലോകനത്തിന്റെ ഭാഗമായി, സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ EIRR, FIRR, ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ അധിക വിവരങ്ങൾ റെയിൽവേ

ബോർഡ് റെയിൽവേ ബോർഡ് ആവശ്യപ്പെട്ട പ്രകാരം 12.08.2022-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതി

65 (65) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളുടെ നിർമ്മാണ പുരോഗതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) കടമക്കുടിയിൽ കിഫ്ബി ധനസഹായത്തോടെയുള്ള പിഴല-കടമക്കുടി പാലത്തിന്റെയും ജിഡ ധനസഹായത്തോടെയുള്ള കോതാട്-ചേന്നൂർ പാലത്തിന്റെയും അലൈൻമെന്റിൽ വാട്ടർമെട്രോ ടെർമിനലുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ബാധകമല്ല.

**സിൽവർലൈൻ പദ്ധതി**

66 (66) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി ഉപേക്ഷിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതിയുടെ സാമൂഹികാഘാത പഠനം നിർത്തിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥരെ പിൻവലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാമൂഹികാഘാത വിലയിരുത്തൽ പഠനം തുടരുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി

വൈകുന്നതിനാൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾക്കായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തൽക്കാലം മറ്റ് പദ്ധതികളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കെതിരെ സമരം നടത്തിയവർക്കെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളത്; ഈ കേസുകൾ പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

എത്ര കേസുകൾ എടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളത് എന്നുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവ പിൻവലിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഈ പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഈ പദ്ധതിക്കായി എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്; ഏതെങ്കിലും ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടിട്ടുണ്ടോ; നിലവിൽ എത്ര പേരാണ് പദ്ധതി നടത്തിപ്പിനായി സേവനമനുഷ്ഠിക്കുന്നത്; വിശദമാക്കാമോ?

കെ.ആർ.ഡി.സി.എൽ.-ലെ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനത്തിനു പുറമെ സിൽവർലൈൻ പദ്ധതിയുടെ സാമൂഹികാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 11 സ്പെഷ്യൽ തഹസിൽദാർ, ഒരു ഡെപ്യൂട്ടി തഹസിൽദാർ ഓഫീസുകളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസിലേക്കായി റവന്യൂ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുള്ളതാണ്. ഇവരെ തൽക്കാലം മറ്റ് പദ്ധതികളിലേക്ക് പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സംസ്ഥാന സർക്കാരിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി നോക്കുന്നവർക്കായി പ്രതിമാസം എത്ര തുക ശമ്പളവും അലവൻസുകളും ഇനത്തിൽ ചെലവ് വരുന്നുണ്ട്; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## സിൽവർലൈൻ പദ്ധതി

67 (67) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ എത്ര തുകയാണ് ഇതിനോടകം ചെലവഴിച്ചതെന്ന് തരം തിരിച്ച കണക്ക് വിശദമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) സിൽവർ ലൈൻ വിരുദ്ധ സമരവുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് പോലീസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത കേസുകൾ റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവ പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല.

**കൊച്ചി ജലമെട്രോ-തോപ്പുംപടി ടെർമിനൽ**

68 (68) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോയുടെ ഭാഗമായ ജലമെട്രോ-തോപ്പുംപടി ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ?

അധിക ധനസമാഹരണ മാർഗ്ഗങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടെർമിനലുകളുടെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

**നാദാപുരം മണ്ഡലത്തിലെ കളിയാമ്പള്ളി പാലം പുതുക്കി പണിയൽ**

69 (69) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷന്റെ ജലപാത കടന്ന് പോകുന്ന കളിയാമ്പള്ളി പാലം പുതുക്കി പണിയാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി എന്ന് ലഭ്യമാകുമെന്ന് അറിയിക്കുമോ?

(എ & ബി) കളിയാമ്പള്ളി പാലം നിർമ്മാണത്തിനായി IDRB മുഖേന ഡിസൈൻ ലഭ്യമാക്കി DPR തയ്യാറാക്കിയെങ്കിലും വടകര-മാഹി കനാലിന് കുറുകെ മറ്റ് സമാന പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) നല്കിയ സാങ്കേതിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ തയ്യാറാക്കിയ ഡിസൈൻ ഭേദഗതി ചെയ്യുന്നത് പരിശോധിച്ചുവരുന്നു.

## കച്ചേരി ബോട്ട് ടെർമിനൽ നിർമ്മാണം

70 (70) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കച്ചേരി ബോട്ട് ടെർമിനൽ നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സാങ്കേതിക അനുമതി ലഭ്യമാകുവാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ & ബി) നാദാപുരം മണ്ഡലത്തിലെ കച്ചേരി ബോട്ട് ടെർമിനൽ നിർമ്മാണത്തിന് 2020-ൽ സാങ്കേതികാനുമതി നൽകി 2 തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും ടെണ്ടറെടുക്കാൻ കരാറുകാർ മുന്നോട്ട് വരാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## 60 വയസ് കഴിഞ്ഞ പ്രവാസികളുടെ ക്ഷേമനിധി അംഗത്വം

71 (71) ശ്രീ. ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

60 വയസ് കഴിഞ്ഞ പ്രവാസികൾക്ക് അഞ്ചുവർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധി അംഗത്വം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം അനുവദിക്കുന്നതിനാണ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ വ്യവസ്ഥയുള്ളത്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമനിധി അംഗത്വം അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പ്രവാസി ഡിവിഡന്റ് പദ്ധതി

72 (72) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര തുക നിക്ഷേപമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ & ബി) 2022 നവംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 2018 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ടി പദ്ധതിയിൽ നാളിതുവരെ 310,87,00,000 (മുന്നൂറ്റിപത്ത് കോടി എൺപത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പദ്ധതിയാണ് ഇത്. പ്രവാസി കേരളീയർക്ക് 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ

തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസം ആജീവനാന്തം ലഭ്യമാക്കുന്നു. ആദ്യ 3 വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ജീവിതാന്ത്യം വരെ ഡിവിഡന്റ് ലഭ്യമാകും. അതിനുശേഷം നോമിനിക്ക് ആദ്യ 3 വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യപരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണിത്. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും അർഹരായ പ്രവാസി കേരളീയർക്ക് ടി പദ്ധതിയിൽ ഓൺലൈനായി അംഗത്വമെടുത്ത് നിക്ഷേപം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

**ലോക കേരള സഭയുടെ ലണ്ടൻ മേഖലാ സമ്മേളനം**

73 (73) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ലോക കേരള സഭയുടെ ലണ്ടൻ മേഖലാ സമ്മേളനത്തിൽ കേരളത്തിൽ നിന്ന് ഏതെല്ലാം മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2022 ഒക്ടോബർ മാസത്തിൽ മുഖ്യമന്ത്രി നടത്തിയ ലണ്ടൻ സന്ദർശനത്തിൽ കേരളത്തിൽനിന്ന് ചുവടെ പറയുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

- ശ്രീ. പി. രാജീവ്, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി
- ശ്രീ. വി. ശിവൻകുട്ടി, പൊതു വിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി
- ശ്രീമതി വീണാ ജോർജ്ജ്, ആരോഗ്യ, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി
- ഡോ. വി. കെ. രാമചന്ദ്രൻ, സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ
- ഡോ. വി. പി. ജോയി, ചീഫ് സെക്രട്ടറി
- ഡോ. കെ. രവിരാമൻ (ആസൂത്രണ ബോർഡ് അംഗം)
- ശ്രീ. വേണു രാജാമണി, ഒ.എസ്.ഡി. (വിദേശ സഹകരണം)
- ശ്രീ. പി. ശ്രീരാമകൃഷ്ണൻ, റെസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്

- ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി
- ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി
- ശ്രീ. ഹരികൃഷ്ണൻ നമ്പൂതിരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
- ശ്രീ. അജിത് കോളാശ്ശേരി, അഡീഷണൽ സെക്രട്ടറി & ജനറൽ മാനേജർ, നോർക്ക റൂട്ട്സ്
- ശ്രീ. വി. എം. സുനീഷ്, മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

(ബി) ലോക കേരള സഭയുടെ ഏത് സമ്മേളനത്തിലാണ് ഇപ്രകാരം മേഖലാ സമ്മേളനങ്ങൾ ചേരുന്നതിന് തീരുമാനിച്ചതെന്നും പ്രസ്തുത സമ്മേളനത്തിന്റെ ചെലവുകൾ നിർവ്വഹിച്ചത് ആരാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് മേഖലാ സമ്മേളനങ്ങൾ ചേരുന്നതിന് തീരുമാനമെടുത്തത്. സമ്മേളനത്തിന്റെ ചെലവുകൾ പ്രധാനമായും ലോക കേരള സഭാ അംഗങ്ങളും പ്രവാസി സംഘടനകളുമാണ് വഹിച്ചിട്ടുള്ളത്.

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രാചെലവുകൾ നിർവ്വഹിച്ചതാരാണെന്നും ഈ ഇനത്തിൽ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കുടുംബാംഗങ്ങൾ യാത്രയിൽ അനുഗമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് യാത്രയിൽ അനുഗമിച്ചതെന്നും കുടുംബാംഗങ്ങളുടെ യാത്രാചെലവുകൾ ആരാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(സി & ഡി) ചെലവുകൾ സംബന്ധിച്ച ബില്ലുകൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. ഔദ്യോഗിക യാത്രയുടെ ഭാഗമല്ലാത്തവരുടെ ചെലവുകൾ സ്വന്തം നിലയിലാണ് നിർവ്വഹിച്ചിട്ടുള്ളത്.

(ഇ) ലോക കേരള സഭയുടെ മേഖല സമ്മേളനത്തിനായി ലണ്ടനിൽ എത്തിയ മുഖ്യമന്ത്രിയും മന്ത്രിമാരും കുടുംബാംഗങ്ങളും താമസിച്ചത് ഏത് ഹോട്ടലിലാണ്; അവിടുത്തെ താമസത്തിനുള്ള ചെലവ് നിർവ്വഹിച്ചത് ആരാണ്; ഈ ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

2022 ഒക്ടോബർ മാസത്തിൽ മുഖ്യമന്ത്രി നടത്തിയ ലണ്ടൻ സന്ദർശനത്തിൽ, മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും താമസിച്ചിരുന്നത് ലണ്ടനിലെ താജ് ഗ്രൂപ്പിന്റെ സെന്റ് ജെയിംസ് കോർട്ട് ഹോട്ടലിൽ ആയിരുന്നു. സംഘത്തിന്റെ താമസം സംബന്ധിച്ച ചെലവുകൾ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഇന്ത്യൻ എംബസി മുഖേനയാണ് കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല.

### പ്രവാസി പെൻഷൻ

74 (74) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പെൻഷൻ ലഭിക്കുന്നതിനായി കേരള പ്രവാസി ക്ഷേമ ബോർഡിൽ അംശദായം അടച്ചിട്ടുള്ള വ്യക്തികൾക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി, സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പ്രകാരം അംശദായം അടച്ച് അർഹത നേടിയിട്ടുള്ളവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായപരിധിയിൽ

ക്ഷേമനിധി അംഗത്വമെടുത്ത് 5 വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്കാണ് നിലവിൽ പെൻഷൻ അനുവദിക്കുന്നത്. പെൻഷൻ പ്രായം കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക അടച്ച് പൂർത്തിയാക്കുന്നവർക്കും പെൻഷൻ അനുവദിക്കുന്നുണ്ട്. കൂടാതെ അംഗത്വമെടുത്ത് പെൻഷൻ പ്രായത്തിന് മുൻപ് അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തി പെൻഷന് അർഹത നഷ്ടപ്പെട്ട അംഗങ്ങൾക്ക് 62 വയസ്സിനുശേഷവും മുടക്കം വരുത്തിയ ടി കുടിശ്ശിക/പിഴ തുക അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് 15.02.2023 വരെ താല്ക്കാലിക ഇളവും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി കാലപരിധി കഴിഞ്ഞ് അംശദായ അടവിൽ ഒരു വർഷമോ അതിലധികമോ വീഴ്ച വരുത്തി അംഗത്വം സ്വമേധയാ റദ്ദായവർക്ക് പെൻഷൻ ലഭിക്കുന്നതിന് നിലവിൽ അർഹതയില്ല.

(ബി) പെൻഷൻ നിഷേധിക്കപ്പെട്ടാൽ അടച്ചിട്ടുള്ള അംശദായം തിരികെ ലഭിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ?

പെൻഷന് അർഹതയില്ലാത്തവർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്ന പ്രകാരം അവർ അടച്ച അംശദായ തുക തിരികെ ലഭിക്കുന്നതാണ്.

**പൗരത്വ ഭേദഗതി ബിൽ സമരവുമായി ബന്ധപ്പെട്ട കേസുകൾ**

75 (75) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) നാളിതുവരെ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എ & ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

26.02.2021-ലെ സ.ഉ. (കൈ) നം 70/2021/ആഭ്യന്തരം പ്രകാരം പൊതു ഉത്തരവ് ആയിട്ടുണ്ട്. സി.ആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 49 കേസുകളിൽ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികൾ ആണ്.

## ശബരിമല യുവതി പ്രവേശനം സംബന്ധിച്ച പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

76 (76) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയെ തുടർന്ന് സംസ്ഥാനത്ത് നടന്ന പ്രതിഷേധങ്ങളിൽ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത് നടന്ന പ്രതിഷേധങ്ങളിൽ 2636 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളിൽ ആകെ 25408 പേർ പ്രതികളായി ഉൾപ്പെട്ടിരുന്നു.

(ബി) പ്രസ്തുത കേസുകളിൽ ഏതെങ്കിലും കേസുകൾ നാളിതുവരെ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്; ഇനി എത്ര കേസുകൾ പിൻവലിക്കാൻ ഉണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

ശബരിമല സ്ത്രീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ടുണ്ടായ സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26.02.2021-ലെ സ.ഉ.(കൈ)നം.70/2021/ആഭ്യന്തരം പ്രകാരം പൊതു ഉത്തരവായിട്ടുണ്ട്.

93 കേസുകളിൽ സി.ആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനുള്ള നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. അതിൽ 41 കേസുകൾ കോടതി പിൻവലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

77 (77) ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന പോലീസ് നടത്തുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരളാ പോലീസ് വുമൺ ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ, പഞ്ചായത്ത് വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം, വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി, നിർഭയം ആപ്ലിക്കേഷൻ, പിങ്ക് പോലീസ് പട്രോൾ, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്-പിങ്ക് റോമിയോ, പിങ്ക് ജനമൈത്രി ബീറ്റ്, ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസലിംഗ് സെന്റർ, ഡൊമസ്റ്റിക് കോൺഫ്ലിക്ട് റെസല്യൂഷൻ സെന്റർ, അപരാജിത ഓൺലൈൻ, സഖി വൺസ്റ്റോപ്പ് സെന്റർ, വിക്ടിം ലെയ്സൺ ഓഫീസർ തുടങ്ങിയ വിവിധ പദ്ധതികൾ കാര്യക്ഷമതയോടെ പ്രവർത്തിച്ചുവരുന്നു.

(ബി) ഒരു നിയമസഭാംഗം പീഡനത്തിനിരയാക്കിയെന്നും അത് മറച്ചുവയ്ക്കാനായി വധിക്കാൻ ശ്രമിച്ചുവെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ കാര്യക്ഷമമായി നടപടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; പരാതിയിലെ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. പീഡനത്തിനിരയായതായി പരാതിക്കാരി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതി പ്രകാരം കോവളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 983/2022 U/s 362, 323, 354, 506(i), 376(2)(n), 307, 354(B) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ ഊർജ്ജിത അന്വേഷണത്തിനായി തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ച് (സി ബ്രാഞ്ച്) അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതിക്കാരിയെ ദേഹോപദ്രവം ഏൽപ്പിച്ച് ഭീഷണിപ്പെടുത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ, കേസ് രജിസ്റ്റർ ചെയ്ത് ടിയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 376(2) (n), 307, 354 B എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(സി) പദവിയും രാഷ്ട്രീയ ബന്ധവും ഉപയോഗിച്ച് കേസ് ദുർബ്ബലപ്പെടുത്താനും അപകീർത്തിപ്പെടുത്താനും ശ്രമം നടത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ മാതൃകാപരമായ കർശന നടപടിയുറപ്പാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 757/2022 u/s 506(1), 228-A(i) & 34

IPC പ്രകാരവും തിരുവനന്തപുരം സിറ്റി സൈബർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 57/2022 u/s 354-D, 506 IPC പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

**പിങ്ക് പോലീസ് രജിസ്റ്റർ ചെയ്ത കുറ്റ കൃത്യങ്ങളുടെ എണ്ണം**

78 (78) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിങ്ക് പോലീസ് വഴി രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) അവയിൽ നടപടി സ്വീകരിച്ചത് എത്ര, പെന്റിംഗ് എത്ര എന്നിവ സംബന്ധിച്ച് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ &ബി) സംസ്ഥാനത്ത് പിങ്ക് പോലീസ് വഴി 197 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 194 കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. നിലവിൽ 3 കേസുകൾ അന്വേഷണത്തിലാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ഉള്ളടക്കം ചെയുന്നു.+

(സി) പിങ്ക് പോലീസിനായി സർക്കാർ അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇതിൽ എത്ര വാഹനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

(സി & ഡി) പിങ്ക് പോലീസ് പട്രോൾ ഡ്യൂട്ടിക്കായി അനുവദിച്ചിട്ടുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങളുടെയും അവയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.+

**ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിലേയ്ക്ക് പോലീസ് സേനാംഗങ്ങളുടെ നിയമനം**

79 (79) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നിന്നും ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിലേയ്ക്ക് പോലീസ് സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റാങ്കുകളിലുള്ളവരെയാണ് നിയോഗിക്കാറുള്ളതെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ഇൻസ്പെക്ടർ ഓഫ് പോലീസ്, സീനിയർ സിവിൽ പോലീസ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ എന്നീ റാങ്കിലുള്ളവരെ നിയോഗിക്കാറുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഫോറസ്റ്റ് ഡിവിഷനുകളിലേയ്ക്ക് എത്ര വീതം സേനാംഗങ്ങളെയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ചിട്ടുള്ളവരെ വിവിധ ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് വിന്യസിക്കുന്നത് ആരാണെന്നും അറിയിക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷനിലേയ്ക്ക് 16 സേനാംഗങ്ങളെയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ് ഇവരെ വിവിധ ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് വിന്യസിക്കുന്നത്. നിലമ്പൂർ സൗത്ത് ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് പോലീസ് സേനാംഗങ്ങളെ നിയോഗിച്ചിട്ടില്ല.

(സി) മേൽ സേനാംഗങ്ങളെ നിയമിച്ചിട്ടുള്ളത് എന്തെല്ലാം ഡ്യൂട്ടികൾ ചെയ്യുന്നതിന് വേണ്ടിയാണെന്ന് വ്യക്തമാക്കാമോ; വനം വകുപ്പിൽ ഇവർ ചെയ്യേണ്ട ഡ്യൂട്ടികളെ സംബന്ധിച്ച് സർക്കാരിൽ നിന്നോ പോലീസ് വകുപ്പിൽ നിന്നോ ഏതെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വനപ്രദേശങ്ങളിലെ വൻകിട കൈയേറ്റങ്ങൾ ഒഴിപ്പിക്കുക, വൻതോതിലുള്ള മരംമുറി, കഞ്ചാവ് കൃഷി, അനധികൃത വാറ്റ് എന്നിവ തടയുക എന്നിങ്ങനെ അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതോടൊപ്പം വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനം വകുപ്പ് ജീവനക്കാർക്കുവേണ്ട പിന്തുണ നൽകുന്നതിനും മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിൽ വന്യമൃഗങ്ങളെ തിരിച്ച് കാട്ടുകയറ്റുന്നതിനും അടിയന്തിര ഘട്ടങ്ങളിൽ മേലധികാരികൾ നിർദ്ദേശിക്കുന്ന വനസംരക്ഷണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് പോലീസ് സേനാംഗങ്ങളെ നിയമിച്ചിട്ടുള്ളത്. വനം വകുപ്പിൽ ഇവർ ചെയ്യേണ്ട ഡ്യൂട്ടികളെ സംബന്ധിച്ച് 12.12.2001-ലെ സ.ഉ. (സാധാ) നം. 535/01/F&WLD നമ്പർ സർക്കാർ ഉത്തരവിലാണ് പ്രതിപാദിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സുരക്ഷയ്ക്കായും ഓഫീസ് ആവശ്യങ്ങൾക്കായും സന്ദർശകരെ നിയന്ത്രിക്കുന്നതിനായും മേൽ സേനാംഗങ്ങളെ ഉപയോഗിക്കുന്നതിന് അനുമതിയുള്ളതാണോ; ഇപ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേനാംഗങ്ങളെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് തെളിവ് സഹിതം പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ?

ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ ക്രിമിനൽ കേസുകൾ**

80 (80) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്ന് മുതൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഓരോ കേസിന്റെയും എഫ്.ഐ.ആർ. നമ്പറും കുറ്റത്തിന്റെ സ്വഭാവവും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

2016 ജൂൺ 1 മുതൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ 828 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ കേസിന്റെയും എഫ്.ഐ.ആർ. നമ്പരും, കുറ്റത്തിന്റെ സ്വഭാവവും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പല കേസുകളിലും പോലീസ് വ്യാജ ഫോറൻസിക് റിപ്പോർട്ട് ഉണ്ടാക്കിയതായി മുൻ ഡി.ജി.പി. ആരോപണം ഉന്നയിച്ചതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പശ്ചാത്തലത്തിൽ, ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പല കേസുകളിലും പോലീസ് വ്യാജ ഫോറൻസിക് റിപ്പോർട്ട് ഉണ്ടാക്കിയതായി മുൻ ഡി.ജി.പി. ആരോപണം ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ എ.ഡി.ജി.പി. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുകയും പ്രസ്തുത ആരോപണത്തിൽ ഉന്നയിച്ചിരിക്കുന്ന വസ്തുതകൾ അടിസ്ഥാനരഹിതമാണെന്നും ഫോറൻസിക് സയൻസ് ലബോറട്ടറി സ്വതന്ത്രമായി പ്രവർത്തിക്കുന്നുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

## പോലീസ് വകുപ്പിലെ ആശ്രിത നിയമനം

81 (81) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2011-2016 കാലയളവിലെ പോലീസിൽ മാനദണ്ഡം ലംഘിച്ച് നിയമനം നൽകിയ സൂപ്പർന്യൂമററി തസ്തികയിലുള്ള ജീവനക്കാരുടെ സർവ്വീസ് റഗുലറൈസേഷൻ വൈകുന്നതുമൂലമുണ്ടാകുന്ന സർവ്വീസ്/ സാമ്പത്തിക നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഒരു തസ്തികയിൽ ആകെ ഒരു വർഷമുണ്ടാകുന്ന ഒഴിവിന്റെ 5% മാത്രമേ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനത്തിന് പരിഗണിക്കാനാകുകയുള്ളൂ. സൂപ്പർന്യൂമററി ക്ലർക്ക് തസ്തികയിൽ 2011-2016 കാലയളവിൽ നിയമിച്ചവർക്ക് വേഗത്തിൽ സ്ഥിരനിയമനം ലഭിക്കുന്നതിന് പഞ്ചായത്ത് വകുപ്പിലേക്ക് ഓപ്ഷന് അവസരം നൽകിയിരുന്നു. അപ്രകാരം അപേക്ഷിച്ചവർക്ക് വകുപ്പ് മാറ്റം അനുവദിച്ചിട്ടുണ്ട്. ഓപ്ഷൻ നൽകാതെ തുടരുന്നവർക്ക് നിലവിലെ സ്ഥിതിയിൽ 5% ഒഴിവ് രേഖപ്പെടുത്തി വരുന്ന മുറയ്ക്ക് മാത്രമേ സ്ഥിരനിയമനം നൽകാനാകുകയുള്ളൂ. അപ്രകാരം സ്ഥിരനിയമനം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർവ്വീസിലെ ഒരംഗം എന്ന നിലയിൽ പരിഗണിച്ച് ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.

(ബി) ആശ്രിത നിയമന (പോലീസ് വകുപ്പ്) അപേക്ഷകൾ കെട്ടികിടക്കുന്നത് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകളാണ് ഈ ഇനത്തിൽ ഇനിയും ബാക്കിയുള്ളത് അറിയിക്കുമോ?

പോലീസ് കോൺസ്റ്റബിൾ തസ്തികയിലുൾപ്പെടെയുള്ള മറ്റ് തസ്തികകളിൽ അപേക്ഷിക്കുന്നവർക്ക് മറ്റ് തടസ്സങ്ങളില്ലെങ്കിൽ താമസംവിനാ നിയമനം ലഭിക്കുന്നുണ്ട്. മിനിസ്റ്റീരിയൽ തസ്തികകളിലേയ്ക്ക് അപേക്ഷാതീയതിയുടെ മുൻഗണനാക്രമം അനുസരിച്ച് 5% ഒഴിവ് രേഖപ്പെടുത്തി വരുന്ന മുറയ്ക്ക് മാത്രമേ ടി തസ്തികകളിൽ നിയമനം നൽകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത അപേക്ഷകളിന്മേൽ നിയമനം വേഗത്തിലാക്കുന്നതിനായി പൊതുഭരണ വകുപ്പ് വർഷാവർഷങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച് തസ്തികമാറ്റത്തിന് അവസരം നൽകുന്നുണ്ട്. മിനിസ്റ്റീരിയൽ തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് 234 അപേക്ഷകളാണ് നിലവിലുള്ളത്.

**കിളികൊല്ലൂർ മർദ്ദന കേസിന്റെ അന്വേഷണം**

82 (82) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽവച്ച് സൈനികനെയും സഹോദരനെയും പോലീസ് ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കിളിക്കൊല്ലൂർ പോലീസ് സ്റ്റേഷനിൽവച്ച് സൈനികനെയും സഹോദരനെയും പോലീസ് മർദ്ദിച്ച എന്നത് സംബന്ധിച്ച് വിഘ്നേഷ് എന്നയാൾ മുഖ്യമന്ത്രിക്ക് പരാതി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതിയിൽ കൊല്ലം ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. അന്വേഷണ ഘട്ടമായതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവാഹമില്ല.

(ബി) ഒരു സൈനികനെ ഏതെങ്കിലും കുറ്റകൃത്യത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിൽ എടുക്കുകയോ ചെയുമ്പോൾ പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സൈനികനെയും സഹോദരനെയും മർദ്ദിക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്ത സംഭവത്തിൽ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അറസ്റ്റ് നടപടിക്രമങ്ങൾ നടപ്പാക്കുക; സൈനികന്റെ മേലധികാരികളെ യഥാസമയം അറിയിക്കുക; തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതിയായ വിഷ്ണുവിന്റെ കമാൻഡിംഗ് ഓഫീസർക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സംഭവവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ വാച്യാന്വേഷണം നടത്തുന്നതിന് കൊല്ലം സിറ്റി DCRB അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് സേനയിലെ നിയമനം**

83 (83) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിശീലനത്തെത്തുടർന്ന് 1005 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം കേഡറിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിയമനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

സബ് ഇൻസ്പെക്ടർ (വനിതകൾ ഉൾപ്പെടെ) - 12

പോലീസ് കോൺസ്റ്റബിൾ - 82

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 598

വനിതാ കോൺസ്റ്റബിൾ - 277

ഹവിൽദാർ (സ്പോർട്സ്) - 36

ആകെ - 1005

## ക്രിമിനൽ സ്വഭാവമുള്ള പൊലീസുകാർക്കെതിരെ നടപടി

84 (84) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരായി വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിവിധ കേസുകളിൽപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിലവിലുള്ള കേസുകളിൽ ഉൾപ്പെട്ട 637 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥരുടെ ക്രിമിനൽ സ്വഭാവം കൊണ്ട് സേനയ്ക്ക് ഉണ്ടാവുന്ന പ്രയാസങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഇത്തരക്കാരായ ചുരുക്കം ചില പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും വകുപ്പുതലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ക്രിമിനൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ**

85 (85) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർക്കെതിരെ വിവിധ ക്രിമിനൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പോലീസുകാരുടെ പെരുമാറ്റദൂഷ്യം, കസ്റ്റഡിയിൽ പീഡനം, വിശ്വാസ വഞ്ചന, മോഷണം, പീഡന പരാതി തുടങ്ങിയ കുറ്റങ്ങൾക്ക് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) ലഭിച്ചിട്ടുണ്ട്. അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും വകുപ്പുതലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കുറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിനുശേഷം കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പോലീസ് ബാൻഡ് നിയമനം - സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നടപടി**

86 (86) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ ബാൻഡ്, ബ്യൂഗ്ലർ, ഡ്രമ്മർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പോലീസ് കോൺസ്റ്റബിൾ ബാൻഡ്/ബ്യൂഗ്ലർ/ഡ്രമ്മർ തസ്തികകളുടെ സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 02.07.2021-ൽ ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ 267 ഒഴിവുകൾ 16.07.2022-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ തസ്തിക നിയമനം പി.എസ്.സി.-ക്ക് കൈമാറിയശേഷം ഏതെല്ലാം വർഷങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്; എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

നിയമനം പി.എസ്.സി.-ക്ക് കൈമാറിയശേഷം പ്രസ്തുത തസ്തികകളിൽ നിയമനം നയത്തിയിട്ടില്ല.

(സി) 15 വർഷമായി പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനം നടത്താത്തതിനാൽ അർഹതയുള്ള ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നിഷേധിക്കപ്പെടുന്നതായും പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ അവസരം എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നതായും ഉള്ള സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഈ തസ്തികയുടെ അടിസ്ഥാനയോഗ്യതയായി തൊഴിൽവിഷയത്തിലുള്ള അക്കാദമിക് യോഗ്യത പരിഗണിക്കാതെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവും തൊഴിൽ പരിചയ സാക്ഷ്യപത്രവും മാത്രമുള്ളവർക്ക് ജോലി ലഭിക്കുന്ന രീതിയിൽ ജി.ഒ. (പി) No. 50/21/ഹോം സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനാൽ അക്കാദമിക്

യോഗ്യതയുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുന്നതിനും പരിചയ സർട്ടിഫിക്കറ്റിന്റെ മറവിൽ അനർഹരായ ആളുകൾ സർവ്വീസിൽ പ്രവേശിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ബാൻഡ്/ബ്ലൂഗ്ലർ/ഡ്രമ്മർ തുടങ്ങിയ തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങൾക്കുള്ള യോഗ്യത ഹയർ സെക്കണ്ടറി വിജയവും ബന്ധപ്പെട്ട വാദ്യോപകരണം ഉപയോഗിക്കുന്നതിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ്. സാങ്കേതിക വൈദഗ്ധ്യം അനിവാര്യമായ തസ്തികകളാണിവ. മേൽപ്രകാരമുള്ള യോഗ്യതയോടൊപ്പം മറ്റ് അധികയോഗ്യത ഉള്ളവർക്കും നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതിനാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(ഇ) 15 വർഷത്തിലധികമായി നേരിട്ട് നിയമനം നടത്താത്തതിനാൽ എസ്.സി./എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ തൊഴിലവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, അപേക്ഷകരുടെ പ്രായപരിധിയിൽ ഒറ്റത്തവണ ഇളവ് ഏർപ്പെടുത്തി അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ബാൻഡ്/ബ്ലൂഗ്ലർ/ഡ്രമ്മർ തുടങ്ങിയ തസ്തികകളിൽ ജനറൽ റിക്രൂട്ട്മെന്റ് ആണ് നടക്കുന്നത്. ടി റിക്രൂട്ട്മെന്റിന് നിയമപ്രകാരമുള്ള വയസ്സിളവ് എസ്.സി./എസ്.ടി. വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ ക്രിമിനൽ നടപടികൾക്കെതിരെയുള്ള നടപടികൾ**

87 (87) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും പുറത്താക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമോ ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും രഹസ്യാന്വേഷണം നടത്തുകയും ആരോപണം തെളിയുന്നപക്ഷം പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയമായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലുള്ള പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കലുകൾ ഉൾപ്പെടെയുള്ള വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടി തുടരുകയും ചെയ്യുന്നതാണ്.

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്റ്റേഷനുകളിലെ മൂന്നാംമുറ തടയുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിരീക്ഷണ ക്യാമറകൾ ഇനി എത്ര സ്റ്റേഷനുകളിൽ കൂടി സ്ഥാപിക്കാനുണ്ടെന്ന് അറിയിക്കാമോ?

(ബി &സി) സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറാ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുവാനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്രിമിനൽ കേസ് പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

88 (88) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ് പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ടോ; ക്രമസമാധാന ചുമതലയിൽ ഇത്തരം ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് മുൻപ് ക്രിമിനൽ പശ്ചാത്തലം പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിയെടുത്ത് വരുന്ന പോലീസുദ്യോഗസ്ഥരിൽ ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ച വരുന്നുണ്ട്. ഇത്തരം ഉദ്യോഗസ്ഥരെ ക്രമസമാധാന ചുമതലകളിൽ നിയമിക്കാറില്ല.

(ബി) നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ഉദ്യോഗസ്ഥന് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചാർജ് നൽകി ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ കുറ്റക്കാരായ

ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ഇൻസ്പെക്ടർ ആയി നിയമിച്ചിരുന്ന ശ്രീ. സുനു പി.ആർ.-നെതിരെ ക്രൈംകേസുകൾ ചുമത്തപ്പെട്ട സാഹചര്യത്തിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ട് വകുപ്പുതല അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സ്ഥാനക്കയറ്റം അനുവദിക്കുന്നത്; ബേപ്പൂർ കോസ്റ്റൽ സി.ഐ. ആയിരുന്ന പി. ആർ. സുനുവിന് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ട് വകുപ്പുതല അന്വേഷണം നേരിടുന്ന പോലീസുദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതി നിലവിലില്ല. ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ട് വകുപ്പുതല അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വകുപ്പുതല

അന്വേഷണം പൂർത്തീകരിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റം നൽകാറുള്ളൂ. സ്ഥാനക്കയറ്റം നൽകുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അവസരങ്ങളിൽ ക്രിമിനൽ കേസിൽ പ്രതി ചേർക്കപ്പെട്ടുകയും വകുപ്പുതല അന്വേഷണം നേരിടുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ക്രിമിനൽ പശ്ചാത്തലം ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ ബോർഡ്/കമ്മിറ്റി പരിശോധിക്കാറുണ്ട്. ബേപ്പൂർ കോസ്റ്റൽ സി.ഐ. ആയിരുന്ന ശ്രീ. സുനു പി.ആർ.-നെ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള പോലീസ് മേധാവിയുടെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) കാഞ്ഞിരപ്പള്ളിയിലെ പഴക്കടയിൽ നിന്നും മാമ്പഴം മോഷ്ടിച്ച കേസിലെ പ്രതിയായ ഇടുക്കി എ.ആർ. ക്യാമ്പിലെ പൊലീസ് ഉദ്യോഗസ്ഥൻ നിലവിൽ മറ്റേതെങ്കിലും കേസിലെ പ്രതിയാണോ; എങ്കിൽ ഏത് കേസാണെന്നും പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ഈ കേസ്സിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞിരപ്പള്ളിയിലെ പഴക്കടയിൽ നിന്നും മാമ്പഴം മോഷ്ടിച്ച കേസിലെ പ്രതിയായ ഇടുക്കി എ.ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുള്ള രണ്ട് കേസുകൾ നിലവിലുണ്ട്. കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) **മുണ്ടക്കയം പോലീസ് സ്റ്റേഷൻ ക്രൈം 660/19**

ഷിഹാബ് പി.വി. (സി.പി.ഒ. 4612, ഡി.എച്ച്.ക്യൂ. ഇടുക്കി) എന്നയാൾ വിവാഹ വാഗ്ദാനം നൽകി ലൈംഗികമായി പീഡിപ്പിച്ചു എന്ന സംഗതിക്ക് മുണ്ടക്കയം പോലീസ് സ്റ്റേഷൻ ക്രൈം നം. 660/19 U/s 448, 376, 354(d) IPC & 66 of IT Act പ്രകാരം 02.05.2019 തീയതി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ കുറ്റപത്രം കോട്ടയം ജില്ലാ സെഷൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് SC-73/2020 നം. ആയി വിചാരണയിലുമാണ്.

2) **മുണ്ടക്കയം പോലീസ് സ്റ്റേഷൻ ക്രൈം 1146/19**

ഷിഹാബ് പി.വി. (സി.പി.ഒ. 4612, ഡി.എച്ച്.ക്യൂ ഇടുക്കി) എന്നയാൾ വാട്ട്സ്ആപ് മെസ്സേജ് അയച്ചും ഗോപ്യമായി പിന്തുടർന്നും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്ന സംഗതിക്ക് മുണ്ടക്കയം പോലീസ്

സ്റ്റേഷൻ ക്രൈം നം. 1146/19 U/s 354(d), 506(1) IPC പ്രകാരം 04.09.2019 തീയതി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ കുറ്റപത്രം കാഞ്ഞിരപ്പള്ളി JFMC-1 കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് CC-1092/2019 ആയി വിചാരണയിലുമാണ്.

**പോലീസ് സേനയെ ജനകീയമാക്കുന്നതിനുള്ള പദ്ധതികൾ**

89 (89) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് ഏറ്റവും മികച്ച സേനയായി കേരള പോലീസിന് ഖ്യാതി നേടാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരളാ പോലീസിന് തുടർച്ചയായി നിരവധി ദേശീയ/അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ളത് കേരള പോലീസ് സേന രാജ്യത്തെ ഏറ്റവും മികച്ച സേനയാണ് എന്നുള്ളതിന് ഉദാഹരണമാണ്.

(ബി) ഒറ്റപ്പെട്ട ചില ഉദ്യോഗസ്ഥരുടെ പ്രവൃത്തികൾ പോലീസ് സേനയ്ക്ക് ആകെ കളങ്കം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ക്രമസമാധാന പരിപാലനത്തിലും കുറ്റാന്വേഷണത്തിലുമുള്ള മികവ് നിലനിർത്തുന്നതിനും പോലീസ് സേനയെ ജനകീയമാക്കുന്നതിനും എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല നൽകിയിട്ടുള്ളതും ഉദ്യോഗസ്ഥരെ കുറ്റാന്വേഷണം, ക്രമസമാധാന പാലനം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് ചുമതലകൾ ഏൽപ്പിച്ച് കാര്യക്ഷമത വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ, നിയമപരമായ അവബോധം, നൂതനസാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ്, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പോലീസ്

ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. പോലീസ് സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് സ്റ്റേഷനിൽ നേരിട്ട് എത്താതെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ 'തുണ' നടപ്പിലാക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പിങ്ക് പട്രോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലേയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS Project നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന എഫ്.ഐ.ആർ. ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in-service പരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെ 520 പോലീസ്

സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Operate Own Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. 'One Date One entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജി.ഡി. റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾക്കൊപ്പം സേർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ,

ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പോലീസിനെ ജനകീയവത്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി 2008-ൽ ആരംഭിച്ച ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന നാളിതുവരെയുള്ള പ്രവർത്തനങ്ങൾമൂലം പൊതുജനങ്ങൾക്ക് സാധാരണ ജീവിതത്തിന്റെ ഭാഗമായി പോലീസുമായി ഇടപെടാനും പരിചയപ്പെടാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ പോലീസ് സുഹൃത്തുക്കളാണ് എന്ന ബോധം ജനങ്ങളിൽ വളർത്തുകയും സ്ത്രീകളും കുട്ടികളും വയോജനങ്ങൾ തുടങ്ങി എല്ലാവരും പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഭയാശങ്കകളില്ലാതെ കടന്നുചെല്ലുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ പി.ആർ.ഒ. ആയി നിയോഗിച്ചിട്ടുള്ളതുമാണ്.

(ഡി) പോലീസ് സ്റ്റേഷനുകളിലെ പെരുമാറ്റം നിരീക്ഷണ വിധേയമാക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകിയിട്ടുണ്ട്.

**പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ**

90 (90) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളുടെ പ്രദേശങ്ങൾ ഉൾപ്പെടുത്തി പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട പോലീസ് സ്റ്റേഷന് എവിടെയാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, വില്ലേജ് എന്നിവ വിശദമാക്കുമോ; ഭൂമി കൈമാറ്റ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പോലീസ് സ്റ്റേഷനുകളിൽ ഏതൊക്കെ വില്ലേജുകളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ പോലീസ് സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ - ഡി) കാസർഗോഡ് ജില്ലയിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിൽ സർക്കാർ അനുമതി നൽകിയിട്ടില്ല.

## ക്രിമിനൽ കേസുകളിൽ പ്രതികളായ പോലീസുകാർക്കെതിരെയുള്ള നടപടികൾ

91 (91) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായ എത്ര പോലീസുകാർ നിലവിൽ പോലീസ് സേനയിലുണ്ട്; ഇവരുടെ പേരും തസ്തികയും

വെളിപ്പെടുത്തുമോ; ഇവരിൽ എത്ര പേർ ക്രമസമാധാന ഡ്യൂട്ടിയിലുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇവർ നിലവിൽ ഡ്യൂട്ടി നിർവ്വഹിക്കുന്നതെന്ന് തസ്തിക സഹിതം വ്യക്തമാക്കുമോ;

(ബി) പോലീസുകാർ പ്രതികളായ കേസുകളുടെ വിശദാംശം വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ പോലീസുകാർ പ്രതികളായ എത്ര ക്രിമിനൽ കേസുകൾ 2016 ജൂൺ മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ പ്രതി ചേർത്തിട്ടുണ്ട്;

(സി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയായിയെന്നും എത്ര പോലീസ് ഉദ്യോഗസ്ഥരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ-സി) ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

## പോക്സോ കേസ്

92 (92) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകളിൽ ഇരകളായ കുട്ടികളെ പോലീസുകാർ പീഡിപ്പിക്കുന്നതായുള്ള കേസുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ മേലുദ്യോഗസ്ഥർ പോലീസ് സ്റ്റേഷനുകളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തി പോലീസ് ഉദ്യോഗസ്ഥരുടെയും പോലീസ് സ്റ്റേഷന്റെയും പ്രവർത്തനം വിലയിരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചേർത്ത് നിയമ നടപടിയും കൂടാതെ കർശന വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) അമ്പലവയൽ പോക്സോ കേസ് ഇരയെ തെളിവെടുപ്പിനിടെ എ.എസ്.ഐ. പീഡിപ്പിക്കാൻ ശ്രമിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥന് ഒളിവിൽ പോകാൻ പോലീസ് സേന അവസരം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പോക്സോ കേസുകളിൽ ഇരയായ പെൺകുട്ടികളെ തെളിവെടുപ്പിന് കൊണ്ടുപോകുമ്പോൾ വനിതാ പോലീസിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി - ഡി) ഈ സംഗതിയിൽ 11.11.2022-ൽ ക്രൈം നം. 641/2022 u/s 354, 354(A)(2), 354(A) 1(i) IPC 10 r/w 9(a)(iii)(i) of POCSO Act and Sec.3 (1)w( 1), 3(2)(va) of SC/ST PoA Amendment Act പ്രകാരം അമ്പലവയൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് വയനാട് സ്പെഷ്യൽ മൊബൈൽ യൂണിറ്റ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

## പോലീസ് നവീകരണം

93 (93) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിനെ നവീകരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച എക്കണോമിക് ഒഫൻസ് പ്രിവൻഷൻ വിംഗ്, സൈബർ പട്രോളിംഗ്,

സൈബർ ഡോം തുടങ്ങിയവ വഴി സാമ്പത്തിക, സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് തന്നെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ആരംഭിച്ച സൈബർ ഡോം രാജ്യത്തിന് തന്നെ മാതൃകയായി വന്നിട്ടുള്ളതാണ്. സാമ്പത്തിക സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് തന്നെ കണ്ടെത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. 17.03.2022-ലെ സർക്കാർ ഉത്തരവിലൂടെ ക്രൈംബ്രാഞ്ചിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എല്ലാ ജില്ലകളിലും കേസന്വേഷണം നടത്തി വരുന്നുണ്ട്.

(ബി) പ്രശംസനീയമായ ഒട്ടനവധി മാതൃകാ പ്രവർത്തനങ്ങൾ നടത്തി കേരള പോലീസിന്റെ യശസ്സ് ഉയരുമ്പോൾ ഇതിന് കളങ്കമുണ്ടാക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ; കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിമർശനങ്ങൾ ക്ഷണിച്ചുവരുത്തുന്ന പ്രവൃത്തികൾ ചില പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എസ്.എ.ടി. ആശുപത്രിയിലെ അനധികൃത നിയമന കത്ത്

94 (94) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിലെ ഒൻപത് നിയമനങ്ങൾക്കായി പട്ടിക ആവശ്യപ്പെട്ട് നഗരസഭയിലെ ഭരണകക്ഷിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജില്ലാ സെക്രട്ടറിക്ക് കത്ത് എഴുതിയതായി പറയപ്പെടുന്ന സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കോഗ്നിസബിൾ കുറ്റകൃത്യത്തെ കുറിച്ച് വിവരം ലഭിച്ചയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണം എന്ന് സി.ആർ.പി.സി. വ്യവസ്ഥയും സുപ്രീംകോടതി വിധിയും നിലനിൽക്കെ പ്രസ്തുത വിഷയത്തിൽ കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ – സി) ചില മാധ്യമങ്ങളിൽ പ്രചരിച്ച, കത്തെഴുതിയതായി പറയപ്പെടുന്ന സംഗതിയിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ബന്ധുനിയമന പരാതിയെത്തുടർന്ന് വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരിയാണെന്ന് കണ്ടെത്തിയ എസ്.എ.ടി. ആശുപത്രി ലേ സെക്രട്ടറിയെ സസ്പെൻഡ് ചെയ്ത സാഹചര്യത്തിൽ പോലും കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ പോലീസ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**പ്രസവത്തെ തുടർന്ന് മരണപ്പെട്ടതിലുള്ള അന്വേഷണം**

95 (95) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടോളിയിലെ ദിബിഷ പ്രസവത്തെ തുടർന്ന് മരണപ്പെട്ടതിലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇക്കാര്യം സംബന്ധിച്ച് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 591/21 U/s 174 CrPC ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം, ഇക്കാര്യത്തിൽ ഡോക്ടർമാരുടെ ഭാഗത്ത് അനാസ്ഥ ഉണ്ടായിട്ടില്ലെന്ന് വ്യക്തമായതിനാൽ 26.07.2022-ൽ അവസാനിപ്പിച്ച് കേസ് Further Action Dropped (FAD) ആയി പരിഗണിക്കുന്നതിനായി 29.07.2022-ൽ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് IV കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് RC 229/22 ആയി കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ ഐ.സി.യു. വിൽ പ്രവേശിപ്പിക്കാതെ ദിബിഷയുടെ സർജറി നടത്തി എന്നും ഗർഭപാത്രം നീക്കം ചെയ്യുന്നതിന് മുമ്പ് ബന്ധുക്കളിൽ നിന്നും അനുമതി വാങ്ങിയിരുന്നില്ല എന്നും ജില്ലാതല വിദഗ്ദസംഘം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റിപ്പോർട്ടിൽ മെഡിക്കൽ ഐ.സി.യു.-വിൽ പ്രവേശിപ്പിക്കാതെ ദിബിഷയുടെ സർജറി നടത്തി എന്ന് സൂചിപ്പിച്ചിട്ടില്ല. എന്നാൽ ദിബിഷയുടെ ഗർഭപാത്രം നീക്കം ചെയ്യുന്നതിന് മുമ്പ് ബന്ധുക്കളിൽ നിന്നും സമ്മത പത്രം

വാങ്ങിയിരുന്നില്ല എന്നുള്ള കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**യോദ്ധാവ് പദ്ധതി**

96 (96) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ യോദ്ധാവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

ആഭ്യന്തര വകുപ്പിന്റെ യോദ്ധാവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ മൂവായിരത്തി അറുപത് (3060) കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ യോദ്ധാവ് പദ്ധതി പ്രകാരം പിടിക്കപ്പെട്ട കേസുകൾ പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിൽ യോദ്ധാവ് പദ്ധതി പ്രകാരം 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കേസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പോലീസ് സ്റ്റേഷൻ | രജിസ്റ്റർ ചെയ്ത |
| --- | --- |

| | കേസുകളുടെ എണ്ണം |
|---|---|
| വിദ്യാനഗർ | 1 |
| ചന്തോര | 1 |
| അമ്പലത്തറ | 1 |
| മേൽപ്പറമ്പ് | 1 |
| നീലേശ്വരം | 1 |
| ആദൂർ | 1 |
| ഹോസ്ദുർഗ്ഗ് | 1 |
| കുമ്പള | 1 |

(സി) കൂടുതൽ കേസ്സുകൾ പിടിക്കപ്പെടുന്ന പോലീസ് സ്റ്റേഷനുകളിലെ ജീവനക്കാർക്ക് ഗുഡ്സർവ്വീസ് എൻട്രി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ ഗൗരവം പരിഗണിച്ച് അത്തരം കേസുകളിൽ പോലീസ് മേധാവിമാർ പോലീസ് ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് എൻട്രി, റിവാർഡ് തുടങ്ങിയവ നൽകി വരുന്നുണ്ട്.

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ കത്ത്**

97 (97) ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ആരോഗ്യ വിഭാഗത്തിലെ 295 ജീവനക്കാരുടെ നിയമനത്തിൽ പാർട്ടിയുടെ മുൻഗണനാ പട്ടിക ആവശ്യപ്പെട്ട് പ്രധാന ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറിക്ക് മേയർ കത്തെഴുതിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) ഒരു കോഗ്നിസബിൾ കുറ്റകൃത്യത്തെ കുറിച്ച് വിവരം ലഭിച്ചയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണം എന്ന് സി.ആർ.പി.സി. വ്യവസ്ഥയും സുപ്രീം കോടതി വിധിയും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ കേസ് എടുക്കാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ക്രൈം ബ്രാഞ്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി പ്രധാന ഭരണ കക്ഷിയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയെ ചോദ്യം ചെയ്യാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെയുള്ള ക്രൈം ബ്രാഞ്ചിന്റെ പ്രാഥമിക അന്വേഷണം കേസ് അട്ടിമറിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ – ഡി) മാധ്യമങ്ങളിൽ പ്രചരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ മേയർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകി. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് ക്രൈം നമ്പർ 225/CB/TVM/MD/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണഘട്ടത്തിലാണ്. പോലീസ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

## തിരുവനന്തപുരം കോർപറേഷൻ മേയറുടെ കത്തിൽ പ്രാഥമിക അന്വേഷണം

98 (98) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ആരോഗ്യ വിഭാഗത്തിലെ 295 ജീവനക്കാരുടെ നിയമനത്തിൽ പാർട്ടിയുടെ മുൻഗണനാ പട്ടിക ആവശ്യപ്പെട്ട് ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറിക്ക് കത്തെഴുതിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ ക്രൈം ബ്രാഞ്ച് നടത്തിയ പ്രാഥമിക അന്വേഷണം തെളിവ് നശിപ്പിക്കാൻ പ്രതികളെ സഹായിച്ചു എന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

(എ – സി) മാധ്യമങ്ങളിൽ പ്രചരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ മേയർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് മേധാവിക്ക് നൽകി. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ്

ക്രൈം നം. 225/CB/TVM/D/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത എഫ്.എഫ്.ആർ.-ൽ ഐ.ടി. നിയമത്തിന്റെ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഈ കേസിന്റെ ഊർജ്ജിത അന്വേഷണം നടന്നുവരികയാണ്. ഐ.ടി. നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി വെളിവായാൽ പ്രസ്തുത നിയമ പ്രകാരമുള്ള ബന്ധപ്പെട്ട വകുപ്പുകൾ കൂടിച്ചേർത്ത് അന്വേഷണം നടത്തുന്നതാണ്.

**എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങൾ സംബന്ധിച്ച പരാതി**

99 (99) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങളിൽ വ്യാപക ക്രമക്കേട് നടന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) മറ്റിടങ്ങളിൽ ജോലി ചെയ്യുന്നവരും എസ്.എ.ടി. ആശുപത്രിയിൽ നിയമനം നേടിയെന്നും രണ്ടിടത്ത് നിന്നും ശമ്പളം വാങ്ങുന്നവർ ഉണ്ടെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങൾക്കായി പട്ടിക ആവശ്യപ്പെട്ട് നഗരസഭയിലെ ഭരണകക്ഷിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജില്ലാ സെക്രട്ടറിക്ക് കത്ത് എഴുതിയതായി പറയപ്പെടുന്ന സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ചില മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ട, കത്തെഴുതിയതായി പറയപ്പെടുന്ന സംഗതിയിൽ കേസുകളൊന്നും എടുത്തിട്ടില്ല.

## സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണം

100 (100) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ മുഖ്യ പ്രതി മുൻ മന്ത്രിമാർ, മുൻ സ്പീക്കർ എന്നിവർക്കെതിരെ നടത്തിയ ലൈംഗികാരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ആരോപണം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഒരു കോഗ്നിസബിൾ കുറ്റകൃത്യത്തെ കുറിച്ച് വിവരം ലഭിച്ചയുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന ലളിതകുമാരി കേസിലെ സുപ്രീംകോടതി വിധി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ പ്രസ്തുത വിഷയത്തിൽ കേസ് എടുക്കാത്തത് സുപ്രീംകോടതി വിധിയുടെ ലംഘനമായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) ചില മാധ്യമങ്ങൾക്ക് മുന്നിൽ പറഞ്ഞവയിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

**തിരുവനന്തപുരം കോർപ്പറേഷനിലെ നിയമനവുമായി ബന്ധപ്പെട്ട കത്തിൻമേലുള്ള അന്വേഷണം**

101 (101) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഭരണകക്ഷി പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകിയ വിഷയത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നോ; വിശദമാക്കുമോ?

ഇതുസംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ മേയർ സമർപ്പിച്ച പരാതിയെതുടർന്ന് ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 225/CB/TVM/D/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണഘട്ടത്തിലാണ്.

(ബി) കത്തിന്റെ നിജസ്ഥിതി കണ്ടെത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കുമോ?

(ബി & സി) കേസ് അന്വേഷണഘട്ടത്തിലാണ്. അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

102 (102) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുണ്ട്.

1. ജി.എച്ച്.എസ്.എസ്. അരുവിക്കര (എച്ച് എസ്)

2. ജി.എച്ച്.എസ്.എസ്. അരുവിക്കര (എച്ച് എസ് എസ്)

3. ജി.വി.എച്ച്.എസ്.എസ്. വിതുര

4. ജി.എച്ച്.എസ്.എസ്. തൊളിക്കോട്

5. ജി.വി.എച്ച്.എസ്.എസ്. വെള്ളനാട്

6. വി.കെ. കാണി ജി.എച്ച്.എസ്. പനയ്ക്കോട്

7. ജി.ടി.എച്ച്.എസ്. മീനാങ്കൽ

8. ജി.എച്ച്.എസ്.എസ്. ആര്യനാട്

9. എസ്.എൻ.എച്ച്.എസ്.എസ്. ഉഴമലയ്ക്കൽ

(ബി) പുതിയതായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഈ അദ്ധ്യയന വർഷത്തിൽ പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

**സംസ്ഥാനത്ത് സ്ത്രീപീഡന കേസുകൾക്കെതിരെയുള്ള നടപടികൾ**

103 (103) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്ത്രീ പീഡന കേസുകൾ എത്രയാണെന്ന് വർഷവും കേസുകളുടെ സ്വഭാവവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ സംസ്ഥാന പോലീസ് സേനയിലെയും സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെയും സ്ഥിരം/താൽക്കാലിക ജീവനക്കാരൻ ഉൾപ്പെട്ടിട്ടുള്ള കേസുകൾ എത്രയാണെന്ന് വർഷവും കേസുകളുടെ സ്വഭാവവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ നാളിതുവരെ തീർപ്പാക്കിയിട്ടുള്ള കേസുകൾ, ഇനി തീർപ്പാക്കാനുള്ള കേസുകൾ, തീർപ്പാക്കിയവയിൽ ശിക്ഷാനടപടികൾ

സ്വീകരിച്ച കേസുകൾ എന്നിവയുടെ എണ്ണം എത്ര വീതമാണെന്ന് അറിയിക്കുമോ;

(ഡി) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം പോലീസ് സേനയിലെ ജീവനക്കാർ പ്രതികളായിട്ടുള്ള സ്ത്രീപീഡനക്കേസുകളുടെ എണ്ണം എത്രയാണെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇതിൽ എത്ര പേർക്കെതിരെയാണ് നാളിതുവരെ അന്വേഷണം പൂർത്തിയാക്കി ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുള്ളത്; നടപടികൾ പൂർത്തിയാകാത്ത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദാംശം നൽകുമോ?

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

## നിർഭയ ആപ്പ്

104 (104) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷ വിരൽ തുമ്പിലാക്കാൻ നടപ്പിലാക്കിയ നിർഭയ ആപ്പ്-ന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർഭയ ആപ്പ് വഴി രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം, കുറ്റകൃത്യങ്ങളിൽ നടപടി സ്വീകരിച്ചത് എത്ര, പെന്റിംഗ് എത്ര എന്നിവ സംബന്ധിച്ച് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | നിർഭയ ആപ്പ് വഴി രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ/സേവനങ്ങളുടെ എണ്ണം | ഇവയിൽ നടപടി സ്വീകരിച്ചവയുടെ എണ്ണം | പെന്റിംഗ് |
|---|---|---|---|
| തിരുവനന്തപുരം സിറ്റി | 49 | 49 | 0 |
| തിരുവനന്തപുരം റൂറൽ | 9 | 9 | 0 |
| കൊല്ലം സിറ്റി | 217 | 217 | 0 |
| കൊല്ലം റൂറൽ | 42 | 42 | 0 |
| പത്തനംതിട്ട | 1 | 1 | 0 |
| ആലപ്പുഴ | 0 | 0 | 0 |
| കോട്ടയം | 18 | 18 | 0 |
| ഇടുക്കി | 2 | 2 | 0 |
| എറണാകുളം സിറ്റി | 95 | 95 | 0 |
| എറണാകുളം റൂറൽ | 20 | 20 | 0 |
| തൃശ്ശൂർ സിറ്റി | 57 | 57 | 0 |
| തൃശ്ശൂർ റൂറൽ | 0 | 0 | 0 |
| പാലക്കാട് | 3 | 3 | 0 |
| മലപ്പുറം | 2 | 2 | 0 |
| കോഴിക്കോട് സിറ്റി | 359 | 359 | 0 |
| കോഴിക്കോട് റൂറൽ | 0 | 0 | 0 |
| വയനാട് | 2 | 2 | 0 |
| കണ്ണൂർ സിറ്റി | 433 | 433 | 0 |
| കണ്ണൂർ റൂറൽ | 0 | 0 | 0 |
| കാസർഗോഡ് | 2 | 2 | 0 |
| റയിൽവെയ്സ് | 0 | 0 | 0 |
| ആകെ | 1311 | 1311 | 0 |

## ലിതാരയുടെ കുടുംബത്തിന് നീതി ലഭ്യമാക്കുന്നത് സംബന്ധിച്ച്

105 (105) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ ഗ്രാമ പഞ്ചായത്തിലെ കായിക താരവും ബീഹാർ റെയിൽവെ ഡിവിഷൻ ജീവനക്കാരിയുമായിരുന്ന ലിതാര ബീഹാറിൽ വച്ച് മരണപ്പെട്ടത് സംബന്ധിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ബീഹാർ സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ&ബി) ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തുവന്നിരുന്ന ബാസ്കറ്റ്ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ടിയാളുടെ മരണവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ് എരട്ടേൻചാൽ, നരിപ്പറ്റ എന്നയാൾ മുഖ്യമന്ത്രിക്ക് നല്കിയ പരാതിയിന്മേൽ കുറ്റ്യാടി

പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ലിതാരയുടെ മരണത്തിൽ ബാസ്കറ്റ്ബോൾ കോച്ചായ രവി സിംഗ് എന്നയാൾക്ക് പങ്കുള്ളതായി സംശയിക്കപ്പെടുന്നതായും മരണപ്പെട്ട ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാ ഗാന്ധി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽവച്ച് പോസ്റ്റുമോർട്ടം നടത്തി തുടർന്ന് മൃതദേഹം 28.04.2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചതായി അറിവായിട്ടുണ്ട്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No. 185/22 U/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് സഹായം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതി മരണപ്പെട്ട സംഭവം

106 (106) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പറമ്പന്തളി ആനേടത്ത് വീട്ടിൽ ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ക്രൈം നമ്പർ 84/സി.ബി./റ്റി.എസ്.ആർ/2020 പ്രകാരം ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ശ്രുതി എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 15/2020 U/s 174 CrPC കേസ്, ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം 84/CB/TSR/2020 നമ്പറായി ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നതുമാണ്. ശ്രുതിയുടെ മരണകാരണം ഭർത്തൃവീട്ടുകാരുടെ മാനസിക പീഡനത്തെത്തുടർന്നാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ഭർത്താവായ കിരണിനെ ഒന്നാം പ്രതിയായും ടിയാന്റെ അമ്മയായ ദ്രൗപതിയെ രണ്ടാം പ്രതിയായും

ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസിന്റെ അന്വേഷണത്തിലേയ്ക്ക് ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ ലഭിക്കേണ്ടതായുണ്ട്.

**വർദ്ധിച്ച വരുന്ന ലഹരി ഉപഭോഗം**

107 (107) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച വരുന്ന ലഹരി ഉപഭോഗവും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വിശദമാക്കാമോ?

വർദ്ധിച്ചവരുന്ന ലഹരി ഉപയോഗവും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് വിവിധങ്ങളായ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ഒരു മാസം നീണ്ടുനിന്ന തീവ്ര കർമ്മ പരിപാടി നടപ്പിലാക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട കർമ്മ പരിപാടി ആരംഭിച്ചിട്ടുള്ളതുമാണ്.

സംസ്ഥാന പോലീസ് മുഖേന ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:-

പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പേരിൽ ഒരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഒക്ടോബർ 6-ന് ആണ് ഇത് ഔദ്യോഗികമായി ലോഞ്ച് ചെയ്തത്. പോലീസിന്റെ പ്രധാന ചുമതല മയക്കുമരുന്ന് ശൃംഖലയുടെ വിതരണം തടയുക എന്നത് ആണെങ്കിലും ആ ലക്ഷ്യം കൈവരിക്കുന്നതിന് മയക്കുമരുന്ന് ഉപഭോഗം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി ഓരോ സ്കൂളിലും യോദ്ധാവായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ഈ അദ്ധ്യാപകർ സ്കൂളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് അവരെ ബോധവൽക്കരിക്കുന്നതിനും പിന്നെയും മയക്കുമരുന്ന് ഉപയോഗത്തിലേക്ക് പോകാതെ തടയുന്നതിനും ആവശ്യമായ പരിശീലനം നൽകി വരുന്നു.

ലഹരി വിരുദ്ധ പ്രവർത്തന മേഖലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെയാണ് ട്രെയിനിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനായി ഒരു പരിശീലന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിദഗ്ധരെ റിസോഴ്സ് പേഴ്സണുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ജനമൈത്രി പോലീസുകാർക്കും ട്രെയിനിംഗ് നൽകി വരുന്നു. അവർ ഭവന സന്ദർശനവേളയിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുടുംബങ്ങൾക്ക് ബോധവൽക്കരണം നടത്തും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും ലഹരി വിരുദ്ധ പ്രവർത്തനത്തിനാവശ്യമായ ട്രെയിനിംഗ് നൽകി വരുന്നു. ഇത്തരത്തിൽ 3752 സ്കൂളുകളിലായി 88,000 കേഡറ്റുകൾ ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കും. 50,039 കേഡറ്റുകൾ ഇതുവരെ പരിശീലനം പൂർത്തിയാക്കി.

ലഘുചിത്രങ്ങളും വീഡിയോകളും ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകളും ഇലക്ട്രോണിക് മാധ്യമങ്ങളും ഇതിനായി ഉപയോഗിച്ചുവരുന്നു. സൈക്കിൾ റാലി, വാക്കത്തോൺ, മാരത്തോൺ, മറ്റ് കായികയിനങ്ങൾ തുടങ്ങിയവയും ലഹരി

വിരുദ്ധ ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു. ലഹരിക്കെതിരെ ബഹുജനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി പ്രതിജ്ഞ സംഘടിപ്പിച്ചുവരുന്നു. ഇതുവരെ 523198 പേർ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നവംബർ 11-ന് പ്രതീകാത്മകമായി മയക്കമരുന്ന് കുഴിച്ചുമൂടൽ ചടങ്ങ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്നു വില്പന തടയുന്നതിനായി സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരന്തരമായ പോലീസ് സാന്നിധ്യം ഉറപ്പുവരുത്തിയും വിദ്യാർത്ഥികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും പോലീസ് സ്റ്റേഷൻ പരിധിയിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തരമായ റെയ്ഡുകൾ സംഘടിപ്പിച്ചു. ജില്ലാ തലത്തിൽ രൂപീകരിച്ച DANSAF (District Anti Narcotic Special Action Force) സ്ക്വാഡും മയക്കമരുന്ന് വില്പന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി സുരക്ഷാ പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ തുടങ്ങിയ വിവിധ പദ്ധതികൾ വഴി വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും വിവിധങ്ങളായ ബോധവൽക്കരണ പദ്ധതികൾ നടത്തി വരുന്നു. മയക്കമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് അഞ്ചിൽ

കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥലങ്ങളെ ഹോട്ട്സ്പോട്ടുകളായി കണക്കാക്കി പ്രസ്തുത സ്ഥലങ്ങളിൽ കൂടുതൽ റെയ്ഡുകളും പരിശോധനകളും നടത്തി വരുന്നു. വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കിയ Clean Campus, Safe Campus എന്ന പദ്ധതിയിലൂടെ ലഹരിമരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ സിനിമാ, സ്പോർട്ട്സ് എന്നീ മേഖലകളിലെ താരങ്ങളെ അണിനിരത്തിക്കൊണ്ട് മയക്കമരുന്നിന്റെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികളേയും യുവാക്കളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്താനായി സംസ്ഥാന എക്സൈസ് വകുപ്പ് മേൽനോട്ടം വഹിക്കുന്ന 'വിമുക്തി' പദ്ധതിക്ക് എല്ലാവിധ പിന്തുണയും സംസ്ഥാന പോലീസ് നൽകി വരുന്നുണ്ട്.

സംസ്ഥാന എക്സൈസ് വകുപ്പ് മുഖേന ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടത്തി വരുന്നത്:-

ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ഫീൽഡു തലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ

എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പെട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ, സൈബർ സെല്ലുകൾ, മേജർ കേസ്സുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള കമ്മീഷണർ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. ക്ലബുകൾ, ബാറുകൾ, ലോഡ്ജുകൾ, ടർഫുകൾ എന്നിവ നിരീക്ഷിച്ച് പരിശോധനകൾ നടത്തി വരുന്നു. പോലീസ്, തീരദേശ പോലീസ്, വനം, റവന്യൂ, ഭക്ഷ്യസുരക്ഷാ വകുപ്പുകളുമായി സംയോജിത പരിശോധനകളും നടത്തി വരുന്നു. ലഹരി വ്യാപനം അമർച്ച ചെയ്യുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ച് മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്കൂളുകൾ, കോളേജുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, വാർഡുതല കമ്മിറ്റികൾ എന്നിവയുമായും ഗ്രാമപഞ്ചായത്തുകൾ, ക്ലബ്ബുകൾ, വിവിധ വകുപ്പുകളുമായും ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂം രൂപീകരിച്ചിട്ടുണ്ട്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ എല്ലാം തന്നെ യഥാസമയം സബ് ഓഫീസുകളിലേയ്ക്ക് അറിയിച്ച് നടപടി സ്വീകരിച്ചു വരുന്നു. രാത്രി കാലങ്ങളിൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി കേസുകൾ കണ്ടെത്തുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളതാണ്. എക്സൈസ് ഇന്റലിജൻസ് വിഭാഗം വിവിധ സബ് ഓഫീസുകളുമായി ചേർന്ന് രഹസ്യ വിവരങ്ങൾ ശേഖരിച്ച് മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നുണ്ട്. ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ആർ.പി.എഫ്.-മായി ചേർന്ന് റെയിൽവേ

സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധന നടത്തി വരുന്നു. തീരദേശ പോലീസുമായി ചേർന്ന് തീരദേശമേഖലകളിൽ ശക്തമായ പരിശോധനകളും നടത്തി വരുന്നു. അന്യസംസ്ഥാന ബന്ധമുള്ള ലഹരി മാഫിയകളുടെ ബന്ധങ്ങൾ പരിശോധിക്കുന്നതിന് " നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ഡയറക്ടർ ജനറൽ ഓഫ് റവന്യൂ ഇന്റലിജൻസുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(ബി) ലഹരി ഉപഭോഗം സംബന്ധിച്ച് 2016 മുതൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലഹരി ഉപയോഗം സംബന്ധിച്ച് സംസ്ഥാന പോലീസ് വിഭാഗം 2016 മുതൽ NDPS Act പ്രകാരം 63745 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പ് ആകെ 36680 മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ ലഹരി ഉപയോഗം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം 314 ആണ്.

## സംസ്ഥാന പോലീസിന്റെ കുറ്റാന്വേഷണത്തിലുള്ള മികവും അന്വേഷണ പുരോഗതിയും

108 (108) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണത്തിൽ സംസ്ഥാന പോലീസിന്റെ മികവ് വിലയിരുത്തിയിട്ടുണ്ടോ; കുറ്റാന്വേഷണത്തിൽ ആധുനിക രീതികൾ അവലംബിക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് കുറ്റാന്വേഷണ രംഗത്ത് മികവാർന്ന പ്രവർത്തനമാണ് കാഴ്ചവച്ചിരിക്കുന്നത്. തെളിവുകൾ അവശേഷിപ്പിക്കാതെ അന്വേഷണത്തിൽ വിഷമകരമായിട്ടുള്ള നിരവധി കുറ്റകൃത്യങ്ങളുടെ അന്വേഷണം ശാസ്ത്രീയ തെളിവുകളുടെ സഹായത്തോടെയും മികച്ച അന്വേഷണ പാടവത്തോടെയും തെളിവിൽക്കൊണ്ടുവന്ന് കുറ്റക്കാർക്കെതിരെ കോടതി മുമ്പാകെ കുറ്റപത്രം ഹാജരാക്കുകയും പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുള്ളത് ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ പ്രശംസിച്ചുകൊണ്ട് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

കുറ്റാന്വേഷണത്തിൽ ആധുനിക രീതികൾ അവലംബിക്കുന്നതിന്റെ ഭാഗമായി ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്തി തസ്തികകൾ അനുവദിക്കുകയും സൈബർ കുറ്റകൃത്യങ്ങളുടെ

അന്വേഷണത്തിനായി ജില്ലകൾതോറും സൈബർ പോലീസ് സ്റ്റേഷനുകളും വനിതകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വനിതാ പോലീസ് സ്റ്റേഷനുകളും കേസുകളുടെ തെളിവ് ശേഖരണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള ഫോറൻസിക് സയൻസ് ലാബുകളും ജില്ലകളിൽ സ്ഥാപിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് കേസന്വേഷണത്തെ സംബന്ധിച്ച് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിന് ജില്ലകൾ തോറും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. സൈബർ ക്രൈം DNA ഫിംഗർ പ്രിന്റിംഗ് തുടങ്ങിയ ആധുനിക ടെക്നോളജികൾ ഉൾപ്പെടുത്തി പരിശീലനങ്ങൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയും ശാസ്ത്രീയ കുറ്റാന്വേഷണം ശക്തിപ്പെടുത്തുന്നതിന് ശാസ്ത്രോപകരണങ്ങൾ ആയ DNA Sequencer Advanced Equipment for document examination, Digital Microscope Zoom, Stereo Microscope FTR Spectrometer, Refractometer, PCR machine ultra low temperature freezer refrigerated centrifuge high precision liquid Chromatograph, Gas Chromatograph with Massspectrometer, UWIS Spectrometer, Flourascent Microscope shaking waterbath, Iron Chromatograph energy Dispersive x-Ray Flurorescence എന്നിവ ലഭ്യമാക്കിയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്

കേന്ദ്രീകരിച്ച് സൈബർ ഡോമുകൾ സ്ഥാപിച്ചും അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) എ.കെ.ജി. സെന്ററിന് നേരെ സ്ഫോടകവസ്തു എറിഞ്ഞ കേസിൽ പ്രതികളെയെല്ലാം കണ്ടെത്താനായിട്ടുണ്ടോ; എങ്കിൽ, പ്രതികൾ, അവരുടെ രാഷ്ട്രീയബന്ധം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ?

എ.കെ.ജി. സെന്ററിന് നേരെ സ്ഫോടക വസ്തു എറിഞ്ഞതുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 721 /2022 U/s 436 IPC & 3(a) Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും കേസ് നിലവിൽ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി പ്രതികളായ 1) ജിതിൻ, 2) സുഹൈൽ ഷാജഹാൻ, 3) സുബീഷ് സുരേന്ദ്രൻ, 4) നവ്യ എന്നീ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. കേസിലെ പ്രതികളെല്ലാം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരാണ്.

(സി) പ്രതികളെ കണ്ടെത്തുന്നതിന് മുമ്പ് തന്നെ എ.കെ.ജി. സെന്റർ ആക്രമണത്തിൽ മുഖ്യ പ്രതിപക്ഷ പാർട്ടിക്കാരെ അറസ്റ്റ് ചെയ്താൽ നിയമം ലംഘിക്കുമെന്ന മുഖ്യ പ്രതിപക്ഷ പാർട്ടി പ്രസിഡന്റിന്റെ, മാധ്യമങ്ങളിലൂടെ

വന്നതായി പറയപ്പെടുന്ന പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്രമണത്തിന് പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷണവിധേയമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.കെ.ജി. സെന്റർ ആക്രമണത്തിനായി പ്രതികൾ ഗൂഢാലോചന നടത്തിയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) വയനാട് എം.പി.-യുടെ ഓഫീസിലെ മഹാത്മാ ഗാന്ധി ചിത്രം തകർത്ത കേസിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ചിരുന്നോ; പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമെന്നും അവരുടെ രാഷ്ട്രീയ ബന്ധവും അറിയിക്കാമോ?

മഹാത്മാ ഗാന്ധിയുടെ ഫോട്ടോ തകർത്തതുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ ക്രൈം നം. 555/2022 U/s 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെയുള്ള അന്വേഷണത്തിൽ നിന്നും 4 പ്രതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

രാഷ്ട്രപിതാവിന്റെ ചിത്രം വിദ്യാർത്ഥികൾ നിലത്തിട്ട തകർത്തു എന്ന നിലയിൽ സമൂഹ മാധ്യമങ്ങൾ ഉൾപ്പെടെ വിവിധ മാധ്യമങ്ങളിൽ

പ്രചരിപ്പിക്കുകയും ചെയ്ത അതീവ ഗുരുതരമായ കുറ്റം സംബന്ധിച്ച കേസിന്റെ ഗൂഢാലോചന ഉൾപ്പെടെയുള്ള എല്ലാവശങ്ങളെയുംപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി വരുന്നു.

തിരിച്ചറിഞ്ഞിട്ടുള്ള പ്രതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രതീഷ് കുമാർ കെ. ആർ. (ശ്രീ. രാഹുൽ ഗാന്ധി M.P യുടെ PA, റവന്യൂ വകുപ്പിൽ സുൽത്താൻ ബത്തേരി സർവേ സൂപ്രണ്ട് ഓഫീസിൽ സീനിയർ ക്ലാർക്ക്)
2. മുജീബ് കെ.എ., (അസി. ഫീൽഡ് ഓഫീസർ, വെറ്ററിനറി സബ് സെന്റർ, ഓടപ്പള്ളം, മൂലങ്കാവ്) - കേരളാ NGO അസോസിയേഷൻ വയനാട് ജില്ലാ സെക്രട്ടറി
3. നൗഷാദ് വി., കോൺഗ്രസ്സ് പാർട്ടിയുടെ കൽപ്പറ്റ ബ്ലോക്ക് സോക്രട്ടറി.
4. രാഹുൽ എസ്.ആർ. വയനാട് എം.പി.-യുടെ ഓഫീസിലെ സ്റ്റാഫ്.

## പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ

109 (109) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസുകാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പോലീസുകാർ പോക്സോ കേസിലും മോഷണക്കേസിലും അടക്കം പ്രതികളാകുന്ന സാഹചര്യം സർക്കാരിന് അവമതിപ്പുണ്ടാക്കിയതായി കരുതുന്നുണ്ടോ?

(എ-സി) ചില പോലീസ് ഉദ്യോഗസ്ഥർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ

സർക്കാർതലത്തിലും വകുപ്പുതലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ചിലർ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുവഴി സർക്കാരിന്റെയും സേനയുടെയും യശസ്സ് കളങ്കപ്പെടാത്തവിധത്തിൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികളും അച്ചടക്കനടപടികളുമാണ് സ്വീകരിച്ചുവരുന്നത്.

(ഡി) കേരളത്തിലെ പോലീസ് സേനയ്ക്ക് സമയബന്ധിതമായും നിശ്ചിത ഇടവേളകളിലും സമഗ്രവും ശാസ്ത്രീയവുമായ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ?

ഏർപ്പെടുത്തിയിട്ടുണ്ട്.

## കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രാവർത്തികമാക്കാൻ നടപടി

110 (110) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/GCW/2021 നമ്പറായി നൽകിയ

കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽനടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്നുപോകുന്ന സ്ഥലമെന്നത് പരിഗണിച്ച് കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രാവർത്തികമാക്കാൻ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) 310/GCW/2021 നമ്പറായി നൽകിയ കത്തിൽ ആവശ്യപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് അടക്കം പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിരുന്നു. ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന പോലീസ് മേധാവി തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

111 (111) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിനും പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഓരോ പോലീസ് സ്റ്റേഷനും കൃത്യമായ ഇടവേളകളിൽ മേലുദ്യോഗസ്ഥർ സന്ദർശനം നടത്തി പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശവും നൽകിവരുന്നുണ്ട്. എല്ലാ ജില്ലാപോലീസ് മേധാവിമാരും പോലീസ് സ്റ്റേഷനുകളിൽ അപ്രതീക്ഷിത സന്ദർശനം നടത്തി പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനം വിലയിരുത്തുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. 20 പോലീസ് ജില്ലകളിലെയും 4

പോലീസ് റേഞ്ചുകളിലെയും 2 പോലീസ് സോണുകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ക്രമസമാധാന ചുമതലയുള്ള ADGP-യെ നിയമിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളിലെ കേസുകളുടെ അന്വേഷണത്തിനായി ജില്ലാതലത്തിലും റേഞ്ച് തലത്തിലും സംസ്ഥാന തലത്തിലും കോൺഫറൻസുകൾ നടത്തി കേസുകളുടെ അന്വേഷണവും മറ്റും മേലുദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

വിവര സാങ്കേതിക വിദ്യ/ഇ-ഗവേർണൻസ് അധിഷ്ഠിതമായ പ്രവർത്തനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയതുമൂലം പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമായിട്ടുള്ളതും പരാതികളുടെയും സേവനങ്ങളുടെയും നിജസ്ഥിതി ഓൺലൈനിലൂടെ മനസ്സിലാക്കുവാനും സാധിക്കുന്നു. ഇക്കാര്യത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ പരാതിക്കാർക്ക് മേലുദ്യോഗസ്ഥരെ സമീപിച്ച് പരാതികൾ നൽകാൻ സാധിക്കുന്നതാണ്.

കൂടാതെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓഡിയോ റിക്കാർഡിംഗ് സംവിധാനം ഉൾപ്പെടുത്തിയുള്ള CCTV Surveillance സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കുറ്റാന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും രാജ്യത്തെ ഏതൊരു ഏജൻസിയോടും കിടപിടിക്കുന്ന തരത്തിൽ സംസ്ഥാന പോലീസിനെ നവീകരിക്കുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്രമസമാധാന പരിപാലനത്തിലും കുറ്റാന്വേഷണത്തിലുമുള്ള മികവ് നിലനിർത്തുന്നതിനും പോലീസ് സേനയെ ജനകീയമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല നൽകിയിട്ടുള്ളതും ഉദ്യോഗസ്ഥരെ കുറ്റാന്വേഷണം, ക്രമസമാധാന പാലനം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് ചുമതലകൾ ഏൽപ്പിച്ച് കാര്യക്ഷമത വിലയിരുത്തി ആവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ നിയമപരമായ അവബോധം, നൂതനസാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ്, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. പോലീസ് സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് സ്റ്റേഷനിൽ നേരിട്ട് എത്താതെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ ' തുണ' നടപ്പിലാക്കിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാല ശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പിങ്ക് പട്രോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലേയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS Project നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകി വരുന്നു.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/ സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Operate Own Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-

ന്നവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ജി.ഡി. റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പോലീസിനെ ജനകീയവത്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി 2008-ൽ ആരംഭിച്ച ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പോലീസ് സേനയ്ക്ക് ഒന്നാകെ അവമതിപ്പുണ്ടാക്കുന്നതിനും അതുവഴി പോലീസ് നടത്തി വരുന്ന

ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ മൂടിവയ്ക്കുന്നതിനും ഒരു വിഭാഗം പ്രചരണങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനും പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പോലീസിനെ ജനകീയവത്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി 2008-ൽ ആരംഭിച്ച ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന നാളിതുവരെയുള്ള പ്രവർത്തനങ്ങൾമൂലം പൊതുജനങ്ങൾക്ക് സാധാരണ ജീവിതത്തിന്റെ ഭാഗമായി പോലീസുമായി ഇടപെടാനും പരിചയപ്പെടാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ പോലീസ് സുഹൃത്തുക്കളാണ് എന്ന ബോധം ജനങ്ങളിൽ വളർത്തുകയും സ്ത്രീകളും കുട്ടികളും വയോജനങ്ങൾ തുടങ്ങി എല്ലാവരും പോലീസ് സ്റ്റേഷനുകളിലേക്ക് ഭയാശങ്കകളില്ലാതെ കടന്നുചെല്ലുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുകയും പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ PRO ആയി നിയോഗിച്ചിട്ടുള്ളതുമാണ്.

**അരൂർ പോലീസ് സ്റ്റേഷന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടി**

112 (112) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) N.H. 66-ന്റെ സൈഡിൽ അരൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് സ്ഥലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ & ബി)ആലപ്പുഴ ജില്ലയിലെ അരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി അരൂർ വില്ലേജിലെ റീസർവ്വേ നമ്പർ 13/5 B യിൽപ്പെട്ട 25.50 ആർസ് (62.98 സെന്റ്) സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച അപേക്ഷ പരിശോധനയിലാണ്.

**ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

113 (113) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് പോലീസ് സ്റ്റേഷനിലെ പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള ഉപയോഗശൂന്യമായ 8 ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യാൻ മൂല്യം കണക്കാക്കുന്നതിനുവേണ്ടി 28.10.2022-ൽ ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) 2022-23 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി (ക്രമ നമ്പർ-2822) ഉൾപ്പെടുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷൻ & ക്വാർട്ടേഴ്സ് പുതിയ കെട്ടിട നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള ഉപയോഗശൂന്യമായ 8 ക്വാർട്ടേഴ്സുകൾ പൊളിച്ചു നീക്കം ചെയ്യുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

114 (114) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി നിർമ്മിക്കുന്ന മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് കെട്ടിടവിഭാഗം ആഭ്യന്തര വകുപ്പ് മുഖേന സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

## തിരൂരങ്ങാടി പോലീസ് സ്റ്റേഷന് കീഴിൽ ട്രാഫിക് യൂണിറ്റ്

115 (115) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പോലീസ് സ്റ്റേഷന് കീഴിൽ ട്രാഫിക് യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിന് കീഴിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി)മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പോലീസ് സ്റ്റേഷന് കീഴിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് എന്ന പേരിലുള്ള യൂണിറ്റ് അനുവദിച്ചിട്ടില്ല.

**പുതുക്കാട് വനിതാ സെൽ ഓഫീസ്**

116 (116) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പോലീസ് വകുപ്പിന്റെ കീഴിലുള്ളതും നേരത്തെ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നതുമായ സ്ഥലത്ത് 'വനിതാ സെൽ' ഓഫീസ് പ്രവർത്തിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് വനിതാ സെൽ, വിജിലൻസ് ഓഫീസ് ഉൾപ്പടെയുള്ള ഓഫീസുകൾ അനുവദിക്കുന്നതിനും ഇതിനായി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ?

(എ – സി) തൃശ്ശൂർ അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന തൃശ്ശൂർ റൂറൽ വനിതാ സെൽ ഓഫീസ് പുതുക്കാട് പഴയ സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി പ്രസ്തുത കെട്ടിടം അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിന് തൃശ്ശൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് അപേക്ഷയും നൽകിയിരുന്നു. എന്നാൽ തൃശ്ശൂർ റൂറലിൽ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ ഡിറ്റാച്ച്മെന്റ് ആരംഭിക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് സംസ്ഥാന പോലീസ് മേധാവി പുതുക്കാടിലെ പ്രസ്തുത കെട്ടിടം സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് തൃശ്ശൂർ റൂറൽ ഡിറ്റാച്ചമെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

## മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടി

117 (117) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയാണ് കുടിശ്ശികയുള്ളതെന്നറിയിക്കാമോ?

മങ്കട സർവ്വീസ് സഹകരണ ബാങ്ക് അറിയിച്ചതു പ്രകാരം 31.03.2021 വരെയുള്ള വാടകയായ 5,32,318/- രൂപ നൽകിയിട്ടുണ്ട്. 01.04.2021

മുതലുള്ള 87,320 രൂപ വാടക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശം ആഭ്യന്തരവകുപ്പിന് നൽകിയിട്ടുണ്ട്; പ്രവൃത്തി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പെരുമ്പിലാവ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ**

118 (118) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിൽ പെരുമ്പിലാവ് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ പെരുമ്പിലാവ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**വൈറ്റില ഹബ്ബ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ**

119 (119) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കാക്കര മണ്ഡലത്തിലെ വെണ്ണല, ചളിക്കവട്ടം, പേട്ട, പൂണിത്തുറ, വൈറ്റില എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി വൈറ്റില ഹബ്ബ് ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിലെ വൈറ്റില ഹബ്ബ് ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2013-ൽ നിരസിച്ചിരുന്നു. പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിരുന്ന മുൻഗണനാ പട്ടികയിൽ വൈറ്റില ഹബ്ബ് ഉൾപ്പെട്ടിട്ടില്ല.

**കോഴിക്കോട് പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

120 (120) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ സി.ആർ.ഇസഡ്. എക്സംപ്ഷൻ ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിയുള്ള പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ അനുമതി അടിയന്തരമായി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ &ബി) കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം Coastal Regulation Zone (CRZ) നിയന്ത്രണങ്ങളിൽ ഉൾപ്പെടുന്നതാണ്. ആയതിന് ഇളവ് ലഭിക്കുന്നതിനായി കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് സംസ്ഥാന പോലീസ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

**ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

121 (121) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറുപുഴ പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പയ്യന്നൂർ പുളിങ്ങോം റോഡിൽ ചെറുപുഴ ചെറിയ പാലത്തിന് തെക്ക് ഭാഗത്തായി ചെറുപുഴ ടൗണിൽ നിന്നും ഏറെ ദൂരെയല്ലാതെ പുഴയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന സർവ്വേ നം. 407 ൽ ഉൾപ്പെടുന്ന 50 സെന്റ് പുറംമ്പോക്ക് ഭൂമി കണ്ടെത്തിയെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ഈ ഭൂമി പുറമ്പോക്കിൽ ഉൾപ്പെട്ടതായതിനാൽ സംസ്ഥാന ദുരന്ത നിവാരണ നിയമമനുസരിച്ച് അനുവദിക്കാൻ കഴിയില്ല എന്ന് പയ്യന്നൂർ തഹസിൽദാർ അറിയിച്ചിട്ടുള്ളതുമാണ്.

ചെറുപുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി ചെറുപുഴ പഞ്ചായത്ത് സെക്രട്ടറിക്ക് 05.08.2022-ൽ സംസ്ഥാന പോലീസ് മേധാവി അപേക്ഷ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ

കൈവശത്തിലുള്ളതും ചെറുപുഴ പോലീസ് സ്റ്റേഷനും കൃഷി ഭവനും മൃഗാശുപത്രിയും പ്രവർത്തിച്ച് വരുന്നതുമായ സ്ഥലം ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് ചെറുപുഴ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും കൃഷി ഭവനും മൃഗാശുപത്രിയും മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയാൽ നിലവിലുള്ള സ്ഥലം സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കൈമാറാമെന്നും ചെറുപുഴ പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിനായി പയ്യന്നൂർ സബ് ഡിവിഷൻ തലത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുമുണ്ട്.

## പയ്യന്നൂർ പോലീസ് മൈതാനം സംരക്ഷണം

122 (122) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന പയ്യന്നൂർ പോലീസ് മൈതാനം സംരക്ഷിച്ച്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക സ്മാരകമായി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ;

(ബി) വിവിധ കേസുകളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ &ബി) പയ്യന്നൂർ പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് മൈതാനിയിൽ നിലവിൽ കേസിൽ ഉൾപ്പെട്ട് സൂക്ഷിച്ച് വരുന്ന വാഹനങ്ങൾ ലേലനടപടികൾ കൈക്കൊള്ളുന്നതിനായി ബന്ധപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിലെ ഉത്തരവ് വരുന്ന മുറയ്ക്കാണ് വാഹനങ്ങൾ ഗ്രൗണ്ടിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കുന്നത്. നിലവിൽ പയ്യന്നൂർ പോലീസ് സ്റ്റേഷന് കീഴിൽ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ അത്തരം വാഹനങ്ങൾ സൂക്ഷിക്കുന്നതിന് കോറോം വില്ലേജിൽ റവന്യൂ വകുപ്പിന് കീഴിൽ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് ഡമ്പിംഗ് യാർഡ് ആയി ഉപയോഗിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുമുണ്ട്. പ്രസ്തുത സ്ഥലം അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് പയ്യന്നൂർ പോലീസ് മൈതാനിയിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ

അവിടേയ്ക്കു മാറ്റി പയ്യന്നൂർ പോലീസ് മൈതാനം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പോലീസ് ക്വാർട്ടേഴ്സുകൾ**

123 (123) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് ക്വാർട്ടേഴ്സുകൾ ജീർണ്ണാവസ്ഥയിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മാന്നാർ പോലീസ് ക്വാർട്ടേഴ്സ് വാസയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാനത്ത് 1550 പോലീസ് ക്വാർട്ടേഴ്സുകൾ പഴക്കമേറിയതും ജീർണ്ണാവസ്ഥയിലുമാണ്. മാന്നാർ പോലീസ് സ്റ്റേഷനിൽ

17 ഫാമിലി ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്. ആയതിൽ 8 ക്വാർട്ടേഴ്സുകൾ ഉപയോഗ യോഗ്യമാക്കാനാവാത്തവിധം ജീർണ്ണിച്ച അവസ്ഥയിലാണ്. ബാക്കിയുള്ള 9 പോലീസ് ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കാവുന്ന താണ്. പ്രസ്തുത 9 പോലീസ് ഫാമിലി ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ പോലീസ് മേധാവി കൈക്കൊണ്ടിട്ടുണ്ട്.

## സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കുവാൻ നടപടി

124 (124) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സിൽവർ ലൈൻ അതിർത്തി കല്ല് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം എഫ്.ഐ.ആർ. നമ്പർ, പേര്, മേൽവിലാസം സഹിതം വ്യക്തമാക്കുമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ സിൽവർ ലൈൻ കടന്നു പോകുന്ന അങ്കമാലി പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത നാല് കേസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കല്ല് സ്ഥാപിക്കാൻ വന്നവർക്കെതിരെ പ്രതിഷേധിച്ച ജനങ്ങൾക്കെതിരെ ചുമത്തിയ കേസുകൾ പിൻവലിക്കുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഇക്കാര്യത്തിൽ പൊതുവായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ജനകീയ സമരങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ**

125 (125) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ സമരങ്ങളെ പോലീസ് നിഷ്ഠുരണം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

സമാധാനപരമായി പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതിനെതിരെ ഒരു തരത്തിലുള്ള പോലീസ് നടപടിയും സ്വീകരിക്കാറില്ല. നിയമലംഘനങ്ങളും അക്രമസംഭവങ്ങളും ഉണ്ടായാൽ പോലീസ് നിയമാനുസരണം നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭത്തിലും വിഴിഞ്ഞം സമരത്തിലും ആവിക്കൽ, കോതി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെതിരെ നടക്കുന്ന പ്രക്ഷോഭത്തിലും സാധാരണക്കാരായ ജനങ്ങളെ പോലീസ് അതിക്രൂരമായി നേരിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ രീതികളിൽ ജനങ്ങളെ നേരിട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭത്തിലും വിഴിഞ്ഞം സമരത്തിലും, ആവിക്കൽ, കോതി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളിലും സാധാരണക്കാരായ ജനങ്ങളെ പോലീസ് അതിക്രൂരമായി നേരിട്ടതായുള്ള ആക്ഷേപം വാസ്തവവിരുദ്ധമാണ്. എന്നാൽ മേൽ സമരങ്ങളിൽ ചില സന്ദർഭത്തിൽ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ക്രമസമാധാന പ്രശ്നങ്ങളും അനിഷ്ട സംഭവങ്ങളും ഒഴിവാക്കുവാൻ പോലീസ് ശ്രമിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത വ്യക്തികൾക്കെതിരെ ചുമത്തിയ കേസുകൾ പിൻവലിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

**നിയമന കത്ത് വിവാദത്തിൻമേൽ അന്വേഷണം**

126 (126) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ നിയമന കത്ത് വിവാദത്തിൽ അന്വേഷണ ഏജൻസിയായ ക്രൈംബ്രാഞ്ച് ക്രിമിനൽ കുറ്റാന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

(എ &ബി) ഉണ്ട്. Crime No.225/CB/TVM/D/2022 U/s 465, 466, 469 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

## ആധുനിക സാങ്കേതികവിദ്യകളുള്ള സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

127 (127) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് സ്ഥാപിച്ചിരിക്കുന്ന സി.സി.ടി.വി.യിൽ നിന്നുള്ള ദൃശ്യങ്ങൾ കുറ്റവാളികളെ കണ്ടെത്താൻ സഹായകരമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള CCTV ക്യാമറകൾ മുഖേന സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള നിരവധി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ Automated Number Plate Recognition Camera (ANPR)-കൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ വാഹനങ്ങളെയും കുറ്റവാളികളെയും സംബന്ധിച്ച വിവരങ്ങൾ വളരെവേഗം തന്നെ

കണ്ടെത്തുവാനും അവ അനലൈസ് ചെയ്ത് കുറ്റവാളിയിലേക്ക് വളരെ വേഗം എത്തുവാനും സാധിക്കുന്നതാണ്.

(ബി) ഗുണമേന്മയില്ലാത്തതും പഴയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ സി.സി.ടി.വി.-കളാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കുറ്റവാളികളെ കണ്ടെത്തുന്നതിന് സഹായകരമായ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ആധുനിക സാങ്കേതിക സംവിധാനങ്ങളുള്ള CCTV ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഏഴ് ജില്ലകളിൽ (തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) 725 ലക്ഷം രൂപ ചെലവിൽ പുതുതായി Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ച കഴിഞ്ഞിട്ടുണ്ട്. കൂടാതെ 375 ലക്ഷം

രൂപാ ചെലവിൽ കണ്ണൂർ, ഇടുക്കി, കോട്ടയം, എറണാകുളം റൂറൽ, ആലപ്പുഴ, കൊല്ലം സിറ്റി എന്നീ ജില്ലകളിലും Automatic Number Plate Recognition System (ANPR) - System for Border Ceiling സ്ഥാപിച്ചിട്ടുണ്ട്.

ആറ് ജില്ലകളിൽ (തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, കോഴിക്കോട് റൂറൽ) നിലവിലുള്ള CCTV Surveillance System-ന്റെ പുറമേ 655.32 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിലും 200 ലക്ഷം രൂപ ചെലവിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

ആറ് ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, കണ്ണൂർ റൂറൽ) 400 ലക്ഷം രൂപ ചെലവിൽ Automatic Number Plate Recognition System (ANPR) - System with Facial recognition Facility at District Borders and landing points in Districts & Linking of all ANPR Cameras database centrally എന്ന പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ഇന്ത്യ റിസർവ് ബറ്റാലിയൻ ഓഫീസ് മാറ്റുന്നതിന് നടപടി**

128 (128) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ഇന്ത്യ റിസർവ് ബറ്റാലിയന്റെ നിർവ്വഹണ ഓഫീസ് മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്ടേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പോലീസ് എക്സിക്യൂട്ടീവ് തസ്തികകൾക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 16.07.2021-ലെ ഉത്തരവ് പ്രകാരം 49 തസ്തികകളും പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം രൂപീകരിച്ചുകൊണ്ടുള്ള 17.03.2022-ലെ ഉത്തരവ് പ്രകാരം 7 തസ്തികകൾ ഉൾപ്പെടെ 56 മിനിസ്റ്റീരിയൽ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

## നഗരൂർ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകളിലെ നിയമനം

129 (129) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നഗരൂർ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകൾ അനുസരിച്ചുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നഗരൂർ പോലീസ് സ്റ്റേഷനിൽ അനുവദിക്കപ്പെട്ട തസ്തികകൾ:- സബ് ഇൻസ്പെക്ടർ - 2, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 2, സീനിയർ സിവിൽ പോലീസ് ഓഫീസർ - 6, സിവിൽ പോലീസ് ഓഫീസർ - 18, വനിതാ സിവിൽ പോലീസ് ഓഫീസർ - 3, ഡ്രൈവർ സിവിൽ പോലീസ് ഓഫീസർ - 1, പാർട്ട് ടൈം സ്വീപ്പർ - 1 എന്നിങ്ങനെയാണ്. ഇതിൽ 2 അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരുടെയും ഒരു സീനിയർ സിവിൽ പോലീസ് ഓഫീസറുടെയും 6 സിവിൽ പോലീസ് ഓഫീസർമാരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ നിയമനം**

130 (130) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് സേനയിൽ എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പരിശീലനത്തെത്തുടർന്ന് 14666 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) തസ്തികകൾ തിരിച്ചുള്ള വിശദാംശം അറിയിക്കാമോ?

നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| | സബ് ഇൻസ്പെക്ടർ (വനിതകൾ ഉൾപ്പെടെ) | 444 |
| | ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | 6 |
| | പോലീസ് കോൺസ്റ്റബിൾ | 10787 |
| | പോലീസ് കോൺസ്റ്റബിൾ (ടെലി) | 193 |
| | പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 1135 |
| | വനിതാ കോൺസ്റ്റബിൾ | 1931 |
| | ഹവിൽദാർ (സ്പോർട്സ്) | 170 |
| | ആകെ | 14666 |

## കേരള പോലീസിൽ ഡ്രൈവർ തസ്തികയിലെ നിയമനം

131 (131) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് അനധികൃതമായി ഡ്രൈവർമാരെ നിയമിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) താൽക്കാലിക നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്ന് എത്ര ഡ്രൈവർമാരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃത നിയമനം ലഭിച്ചവരെ ഒഴിവാക്കി പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുവാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

(ബി & സി) പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലെ നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തി വരുന്നത്.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

132 (132) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട് അധികാരമേറ്റെടുത്ത അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് നടന്ന അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് വി.സി.33/2016/ടി.എസ്.ആർ. നമ്പറായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി വിജിലൻസ് സമർപ്പിച്ച വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പുദ്യോഗസ്ഥർക്ക് ഇതിൽ പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി-ഡി) വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിശദമായി പരിശോധിച്ചുവരികയാണ്.

**മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് വിലക്ക്**

133 (133) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ ഉദ്യാനത്തിൽ നിർമ്മാണ-നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള വിലക്കോ നിയന്ത്രണമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സാഹചര്യത്തിലാണ് ഈ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

(എ &ബി) പാലക്കാട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വി.എ.സി.ബി. പാലക്കാട് യൂണിറ്റിൽ വി.സി.06/2017/പി.കെ.ഡി. എന്ന നമ്പറിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു. എന്നാൽ പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിലക്കോ നിയന്ത്രണമോ വി.എ.സി.ബി. മുഖേന ഏർപ്പെടുത്തിയിട്ടില്ല.

**മാവേലിക്കരയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി**

134 (134) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ കോടതിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർട്ട് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാകുമ്പോൾ ഏതെല്ലാം കോടതികൾക്ക് പ്രവർത്തന സൗകര്യമൊരുക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) മാവേലിക്കര കോടതി സമുച്ചയം നിർമ്മിക്കുന്നതിന് 22.03.2022-ലെ സ.ഉ.(സാധാ)നം. 804/2022/ആഭ്യന്തരം പ്രകാരം, 1482 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഫാമിലി കോടതി, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് I & II കോടതികൾ എന്നിവ ഉൾപ്പെടുത്തിയുള്ള ബഹുനില കെട്ടിടത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത നിർവ്വഹണത്തിന്റെ പൂർത്തീകരണ കാലാവധി എന്നാണെന്നും അറിയിക്കുമോ?

എഗ്രിമെന്റ് തീയതി മുതൽ 24 മാസമാണ് പദ്ധതി പൂർത്തീകരിക്കാനുള്ള കാലാവധി. നിലവിൽ എഗ്രിമെന്റ് ഒപ്പുവച്ചിട്ടില്ല.

**കാട്ടാക്കട കോടതി സമുച്ചയം**

135 (135) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതി സമുച്ചയത്തിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളത്തുമ്മൽ വില്ലേജിലെ സർവ്വേ നമ്പർ 234/8, 234/13-ൽ 17.90 ആർ (44.225 സെന്റ്) ഭൂമിയിൽ 2017-ൽ നിർമ്മാണ പ്രവർത്തനമാരംഭിച്ച കാട്ടാക്കട കോടതി സമുച്ചയത്തിന്റെ ആദ്യ ഘട്ടമായി പൈലിംഗ് ജോലികൾ പൂർത്തിയാക്കിയിരുന്നു. രണ്ടാം ഘട്ടമായി 525 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിർദ്ദിഷ്ട ഭൂമിക്ക് തണ്ണീർത്തട നിർമ്മാണ ക്ലിയറൻസ് ആവശ്യമായതിനാൽ പ്രവൃത്തിക്കുള്ള കരാർ നടപ്പാക്കാനായില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, 2018 പ്രകാരം ഭൂമി തരംമാറ്റി അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം PWD ജുഡീഷ്യൽ ബിൽഡിംഗ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം

136 (136) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് നിലവിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുക്കിയ നിരക്ക് പ്രകാരം പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നിലവിൽ ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) DSR 2016 നിരക്കിന്റെ അടിസ്ഥാനത്തിൽ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് 2556 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിലുള്ള DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് PWD-യിൽനിന്നും ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത കോടതി കെട്ടിട സമുച്ചയ നിർമ്മാണത്തിന് ആവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## തിരൂരങ്ങാടിയിൽ ഫയർ സ്റ്റേഷൻ

137 (137) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) സർക്കാർ തത്വത്തിൽ അനുമതി നല്കിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള ശിപാർശ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## കായംകുളം അഗ്നിരക്ഷാ നിലയത്തിന് അനുവദിച്ച പദ്ധതികൾ

138 (138) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കായംകുളം അഗ്നിരക്ഷാ നിലയത്തിന് വാഹനങ്ങളടക്കം എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

25.05.2016-ൽ അധികാരത്തിൽവന്ന സർക്കാരിന്റെ കാലയളവ് മുതൽ വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് കായംകുളം നിലയത്തിന് അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ, പൊതുമരാമത്തുവകുപ്പിന്റെ തനത് ഫണ്ടുപയോഗിച്ച് താഴെപ്പറയുന്ന നിർമ്മാണപ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

1) നിലയത്തിന്റെ മുകളിലെ റസ്റ്റ് റൂം, ക്ലാസ്സ് റൂം എന്നിവ ടൈൽ പാകി.

2) ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി പാർക്കിംഗ് ഷെഡ് നിർമ്മിച്ചു.

3) ജീവനക്കാർക്ക് ഉപയോഗിക്കാൻ ബാത്ത്റൂം കോംപ്ലെക്സ് നിർമ്മിച്ചു.

4) മുകൾനിലയിലെ റെസ്റ്റ് റൂമിനോട് ചേർന്ന് പുതിയ അടുക്കള നിർമ്മിച്ചു.

5) ഓഫീസർമാരുടെ ബാത്ത്റൂം പുതുക്കിപ്പണിതു.

**മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ഉപകരണങ്ങളും**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

139 (139) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനും അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്ന മാവേലിക്കര വില്ലേജ് ബ്ലോക്ക് നം. 10 റീ സർവ്വേ നം. 17/18-ൽ ഉൾപ്പെട്ട 15.90 ആർസ് സ്ഥലം വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ അഗ്നിരക്ഷാ സേവന വകുപ്പ് മേധാവി അംഗീകരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കുവിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

വകുപ്പിൽ പുതുതായി അഗ്നിരക്ഷാ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര നിലയത്തിനും അനുവദിക്കുന്നതാണ്.

**ചീമേനിയിൽ അനുവദിച്ച ഫയർ സ്റ്റേഷൻ**

140 (140) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ അനുവദിച്ച ഫയർ സ്റ്റേഷൻ എന്നുമുതൽ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷൻ അധികൃതരിൽനിന്നും ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശാദാംശം അറിയിക്കാമോ?

ചീമേനിയിൽ പുതിയ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് കണ്ടെത്തിയതും നിലവിൽ പ്ലാന്റേഷൻ കോർപ്പറേഷന് ലീസിന് നൽകിയിട്ടുള്ളതുമായ 3 ഏക്കർ റവന്യൂ ഭൂമി (സർവ്വെ നം. 260/1 എ, 1 എ 1) ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി വകുപ്പുമേധാവി കാസർഗോഡ് ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം നൽകിയിട്ടുണ്ട്.

ഇതിനായി ഭൂമി വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവർത്തനമാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ.

**പാനൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

141 (141) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ മണ്ണ് പരിശോധനയിൽ കെട്ടിട നിർമ്മാണത്തിന് പൈലിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൈൽ ഫൗണ്ടേഷൻ ആവശ്യമാണെന്ന് കണ്ടെത്തുകയും ആയതുപ്രകാരമുള്ള Tentative Design Drawing കോഴിക്കോട് റീജിയണൽ ഡിസൈൻ വിംഗ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൈലിംഗ് ഉൾപ്പെടെയുള്ള നിർമ്മാണത്തിന് നിലവിൽ അനുവദിച്ച ഫണ്ട് പര്യാപ്തമാണോ; അല്ലെങ്കിൽ ആവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) അധിക തുക അനുവദിക്കുന്നില്ലെങ്കിൽ നിലവിലുള്ള ഫണ്ടുപയോഗിച്ച് ഇരുനിലക്കെട്ടിടം നിർമ്മിച്ച് ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

(ബി&സി) പര്യാപ്തമല്ല. Tentative Design Drawing പ്രകാരമുള്ള പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമാണ്. എന്നാൽ ടി സ്ഥലത്ത് ഒരിക്കൽക്കൂടി മണ്ണുപരിശോധന നടത്തി ചെലവ് കുറഞ്ഞ തരത്തിൽ ഫൗണ്ടേഷൻ നിർമ്മിക്കുവാൻ സാധ്യമാണോ എന്ന് പരിശോധിക്കുന്നതിനായി കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുമായി കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ടിട്ടുണ്ട്. അതനുസരിച്ചുള്ള Soil Investigation റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഫൗണ്ടേഷൻ Cost Optimise ചെയ്ത് പ്രവൃത്തി നടത്തുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

**നേര്യമംഗലം ഫയർ സ്റ്റേഷൻ**

142 (142) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തത്വത്തിൽ സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളതുമായ നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് താൽക്കാലിക കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) 18.02.2021-ലെ 51/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിട്ടുള്ള നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലിക സൗകര്യം/സ്ഥിര സൗകര്യം ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതും നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും മറ്റ് ഫയർ സ്റ്റേഷനുകളിൽനിന്നും വളരെ ദൂരെ എന്നതും അതോടൊപ്പം, മണ്ണിടിച്ചിൽ അടക്കമുള്ള പ്രകൃതിദുരന്തങ്ങൾ അനുഭവപ്പെടുന്ന മേഖല എന്ന നിലയിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കണക്കിലെടുത്ത് നേര്യമംഗലം ഫയർ സ്റ്റേഷൻ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി താൽക്കാലികമായി വാടകരഹിതമായി വിട്ടുനൽകുന്നതിന് തയ്യാറാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചതിനെത്തുടർന്ന് നിലയത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് അധികൃതർക്ക് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

143 (143) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ വളാഞ്ചേരി നിലയ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ഉപ്പള അഗ്നി രക്ഷാനിലയം കെട്ടിട നിർമ്മാണം**

144 (144) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള അഗ്നി രക്ഷാനിലയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അഗ്നി രക്ഷാനിലയത്തിന് റവന്യൂവകുപ്പ് 1997-ൽ അനുവദിച്ച ഭൂമി ലഭ്യമാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ടി ഭൂമി അഗ്നി രക്ഷാനിലയത്തിന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത നിലയത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മംഗൾപാടി വില്ലേജിലെ റീ സർവ്വേ നം. 50/1-ൽപ്പെട്ട 1.5 ഏക്കർ സ്ഥലം അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂവകുപ്പ് നടപടി ആരംഭിച്ചെങ്കിലും ടി സ്ഥലത്തോട്ടുചേർന്ന് 30 വർഷത്തിലേറെയായി സ്ഥിതി ചെയ്യുന്ന ഭജനമന്ദിരം, കാവ് എന്നിവയ്ക്കായി മേൽ 1.5 ഏക്കർ സ്ഥലത്തുനിന്നും കുറച്ചുസ്ഥലം പതിച്ച് നൽകണമെന്ന് വാദിച്ച് തദ്ദേശവാസികൾ അതിരളക്കൽ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് നാളിതുവരെയും അതിര് അളന്ന് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്തിൽ തർക്കരഹിതമായ 90 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള അർത്ഥനാ പത്രം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ഡയറക്ടർ ജനറലിന്റെ 4.10.2021-ലെ എഫ്-1 5718/2016 നമ്പർ കത്ത് പ്രകാരം 90 സെന്റ് സ്ഥലം ഉപ്പള അഗ്നി രക്ഷാനിലയം നിർമ്മിക്കുന്നതിന് അനുവദിക്കണമെന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അനുയോജ്യമായ സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കാട്ടാക്കട അഗ്നിശമനസേന വിഭാഗത്തിനായുള്ള ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

145 (145) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ അഗ്നിശമനസേന വിഭാഗത്തിനായുള്ള ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും ആയതിനുള്ള തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിന്റെ 75% പണികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന പണികളും സ്റ്റേഷന്റെ ചുറ്റുമതിൽ, ഗേറ്റ്, ഗ്യാരേജ് എന്നിവയുടെ നിർമ്മാണവും നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് 50 ലക്ഷം രൂപയുടെ അധിക തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിക്ക് നൽകിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കുമനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്.

## പരവൂർ അഗ്നിരക്ഷാനിലയത്തിന്റെ കെട്ടിടനിർമ്മാണം

146 (146) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി പുതിയ കെട്ടിടം

നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പറവൂർ അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നത് പ്രയാസമാണെന്ന് കണ്ടെത്തിയതിനാൽ പുതിയ പ്ലാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയുണ്ടായി. ആയത് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് മേധാവി അംഗീകരിച്ച് തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് മടക്കി നൽകിയിരിക്കുകയാണ്.

**സംസ്ഥാനത്തെ ജയിൽ ആശുപത്രികൾ**

147 (147) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ ആശുപത്രികളിൽ ആരോഗ്യവകുപ്പിൽനിന്നും ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; ഇപ്രകാരം ആരോഗ്യവകുപ്പിൽനിന്നും നിയമനം നടത്തിയിട്ടുള്ള

ജയിലാശുപത്രികളിലെ ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ്, യാദൃശ്ചികാവധി തുടങ്ങിയ അർഹതയുള്ള മറ്റ് ലീവുകൾ എടുക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം തടസ്സങ്ങൾ ഏത് നിയമപ്രകാരമാണ് ജയിൽ ആശുപത്രികളിൽ അധികൃതർ ഉന്നയിക്കുന്നതെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ ഇത്തരം പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ആരോഗ്യവകുപ്പിന് കീഴിൽ എക്സ് കേഡറായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജയിൽ ഡിസ്പെൻസറി/ആശുപത്രികളിലെ തസ്തികകളിൽ സ്ഥിര നിയമനം ആരോഗ്യവകുപ്പാണ് നടത്തിവരുന്നത്. സ്ഥലംമാറ്റത്തിലൂടെയാണ് ഈ നിയമനങ്ങൾ നടത്തുന്നത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഫാർമസിസ്റ്റ് - വനിതാ ജയിൽ അട്ടക്കുളങ്ങര, സെൻട്രൽ പ്രിസൺ പൂജപ്പുര, കണ്ണൂർ സെൻട്രൽ ജയിൽ, ലാബ്ടെക്നീഷ്യൻ - സെൻട്രൽ പ്രിസൺ പൂജപ്പുര, നേഴ്സിംഗ് അസിസ്റ്റന്റ്- വനിതാ ജയിൽ അട്ടക്കുളങ്ങര, സെൻട്രൽ പ്രിസൺ പൂജപ്പുര, കണ്ണൂർ സെൻട്രൽ ജയിൽ, അസിസ്റ്റന്റ് സർജൻ- സെൻട്രൽ പ്രിസൺ പൂജപ്പുര എന്നീ തസ്തികകളിലേയ്ക്ക് സ്ഥിര ജീവനക്കാരെ സ്ഥലംമാറ്റത്തിലൂടെ നിയമിച്ചിട്ടുണ്ട്. ജയിൽ

വകുപ്പിന്റെ കേഡറിലുള്ള മെഡിക്കൽ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

ജയിൽ ആശുപത്രികളിലെ ജീവനക്കാർക്ക് ചട്ടപ്രകാരം ഡ്യൂട്ടി ഓഫ്, യാദൃശ്ചികാവധി, മറ്റ് അവധികൾ എന്നിവ എടുക്കുന്നതിന് തടസ്സമില്ല. ജീവനക്കാരിൽനിന്നും ഇത്തരം പരാതികൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാന സർക്കാരിന്റെ രേഖകൾ പ്രകാരം ജയിൽ ആശുപത്രികളെ എന്തുതരം ആശുപത്രിയായാണ് പരിഗണിച്ചിട്ടുള്ളതെന്നും ഇവിടെ കിടത്തി ചികിത്സ ലഭ്യമാണോയെന്നുമുള്ള വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(സി) ജയിൽ ആശുപത്രികളിൽ ഡോക്ടർമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ചുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും ഡോക്ടർമാർ ഡ്യൂട്ടിക്ക് കൃത്യമായി ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; ഡോക്ടർമാർ ഡ്യൂട്ടിക്ക് യഥാസമയം എത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; തിരുവനന്തപുരം സെൻട്രൽ ജയിലിലെ ആശുപത്രി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോക്ടറെ കുറിച്ച് നിലവിൽ വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3 മണി വരെയാണ് ജയിൽ ഡിസ്പെൻസറികളും ആശുപത്രികളും പ്രവർത്തിച്ചുവരുന്നത്. 2010-ലെ കേരളാ ജയിൽ നിയമം സെക്ഷൻ 57 പ്രകാരം ഏതുസമയത്തും ഏതെങ്കിലും തടവുകാർക്ക് ആരോഗ്യപ്രശ്നങ്ങൾ ജയിൽ അധികൃതർ റിപ്പോർട്ട് ചെയ്യുന്നപക്ഷം ഉടനടി പരിശോധനയും സേവനവും മെഡിക്കൽ ഓഫീസർ നൽകേണ്ടതാണ്. ഡോക്ടർമാർ ഡ്യൂട്ടിക്ക് യഥാസമയം എത്തുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഡോ. രാജേഷ് എസ്.ആർ.-നെതിരെയുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ഡി) ജയിൽ ആശുപത്രികളിൽ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ ആരോഗ്യവകുപ്പ് ജില്ലാ മേധാവികളായ ഡി.എം.ഒ.-മാർ മാസംതോറും സന്ദർശനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ മുൻകാലങ്ങളിൽ എത്ര തവണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇവർ സന്ദർശനം നടത്തിയിട്ടുണ്ടെന്നും ഈ വർഷം നാളിതുവരെ എത്ര പ്രാവശ്യം സന്ദർശനം നടത്തിയെന്നും വിശദമാക്കാമോ; ജയിൽ ആശുപത്രി ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മുൻകാലങ്ങളിൽ 3 തവണ ജില്ലാ മെഡിക്കൽ ഓഫീസർ ജയിൽ ആശുപത്രിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം ഒരു തവണയും സന്ദർശനം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ വിയ്യൂർ സെൻട്രൽ ജയിലിൽ ഔദ്യോഗിക സന്ദർശനം നടത്താറുണ്ട്. 13.10.2022-ലാണ് അവസാനമായി വിയ്യൂർ സെൻട്രൽ ജയിലിൽ ഔദ്യോഗിക സന്ദർശനം നടത്തിയിട്ടുള്ളത്. പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻവഴി എത്ര രൂപയുടെ മരുന്നുകളാണ് സംസ്ഥാനത്തെ ജയിലുകൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച്, തുക കണക്കാക്കി വിശദമാക്കുമോ; എത്ര രൂപയുടെ

ഏതെല്ലാം മരുന്നുകൾ മറ്റ് ആശുപത്രികളിൽനിന്നും ജയിൽ ആശുപത്രികളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട് എന്നതും വിശദമാക്കുമോ?

ജയിൽ വകുപ്പിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(എഫ്) സംസ്ഥാനത്തെ ജയിലുകളിലെ ഡോക്ടർമാർ രോഗികൾക്ക് മരുന്ന് കുറിച്ച് നൽകുമ്പോൾ അത് ജനറിക് നാമത്തിൽ എഴുതി നൽകണം എന്ന സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കുമോ?

ജയിലുകളിലെ ഡോക്ടർമാർ രോഗികൾക്ക് മരുന്നുകൾ ജനറിക് നാമത്തിലാണ് എഴുതി നൽകുന്നത്. ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ട്.

(ജി) ജയിൽ ആശുപത്രികളിൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ പേര്, തസ്തിക, ഇനം, ഓരോ ആശുപത്രികളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വിശദമാക്കാമോ; സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിലെ 3 വർഷം എന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമാനദണ്ഡം ജയിൽ ആശുപത്രികളിൽ പാലിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ജയിൽ ആശുപത്രികളിൽ ആരോഗ്യവകുപ്പിൽനിന്നും നിയോഗിക്കപ്പെട്ട ജീവനക്കാരിൽ 5 വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ പേര്, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ എന്നിവ അനുബന്ധം ആയി ചേർക്കുന്നു.+

ആരോഗ്യവകുപ്പിൽ പൊതുസ്ഥലംമാറ്റം ഓൺലൈനായി സ്പാർക്ക് മുഖാന്തരമാണ് നടത്തിവരുന്നത്. ആരോഗ്യവകുപ്പിന് കീഴിൽ എക്സ് കേഡറായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജയിൽ ഡിസ്പെൻസറി/ആശുപത്രികളിലെ തസ്തികകളിൽ സ്ഥിര നിയമനം ആരോഗ്യവകുപ്പാണ് നടത്തിവരുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ ജയിൽ വകുപ്പിന് കീഴിലായതിനാൽ, ആരോഗ്യവകുപ്പിലെ എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ആയതുമൂലമാണ് പൊതുസ്ഥലംമാറ്റം ജയിൽ ഡിസ്പെൻസറികളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കാര്യത്തിൽ നടത്താൻ കഴിയാതെവന്നത്. ആയതിനാൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ പൊതുസ്ഥലംമാറ്റത്തിനുപരി സ്ഥലംമാറ്റമാണ് നടന്നുവരുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ

148 (148) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ; ഇവ ഏത് കമ്പനികളുടെയാണ്; അറിയിക്കുമോ?

സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ 4 പെട്രോൾ പമ്പുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും ചീമേനി തുറന്ന ജയിലിലും പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (IOC) എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഈ പമ്പുകളിൽ പണിയെടുക്കുന്ന ജീവനക്കാർ ജയിൽ ശിക്ഷ അനുഭവിക്കുന്നവരാണോ; ഇവർക്ക് മാസവേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ്; വിശദമാക്കുമോ?

ജയിലിനുകീഴിലുള്ള പെട്രോൾ പമ്പുകളിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് മാസവേതനം

നിശ്ചയിച്ചിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിലുള്ള വേതനമാണ് നൽകുന്നത്. സെൻട്രൽ ജയിലുകളിലെ തടവുകാർക്ക് ദിവസ വേതനമായി 170 രൂപയും, തുറന്ന ജയിലിലെ തടവുകാർക്ക് 230 രൂപയും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് 700 രൂപയും നൽകിവരുന്നു. പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തടവുകാരുടെ സുരക്ഷയ്ക്കായി ജയിൽ ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്.

(സി) പെട്രോളിയം ഉല്പന്നം വിപണനം നടത്തി ലഭിക്കുന്ന ലാഭം ജയിൽ വകുപ്പിന്റെ ഉന്നമനത്തിന് മാത്രമായി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കുമോ?

ജയിലുകളിലെ മറ്റ് വാണിജ്യ യൂണിറ്റുകളിലുള്ള ലാഭം 50% സർക്കാരിലേയ്ക്കും 50% പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിലേയ്ക്കും നിക്ഷേപിക്കുന്നതുപോലെയാണ് പെട്രോളിയം ഔട്ട്ലെറ്റിൽനിന്നുള്ള ലാഭവും വിനിയോഗിക്കുന്നത്.

(ഡി) ജയിൽ വകുപ്പ് ഒരു കച്ചവട സ്ഥാപനത്തിന്റെ നിയമപരിധിയിൽ അല്ലാത്തതിനാൽ പമ്പുകൾ തുടങ്ങുന്നതിന് നിയമസാധ്യതയുണ്ടോ; വ്യക്തമാക്കുമോ?

തെറ്റുതിരുത്തൽ പ്രക്രിയയുടെ ഭാഗമായി ജയിൽ അന്തേവാസികൾക്ക് തൊഴിലും തൊഴിൽ പരിശീലനവും നൽകുക എന്നത് ജയിൽ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആയതിന്റെ ഭാഗമായി വിവിധ വാണിജ്യ സംരംഭങ്ങളും തൊഴിൽ പരിശീലന പരിപാടികളും ജയിലുകളിൽ നടപ്പിലാക്കിവരുന്നു. തടവുകാർക്ക് തൊഴിലും തൊഴിൽപരിശീലനവും നൽകുന്നതിന്റെ ഭാഗമായാണ് പുതിയ സംരംഭമെന്ന നിലയിൽ ജയിലുകളിൽ പെട്രോളിയം ഔട്ട്ലെറ്റുകൾ സ്ഥാപിച്ചത്.

## സംസ്ഥാനത്തെ ജില്ലാ ജയിലുകൾ

149 (149) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലാ ജയിലുകളുണ്ട്; അവ ഏതെല്ലാം;

(ബി) 20.11.2022-ന് ഓരോ ജില്ലാ ജയിലിലുമുള്ള അന്തേവാസികളുടെ എണ്ണം വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് 13 ജില്ലാ ജയിലുകളുണ്ട്. അവയുടെ പേരും 20.11.2022-ലെ അന്തേവാസികളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാവക്കാട് സബ് ജയിൽ നവീകരണം

150 (150) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് സബ് ജയിൽ പ്രസ്തുത സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് സബ് ജയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ നിലവിലില്ല.

(ബി) പ്രസ്തുത സബ് ജയിലിന്റെ നിലവിലുള്ള നവീകരണ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ചാവക്കാട് സബ് ജയിലിന് പുതിയ ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിന് നടപ്പുവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 154 ലക്ഷം (ഒരു കോടി അൻപത്തിനാല് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജയിലിന്റെ അടുക്കള നവീകരണത്തിന് 5,00,000 രൂപ (അഞ്ച് ലക്ഷം രൂപാ മാത്രം) പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(സി) 2022-23 ബജറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയ (ക്രമനമ്പർ-1954) സബ് ജയിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2022-23 ബഡ്ജറ്റിൽ 'ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ' ക്രമ നം. 1954 ആയി ചാവക്കാട് സബ് ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 315 ലക്ഷം (മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയിൽ 100 രൂപ (നൂറ് രൂപ മാത്രം) ടോക്കൺ പ്രൊവിഷൻ ആയി വകയിരുത്തിയിട്ടുണ്ട്.

## പാലക്കാട് ജില്ലാ ജയിലിൽ ഉദ്യോഗസ്ഥരുടെ തസ്തികകൾ

151 (151) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ജയിലിൽ ഉദ്യോഗസ്ഥരുടെ ഏതെല്ലാം തസ്തികകളുണ്ടെന്ന് എണ്ണം സഹിതം തരം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) മേൽപ്പറഞ്ഞ ജയിലിൽ 24.11.2022-ലെ അന്തേവാസികളുടെ എണ്ണം എത്രയാണ്; വ്യക്തമാക്കാമോ?

പുരുഷ തടവുകാർ-301, വനിതാ തടവുകാർ-9.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അന്തേവാസികളുടെ എണ്ണത്തിന് ആനുപാതികമായി ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ ജയിലിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജയിൽ ചട്ടപ്രകാരം അന്തേവാസികളും ഉദ്യോഗസ്ഥരും തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടില്ല.

**അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ പ്രൊമോഷൻ തസ്തിക**

152 (152) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ തൊട്ടടുത്ത പ്രൊമോഷൻ തസ്തിക ഏതാണ്; അറിയിക്കാമോ?

വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-II

(ബി) പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ അടുത്ത പ്രൊമോഷൻ തസ്തിക ഏതാണ്; വ്യക്തമാക്കാമോ?

ഡെപ്യൂട്ടി പ്രിസൺ ഓഫീസർ.

**ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ മതന്യൂനപക്ഷ വിഭാഗത്തിന് ഫീസിളവ്**

153 (153) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ പഠിക്കുന്ന മതന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫീസിളവ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജുകളിൽ നിലവിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഫീസിളവ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഫീസിളവ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ഏതൊക്കെ വകുപ്പുകളാണ് വഹിക്കുന്നത് എന്ന് വിശദമാക്കുമോ?

(എ&ബി) സ്കോളർഷിപ്പ് ആനുകൂല്യം നൽകുന്നുണ്ട്. ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ എസ്.സി./എസ്.ടി., ഒ.ഇ.സി., ഒ.ബി.സി.(എച്ച്) എന്നീ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗ വകുപ്പുകൾ മുഖാന്തരം ഫീസിളവ് നൽകുന്നുണ്ട്.

(സി) മുസ്ലീം, ക്രിസ്ത്യൻ ഉൾപ്പെടെയുള്ള മതന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രസ്തുത കോളേജുകളിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ഫീസിളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന വിദ്യാർത്ഥികൾക്ക് പഠനത്തിനായി വിവിധ തരം സ്കോളർഷിപ്പുകളും പരിശീലനവും നൽകിവരുന്നുണ്ട്.

**ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ**

154 (154) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നറിയിക്കുമോ?

സംസ്ഥാനത്താകെ 24 ന്യൂനപക്ഷ യുവജനപരിശീലന കേന്ദ്രങ്ങളും 32 ന്യൂനപക്ഷ യുവജന പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതുതായി എത്ര പരിശീലന കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പുതുതായി പരിശീലന കേന്ദ്രങ്ങൾ അനുവദിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പതിനാല് ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; അറിയിക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) തിരൂർ മൂപ്പൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ എംപവർമെന്റ് എന്ന സ്ഥാപനത്തിന് യുവജന പരിശീലന കേന്ദ്രം അനുവദിക്കണമെന്ന് ബഹു. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേൽ MW1/79/2022/(ന്യൂനപക്ഷ ക്ഷേമ വകുപ്പ്) നമ്പർ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിക്കുമോ;

(ഇ) പ്രസ്തുത ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുമോയെന്നറിയിക്കാമോ?

(ഡി&ഇ) മലപ്പുറം ജില്ലയിൽ നിലവിൽ 5 ന്യൂനപക്ഷ പരിശീലനകേന്ദ്രങ്ങളും 11 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. നിലവിലുള്ള പരിശീലന കേന്ദ്രങ്ങൾക്കുപുറമേ പുതുതായി കേന്ദ്രം അനുവദിക്കണമെന്ന തിരൂർ മൂപ്പൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ എംപവർമെന്റ് എന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനത്തിന്റെ അപേക്ഷ വകുപ്പ്തലത്തിൽ വിശദമായി പരിശോധിച്ചുവരികയാണ്.

**കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.എം.ജെ.വി.കെ. പദ്ധതികൾ**

155 (155) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മന്ത്രാലയത്തിന്റെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം സ്കീമിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം സ്കീമിൽ ജില്ലയിൽ നിലവിൽ അംഗീകാരം ലഭിച്ചതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ PMJVK പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 2 സദ്ഭാവനാ മണ്ഡപങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചെങ്കള ഗ്രാമപഞ്ചായത്തിലെ 14- ാം വാർഡിൽ അംഗീകരിച്ച പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. കാസർഗോഡ് ബ്ലോക്ക് പരിധിയിലെ സദ്ഭാവനാ മണ്ഡപം പദ്ധതി നടപ്പിലാക്കുന്നതിന് ഉചിതമായ സ്ഥലം

ലഭ്യമല്ലാത്തതിനാൽ നിർമ്മാണമാരംഭിക്കാൻ സാധിച്ചിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സ്കീമിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്താൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും ജില്ലയ്ക്കുള്ള വിഭവ സ്രോതസ്സ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

2022-23 മുതൽ PMJVK Scheme-ന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, കുടിവെള്ളം, ശുചിത്വം, സ്പോർട്സ്, സൗരോർജ്ജം, വനിതാകേന്ദ്രീകൃതം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ജില്ലയിൽ പദ്ധതികളിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ ജില്ലാതല കമ്മിറ്റിയും സംസ്ഥാനതല കമ്മിറ്റിയും അംഗീകരിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ തുക കേന്ദ്ര-സംസ്ഥാന ബജറ്റുകളിലായി വകയിരുത്തുകയുമാണ് ചെയ്യുന്നത്.

## ആലപ്പുഴയിൽ നടപ്പിലാക്കുന്ന വുമൺ എംപവർമെന്റ് സെന്റർ

156 (156) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർക്ക് നിർവ്വഹണ ചുമതല നൽകിയാണ് നടപ്പിലാക്കിവരുന്നത്. മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. വകുപ്പ് മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിലും ലഭിക്കുന്നുണ്ട്. വകുപ്പിന്റെ സംസ്ഥാന പദ്ധതി വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ആലപ്പുഴ ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ ജില്ലയിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ജില്ലയിലെ കായംകുളം നഗരസഭ, ആലപ്പുഴ നഗരസഭ എന്നിവിടങ്ങളിലായി 2746.26 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 2018-19 സാമ്പത്തിക വർഷം 21 യൂണിറ്റുകളിലായി 1042.92 ലക്ഷം രൂപയുടെ പദ്ധതികളും 2019-20 സാമ്പത്തിക വർഷം 3 യൂണിറ്റുകളിലായി 1703.34 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധംആയി ചേർക്കുന്നു.+

(സി) ആലപ്പുഴയിൽ നടപ്പിലാക്കുന്ന വുമൺ എംപവർമെന്റ് സെന്ററിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വുമൺ എംപവർമെന്റ് & ഫെസിലിറ്റേഷൻ സെന്റർ എന്ന പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിട്ടുള്ള നിർദ്ദിഷ്ട സ്ഥലം Coastal Zone-ൽ ഉൾപ്പെട്ടതിനാൽ ആയത് സംബന്ധിച്ച CRZ ക്ലിയറൻസ് യഥാസമയം ലഭിച്ചിരുന്നില്ല. അംഗീകരിച്ച പ്ലാനിലെ G+4 എന്നത് G+3 ആയി പരിമിതപ്പെടുത്തിയാണ് ഇപ്പോൾ CRZ ക്ലിയറൻസ് ലഭിച്ചിരിക്കുന്നത്. അതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്, വിശദമായ പ്രൊപ്പോസൽ സഹിതം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള കോച്ചിംഗ് സെന്റർ

157 (157) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മത്സരപരീക്ഷകൾക്കായുള്ള കോച്ചിംഗ് സെന്റർ അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒരു ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രവും രണ്ട് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. പുതിയ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിദേശരാജ്യങ്ങളുമായുള്ള ധാരണാപത്രം

158 (158) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സന്ദർശന വേളയിൽ ഏതെല്ലാം കാര്യങ്ങളിലാണ് വിദേശ രാജ്യങ്ങളുമായി ധാരണാപത്രങ്ങളിൽ ഏർപ്പെട്ടതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) 2022 ഒക്ടോബർ 2 മുതൽ 12 വരെ സംസ്ഥാനത്ത് നിന്നും ഒരു ഉന്നതതല സംഘം ഫിൻലൻഡ്, നോർവേ, യു.കെ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. സംസ്ഥാനത്തിന്റെ വികസനത്തിന് പ്രസ്തുത സന്ദർശനം സഹായകരമാകുമെന്ന് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഫിൻലൻഡ്**

ഫിൻലൻഡിലെ പ്രാരംഭ ശൈശവ വിദ്യാഭ്യാസം, പ്രീ-പ്രൈമറി, എലമെന്ററി, സെക്കൻഡറി വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖല, വയോജന പരിപാലനം, പെൻഷൻ പദ്ധതി എന്നിവ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പരസ്പര

സഹകരണത്തിന് ധാരണയായിട്ടുണ്ട്. ടൂറിസം രംഗത്തെ സഹകരണത്തിനും ആരോഗ്യ മേഖലയിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പതിനായിരം നഴ്സ്മാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി സംസ്ഥാനത്ത് പുതുതായി നഴ്സിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും സർവ്വകലാശാലകളിൽ വിദേശ ഭാഷകൾക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗ്രീൻ എനർജി, മറൈൻ മേഖല, ലൈഫ് സയൻസ്, പെട്രോകെമിക്കൽസ്, നാനോ മെറ്റീരിയൽസ്, ഗ്രാഫീൻ മുതലായ സാങ്കേതികവിദ്യാഭ്യാസ മേഖലകളിലെ സഹകരണത്തിനുള്ള സാദ്ധ്യതകൾ, പരിസ്ഥിതി സൗഹൃദ വികസന മേഖലകളിലെ സഹകരണം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിൽ ആരംഭിക്കുന്ന സസ്റ്റെയിനബിൾ മാരിടൈം ടെക്നോളജി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഊർജ്ജ, മറൈൻ ബിസിനസ് രംഗത്തെ ഫിൻലൻഡ് കമ്പനിയായ 'വാർട്സില' സഹകരിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

**നോർവേ**

ഫിഷറീസ് രംഗത്തെ വൻ ശക്തികളിലൊന്നായ നോർവ്വെയുമായി സഹകരണം ശക്തമാക്കാൻ നടത്തിയ ചർച്ചകൾ കേരളത്തിന്റെ

മത്സ്യമേഖലയ്ക്ക് കുതിപ്പ് നൽകുന്നതാണ്. കേരളത്തിൽ മാരിടൈം ക്ലസ്റ്റർ രൂപപ്പെടുത്തുന്നതിനും ഫിഷറീസ്, അക്വാകൾച്ചർ രംഗത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും നോർവീജിയൻ സർക്കാരിന്റെ വ്യക്തമായ ഉറപ്പ് ലഭിക്കുകയുണ്ടായി. ഫിഷ് ന്യൂട്രിഷൻ, ഫീഡ് റിസർച്ച് ആന്റ് ഹെൽത്ത് മാനേജ്മെന്റ്, മറൈൻകേജ് കൾച്ചർ, കപ്പാസിറ്റി ബിൽഡിംഗ്, സ്റ്റുഡൻറ് ആന്റ് ഫാക്കൽട്ടി എക്സ്ചേഞ്ച്, കേജ് ഫാർമിംഗ് വഴിയുള്ള ഓഫ് ഷോർ അക്വാകൾച്ചർ, കയറ്റുമതിക്കുള്ള പുനഃചംക്രമണ മത്സ്യ കൃഷി തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിനും തൊഴിൽ സാധ്യതകൾക്കും കൂടുതൽ സഹകരണം ഉറപ്പുവരുത്താൻ സാധിച്ചു. കേരള ഫിഷറീസ് സർവ്വകലാശാലയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണ പരിശീലനം നൽകുന്നതിന് നോർദ് യൂണിവേഴ്സിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളെ നേരിടൽ, വയനാട് തുരങ്കപാത നിർമ്മാണം, തീരശോഷണം തടയൽ എന്നീ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാൻ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് താൽപര്യം പ്രകടിപ്പിച്ചു. ഓസ്‌ലോയിൽ നടത്തിയ ഇൻവെസ്റ്റേഴ്സ് റൗണ്ട് ടേബിളിൽ ഹൈഡ്രജൻ പ്രൊ, ടോമ്ര, കാമ്പി ഗ്രൂപ്പ്, ഓർക്‌ല എന്നീ നോർവീജിയൻ കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താനുള്ള താല്പര്യം പ്രകടിപ്പിച്ചു.

കേരളത്തിൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ 150 കോടി രൂപയുടെ തുടർനിക്ഷേപം നടത്തുമെന്ന് ഓർക്‌ല അധികൃതർ ഉറപ്പുനൽകിയിട്ടുണ്ട്. കൊച്ചിയിൽ ആരംഭിക്കുന്ന മാരിടൈം ക്ലസ്റ്ററുമായി സഹകരിക്കുവാൻ അസ്കോ മാരിടൈം സന്നദ്ധത പ്രകടിപ്പിച്ചു. Nansen Environmental Sensing Centre, Institute of Marine Research എന്നിവയുമായി കൂടുതൽ സഹകരണത്തിന് ധാരണയായിട്ടുണ്ട്. കേരളത്തിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ പ്രമുഖ ഇലക്ട്രിക് ബാറ്ററി നിർമ്മാതാക്കളായ കോർവസ് എനർജി മുന്നോട്ട് വന്നിട്ടുണ്ട്. വൈദ്യുതി അധിഷ്ഠിത ജലഗതാഗത രംഗത്ത് കോർവസ് എനർജി, മാരിനോർ എന്നീ കമ്പനികളുമായി കൂടുതൽ സഹകരണം പ്രതീക്ഷിക്കുന്നു. കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാനും നിക്ഷേപം നൽകാനും തയ്യാറായി നോർവ്വേയിലെ മലയാളി സമൂഹം മുന്നോട്ടുവന്നതായിരുന്നു വിദേശ സന്ദർശനത്തിന്റെ പ്രധാന നേട്ടം.

**യു.കെ.**

ലോക കേരള സഭയുടെ യൂറോപ്പ് ആന്റ് യു.കെ. മേഖലാ സമ്മേളനത്തിൽ പത്ത് യൂറോപ്യൻ രാജ്യങ്ങളിൽനിന്നും പ്രാതിനിധ്യമുണ്ടായിരുന്നു. വിദേശത്തുള്ള പ്രൊഫഷണലുകളുടെ കഴിവും നൈപുണ്യവും വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ, വിദ്യാർഥി

കുടിയേറ്റം, യൂറോപ്പിലേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെൻറ്, പ്രവാസി സംഘടനകളുടെയും ലോക കേരള സഭയുടെയും പ്രവർത്തന ഏകോപനം, സ്ഥിര കുടിയേറ്റം നടത്തിയവർക്ക് കൂടുതൽ സേവനങ്ങൾ നാട്ടിൽ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, സ്കിൽ മാപ്പിംഗ് ഉൾപ്പെടെ സാധ്യമാക്കുന്ന രീതിയിൽ ഗ്ലോബൽ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുക തുടങ്ങി നിരവധി വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്തു. സമ്മേളനത്തിൽ വച്ച് കേരളത്തിൽനിന്നുള്ള ആരോഗ്യപ്രവർത്തകർക്കും സോഷ്യൽവർക്കർമാർക്കും യു.കെ.-യിലേയ്ക്ക് തൊഴിൽ കുടിയേറ്റം സാധ്യമാക്കുന്നതിനുള്ള അർത്ഥവത്തായ ഇടപെടൽ സാധ്യമായി. ഇതിനുവേണ്ടി, യു.കെ.-യിലെ ദേശീയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ണർഷിപ്പുകളിലൊന്നായ ഹംബർ ആന്റ് നോർത്ത് യോർക്ക്ഷയർ ഹെൽത്ത് ആന്റ് കെയർ പാർട്ടണർഷിപ്പ്, നോർത്ത് ഈസ്റ്റ് ലിങ്കൺ ഷയറിലെ ഹെൽത്ത് സർവീസിന്റെ മാനസിക ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നാവിഗോ എന്നിവരുമായി നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പുവച്ചു. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ ആരോഗ്യ മേഖലയിലെ പ്രൊഫഷണലുകൾക്ക് സുഗമവും സുരക്ഷിതവുമായ കുടിയേറ്റം

സാധ്യമാക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ ആരോഗ്യമേഖലയിലെ വിവിധ പ്രൊഫഷണലുകൾക്കായി 3000-ലധികം ഒഴിവുകളിലേയ്ക്ക് ഇതുവഴി തൊഴിൽ സാധ്യത ലഭ്യമാകും. സംസ്ഥാനത്തുനിന്ന് നഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് ഈ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. സമീപകാലത്ത് നാം നേരിടുന്ന അനധികൃത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നീ ഗുരുതരമായ പ്രശ്നങ്ങൾ തടയാൻ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പ്രത്യേക പരിപാടി സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളുടെ വികാസത്തിന്റെയും ശാസ്ത്ര സാങ്കേതിക ഗവേഷണത്തിന്റെയും സാധ്യതകൾ കേരളത്തിന്റെ വികസനത്തിനായി എങ്ങനെ ഉപയോഗിക്കാമെന്ന് മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബറോ, സൈഗൻ സർവ്വകലാശാലകളിലെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഗ്രാഫീൻ മേഖലയിലെ സഹകരണത്തിനായി ഈ സർവ്വകലാശാലകളുമായി കേരള ഡിജിറ്റൽ സർവകലാശാല ധാരണാപത്രം ഒപ്പുവച്ചു. കൊച്ചിയിൽ ആരംഭിക്കുന്ന ഗിഫ്റ്റ് സിറ്റിയിൽ നിക്ഷേപം നടത്തുന്നതിന് പ്രമുഖ കമ്പനികളുമായി ചർച്ച നടത്തുന്നത് സംബന്ധിച്ചും ധാരണയായിട്ടുണ്ട്. വെയ്ൽസിലെ ആരോഗ്യ വകുപ്പുമന്ത്രിയുമായി നടന്ന ചർച്ചയിൽ

കേരളത്തിൽനിന്നുള്ള ആരോഗ്യമേഖലയിലെ പ്രൊഫഷണലുകളുടെ സേവനം വെയിൽസിൽ ഉപയോഗപ്പെടുത്തുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഡിഫ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ആർക്കിടെക്ചറിലെ വിദ്യാർത്ഥികളും ഫാക്കൽട്ടികളുമായി കേരള സംഘം ആശയവിനിമയം നടത്തിയിട്ടുണ്ട്. കാർഡിഫ് യൂണിവേഴ്സിറ്റിയുടെ പഠനത്തിൽ കൊച്ചി നേരിടുന്ന ശബ്ദമലിനീകരണം, ജലമലിനീകരണം, ഗതാഗതപ്രശ്നങ്ങൾ, ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത എന്നിവയെല്ലാം വിശദമായി പ്രതിപാദിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിന്റെയും വിശദമായ പഠനത്തിനും തുടർചർച്ചകൾക്കുമായി കാർഡിഫ് യൂണിവേഴ്സിറ്റിയുടെ ഒരു സംഘം ജനുവരിയിൽ സംസ്ഥാനത്ത് എത്തുന്നുണ്ട്. സംസ്ഥാനത്തെ പ്ലാനിംഗ് വിഭാഗവും ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി ഇതുസംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുന്നതാണ്. ലണ്ടനിൽ ഹിന്ദുജ ഗ്രൂപ്പ് ചെയർമാൻ ശ്രീ. ഗോപിചന്ദ് ഹിന്ദുജയുമായി നടന്ന ചർച്ചയിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖല, അശോക് ലൈലൻഡ് ഇലക്ട്രിക് ബസ് നിർമ്മാണം, സൈബർ, ഫിനാൻസ് മേഖലകളിൽ കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് ഹിന്ദുജ ഗ്രൂപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സന്ദർശനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രിയുടെ വിദേശ യാത്രയുമായി ബന്ധപ്പെട്ട് താമസം, പ്രാദേശിക യാത്ര എന്നിവയുടെ ചെലവുകൾ കേന്ദ്ര ധന മന്ത്രാലയത്തിന്റെ അനുമതി ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഇന്ത്യൻ എംബസി മുഖേനയാണ് കണ്ടെത്തിയിട്ടുള്ളത്. വിമാന ടിക്കറ്റിന്റെ ബില്ലുകൾ സമർപ്പിച്ചിട്ടില്ല.

**സിൽവർ ലൈൻ പദ്ധതി**

159 (159) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം-കാസർകോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയത്തിന്റെ സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു.

ധനകാര്യ മന്ത്രാലയത്തിന്റെ കത്തിനനുസൃതമായുള്ള റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അനുമതി പ്രകാരമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്ക്നിക്കൽ പഠനം, CRZ Mapping, ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണ പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം അനുമതികൾ ഇതിനകം ലഭിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം അനുമതികൾകൂടി ലഭിച്ചാലാണ് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയുകയെന്നും വ്യക്തമാക്കുമോ?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കേരള സർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയത്തിന്റെ സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും ചെയ്തു.

പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകുകയുണ്ടായി. നിലവിൽ പദ്ധതിക്ക് റെയിൽ മന്ത്രാലയം അനുമതി ലഭ്യമാക്കി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് ശിപാർശ ചെയ്യേണ്ടതാണ്. സി.സി.ഇ.എ. (ക്യാബിനറ്റ് കമ്മിറ്റി ഓഫ് എക്കണോമിക്ക് അഫയേഴ്സ്) പദ്ധതി അംഗീകരിച്ച് സെൻട്രൽ ക്യാബിനറ്റിൽ സമർപ്പിക്കുകയും ക്യാബിനറ്റ് പദ്ധതിക്ക് അന്തിമാനുമതി ലഭ്യമാക്കുന്നതോടുംകൂടി പദ്ധതി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി) സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം പഠനങ്ങളാണ് ഇതിനകം നടന്നിട്ടുള്ളതെന്നും സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ട്രാഫിക്ക് ആന്റ് ട്രാൻസ്പോർട്ടേഷൻ പഠനം,

ഭൂഗവഷേണപഠനം, സാമ്പത്തിക വിലയിരുത്തൽ പഠനം, ലിഡാർ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിശദ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം തുടങ്ങിയവ നടത്തിയിരുന്നു. ധനകാര്യ മന്ത്രാലയത്തിന്റെ കത്തിനനുസൃതമായുള്ള റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അനുമതി പ്രകാരമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്ക്നിക്കൽ പഠനം, CRZ Mapping, ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

സാമൂഹികാഘാത പഠനവുമായി ബന്ധപ്പെട്ട വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമെ സാമൂഹികാഘാത വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ട് പോവുകയുള്ളൂ.

(ഡി) ഈ പദ്ധതിക്ക് വേണ്ടി ഇതിനകം ഓരോ ജില്ലയിലും എത്ര സർവേ കല്ലുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും അതിൽ എത്ര എണ്ണം ഇതിനകം സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിശദമായ സ്ഥിതിവിവരപട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

(ഇ) പദ്ധതിക്കായി എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

വിശദമായ സ്ഥിതിവിവരപട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

## പട്ടാമ്പി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

160 (160) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പട്ടാമ്പി മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്ത് ഒട്ടാകെ ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റ് വിഭാഗങ്ങൾക്ക് മിതമായ നിരക്കിലും എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇടതടവില്ലാതെയും ഇന്റർനെറ്റ് സേവനം നൽകുവാനാണ് കെ-ഫോൺ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിനനുസൃതമായി മണ്ഡലത്തിൽ 197 കിലോമീറ്റർ എ.ഡി.എസ്.എസ്. (All-Dielectric Self Supporting

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Cable)-ഉം 282 സർക്കാർ ഓഫീസുകളിൽ അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടം എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കെ-ഫോണിന്റെ ആദ്യ ഘട്ടം 2022 ഡിസംബർ 31 തീയതിയോടെ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പൊതുജനങ്ങൾക്ക് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാവുന്ന സേവനങ്ങൾ ഏതെല്ലാം; ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

മോണിറ്റൈസേഷൻ ഉൾപ്പെടെയുള്ള കെ-ഫോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭ്യമായതിനുശേഷം അത് പരിശോധിച്ച് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, നിരക്ക്, പ്ലാൻ, നടപടിക്രമം എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**സെലക്ഷൻ വിഭാഗത്തിൽ ഐ.എ.എസ്. പദവി**

161 (161) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെലക്ഷൻ വിഭാഗത്തിൽ വർഷാവർഷം ഐ.എ.എസ്. പദവിയിലേയ്ക്ക് ഉയർത്തി നിയമിക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരിൽ 2005 മുതൽ ആകെ എത്ര പേർക്ക് നിയമനം ലഭിച്ചുണ്ടെന്ന് വ്യക്തമാക്കാമോ?

നോൺ സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിൽനിന്ന് 16 ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. സെലക്ഷൻ ലഭിച്ചിട്ടുണ്ട്.

(ബി) അവരിൽ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം എന്നീ വിഭാഗങ്ങളിൽനിന്നും നിയമനം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) സെലക്ഷൻ വിഭാഗത്തിൽ ഐ.എ.എസ്. നിയമനത്തിന് പരിഗണിക്കപ്പെട്ടുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം എന്നീ വിഭാഗങ്ങൾക്ക് സംവരണം ബാധകമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) 2005 മുതൽ നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

(ബി-ഡി) നോൺ സ്റ്റേറ്റ് സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ഐ.എ.എസ്. സെലക്ഷന് പരിഗണിക്കുന്നതിന് ജാതി

അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല. ജാതി സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഇ) സർക്കാർ, പൊതുമേഖല, സർക്കാർ സഹായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരിൽ 2005 മുതൽ എത്രപേർക്ക് സ്ഥിരം നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; അവരിൽ പട്ടികജാതി, പട്ടികവർഗ്ഗം, മുസ്ലീം, മുന്നോക്കവിഭാഗങ്ങൾ എന്നിവ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(എഫ്) ഇത്തരം നിയമനങ്ങളിൽ ഐ.എ.എസ്. സെലക്ഷനിൽ ഉൾപ്പെടാതെ നഷ്ടപ്പെട്ട സമുദായങ്ങൾക്ക് പകരം നിയമനം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള Indian Administrative Service Recruitment Rules, 1954 പ്രകാരമാണ് ഐ.എ.എസ്. സെലക്ഷൻ നടത്തുന്നത്. ഐ.എ.എസ്. സെലക്ഷന് പരിഗണിക്കുന്നതിന് ജാതി അടിസ്ഥാനത്തിലുള്ള സംവരണം ബാധകമല്ല.

## ആശ്രിത നിയമനം

162 (162) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ജി.ഒ.(എം.എസ്.) നമ്പർ. 12.04.2010-ലെ 14/2010/പി. ആന്റ് എ.ആർ.ഡി. ഉത്തരവുപ്രകാരം വിവാഹിതരായ മകൻ/മകൾ എന്നിവർക്ക് ആശ്രിത നിയമനത്തിന് അപേക്ഷിക്കാൻ അർഹതയുണ്ടെന്നിരിക്കെ കൊല്ലം ജില്ലയിലെ പല വില്ലേജ് ഓഫീസർമാരും കൃത്യമായ റിപ്പോർട്ട് നൽകാത്തതുകാരണം ആശ്രിത നിയമന സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് സർക്കാരിൽ റവന്യൂ വകുപ്പിൽ ലഭിച്ച ഒരു പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവാഹം കഴിഞ്ഞു എന്ന കാരണത്താൽ മാതാപിതാക്കളുടെ ആശ്രിതരല്ല എന്ന് നിർവചിച്ചുകൊണ്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്/റവന്യൂ വകുപ്പ് ഏതെങ്കിലും

ഉത്തരവുകൾ/സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഉത്തരവുകൾ/സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ആശ്രിത നിയമനത്തിന് വിവാഹിതരായ മകൻ/മകൾ എന്നിവരെക്കൂടി പരിഗണിക്കാമെന്ന് 12.04.2010-ൽ സ.ഉ.(പി)നം. 14/2010/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരമുള്ള അപേക്ഷകർ വിവാഹ ശേഷവും അവർ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ആശ്രിതരായിരുന്നു എന്ന തഹസിൽദാരുടെ സർട്ടിഫിക്കറ്റുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കാസർഗോഡ് വികസന പാക്കേജ്**

163 (163) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച എത്ര പദ്ധതികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയതെന്നും അതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ?

556 പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൽ 394 പദ്ധതികൾ പൂർത്തീകരിച്ചു. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പാക്കേജിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്തി പദ്ധതി പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2022-23 ബജറ്റ് വിഹിതമനുസരിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ ലഭ്യമാക്കിയ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ്

164 (164) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കുന്നതിനും പുതുതായി അംഗങ്ങളെ ചേർക്കുന്നതിനും നിലവിൽ അവസരമുണ്ടോ; ഇല്ലെങ്കിൽ ഇതിന്മേലുള്ള നടപടിക്രമങ്ങൾ എന്നേയ്ക്ക് ആരംഭിക്കും; വിശദമാക്കാമോ?

2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപവരെയുള്ള ചികിത്സാ ആനുകൂല്യവും നൽകിവരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ

ലഭ്യമല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോയെന്നതും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

**ഹൃദ്യം പദ്ധതി**

165 (165) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഹൃദ്യം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RBSK പദ്ധതി പ്രകാരം കുട്ടികളിലെ ജന്മനാലുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്താനും കണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനുംവേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം കുട്ടികളിലെ ഹൃദ്രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം മുകളിൽ വിവരിക്കുംപ്രകാരം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ് നടപടികൾ

ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം, ഐ.ടി. വിഭാഗവും സ്റ്റേറ്റ് ആർ.ബി.എസ്.കെ. വിഭാഗവുംകൂടി 'ഹൃദ്യം' എന്ന പേരിൽ ഒരു വെബ്സൈറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹൃദ്രോഗമുള്ള കുട്ടികളെ ഈ വെബ്സൈറ്റ് മുഖാന്തരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്നതിനും കൃത്യമായി ഫോളോഅപ് ചെയ്യുന്നതിനുമുണ്ടായിരുന്ന തടസ്സങ്ങൾ ഹൃദ്യം പദ്ധതി വഴി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അസുഖത്തിന്റെ തോതനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും ഫോളോഅപ് യഥാവിധി ചെയ്യാനും ഒരു കൃത്യമായ സംവിധാനം ഹൃദ്യം പദ്ധതിയിലുണ്ട്.

(ബി) ഹൃദ്രോഗ ചികിത്സയ്ക്കും കുട്ടികളുടെ മാനസിക വളർച്ചയ്ക്കും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ വ്യക്തമാക്കാമോ?

ഹൃദ്യം പദ്ധതിയിൽ സർജറി കഴിഞ്ഞ കുട്ടികളുടെ വളർച്ചയും വികാസവും യഥാസമയം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) വഴി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും ആവശ്യമെങ്കിൽ Early

Stimulation സാധ്യമാകുന്ന തെറാപ്പി സേവനങ്ങളും നൽകുന്നു. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ ന്യൂറോ ഡെവലപ്മെന്റ് അസസ്മെന്റ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലൂടെ (District Early Intervention Centre-DEIC) ഉറപ്പുവരുത്തുന്നു.

(സി) ഈ പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളത്?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ SAT ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ മാതൃ ശിശു സംരക്ഷണ കേന്ദ്രം (IMCH) എന്നീ ആശുപത്രികളിൽ ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയിലെ ആശുപത്രികളെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്. എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ്

ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി, കോഴിക്കോട് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾ.

(ഇ) ഈ പദ്ധതി പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന്റെ അർഹതാ മാനദണ്ഡങ്ങളും അപേക്ഷാരീതിയും അറിയിക്കാമോ?

സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള Visible Birth Defect സ്ക്രീനിംഗിന് വിധേയമാക്കുന്നു. ഇതിൽ ജന്മനാൽ ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗ വിദഗ്ധൻെറ സഹായത്തോടെ ECHO ഉൾപ്പടെയുള്ള പരിശോധനവഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. ശേഷം സർക്കാർ ആശുപത്രികൾ മുഖാന്തരം hridyam.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ചികിത്സാ സേവനം ലഭ്യമാക്കാവുന്നതാണ്.

സ്വകാര്യ ആശുപത്രിയിൽ ജനിക്കുന്ന ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ഇത്തരം കുട്ടികൾക്കും ഈ പദ്ധതിവഴി സേവനം ലഭ്യമാണ്. 18 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പദ്ധതിയുടെ സേവനം ലഭ്യമാണ്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഒന്നും തന്നെയില്ല.

**അരുവിക്കര മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

166 (166) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1) കുടുംബാരോഗ്യ കേന്ദ്രം, അരുവിക്കര

2) കുടുംബാരോഗ്യ കേന്ദ്രം, കുറ്റിച്ചൽ

3) കുടുംബാരോഗ്യ കേന്ദ്രം, വീരണകാവ്

4) കുടുംബാരോഗ്യ കേന്ദ്രം, ഉഴമലയ്ക്കൽ

5) കുടുംബാരോഗ്യ കേന്ദ്രം, കാട്ടാകട

6) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളനാട്

7) കുടുംബാരോഗ്യ കേന്ദ്രം, തൊളിക്കോട്

8) താലൂക്ക് ഹോസ്പിറ്റൽ, വിതുര

9) കുടുംബാരോഗ്യ കേന്ദ്രം, മലയടി

10) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ആര്യനാട്

(ബി) ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം ഇ-ഹെൽത്ത് പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനാവശ്യമായ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

**വൺ ഹെൽത്ത് പ്രോജക്ട്**

167 (167) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൺ ഹെൽത്ത് പ്രോജക്ട് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള പുനർനിർമ്മാണ പദ്ധതിയുടേയും (RKI) ലോക ബാങ്കിന്റെയും സഹായത്തോടെ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൺ ഹെൽത്ത്.

<u>ലക്ഷ്യങ്ങൾ</u>

- ജന്തുജന്യരോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ കാര്യങ്ങളുടെ നിരീക്ഷണം
- ഇതിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തൽ
- ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും

<u>പ്രവർത്തനങ്ങൾ</u>

- ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി ആരംഭിച്ചു.
- വൺ ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനതല പരിശീലകരുടെ പ്ലാനിംഗ് യോഗവും പരിശീലനവും ജൂലൈ മാസം 30-ന് തൃശ്ശൂർ കിലയിൽ വച്ച് പൂർത്തിയാക്കി.
- വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ വിവിധ വകുപ്പുകളുടെ തലവന്മാർക്കുള്ള സംസ്ഥാനതല പരിശീലനവും ആസൂത്രണ ശില്പശാലയും ആദ്യഘട്ടത്തിലെ നാല് ജില്ലകളിലെ വകുപ്പ് മേധാവികൾക്കുള്ള ജില്ലാതല പരിശീലനവും ആസൂത്രണ ശില്പശാലയും പൂർത്തിയാക്കി.
- വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബുകളിലെ ജീവനക്കാർക്കുള്ള പരിശീലനം 2022 സെപ്റ്റംബർ മാസം പൂർത്തിയാക്കി.
- പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ബ്ലോക്കുതല ശില്പശാലകൾ പൂർത്തിയാക്കി.

- പദ്ധതി ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും സെക്രട്ടറിമാർക്കും അനുബന്ധ മിഷനുകളിലെ പ്രതിനിധികൾക്കും എൻ.ജി.ഒ പ്രതിനിധികൾക്കുമായുള്ള പരിശീലനങ്ങൾ കിലയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു.
  - വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം, സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കായി ലാബുകളിലെ ഗ്യാപ്പ് അനാലിസിസ്, സർവൈലൻസ് ഗ്യാപ്പ് അനാലിസിസ് ഇവ ചെയ്യുന്നതിനായുള്ള ടൂൾ വികസിപ്പിച്ചു. വൺ ഹെൽത്ത് പദ്ധതിയിൽ ഭാഗഭാക്കാകുന്ന വിവിധ വകുപ്പുകൾക്കും വകുപ്പുകളിലെ ലാബ് മേധാവികൾക്കും കൈമാറുകയും പദ്ധതി നടത്തിപ്പിനാവശ്യമായ ഗ്യാപ്പ് ആന്റ് നീഡ് അസ്സെസ്സ്മെന്റ് പൂർത്തിയാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമായ ലാബ് ശാക്തീകരണം, സർവയലൻസ് ശാക്തീകരണം എന്നിവയ്ക്കുള്ള നടപടികൾ തുടർന്നുവരുന്നു.
- സ്റ്റേറ്റ് വൺ ഹെൽത്ത് സെന്റർ സജ്ജമാക്കുന്നതിനുള്ള അവലോകന പ്രക്രിയ നടന്നുവരുന്നു.
- ഓണം വാരാഘോഷത്തിന്റെ ഭാഗമായി ജനങ്ങളിൽ പദ്ധതിയെപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൺ ഹെൽത്ത് പദ്ധതിയുടെ നിശ്ചല ചിത്രം പ്രദർശിപ്പിച്ചു.

(ബി) ഈ പദ്ധതിക്കായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര് വിവരം, തസ്തിക, നിയമന രീതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ സംസ്ഥാന വൺ ഹെൽത്ത് യൂണിറ്റിലേയ്ക്ക് മൂന്ന് വിദഗ്ധരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന പ്രക്രിയ പൂർത്തീകരിച്ചു ((Communication, IT Public Health)). ഈ പോസ്റ്റുകളിലേയ്ക്കുള്ള നോട്ടിഫിക്കേഷൻ സെന്റർ ഫോർ

മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) വഴി നം. CMD/RKI/00/2021, തീയതി 2.12.2021-ൽ പബ്ലിഷ് ചെയ്യുകയും തുടർന്ന് ഇന്റർവ്യൂ നടത്തി Communication Specialist, M&D Data Managment & IT Expert operation of Project Managment Expert എന്നീ തസ്തികയിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

| Name | Designation |
|---|---|
| Smt. Dalia C. Jose | Operations/Project Management Expert |
| Shri Amal Vijay | M&E, Data Management and IT Expert |
| Shri Anvar J. | Communication Specialist |

(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?

- ജന്തുജന്യരോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം
- ഇതിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തൽ
- ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും
- One Health Project നടപ്പിലാക്കുന്നതിനുവേണ്ടി ലാബ് നെറ്റ്വർക്കുകളുടെ ശാക്തീകരണം.

**ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി**

168 (168) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**ആർദ്രം ഒന്നാംഘട്ടം**

ആർദ്രം ഒന്നാംഘട്ടത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഒ.പി. കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോടുകൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന

സൗകര്യങ്ങളും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്.

**ആർദ്രം പദ്ധതി രണ്ടാംഘട്ടം**

ആർദ്രം രണ്ടാംഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കുനിശ്ശേരി, തേങ്കുറുശ്ശി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടങ്ങളിൽ സ്റ്റാഫ് നഴ്സ് -1, അസിസ്റ്റന്റ് സർജൻ -1 (കുനിശ്ശേരി എഫ്.എച്ച്.സി.) എന്നീ തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും രോഗീസൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്.

**ആർദ്രം പദ്ധതി മൂന്നാംഘട്ടം**

ആർദ്രം മൂന്നാംഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി 01.08.2021-ലെ സ.ഉ. (ആർ.ടി) നമ്പർ.1633/2021 ആകുവ. പ്രകാരം കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ താലൂക്കാശുപത്രിയിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ താഴെപ്പറയുന്ന തസ്തിക സൃഷ്ടിച്ച് നിയമനം പൂർത്തിയാക്കിയിട്ടുണ്ട്.

ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഗൈനക് -1 )

(കുട്ടികളുടെ വിഭാഗം 1-) - 2

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4

ദന്തൽ മെക്കാനിക് - 1

ഇ.സി.ജി. ടെക്നീഷ്യൻ - 1

മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1

സ്റ്റാഫ് നഴ്സ് - 2

ലാബ് ടെക്നീഷ്യൻ - 1

(സി) ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥലങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥലങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചതിലെല്ലാംതന്നെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

ആർദ്രം ഒന്നാംഘട്ടം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട കിഴക്കഞ്ചേരി, വണ്ടാഴി എന്നീ സ്ഥാപനങ്ങളിൽ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ഫാർമസിസ്റ്റ്-1, ലാബ് ടെക്നിഷ്യൻ-1 എന്നീ അധിക തസ്തികകളും ആർദ്രം രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-1 എന്നീ അധിക തസ്തികകളും തേങ്കുറുശ്ശി കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്-1 എന്ന അധിക തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

**ആർദ്രം പദ്ധതി**

169 (169) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികളാണ് നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആർദ്രം പദ്ധതി ഒന്നാം ഘട്ടം | കലവൂർ പി.എച്ച്.സി. |
| ആർദ്രം പദ്ധതി രണ്ടാം ഘട്ടം | 1.മാരാരിക്കുളം നോർത്ത് പി.എച്ച്.സി.<br>2. ആര്യാട് പി.എച്ച്.സി. |
| ആർദ്രം പദ്ധതി മൂന്നാം ഘട്ടം | മണ്ണാഞ്ചേരി പി.എച്ച്.സി. |

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മണ്ണഞ്ചേരി ആരോഗ്യ കേന്ദ്രത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എൻ.എച്ച്.എം. മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ ആർദ്രം പദ്ധതിവഴി ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക 22.5 ലക്ഷം രൂപയാണ്. എന്നാൽ സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി DPR തയ്യാറാക്കിയപ്പോൾ 88 ലക്ഷം രൂപ ആവശ്യമായിവന്നു. ടി അധിക തുക എൻ.എച്ച്.എം.-ന്റെ 2018-19 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ അംഗീകാരം ലഭ്യമാക്കിയതും എന്നാൽ വിനിയോഗിക്കുവാൻ സാധിക്കാത്തതുമായ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.എച്ച്.എം. നടപടി സ്വീകരിച്ചുവരുന്നു. ടി അധിക തുകയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും.

## മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി

170 (170) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പിന്റെ എം1/252/2021 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിലും ജില്ലയിൽ മറ്റ് ജനറൽ ആശുപത്രികളില്ല എന്നതും പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

(എ-സി) ആരോഗ്യ സ്ഥാപനങ്ങളിലെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരുന്നത്. ഇതുപ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി താലൂക്ക് തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച ബഹു. എം.എൽ.എ. (മലപ്പുറം) ശ്രീ. പി. ഉബൈദുള്ളയുടെ കത്ത് 12.07.2021-ൽ സർക്കാരിൽ ലഭിക്കുകയും 27.07.2021, 04.05.2022 എന്നീ തീയതികളിലെ സർക്കാർ കത്ത് നമ്പർ എം1/252/2021-ഹെൽത്ത് പ്രകാരം ഇക്കാര്യം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ഇതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ 02.12.2022-ലെ പി.എൽ.എ. 2/13064/2020/ആ.വ.ഡ. നമ്പർ കത്ത്

പ്രകാരം പ്രൊപ്പോസൽ ഉൾപ്പടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഈ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം ഒ.പി.ഡി. നവീകരണത്തിനായി 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ഇ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ഫാർമസി തുടങ്ങുന്നതിനുള്ള അനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും വേഗം കാരുണ്യ ഫർമസി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കാരുണ്യ ഫാർമസി തുടങ്ങുന്നതിനുള്ള കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, പെയിന്റിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2023 ജനുവരി മാസത്തോടെ ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ**

171 (171) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയറിനായി കണ്ടെത്തിയിരിക്കുന്ന കെട്ടിടം നിലവിൽ കാഷ്വാലിറ്റിയായി പ്രവർത്തിച്ചുവരുന്നതിനാൽ Triage സംവിധാനം പുതുതായി ഏർപ്പെടുത്തുന്നതിനായി ഗ്രീൻ, യെല്ലോ സോണായി തിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രോമാകെയറിനായി Operation Theatre, Scrub Area, Washing Area, Pre OP area, observation area, 6 bed എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ലാബ് കളക്ഷൻ ഏരിയ, എക്സ്റേ റൂം, ഇ.സി.ജി. റൂം, ഡോക്ടേഴ്സ് റൂം, സ്റ്റാഫ് റൂം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ആംബുലൻസ് പാർക്കിംഗ്, രോഗികൾക്ക് വെയിറ്റിംഗ് ഏരിയ എന്നിവ സജ്ജീകരിച്ചുവരുന്നു. കൂടാതെ ട്രോമാകെയറിന് ആവശ്യമായ മേജർ ഉപകരണങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ട്രോമാകെയർ പ്രവർത്തനം പൂർണ്ണതോതിൽ എപ്പോൾ ആരംഭിക്കാൻ കഴിയും എന്നും പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്നുമുള്ള വിവരം ലഭ്യമാക്കുമോ?

ട്രോമകെയറിന് ആവശ്യമായ മൈനർ ഉപകരണങ്ങൾ ലഭ്യമാക്കി ആവശ്യമായ സാങ്കേതിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്ന മുറയ്ക്ക് ട്രോമകെയർ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ഫോറൻസിക് സർജന്റെ സേവനം**

172 (172) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഫോറൻസിക് സർജന്റെ സേവനം ലഭ്യമാക്കുന്നു എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഫോറൻസിക് മെഡിസിൻ വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

ജനറൽ ആശുപത്രി, തിരുവനന്തപുരം.

ജില്ലാ ആശുപത്രി, കൊല്ലം

ജനറൽ ആശുപത്രി, പത്തനംതിട്ട

ജില്ലാ ആശുപത്രി, ചെങ്ങന്നൂർ

ജനറൽ ആശുപത്രി, ആലപ്പുഴ

ജനറൽ ആശുപത്രി, കോട്ടയം

ജനറൽ ആശുപത്രി, എറണാകുളം

ജനറൽ ആശുപത്രി, മൂവാറ്റുപുഴ

ജനറൽ ആശുപത്രി, മഞ്ചേരി

ജനറൽ ആശുപത്രി, തൃശ്ശൂർ

ജനറൽ ആശുപത്രി, കോഴിക്കോട്

ജില്ലാ ആശുപത്രി, മാനന്തവാടി

ജില്ലാ ആശുപത്രി, കണ്ണൂർ

ജനറൽ ആശുപത്രി, കാസർഗോഡ്

ജില്ലാ ആശുപത്രി, പാലക്കാട്

(ബി) ഫോറൻസിക് സർജൻമാരുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രികളുടെ പേരുവിവരവും ഓരോ ആശുപത്രിയിലും എത്ര ഫോറൻസിക് സർജൻമാരുടെ സേവനം ലഭ്യമാക്കുന്നു എന്ന വിവരവും വിശദമാക്കാമോ?

ആശുപത്രി, ഡോക്ടർമാർ എന്നിവരുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജൂനിയർ കൺസൾട്ടന്റ് | സീനിയർ കൺസൾട്ടന്റ് | ചീഫ് കൺസൾട്ടന്റ് |
|---|---|---|---|
| ജനറൽ ആശുപത്രി, തിരുവനന്തപുരം | 1 | | |
| ജില്ലാ ആശുപത്രി, കൊല്ലം | 1 | 1 | |
| ജനറൽ ആശുപത്രി, പത്തനംതിട്ട | 1 | | |
| ജില്ലാ ആശുപത്രി, ചെങ്ങന്നൂർ | 1 | | |
| ജനറൽ ആശുപത്രി, ആലപ്പുഴ | 1 | | |
| ജനറൽ ആശുപത്രി, കോട്ടയം | 1 | | |
| ജനറൽ ആശുപത്രി, എറണാകുളം | 1 | | |
| ജനറൽ ആശുപത്രി, മൂവാറ്റുപുഴ | 1 | | |
| ജനറൽ ആശുപത്രി, മഞ്ചേരി | 1 | | |

| | | | |
|---|---|---|---|
| ജനറൽ ആശുപത്രി, തൃശ്ശൂർ | 1 | | |
| ജില്ലാ ആശുപത്രി, പാലക്കാട് | | 1 | 1 |
| ജനറൽ ആശുപത്രി, കോഴിക്കോട് | 1 | | |
| ജില്ലാ ആശുപത്രി, മാനന്തവാടി | 1 | | |
| ജില്ലാ ആശുപത്രി, കണ്ണൂർ | 1 | | |
| ജനറൽ ആശുപത്രി, കാസർഗോഡ് | 1 | | |

## മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

173 (173) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് സാംപിൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്കെടുക്കുന്ന മരുന്ന് സാമ്പിളുകളുടെ

3 ശതമാനത്തിൽ താഴെ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) സർക്കാർ സ്ഥാപനമായ കെ.എസ്.ഡി.പി.എൽ.-ൽ ഉല്പാദിപ്പിക്കുന്ന പല മരുന്നുകളും ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ?

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനം ഉല്പാദിപ്പിച്ച മരുന്നുകളിൽ 2020-ൽ 14 ബാച്ച് മരുന്നുകളും 2021-ൽ 26 ബാച്ച് മരുന്നുകളും 2022-ൽ 49 ബാച്ച് മരുന്നുകളും ഗുണനിലവാരമില്ലാത്തതായി ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഗുണനിലവാരം തീരെ കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നത് തടഞ്ഞിട്ടുണ്ടോ; ഇതിൽ എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് സംഭവിച്ചത്?

ഗുണനിലവാരമില്ലാത്തതായി പരിശോധനാഫലം ലഭ്യമായ മരുന്നുകളുടെ ഉപയോഗവും വിതരണവും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) തടഞ്ഞുവച്ചിട്ടുള്ളതാകുന്നു. ആരോഗ്യ വകുപ്പിന് നഷ്ടം സംഭവിച്ചിട്ടില്ല.

(ഡി) കെ.എസ്.ഡി.പി.എൽ.-ന്റെ മരുന്നുകൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

കെ.എസ്.ഡി.പി.എൽ. ഉത്പാദിപ്പിക്കുന്ന മരുന്നുകൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി മരുന്നുല്പാദന-ഗവേഷണ മേഖലയിലെ പ്രമുഖരായ HLL Life Care Limited മുഖാന്തരം ക്വാളിറ്റി ഓഡിറ്റ് നടത്തിയതിന്മേൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടനുസരിച്ച് ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട മരുന്നുകളുടെ ഉല്പാദനത്തിലും പരിശോധനയിലും അവശ്യം ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള രീതിയിലുള്ള ഉല്പാദന പ്രക്രിയയാണ് നിർദ്ദേശിച്ചിരിക്കുന്നത്. അപ്രകാരം ഉല്പാദിപ്പിച്ച മരുന്നുകളുടെ സ്റ്റെബിലിറ്റി സ്റ്റഡി (മരുന്നുകൾ എക്സ്പെയറി തീയതി വരെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നു എന്ന് സ്ഥാപിക്കുവാനുള്ള പഠനം) അവസാന ഘട്ടത്തിലാണ്. ശാസ്ത്രീയ പഠനം പൂർത്തീകരിച്ച മരുന്നുകളുടെ വിവരങ്ങൾ ഡ്രഗ്സ് കൺട്രോളർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഒപ്പം മരുന്നുകളുടെ ഇത്തരം ശാസ്ത്രീയ പഠനങ്ങൾക്കും

പുതിയ മരുന്നുകളുടെ ഗവേഷണത്തിനും R&D സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്.

## പാലക്കാട് ജില്ലാ ആശുപത്രിയിൽ അർബുദ ചികിത്സാ സൗകര്യം ഒരുക്കാൻ നടപടി

174 (174) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളേയും അർബുദ ചികിത്സാ കേന്ദ്രമാക്കി സജ്ജമാക്കുക എന്ന തീരുമാന പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ?

പാലക്കാട് ജില്ലാ ആശുപത്രിയിൽ അർബുദ ചികിത്സാ വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ക്യാൻസർ ഒ.പി. ആഴ്ചയിൽ 2 ദിവസം നടത്തുന്നുണ്ട്. രണ്ട് ക്യാൻസർ സ്പെഷ്യലിസ്റ്റുകളുടെ സേവനം ജില്ലാ ആശുപത്രിയിൽ നിലവിലുണ്ട്. ക്യാൻസർ കീമോതെറാപ്പി വാർഡിൽ ദിവസേന 15-20 കീമോതെറാപ്പി നൽകാറുണ്ട്. ക്യാൻസർ രോഗികൾക്കായി കിടത്തി ചികിത്സയ്ക്ക് 12 ബെഡുകളുള്ള വാർഡും പ്രവർത്തിച്ചുവരുന്നു. ക്യാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിന്റെ ഭാഗമായി വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ

രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ ജില്ലയിലുടനീളം സംഘടിപ്പിക്കുകയും രോഗം കണ്ടെത്തുന്നവരെ സ്ഥിരീകരണത്തിന് ശേഷം ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്യുന്നു. ജനങ്ങളിൽ ക്യാൻസർ അവബോധം വർദ്ധിപ്പിക്കുന്നതിന് ക്യാൻസർ വിദഗ്ദ്ധരുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു. കീമോതെറാപ്പി സ്വീകരിക്കുന്ന സ്ത്രീകൾക്കായി ഹെയർ ഡൊണേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്.

(ബി) പാലക്കാട് ജില്ലാ ആശുപത്രിയിൽ വനിതകൾക്ക് ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

സ്ത്രീകൾക്കായി മാത്രം പ്രത്യേക തുക ചെലവഴിച്ചിട്ടില്ല. അതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. സ്ത്രീ, പുരുഷൻ, കുട്ടികൾ എന്നിവർക്കായി പൊതുവായാണ് തുകയനുവദിക്കുന്നത്.

(സി) സംസ്ഥാനത്ത് ആകെ 22 ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റുകൾ ഉണ്ടെന്നിരിക്കെ പാലക്കാട് ജില്ലയിലെ സ്ഥാപനത്തിൽ 2021-22 കാലയളവിൽ ഈ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ?

1. പുതുതായി നിർമ്മിച്ച PMR വാർഡിൽ രോഗികൾക്ക് കിടത്തി ചികിത്സ ആരംഭിച്ചു.

2. DLFC യൂണിറ്റിൽ Ampute Modular Prosthesis (Artificial Limb) നിർമ്മിച്ച് നൽകുവാൻ തുടങ്ങി.

3. ഹീമോഫീലിയ രോഗികൾക്കുവേണ്ടി ഒരു അഡീഷണൽ ഫിസിയോതെറാപിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കിയിട്ടുണ്ട്.

4. 21 F7 Unit (Equipments) NHM വഴി ലഭ്യമാക്കിയിട്ടുണ്ട്.

5. PMR Spaecialist-ന്റെ സേവനവും ജൂൺ 2022 മുതൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

**നൂറനാട് ലെപ്രസി സാനിറ്റോറിയം**

175 (175) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി (ആർ.ഐ.ഡി.എഫ് XXII) 40.30 ലക്ഷം രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 27.01.2017-ലെ സ.ഉ. (സാധാ)196/17/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ട പ്രവർത്തനത്തിനായി 2352.94 ലക്ഷം രൂപ (ഇരുപത്തി മൂന്ന് കോടി അൻപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ മാത്രം) ഉൾപ്പെടെ 40.30 കോടി (നാൽപ്പത് കോടി മുപ്പത് ലക്ഷം രൂപ മാത്രം)യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് അനുമതി നല്കുകയും (23.5 കോടി) നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) രണ്ടാംഘട്ട നിർമ്മാണത്തിനുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഒ.പി. ബ്ലോക്കിന്റെയും പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

## കായംകുളം താലൂക്ക് ആശുപത്രിയിൽ സി.റ്റി.സ്കാൻ, പവർ ലോൺട്രി സ്ഥാപിക്കാൻ നടപടി

176 (176) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സി.റ്റി. സ്കാൻ, പവർലോൺട്രി എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കായംകുളം താലൂക്ക് ആശുപത്രിക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് അനുവദിച്ച സി.ടി. സ്കാൻ, പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് കായംകുളം നഗരസഭാ പ്രോജക്ടിൽ ഉൾപ്പെടുത്തി 48 ലക്ഷം രൂപ PWD Electrical Division-ന് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കിഫ്ബി മുഖേന പണികഴിപ്പിക്കുന്ന ബഹുനില കെട്ടിടത്തിൽ സി.ടി. സ്കാൻ സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം

ഏർപ്പെടുത്തിയിട്ടുള്ളതാണ്. ട്രാൻസ്ഫോമർ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് പവർ ലോൺട്രി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം**

177 (177) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ/ഡിസ്പെൻസറികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി തിരിച്ച് അറിയിക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുക അനുവദിച്ചിട്ടും ഇതുവരേയും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(സി&ഡി) വാമനപുരം മണ്ഡലത്തിൽ ആശുപത്രികളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.+

## വർക്കല മണ്ഡലത്തിൽ സർക്കാർ ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ

178 (178) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ (2016-2021) അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ഗവ. ആശുപത്രികളിൽ നടത്തിയിട്ടുള്ളതും നടത്തുവാൻ വിഭാവനം ചെയ്തിട്ടുള്ളതുമായ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കഴിഞ്ഞ സർക്കാർ (2016-2021) അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രാഥമികാരോഗ്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|
| ചെമ്മരുതി | നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു, കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി |
| വെട്ടൂർ | |
| ഇടവ | |
| മടവൂർ | |
| തോണിപ്പാറ | |
| നാവായിക്കുളം | നിർമ്മാണ നവീകരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |

എഫ്.എച്ച്.സി. വെട്ടൂരിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനായി 22.11.2019-ലെ സ.ഉ.(സാധാ) നം. 2804/2019/ആ.കു.വ. പ്രകാരം 2 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

സി.എച്ച്.സി. പള്ളിക്കലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2.92 കോടി രൂപ major constructions under DHS എന്ന ശീർഷകത്തിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. കൂടാതെ നബാർഡ് വഴി 6 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

വർക്കല താലൂക്ക് ആശുപത്രിയിൽ 3 കോടി 60 ലക്ഷം രൂപയുടെ 10 യൂണിറ്റുകളുള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 7 കോടി രൂപയുടെ പി.ഡബ്ല്യൂ.ഡി. സ്പെഷ്യൽ ബിൽഡിംഗിന്റെ കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാക്കുന്നതിലേയ്ക്ക്, 24.11.2021-ലെ GO(Rt) No.2623/2021/ആ.കു.വ. പ്രകാരം Providing Transformer and Installation of Lift in Government TH Varkala എന്ന പ്രവൃത്തിക്കായി 1 കോടി 69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന ഫണ്ടുപയോഗിച്ച് രണ്ട് നിലകളുള്ള പാലിയേറ്റീവ് കെയർ വാർഡിന്റെ പണി പൂർത്തിയായി. കിഫ്ബി പദ്ധതി മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 33.26 കോടി രൂപയുടെ ധനാനുമതി നൽകുകയും അതുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

താഴെപ്പറയുന്ന സ്ഥാപനങ്ങളെ ഹെൽത്ത് & വെൽനസ്സ് സെന്ററായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

| സ്ഥാപനം | തൽസ്ഥിതി |
|---|---|
| കുന്നത്തുമല | നിർമ്മാണ നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| FWC മുട്ടപ്പാലം | |
| ചെമ്മരുതി | |

| | |
|---|---|
| പ്രധാനകേന്ദ്രം | |
| എഫ്.ഡബ്ല്യു.സി. തോക്കാട് | |
| മടവൂർ | |
| FWC ആനകുന്നം | |
| വെങ്കുളം | |
| കാപ്പിൽ | |
| എടവഎം.സി | |
| രാത്തിക്കൽ | |
| പുത്തൻചന്ത | |
| ഇലകമൺ | |
| എഫ്.ഡബ്ല്യു.സി. തോണിപ്പാറ എം.സി. | |

**മങ്കട സി.എച്ച്.സി.യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കാൻ നടപടി**

179 (179) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി.-യിൽ നിലവിൽ പ്രതിദിനം ഏകദേശം എത്ര പേർ ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്നുണ്ട്, വ്യക്തമാക്കാമോ?

മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രതിദിനം ശരാശരി 556 പേർ ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. ഐ.പി.-യിൽ ദിവസേന ശരാശരി 20 പേർ ചികിത്സയ്ക്കെത്തുന്നുണ്ട്.

(ബി) നിലവിൽ ഓരോ തസ്തികയിലും സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും എണ്ണം എത്രയാണ്, ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകൾ എത്രയാണ്, വ്യക്തമാക്കാമോ?

| ക്രമ നം. | തസ്തിക | അനുവദിച്ച എണ്ണം | നിലവിലെ ഒഴിവ് |
|---|---|---|---|
| 1 | സിവിൽ സർജൻ | 1 | |
| 2 | അസിസ്റ്റന്റ് സർജൻ | 2 | |
| 3 | ജൂനിയർ കൺസൾട്ടന്റ് | 2 | |
| 4 | ഹെഡ് നഴ്സ് | 1 | |
| 5 | സ്റ്റാഫ് നഴ്സ് | 4 | |
| 6 | ക്ലാർക്ക് | 2 | |
| 7 | ഫാർമസിസ്റ്റ് | 1 | |

| | | | |
|---|---|---|---|
| 8 | ഒപ്റ്റോമെട്രിസ്റ്റ് | 1 | |
| 9 | ലാബ് ടെക്നീഷ്യൻ | 1 | |
| 10 | ഡ്രൈവർ | 1 | |
| 11 | ഓഫീസ് അറ്റൻഡന്റ് | 1 | |
| 12 | നഴ്സിംഗ് അസിസ്റ്റന്റ് | 2 | |
| 13 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 3 | 2 |
| 14 | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | |
| 15 | ഹെൽത്ത് സൂപ്പർവൈസർ | 1 | |
| 16 | പാർട്ട് ടൈം സ്വീപ്പർ | 1 | |
| 17 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | |
| 18 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | |

| | | | |
|---|---|---|---|
| 19 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 | |
| 20 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 | 1 |

കൂടാതെ എൻ.എച്ച്.എം., എൽ.എസ്.ജി.ഡി., എച്ച്.എം.സി, അഡഹോക്ക് എന്നിവവഴി ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം | തസ്തിക | എൻ.എച്ച്.എം | എൽ.എസ്. ജി.ഡി. | എച്ച്. എം.സി. | അഡ്ഹോക്ക് |
|---|---|---|---|---|---|
| 1 | പി.ആർ.ഒ. | 1 | | | |
| 2 | സ്റ്റാഫ് നഴ്സ് | 2 | 1 | | |
| 3 | ഫാർമസിസ്റ്റ് | 1 | 1 | | |
| 4 | ലാബ് ടെക്നീഷ്യൻ | 1 | | | |
| 5 | ഫിസിയോ തെറാപിസ്റ്റ് | 1 | 1 | | |
| 6 | സെക്കന്ററി പാലിയേറ്റീവ് നഴ്സ് | 1 | | | |
| 7 | ആർ. ബി.എസ്.കെ. | 1 | | | |

| | | | | | |
|---|---|---|---|---|---|
| | നഴ്സ് | | | | |
| 8 | MLSP | 1 | | | |
| 9 | ഫിസിയോ തെറാപിസ്റ്റ്(അനു യാത്ര പ്രോഗ്രാം) | 1 | | | |
| 9 | ഓഡിയോളജിസ്റ്റ് (അനുയാത്ര പ്രോഗ്രാം) | 1 | | | |
| 10 | ഡോക്ടർ | 2 | 1 | | |
| 11 | പരിരക്ഷ നഴ്സ് | | 1 | | |
| 12 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | | | | 2 |
| 13 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II | | | | 1 |
| 14 | സെക്യൂരിറ്റി | | | 1 | |

(സി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് മതിയായ സ്റ്റാഫില്ലാത്തത് രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്ഥാപനത്തിലെ നിലവിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി കിടത്തി ചികിത്സ അടക്കമുള്ള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സേവനങ്ങൾ രോഗികൾക്ക് നൽകിവരുന്നുണ്ട്.

(ഡി) മങ്കട സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകണമെന്ന ദീർഘകാലമായുള്ള ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

മങ്കട സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഈരാറ്റുപേട്ട സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

180 (180) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്നറിയിക്കാമോ?

ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) ഗുണനിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചാണ് പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം നടത്തുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഗുണനിലവാരം ഉറപ്പുവരുത്തിയ സാമഗ്രികൾ മാത്രം ഉപയോഗിച്ചാണ് ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം നടത്തിവരുന്നത്.

(സി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തുടർച്ചയായ മഴ കാരണം തുരുമ്പെടുത്ത പ്ലിന്ത് ബീം റീ-ഇൻഫോഴ്സ്മെന്റ് പൂർണ്ണമായും മാറ്റി പുതിയ റീ-ഇൻഫോഴ്സ്മെന്റ് ഉപയോഗിച്ച് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## മലയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം

181 (181) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; എന്നുമുതൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാനാകും, വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം 15.11.2022 മുതൽ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വിതരണം ചെയ്ത് സ്ഥാപിച്ചിട്ടുണ്ട്. 7 രോഗികൾക്ക് ഡയാലിസിസ് ചികിത്സ നൽകുന്നതിനുള്ള സംവിധാനം (7 Dialysis machine, 7 ICU Cot മറ്റ് അനുബന്ധ ഉപകരണങ്ങൾ) ഈ ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇവ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ

182 (182) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

| തസ്തിക | എണ്ണം |
|---|---|
| സിവിൽ സർജൻ | 2 |
| അസിസ്റ്റന്റ് സർജൻ | 5 |
| ക്ലാർക്ക് | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| ഡ്രൈവർ | 1 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 2 |
| നഴ്സിംഗ് ഓഫീസർ | 9 |
| ഫാർമസിസ്റ്റ് | 2 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 2 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 4 |

| | |
|---|---|
| പാർട്ട് ടൈം സ്വീപ്പർ | 1 |

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന തീയതി സഹിതം അറിയിക്കാമോ?

| തസ്തിക | ഒഴിവുകളുടെ എണ്ണം | ഒഴിവ് നിലവിൽ വന്ന തീയതി |
|---|---|---|
| സിവിൽ സർജൻ | 1 | 01.11.2022 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | 01.06.2022 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II | 1 | 03.03.2021 |
| നഴ്സിംഗ് ഓഫീസർ | 3 | 12.03.2022<br>19.04.2022<br>04.03.2021 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 | 01.10.2022 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 05.06.2022 |

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സിവിൽ സർജൻ തസ്തികയിലെ 1 ഒഴിവ് നികത്തുന്നതാണ്. നിലവിൽ പ്രസ്തുത ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ 1 ഒഴിവ് എഫ്.എച്ച്.എസ്. ട്രെയിനിംഗ് പൂർത്തിയായി പട്ടിക ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് സൂപ്പർന്യൂമററി നിയമനം ലഭിച്ച് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

നഴ്സിംഗ് ഓഫീസർ തസ്തികയിലെ 3 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I തസ്തികയിലെ 1 ഒഴിവ് നികത്തുന്നതിന് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിലവിലുള്ള 1 ഒഴിവ് എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും ലിസ്റ്റ് പ്രകാരം നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തി പ്രസ്തുത ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണം**

183 (183) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ ഉദ്ഘാടനം ചെയ്യപ്പെട്ട പട്ടാമ്പി താലൂക്ക് ആശുപത്രിക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

ഇല്ല. പ്രസ്തുത പദ്ധതിക്കായി വിഭാവന ചെയ്ത സ്ഥലത്തിന് റെയിൽവെ അംഗീകാരം ലഭിക്കാതെ വന്നതിനാൽ പകരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റെയിൽവെയുടെ അംഗീകാരം ലഭിക്കാത്തതിനാൽ ഇപ്പോൾ ഒ.പി. നടത്തിക്കൊണ്ടിരിക്കുന്ന

കെട്ടിടത്തിന്റെ മുൻവശത്ത് ലഭ്യമാക്കുന്ന സ്ഥലത്ത് ഒ.പി., കാഷ്വാലിറ്റി, ഡയഗനോസ്റ്റിക്സ് സെന്റർ കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് രൂപരേഖ തയ്യാറാക്കി വരികയാണ്.

(ബി) പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പുതിയ ഡയഗ്നോസ്റ്റിക് സെന്ററിന്റെ (രോഗ നിർണ്ണയ കേന്ദ്രം) നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ ഒ.പി. നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുൻവശത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് രൂപരേഖ തയ്യാറാക്കിവരികയാണ്. പ്രസ്തുത പ്ലാൻ അംഗീകരിച്ച് ഭരണാനുമതിയും ധനാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

184 (184) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്?

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഫയർ ആന്റ് സേഫ്റ്റിയോട് അനുബന്ധിച്ചുള്ള പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ വർക്ക് പൂർത്തീകരിക്കാനുണ്ട്. അതോടൊപ്പം 76.73 ലക്ഷം രൂപയ്ക്ക് ആർദ്രം ഒ.പി.ഡി. ട്രാൻസ്ഫോർമേഷൻ വർക്കുകൾ, ഒ.പി. കാഷ്വാലിറ്റിയ്ക്ക് മുന്നിലെ ഇന്റർലോക്ക് എന്നിവ എൻ.എച്ച്.എം. മുഖേന FIT എന്ന ഏജൻസിയെ ഏൽപ്പിച്ച് വർക്ക് പുരോഗമിക്കുന്നു. ടി പദ്ധതിയുടെ പൂർത്തീകരണ കാലയളവ് 08.05.2023 ആണ്. ആർദ്രം മിഷന്റെ മൂന്നാം ഘട്ടത്തിൽ ടി ആശുപത്രിക്കായി ഒരു കോടി രൂപയുടെ അംഗീകാരം ലഭിച്ചു. WAPCOS എന്ന ഏജൻസിയ്ക്കാണ് നിർമ്മാണ ചുമതല. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. എൻ.എച്ച്.എം-ന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നേത്രരോഗ വിഭാഗം സ്ഥാപിക്കുന്നതിന് ഒരു

കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. KSIE എന്ന ഏജൻസിക്കാണ് നിർമ്മാണ ചുമതല. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഓരോ വർക്കുകൾക്കും പ്രത്യേകം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാലാണ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(സി) പുതിയ കെട്ടിടം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷത്തെ ശബരിമല സീസണിൽ കെട്ടിടം തുറന്നുകൊടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

(സി&ഡി) പുതിയ കെട്ടിടം പണി പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം കൈമാറിയതിനുശേഷം ടി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പാലക്കാട് ജില്ല ഹോമിയോ ആശുപത്രി

185 (185) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 2021-22-ൽ ജില്ലാ പഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി ജില്ലാ പഞ്ചായത്ത് 35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ വകുപ്പിൽ പദ്ധതിയില്ല.

**പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി ഗവേഷണ കേന്ദ്രമായി ഉയർത്താൻ നടപടി**

186 (186) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി ഗവേഷണ കേന്ദ്രമായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുലയനാർകോട്ട നെഞ്ചുരോഗാശുപത്രിയെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, ആദ്യഘട്ടമായി നിലവിലുള്ള സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്ക്, 19.43 കോടി രൂപ വകയിരുത്തിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നബാർഡ് പ്രോജക്ടിലുൾപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ട്. ഇതിനു പുറമെ പുലയനാർകോട്ട ആശുപത്രിയെ COPD Centre of excellence ആക്കി മാറ്റുന്നതിന് ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി എൻ.എച്ച്.എം. ഫണ്ടിൽനിന്നും 9 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഗവേഷണ കേന്ദ്രമായി IID-യെ ഉയർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ബി) പുലയാനാർകോട്ട ഡയബറ്റിക് സെന്റർ ആധുനികവൽക്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിന് ആഴ്ചയിൽ അഞ്ച് ദിവസം എൻഡോക്രൈനോളജി, ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ രണ്ട് ദിവസം വീതം കാർഡിയോളജി,

നെഫ്രോളജി, ആഴ്ചയിൽ ഒരു ദിവസം ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോളജി, ദന്തൽ എന്നിവയും ആഴ്ചയിൽ 6 ദിവസം ഡയബറ്റിക് റെറ്റിനോപ്പതിയുമായി ബന്ധപ്പെട്ട കണ്ണ് പരിശോധനയ്ക്കും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രമേഹ രോഗികൾക്ക് ഉണ്ടാകുന്ന പാദസംബന്ധമായ മുറിവുകൾ ഉൾപ്പെടെയുള്ള അസുഖത്തിന് ഈ സ്ഥാപനത്തിലെ പാദസംരക്ഷണ വിഭാഗം (പൊഡിയാട്രി) മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. NABH അക്രെഡിറ്റേഷനോടുകൂടി ആധുനിക സൗകര്യങ്ങളുള്ള ലാബ്, വിപുലമായ ഫാർമസി, ഡിജിറ്റൽ X-Ray യൂണിറ്റ്, കളർ ഡോപ്ലറോട് കൂടിയുള്ള അൾട്രാ സൗണ്ട് സ്കാൻ, എക്കോ ടെസ്റ്റ് സൗകര്യം, ബോൺ ഡെൻസിറ്റി നിർണ്ണയിക്കുന്ന ഡെക്സാ സ്കാൻ സൗകര്യം എന്നിവ ഇവിടെ ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനുള്ള വ്യായാമ മുറകൾ പരിശീലിക്കാനുള്ള മൾട്ടി ജിം ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് ജനറൽ വാർഡ് (Male & Female) ഉൾപ്പെടെ 42 കിടക്കകൾ എയർകണ്ടീഷൻ സൗകര്യത്തോടെയുള്ള ഐ.പി. കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശലക്ഷ്യങ്ങളിലുള്ള പഠന ഗവേഷണ പദ്ധതികളും ഇവിടെ നടന്നുവരുന്നു. അഞ്ച് കിടക്കകൾ ഉള്ള ഹീമോ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ പ്രമേഹത്തിന്റെ തോതും വ്യാപ്തിയും ദൂഷ്യ ഫലങ്ങളും സങ്കീർണ്ണതകളും വിലയിരുത്തി പ്രതിവിധികൾ നിശ്ചയിച്ച് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിനുള്ള ബൃഹത് പദ്ധതി പരിഗണനയിലാണ്.

## കോതമംഗലം താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി

187 (187) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബിവഴി എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

പ്രസവാനന്തര വാർഡ്, ഒഫ്ത്താൽമോളജി ഒ.പി. വാർഡ്, വാർഡുകൾ എന്നിവയുടെ വികസനമാണ് കോതമംഗലം താലൂക്ക് ആശുപത്രിയിൽ കിഫ്ബി വഴി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എത്ര തുക ചെലവഴിച്ചാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി (സിവിൽ ഇൻഫ്രാസ്ട്രക്ചർ & മെഡിക്കൽ ഉപകരണങ്ങൾ) ആകെ 11.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ധനാനുമതിക്കായി പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളുൾപ്പെടെയുള്ളവ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി മാസ്റ്റർ പ്ലാൻ**

188 (188) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിൻപ്രകാരം പ്രസ്തുത പദ്ധതിക്കായി ആകെ 86.80 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇൻകൽ പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിശോധനയിലാണ്.

(സി) മാസ്റ്റർപ്ലാനിന് സാങ്കേതികാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) കിഫ്ബിയിൽനിന്നും ഡിസൈൻ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ നെഫ്രോളജി യൂണിറ്റിന് ആവശ്യമായ തസ്തിക

189 (189) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന നെഫ്രോളജി യൂണിറ്റിന് തസ്തികകൾ സൃഷ്ടിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ യൂണിറ്റിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയെ 22.04.2017-ലെ സ.ഉ.(സാധാ) നം. 58/2017/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആർദ്രം മാനദണ്ഡപ്രകാരം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത് ജില്ലാ ആശുപത്രികളിലായതിനാൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നെഫ്രോളജി യൂണിറ്റ് തുടങ്ങുന്നത് തൽക്കാലം പരിഗണനയിലില്ല.

**മുക്കം സി.എച്ച്.സി.യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

190 (190) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

26.07.2021-ലെ GO(Rt) No.1555/ 2021/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 140 ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി മൊത്തം 259.69 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് 1,75,96,748 രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിലവിൽ plinth beam കോൺക്രീറ്റ് പൂർത്തിയാക്കി Super Structure-ന്റെ fabrication steel വർക്കുകൾ പ്ളാന്റിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

(സി) പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്ഥലത്ത് ആശുപത്രിയുടെ ഒരു പഴയ കെട്ടിടം നിലനിന്നിരുന്നു. ഈ കെട്ടിടം മുനിസിപ്പാലിറ്റിയാണ് പൊളിച്ചതെങ്കിലും അതിന്റെ അവശിഷ്ടങ്ങൾ സൈറ്റിൽനിന്ന് നീക്കാൻ കാലതാമസം നേരിട്ടിരുന്നു. നിലവിൽ സൈറ്റ ക്ലിയർ ആക്കി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് സ്ഥലം കൈമാറ്റം ചെയ്യുകയും പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തിയാക്കി സൂപ്പർ സ്ട്രക്ചറിന്റെ ഫാബ്രിക്കേഷൻ സ്റ്റീൽ വർക്കുകൾ പ്ലാന്റിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

**നെടുമ്പന സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ്**

191 (191) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ നെടുമ്പന സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണ പുരോഗതി വിലയിരുത്താമോ?

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ ആദ്യഘട്ടം പ്രവൃത്തി ഉത്തരവ് നൽകിയതിൽ ഉൾപ്പെടുന്ന കുണ്ടറ നിയോജകമണ്ഡലത്തിലെ നെടുമ്പന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ച തീയതി, പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതി എന്നിവ വ്യക്തമാക്കാമോ?

26.07.2021-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No-1555/2021/H&FWD പ്രകാരം 26.07.2021-ന് ഭരണാനുമതി നൽകിയിരുന്നു. ബിഡ്ഡിംഗ് നടപടികൾ പൂർത്തിയാക്കി 07.02.2022-ന് നിർമ്മാണ ഏജൻസിയായ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകുകയും പ്രവൃത്തികൾ ആരംഭിക്കുവാൻ കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തു. പ്രവൃത്തി ഉത്തരവ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 04.07.2022 ആയിരുന്നു. എന്നാൽ നിർമ്മാണത്തിനാവശ്യമായ Pre-Engineering Building (PEB) മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും മൺസൂൺ മഴയുംമൂലം നിർമ്മാണത്തിൽ കാലതാമസം വന്നതുകാരണം പ്രവൃത്തി

പൂർത്തീകരിക്കേണ്ട അവസാന തിയതി 31.12.2022 വരെ ഉപാധികളോടെ നീട്ടി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

നിർമ്മാണത്തിനാവശ്യമായ Pre-Engineering Building (PEB) മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും മൺസൂൺ മഴയും നിർമ്മാണത്തിൽ കാലതാമസമുണ്ടാകുന്നതിന് കാരണമായി.

**ചെറുതന സി.എച്ച്.സി.-യുടെ കെട്ടിടം**

192 (192) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ചെറുതന സി.എച്ച്.സി.-യുടെ (ബജറ്റ് വർക്ക്) നിർവ്വഹണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർക്കിന്റെ നിർവ്വഹണത്തിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് ഇപ്പോൾ ഏത്

തലത്തിലാണെന്നും ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 28.03.2017-ലെ G.O.Rt)No. 845/2017/H&FWD പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുവാൻ തെരെഞ്ഞെടുത്ത സ്ഥാപനമാണ് എഫ്.എച്ച്.സി. ചെറുതന. 2020-21 സാമ്പത്തിക വർഷ ബജറ്റിലെ SL. No.2299 പ്രകാരം ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ബജറ്റ് വിഹിതമായ 5 കോടി രൂപ അടങ്കൽ പദ്ധതിയുടെ പ്രാഥമിക രൂപരേഖ പി.ഡബ്യൂ.ഡി. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി രൂപരേഖയിൽ ആശുപത്രിയുടെ ആവശ്യകതകൾ സംബന്ധിച്ച് മാറ്റങ്ങളുള്ളതിനാൽ രൂപരേഖ പരിഷ്കരിച്ച് പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

## മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ

193 (193) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിലേയ്ക്ക് സൗജന്യമായി ലഭിച്ച ഭൂമിയും

കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിൽ ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 23.03.2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്നയോഗത്തിൽ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൊസൈറ്റി രൂപീകരിച്ച് ഈ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം നടത്തുന്ന കാര്യം പരിശോധിക്കുന്നതിനും സ്ഥലം സർക്കാരിലേയ്ക്ക് നടപടികൾ പൂർത്തിയാക്കി ഏറ്റെടുക്കുന്നതിനും കോഴിക്കോട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരംഭിക്കാനുദ്ദേശിക്കുന്ന സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്കായി മെഡിക്കൽ സാങ്കേതിക വൈദഗ്ദ്യം ആവശ്യമായി വരുമെന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി വിഭാഗം ഈ വിഷയം മലബാർ ക്യാൻസർ സെന്ററുമായും പ്രദേശത്തെ മറ്റ് ക്യാൻസർ ചികിൽസാ സൗകര്യങ്ങൾ നൽകുന്നവരുമായും ചർച്ച ചെയ്ത് വിശദമായ

പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം യോഗം ചേരുകയും നിലവിലുള്ള സൗകര്യം നേരിട്ട് പരിശോധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിൽ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി

194 (194) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ രോഗ നിയന്ത്രണം ലക്ഷ്യമാക്കി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കാൻസർ രോഗബാധ നേരത്തെ കണ്ടുപിടിക്കുന്നതിന് രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ നിയന്ത്രണ പദ്ധതി പ്രകാരം

ആശാപ്രവർത്തകർ ഗൃഹ സന്ദർശനം നടത്തി കാൻസർ രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുന്നതിനുള്ള ഒരു സംരംഭം ഇടുക്കി ജില്ലയുൾപ്പെടെ എല്ലാ ജില്ലകളിലും നടന്നുവരികയാണ്. ഇപ്രകാരം കണ്ടെത്തപ്പെടുന്ന രോഗികൾക്ക് അതത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ചുതന്നെ രോഗനിർണ്ണയം നടത്തുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. കേരളത്തിലെ സമഗ്രമായ അർബുദ കണക്കുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കൊച്ചിൻ കാൻസർ സെന്ററിന്റെ നേതൃത്വത്തിലുള്ള രജിസ്ട്രിയിൽ ഇടുക്കി ജില്ലയിലെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്.

(സി) ജില്ലയിൽ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇടുക്കി ജില്ലയിൽ തൊടുപുഴ ജില്ലാ ആശുപത്രിയിൽ കാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

## മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുന:രാരംഭിക്കാൻ നടപടി

195 (195) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ നിലച്ചിട്ട് വർഷങ്ങളായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

(എ&ബി) മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ നിർത്തിവച്ചിട്ടില്ല. സ്ഥാപനത്തിൽ ആകെ കിടക്കകളുടെ എണ്ണം 22 ആണ്. സ്ഥാപനത്തിൽ നിലവിൽ ഒ.പി., കിടത്തി ചികിത്സ, ഫാർമസി, ലബോറട്ടറി, NCD Camp, Antenatal Camp, ഇമ്മ്യൂണൈസേഷൻ തുടങ്ങി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ നൽകുന്ന എല്ലാ സേവനങ്ങളും ഇവിടെ നൽകിവരുന്നു.

## വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇൻപേഷ്യന്റ് വിഭാഗത്തിന്റെ പ്രവർത്തനം

196 (196) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ ഇൻപേഷ്യന്റ് വിഭാഗം വീണ്ടും പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇൻപേഷ്യന്റ് വിഭാഗം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടവും ഡോക്ടർമാരും ഈ സെന്ററിൽ ലഭ്യമാണോ; വ്യക്തമാക്കാമോ?

വേങ്ങര സി.എച്ച്.സി.-യിൽ ഓഫീസ്, ഒ.പി. ബിൽഡിംഗ്, കോൺഫറൻസ് ഹാൾ, ഐ.പി. ബിൽഡിംഗ്, ഫാർമസി, ഫിസിയോതെറാപ്പി, ഓക്സിജൻ പ്ലാന്റ്, ബാത്ത് റൂം കോംപ്ലക്സ്, 6 ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ 14 കെട്ടിടങ്ങൾ നിലവിൽ ലഭ്യമാണ്.

(സി) കൂടുതലായി വേണ്ടി വരുന്ന നഴ്സിംഗ്, ക്ലീനിംഗ് ജീവനക്കാരെ നിയമിച്ച് ഇൻപേഷ്യന്റ് വിഭാഗത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇൻപേഷ്യന്റ് വിഭാഗം പുനരാരംഭിച്ചിട്ടുണ്ട്.

**ചിറയിൻകീഴ് താലൂക്ക് ആശുപത്രി നിർമ്മാണം**

197 (197) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ആരംഭിച്ച കിഫ്ബി പ്രോജക്ടിന്റെ പുരോഗതി

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കാമോ?

ഉണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന രണ്ട് ഘട്ടങ്ങളിലായി നടന്നുവരുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഏഴുനില കെട്ടിടത്തിന്റെ പണി (സ്ട്രക്ചറൽ വർക്ക്)-യുടെ 73% പൂർത്തീകരിച്ചതുൾപ്പെടെ സിവിൽ വർക്കുകൾ 75% പൂർത്തിയാക്കിയിട്ടുണ്ട്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ നടത്തുന്നതിനുള്ള ടെൻഡർ വർക്കുകൾ പൂർത്തിയായിവരുന്നു. എം.ഇ.പി. വർക്ക് കഴിഞ്ഞാലുടൻ കെ.എം.എസ്.സി.എൽ. ഉൾപ്പെടെയുള്ള ഏജൻസികളിൽനിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനും ഫർണിഷിംഗ് വർക്കുകൾ തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാനിന്റെ പണി ഇതോടൊപ്പം നടന്നുവരുന്നുണ്ട്.

(ബി) ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

രണ്ടാംഘട്ട പദ്ധതിയായ MEP വർക്കുകൾ ടെൻഡർ നടപടികളുമായി പുരോഗമിക്കുകയാണ്. പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ബ്ലഡ്

ബാങ്ക് വിത്ത് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്, മെഡിക്കൽ- സർജിക്കൽ ഐ.സി.യുകൾ, ബ്രോങ്കോ സ്കോപ്പി ഏരിയ, റ്റി.എം.റ്റി. സൗകര്യം, ഓരോ സ്പെഷ്യാലിറ്റിക്കും പ്രത്യേകം ഓപ്പറേഷൻ തീയേറ്റർ, സെൻട്രൽ സ്റ്റെറിലൈസ്ഡ് സർവ്വീസ് ഡിപ്പാർട്ട്മെന്റ്, ടെലിമെഡിസിൻ വിഭാഗം എന്നിവയും കോമ്പൗണ്ട് വാൾ വർക്ക്, വാഹന പാർക്കിംഗ് ഏരിയ എന്നിവയും പൂർത്തിയാക്കാനുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, ഫർണിച്ചർ വാങ്ങൽ, നെയിംബോർഡ് സ്ഥാപിക്കൽ എന്നിവയാണ് ഇനി പൂർത്തിയാകാനുള്ളത്. സാമ്പത്തിക അനുമതിക്കായുള്ള നടപടികൾക്ക് കിഫ്ബിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) പ്രോജക്ട് പൂർത്തിയാക്കുമ്പോൾ എന്തെല്ലാം കൂടുതൽ ചികിത്സാ സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കുന്നതെന്ന് വിശദമാക്കുമോ?

എമർജൻസി/ട്രോമോ കെയർ, റേഡിയോ ഡയഗ്നോസിസ് ഡിപ്പാർട്ട്മെന്റ്, ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ്, ഐ.സി.യു.-കൾ, വാർഡുകൾ, ഡയാലിസിസ് യൂണിറ്റ് എന്നിവയാണ് പ്രോജക്ട് പൂർത്തിയാക്കുമ്പോൾ പ്രസ്തുത ആശുപത്രിയിലുണ്ടാകുന്നത്.

## ചേലേമ്പ്ര/പള്ളിക്കൽ എഫ്.എച്ച്.സി.-കളുടെ കെട്ടിട നിർമ്മാണം

198 (198) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയ ചേലേമ്പ്ര, പള്ളിക്കൽ എഫ്.എച്ച്.സി.-കളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

2022-23 വർഷത്തെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ സംബന്ധിച്ച അനുബന്ധം-II-ൽ ക്രമ നമ്പർ 1062 പ്രകാരം ഒരു കോടി രൂപ വകയിരുത്തിയും 500 ലക്ഷം രൂപ അടങ്കൽ തുകയും ഉൾപ്പെടുത്തിയിട്ടുള്ള ചേലേമ്പ്ര, പള്ളിക്കൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്ലാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്ലാൻ പൊതുമരാമത്ത് വകുപ്പ് വിഭാഗം തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാരംഭം ഘട്ടത്തിലാണ്.

(സി) ബജറ്റിൽ അനുമതി നൽകിയ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; സമയബന്ധിതമായി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്ലാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി DPR സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 16.06.2018-ലെ G.O(MS)No.113/2018/ H& FWD പ്രകാരം ചേലേമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സി.എച്ച്.സി.-യെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി

റവന്യൂ ബ്ലോക്കിൽനിന്നും പള്ളിക്കൽ സി.എച്ച്.സി.-യെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 36,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി നവീകരണം

199 (199) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണത്തിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നബാർഡിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി

സർക്കാരിൽ ലഭ്യമായ പ്രൊപ്പോസൽ 2022-23 സാമ്പത്തിക വർഷം നബാർഡിന് നൽകിയവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**അരുവിക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികൾ**

200 (200) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

**1.താലൂക്ക് ആശുപത്രി, വിതുര**

താലൂക്ക് ആശുപത്രി വിതുര 2016-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽനിന്നും താലൂക്ക് ആശുപത്രിയായി ഉയർത്തി. ടി സ്ഥാപനത്തിന് 2019-20 വർഷത്തെ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് അനുവദിച്ച ഒരു കോടി രൂപയും "Developing the facility & Hospital and Health Care Institution in Tribal Areas" എന്ന പ്ലാൻ പ്രകാരം അനുവദിച്ച രണ്ട് കോടി

രൂപയും ഉപയോഗിച്ചുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. ഡയാലിസിസ് യൂണിറ്റിനായി 2019-20 വാർഷിക പദ്ധതിയിലെ 41 ലക്ഷം രൂപ ഉപയോഗിച്ച് 5 ഡയാലിസിസ് മെഷീനുകൾ വാങ്ങുകയും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ജില്ലാ പഞ്ചായത്ത് പദ്ധതി 2021-22 പ്രകാരമുള്ള ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

ടി സ്ഥാപനത്തിൽ താഴെപ്പറയുന്ന സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

ശിശുരോഗവിഭാഗം

ജനറൽ മെഡിസിൻ

ഗൈനക്കോളജി

ഒപ്റ്റോമെട്രി

എൻ.സി.ഡി. സർവ്വീസ്

## 2. കുടുംബാരോഗ്യകേന്ദ്രം, ഉഴമലയ്ക്കൽ

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒ.പി. സമയം ഉയർത്തുകയും എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറെയും പഞ്ചായത്ത് പ്രോജക്ട് മുഖാന്തരം ഒരു ഡോക്ടറെയും

നിയമിച്ചിട്ടുള്ളതാണ്. കൂടാതെ എച്ച്.എം.സി. മുഖേന ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ലാബ് അസിസ്റ്റന്റിനെയും ഒരു ഫാർമസിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. സാന്ത്വന പരിചരണത്തിനായി ഒരു പാലിയേറ്റീവ് കെയർ നഴ്സ്, ഒരു ആംബുലൻസ് ഡ്രൈവർ എന്നിവരും ഈ സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നു. പൊതുജനാരോഗ്യ പരിപാടികൾക്കായി എൻ.എച്ച്.എം., പഞ്ചായത്ത് പ്രോജക്ട് മുഖേന ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പൊതുജനങ്ങൾക്കായി ആരോഗ്യക്ഷേമ പ്രവർത്തനം തടസ്സം കൂടാതെ നൽകിവരുന്നു.

**3. സി.എച്ച്.സി., വെള്ളനാട്**

ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 01.08.2021-ലെ സ.ഉ.(സാധാ)നം. 1633/2021/ആ.കു.വ. പ്രകാരം ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ആശുപത്രി നവീകരണത്തിന്റെ ഭാഗമായി പുതിയ ഒ.പി. കെട്ടിടത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ജനറൽ വാർഡും പേ വാർഡും സജ്ജീകരിച്ചിട്ടുണ്ട്. ബ്ലോക്ക് ഫണ്ട് പതിനാല് ലക്ഷം രൂപ ഉപയോഗിച്ച് Fully Auto Biochemistry Analyzer വാങ്ങിയിട്ടുണ്ട്. സെക്കന്ററി

പാലിയേറ്റീവ് പ്രോജക്ടിലൂടെ പാലിയേറ്റീവ് രോഗികൾക്കും സേവനം നൽകിവരുന്നു.

## 4. കുടുംബാരോഗ്യകേന്ദ്രം, അരുവിക്കര

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയ ടി സ്ഥാപനം പുതിയ ഒ.പി. കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മുൻപ് ഉണ്ടായിരുന്ന കെട്ടിടം നവീകരിച്ച് പബ്ലിക് ഹെൽത്ത് വിഭാഗം, പാലിയേറ്റീവ് വിഭാഗം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവ അവിടെ നടത്തുന്നു. കൂടാതെ പഴയ ഒ.പി. കെട്ടിടത്തിൽ ലാബ്, ഓഫീസ് എന്നിവയും പ്രവർത്തിക്കുന്നു.

കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ജീവനി വനിതാ ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചു. ആശുപത്രിയുടെ ചുറ്റുമതിലുകൾ, ആംബുലൻസ് നിർത്തിയിടുന്നതിനുള്ള ഷെഡ് എന്നിവ നിർമ്മിച്ചു.

## 5. സി.എച്ച്.സി., കാട്ടാക്കട

കാട്ടാക്കട സി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നു.

ചികിത്സയ്ക്കെത്തുന്നവർക്ക് അവശ്യ മരുന്നുകൾ മുഴുവനും സൗജന്യമായി നൽകിവരുന്നു. മാത്രമല്ല ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് മുഖാന്തിരം അവശ്യമരുന്നുകൾക്കായി 7 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

**6. എഫ്.എച്ച്.സി., തൊളിക്കോട്**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ടി സ്ഥാപനത്തിന് കുടുംബാരോഗ്യ കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**7. മലയടി പി.എച്ച്.സി.**

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുവാൻ തെരഞ്ഞെടുക്കുകയും നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ടി സ്ഥാപനത്തിനോട് അനുബന്ധിച്ച് ആദിവാസി മേഖലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എല്ലാ മാസവും ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ തൊളിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ളതാകുന്നു. ടി സ്ഥാപനത്തിൽ ഇ-ഹെൽത്ത് സംവിധാനം

ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ ഫീൽഡ് പ്രവർത്തനങ്ങൾ, കുടിവെള്ള പരിശോധനാ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളതും എൻ.എച്ച്.എം. മുഖേന നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ എഫ്.എച്ച്.സി. നിലവാരത്തിലുള്ള പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

**8. എഫ്.എച്ച്.സി., കള്ളിക്കാട്**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

**9. എഫ്.എച്ച്.സി., കുറ്റിച്ചൽ**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ രോഗികളുടെ ക്ഷേമ പ്രവർത്തനത്തനങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ നടന്നുവരുന്നു.

1) Medicine purchase for institution

2) Palliative Care Project

3) Cancer Control Screening Camp

4) Health and Wellness activities at sub centres

5) Below poverty line patients medicine purchase

6) Plan fund for Non-communicable diseases allotted by DMO

**10. സി.എച്ച്.സി., ആര്യനാട്**

വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മുഖേനയുള്ള ഒ.പി. ബ്ലോക്ക് നിർമ്മാണം, കോൺഫറൻസ് ഹാൾ നിർമ്മാണം, സെക്കന്ററി പാലിയേറ്റീവ് റൂം നിർമ്മാണം, വാഹന പാർക്കിംഗ് സൗകര്യം, ഇ-ഹെൽത്ത് സംവിധാനം എന്നിവ നടപ്പിലാക്കി.

അരുവിക്കര നിയോജകമണ്ഡലത്തിലെ വെൽനസ്സ് സെന്ററുകളാക്കാൻ തെരഞ്ഞെടുത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**1) താലൂക്ക് ആശുപത്രി, വിതുര**

നഴ്സിംഗ് ഓഫീസർ-1, ജെ.പി.എച്ച്.എൻ-2, ലാബ് ടെക്നീഷ്യൻ-1, പി.റ്റി.എസ്.-1, നഴ്സിംഗ് അസിസ്റ്റന്റ്-2 എന്നീ ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ നഴ്സിംഗ് ഓഫീസറുടെയും ജെ.പി.എച്ച്.എൻ.-ന്റെ ഒഴിവിലേയ്ക്കും പോസ്റ്റിംഗ് നൽകിയിട്ടുണ്ട്. കൂടാതെ ലാബ് ടെക്നീഷ്യന്റെ 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. പി.റ്റി.എസ്.-ന്റെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവ് സ്ഥാനക്കയറ്റം മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2) കുടുംബാരോഗ്യ കേന്ദ്രം, ഉഴമലയ്ക്കൽ**

രണ്ട് ജെ.എച്ച്.ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്.

**3) സി.എച്ച്.സി., വെള്ളനാട്**

ഒരു നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. ടി ഒഴിവിൽ പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിൽനിന്നും സ്ഥാനക്കയറ്റ ഉത്തരവിലൂടെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**4) എഫ്.എച്ച്.സി., കള്ളിക്കാട്**

ജെ.പി.എച്ച്.എൻ.-3, ജെ.എച്ച്.ഐ-2 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**5) എഫ്.എച്ച്.സി., കുറ്റിച്ചൽ**

ഒരു നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. ടി ഒഴിവിൽ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിൽനിന്നും ഒരാളെ സ്ഥാനക്കയറ്റ ഉത്തരവിലൂടെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**6) സി.എച്ച്.സി., ആര്യനാട്**

ജെ.എച്ച്.ഐ. ഗ്രേഡ് I-1, ജെ.പി.എച്ച്.എൻ-1 എന്നീ ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ അതത് തസ്തികയിലെ സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

## തുറവൂർ താലൂക്കാശുപത്രിയിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

201 (201) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) തുറവൂർ താലൂക്ക് ഹോസ്പിറ്റലിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) നിലവിൽ ലഭ്യമായ ജീവനക്കാരെ വിനിയോഗിച്ച് തുറവൂർ താലൂക്കാശുപത്രിയുടെ സേവനം സുഗമമായി നടപ്പിലാക്കിവരുന്നു. ഇവിടെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-1, സ്റ്റാഫ് നഴ്സ്-2, ക്ലാർക്ക്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തുറവൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിലേയ്ക്ക് ഗൈനക്കോളജിസ്റ്റ്-2, പീഡിയാട്രീഷ്യൻ-1 എന്നീ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ്-8,

നഴ്സിംഗ് അസിസ്റ്റന്റ്-4, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II- 4 എന്നീ ജീവനക്കാരുടേയും സേവനം മറ്റ് സ്ഥാപനങ്ങളിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വികസനം**

202 (202) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി സാമൂഹികാരോഗ്യകേന്ദ്രത്തിൽ 2021-2022 സാമ്പത്തിക വർഷത്തിലെ പഞ്ചായത്ത് പ്രോജക്ട് പ്രകാരം കോമ്പൗണ്ട് വാൾ നിർമ്മാണത്തിന് 1,88,636 രൂപയും 20,10,395 രൂപയും 2022-23-ൽ 26,19,080 രൂപയും അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ചെറുവാടി സാമൂഹികാരോഗ്യകേന്ദ്രത്തിന് ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 182.6 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ഏജൻസിയായ വാപ്കോസ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു.

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തെ, ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിക്ക് 35,00,000 രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ഏജൻസിയായി സിൽക്ക്-നെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഒ.പി. ബിൽഡിംഗ് നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിൽ ആശുപത്രി നവീകരണത്തിന്റെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നു.

**കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രി**

203 (203) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രിയുടെ അധീനതയിൽ എത്ര ഭൂമി ഉണ്ട് എന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രിയുടെ അധീനതയിൽ 28 ഏക്കർ ഭൂമിയുണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽനിന്നും സർക്കാർ ഉത്തരവുപ്രകാരം വിവിധ വകുപ്പുകൾക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ വിസ്തൃതിയും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളും ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ കോമ്പസിറ്റ് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി 3 ഏക്കർ ഭൂമി 19.10.2013-ലെ സ.ഉ. (സാധാ.) നം. 457/2013/റവന്യൂ പ്രകാരം സാമൂഹ്യ നീതി വകുപ്പിന് കൈമാറിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+

(സി) പുതിയതായി ഏതെല്ലാം പദ്ധതികളാണ് ഇവിടെ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1. നാല് കെട്ടിടങ്ങൾ നവീകരിച്ച് തെരുവ് നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള 'ഉദയം' പദ്ധതി ആരംഭിച്ചിട്ടുണ്ട്.

2. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലപ്പുഴ ജില്ലയിൽ ഡയാലിസിസ് സൗകര്യങ്ങളുള്ള ആശുപത്രികൾ**

204 (204) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യങ്ങൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ താഴെ പറയുന്ന സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യങ്ങൾ നിലവിലുള്ളത്.

ജനറൽ ആശുപത്രി, ആലപ്പുഴ

താലൂക്ക് ആശുപത്രി, ചേർത്തല

താലൂക്ക് ആശുപത്രി, കായംകുളം

താലൂക്ക് ആശുപത്രി, തുറവൂർ

താലൂക്ക് ആശുപത്രി, ഹരിപ്പാട്

ജില്ലാ ആശുപത്രി, മാവേലിക്കര,

ജില്ലാ ആശുപത്രി, ചെങ്ങന്നൂർ,

മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ

(ബി) ഓരോ ആശുപത്രികളിലും പ്രവർത്തനക്ഷമമായ മെഷീനുകളുടെ എണ്ണം, പ്രതിമാസം എത്രപേർക്ക് ഓരോ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാകുന്നു എന്നും വിശദമാക്കുമോ?

ഓരോ ആശുപത്രികളിലും പ്രവർത്തനക്ഷമമായ മെഷീനുകളുടെ എണ്ണം, പ്രതിമാസം എത്രപേർക്ക് ഓരോ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാകുന്നു എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ സലൈൻ ട്രീറ്റ്മെന്റ് പ്ലാന്റ്**

205 (205) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ സലൈൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് സി.ആർ.ഇസഡ്. അനുമതി ലഭിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ സലൈൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല.

**കോതമംഗലം താലൂക്ക് ആശുപത്രിയിലെ നിർമ്മാണം**

206 (206) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിർമ്മാണം നടന്നുവരുന്ന ഡയാലിസിസ് സെന്റർ-കം-കാഷ്വാലിറ്റി ബ്ലോക്കിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലം താലൂക്ക് ആശുപത്രിയിൽ നിർമ്മാണത്തിലിരിക്കുന്ന ഡയാലിസിസ് സെന്റർ-കം-കാഷ്വാലിറ്റി ബ്ലോക്കിന്റെ രണ്ടാം നിലയുടെ കോൺക്രീറ്റിംഗ് ജോലികൾ നടന്നുവരുന്നു.

(ബി) ഡയാലിസിസ് സെന്റർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് സെന്ററിലേക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഡയാലിസ് കേന്ദ്രത്തിനായി 22.03.2022-ലെ സ.ഉ.(സാധാ) നമ്പർ 641/2022/ആ.വ.ഡ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി വിതരണ കമ്പനികളുമായി കെ.എം.എസ്.സി.എൽ. കരാർ ഉറപ്പിച്ചിട്ടുണ്ട്. ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉപകരണങ്ങൾ അടക്കം എന്തെല്ലാം സൗകര്യങ്ങളാണ് ഡയാലിസിസ് സെന്ററിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് കേന്ദ്രത്തിനായി 5 ഡയാലിസിസ് മെഷീൻ, 5 ഐ.സി.യു. കിടക്കകൾ എന്നിവ ഉൾപ്പെടെ 29 ഇനം ഉപകരണങ്ങൾ/സാധനങ്ങൾക്കുള്ള ഭരണാനുമതി 22.03.2022-ലെ സ.ഉ.(സാധാ) നം. 641/2022/ആ.കു.വ. പ്രകാരം നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

**ചെറുപ്പ എം.സി.എച്ച്. യൂണിറ്റിന്റെ വികസനം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

207 (207) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്ററായ ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിന്റെ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നതിൽ ഓഡിറ്റ് ഒബ്ജക്ഷൻ കാരണം തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2018-19 വർഷത്തെ കേരള സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ടിൽ ബ്ളോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപെടാത്തതും പൊതുജനാരോഗ്യ മേഖലയിലെ ചുമതലയിൽ ഉൾപ്പെടാത്തതുമായ സർക്കാർ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് ചെറൂപ്പയിൽ നടത്തിയ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരം അല്ല എന്ന തടസ്സവാദം ഉന്നയിക്കുകയും ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രി സമുദ്ധരിക്കുന്നതിന് തുക അനുവദിക്കാൻ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ?

18.09.1995-ലെ സ.ഉ.(പി)189/1995/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അതത് സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി എന്നിവ മാത്രമേ ഉൾപ്പെടുന്നുള്ളൂ. ആയതിനാൽ മെഡിക്കൽ കോളേജിന്റെ എക്സ്റ്റൻഷൻ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന് തുക ചെലവഴിക്കാൻ സാധിക്കുകയില്ല.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ

208 (208) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4210-02-800-93-00 പ്രോജക്ട് അണ്ടർ എൽ.എ.സി.എ.ഡി.എസ്.-ഡി.എച്ച്.എസ്. ആന്റ് ഡി.എം.ഇ. (എൻ.വി.) എന്ന ശീർഷകത്തിൽനിന്നും ഒറിജിനൽ ബില്ല് സഹിതം തുക അനുവദിക്കുന്നതിന് സമർപ്പിച്ച ടി അപേക്ഷയിൽ 3,89,946 രൂപ (മൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ആറ് രൂപ മാത്രം) അനുവദിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് അറിയിക്കുമോ;

(ബി) 2019-20 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങിയ ബില്ലിന്മേൽ തുക അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് 02.06.2022-ൽ ഫയൽ നമ്പർ സി1/7468/2020 ആയി സമർപ്പിച്ച അപേക്ഷയിന്മേൽ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) 01.12.2022-ലെ സ.ഉ. (സാധാ) നം. 2847/2022/ ആ.കു.വ. പ്രകാരം പ്രസ്തുത തുക അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഫയൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ഏത് തീയതിയിലാണ് ലഭിച്ചതെന്നും നിലവിൽ ഏത് സെക്ഷനിലാണുള്ളതെന്നും ഫയൽ നമ്പർ എത്രയാണെന്നും ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങളും അറിയിക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ചുള്ള തപാൽ എം.എസ്.പി. സെക്ഷനിൽ 20.06.2022-ലാണ് സ്വീകരിച്ചിരിക്കുന്നത്. ആയതിന്റെ ഫയൽ നമ്പർ എം.എസ്.പി. 2/40667/2022. ടി ഫയൽ സെക്ഷൻ ക്ലാർക്ക് മുതൽ അഡിഷണൽ ഡയറക്ടർ(മെഡിക്കൽ) വരെ കൈകാര്യം ചെയ്തുവരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പുവഴി ഇതിനായി പതിനെട്ട് ലക്ഷത്തി എൺപത്തേഴായിരത്തി എൺപത്തെട്ട് രൂപ ആരോഗ്യവകുപ്പിന് അനുവദിച്ചുകിട്ടിയിട്ടും മേൽ തുകയായ 3,89,946 രൂപ (മൂന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ആറ് രൂപ മാത്രം) ഇതുവരെയും അനുവദിക്കാത്തതിനാൽ ഉപകരണങ്ങൾ വിതരണം ചെയ്തയാളുകൾ നിയമനടപടികളിലേയ്ക്ക് കടക്കുകയാണെങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് ഉത്തരവാദിത്വമെന്ന് അറിയിക്കുമോ; എന്നത്തേയ്ക്ക് ഈ തുക അനുവദിക്കാമെന്നും വ്യക്തമാക്കുമോ?

ടി തുക അനുവദിക്കുന്നതിനായി ആരോഗ്യവകുപ്പ് കാര്യാലയത്തിൽ നിന്നും 30.11.2022-ന് എം.എസ്.പി 2/40667/2022/ആ.വ.ഡ. നമ്പർ പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയും 01.12.2022-ലെ സ.ഉ.(സാധാ) നം.2847/2022/ആ.കു.വ. പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

209 (209) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കോവിഡാനന്തരം ഏതൊക്കെ ആശുപത്രികളിലാണ് എം.എൽ.എ. ആസ്തിവികസന ഫണ്ടുപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ കോവിഡ് ഐസൊലേഷൻ വാർഡുകൾക്ക് ഭരണാനുമതി നൽകിയ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1) സി.എച്ച്.സി., തൃത്താല

2) താലൂക്കാസ്ഥാനാശുപത്രി, പട്ടാമ്പി

3) സി.എച്ച്.സി., ചെർപ്പുളശ്ശേരി

4) സി.എച്ച്.സി., കടമ്പഴിപ്പുറം

5) സി.എച്ച്.സി., കോങ്ങാട്

6) സി.എച്ച്.സി., അലനെല്ലൂർ

7) എഫ്.എച്ച്.സി., മരുതറോഡ്

8) മെഡിക്കൽ കോളേജ് ആശുപത്രി, പാലക്കാട്

9) സി.എച്ച്.സി., വടക്കാഞ്ചേരി

10) സി.എച്ച്.സി., കൊഴിഞ്ഞമ്പാറ

11) സി.എച്ച്.സി., നെൻമാറ

12)സി.എച്ച്.സി., കുഴൽമന്ദം

പ്രസ്തുത ആശുപത്രികളിൽ സി.എച്ച്.സി. നെൻമാറ, സി.എച്ച്.സി., കൊഴിഞ്ഞമ്പാറ, സി.എച്ച്.സി., ചെർപ്പുളശ്ശേരി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഇതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ് വിശദമാക്കാമോ?

നിലവിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പുരോഗതി താഴെ ചേർക്കുന്നു.

1. സി.എച്ച്.സി., നെന്മാറ- Pre-Engineering Building Erection പൂർത്തിയാക്കി super structure -ന്റെ പ്രവൃത്തികൾ നടന്നുവരുന്നു.

2. സി.എച്ച്.സി., കൊഴിഞ്ഞമ്പാറ- Extruded Polystyrene wall panel (EPS Wall) Fixing Work നടന്നുവരുന്നു.

3. സി.എച്ച്.സി., ചെർപ്പുളശ്ശേരി- Plinth Beam കോൺക്രീറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

**മുക്കം സി .എച്ച് .സി. നിർമ്മാണത്തിന് നബാർഡ് ഫണ്ട്**

210 (210) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയുടെ കീഴിലുള്ള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സമഗ്രവികസനത്തിന് നബാർഡ് ധനസഹായം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മുക്കം സി.എച്ച്.സി.-യിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിൻമേൽ നിലവിലെ സി.എച്ച്.സി. മാനദണ്ഡങ്ങൾ അനുസരിച്ച് ICU, ഡയാലിസിസ്, CT സ്കാൻ, അൾട്രാ സ്കാൻ എന്നിവ അനുവദീയമല്ല എന്നും ആയതിനാൽ സി.എച്ച്.സി. മാനദണ്ഡമനുസരിച്ചുള്ള പ്രൊപ്പോസൽ തയ്യാറാക്കി പുനർസമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഇ-ഹെൽത്ത് പദ്ധതി

211 (211) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ വിപുലീകരണത്തിനായി ഫണ്ട് അനുവദിച്ചിരുന്നെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി, ടി പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നിവയിന്മേലുള്ള വിശദാംശം അറിയിക്കാമോ?

(എ & ബി) 17-12-2020-ലെ ജി.ഒ(ആർ.റ്റി)നം.2336/2020/ആ.കു.വ പ്രകാരം പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ വിപുലീകരണത്തിനായി അനുമതി നൽകിയിരുന്നു. ഇതിൽ 1,30,73,000 രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 1,58,46,776 രൂപ കൺസ്ട്രക്ഷൻ ജോലികൾക്കായും അനുവദിച്ചു. എന്നാൽ GST-യിൽ വന്ന മാറ്റം കാരണം സിവിൽ വർക്കുകൾക്ക് അനുവദിച്ച തുക

മതിയാകാത്തതിനാൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അനുവദിക്കുകയും ആയത് PWD-യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) പാറശ്ശാല മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ആശുപത്രികളുടെ പേരും വിവരവും ചുവടെ ചേർക്കുന്നു.

1. സാമൂഹ്യാരോഗ്യകേന്ദ്രം, പെരിങ്കടവിള

2. കുടുംബാരോഗ്യ കേന്ദ്രം, കൊല്ലായിൽ

3.സാമൂഹ്യാരോഗ്യ കേന്ദ്രം, വെള്ളറട

4. കുടുംബാരോഗ്യ കേന്ദ്രം, കള്ളിക്കാട്

5. കുടുംബാരോഗ്യ കേന്ദ്രം, ചെമ്പൂർ

6. കുടുംബാരോഗ്യ കേന്ദ്രം, പരശുവയ്ക്കൽ

7. കുടുംബാരോഗ്യ കേന്ദ്രം, കുന്നത്തുകാൽ

8. കുടുംബാരോഗ്യ കേന്ദ്രം, പൂഴനാട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ആശുപത്രികൾ തരംതിരിച്ച് വിശദമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു+.

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വെന്റിലേറ്റർ യൂണിറ്റുകൾ**

212 (212) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എത്ര വെന്റിലേറ്റർ യൂണിറ്റുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

1. ഐ.സി.യു. വെന്റിലേറ്ററുകൾ - 14

2. പോർട്ടബിൽ വെന്റിലേറ്ററുകൾ -5

3. P B 560 Transport Alpha Plus Ventilator -2

4. C-Pap Ventilator -3

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. Bi Pap Ventilator -2

Total -26.

(ബി) ഇവ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ദീർഘകാലം ഇവ പ്രവർത്തിപ്പിക്കാത്തതുമൂലം കേടുപാടുകൾ ഉണ്ടാകുവാനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ?

(ബി&സി)കോവിഡ് കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ വെന്റിലേറ്റർ സേവനം ലഭ്യമായിരുന്ന പ്രധാന സ്ഥാപനങ്ങളിൽ ഒന്നായിരുന്നു ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രി. നിലവിൽ വെന്റിലേറ്റർ പരിചരണം ആവശ്യമുള്ള രോഗികൾക്ക് രോഗ തീവ്രതയനുസരിച്ച് ഈ സൗകര്യം നൽകാൻ ചാലക്കുടി ആശുപത്രി സജ്ജമാണ്. കൂടാതെ ഡെലിവറി, ശസ്ത്രക്രിയാനന്തര അത്യാഹിത ഘട്ടങ്ങളിലും ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. വെന്റിലേറ്റർ ഉപയോഗിക്കാത്ത സാഹചര്യത്തിൽ ദിവസേന അവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുകയും അതത് കമ്പനികൾ മുഖാന്തരം മെയിന്റനൻസ് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## നെല്ലാട് സബ് സെന്റർ നിർമ്മാണം

213 (213) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിലുള്ള നെല്ലാട് സബ് സെന്ററിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) പ്രസ്തുത കെട്ടിടത്തിന്റെ ഫ്ലോറിംഗ്, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ പണികൾ ബാക്കിയുണ്ട്. ആയത് താമസംവിനാ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ചവറ മണ്ഡലത്തിലെ വെൽനസ് കേന്ദ്രങ്ങൾ

214 (214) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ചവറ മണ്ഡലത്തിലെ ഏതൊക്കെ കുടുംബക്ഷേമ

ഉപകേന്ദ്രങ്ങളെയാണ് വെൽനസ് കേന്ദ്രങ്ങളാക്കി മാറ്റുന്നതെന്ന് അറിയിക്കുമോ?

എൻ.എച്ച്.എം.-ന്റെ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചവറ മണ്ഡലത്തിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളായ കൊറ്റംകുളങ്ങര, കൊട്ടുകാട്, മേനാപ്പള്ളി മെയിൻ സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വെൽനസ് സെന്ററുകളിൽ എന്തെല്ലാം സേവനങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്?

- ഗർഭിണികൾക്കും കുട്ടികൾക്കുമായുള്ള ക്ലിനിക്കുകൾ.
- കൗമാര ആരോഗ്യ ക്ലിനിക്ക്.
- ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്ക്
- വയോജന ക്ലിനിക്ക്
- ശ്വാസ് - ആശ്വാസ് ക്ലിനിക്കുകൾ

## കുഴൽമന്ദം സാമൂഹ്യാരോഗ്യകേന്ദ്രത്തിലെ ട്രോമാ കെയർ നിർമ്മാണ പ്രവർത്തനം

215 (215) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് അറിയിക്കാമോ;

(ബി) ട്രോമാകെയർ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) ട്രോമാകെയർ അനിവാര്യമായ സാമൂഹ്യാരോഗ്യകേന്ദ്രം എന്ന നിലയിൽ പ്രസ്തുത പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ - സി) സംസ്ഥാനത്ത് ദേശീയപാതയ്ക്കും പ്രധാന സംസ്ഥാന പാതയ്ക്കും അരികിലായുള്ള താലൂക്കുതലം മുതൽ മുകളിലോട്ടുള്ള പ്രധാന ആശുപത്രികളിലാണ്, കേന്ദ്ര മാനദണ്ഡം കണക്കിലെടുത്ത്, ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഈ സംവിധാനം ഒരുക്കുന്നതിന് തീരുമാനം

കൈകൊണ്ടിട്ടില്ല. എന്നാൽ കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സി.എസ്.ആർ. ഫണ്ടിന്റെ ഉപയോഗം

216 (216) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പട്ടിമറ്റം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ലാബും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം പി.എച്ച്.സി.-യിൽ ലാബ് സൗകര്യം ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) ലഭ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

## പാലക്കാട് ജില്ലാ ആശുപത്രി

217 (217) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി, ഗ്യാസ്ട്രോ എൻട്രോളജി വിഭാഗങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(എ & ബി) പാലക്കാട് ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കാർഡിയോളജി വിഭാഗത്തിനായി 7 മെയിൻ ഐ.സി.യു. ബെഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൊറോണറി ആൻജിയോഗ്രാം, പെരിഫറൽ ആൻജിയോഗ്രാം, കൊറോണറി ആൻജിയോപ്ലാസ്റ്റി, പെരിഫറൽ ആൻജിയോപ്ലാസ്റ്റി, വിവിധതരം പേസ്മേക്കറുകൾ, എക്കോ കാർഡിയോഗ്രാം, ട്രെഡ്മിൽ ടെസ്റ്റ് എന്നിങ്ങനെയുള്ള സേവനങ്ങൾ

നടന്നുവരുന്നു. 23.09.2017-ലെ സ.ഉ(കൈ)നം.136/2017/ആ.കു.വ പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| Chief Consultant Cardiology | 1 |
| Consultant Cardiology | 1 |
| Assistant Surgeon Excusively for Cardiology | 2 |
| Cath Lab Technician | 2 |
| Echo Technician | 2 |
| Consultant Nephrology | 1 |
| Assistant Surgeon Exclusively for Nephrology | 2 |

നെഫ്രോളജി വിഭാഗത്തിൽ 12 ഹീമോഡയാലിസിസ് യൂണിറ്റ്, 4 പെരിട്ടോണിയൽ ഡയാലിസിസ് യൂണിറ്റ്, മെഡിക്കൽ ഐ.സി.യു.-വിൽ 2 ഹീമോഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു.

നെഫ്രോളജി വിഭാഗത്തിൽ 20 ബെഡോടുകൂടിയ ഹീമോഡയാലിസിസ് വാർഡിന്റെയും 10 ബെഡോടുകൂടിയ പെരിട്ടോണിൽ ഡയാലിസിസ് വാർഡിന്റെയും പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം നിലവിലില്ല.

**മാനന്തവാടി മെഡിക്കൽ കോളേജിൽ ചികിത്സ നേടിയവർ**

218 (218) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മെഡിക്കൽ കോളേജിൽ 2022 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയവരുടെ എണ്ണം വ്യക്തമാക്കാമോ;

1. സെപ്റ്റംബർ 2022 ൽ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയവർ - 45,671 പേർ.

2. ഒക്ടോബർ 2022 ൽ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയവർ -45,681 പേർ.

(ബി) മാനന്തവാടി മെഡിക്കൽ കോളേജിൽ 2022 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഐ.പി. വിഭാഗത്തിൽ ചികിത്സ തേടിയവരുടെ എണ്ണം ലഭ്യമാക്കാമോ?

1. സെപ്റ്റംബർ 2022 ൽ ഐ.പി. വിഭാഗത്തിൽ ചികിത്സ തേടിയവർ - 1,516 പേർ.

2. ഒക്ടോബർ 2022 ൽ ഐ.പി. വിഭാഗത്തിൽ ചികിത്സ തേടിയവർ - 1,496 പേർ.

(സി) പ്രസ്തുത മാസങ്ങളിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ നടന്ന മേജർ-മൈനർ ശസ്ത്രക്രിയകളുടെ എണ്ണം വ്യക്തമാക്കാമോ?

1. സെപ്റ്റംബർ 2022-ൽ നടന്ന മേജർ സർജറികളുടെ എണ്ണം -197

2. ഒക്ടോബർ 2022-ൽ നടന്ന മേജർ സർജറികളുടെ എണ്ണം -117

(ഡി) പ്രസ്തുത മാസങ്ങളിൽ മാനന്തവാടി മെഡിക്കൽ കോളേജിൽ നടന്ന ആകെ പ്രസവങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

1. സെപ്റ്റംബർ 2022-ൽ നടന്ന പ്രസവങ്ങളുടെ എണ്ണം -187

2. ഒക്ടോബർ 2022-ൽ നടന്ന പ്രസവങ്ങളുടെ എണ്ണം -208

## കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പ്രവർത്തനം

219 (219) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ഉദ്യോഗസ്ഥ ശ്രേണി ഉദ്യോഗസ്ഥരുടെ പേര് സഹിതം വിശദമാക്കുമോ?

അനുബന്ധം (എ) ആയി ചേർക്കുന്നു+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടി ആശുപത്രിയിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ ഏതെല്ലാം തസ്തികയിൽ ഏതെല്ലാം ജീവനക്കാർ ജോലി ചെയ്യുന്നെന്ന് വിശദമാക്കുമോ?

അനുബന്ധം (ബി) ആയി ചേർക്കുന്നു+.

(സി) പ്രസ്തുത ആശുപത്രിയിൽ അത്യാഹിത വിഭാഗം, സായാഹ്ന ഒ.പി. എന്നിവ പ്രവൃത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അത്യാഹിത വിഭാഗവും സായാഹ്ന ഒ.പി.-യും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) ഹീമോഫീലിയ രോഗികൾ കൂടുതലുള്ള താലൂക്ക് എന്ന കാരണത്താൽ ഈ ആശുപത്രിയെ ഈ രോഗത്തിന് മരുന്ന് നൽകുന്ന സെന്ററായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് അംഗീകരിക്കുന്നതിനും മരുന്നുകൾ തടസ്സമില്ലാത്ത നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

അംഗീകരിച്ചിട്ടുണ്ട്.

(ഇ) ഇവിടെ ഏതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന ഡോക്ടമാർക്കോ മറ്റു സ്റ്റാഫുകൾക്കോ മറ്റു ആശുപത്രികളിലെ സേവനത്തിനോ മറ്റു സേവനത്തിനോ നിയോഗിക്കുകവഴി അവരുടെ സേവനം ഈ ആശുപത്രിക്ക് ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടോയെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ; എങ്കിൽ അവരുടെ സേവനം ഈ ആശുപത്രിക്ക് മാത്രമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡോ. മർവ്വ കുഞ്ഞീൻ, സി.എം.ഒ. ജോലിക്രമീകരണ വ്യവസ്ഥയിൽ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് പകരമായി എൻ.എച്ച്.എം. ഡോക്ടറെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്.

(എഫ്) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി എന്ന നിലയിൽ ഈ ആശുപത്രിയുടെ പശ്ചാത്തല സംവിധാനം വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരുടെ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടത്തുന്നതിന് 32 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടന്നു വരുന്നുമുണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം 3 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി അടക്കമുള്ള ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അനിവാര്യമായ

തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ അമ്മയും കുഞ്ഞും ആശുപത്രി**

220 (220) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിലെ അമ്മയും കുഞ്ഞും ആശുപത്രിയിൽ കിടക്കകൾക്കാനുപാതികമായി ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ?

പൊന്നാനി മണ്ഡലത്തിലെ അമ്മയും കുഞ്ഞും ആശുപത്രിയിൽ 135 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. 04.10.2017-ലെ സ.ഉ(കൈ) നം.119/2017/ആ.കു.വ പ്രകാരം 85 തസ്തികകളും 03.08.2021-ലെ സ.ഉ(കൈ)നം.143/2021/ആ.കു.വ പ്രകാരം 2 സ്റ്റാഫ് നഴ്സിന്റെ തസ്തിക അധികമായും അനുവദിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**കുണ്ടറ താലൂക്ക് ആശുപത്രിയിലെ കെട്ടിട നിർമ്മാണം**

221 (221) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള എട്ടുനിലകളിലുള്ള കുണ്ടറ താലൂക്ക് ആശുപത്രിയുടെ ആറാം നിലയുടെ സ്ലാബ് കോൺക്രീറ്റ് പൂർത്തീകരിച്ചു. മറ്റ് സ്ട്രക്ചറൽ വർക്കുകളോടൊപ്പം ഫിനിഷിംഗ് വർക്കുകളും പുരോഗമിക്കുന്നു.

(ബി) നിർമ്മാണം നടക്കുന്ന പ്രസ്തുത കെട്ടിടത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ?

നിർമ്മാണം നടക്കുന്ന എട്ട് നിലകളുള്ള ബ്ലോക്കിൽ എമർജൻസി വിഭാഗം, റേഡിയോളജി & ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ്, സർജിക്കൽ വാർഡുകൾ, ഡെന്റൽ വിഭാഗം, സർജിക്കൽ & മെഡിക്കൽ ഐ.സി.യു.-കൾ, ഒഫ്താൽമോളജി, പ്രത്യേകം ഔട്ട് പേഷ്യന്റ് വിഭാഗങ്ങളും മെഡിക്കൽ വാർഡുകളും (ഓരോ വിഭാഗത്തിനും), ജനറൽ വാർഡ്, പേവാർഡ്, ആർ.എം.ഒ. ക്വാർട്ടേഴ്സ്, മോർച്ചറി, സ്വീവേജ് & വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങളാണ് ഒരുക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാനായി നിശ്ചയിച്ചിട്ടുള്ള തീയതി ഏതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി 2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി**

222 (222) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഡോക്ടർമാരുടെ ഒഴിവ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ & ബി) നിലവിൽ നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവ് ഇല്ലായെന്ന വിവരം അറിയിക്കുന്നു.

**ചാവക്കാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

223 (223) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള ചാവക്കാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ചാവക്കാട് താലൂക്ക് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 10,80,00,000 (പത്ത് കോടി എൺപത് ലക്ഷം രൂപ)-യുടെ ധനസഹായത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് ലഭ്യമായ പ്രൊപ്പോസൽ നബാർഡിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കൽ**

224 (224) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് പരിഗണിക്കുമോ;

(ബി) ഇവിടെ ഫോറൻസിക് സർജൻ, നെഫ്രോളജിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമന നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ജില്ലാ ആശുപത്രിക്ക് അനുസൃതമായ തസ്തിക സൃഷ്ടിക്കലും നിയമനവും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക്/ജില്ലാ ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചുവരുന്നു.

മാവേലിക്കര ജില്ലാ ആശുപത്രിയെ 22.04.2017-ലെ സ.ഉ(സാധാ) നം.58/2017/ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആർദ്രം മാനദണ്ഡപ്രകാരം സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത് ജില്ലാ ആശുപത്രികളിലായതിനാൽ മാവേലിക്കര ജില്ലാ ആശുപത്രിയിൽ നെഫ്രോളജി, ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കുന്നത് തൽക്കാലം സർക്കാർ പരിഗണനയിലില്ല.

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം**

225 (225) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ?

കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപ്രതിക്കുവേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ, ഫയർ ആന്റ് സേഫ്റ്റിയുടെ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ സ്വീകരിച്ചുവരുന്നു. കൂടാതെ, എൻ.എച്ച്.എം.-ആർ.ഒ.പി. 2021-22 അനുസരിച്ച് 2.85 കോടി രൂപയ്ക്ക് മെഡിക്കൽ ഗ്യാസ് സിസ്റ്റം, മോഡുലാർ ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 19.11.2022-ൽ ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ഏജൻസിയായ WAPCOS മുഖേനയാണ് പ്രവൃത്തി നടത്തുന്നത്. എൻ.എച്ച്.എം. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1.60 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതിനു പുറമെ 13.37 ലക്ഷം രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഭരണാനുമതി നൽകിയ 1.16 കോടി രൂപയ്ക്കുള്ള വിവിധതരം ഉപകരണങ്ങൾ

വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ആശുപത്രിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇവയെല്ലാം പൂർത്തിയായാലുടൻ തന്നെ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സ്റ്റാഫ് നഴ്സ് - 7, ഫാർമസിസ്റ്റ് - 2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് - 1 എന്നിങ്ങനെ 12 തസ്തികകൾ 22.09.2021-ലെ സ.ഉ(കൈ) നം.168/2021/ആ.കു.വ ഉത്തരവുപ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രി പ്രവർത്തനത്തിന് അനിവാര്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കുന്നംകുളം താലൂക്കാശുപത്രിയിലെ കിഫ്ബി പദ്ധതി**

226 (226) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയായ ഇൻകെൽ എസ്.പി.വി.-യായിട്ടുള്ള കുന്നംകുളം താലൂക്കാശുപത്രി നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ എല്ലാവിധ പരിശോധനകളും പൂർത്തിയാക്കി കിഫ്ബിയുടെ അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

**മഞ്ചേരി നിയോജകമണ്ഡലം-വിവിധ ആരോഗ്യ പദ്ധതികൾ**

227 (227) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ നഴ്സിംഗ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് ആരോഗ്യ വകുപ്പ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി നഴ്സിംഗ് സ്കൂളിന് ചെരണി ടി.ബി. സെന്റർ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 13.03.2017-ലെ സ.ഉ. (ആർ.റ്റി.)നം.643/2017 പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി

നൽകിയിരുന്നു. 2016-ൽ മഞ്ചേരി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 5063 ച.മീ.(അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - 2205 ച.മീ., ഹോസ്റ്റൽ ബ്ലോക്ക് 2858 ച.മീ.) ആയിരുന്നു. എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാർഗ്ഗരേഖ അനുസരിച്ച് പുന:സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 7264 ച.മീ. ആയി ഉയർന്നു. (ഹോസ്റ്റൽ ബ്ലോക്ക് 3070 ച.മീ., അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 4194 ച.മീ.). ഈ പ്ലാൻ അനുസരിച്ച് സർക്കാർ ഉത്തരവുപ്രകാരമുള്ള 14 കോടി ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ഹോസ്റ്റൽ ബ്ലോക്ക് കൂടി നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമായി വരും. ആയതിനാൽ, ടി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) മഞ്ചേരിയിൽ ആരംഭിക്കാനിരിക്കുന്ന നഴ്സിംഗ് കോളേജിൽ ഈ വർഷം അദ്ധ്യയനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നഴ്സിംഗ് കോളേജിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി നഴ്സിംഗ് കോളേജിൽ 30.11.2022 മുതൽ അദ്ധ്യയനം ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് കോളേജിന് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) മഞ്ചേരി മെഡിക്കൽ കോളേജ് നിലവിലെ സ്ഥലത്ത് നിലനിർത്തികൊണ്ട് വിപുലീകരിക്കുന്നതിന് മഞ്ചേരി വേട്ടേക്കോട് പുതുതായി ഭൂമി ഏറ്റെടുക്കുനതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിനായി നിലവിൽ 2.8107 ഹെക്ടർ ഭൂമി കോളേജിന് അടുത്തായി തന്നെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) മഞ്ചേരിയിൽ ജനറൽ ആശുപത്രി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കായംകുളം താലൂക്കാശുപത്രിയുടെ നിർമ്മാണപുരോഗതി**

228 (228) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന കായംകുളം താലൂക്കാശുപത്രിയുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലത്തെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

(എ &ബി) കായംകുളം താലൂക്കാശുപത്രിയിൽ 64.706 കോടി രൂപയ്ക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഹൗസിംഗ് ബോർഡ് എസ്.പി.വി. ആയുള്ള നിർമ്മാണ പ്രവർത്തികൾ എകദേശം 28% പൂർത്തീകരിച്ചിട്ടുണ്ട്. ടി നിർമ്മാണ സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൂർണ്ണമായി പൊളിച്ചുമാറ്റിയിട്ടുണ്ട്.

പ്രസ്തുത നിർമ്മാണ സ്ഥലത്തെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് സീനിയറേജ് ഫീസും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് റോയൽറ്റിയും ബന്ധപ്പെട്ട ഓഫീസുകളിൽ അടച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ തന്നെ ലേല നടപടികൾ മുഖേന അത് നീക്കം ചെയ്യുന്നതാണ്.

## ആറ്റിങ്ങൽ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം

229 (229) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ 500 ലക്ഷം രൂപ അനുവദിച്ചതിന്മേൽ വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

20-03-2020-ലെ G.O(Rt)No.619/2020/H&FWD ഉത്തരവുപ്രകാരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തപ്പെട്ട കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 2020-21 ബഡ്ജറ്റിലെ Sl.no.866 പ്രകാരം 5 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 3 നിലകളുള്ള കെട്ടിടത്തിന്റെ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ജി.എസ്.ടി 12% എന്നുള്ളത് 18% ആക്കി കെട്ടിടത്തിന്റെ പ്ലാൻ സാമൂഹ്യാരോഗ്യ കേന്ദ്രം സ്റ്റാൻഡേർഡ് പ്രകാരം redrawn ചെയ്തു പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ടി പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം

230 (230) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഈ സർക്കാർ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പുതുക്കാട് താലൂക്കാശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഒ.പി., ഐ.പി., ഡയാലിസിസ് (8 ബെഡ്), കുട്ടികളുടെ ഒ.പി, ഗൈനക്കോളജി ഒ.പി., മൈനർ ഗൈനക്കോളജി, പ്രൊസ്തീജിയേഴ്സ് ഡെന്റൽ യൂണിറ്റ്, എക്സ്റേ, ലാബ്, ഫാർമസി, പോസ്റ്റ്മോർട്ടം, പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ, Out reach immunization Covid Testing, Covid Vacccination, IUD insertion എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി 3 സ്റ്റാഫ് നഴ്സിന്റെയും ഒരു ക്ലാർക്കിന്റെയും 2 ലാബ് ടെക്നീഷ്യന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുൾപ്പെടെ 50 ജീവനക്കാരുടെ തസ്തികകളാണ് ഈ ആശുപത്രിയിൽ നിലവിലുള്ളത്. ആശുപത്രിയിൽ 8 കിടക്കകളോടുകൂടിയ

ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ആഴ്ചയിൽ 2 ദിവസം നടത്തിയിരുന്ന ഗൈനക്കോളജി ഒ.പി. ആഴ്ചയിൽ 6 ദിവസമായി ഉയർത്തി. പ്രവർത്തനരഹിതമായിരുന്ന ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഐസോലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസ്തുത ആശുപത്രിയിലെ ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തി ചെയ്തുവരുന്നു. നിലവിൽ ഫൗണ്ടേഷൻ വർക്ക് നടന്നുവരുന്നു.

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

231 (231) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിലോരോന്നിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് അനുവദിച്ച തുകയും അതുപയോഗിച്ച് ഏർപ്പെടുത്തിയ സൗകര്യങ്ങളും വിശദീകരിക്കാമോ?

(എ & ബി) ചിറയിൻകീഴ് മണ്ഡലത്തിൽ താഴെ പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

| സ്ഥാപനം | അനുവദിച്ച തുക |
|---|---|
| പി.എച്ച്.സി കീഴാറ്റിങ്ങൽ | 11.7 ലക്ഷം |
| പി.എച്ച്.സി പെരുമാതുറ- | 6.16 ലക്ഷം |
| പി. എച്ച്. സി. മുദാക്കൽ | 22.33 ലക്ഷം |
| പി. എച്ച്. സി. പുതുക്കുറിച്ചി | 10 ലക്ഷം |
| പി. എച്ച്. സി. മംഗലപുരം | 10.16 ലക്ഷം |

കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിലോരോന്നിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് അനുവദിച്ച തുകയുപയോഗിച്ച് കാത്തിരിപ്പ് കേന്ദ്രം, ഒ.പി. റൂമുകൾ സജ്ജീകരിക്കാൻ

നിലവിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് പ്രവൃത്തികൾ എന്നിവയും രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 10 എയർപോർട്ട് ചെയർ, ടെലിവിഷൻ, കുടിവെള്ള സൗകര്യം, അംഗപരിമിതർക്കുള്ള ശുചിമുറി, പി.എ. സിസ്റ്റം, നെയിംബോർഡുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

## അരൂർ മണ്ഡലത്തിലെ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

232 (232) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാറ്റിവച്ച 4 കോടി രൂപ ഉപയോഗിച്ചുകൊണ്ട് ഏതൊക്കെ ആശുപത്രികളിലാണ് 'ഐസൊലേഷൻ' വാർഡുകൾ സ്ഥാപിക്കുന്നതെന്ന് വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു+.

(ബി) ഐസൊലേഷൻ വാർഡുകളുടെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യ ഘട്ടത്തിൽ 90 സ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൽ 86 സ്ഥാപനങ്ങളിൽ അനുമതി പത്രം നൽകുകയും സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. അതിൽ തടസ്സങ്ങൾ ഇല്ലാത്ത 75 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടത്തിലാണ്.

(സി) അരൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി ഏതെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കെ.എം.എസ്.സി.എൽ.-നേയും നിർവ്വഹണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയേയുമാണ് നിശ്ചയിച്ചിരിക്കുന്നത്.

**വൈപ്പിൻ മണ്ഡലത്തിൽ ചികിത്സാസൗകര്യം വർദ്ധിപ്പിക്കാൻ നടപടി**

233 (233) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പ്രധാന ആശുപത്രികളായ ഞാറക്കൽ താലൂക്ക് ആശുപത്രി, മാലിപ്പുറം, മുനമ്പം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കിടത്തി ചികിത്സയും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും ലഭ്യമല്ലാത്തതിനാൽ ദ്വീപ് നിവാസികൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. മുനമ്പം എന്ന സ്ഥാപനത്തിനെ 01.08.2021-ലെ സ.ഉ(സാധാ)നം.1633/2021/ആ.കുവ പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തു. ആയതിൻ പ്രകാരം 24.02.2022-ലെ സ.ഉ(സാധാ) നം. 443/2022/ആ.കു.വ അടിസ്ഥാന സൗകര്യ വികസനത്തിന് 35 ലക്ഷം രൂപ തുക അനുവദിച്ചിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് ദേശീയ ആരോഗ്യ ദൗത്യം നടപടി സ്വീകരിച്ചുവരുന്നുണ്ട്. അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

20.03.2020-ലെ സ.ഉ(സാധാ).619/2020/ആ.കു.വ പ്രകാരം പി.എച്ച്.സി. മാലിപ്പുറം എന്ന സ്ഥാപനത്തിനെ ബ്ലോക്ക്തല കുടുബംരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി 37.5 ലക്ഷം രൂപ ടി സ്ഥാപനത്തിന് അനുവദിച്ചിരുന്നു.

ടി തുക ഉപയോഗപ്പെടുത്തി ഒ.പി./ഫാർമസി നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ ടി എഫ്.എച്ച്.സി.-യിൽ സ്ഥിരം, താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ 48 ജീവനക്കാരുടെ സേവനം ലഭ്യമാണ്. ആശുപത്രിയിലെ bed Strength 31-ഉം ഒ.പി. സമയം രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെയും ലഭ്യമാക്കുന്നുണ്ട്.

ഞാറക്കൽ താലൂക്കാശുപത്രിയിലെ ബെഡ് സ്ട്രെംഗ്ത് 71 ആണ്. നിലവിൽ ഈ ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്നുണ്ട്. വിവിധ വിഭാഗങ്ങളിലായി 36 സ്ഥിരം, താല്ക്കാലിക ജീവനക്കാരുടെ സേവനം ടി ആശുപത്രിയിൽ ലഭ്യമാണ്. ഞാറക്കൽ താലൂക്കാശുപത്രി സ്ഥിതി ചെയ്യുന്ന കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി, കരുവേലിപ്പടി എന്നീ താലൂക്ക്തല ആശുപത്രികളും പള്ളുരുത്തി താലൂക്കാശുപത്രിയും ഉണ്ട്.

(ബി) ഞാറക്കൽ താലൂക്ക് ആശുപത്രിയിലും മാലിപ്പുറം, മുനമ്പം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മാലിപ്പുറം, മുനമ്പം എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ

തെരഞ്ഞെടുത്തിട്ടുണ്ട്. സി.എച്ച്.സി. മാലിപ്പുറത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുകയാണ്. സി.എച്ച്.സി. മുനമ്പത്തിന്റെ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിലെ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാകുന്ന മുറയ്ക്ക് ടി കെട്ടിടത്തിൽ സേവനം ലഭ്യമാക്കുന്നതാണ്. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ടി ആശുപത്രിയിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് വേഗത്തിലാക്കാനുള്ള നടപടി**

234 (234) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടിക്കെതിരെ സ്വകാര്യ വ്യക്തി ബഹുമാനപ്പെട്ട ഹൈക്കോടതി മുഖേന നേടിയ ഉത്തരവിൽ വ്യക്തത വരുത്തണമെന്ന റവന്യൂ വിഭാഗത്തിന്റെ ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

പാനൂർ താലൂക്ക് ആശുപത്രി വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. നച്ചിക്കാട്ട് മുസ്തഫ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേൽ ബഹു.ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടി തുടരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കണ്ണൂർ ജില്ലാ കളക്ടറേറ്റിലെ നിയമ ഓഫീസർ സർക്കാർ വക്കീലുമായി ചർച്ച നടത്തി ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്.

(ബി) എൽ.എ. നടപടികൾക്കുള്ള ഫണ്ട് റവന്യൂ വകുപ്പിന് കൈമാറുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ, വിശദമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

01.10.2022-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എൽ.എ.4/17460/2020/ആവഡ നമ്പർ കത്ത് പ്രകാരം എൽ.എ. നടപടികൾക്കുള്ള ഫണ്ട് തഹസിൽദാരുടെ അക്കൗണ്ടിലേക്ക് 8 കോടി രൂപ അനുവദിച്ച് നൽകുന്നതിന് റിക്വസിഷൻ ഫോം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി താലൂക്ക് ആശുപത്രി യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്മേലുള്ള അന്തിമ ഉത്തരവിനുവിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരാൻ കഴിയുകയുള്ളൂ. പാനൂർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 93.205 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കിഫ്ബിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിനായി 13 കോടി രൂപ പ്രോജക്ട് കോസ്റ്റിൽ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താൻ നടപടി

235 (235) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

22.04.2017-ലെ സ.ഉ(കൈ)നം58/2017/ആ.കു.വ പ്രകാരം സംസ്ഥാനത്തെ 17 ആരോഗ്യ സ്ഥാപനങ്ങളെ ജില്ലാതല ആരോഗ്യ സ്ഥാപനങ്ങളായി വികസിപ്പിക്കുന്നതിന് തെരഞ്ഞെടുത്തിരുന്നു. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ 2 വീതവും മറ്റുജില്ലകളിൽ ഓരോന്നു വീതവും എന്നതായിരുന്നു മാനദണ്ഡം. ടി ഉത്തരവുപ്രകാരം തളിപ്പറമ്പ് ആശുപത്രി താലൂക്ക് തലത്തിലുള്ള സ്ഥാപനമാണ്. നിലവിൽ ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നതിനെക്കാൾ സ്റ്റാൻഡൈഡേസേഷൻ മാനദണ്ഡമനുസരിച്ച് നിലവാരമുള്ള സേവനം ലഭ്യമാക്കുകയെന്നതാണ് സർക്കാർ നയം. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വടക്കഞ്ചേരി സി.എച്ച്.സി. കെട്ടിട നിർമ്മാണം**

236 (236) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി സി.എച്ച്.സി. കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ബഹു. എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പകുതി ഭാഗം മെയിൻ വാർപ്പ് (റൂഫ് കോൺക്രീറ്റ്) ഘട്ടത്തിലാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ആദ്യ ഘട്ടം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2023 മാർച്ച് മാസത്തോടുകൂടി ആദ്യഘട്ടം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ നിയമനം**

237 (237) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിന് എന്തുനടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(ബി) ഫോറൻസിക് സർജനെ നിയമിക്കുന്നതിന് എം.എൽ.എ. നൽകിയ നിവേദനം പരിഗണിച്ച് എടുത്ത നടപടി എന്തെന്ന് വ്യക്തമാക്കാമോ?

(എ & ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഫോറൻസിക് സർജന്റെ സേവനം ലഭ്യമാക്കാത്തതിനാൽ പല പോസ്റ്റ്മോർട്ടങ്ങളും നടത്താൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വ്യക്തമായ മരണകാരണം മനസ്സിലാക്കാൻ സാധിക്കാത്ത കേസുകളിലാണ് ഫോറൻസിക് സർജന്റെ സേവനം അത്യന്താപേക്ഷിതമായി വരുന്നത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി വരുന്ന വ്യക്തമായ മരണകാരണം മനസ്സിലാക്കാൻ സാധിക്കാത്ത കേസുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നുണ്ട്.

## ഉടുമ്പൻചോല ഫാമിലി ഹെൽത്ത് സെന്ററിൽ പെരിട്ടോണിയൽ ഡയാലിസിസ്

238 (238) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് പെരിട്ടോണിയൽ ഡയാലിസിസ് സൗകര്യം ഉള്ളത്; മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ?

നിലവിൽ ഇടുക്കി ജില്ലയിലെ സർക്കാർ ആശുപത്രികളിൽ പെരിട്ടോണിയൽ ഡയാലിസിസ് സൗകര്യം ഇല്ല.

(ബി) ഉടുമ്പൻചോല ഫാമിലി ഹെൽത്ത് സെന്ററിൽ പെരിട്ടോണിയൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിലും പെരിട്ടോണിയൽ ഡയാലിസിസ് കേന്ദ്രം പ്രവർത്തിക്കുന്നതിന് അനുമതി നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉടുമ്പൻചോല ഫാമിലി ഹെൽത്ത് സെന്ററിൽ പെരിട്ടോണിയൽ ഡയാലിസിസ് തുടങ്ങുന്നതിനുള്ള അനുമതിക്കായി ജില്ലാ മെഡിക്കൽ ഓഫീസർ (ഇടുക്കി) സമർപ്പിച്ച അപേക്ഷയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

## മാങ്ങാട്ടുപറമ്പ് ഇ.കെ. നായനാർ സ്മാരക ആശുപത്രിയിൽ ഐ.വി.എഫ്. ക്ലിനിക്ക്

239 (239) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ് ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഐ.വി.എഫ്. ക്ലിനിക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മങ്ങാട്ടുപറമ്പ് ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഐ.വി.എഫ്. ക്ലിനിക്ക് ഒ.പി. ആഴ്ചയിൽ 2 ദിവസം രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 01.00 മണി വരെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ ക്യാൻസർ ക്ലിനിക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ത്രീകൾക്ക് വരാവുന്ന പ്രധാന അർബുദ രോഗങ്ങളായ സ്തനാർബുദവും വദനാർബുദവും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതും പരിശീലനം നൽകുന്നത് സംബന്ധിച്ച കാര്യം ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

**മായം ചേർത്ത വെളിച്ചെണ്ണ**

240 (240) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മായം ചേർത്ത വെളിച്ചെണ്ണ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് നടന്ന പരിശോധനയിൽ ഏതെല്ലാം ബ്രാന്റുകളിലാണ് മായം ചേർത്ത വെളിച്ചെണ്ണ വിൽക്കുന്നതായി കണ്ടെത്തിയത്; എന്തെല്ലാം വസ്തുക്കളാണ് മായം ചേർക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന് വകുപ്പിന്റെ പരിശോധനയിൽ നിന്നും മനസ്സിലായിട്ടുണ്ടോ; വ്യക്തമാക്കാമോ?

2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെയുള്ള കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഗുണനിലവാരമില്ലാത്തതായി പരിശോധനാ ഫലം ലഭ്യമായ വെളിച്ചെണ്ണ ബ്രാന്റുകളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു+.

വെളിച്ചെണ്ണയിൽ സൾഫർ/രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടോയെന്ന് അറിയുന്നതിനായി " ഓപ്പറേഷൻ ഓയിൽ" എന്ന പേരിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ 201 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) വെളിച്ചെണ്ണയിൽ മായം ചേർത്ത് വിറ്റഴിച്ചവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെയുള്ള കാലയളവിൽ ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തിയ 41 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും കൂടാതെ ലാബ് പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭ്യമായ 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

## ഒപ്റ്റോമെട്രിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി

241 (241) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

1) ദേശീയ അന്ധതാ നിയന്ത്രണ കാഴ്ചവൈകല്യ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലൂടെയും വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകി വരുന്നു. എല്ലാ സർക്കാർ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിലും നേത്രരോഗ വിദഗ്ധന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. രോഗികൾക്ക് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ പരിശോധനകൾ നടത്തി വേണ്ട ചികിത്സ നൽകുന്നുണ്ട്. ആവശ്യമായ മരുന്നുകളും ചികിത്സയും സൗജന്യമായി നൽകുന്നു.

2) നേത്ര സംബന്ധമായ ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് സൗജന്യമായി താലൂക്ക്, ജില്ല, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും സൗജന്യമായി ശസ്ത്രക്രിയ ചെയ്തുകൊടുക്കുന്നുണ്ട്.

3) ഡയബറ്റിക് റെറ്റിനോപ്പതി, ഗ്ലോക്കോമ എന്നിങ്ങനെയുള്ള മറ്റ് നേത്ര രോഗങ്ങൾക്കും ആവശ്യമായ വിദഗ്ധ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി നൽകുന്നു.

4) ഗ്രാമപ്രദേശങ്ങളിൽ നിന്നും നേത്രരോഗികളെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമായി എല്ലാ

ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര ചികിത്സാ വിഭാഗം വാഹനമടക്കം പ്രവർത്തിച്ചുവരുന്നുണ്ട്.

5) എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് കാഴ്ച പരിശോധിച്ച് ആവശ്യമായവർക്ക് സൗജന്യമായി കണ്ണട വിതരണം നടത്തി വരുന്നു.

6) 45 വയസ്സിനുമുകളിലുള്ളവർക്കും വയോജനങ്ങൾക്കും കാഴ്ച പരിശോധന നടത്തി ആവശ്യമെങ്കിൽ കണ്ണട സൗജന്യമായി നൽകുന്നു.

7) തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വിഷൻ സെന്ററുകൾ മുഖേന ഒപ്റ്റോമെട്രിസ്റ്റുകൾ നേത്ര ചികിത്സയും കാഴ്ച പരിശോധനയും നടത്തി വരുന്നു.

8) എല്ലാ ജില്ലകളിലും ഗ്രാമപ്രദേശങ്ങൾ, തീരപ്രദേശങ്ങൾ, ആദിവാസി മേഖല എന്നിവിടങ്ങളിലെ ദുർബല ജനവിഭാഗങ്ങളെ കേന്ദ്രീകരിച്ച് മുൻകൂട്ടി തീരുമാനിച്ച ക്യാമ്പുകൾ നടത്തുകയും ആവശ്യമുള്ളവർക്ക് തുടർ ചികിത്സയും നൽകുന്നു.

9) കേരളത്തിൽ ഒട്ടാകെ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുമായി സഹകരിച്ച് സൗജന്യ തിമിര ശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നു.

കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അന്ധതാ നിവാരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

1) തിമിര രോഗനിർണ്ണയം നടത്തി രോഗികൾക്ക് ആവശ്യമായ ശസ്ത്രക്രിയ ചെയ്തു ലെൻസ് വയ്ക്കുയും ചെയ്തുവരുന്നു.

2) ഗ്ലോക്കോമ രോഗം നിർണ്ണയവും തുടർ ചികിത്സയും നൽകുന്നതോടൊപ്പം ലേസർ ചികിത്സയും ലഭ്യമാക്കി വരുന്നു.

3) ഡയബറ്റിസ് റെറ്റിനോപ്പതി രോഗനിർണ്ണയവും സ്കാനിംഗ്, ലേസർ എന്നിവയും തുടർ ചികിത്സയും ലഭ്യമാക്കി വരുന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ റെറ്റിന സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നു.

4) കുട്ടികളിലെ കാഴ്ചക്കുറവ്, വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകളും തുടർ ചികിത്സയും ലഭ്യമാക്കി വരുന്നു.

5) മാസം തികയാതെ ജനിച്ച കുട്ടികളിലെ റെറ്റിനോപ്പതി പരിശോധനയും ചികിത്സയും ലഭ്യമാക്കി വരുന്നു.

6) ലോക കാഴ്ച ദിനം, ഗ്ലോക്കോമ വാരം, നേത്രദാന പക്ഷാചരണം എന്നീ പരിപാടികളോടനുബന്ധിച്ച് പൊതുജന അവബോധ പരിപാടികൾ നടത്തിവരുന്നു. ഇതോടൊപ്പം തിമിരം, ഗ്ലോക്കോമ, ഡയബറ്റിസ് റെറ്റിനോപ്പതി മുതലായവ നിർണ്ണയിക്കാനുള്ള നേത്ര പരിശോധന ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു.

7) അന്ധത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കാലാകാലങ്ങളിൽ സ്കൂൾ തലത്തിലും പൊതുവായും ജില്ലാ തലത്തിൽ ബോധവത്കരണ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ നടത്തുന്നു.

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നേത്ര പരിശോധകരുടെ (ഒപ്റ്റോമെട്രിസ്റ്റ്) തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിവിധ വിഭാഗം തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് എത്ര വിഷൻ സെന്ററുകൾ നിലവിലുണ്ട്; ഇവിടങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് 372 വിഷൻ സെന്ററുകൾ നിലവിലുണ്ട്. ഇവിടങ്ങളിൽ ആഴ്ചയിലൊരുദിവസം അതത് ഏരിയയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**ഫോർട്ടിഫൈഡ് റൈസിന്റെ ഗുണനിലവാരം സംബന്ധിച്ച് പഠനം**

242 (242) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന ഫോർട്ടിഫൈഡ് റൈസിന്റെ ഗുണനിലവാരം, ഉപഭോക്താക്കൾക്കുണ്ടാകുന്ന ഗുണദോഷങ്ങൾ എന്നിവയെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല.

(ബി) ഇപ്രകാരം പഠനം നടത്തുന്നതിന് ആരോഗ്യവകുപ്പിനോട് ഭക്ഷ്യപൊതുവിതരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇതുസംബന്ധിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ, ഗോത്ര മേഖലയിൽ ഫോർട്ടിഫൈഡ് റൈസ് ഉപയോഗിക്കുന്നതുമൂലം സിക്കിൾ സെൽ അനീമിയ, തലാസീമിയ രോഗികൾക്ക് എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താൻ നടപ്പിലാക്കുന്ന പദ്ധതികൾ**

243 (243) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിൽ മായം കണ്ടെത്തിയാൽ അതിനുത്തരവാദികളായവരുടെ മേൽ നടപടി സ്വീകരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ആരോഗ്യത്തിന്

ഹാനികരമാകുന്ന വസ്തുക്കൾ രാസപരിശോധനയിൽ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അത്തരക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും ഗുണമേന്മ കുറഞ്ഞതോ ലേബൽ വിവരങ്ങൾ കൃത്യമല്ലാത്തതോ ആയ ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അവർക്കെതിരെ RDO കോടതികൾ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ, പച്ചക്കറി, മാംസം, മത്സ്യം എന്നിവയിലെ മായം ചേർക്കൽ കണ്ടെത്തി അവ വാഹനമുൾപ്പെടെ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ, പച്ചക്കറി, മാംസം, മത്സ്യം എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നൽകിയാണ് പരിശോധന നടത്തുന്നത്. മത്സ്യത്തിൽ ചേർത്തിട്ടുള്ള ഫോർമാലിൻ,

അമോണിയ തുടങ്ങിയവ അറിയുന്നതിനുള്ള പ്രാഥമിക പരിശോധന നടത്തി ആയത് ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ മത്സ്യം നശിപ്പിക്കുകയോ അല്ലെങ്കിൽ കൂടുതൽ പരിശോധനകൾക്കായി അനലിറ്റിക്കൽ ലാബുകളിൽ സാമ്പിൾ നൽകുകയും ചെയ്തുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും മതിയായ ശീതീകരണ സംവിധാനമില്ലാതെ സംസ്ഥാനത്ത് കൊണ്ടുവരുന്ന മത്സ്യം അടങ്ങിയ വാഹനങ്ങളുടെ പരിശോധനയിൽ മത്സ്യം പഴകിയതാണെന്ന് ബോധ്യമാകുന്നപക്ഷം കുറ്റക്കാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾക്കുശേഷം അത് നശിപ്പിക്കുന്നതിനായി വാഹനം ഉൾപ്പെടെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ എണ്ണകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ആർ.ഡി.ഒ. കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ലാബ് പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭ്യമായ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. വെളിച്ചെണ്ണയിൽ സൾഫർ/രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടോയെന്ന്

അറിയുന്നതിനായി " ഓപ്പറേഷൻ ഓയിൽ" എന്ന പേരിൽ സംസ്ഥാന വ്യാപകമായി 2022 നവംബർ 14 മുതൽ നവംബർ 26 വരെ നടത്തിയ പരിശോധനകളിൽ 201 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശേഖരിച്ച 16503 ഭക്ഷ്യ സാമ്പിളുകളിൽ നടത്തിയ ലാബ് പരിശോധനയിൽ 571 എണ്ണം Unsafe ആയും 276 എണ്ണം Substandard ആയും 384 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ പരിശോധനയിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ 368 അഡ്ജ്യൂഡിക്കേഷൻ കേസുകളും 354 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

**ഭക്ഷ്യ എണ്ണയിലെ മായം**

244 (244) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റുവരുന്ന മിക്ക ബ്രാന്റുകളുടെയും ഭക്ഷ്യ എണ്ണയിൽ വർദ്ധിച്ച തോതിൽ മാരകമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. സംസ്ഥാനത്ത് വിറ്റുവരുന്ന വിവിധ ബ്രാന്റുകളിലുള്ള ഭക്ഷ്യ എണ്ണയുടെ ലാബ് പരിശോധനയിൽ മാരകമായ വിഷാംശങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കർശന പരിശോധനകൾക്ക് ശേഷമാണോ ഭക്ഷ്യ എണ്ണകൾ വിൽക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന ഭക്ഷ്യ പരിശോധനകളിൽ മാർക്കറ്റുകളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന എല്ലാ ഭക്ഷ്യ എണ്ണ സാമ്പിളുകളും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരം പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായതായി പരിശോധനാഫലം ലഭ്യമാകുന്നപക്ഷം അത്തരം ഭക്ഷ്യ എണ്ണയുടെ ഉൽപ്പാദകർ, വിതരണക്കാർ, വിൽപ്പനക്കാർ എന്നിവർക്കെതിരെ

പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ Unsafe ആയി റിപ്പോർട്ട് ലഭ്യമാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഭക്ഷ്യ എണ്ണകളുടെ മുഴുവൻ ബാച്ചുകളും മാർക്കറ്റുകളിൽ നിന്നും പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതോ കൃത്യമായ ലേബൽ വിവരങ്ങൾ രേഖപ്പെടുത്താത്തതോ ആയ ഭക്ഷ്യ എണ്ണ ബ്രാന്റുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികൾ RDO കോടതികളിൽ സ്വീകരിക്കുകയും ചെയ്യുന്നു. ഗുണനിലവാരമില്ലാത്തതോ രാസവസ്തുക്കൾ കലർന്നതോ ആയി പരിശോധനാഫലം ലഭ്യമാകുന്ന സാഹചര്യത്തിൽ അവരുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ സംസ്ഥാന വ്യാപകമായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നിരോധിക്കുന്നു.

(സി) ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കി ലൈസൻസ് നൽകിയിട്ടുള്ള ഭക്ഷ്യ എണ്ണകളുടെ ബ്രാന്റുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കി ലൈസൻസ് നൽകിയിട്ടുള്ള ഭക്ഷ്യ എണ്ണകളുടെ ബ്രാന്റുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഓപ്പറേഷൻ ഓയിൽ എന്ന പേരിൽ നടക്കുന്ന പരിശോധനയിൽ മാരകമായ തോതിൽ മായം കലർന്നതാണെന്ന് കണ്ടെത്തിയ ബ്രാന്റുകൾ ഏതെല്ലാമാണ്; അവയുടെ നിർമ്മാതാക്കൾ ആരെല്ലാമാണ്; പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ?

വെളിച്ചെണ്ണയിൽ സൾഫർ/രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടോയെന്ന് അറിയുന്നതിനായി " ഓപ്പറേഷൻ ഓയിൽ" എന്ന പേരിൽ സംസ്ഥാന വ്യാപകമായി 2022 നവംബർ 14 മുതൽ നവംബർ 26 വരെ നടത്തിയ പരിശോധനകളിൽ 201 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

(ഇ) മായം കലർന്ന ബ്രാന്റുകൾ കണ്ടെത്തിയതിനുശേഷം അത് മറ്റുബ്രാന്റുകളിൽ കേരളത്തിൽ വിൽക്കപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യ എണ്ണകളിൽ ഏതെങ്കിലും ബ്രാന്റിൽപ്പെട്ട ഉൽപ്പന്നം ഗുണനിലവാരം പുലർത്താത്ത സാഹചര്യത്തിൽ അവ സംസ്ഥാന

വ്യാപകമായി നിരോധിക്കാറുണ്ട്. എന്നാൽ ഈ ബ്രാന്റിൽപ്പെട്ട ഭക്ഷ്യ എണ്ണ മറ്റൊരു ബ്രാന്റിൽ വിൽക്കാതിരിക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് ബ്രാന്റ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. അതിനായി ഒരു ഭക്ഷ്യ എണ്ണയുടെ ഉൽപ്പാദകന് ഒരു ബ്രാന്റ് മാത്രമേ നിലവിൽ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്താൻ അനുവാദം നൽകിയിട്ടുള്ളൂ.

(എഫ്) ഭക്ഷ്യ എണ്ണകളിൽ മായം ചേർക്കുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും അവർ മറ്റുബ്രാന്റുകളിൽ ഇതേ സാധനം വിൽക്കുന്നത് തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഭക്ഷ്യ എണ്ണകളിൽ മായം ചേർത്ത് വിൽക്കുന്നത് തടയുന്നതിനായി ബ്രാന്റ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഒരു വ്യാപാരിക്ക് ഒരു ബ്രാന്റ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരം ബ്രാന്റുകളിൽ സുരക്ഷിതമല്ലാത്ത എണ്ണ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് നിരോധിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർച്ചയായി ഗുണനിലവാരമില്ലാത്ത എണ്ണ വിൽപ്പന നടത്തുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കാൻസർ പ്രതിരോധ പ്രവർത്തനം

245 (245) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) കാൻസർ രോഗം വ്യാപിക്കുന്നതനുസരിച്ച് ശാസ്ത്രീയ പഠനം നടത്തി വിവിധ വകുപ്പുകളുടെ സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണവും നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

(എ & ബി) ഉണ്ട്. കാൻസർ ചികിത്സാ ഗവേഷണ രംഗത്ത് പഠനം നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. ലോകാരോഗ്യ സംഘടനയിലെ വിദഗ്ധരും സംസ്ഥാനത്തെ കാൻസർ സെന്ററുകളിലെ വിദഗ്ധരും ചേർന്ന് നടത്തിയ നിരവധി ശില്പ ശാലകളിലൂടെയാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി രൂപം കൊണ്ടത്. കേരളത്തിലെ ജനങ്ങൾക്ക് അർബുദ രോഗനിർണ്ണയത്തിനും

പരിചരണത്തിനും ആവശ്യമായ സൗകര്യങ്ങൾ അവരുടെ താമസ സ്ഥലത്തിന്റെ 50 കിലോമീറ്റർ ചുറ്റളവിൽ ലഭ്യമാക്കുക, കാൻസർ നേരത്തെ കണ്ടുപിടിക്കുക, കാൻസർ വരുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ അടിസ്ഥാന ലക്ഷ്യം. 2030 ആകുമ്പോഴേയ്ക്കും കേരളത്തിൽ അർബുദ നിയന്ത്രണ പ്രതിരോധ രംഗങ്ങളിൽ ആർജ്ജിക്കേണ്ടതും കൈവരിക്കേണ്ടതുമായ ലക്ഷ്യങ്ങൾ അവ നടപ്പിലാക്കാൻ വേണ്ട മാർഗ്ഗങ്ങൾ, സമയക്രമങ്ങൾ തുടങ്ങിയവ വ്യക്തമായി കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയിൽ പ്രതിപാദിക്കുന്നുണ്ട്.

കാൻസർ സംബന്ധമായ കണക്കുകളിൽ കൃത്യത വരുത്തുന്നതിനായി വിവരശേഖരണം ഊർജ്ജിതമായി നടത്താൻവേണ്ട നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ' കേരള കാൻസർ രജിസ്ട്രി' രൂപീകരിക്കുകയും എല്ലാ അർബുദ ചികിത്സകേന്ദ്രങ്ങളിലും (ആയിരമോ അതിലധികമോ അർബുദരോഗികളെ പ്രതിവർഷം ചികിത്സിക്കുന്ന) ആശുപത്രി അധിഷ്ഠിത അർബുദ രജിസ്ട്രി രൂപീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കേരളത്തിലെ സമഗ്രമായ അർബുദ കണക്കുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൂന്ന് ജനസംഖ്യാധിഷ്ഠിത രജിസ്ട്രികൾ രൂപീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ അർബുദ രോഗം നിർബന്ധമായും സർക്കാരിനെ അറിയിക്കേണ്ട ഒരു രോഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അർബുദ രോഗ നിർണ്ണയം നടന്ന് ഒരു മാസത്തിനുള്ളിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപനം കേരള കാൻസർ രജിസ്ട്രി വഴി സർക്കാരിനെ അറിയിക്കേണ്ടതാണ്.

സ്ത്രീകളിൽ സ്തനാർബുദത്തിന് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കാൻ ജീവിതരീതിയും പ്രത്യുല്പാദനരീതിയും ജനിതക കാരണങ്ങളും പഠിക്കുന്നതിനുവേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് (ICMR)-ന്റെ ധനസഹായത്തോടെ റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം (RCC), ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ന്യൂ ഡൽഹി (AIIMS), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാൻസർ പ്രിവൻഷൻ ആന്റ് റിസർച്ച്, ന്യൂ ഡൽഹി (NICPR), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാത്തോളജി, ന്യൂ ഡൽഹി (NIP) എന്നീ സ്ഥാപനങ്ങൾ മാർച്ച് 2017 മുതൽ 2022 സെപ്റ്റംബർ വരെ ഒരു പഠനം നടത്തിയിട്ടുണ്ട്.

അർബുദം നേരത്തെ നിർണ്ണയിക്കുന്നതിനായി ഈ അസുഖത്തെകുറിച്ചുള്ള ശരിയായ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ നടക്കേണ്ടത് അത്യാവശ്യമാണ്. മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ആരോഗ്യപ്രദർശനങ്ങൾ, ആരോഗ്യകരമായ ഭക്ഷ്യ മേളകൾ തുടങ്ങിയവ പഞ്ചായത്തുകളുടേയും ക്ലബ്ബുകളുടേയും മറ്റും സഹായത്തോടെ നടത്താറുണ്ട്. ഈ വർഷം ജില്ലാ അർബുദനിയന്ത്രണ പദ്ധതിയുടെ ഭാഗമായി സമൂഹത്തിന്റെ താഴെത്തട്ടിലും ബോധവൽക്കരണം എത്തിക്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം ഫെബ്രുവരി മാസത്തിൽ മലബാർ കാൻസർ സെന്ററിൽവച്ച് നടന്നുകഴിഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപന മെമ്പർമാർക്കും മലബാർ കാൻസർ സെന്റർ സന്ദർശിക്കാനുള്ള സൗകര്യവും ചെയ്യാറുണ്ട്.

സ്കൂൾ തലത്തിൽ വിദ്യാത്ഥികൾക്ക് പുകയില ശീലത്തിനെതിരെ ബോധവൽക്കരിക്കുന്നതിനും അർബുദ ബോധവൽക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ കമ്മ്യൂണിറ്റി ഓങ്കോളജി നടത്തിയ പഠനത്തിൽ ഇത്തരം ബോധവൽക്കരണങ്ങൾക്ക് ഷോർട്ട്ഫിലിം വളരെ ഫലപ്രദമായി ഉപയോഗിക്കാമെന്ന് കണ്ടെത്തി. ഈ

പഠനവും പ്രസിദ്ധീകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആർ.സി.സി.-യുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ കുടുംബശ്രീ മിഷനിലെ റിസോഴ്സ് പേഴ്സൺസിന് "കാൻസർ പ്രതിരോധം" എന്ന വിഷയത്തെ ആസ്പദമാക്കി ദ്വിദിന പരിശീലന പരിപാടികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനം സിദ്ധിച്ചവർ പിന്നീട് ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി (ADS) പ്രവർത്തകരിലേക്കും അവരിൽനിന്ന് അയൽക്കൂട്ടം പ്രവർത്തകരിലേക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഭാഗമായി 100257-ൽപ്പരം കുടുംബശ്രീ പ്രവർത്തകർക്ക് "കാൻസർ പ്രതിരോധവും നിയന്ത്രണവും" എന്ന വിഷയത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ സാധിച്ചു. ഇവരിലൂടെ വിവിധ ബോധവൽക്കരണ പരിപാടികൾ പ്രസ്തുത ജില്ലയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാൻസർ പ്രതിരോധത്തിന് സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ആർ.സി.സി. വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ആരംഭ ദശയിൽ തന്നെ കാൻസർ രോഗം കണ്ടെത്തുന്നതിനും ചികിത്സ ആരംഭിക്കുന്നതിനുമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി പ്രത്യേക ആരോഗ്യ രക്ഷാ ക്യാമ്പുകൾ നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുമോ?

ജില്ലാ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കാൻസർ സ്ക്രീനിംഗും അർബുദ രോഗ ബോധവത്കരണവും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജനസംഖ്യാധിഷ്ഠിത ജീവിതശൈലിരോഗം എന്ന പദ്ധതിയുടെ 'ശൈലി' ആപ്ലിക്കേഷൻ വഴി കാൻസർ രോഗസാദ്ധ്യതയുള്ള ജനങ്ങളെ കണ്ടെത്തുന്നതിനും അവരെ സ്ക്രീനിംഗിന് വിധേയരാക്കുന്നതിലൂടെ കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സാധ്യമാകുന്നുണ്ട്. ശൈലി ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗൃഹസന്ദർശനം നടത്തി കാൻസർ രോഗ ലക്ഷണം കണ്ടെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക പരിശോധന നൽകുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലുമാണ്. പ്രാഥമിക പരിശോധന നടത്തുന്ന പ്രാഥമിക തലത്തിലുള്ള ഈ കേന്ദ്രങ്ങളിലൂടെ വദനാർബുദം, സ്തനാർബുദം, ഗർഭാശയാർബുദം എന്നീ രോഗങ്ങളുടെ പ്രാഥമിക പരിശോധന നടത്തുകയും രോഗം

സംശയിക്കുന്നവരെ സ്ഥിരീകരണത്തിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ റീജിയണൽ കാൻസർ സെന്ററുകളുടെ സഹായത്തോടെ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

ഇതോടൊപ്പം കാൻസറിലേക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുള്ള ആരോഗ്യബോധവത്കരണവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായാണ് ജില്ലാ കാൻസർ കെയർ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നത്. കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി പ്രകാരം, എല്ലാ ജില്ലകളിലും അർബുദ നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതുപ്രകാരം എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാരംഭ അർബുദ നിർണ്ണയത്തിനായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനായുള്ള ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ പൂർത്തീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

കാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന

ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതി (DCCP- District Cancer Control Programe) ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്താനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP-യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും കാൻസർ മുന്നോടിയായി ചികിത്സിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിനുപുറമേ താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം നടത്താനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ആർ.സി.സി.-യുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്നുകഴിഞ്ഞു. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയും ഡോക്ടർമാർക്കും എം.എൽ.എസ്.പി.

(Mid Level Service Provides) മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ പരിശീലനവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ വച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ താലൂക്ക് ആശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള കാൻസറുകളുടെ ചികിത്സക്കായി പരിശീലനം നടത്താനുള്ള നടപടികൾ നടന്നുവരുന്നു.

രോഗികളുടെ രജിസ്ട്രേഷനും റഫറലിനുമായി ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി 'കാൻസർ കെയർ സ്യൂട്ട്' എന്ന ആപ്ലിക്കേഷൻ സജ്ജീകരിച്ചിട്ടുണ്ട്.

## കെ.എം.എസ്.സി.എൽ.-ന്റെ 2020 ജനുവരി 29 ശേഷമുള്ള പർച്ചേയ്സുകൾ

246 (246) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-ന് ശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ആർ.ടി.പി.സി.ആർ. കിറ്റ് വാങ്ങിയെന്ന തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ചേർത്ത് ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച ആർ.ടി.പി.സി.ആർ. കിറ്റുകളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു+.

(ബി) 2020 ജനുവരി 29-നുശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും 30 കെ.വി.എ.യു.പി.എസ്. വാങ്ങിയെന്ന തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ചേർത്ത് ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച 30 കെ.വി.എ.യു.പി.എസ്.-കളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു+.

## അവയവമാറ്റ ശസ്ത്രക്രിയകൾ

247 (247) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അവയവമാറ്റ ശസ്ത്രക്രിയകൾ സംബന്ധിച്ച ചികിത്സ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന ഇക്കാലഘട്ടത്തിൽ ആയതിന് പരിഹാരം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

(ബി) നിലവിലുള്ള സേവനങ്ങൾ വിപുലീകരിച്ച് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അവയവ മാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ & ബി) സർക്കാർ സ്ഥാപനങ്ങളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ പൂർണ്ണമായും സൗജന്യമാണ്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ സൗകര്യം ലഭ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾമാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ലഭ്യമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ കോർണിയമാറ്റ ശസ്ത്രക്രിയ ചെയ്തുവരുന്നുണ്ട്.

2021-22 വർഷത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റത്തിനായുള്ള ഉപകരണങ്ങളും മറ്റു സൗകര്യങ്ങൾക്കുമായി ഒരു കോടി എഴുപത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തേയ്ക്കായി സംസ്ഥാനത്ത് 3 മെഡിക്കൽ കോളേജിലേയും അവയവമാറ്റത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു കോടി അമ്പത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അവയവമാറ്റം അടക്കം വലിയ തരത്തിലുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി നിലവിലുള്ള സേവനങ്ങൾ വിപുലീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## പി.പി.ഇ. കിറ്റിന്റെ വിലയിലെ അന്തരം

248 (248) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സാൻ ഫർമ എന്ന സ്ഥാപനത്തിൽ നിന്നും നടത്തിയ കോവിഡ്കാല പർച്ചേസുകൾക്ക് അന്നത്തെ ആരോഗ്യ മന്ത്രി, ധനകാര്യ മന്ത്രി, മുഖ്യമന്ത്രി എന്നിവർ അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റോർ പർച്ചെയ്സ് മാന്വൽ പ്രകാരം മാർക്കറ്റ് നിരക്കിൽ മാത്രമേ സാമഗ്രികൾ വാങ്ങാൻ പാടുള്ളൂയെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് സാൻ ഫർമ എന്ന സ്ഥാപനത്തിൽ നിന്നും കോവിഡ് കാലത്ത് പി.പി.ഇ. കിറ്റ് വാങ്ങിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും അംഗീകാരം നൽകിയതിന്റെ കാരണം വിശദമാക്കാമോ;

(സി) സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സമർപ്പിച്ച നോട്ട് ഫയലിൽ തൊട്ടടുത്ത ദിവസങ്ങളിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ അന്തരം ഉണ്ടായിട്ടും ഇത് പരിശോധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ - സി) രാജ്യവ്യാപകമായി Notified Disaster ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ട് ചീഫ് സെക്രട്ടറി ചെയർമാൻ ആയ State Crisis Management Group- ന്റെ 28.03.2020-ലെ യോഗതീരുമാനം, 04.04.2020-ലെ സ.ഉ(സാധാ)നം. 09/2020/എസ്.പി.ഡി, 12.06.2020-ലെ സ.ഉ(സാധാ)നം. 12/2020/എസ്.പി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം

കെ.എം.എസ്.സി.എൽ. നടത്തിയ കോവിഡുകാല പർച്ചേസുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു.

കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യാൻതക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് പരിശോധിക്കുകയും ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നെന്ന് കെ.എം.എസ്.സി.എൽ. നൽകിയ മറുപടിയിൽ പറയുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ

സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇത്തരം മുൻകരുതൽ സർക്കാർ സ്വീകരിച്ചതുകൊണ്ടാണ് കോവിഡിന്റെ ആദ്യഘട്ടത്തിൽ വ്യാപനം കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്. കോവിഡ് രൂക്ഷമായ ഘട്ടത്തിൽ കെ.എം.എസ്.സി.എൽ. സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്.

## രാത്രികാല പോസ്റ്റ്മോർട്ടം

249 (249) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് ഇപ്പോൾ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നത്; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന്

സ.ഉ.(കൈ)നം.239/2015/ആ.കു.വ പ്രകാരം അനുമതി നൽകുകയുണ്ടായി. നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തിവരുന്നുണ്ട്.

(ബി) നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടക്കാത്ത ആശുപത്രികളിൽ അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള അനുമതി നൽകുന്നതിനും ആയതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി & സി) ഫോറൻസിക് സർജൻ ഉൾപ്പെടെയുള്ള മനുഷ്യ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലും ഫോറൻസിക് വകുപ്പ് മുൻ

മേധാവിയുമായ ഡോ. ശശികലയെ ഏകാംഗ കമ്മിറ്റിയായി 30.09.2022-ലെ സ.ഉ.(സാധാ)നം2391/2022/ആ.കു.വ പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങൽ**

250 (250) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജനുവരി 29-ന് ശേഷം മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയെന്ന വിവരം, തീയതി, വാങ്ങിയ ഇനം, ഒരു ഇനത്തിന്റെ വില, ആകെ തുക എന്നിവ ചേർത്ത് നൽകാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 150 കമ്പനികളിൽനിന്നായി 1210 പർച്ചേസ് ഓർഡറുകളിലായി 16 ഇനം കോവിഡ് പ്രതിരോധ സാമഗ്രികൾ 421.38 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

**സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. യിൽ നിന്നും N-95 മാസ്ക്**

251 (251) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും N-95 മാസ്ക് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നോ; എങ്കിൽ കരാർ പ്രകാരം ഒരു N-95 മാസ്കിന്റെ വില, കരാർ തീയതി എന്നിവ വിശദമാക്കാമോ?

സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും N-95 മാസ്ക് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നു. 25.03.2020-ലെ പർച്ചേസ് ഓർഡർ പ്രകാരം ഒരു N-95 മാസ്കിന്റെ വില 157 രൂപയാണ്.

(ബി) പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണോ; ഇല്ലെങ്കിൽ സ്ഥാപനത്തിന്റെ ബില്ലിൽ ജി.എസ്.ടി. നമ്പർ രേഖപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കെ.എം.എസ്.സി.എൽ.-ൽ നിന്നും ലഭ്യമായ വിവരംപ്രകാരം പ്രസ്തുത സ്ഥാപനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതല്ല. ആയതിനാൽ ജി.എസ്.ടി. നമ്പർ ലഭ്യമല്ല. സ്ഥാപനത്തിന്റെ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജി.എസ്.ടി. നമ്പരാണ്.

(സി) വിദേശത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിൽ നിന്നും സാമഗ്രികൾ വാങ്ങാനുള്ള കരാറിൽ സംസ്ഥാന സർക്കാർ ഏർപ്പെടുമ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമാണോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല.

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

252 (252) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുമ്പോഴും മിക്ക സ്ഥലങ്ങളിലും മരുന്ന്

ക്ഷാമം രൂക്ഷമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കെ.എം.എസ്.സി.എൽ. വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബുകളിൽ നടത്തിയ പരിശോധനകളിൽ എത്ര ശതമാനം മരുന്നുകളാണ് ഗുണനിലവാരം ഇല്ലാത്തതായി കണ്ടതെന്നതിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് ലഭ്യമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബുകളിൽ നിന്നും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ മരുന്നുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വിവിധ എൻ.എ.ബി.എൽ. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളുടെ സ്ഥിരീകരണ പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ഇപ്രകാരം നടത്തുന്ന പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടരുപയോഗവും വിതരണവും (ഓൺലൈൻ സോഫ്റ്റ്വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. പ്രസ്തുത പരിശോധനാഫലത്തെ അന്തിമ പരിശോധനാഫലമായി കണക്കാക്കി കോർപ്പറേഷൻ ദർഘാസ് വ്യവസ്ഥകൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

**എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും N-95 മാസ്ക്**

253 (253) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും N-95 മാസ്ക് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ 25.3.2020 തീയതിയായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് 25.03.2020 തീയതിക്ക് മുമ്പ് N-95 മാസ്ക് നൽകാമെന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ വിശാദാംശം ലഭ്യമാക്കാമോ;

(സി) സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച ബി3/130/2020 -ഹെൽത്ത് എന്ന ഫയലിൽ 25.03.2020-ലെ പർച്ചേസ് ഓർഡറിൽ ഒരു N-95 മാസ്കിന്റെ വില 180 രൂപയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

(എ – സി) കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയ വിവരം പ്രകാരം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്ന കമ്പനിക്ക് 25.03.2020-ന് N-95 മാസ്കിന് പർച്ചേസ് ഓർഡർ നൽകിയിരുന്നു. എന്നാൽ 27.05.2020-ന് ഓർഡർ കാൻസൽ ചെയ്തിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് 25.03.2020-ന് മുമ്പ് N-95 മാസ്ക് നൽകാമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചിട്ടില്ല.

**ആലപ്പുഴയിൽ കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം**

254 (254) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ജില്ലകളിൽ സ്ഥാപിക്കുന്ന നവോത്ഥാന കേന്ദ്രങ്ങളുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക

സമുച്ചയം സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ (File No. 374/Health E2/2022) വിശദമാക്കുമോ;

(ബി) പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സ്ഥലം കൈമാറ്റം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നം. 18 റിസർവ്വേ നമ്പർ 30-ലെ സ്ഥലത്തുനിന്നും അഞ്ച് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്കാരിക വകുപ്പിന് വിട്ടുനൽകുന്നതിന് സമ്മതമാണെന്ന് 25.06.2020-ന് ആലപ്പുഴ ജില്ല കളക്ടറെ അറിയിച്ചിരുന്നു.

സർക്കാർ ഭൂമി ഏത് വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും അതിന്റെ കസ്റ്റോഡിയനെന്ന നിലയിൽ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കിയതിനുശേഷം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുക മാത്രമേ സാധ്യമാകുകയുള്ളൂ. നിലവിൽ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിന് (Land Bank) കൈമാറുന്നതിന്മേൽ 01.11.2022-ലെ കത്ത് പ്രകാരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുന്നു. ആയത് ലഭ്യമായാൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പേവിഷബാധയ്ക്കെതിരായ വാക്സിനേഷൻ**

255 (255) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പേവിഷബാധയേറ്റ് മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നും നായയുടെ കടിയേറ്റതിനുശേഷം പേവിഷബാധയ്ക്കെതിരെ വാക്സിൻ എടുത്ത എത്രപേർ മരണപ്പെട്ടെന്നും അറിയിക്കുമോ?

2022 ജനുവരി മുതൽ ഒക്ടോബർ വരെ 23 മരണങ്ങൾ പേവിഷബാധമൂലം ഉണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുള്ളവരാണ്. 2021 വർഷത്തിൽ സംസ്ഥാനത്ത് പേവിഷബാധമൂലം 11 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 3 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും എടുത്തിട്ടുള്ളവരാണ്.

(ബി) പേവിഷബാധയ്ക്കെതിരെ വാക്സിൻ എടുത്തശേഷവും മരണങ്ങൾ സംഭവിച്ചതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

2022-ൽ ഇതുവരെയുണ്ടായ 23 മരണങ്ങളിൽ 6 പേർക്കും IDRV, ERIG എന്നിവ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയെല്ലാംതന്നെ മുഖത്തും കഴുത്തിലും കൈവെള്ളയിലുമുണ്ടായിട്ടുള്ള category 3 മുറിവുകളാണെന്നാണ് അവലോകനത്തിൽ മനസ്സിലാക്കിയിട്ടുള്ളത്. 2022 ജനുവരി മുതൽ സെപ്റ്റംബർ വരെയുണ്ടായ പേവിഷബാധ മരണങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. സമിതി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു. വാക്സിൻ എടുത്തിട്ടും മരണമടഞ്ഞവർക്ക് ഗുരുതരമായ മുറിവുകളിലൂടെ നേരിട്ട് ഞരമ്പുകളിൽ വൈറസ് പ്രവേശിച്ചത് മൂലമാകാനാണ് സാധ്യതയെന്നാണ് വിദഗ്ദ്ധ സമിതി വിലയിരുത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെ നൽകിവരുന്ന വാക്സിനുകൾ ഏതെല്ലാമാണ്; ഏതെങ്കിലും വാക്സിന് ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പേവിഷബാധയ്ക്ക് പ്രതിരോധ മരുന്നുകളായി ആന്റി റാബീസ് വാക്സിനുകളും ഇമ്മ്യൂണോഗ്ലോബുലിനുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പേവിഷബാധയ്ക്ക് എതിരെയുള്ള രണ്ടുതരം വാക്സിനുകളാണ് സംസ്ഥാനത്ത് ഉപയോഗത്തിലുള്ളത്.

1. Purified chick embryo cell rabies vaccine

2. Purified vero. cell Vaccine

ഈ വാക്സിനുകൾ എല്ലാം തന്നെ സെൻട്രൽ ഡ്രഗ് ലബോറട്ടറി (CDL)-യിൽ പരിശോധന കഴിഞ്ഞ് റിലീസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമാണ് സംസ്ഥാനത്ത് രോഗികൾക്ക് നൽകി വരുന്നത്. പേവിഷബാധ മരണങ്ങളെ തുടർന്ന് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും പുനഃപരിശോധനയ്ക്കായി Central Drug laboratory (CDL)-യിൽ അയച്ച് ഗുണനിലവാരം വീണ്ടും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും ഗുണനിലവാരമുള്ളതാണെന്ന് CDL വീണ്ടും certify ചെയ്തിട്ടുണ്ട്. കേരളത്തിലെ റാബീസ്മൂലമുള്ള മരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും നിയോഗിക്കപ്പെട്ട കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട്പ്രകാരം CDSCO

ശേഖരിച്ച വാക്സിൻ സാമ്പിളുകൾ സ്റ്റാൻഡേർഡ് ക്വാളിറ്റി ഉള്ളതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിനുവേണ്ടി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പേവിഷ പ്രതിരോധത്തിനായി ഉപയോഗിച്ചുവരുന്ന വാക്സിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ KMSCL ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.+

## കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രവൃത്തി പൂർത്തിയായ പി.എം.എസ്.എസ്.വൈ ബ്ലോക്ക് പ്രവർത്തനം

256 (256) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെയും ഓപ്പറേഷൻ തിയേറ്ററുകളുടെയും നിലവിലുള്ള സ്ഥലപരിമിതി, അസൗകര്യങ്ങൾ എന്നിവ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെയും ഓപ്പറേഷൻ തിയേറ്ററുകളുടേയും നിലവിലുള്ള സ്ഥലപരിമിതിയും അസൗകര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്യാഹിത വിഭാഗം, ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പി.എം.എസ്.എസ്.വൈ. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ?

പി.എം.എസ്.എസ്.വൈ. ബ്ലോക്കിന്റെ നിർമ്മാണം 99% പൂർത്തിയായിട്ടുണ്ട്.

(സി) എത്ര കോടി രൂപ ചെലവിട്ടാണ് പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയത് എന്നറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉപകരണങ്ങൾ പ്രസ്തുത ബ്ലോക്കിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ?

195.93 കോടി രൂപ ചെലവഴിച്ചാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നത്. പി.എം.എസ്.എസ്.വൈ. ബ്ലോക്കിൽ പുതിയ എം.ആർ.ഐ. മെഷീൻ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററും പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഈ ബ്ലോക്കിലേയ്ക്കാവശ്യമായ ട്രോമ ട്രോളിയും സി.റ്റി.യു.എസ്.ജി. മെഷീനും ഓപ്പറേഷൻ തീയേറ്റർ ടേബിളും ഇ.ഡി.ഐ.സി.യു. വെന്റിലേറ്ററും ഈ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന്റെ പക്കൽനിന്നും ലഭിക്കാനുണ്ട്. ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുകയും ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്താലുടൻ അത്യാഹിത വിഭാഗവും ഓപ്പറേഷൻ തീയേറ്ററും പി.എം.എസ്.എസ്.വൈ. ബ്ലോക്കിലേയ്ക്ക് മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ

257 (257) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാൻ പുരോഗതി വിശദമാക്കാമോ;

(ബി) പൂർത്തിയായതും അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ & ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട് 717.29 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി 3 ഘട്ടങ്ങളാണുള്ളത്. ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന റോഡ്, പാലം എന്നിവയുടെ വികസനത്തിനായി 33.88 കോടി രൂപയും മൾട്ടി ലെവൽ കാർപാർക്കിംഗ് സിസ്റ്റത്തിനായി 24.49 കോടി രൂപയും ഉൾപ്പെടെ 58.37 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളും മേൽപ്പാലവും 12.08.2022-ൽ പൂർത്തീകരിക്കുകയും ബഹു. മുഖ്യമന്ത്രി 16.08.2022-ൽ ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. മൾട്ടി ലെവൽ കാർ പാർക്കിംഗിനുവേണ്ടിയുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ OT cum surgical block, SATH new block, MLT block എന്നിവയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. ഇതിൽ OT cum surgical block നിർമ്മാണത്തിനായി നിലവിലുള്ള വാർഡുകൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മൂന്നാം ഘട്ട പ്രവർത്തനത്തിൽ Hostel & Residential Complex for accommodating faculty, Residence & Interns, Nurses paramedical

Staff, Other Staff, New Academic Block, Imageology Complex, New hospital Block, Land acquisition എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

അവശേഷിക്കുന്ന പദ്ധതികൾ താഴെപ്പറയുന്ന തീയതികളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

•ഇമേജ്യോളജി - 2023 ഡിസംബർ

•CCTV - 2023 ഡിസംബർ

•MLT Block - 2024 ഫെബ്രുവരി

•MLCP - 2024 സെപ്റ്റംബർ

•SAT Block - 2024 ഡിസംബർ

•OT Block - 2025 മാർച്ച്

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക, കരൾ, കോർണിയ മാറ്റ ശസ്ത്രക്രിയകൾ നിലവിൽ നടന്നുവരുന്നു. ഹൃദയമാറ്റ ശസ്ത്രക്രിയക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കി വരുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വാർഡ്**

258 (258) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി വാർഡ് സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കിടക്കകളാണ് ഈ വാർഡിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) വാർഡ് സജ്ജീകരിച്ചിട്ടില്ലെങ്കിൽ ഈ വിഭാഗത്തിൽ കിടത്തി ചികിത്സ വേണ്ടി വരുന്ന രോഗികൾക്ക് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണെന്ന് വിശദീകരിക്കുമോ?

(എ & ബി) തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിനായി നിലവിൽ കിടത്തി ചികിത്സയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 28 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.

2. കാത്ത് ലാബ് കോംപ്ലക്സിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 12 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.

3. കാത്ത് ലാബിന്റെ ഭാഗമായി എല്ലാ സംവിധാനങ്ങളോടും കൂടിയ 9 കിടക്കകളുള്ള പ്രത്യേക വാർഡ് സജീകരിച്ചിട്ടുണ്ട്.

4. ഇതുകൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി എത്തുന്നവർക്ക് കിടത്തി ചികിത്സ നൽകുന്നതിനായി 72 പേവാർഡ് മുറികൾ പ്രത്യേകമായി സജീകരിച്ചിട്ടുണ്ട്.

5. ഇതിലുപരിയായി ഹൃദ്രോഗ ചികിത്സയ്ക്കായി 10 ബഡ്ഡുകൾ വീതം 4 വാർഡുകളിലായി 40 ബഡ്ഡുകൾ പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്.

(സി) ആവശ്യത്തിന് കിടക്കകൾ ഉൾപ്പെടുത്തി കാർഡിയോളജി വിഭാഗത്തിന് മാത്രമായി വാർഡ് സജ്ജീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പുതിയ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കാർഡിയോളജി വിഭാഗത്തിന് കൂടുതൽ സൗകര്യം ഒരുക്കുന്ന കാര്യം പരിഗണനയിലാണ്.

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

259 (260) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

24.03.2012-ലാണ് കാസർഗോഡ് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയത്. തുടർന്ന് 30.11.2013-നാണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2016 ഫെബ്രുവരി 25 മുതലാണ്.

(ബി) ഇതുവരെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതും മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഘട്ടംഘട്ടമായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും കാമ്പസ് റോഡുകളുടെ നിർമ്മാണവുമാണ് പൂർത്തിയായിട്ടുള്ളത്. ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ആഡിറ്റോറിയം, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

**(സി) കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ട സമയത്തും അതിനുശേഷവും ശിലാസ്ഥാപനം നടത്തിയ മറ്റ് മെഡിക്കൽ കോളേജുകൾ**

ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളേജുകൾ നിലവിൽ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

കോന്നി സർക്കാർ മെഡിക്കൽ കോളേജിന് 25.01.2013-നാണ് തറക്കല്ലിട്ടത്. ടി മെഡിക്കൽ കോളേജിൽ നിലവിൽ അഡ്മിഷൻ നടപടികൾ പൂർത്തിയായി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിന് 24.05.2013-നാണ് തറക്കല്ലിട്ടത്. ടി മെഡിക്കൽ കോളേജിൽ നിലവിൽ അഡ്മിഷൻ നടപടികൾ പൂർത്തിയായി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രണ്ട് കോളേജുകൾക്കും ജില്ലാ ആശുപത്രിയാണ് മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്നത്.

(ഡി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ തുകയുടെ സ്രോതസ്സ് വ്യക്തമാക്കുമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

ക്യാമ്പസ് റോഡ്, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം, കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക്, ഹോസ്പിറ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, അദ്ധ്യാപക ക്വാർട്ടേഴ്സ് ഗേൾസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നിലവിൽ 72.6588 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കാസർഗോഡ് വികസന പാക്കേജ്, നബാർഡ് ഫണ്ട് എന്നിവ വഴിയാണ് മേൽ നിർമ്മാണ പ്രവൃത്തികൾക്ക് പണം ചെലവഴിച്ചിട്ടുള്ളത്.

(ഇ) കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളതെന്നും അതിനുവേണ്ടിവരുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ; ഈ തുക കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ്

ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ആഡിറ്റോറിയം, മാലിന്യസംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ ബാക്കി സിവിൽ, ഫയർ ഫൈറ്റിംഗ് ജോലികൾ പൂർത്തീകരിക്കാനാവശ്യമായ 53 കോടിയോളം രൂപ കണ്ടെത്തേണ്ടതുണ്ട്.

(എഫ്) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ നിലവിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഐ.പി. വിഭാഗം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്.

(ജി) കാസർഗോഡ് മെഡിക്കൽ കോളേജിൽ രോഗികൾക്ക് വേണ്ടി ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ?

മെഡിക്കൽ കോളേജിൽ 7 ഒ.പി. വിഭാഗങ്ങളും 1 ഡന്റൽ സർജറി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

**ഡോക്ടർമാർക്ക് ഉപരിപഠന അവധി**

260 (262) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. ചെയ്യുന്നതിനായി എൽ.ഡബ്ല്യു.എ. അവധിക്ക് അപേക്ഷിച്ചാൽ അനുവദിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി ചെയ്യുന്നതിനായി ശൂന്യവേതനാവധിക്ക് അപേക്ഷിച്ചാൽ അനുവദിക്കപ്പെടാത്ത സാഹചര്യം നിലവിലില്ല.

(ബി) അനുമതി ലഭിക്കാതെ അവധിയിൽ പോയ ഡോക്ടർമാർക്ക് തിരികെ സർവ്വീസിൽ ജോയിൻ ചെയ്യാൻ കഴിയുമോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

അനുമതി ലഭിക്കാതെ അവധിയിൽ പ്രവേശിച്ചാൽ അനധികൃതാവധിയായി കണക്കാക്കുകയും നടപടിക്രമങ്ങൾ പാലിച്ച് സർക്കാർ അനുമതിയോടെ മാത്രം തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയുമാണ് ചെയ്യുന്നത്.

(സി) പി.ജി. ചെയ്യുന്നതിന് പഠനാവധി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കേരള സർവ്വീസ് ചട്ടങ്ങളിലെ നിർദ്ദിഷ്ട വ്യവസ്ഥകൾ പ്രകാരമാണ് ഉപരിപഠനത്തിനായി അവധി അനുവദിക്കുന്നത്.

**ആർ.സി.സി.യിൽ ശമ്പള പരിഷ്കരണം**

261 (263) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ എന്നുമുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ടെന്നും കുടിശ്ശിക എന്നുമുതലാണ് നൽകി തുടങ്ങുന്നതെന്നും വ്യക്തമാക്കുമോ?

(എ & ബി) ആർ.സി.സി.-യിൽ ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം 01.01.2016 മുതലാണ് പ്രാബല്യത്തിൽ വന്നത്. ഏഴാം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക നൽകുന്നതിന് ഏകദേശം 86 കോടി രൂപ

വേണ്ടി വരും. കുടിശ്ശിക നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**റീജിയണൽ ക്യാൻസർ സെന്റർ ഉദ്യോഗസ്ഥ നിയമനം**

262 (264) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ പെൻഷൻ ആയതിന് ശേഷവും (60 വയസ്സിന് ശേഷം) എത്ര ജീവനക്കാർ പല വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

60 വയസിന് മുകളിൽ പ്രായമുള്ള നാല് ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

(ബി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ നിയമനം നൽകിയിട്ടുള്ളത്; ശമ്പളയിനത്തിൽ പ്രതിമാസം എത്ര തുക ഇതിനായി ചെലവഴിക്കുന്നുണ്ട്; ഓരോരുത്തർക്കും നൽകുന്ന തുക പേര് സഹിതം വ്യക്തമാക്കുമോ?

ദീർഘകാല പ്രവൃത്തി പരിചയവും വൈദഗ്ധ്യവും വേണ്ട 3 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ പെൻഷൻ പറ്റിയ ജീവനക്കാരിൽ

നിന്നും നിയമിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ആളുകളെ നിയമിച്ചിട്ടുണ്ട്.

| തസ്തിക | പേര് | ശമ്പളം |
|---|---|---|
| സൈറ്റോപത്തോളജിസ്റ്റ്, ECDC,എറണാകുളം | ഡോ . ലത എ. | 50000 |
| അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | ഡോ. രാജീവൻ വി. | 65000 |
| ഇന്റേണൽ ഓഡിറ്റ് ഓഫീസർ | ശ്രീ. ഔസേഫ് എം. എം. | 50000 |

കൂടാതെ, ആർ.സി.സി.-യിലെ പ്രോജക്ടുകളുടെ മേൽനോട്ടത്തിന് കൺട്രോളർ & ഓഡിറ്റർ ജനറൽ പാട്രനായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഓഡിറ്റേഴ്സ് ഓഫ് ഇന്ത്യ കേരള ചാപ്റ്ററിൽ നിന്നും ദീർഘകാല പ്രവൃത്തി പരിചയവും വൈദഗ്ധ്യവുമുള്ള ഒരാളിന്റെ സേവനം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം വിട്ടുനൽകിയ ശ്രീ. ടി. ജയകുമാർ എന്നയാളിന് കരാർ വ്യവസ്ഥയിൽ നികുതി ഉൾപ്പെടെ പ്രതിമാസം 47,200 രൂപ (കൺസൾട്ടൻസി ഫീ) നൽകിവരുന്നു.

## പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം

263 (265) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ

എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് - II) തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ 2023 ഡിസംബറിനകം സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒരു ഒഴിവ്.

(സി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ 181-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 75-ഉം നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് II) അനുവദനീയ തസ്തികകളാണുള്ളത്.

(ഡി) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ എത്ര പേർ നിലവിൽ ജോലിചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സായി ആകെ 227 ജീവനക്കാർ വിവിധ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുണ്ട്.

**ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ നിയമനം**

264 (266) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇല്ല. ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ 30 തസ്തികകളിൽ 28 പേർ നിലവിലുണ്ട്. നഴ്സിംഗ് അസിസ്റ്റന്റിന്റെ 23

തസ്തികകളും ടി ആശുപത്രിയിലുണ്ട്. നിലവിൽ ലഭ്യമായ ജീവനക്കാരെ വിനിയോഗിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടന്നുവരുന്നു.

(ബി) ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തേഷ്യ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗങ്ങളിലെ സ്ഥിരം ഡോക്ടർമാർക്ക് പുറമെ എൻ.എച്ച്.എം. മുഖേന 4 ഡോക്ടർമാർ, ഒരു ഡയറ്റീഷ്യൻ, എൽ.എസ്.ജി.ഡി. മുഖേന ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു റേഡിയോഗ്രാഫർ എന്നിങ്ങനെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാർ അടക്കമുള്ള അനിവാര്യമായ ജീവനക്കാരുടെ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ**

265 (267) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ് 05.10.2021 സർക്കുലർ നം.ഉപ.സി3/174/2021/ഉഭപവ പ്രകാരം 2022 കലണ്ടർ വർഷം ഓരോ ജില്ലയിലും ആരോഗ്യവകുപ്പിനുകീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുണ്ടാകുമെന്നാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

| ക്രമ നം. | ജില്ല | പ്രതീക്ഷിത ഒഴിവുകൾ (വിരമിക്കൽ മൂലമുള്ളത്) |
|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | ഇല്ല |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | ഇല്ല |
| 9 | പാലക്കാട് | 1 |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | 1 |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | ഇല്ല |

| | | |
|---|---|---|
| 14 | കാസർഗോഡ് | ഇല്ല |

28.11.2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.180/2019/ആ.കു.വ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയുടെ നിയമനം സംസ്ഥാന തലത്തിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തസ്തികയിൽ 2022 വർഷത്തിൽ പ്രതീക്ഷിത ഒഴിവുകളില്ല.

(ബി) 2022 നവംബർ വരെ ഓരോ ജില്ലയിലും ആരോഗ്യവകുപ്പിനുകീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുണ്ടായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

| ക്രമ നം | ജില്ല | ഒഴിവുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 38 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 13 |
| 8 | തൃശ്ശൂർ | 33 |
| 9 | പാലക്കാട് | 11 |
| 10 | മലപ്പുറം | 7 |
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | Nil |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2022 നവംബർ വരെ 16 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(സി) 08-11-2022-ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ് സർക്കുലർ നം. ഉപ.സി3/100/2022/ഉഭപവ പ്രകാരം 2023 കലണ്ടർ വർഷം ഓരോ ജില്ലയിലും ആരോഗ്യവകുപ്പിന് കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുണ്ടാകുമെന്നാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമാക്കുമോ?

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ 2023 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.

- പത്തനംതിട്ട - 1
- കാസർഗോഡ് - 1

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2023 കലണ്ടർ വർഷത്തെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ആരോഗ്യവകുപ്പിന് കീഴിൽ സംസ്ഥാനത്ത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 മുതൽ ടെക്നിക്കൽ അസിസ്റ്റന്റ് വരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നുള്ള വിവരം ലഭ്യമാക്കുമോ?

- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 – 27
- ഹെൽത്ത് ഇൻസ്പെക്ടർ - 45
- ഹെൽത്ത് സൂപ്പർവൈസർ - 6
- ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 – 7
- ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 – 1

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകളും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ 2 ഒഴിവുകളുമാണ് നിലവിലുള്ളത്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I & II തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പ്രമോഷൻ തസ്തികയെന്ന നിലയിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ല.

(ഇ) പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ; അടിയന്തരമായി പ്രൊമോഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -1</u>

ടി തസ്തികയുടെ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

<u>ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -2</u>

ടി തസ്തികയിൽ സ്ഥാനക്കയറ്റം നടത്തിവരുന്ന സീനിയോരിറ്റി ലിസ്റ്റിൽ തർക്കങ്ങൾ നിലനിന്നിരുന്നു. ആയത് നിലവിൽ പരിഹരിക്കുകയും സ്ഥാനക്കയറ്റ നടപടികൾ സ്വീകരിക്കുയും ചെയ്തിട്ടുണ്ട്.

<u>ഹെൽത്ത് സൂപ്പർവൈസർ</u>

ടി തസ്തികയിൽ പ്രൊമോഷൻ 03.10.2022-ന് നടത്തിയിട്ടുണ്ട്.

<u>ഹെൽത്ത് ഇൻസ്പെക്ടർ</u>

ടി തസ്തികയിൽ 29.07.2022-ന് പ്രൊമോഷൻ നടത്തിയിട്ടുണ്ട്.

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1</u>

17.09.2022-ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിൽ നിന്നും 100 പേർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ എല്ലാവർക്കും ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഹെൽത്ത് സൂപ്പർവൈസർ തസ്തികയുടെ യോഗ്യത, നിയമനരീതി എന്നിവ സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് ടി തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചികിത്സാ തുക ക്രമീകരിക്കൽ

266 (268) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം NSS പോളിടെക്നിക്കിലെ ട്രേഡ്സ്മാനായ ശ്രീ. ജയറാം എ., തന്റെ ക്യാൻസർ ചികിത്സാർത്ഥം അനുവദിച്ച 5 ലക്ഷം രൂപയുടെ പലിശരഹിതവായ്പ ക്രമീകരിക്കുന്നതിന്റെ ഭാഗമായി സമർപ്പിച്ച 9,03,757 രൂപയുടെ ബില്ലുകളിൽ 3,73,413 രൂപയുടെ ബില്ലുകൾ മാത്രം ക്രമീകരിക്കുകയും ബാക്കി നിരസിക്കുകയും 1,26,587 രൂപ തിരിച്ചടയ്ക്കുകയും ചെയ്യണമെന്ന് ഉത്തരവായതിന് കാരണം വിശദമാക്കാമോ;

(ബി) ടിയാൻ ഈ വിഷയത്തിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ & ബി) പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ട്രേഡ്സ്മാനായ ശ്രീ.ജയറാം.എ.-ക്ക് ക്യാൻസർ ചികിത്സാർത്ഥം 13.10.2016-ൽ പലിശരഹിത വായ്പ അനുവദിച്ചിരുന്നു.

പലിശരഹിത വായ്പ അനുവദിക്കുന്നതിന് മുമ്പുള്ള ബില്ലുകൾ പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിന് പരിഗണിക്കാൻ നിർവ്വാഹമില്ല. IFMA അനുവദിക്കുന്നതിനുമുൻപുള്ള ബില്ലുകളും ശേഷമുള്ള ബില്ലുകളും വെവ്വേറെയായി DHS/DMO പരിശോധിച്ച് അനുവദനീയമായ തുക വെവ്വേറെ റിപ്പോർട്ട് ചെയ്തതിനുശേഷം, IFMA അനുവദിക്കുന്നതിന് മുൻപുള്ള ബില്ലുകൾ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായും ശേഷമുള്ള ബില്ലുകൾ IFMA ക്രമീകരിക്കുന്നതിനായും ലഭ്യമാക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി. അവിടെ നിന്നും ലഭ്യമാക്കിയ ന്യൂനത പരിഹരിച്ച ബില്ലുകൾ പരിശോധിച്ച് 3,73,413 രൂപ പലിശരഹിത വായ്പയായി അനുവദിച്ച 5,00,000 രൂപയിൽ ക്രമീകരിച്ച് ബാക്കി തുകയായ 1,26,587 രൂപ തിരിച്ചു പിടിക്കാനും നിർദ്ദേശം നൽകിയിരുന്നു.

(സി) ടിയാൻ സമർപ്പിച്ച ബില്ലുകൾ പുനഃപരിശോധിച്ച് വായ്പ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ടിയാൻ സമർപ്പിച്ച ബില്ലുകൾ പുനഃപരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കുന്നപക്ഷം പരിശോധിച്ച് വായ്പാ തുക ക്രമീകരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

**ബയോമെഡിക്കൽ എഞ്ചിനീയർ/ടെക്നീഷ്യൻ സ്ഥിരം തസ്തികകൾ**

267 (269) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ബയോ മെഡിക്കൽ എഞ്ചിനീയർ /ടെക്നീഷ്യൻ എന്നിവരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ആരോഗ്യവകുപ്പിൽ ബയോ-മെഡിക്കൽ എഞ്ചിനീയർ/ടെക്നീഷ്യൻ എന്നീ തസ്തികകൾ നിലവിലില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബയോ മെഡിക്കൽ എഞ്ചിനീയറുടെ നാല് തസ്തികകളാണ് നിലവിലുള്ളത്.

(ബി) ജില്ലാ ആശുപത്രികൾ മുതൽ മുകളിലുള്ള എല്ലാ ആശുപത്രികളിലും ബയോ മെഡിക്കൽ എഞ്ചിനീയർ/ടെക്നീഷ്യൻ എന്നിവരുടെ ആവശ്യമായ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ താൽക്കാലിക നിയമനങ്ങളിൽ ബയോമെഡിക്കൽ ഡിപ്ലോമ യോഗ്യതയുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി &സി) ഇപ്പോൾ പരിഗണനയിലില്ല.

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ**

268 (270) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

(എ & ബി) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരുടെ ഒഴിവുകൾ താഴെപ്പറയുന്നു.

| ജില്ല | തസ്തിക | ഒഴിവുകളുടെ എണ്ണം | പി.എസ്സ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 55 | 55 |

| | | | |
|---|---|---|---|
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 35 | |
| കൊല്ലം | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 80 | 74 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 3 | |
| പത്തനംതിട്ട | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 21 | 19 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 5 | |
| ആലപ്പുഴ | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 65 | 65 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 11 | |
| കോട്ടയം | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 61 | 60 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 0 | |
| ഇടുക്കി | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 45 | 45 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 39 | |
| എറണാകുളം | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 73 | 73 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 0 | |
| തൃശ്ശൂർ | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 35 | 35 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 61 | |
| പാലക്കാട് | ജെ.പി.എച്ച്.എൻ ഗ്രേഡ് -II | 54 | 54 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 89 | |
| മലപ്പുറം | ജെ.പി.എച്ച്.എൻ ഗ്രേഡ്-II | 53 | 53 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 112 | |

| | | | |
|---|---|---|---|
| കോഴിക്കോട് | ജെ.പി.എച്ച്.എൻ ഗ്രേഡ്-II | 37 | 36 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 72 | |
| വയനാട് | ജെ.പി.എച്ച്.എൻ ഗ്രേഡ്-II | 22 | 22 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 52 | |
| കണ്ണൂർ | ജെ.പി.എച്ച്.എൻ ഗ്രേഡ്-II | 41 | 36 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 44 | |
| കാസർഗോഡ് | ജെ.പി.എച്ച്.എൻ ഗ്രേഡ്-II | 42 | 42 |
| | ജെ.പി.എച്ച്.എൻ ഗ്രേഡ്-I | 50 | |
| | ആകെ ഒഴിവുകൾ | 1257 | 669 |
| <u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u><br>29.10.2019-ലെ സ.ഉ. (കൈ) നം.163/2019/ആ.കു.വ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം സംസ്ഥാന തലമാക്കി ഉത്തരവായിട്ടുണ്ട്. ടി തസ്തികയിൽ താഴെപ്പറയുന്ന മെഡിക്കൽ കോളേജുകളിലായി ഏഴ് ഒഴിവുകളുണ്ട്.<br>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 2<br>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം -2<br>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് -2<br>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി -1<br>അഞ്ച് ഒഴിവുകൾ പി.എസ്സ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | | | |

## ഫയൽ പകർപ്പ്

269 (271) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ് 3/116/220 ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

270 (272) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജില്ലാ/താലൂക്ക്/ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/ സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ/പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് പുറപ്പെടുവിച്ച 15.09.2010-ലെ സ.ഉ(കൈ) നമ്പർ 125/2010/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്, 14.03.2013-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ(കൈ)91/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരമുള്ള ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളുടെ ഉപചട്ടം (3)-ൽ ആണ് HMC അംഗങ്ങളുടെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ നിർവ്വചിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലവൻ അദ്ധ്യക്ഷനായും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ത്രിതല പഞ്ചായത്ത് അംഗങ്ങൾ, സ്ഥാപനത്തിന്റെ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപന പൊതുമരാമത്ത് എഞ്ചിനീയർ, പ്രദേശത്തെ ചുമതലയുള്ള ഇലക്ട്രിസിറ്റി, വാട്ടർ അതോറിറ്റി എഞ്ചിനീയർമാർ എന്നീ അംഗങ്ങളും മെഡിക്കൽ ഓഫീസർ കൺവീനർ/ട്രഷററുമായ 15 അംഗ സമിതിയിൽ തദ്ദേശഭരണ സ്ഥാപനം തെരഞ്ഞെടുക്കുന്ന ആരോഗ്യ മേഖലയിൽ സജീവമായി ഇടപഴകുന്ന 2 പേരും ഉൾപ്പെടും. പ്രസ്തുത ഔദ്യോഗിക അംഗങ്ങൾക്ക് പുറമേ പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ലോകസഭ, നിയമസഭ അംഗം, CDS Chairperson, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി എന്നിവരും ദേശീയ

രാഷ്ട്രീയ കക്ഷികളുടെയും കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെയും ജില്ലാ പ്രസിഡന്റുമാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്നിവർ HMC-ലെ അംഗങ്ങളായിരിക്കുന്നതാണ്.

(ബി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നത് തടയാനുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടത്തിലെ ചട്ടം (3)-ലും 2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടത്തിലെ ചട്ടം (3)-ലും വ്യവസ്ഥചെയ്യും പ്രകാരമാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നത്.

(സി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) 15-09-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/തസ്വഭവ -അനുബന്ധമായി ചേർത്തിട്ടുണ്ട്+.

2) 14-03-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/തസ്വഭവ -അനുബന്ധമായി ചേർത്തിട്ടുണ്ട് +.

(ഡി) കുടുംബാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വ്യത്യാസമുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ ആശുപത്രികളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ/ജനറൽ/സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവിടങ്ങളിൽ 05.11.2001-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 277/01/ആകുവ, 13.11.2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2017/ആ.കു.വ. -യിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശുപത്രി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ/ആശുപത്രി ഡെവലപ്പ്മെന്റ് കമ്മിറ്റികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിച്ചിരിക്കുന്നത്. ജില്ലാ/താലൂക്ക്/ബ്ലോക്ക് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ രോഗീസൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനായി തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ് പുറപ്പെടുവിച്ച 15.09.2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/2010/ത സ്വഭവ പ്രകാരവും 14.03.2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/2013/തസ്വഭവ പ്രകാരവും പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരമാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

ഓരോ ആരോഗ്യ സ്ഥാപനങ്ങളുടെയും ആവശ്യകതകൾ, പ്രത്യേക സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്താണ് ആശുപത്രി വികസന സൊസൈറ്റികൾ/ആശുപത്രി വികസന കമ്മിറ്റികൾ/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. ആയതിനാൽ അവയുടെയെല്ലാം ബൈലാകളും വ്യത്യസ്തമാണ്.

(ഇ) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ അധികാരങ്ങൾ എന്തൊക്കെ?

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ അധികാരങ്ങൾ താഴെപ്പറയുന്നു.

1) ഒരു ഡിസ്പെൻസറിക്കോ പ്രാഥമിക കേന്ദ്രത്തിനോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോ താലൂക്ക് ആശുപ്രതിക്കോ ജില്ലാ ആശുപത്രിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേകതരത്തിലുള്ള ആശുപത്രിക്കോ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരത്തിൽ കുറയാതെയുള്ള ഭൗതിക സൗകര്യങ്ങളും സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഭരണ ചുമതലയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശിപാർശകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുക.

2) പൊതുജനാരോഗ്യസ്ഥാപനത്തിലെ മരാമത്ത് പണികൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ശുദ്ധജല വിതരണം, വൈദ്യുതോപകരണങ്ങൾ ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുചീകരണ പ്രവർത്തനങ്ങൾ, രോഗികൾക്കും അവരുടെ സഹായികൾക്കും അവരെ സന്ദർശിക്കുന്നവർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയ്ക്ക് മേൽനോട്ടം വഹിക്കുക.

3) പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവത്സര വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുക.

4) മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുകയും ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അതിൽ നിന്ന് തുക ചെലവിടുകയും ചെയ്യുക.

5) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ജില്ലാ മെഡിക്കൽ ആഫീസർക്കും റിപ്പോർട്ട് നൽകുക.

6) പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച് പൗരാവകാശ രേഖ പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആവശ്യമെങ്കിൽ പൗരവകാശരേഖ പുതുക്കി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ശിപാർശ നൽകുകയും ചെയ്യുക.

(എഫ്) അനാവശ്യമായ തർക്കങ്ങളിലൂടെ ഒരംഗം ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ പ്രവർത്തിച്ചാൽ ആ അംഗത്തിനെതിരെ എന്ത് നടപടിയാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

ചട്ടങ്ങളിൽ നിലവിൽ ഇതുസംബന്ധിച്ച വ്യവസ്ഥയില്ല.

## ശസ്ത്രക്രിയ പിഴവ്

271 (273) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സ്റ്റീഫൻ, ഷിബു നിവാസ്, തേരണി, മണവാരി കുന്നത്തുകാൽ എന്നയാൾക്ക് മൂന്ന് വർഷം മുമ്പ് ആർ.സി.സി. -യിൽ നിന്നും വായിൽ നടത്തിയ ശസ്ത്രക്രിയയെ തുടർന്ന് വായിൽ മുടി വളരുന്നത് ശസ്ത്രക്രിയ പിഴവായതിനാൽ ടിയാൾക്ക് സർക്കാർ നഷ്ടപരിഹാരം വാഗ്ദാനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരം നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) ടിയാൾക്ക് ഇപ്പോൾ ആഹാരംപോലും കഴിക്കാൻ സാധിക്കാത്ത വിധം മുടി വളർന്ന് ഒരു ജോലിക്കും പോകാൻ പറ്റാത്ത സാഹചര്യത്തിലായതിനാൽ സർക്കാർ സഹായം ചെയ്യുവാൻ തയ്യാറാകുമോ; സർക്കാർ സഹായ തുക എത്രയാണെന്നും എപ്പോൾ നൽകുമെന്നും അറിയിക്കാൻ സാധിക്കുമോ?

(എ & ബി) ഇല്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ബോർഡ് രൂപീകരിച്ച് അന്വേഷണം നടത്തിയതിൽ ആർ.സി.സി.-യിൽ ചികിത്സ പിഴവ് സംഭവിച്ചിട്ടില്ലെന്ന്

കണ്ടെത്തിയിട്ടുള്ളതാണ്. അതിനാൽ നഷ്ടപരിഹാരം നൽകേണ്ട ആവശ്യകത വരുന്നില്ല.

**കെ.എം.എസ്.സി.എൽ. വാങ്ങിയ തെർമോമീറ്ററുകൾ**

272 (274) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-ന് ശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും തെർമോമീറ്ററുകൾ വാങ്ങിയെന്നറിയിക്കാമോ;

(ബി) വാങ്ങിയ തീയതിയും എണ്ണവും ഒരു തെർമോമീറ്ററിന് നൽകിയ വിലയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം പാർക്കിൻസ് എന്റർപ്രൈസസ്, ട്രിച്ചൂർ സർജിക്കൽസ്, ശ്രീ വൽസ എക്സ്പോർട്ട്സ് ഗ്ലോബൽ ടെക്സ്റ്റൈൽ എന്നീ കമ്പനികളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച തെർമോമീറ്ററുകൾ സംബന്ധിച്ച വിശദാംശങ്ങളും M/s തോഷ്നിവൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും സംഭരിച്ച

തെർമോമീറ്ററുകൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.

## ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ

273 (275) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ നഴ്സിംഗ് കൗൺസിൽ അനുവദിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് (രജിസ്ട്രേഷൻ) നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വിധം/നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.

1. കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയെന്ന് കാണിച്ചുകൊണ്ടുള്ള അപേക്ഷ (ടെലിഫോൺ നമ്പർ, ഇ-മെയിൽ വിലാസം സഹിതം).

2. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതുസംബന്ധിച്ച് നൽകിയ പത്രപരസ്യം (പത്രത്തിന്റെ ഒറിജിനൽ).

3. പോലീസ് റിപ്പോർട്ടിന്റെ ഒറിജിനൽ.

4. 200 രൂപയുടെ മുദ്രപത്രത്തിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിൽ നിന്നോ, നോട്ടറിയിൽ നിന്നോ വാങ്ങിയ സത്യവാങ്മൂലം (ഒറിജിനൽ).

5. നഷ്ടപ്പെട്ട കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

6. സർട്ടിഫിക്കറ്റിന് 5,000 രൂപ ഫീസ് ഒടുക്കേണ്ടതാണ്.

7. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കൗൺസിൽ ആവശ്യപ്പെടുമ്പോൾ അപേക്ഷകൻ ഒറിജിനൽ തിരിച്ചറിയൽ കാർഡ്, കൈവശമുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ (ഡിപ്ലോമ/ഡിഗ്രി/മാർക്ക് ലിസ്റ്റുകൾ/കോഴ്സ് സർട്ടിഫിക്കറ്റ്) സഹിതം കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണ്. കൂടിക്കാഴ്ചയ്ക്കുശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

8. പാസ്പോർട്ട് സൈസ് ഫോട്ടോ സി.ഡി.-യിലാക്കി സമർപ്പിക്കേണ്ടതാണ്.

(ബി) അപേക്ഷ സമർപ്പിച്ചാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസമുണ്ടോ; വിശദാംശം അറിയിക്കാമോ?

ലഭിച്ച അപേക്ഷകൾ കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു. അപേക്ഷകരെ കൗൺസിൽ നേരിൽ കേട്ടശേഷം അപേക്ഷയുടെ നിജസ്ഥിതി ബോധ്യപ്പെടുന്ന പക്ഷം കൗൺസിൽ തീരുമാനത്തിന് വിധേയമായി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

## കെ.എം.എസ്.സി.എൽ. വാങ്ങിയ ഗ്ലൗസ്

274 (276) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജനുവരി 29-നുശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ഗ്ലൗസ് വാങ്ങിയിട്ടുണ്ട്; ഗ്ലൗസ് വാങ്ങിയ തീയതിയും എണ്ണവും ഒരു ഗ്ലൗസിനുനൽകിയ വിലയുമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച ഗ്ലൗസുകളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

## വെന്റിലേറ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

275 (277) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-നുശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും വെന്റിലേറ്റർ വാങ്ങിയെന്നറിയിക്കാമോ;

(ബി) വെന്റിലേറ്റർ വാങ്ങിയ തീയതിയും എണ്ണവും ഒരു വെന്റിലേറ്ററിന് നൽകിയ വിലയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച വെന്റിലേറ്ററുകളുടെ വിതരണോത്തരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ വെൽനസ് സെന്ററിന്റെ പ്രവർത്തനം**

276 (278) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണ്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വെൽനസ് സെന്ററുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാണോയെന്നും ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ?

(എ & ബി) കാട്ടാക്കട മണ്ഡലത്തിൽ വെൽനസ്സ് സെന്ററായി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| സ്ഥാപനം | നിയമിച്ച MLSP യുടെ എണ്ണം |
|---|---|
| ചൂഴാറ്റുകോട്ട | 1 |
| പുന്നാവൂർ | 1 |
| പ്ലാവൂർ | 1 |
| കണ്ണംകോട് | 1 |
| ആലമുക്ക് | 1 |
| കപ്പിക്കാട് FWC | 1 |
| പന്നിയോട് | 1 |
| കോന്നിയൂർ | 1 |
| കള്ളിക്കാട് എം.സി | 1 |
| കാട്ടാക്കട MC | 1 |
| ആമച്ചൽ | 1 |
| കട്ടക്കോട് | 1 |
| ത്തുങ്ങമ്പാറ | 1 |

| | |
|---|---|
| കണക്കോട് | 1 |
| മച്ചേൽ | 1 |
| കണ്ടല | 1 |
| ഊരൂട്ടമ്പലം | 1 |
| കുരിശുമുട്ടം | 1 |
| പാറ്റൂർക്കുഴി | 1 |
| പൊറ്റയിൽ | 1 |
| വിളവൂർക്കൽ MC | 1 |
| പുന്നമൂട് | 1 |
| പള്ളിച്ചൽ | 1 |
| നരുവമൂട് | 1 |
| വലിയറത്തല | 1 |
| ഗോവിന്ദമംഗലം | 1 |
| കുന്നൻപാറ | 1 |
| ചൗവല്ലൂർ | 1 |
| കരിങ്കൽ | 1 |
| വണ്ടന്നൂർ | 1 |

(സി) നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഓരോ വെൽനസ് സെന്ററുകളിലുമുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

ഹെൽത്ത് & വെൽനസ്സ് സെന്ററിന് കീഴിൽ ലഭ്യമാകുന്ന സേവനങ്ങൾ

1. പോഷകാഹാര ക്ലിനിക്ക്
2. വെൽനെസ്സ് ക്ലിനിക്ക്
3. ജെറിയാട്രിക് ക്ലിനിക്കും സാന്ത്വന പരിചരണവും
4. NCD ക്ലിനിക്ക്

5. ആന്റിനാറ്റൽ ക്ലിനിക്ക്

6. കൗമാര ആരോഗ്യ ക്ലിനിക്ക്

7. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ സ്ക്രീനിംഗ്

8. പാലിയേറ്റീവ് കെയർ ഫീൽഡ് സന്ദർശനം

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാലകൾ**

277 (279) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭൂരിഭാഗം ജില്ലാ മരുന്ന് സംഭരണശാലകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് സംഭരണശാലകൾക്ക് വാടകയിനത്തിൽ പ്രതിവർഷം എത്ര തുക കെ.എം. എസ്.സി.എൽ. ചെലവഴിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്ന് സംഭരണ ശാലകളിൽ 11 മരുന്ന് സംഭരണശാലകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 4,55,44,862 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്വന്തമായി മരുന്ന് സംഭരണശാലകൾ നിർമ്മിക്കാൻ ഏതെങ്കിലും തരത്തിൽ കെ.എം.എസ്.സി.എൽ.-ന് ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ലഭിച്ച തുക, വർഷം, നീക്കിയിരിപ്പ് തുക എന്നിവ വിശദമാക്കാമോ?

18.01.2012-ലെ സർക്കാർ ഉത്തരവ് GO(Ms)No.18/2012/H&FWD പ്രകാരം കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ശാസ്ത്രീയ മരുന്ന് സംഭരണശാലകൾ നിർമ്മിക്കാൻ ഇരുപത്തഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം 30.03.2012-ലെ GO(Rt.)No.1153/2012/H&FWD നം. സർക്കാർ ഉത്തരവ് പ്രകാരം 2012-ൽ 25 കോടി രൂപ അനുവദിച്ചിരുന്നു. 20.11.2014-ലെ SS-1/210/2014-Fin നമ്പർ സർക്കാർ കത്തിലെ നിർദ്ദേശമനുസരിച്ച് കോർപ്പറേഷൻ മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി മുഴുവൻ തുകയായ 25 കോടി രൂപയും വിനയോഗിക്കുകയുണ്ടായി. 19.07.2021-ലെ സർക്കാർ ഉത്തരവ് GO(Rt) No.1509/2021/H&FWD പ്രകാരം ആലപ്പുഴ മരുന്ന് സംഭരണശാല നിർമ്മാണത്തിനായി 12,40,92,491 രൂപ അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകിയിരുന്നു എങ്കിലും തുക അനുവദിച്ചിരുന്നില്ല. 9,10,31,990 രൂപ

കെ.എം.എസ്.സി.എൽ.-ന്റെ തനത് ഫണ്ടിൽനിന്നും നിർമ്മാണത്തിനായി വിനിയോഗിച്ചു.

ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 31.10.2013-ലെ ഉത്തരവ് നമ്പർ NRHM/6028/F1/2013/SPMUS പ്രകാരം കോട്ടയം ജില്ലയിലെ ശാസ്ത്രീയ മരുന്ന് സംഭരണശാല നിർമ്മാണത്തിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ടി തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്. 11,70,45,197 രൂപ അധിക ചെലവ് വന്നത് അനുവദിച്ചുനൽകാൻ എൻ.എച്ച്.എം. -നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വന്തമായി ഭൂമി കണ്ടെത്തിയിട്ടില്ലാത്ത ജില്ലകളിൽ ആരോഗ്യം, റവന്യൂ എന്നീ ഏതെങ്കിലും വകുപ്പുകളിൽ നിന്ന് ഭൂമി കണ്ടെത്തി സംഭരണശാല നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) കോഴിക്കോട് ജില്ലയിൽ കെ.എം.എസ്.സി.എൽ. മരുന്ന് സംഭരണശാല സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ഇതിനായി ഫണ്ട് അനുവദിച്ച വർഷം, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ വെയർ ഹൗസ് നിർമ്മിക്കുന്നതിന് KMSCL-ന് 1.5 ഏക്കർ സ്ഥലം അനുവദിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറോട് അനുമതി തേടിയിട്ടുണ്ട്.

(ഇ) കെ.എം.എസ്.സി.എൽ. സ്ഥാപിച്ചതുമുതൽ നാളിതു വരെയായി എത്ര തുകയാണ് കോഴിക്കോട് ജില്ല മരുന്ന് സംഭരണശാലയ്ക്കായി വാടകയിനത്തിൽ ചെലവായിട്ടുള്ളതെന്നറിയിക്കാമോ?

കെ.എം.എസ്.സി.എൽ. സ്ഥാപിച്ചതുമുതൽ നാളിതുവരെ 6,70,07,379/- രൂപയാണ് കോഴിക്കോട് ജില്ല മരുന്ന് സംഭരണശാലയ്ക്കായി വാടകയിനത്തിൽ ചെലവായിട്ടുള്ളത്.

(എഫ്) കരുവണ്ണൂരിലുള്ള കോഴിക്കോട് ജില്ല മരുന്ന് സംഭരണശാലയുടെ വാടകക്കരാർ ഈ വർഷം പുതുക്കിയിട്ടുണ്ടോയെന്നറിയിക്കാമോ; എങ്കിൽ നിലവിലെ കരാർ കാലാവധി വ്യക്തമാക്കാമോ; തുടർന്നും കരാർ കാലാവധി പുതുക്കി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ?

കോഴിക്കോട് ജില്ലാ മരുന്ന് സംഭരണശാലയുടെ വാടകക്കരാർ ഈ വർഷം പുതുക്കിയിട്ടുണ്ട്. കരാർ കലാവധി 01.06.2022 മുതൽ 30.05.2023

വരെയാണ്. നിലവിലുള്ള കരാർ കാലാവധി തീരുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ജി) പ്രസ്തുത മരുന്ന് സംഭരണശാല നഗരപരിധിയിൽ നിന്നും 40 കി.മീ. അകലെ ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ മരുന്ന് വിതരണത്തിനുള്ള വാഹന ഇന്ധനയിനത്തിൽ ഭീമമായ തുക ചെലവ് വരുന്നതും മെഡിക്കൽ കോളേജ് ഉൾപ്പെടെ നഗരത്തിലെ പ്രധാന ആശുപത്രികളിലേയ്ക്കുള്ള മരുന്ന് വിതരണത്തിനുള്ള പ്രായോഗിക ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

കരുവണ്ണൂരിലെ കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ 28271 Sq.ft കെട്ടിടം കോഴിക്കോട് മരുന്ന് സംഭരണശാലയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാലാണ് പ്രസ്തുത കെട്ടിടം മരുന്ന് സംഭരണത്തിനായി കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ളത്. നഗരത്തിലെ ആശുപത്രികളിലേയ്ക്ക് മരുന്ന് വിതരണത്തിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രിയിൽ വെയർ ഹൗസ് നിർമ്മിക്കുന്നതിന് KMSCL-ന് 1.5 ഏക്കർ സ്ഥലം അനുവദിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറോട് അനുമതി തേടിയിട്ടുണ്ട്.

**കോവിഡ് പ്രതിരോധ സാമഗ്രികൾ**

278 (280) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 29-ന് ശേഷം ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും കെ.എം.എസ്.സി.എൽ. എന്തൊക്കെ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്;

(ബി) വാങ്ങിയ തീയതി, വാങ്ങിയ ഇനം, ഒരു ഇനത്തിന്റെ വില, മൊത്തം തുക എന്നിവ പട്ടികയാക്കി നൽകാമോ?

(എ & ബി) 2020 ജനുവരി 29-ന് ശേഷം ലൈഫ് കെയർ ലിമിറ്റഡ് എന്ന പേരിലുള്ള കമ്പനിയിൽ നിന്നും കെ.എം.എസ്.സി.എൽ. കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയിട്ടില്ല.

**എച്ച്.എൽ.എൽ -പി.പി.ഇ. കിറ്റ് പർച്ചേസ് ഓർഡർ**

279 (281) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും 25.3.2020-ന് പി.പി.ഇ. കിറ്റ് നൽകാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പർച്ചേസ് ഓർഡർ നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് പി.പി.ഇ. കിറ്റ് നൽകാമെന്ന് 25.3.2020 തീയതിക്ക് മുമ്പ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ താൽപ്പര്യം അറിയിച്ചിരുന്നോ: വിശദാംശങ്ങൾ നൽകാമോ;

(സി) സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച No: ഹെൽത്ത് ബി3/130/2020-ഹെൽത്ത് എന്ന ഫയലിൽ 25.3.2020-ലെ പർച്ചേസ് ഓർഡറിൽ ഒരു പി.പി.ഇ. കിറ്റിന്റെ വില 1,500/- രൂപയായി രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ?

(എ - സി) കെ.എം.എസ്.സി.എൽ, ലഭ്യമാക്കിയ വിവരം പ്രകാരം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്ന കമ്പനിക്ക്

25.03.2020-ന് പി.പി.ഇ. കിറ്റ് നൽകാൻ പർച്ചേസ് ഓർഡർ നൽകിയിരുന്നു. എന്നാൽ 27.05.2020-ന് ഓർഡർ ക്യാൻസൽ ചെയ്തിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് 25.3.2020 തീയതിക്ക് മുൻപ് പി.പി.ഇ. കിറ്റ് നൽകാമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചിട്ടില്ല.

**കെ.എം.എസ്.സി.എൽ. വെന്റിലേറ്റർ ഐ.സി.യു. വാങ്ങൽ**

280 (282) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജനുവരി 29-നുശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും വെന്റിലേറ്റർ ഐ.സി.യു. വാങ്ങി എന്ന് തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച വെന്റിലേറ്റർ ഐ.സി.യു.-കൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## N-95 മാസ്ക് വാങ്ങൽ

281 (283) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജനുവരി 29-ന് ശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും N-95 മാസ്ക് വാങ്ങിയെന്ന തീയതിയും ഒരു N-95 മാസ്കിനുനൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച N-95 മാസ്കുകളുടെ സംഭരണ വിശദാംശങ്ങളും വിതരണോത്തരവുകളുടെ വിവരങ്ങളും അനുബന്ധം+ആയി ചേർക്കുന്നു.

## എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് പി.പി.ഇ. കിറ്റ്

282 (284) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് പി.പി.ഇ. കിറ്റ്, N-95 മാസ്ക് എന്നിവ നൽകാമെന്ന് കാണിച്ചുകൊണ്ട് 2020 ജനുവരി 29-ന് ശേഷം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ താൽപ്പര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിച്ചിരുന്നോ; എങ്കിൽ ഏതു തീയതിയിൽ, എത്ര രൂപ നിരക്കിൽ എന്നീ വിശദാംശങ്ങൾ നൽകാമോ; ഇ-മെയിലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

M/s എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് പി.പി.ഇ.കിറ്റ്, N95 മാസ്ക് എന്നിവ നൽകാമെന്ന് കാണിച്ചുകൊണ്ട് 2020 ജനുവരി 29-ന് ശേഷം കോർപ്പറേഷനെ ഇ-മെയിൽ മുഖാന്തരം താൽപ്പര്യം അറിയിച്ചിരുന്നില്ല.

## കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടാത്ത ജീവനക്കാർ

283 (285) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ 2016 ജൂൺ 1 മുതൽ നവംബർ 10 വരെ കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടാത്ത എത്ര ജീവനക്കാരെ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേര്, തസ്തിക, അഡ്രസ്, ശമ്പളം, ജോലിയിൽ പ്രവേശിച്ച തീയതി, നിയമന രീതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ കാലയളവിൽ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടാത്ത ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ എത്രപേർ ജോലിയിൽ തുടരുന്നുണ്ട്; അവരുടെ പേര്, തസ്തിക, അഡ്രസ്, ശമ്പളം എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ കാലയളവിൽ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടാത്ത ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ എത്രപേരെ ജോലിയിൽനിന്നും സ്ഥിരമായി പിരിച്ചുവിട്ടിട്ടുണ്ട്; അവരുടെ പേര്, തസ്തിക, അഡ്രസ്, ശമ്പളം എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

(എ-ഡി) ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. +

**കെ.എം.എസ്.സി.എൽ. വാങ്ങിയ മൈക്രോ സെൻട്രിഫ്യൂജ് മെഷീൻ**

284 (286) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2020 ജനവരി 29-നശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും മൈക്രോ സെൻട്രിഫ്യൂജ് വാങ്ങി; വാങ്ങിയ തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനവരി 29-നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച മൈക്രോ സെൻട്രിഫ്യൂജ്-കളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം + ആയി ചേർക്കുന്നു.

(ബി) 2020 ജനവരി 29-നശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും റെഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ് വാങ്ങി; വാങ്ങിയ തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനവരി 29-നശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച റെഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ്-കളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2020 ജനുവരി 29-നുശേഷം കെ.എം.എസ്.സി.എൽ. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും പി.സി.ആർ. മെഷീൻ വാങ്ങി; വാങ്ങിയ തീയതിയും ഒരു ഉപകരണത്തിന് നൽകിയ വിലയും എണ്ണവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ ആശുപത്രികളിൽ ഉപയോഗത്തിനായി 2020 ജനുവരി 29-നുശേഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച പി.സി.ആർ. മെഷീനുകളുടെ സംഭരണ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

## സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും വാങ്ങിയ N-95 മാസ്ക്

285 (287) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും N-95 മാസ്ക് വാങ്ങാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തീരുമാനിച്ചിരുന്നോ; ഒരു N-95 മാസ്കിന്റെ തുകയും കരാർ തീയതിയും വെളിപ്പെടുത്താമോ?

സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും N-95 മാസ്ക് വാങ്ങുന്നതിനായി കേരള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നു. 25.03.2020-ലെ പർച്ചേസ് ഓർഡർ പ്രകാരം ഒരു N-95 മാസ്കിന്റെ വില 157 രൂപയാണ്.

(ബി) പ്രസ്തുത സ്ഥാപനം നൽകിയ ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബില്ലിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉടമയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണോ ഈ തുക നൽകിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബാങ്ക് അക്കൗണ്ട് നമ്പറടക്കമുള്ള വിവരം നൽകാമോ;

(ഡി) കമ്പനിക്ക് നൽകിയ കരാറിൽ ഉടമസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നല്കുന്നത് നിയമവിരുദ്ധമല്ലേ; വ്യക്തമാക്കാമോ?

(സി & ഡി) സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആന്റ് എക്വിപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യിൽ നിന്നും ലഭ്യമായ ബില്ലിൽ കാണിച്ചിരിക്കുന്ന അക്കൗണ്ടിൽ തുക നൽകാൻ സാധിക്കാതെ വന്നതിനാൽ, പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ തുക നൽകുകയായിരുന്നു.

## ഗുഡ് സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

286 (288) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ.-യിൽ നിന്ന് ഗുഡ് സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (പാരാ മെഡിക്കൽ) സമർപ്പിച്ചാൽ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചാൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) ഡി.എം.ഇ.-യിൽനിന്നും ഗുഡ് സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് താഴെപറയും പ്രകാരമുള്ള രേഖകൾ ഉൾപ്പെടുത്തി മതിയായ അപേക്ഷ സമർപ്പിക്കുന്നപക്ഷം ആയത് വിശദമായി പരിശോധിച്ച് രണ്ട് ആഴ്ച്ചക്കുള്ളിൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

എ) വെള്ള പേപ്പറിലുള്ള അപേക്ഷ.

ബി) സെക്രട്ടറി, പാരാമെഡിക്കൽ കൗൺസിൽ ഗവൺമെന്റ് ഓഫ് കേരള എന്ന പേരിൽ എടുത്ത Rs. 250/- (ഇരുന്നൂറ്റമ്പത്) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്.

സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കോഴ്സ് പഠിച്ച സ്ഥാപനത്തിൽ നിന്നും കിട്ടിയ

സ്വഭാവ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ഡി) ഡിപ്ലോമ/ഡിഗ്രി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ഇ) സ്വന്തം മേൽവിലാസം എഴുതി സ്റ്റാമ്പ് ഒട്ടിച്ച പോസ്റ്റ് കവർ.

## മെഡിക്കൽ കോളേജുകളുടെ നിലവാരം

287(289) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനവും സേവനനിലവാരവും മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് രൂപം നൽകുകയും പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പദ്ധതി നടപ്പാക്കിവരുന്നു. വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതി മറ്റ് 5 മെഡിക്കൽ കോളേജുകളിൽ കൂടി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഒരുക്കിയിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## അർബുദ ചികിത്സാരംഗത്ത് നടത്തിയിട്ടുള്ള ആധുനികീകരണ പ്രവർത്തനങ്ങൾ

288 (290) ശ്രീ. സജി ചെറിയാൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെയും മറ്റ് നവീകരണ പ്രവർത്തനങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി മന്ത്രി തലത്തിലും വകുപ്പ് സെക്രട്ടറി തലത്തിലും വകുപ്പ് മേധാവി തലത്തിലും സ്ഥാപന മേധാവികളുടെ നേതൃത്വത്തിലും അവലോകനയോഗം കൃത്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടവേളകളിൽ നടത്താറുണ്ട്. എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തുകൊണ്ട് ബന്ധപ്പെട്ട ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചും മറ്റ് നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രത്യേക യോഗങ്ങൾ വിളിച്ച് ചേർക്കാറുണ്ട്. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.+

(ബി) മെഡിക്കൽ കോളേജുകളിൽ സാധാരണക്കാർക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ അർബുദ ചികിത്സയ്ക്കായി നടത്തിയിട്ടുള്ള ആധുനികീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

അനുബന്ധം ആയി ചേർക്കുന്നു.+

(സി) സംസ്ഥാനത്ത് അർബുദ ചികിത്സാരംഗത്ത് സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകളും പുരോഗതിയും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ, വിശദമാക്കുമോ?

അനുബന്ധം ആയി ചേർക്കുന്നു.+

**ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പുരോഗതി**

289 (291) ശ്രീ. ടി. പി. രാമകൃഷ്ണൻ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് ഈ അദ്ധ്യയന വർഷം മുതൽ 100 എം.ബി.ബി.എസ്. അഡ്മിഷൻ നടത്തുന്നതിനുള്ള ലെറ്റർ ഓഫ് പെർമിഷൻ നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും ലഭ്യമായിട്ടുണ്ട്, ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

2013 സെപ്റ്റംബറിൽ ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ 2018 വരെ 100 വിദ്യാർത്ഥികൾ വീതമാണ് ഒരു ബാച്ചിൽ അഡ്മിഷൻ നേടിയിട്ടുള്ളത്. എന്നാൽ 2019 മുതൽ 10 സീറ്റ് വർദ്ധിപ്പിച്ചു. നിലവിൽ 110 വിദ്യാർത്ഥികൾ ഒരു ബാച്ചിൽ എന്ന ക്രമത്തിൽ അഡ്മിഷൻ നൽകിവരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 2017 മുതൽ 100 എം.ബി.ബി.എസ്. സീറ്റുകളിലേക്കും 2019 മുതൽ 110 എം.ബി.ബി.എസ്. സീറ്റുകളിലേക്കും അഡ്മിഷൻ നൽകിവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 35 പി.ജി, സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾ

(MD/MS - 26, സൂപ്പർ സ്പെഷ്യാലിറ്റി - 9) പുതുതായി അനുവദിച്ചിട്ടുണ്ട്. 2021-ൽ ആരംഭിച്ച വയനാട് മെഡിക്കൽ കോളേജിന് 2023-24 അദ്ധ്യയനവർഷം 100 എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷനുവേണ്ടി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എൻ.എം.സി. ഇൻസ്പെക്ഷൻ കഴിഞ്ഞിട്ടില്ല. കൂടാതെ മഞ്ചേരി, കൊല്ലം നഴ്സിംഗ് കോളേജുകൾക്കും ഈ അദ്ധ്യയന വർഷം മുതൽ അഡ്മിഷൻ ആരംഭിക്കുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്ന് ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിലും മഞ്ചേരി, ഇടുക്കി, കോന്നി എന്നിവിടങ്ങളിലും മികച്ച സൗകര്യങ്ങളൊരുക്കി മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടിയെടുക്കാനായിട്ടുണ്ടോ?

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 2017 മുതൽ 100 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്കും 2019 മുതൽ 110 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്കും അഡ്മിഷൻ നൽകിവരുന്നു. കൂടാതെ പാത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ വിഭാഗങ്ങളിലായി പി.ജി. സീറ്റുകളിൽ അഡ്മിഷൻ നൽകിവരുന്നു. ഇടുക്കി

കോന്നി മെഡിക്കൽ കോളേജുകൾക്ക് ഈ അദ്ധ്യയന വർഷം മുതൽ 100 എം.ബി.ബി.എസ്. അഡ്മിഷൻ നടത്തുന്നതിനുള്ള ലെറ്റർ ഓഫ് പെർമിഷൻ നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും ലഭ്യമായിട്ടുണ്ട്. അഡ്മിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. 2013 സെപ്റ്റംബറിൽ ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ 2018 വരെ 100 വിദ്യാർത്ഥികൾ വീതമാണ് ഒരു ബാച്ചിൽ അഡ്മിഷൻ നേടിയിട്ടുള്ളത്. എന്നാൽ 2019 മുതൽ 10 സീറ്റ് വർദ്ധിപ്പിച്ചു. നിലവിൽ 110 വിദ്യാർത്ഥികൾ ഒരു ബാച്ചിൽ എന്ന ക്രമത്തിൽ അഡ്മിഷൻ നൽകിവരുന്നു. കൂടാതെ ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി. വിഭാഗങ്ങളിലായി പി.ജി. സീറ്റുകളിൽ അഡ്മിഷൻ നൽകിവരുന്നു. കൊല്ലം, മഞ്ചേരി, ഇടുക്കി, കോന്നി എന്നീ മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടിയെടുക്കാനായിട്ടുണ്ട്.

പാരിപ്പള്ളി, മഞ്ചേരി, ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് 2022-23 അദ്ധ്യയന വർഷത്തിൽ 100 വീതം എം.ബി.ബി.എസ്. സീറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒന്നാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ

ആരംഭിച്ചിട്ടുണ്ട്. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഇടുക്കി മെഡിക്കൽ കോളേജ്- നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു. ആശുപത്രി ബ്ലോക്ക് 1-ന്റെ നിർമ്മാണം പൂർത്തീകരിച്ചു. ബ്ലോക്ക് 2 നിർമ്മാണം നടന്നുവരുന്നു. ലാബുകൾ, ഒ.പി, ഐ.പി. എന്നിവ പ്രവൃത്തിച്ചുവരുന്നു. എം.ബി.ബി.എസ്. അഡ്മിഷൻ സാധ്യമായ സാഹചര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ്/ലൈബ്രറി ബ്ലോക്കുകൾ, ഫാക്കൽറ്റീസ്, നോൺ ഫാക്കൽറ്റീസ് എന്നിവർക്കുള്ള താമസ സൗകര്യത്തിനുള്ള ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കും. റോഡ് റീട്ടെയിനിംഗ് വാൾ നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ ആരംഭിച്ചു. 11 കെ.വി. ഫീഡർ സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചു. 2022-23 അദ്ധ്യയന വർഷത്തിൽ 100 MBBS സീറ്റിന് അംഗീകാരം ലഭിക്കുകയും നവംബർ 1-ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. 2023 സാമ്പത്തിക വർഷം അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്

കോളേജ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (പി.എം.എസ്.എസ്.വൈ. പദ്ധതി)

പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം 120 കോടി രൂപയുടെ കേന്ദ്ര വിഹിതവും, 53.18 കോടി രൂപയുടെ സംസ്ഥാന വിഹിതത്തോടു കൂടിയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം നടന്നുവരുന്നു. 99% നിർമ്മാണ പ്രവൃത്തികളും അനുബന്ധ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ 80% ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതമായി ലഭിക്കേണ്ട തുകയായ 53.18 കോടി രൂപയിൽ 09.09.2018-ലെ ജി.ഒ(ആർ.റ്റി)നം. 2761/2018/എച്ച്&എച്ച്&എഫ്.ഡബ്ല്യു.ഡി പ്രകാരം 3,29,00,000/- രൂപയും 03.08.2019-ലെ ജി.ഒ(ആർ.റ്റി)നം.921/2019/ എച്ച്&എഫ്.ഡബ്ല്യു.ഡി പ്രകാരം 20 കോടി രൂപയും 24.09.2021-ലെ ജി.ഒ(ആർ.റ്റി)നം.2077/2021/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം 24.89 കോടി രൂപയും അനുവദിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ കെട്ടിടം ഉദ്ഘാടനത്തിന് സജ്ജമായിട്ടുള്ളതാകുന്നു. ഈ പ്രോജക്ടിന്റെ ഭാഗമായി ജീവനക്കാരുടെ

പോസ്റ്റ് ക്രിയേഷൻ, പ്ലാസ്റ്റിക് സർജറി ഡിപ്പാർട്ട്മെന്റ് രൂപീകരണം, പി.ജി. സീറ്റ് എന്നിവ കൂടി സാധ്യമാക്കാനുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്-കം-സെൻട്രൽ ലൈബ്രറി

മൂന്ന് നിലകളിലായി 5206 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്-കം-സെൻട്രൽ ലൈബ്രറി നിർമ്മിക്കുന്നതിനായി PWD-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 18.35 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് 5 കോടി രൂപ അനുവദിക്കുകയും സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തിയാക്കുവാൻ പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതുമാണ്. 13.03.2017-ലെ സർക്കാർ ഉത്തരവ് നം. 645/2017/എച്ച്&എഫ്.ഡബ്ല്യൂ.ഡി. പ്രകാരം 3,81,72,483 രൂപ അനുവദിച്ചിട്ടുള്ളതാണ്. 24.05.2018-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1702/18/ആ.കു.വ പ്രകാരം 3 കോടി രൂപ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ മൂന്നാം ഘട്ടത്തിനായി അനുവദിച്ചിട്ടുള്ളതും മുകൾ ഭാഗം കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടുമുണ്ട്. നാലാംഘട്ട നിർമ്മാണത്തിനായി 4 കോടി രൂപ 2020-21 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ടി തുക PWD ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഓഫീസ് സജ്ജമാക്കുന്നതിലേയ്ക്ക് രണ്ടാം നിലയുടെ 90% ഇലക്ട്രിക്കൽ വർക്കുകളും നടന്നുകഴിഞ്ഞിട്ടുള്ളതാണ്.

ഫർണിച്ചറുകൾ വാങ്ങി ഇരിപ്പിടങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ടി 5.78 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുള്ള നടപടികൾ നടന്നുവരുന്നു.

<u>ട്രോമ കെയർ യൂണിറ്റ്</u>

കേന്ദ്ര സഹായത്തോടുകൂടി 6.03 കോടി രൂപ ചെലവിൽ സെൻട്രൽ ട്രോമ കെയർ യൂണിറ്റ് നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ളിൽത്തന്നെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. ഇതിലേയ്ക്ക് ചികിത്സയ്ക്കായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതും ട്രയാജ്, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ, എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നതുമാണ്. കൂടാതെ സംസ്ഥാന സർക്കാർ പുതിയ ട്രോമാകെയർ നിർമ്മിക്കുന്നതിന് 29,47,27,454 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ 3 നിലകളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ലഭ്യമായ 8 കോടി രൂപയിൽ ലിഫ്റ്റ് ഉൾപ്പെടുത്തി 2024 ജനുവരിയോടുകൂടി 3 നിലകളുടെയും നിർമ്മാണം പൂർത്തിയാകുന്നതാണ്.

<u>നബാർഡിന്റെ ധനസഹായത്തോടെ ഒ & ജി ബ്ലോക്ക്</u>

നബാർഡ് ധനസഹായത്തോടെ ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 5 നിലകളിലായി ഒ&ജി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ 4.50 കോടി രൂപ സംസ്ഥാന വിഹിതമാണ്. ഇതിന്റെ 93% വർക്കുകൾ പൂർത്തീകരിച്ചു.

<u>കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്റർ</u>

ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ സ്ട്രോക്ക് ചികിത്സയ്ക്കുള്ള സംവിധാനം കാര്യക്ഷമമായിത്തന്നെ പ്രവർത്തിച്ചുവരുന്നു. ഗോൾഡൻ അവറിൽത്തന്നെ വിദഗ്ധ ചികിത്സ രോഗിക്ക് ലഭ്യമാക്കുന്നതിനും സ്ട്രോക്ക് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 3 നിലകളിലായി ഒരു സ്ട്രോക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. PWD Central Architectural വിഭാഗം പ്ലാൻ തയ്യാറാക്കുകയും നിർമ്മാണം ആരംഭിക്കുന്നതിന് പ്ലാൻ അംഗീകരിച്ച് PWD വിഭാഗത്തിന് കൈമാറിയിട്ടുള്ളതുമാണ്.

<u>പേ വാർഡ്</u>

പേ വാർഡ് നിർമ്മാണത്തിനായി 4,86,75,542 രൂപ സർക്കാർ PWD ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

<u>ക്യാന്റീൻ-കം-ഗസ്റ്റ് റൂം</u>

ക്യാന്റീൻ-കം-ഗസ്റ്റ് റൂമിന്റെ നിർമ്മാണത്തിനായി 3,77,35,800 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന്റെ ഒന്നാംഘട്ട നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

<u>ഡ്രഗ് സ്റ്റോർ</u>

രണ്ടു നിലകളിലായി പുതിയ ഒരു ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് 9,99,99,700 രൂപയുടെ സമഗ്ര ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 3.5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

<u>ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ -രോഗീസൗഹൃദ പദ്ധതി</u>

ആശുപത്രിയിലെ വിവിധ വാർഡുകളിലും പോസ്റ്റ് ഓപ്പറേറ്റീവ് ഏരിയയിലും ഓക്സിജൻ പൈപ്പുകൾ സ്ഥാപിക്കുന്നതിന് 33,42,000 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

അംഗ പരിമിതർക്കും വയോജനങ്ങൾക്കും– പരിസ്ഥിതി നിർമ്മാണ കെട്ടിടം

അംഗപരിമിതർക്കും വയോജനങ്ങൾക്കും – പരിസ്ഥിതി നിർമ്മാണ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോസ്റ്റലുകളുടെ നവീകരണം:

മെൻസ് ഹോസ്റ്റൽ - 1, ലേഡീസ് ഹോസ്റ്റൽ - 2 എന്നിവയുടെ നവീകരണത്തിനായി യഥാക്രമം 24,98,768 രൂപയും 19,99,023 രൂപയും അനുവദിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

അംഗപരിമിതർക്കും വയോജനങ്ങൾക്കും – ലിഫ്റ്റ്

ആശുപത്രിയുടെ പഴയ ബ്ലോക്കിൽ 60 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 1,09,25,587 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

<u>സി.ടി. സ്കാനർ 16 സ്ലൈസ് മോഡൽ</u>

സി.ടി. സ്കാൻ മെഷീൻ സ്ഥാപിക്കുന്നതിന് 2 കോടി 54 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും മെഷീൻ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്</u>

കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഫേസ് - I : 29.78 കോടി

ട്രോമ കെയർ ഫേസ് - I : 57.89 കോടി

ട്രോമ കെയർ ഫേസ് - II : 37.48 കോടി

മെയിന്റനൻസ് ഫേസ് - I-ന് 35.52 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2023 ജനുവരി 18-ന് പ്രവൃത്തി പൂർത്തിയാക്കാനാണ് എഗ്രിമെന്റ്.

ട്രോമ കെയർ ഫേസ്-1ന് 88.4 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. ഇത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ട്രോമ കെയർ ഫേസ് II-ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നഴ്സിംഗ് സ്റ്റാഫിന്റെ ആഗിരണ പ്രക്രിയ പൂർത്തിയായി വരുന്നുണ്ട്.

2021-22 പ്ലാൻ ഫണ്ടിൽനിന്നും 10,69,85,000 രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇതുമൂലം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം സാധ്യമാകുന്നു. മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 1,99,04,000 രൂപ ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയതിനാൽ ആശുപത്രി പ്രവർത്തനം സുഗമമായി നടന്നുവരുന്നു. 2022-23-ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 4,11,37,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ മലിനജല സംസ്കരണ ശാഖയുടെ അറ്റകുറ്റപ്പണിക്ക് പ്ലാൻ ഫണ്ടിൽ 75 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കൈമാറുകയും ചെയ്തു. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

Registration cum waiting area നിർമ്മാണത്തിനായി (Creation of Patient Friendly Hospital Environment - DME) പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 2,06,01,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

2021-22-ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി Ensuring disabled & Elderly Environment in Medical colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2022-23-ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ)

നിർമ്മാണത്തിനായി Ensuring disabled & Elderly Environment എന്ന പ്ലാൻ ഫണ്ടിൽ നിന്നും 40 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ല.

പാരാ മെഡിക്കൽ ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 22.7 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 3 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്സ്റൂം നിർമ്മാണത്തിനായി മൈനർ വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

Standardisation of facilities in Maternal and Child Health Units in Medical College Hospital എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇ-ഹെൽത്ത് പ്രോജക്ട് പ്രവൃത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചു വരികയാണ്. പൂർത്തിയായിക്കഴിഞ്ഞാൽ പേപ്പർ രഹിത സേവനങ്ങൾ നൽകുവാൻ സാധിക്കും.

കല്യാശ്ശേരി എം.എൽ.എ. ശ്രീ. ടി. വി. രാജേഷിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്. ആശുപത്രി പരിസരത്ത് സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അനൗൺസ്മെന്റ് സംവിധാനവും നിലവിലുണ്ട്. കണ്ണൂർ ഗവ.മെഡിക്കൽ കോളേജിൽ ഇമേജ്/ക്ലീൻ കേരളയുമായി സഹകരിച്ച് ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>എറണാകുളം മെഡിക്കൽ കോളേജ്</u>

285.31 കോടി രൂപ ചെലവിൽ 8 നിലകളിലായി 8.27 ലക്ഷം സ്ക്വയർ ഫീറ്റിൽ 683 ബെഡുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഇതിൽ OBG, Paediatrics, Paediatric surgery, Dental/Maxilofacial, Physical Medicine, Urology, Nephrology, Gastro Entrology, Gastro Surgery, Cardiology, Cardio Thoracic Surgery, Neuro, Neuro Surgery, Radiology എന്നീ വിഭാഗങ്ങൾക്കുള്ള IP, OP, ICU, ഡിജിറ്റൽ ഫ്ളൂറോസ്കോപ്പി,

ഇന്റർവെൻഷൻ റേഡിയോളജി സൗകര്യങ്ങളും 14 ഓപ്പറേഷൻ തിയറ്ററുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

23.75 കോടി രൂപ ചെലവിൽ 50 കിടക്കകളോട് കൂടിയ Critical Care Block-ന് ഭരണാനുമതി ലഭിച്ചു. 5 കോടി രൂപ ചെലവിൽ Isolation Block with Multidisciplinary ICU-ന് ഭരണാനുമതി ലഭിച്ചു. 4.80 കോടി രൂപ ചെലവഴിച്ച് ഫാർമസി പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ഒ.പി മുറികളിൽ എ.സി. സ്ഥാപിച്ചു. രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം കൂട്ടി. ഒ.പി. ഫാർമസി ഏരിയകളിൽ വിശാലമായ ഇരിപ്പിടങ്ങൾ ഒരുക്കി. ഫാർമസിയിൽ ടോക്കൺ സമ്പ്രദായം നടപ്പിലാക്കി. ഒ.പി.-കൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആകാശപാത നിർമ്മിച്ചു. ഒ.പി.-കളിലെ ശുചിമുറികൾ നവീകരിച്ചു. കാരുണ്യ, എച്ച്.എൽ.എൽ. ഫാർമസികൾ പുതിയ കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചു. രോഗികളുടെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് പരിപാലിക്കുന്നതിലേയ്ക്കായി ഇ-ഹെൽത്ത് പദ്ധതിയുടെ നടപടികൾ പുരോഗമിക്കുന്നു. ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇ-ഓഫീസ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. മൃഗങ്ങളിൽ നിന്നും മുറിവ് ഏൽക്കുന്ന രോഗികൾക്ക് അടിയന്തിര ചികിത്സ നൽകുന്നതിനായി "പ്രിവെന്റീവ് ക്ലിനിക്ക്" ആരംഭിച്ചു.

നിലവിലുള്ള ഡയാലിസിസ് സേവനത്തിന്റെ സമയം 3 ഷിഫ്റ്റുകളായി ദീർഘിപ്പിച്ചു. ഇതിനായി 2 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകളും സൃഷ്ടിച്ചു. MRI സേവനം രണ്ട് ഷിഫ്റ്റുകളാക്കി ദീർഘിപ്പിച്ചു. എച്ച്.ഐ.വി. രോഗബാധിതരുടെ ചികിത്സയ്ക്കായി എ.ആർ.ടി. സെന്റർ സ്ഥാപിച്ചു. പ്രമേഹ രോഗികളായ കുട്ടികൾക്ക് സൗജന്യ ഇൻസുലിൻ ചികിത്സ ഉൾപ്പടെ ലഭ്യമാക്കുന്നതിനായി മിഠായി പദ്ധതിയുടെ സാറ്റലൈറ്റ് സെന്റർ ആരംഭിച്ചു.

ശിശുരോഗവിഭാഗം വാർഡിൽ 52.8 കോടി രൂപ ചിലവിൽ "Centre for Excellence" -ന്റെ പണി പൂർത്തീകരിച്ചു. ലേബർ റൂം പൂർണ്ണമായും എയർകണ്ടീഷൻ സ്ഥാപിച്ച് ശീതീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജനനമരണ കിയോസ്ക് ആരംഭിച്ചു. തന്മൂലം 24 മണിക്കൂറിനുള്ളിൽ ജനനസർട്ടിഫിക്കറ്റ് ലഭ്യമാകുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് ആഴ്ചയിൽ ഒരുദിവസം എന്നത് ആഴ്ചയിൽ 3 ദിവസമാക്കി. ആശുപത്രിയിലെ എല്ലാ കട്ടിലുകളിലും പുതിയ മെത്തയും ബെഡ്ഷീറ്റും ലഭ്യമാക്കി. ഡയാലിസിസ് രോഗികൾക്കായി പോർട്ടബിൾ ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചു. രോഗികൾക്ക് കൂടുതൽ പ്രയോജനപ്രദമായി രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഐ.പി. ഫയൽ കൂടുതൽ വിവരങ്ങൾ

രേഖപ്പെടുത്താൻ പ്രയോജനപ്രദമാകുന്നരീതിയിൽ പരിഷ്കരിച്ചു. രോഗീപരിചാരകർക്ക് മരുന്ന് തേടി നടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബെഡ്സൈഡിൽ മരുന്ന് എത്തിക്കുന്നതിനായി KASP പദ്ധതിയിൽ ഉൾപ്പെടുത്തി ഫാർമസി അറ്റൻഡർമാരെ നിയമിച്ചു. ഫാർമസിയിൽ രോഗികളുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി ടോക്കൺ സിസ്റ്റം നടപ്പിലാക്കി. പാലൂട്ടുന്ന അമ്മമാരുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനായി Breast feed Room സജ്ജീകരിച്ചു. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ഭക്ഷണം കഴിക്കുന്നതിനായി മെസ്സ് ഹാൾ ഒരുക്കി. ICU-വിൽ ഉള്ള രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കുന്നതിനായി ഡോർമെറ്ററി സജ്ജീകരിച്ചു. എറണാകുളം മെഡിക്കൽ കോളേജിന് പുതിയ ലോഗോ രൂപീകരിച്ചു. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ് നൂതനപരിശീലന ഉപകരണങ്ങൾ ഉൾപ്പെടെ സജ്ജീകരിച്ച് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

KUHS- ന്റെ ഡിജിറ്റൽ വാല്യുവേഷൻ സെന്റർ എറണാകുളം മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. ഓക്സിജൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി ആശുപത്രിയിലെ എല്ലാ വാർഡുകളിലും ഓക്സിജൻ പൈപ്പ് ലൈൻ സ്ഥാപിച്ച് ഓക്സിജൻ വിതരണം ആരംഭിച്ചു.

ഓക്സിജൻ ലഭ്യത ഉറപ്പാക്കുന്നതിനായി 1.35 കോടി രൂപ ചെലവിൽ 13 KL ലിക്വിഡ് ഓക്സിജൻ ടാങ്ക് സ്ഥാപിച്ചു. നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി രക്തസാമ്പിളുകൾ ശേഖരിക്കുന്നതിന് അഞ്ച് ഫ്ലബോട്ടമിസ്റ്റുകളെ ചുമതലപ്പെടുത്തി. വിദ്യാർത്ഥികൾക്കും രോഗികൾക്കും ജീവനക്കാർക്കും ഏറെ പ്രയോജനകരമായ 24 മണിക്കൂറും പ്രവർത്തിക്കുന്ന കഫറ്റേരിയ ആരംഭിച്ചു. ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങളുടെ ഭാഗമായി കളർ കോഡിംഗ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ വാർഡുകൾ, ICU-കൾ, ആശുപത്രിയിലെ പ്രധാന പ്രവർത്തന മേഖലകൾ എന്നിവയ്ക്ക് ചുവപ്പ്, മഞ്ഞ, പച്ച എന്നീ ഗ്രേഡുകൾ നൽകി.

ആരോഗ്യ പ്രവർത്തകർക്ക് "Needle Prick Injury" കുറയ്ക്കുന്നതിനായി ക്യാമ്പയിനുകൾ ആരംഭിച്ചു. രോഗികൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനായി KASP പദ്ധതിയിൽ ഉൾപ്പെടുത്തി 33 പുതിയ ജീവനക്കാരെ നിയമിച്ചു. നിലവിലെ എസ്.ടി.പി. പ്ലാന്റ് പുനരുദ്ധരിച്ചു. സ്ക്രാപ്പ് ഐറ്റംസ് തരംതിരിക്കുന്നതിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു. ക്ളീൻ കേരളാ മിഷനുമായി ചേർന്ന് ഏകദേശം 17 ടൺ പാഴയ സാധനങ്ങൾ നീക്കം ചെയ്തു.

<u>കോട്ടയം മെഡിക്കൽ കോളേജ്</u>

ആശുപത്രിയുടെ നവീകരണത്തിനായി 750 കെ.വി. ജനറേറ്റർ, നവീകരിച്ച 7, 8 വാർഡുകൾ, നെഫ്രോളജി ലാബ്, 4 ഡി എക്കോമെഷീൻ, പോർട്ടബിൾ എക്കോമെഷീൻ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, പുതിയ ലിഫ്റ്റ് - 3 എണ്ണം, ഐ.സി.യു. കാഷ്വാലിറ്റി മൂന്നാം നില, വാർഡ് 14 നവീകരണം, നഴ്സിംഗ് ഓഫീസ് നവീകരണം, ഒ.പി. ഫാർമസി നവീകരണം, നവീകരിച്ച കാസ്പ് കൗണ്ടർ, ലാപ്രോസ്കോപി പ്രൊജക്ട്, മോഡുലാർ ഓപ്പറേഷൻ തിയേറ്റർ. കാഷ്വാലിറ്റി ബ്ലോക്ക്, സ്ട്രോക്ക് യൂണിറ്റ്, ഒ.പി. നവീകരണം, പാലിയേറ്റീവ് കെയർ യൂണിറ്റ്, റീഹാബിലിറ്റേഷൻ യൂണിറ്റ്, ഗ്രീഫ് സർവ്വീസ്, ഇന്റഗ്രേറ്റഡ് അനലൈസർ, HDU ഗൈനക്കോളജി, ഒഫ്ത്താൽമോളജി ഓപ്പറേഷൻ തിയേറ്റർ, കാലിബ്രേഷൻ വാബ്, ബേൺസ് യൂണിറ്റ്, മെഡിസിൻ വിഭാഗത്തിൽ പുതിയ മെഡെക്സ് വാർഡ്, മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, സർജിക്കൽ ഓങ്കോളജി വിഭാഗം എന്നീ പ്രവൃത്തികൾ നടത്തി. കൂടാതെ എം.പി. ഫണ്ട് ഉപയോഗിച്ച് 1 ആംബുലൻസും 3 വെന്റിലേറ്ററുകളും KSFE, CSR Fund ഉപയോഗിച്ച് 1 ICU ആംബുലൻസും ലഭ്യമാക്കി ഉപയോഗിച്ചുവരുന്നു. 2023 ജൂൺ മാസത്തിൽ പൂർത്തീകരിക്കുന്ന 380

കിടക്കകളും 14 ഓപ്പറേഷൻ തീയേറ്ററുകളും ഉള്ള സർജിക്കൽ ബ്ലോക്ക്, 2024 ജനുവരിയോടെ പൂർത്തീകരിക്കുന്ന 36 കോടി രൂപയുടെ കാർഡിയോളജി രണ്ടാം ബ്ലോക്ക്, ഏതാനും മാസങ്ങൾക്കകം പണി ആരംഭിക്കാൻ പോകുന്ന 268 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, പ്രാരംഭ ഘട്ടത്തിലുള്ള Institute of Infectious Diseases, Auditorium cum Lecture Hall Complex എന്നിവയെല്ലാം കൂടി ഈ സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങളാണ് വരുത്താൻ പോകുന്നത്. ഹൃദയം മാറ്റിവയ്ക്കൽ, കരൾ മാറ്റി വയ്ക്കൽ, വൃക്ക മാറ്റി വയ്ക്കൽ, നേത്രപടലം മാറ്റിവയ്ക്കൽ എന്നീ ശസ്ത്രക്രിയകളും ഇവിടെ നടക്കുന്നുണ്ട്. ഇതിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ ഈ വർഷം ആരംഭിച്ചു.

<u>കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്</u>

ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എം.ആർ.ഐ. സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റേഡിയോളജി വിഭാഗത്തിൽ സി.റ്റി സ്കാൻ, മാമോഗ്രാം, ഡിജിറ്റൽ എക്സറേ, അൾട്രാസൗണ്ട് സ്കാൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. കൂടാതെ സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ ആധുനിക തിയേറ്റർ

സംവിധാനം ആരംഭിച്ചു. ആധുനിക ഗൈനക് കാഷ്വാലിറ്റി ആരംഭിച്ചു. കൊല്ലം ജില്ലയിൽ ആദ്യ കോവിഡ് ആശുപത്രി എന്ന നിലയിൽ കിടക്കകളുടെ എണ്ണം 300-ൽ നിന്നും 480-ലേയ്ക്ക് ഉയർത്തി. കൂടാതെ 42 വെന്റിലേറ്ററുകൾ കോവിഡ് രോഗികൾക്കായി ലഭ്യമാക്കി. കോവിഡ് രോഗംമൂലം ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ഐ.സി.യു-ന് ഉള്ളിൽത്തന്നെ ഡയാലിസിസ് ചെയ്യുന്നതിനായി പോർട്ടബിൾ ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചു. കോവിഡ് പരിശോധനയ്ക്കായി ജില്ലയിൽ ആദ്യ ആർ.ടി.പി.സി.ആർ. ലാബ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കാൻസർ രോഗനിർണ്ണയത്തിനായി 4 കളർ ഡോപ്ലർ അൾട്രാ സൗണ്ട് സ്കാനർ സജ്ജമാക്കി.

ഇൻഫക്ഷ്യസ് ഡിസീസ് ബ്ലോക്ക്, ട്രോമ കെയർ ബ്ലോക്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. PM ABHIM-ന്റെ ഭാഗമായി ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. ദേശീയപാതയുടെ അടുത്തുള്ള ആശുപത്രി ആകയാൽ റോഡപകടങ്ങളിൽപ്പെട്ടും മറ്റ് ഗുരുതരാവസ്ഥയിൽ വരുന്ന രോഗികൾക്കുവേണ്ട അടിയന്തിര ചികിത്സ നൽകുന്നതിലേക്കായി ട്രോമകെയർ ബ്ലോക്ക് ആരംഭിക്കുന്നതിനുവേണ്ട പദ്ധതി സർക്കാർ

ആവിഷ്കരിക്കുകയും ടി ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 8 കോടി രൂപയുടെ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോവിഡ്, നിപ്പ മുതലായ മഹാമാരികളെ നേരിട്ട സാഹചര്യത്തിൽ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക് ആരംഭിക്കുന്നതിനുവേണ്ട പദ്ധതി സർക്കാർ ആവിഷ്കരിക്കുകയും ആയതിന്റെ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്

കോളേജിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി KIIFB-യുടെ സഹായത്തോടെ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16.04.2018-ലെ സ.ഉ(സാധ)നം.1247/2018/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്ക് മൂന്ന് ഘട്ടങ്ങളാണുള്ളത്. ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 58.37 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ പ്രധാനമായും 33.88 കോടി രൂപ റോഡ്/പാലം എന്നിവയുടെ വികസനം 24.49 കോടി രൂപയുടെ

മൾട്ടിലെവൽ കാർ പാർക്കിംഗ് സിസ്റ്റം എന്നിവ ഉൾപ്പെടുന്നു. ഇതിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഇന്റേണൽ റോഡിന്റെയും പാലത്തിന്റേയും പണി 12.08.2022-ൽ പൂർത്തിയാക്കുകയും 16.08.2022-ൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മൾട്ടി ലെവൽ കാർ പാർക്കിംഗിന് വേണ്ടിയുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ OT-cum Surgical Block, SATH New Block, MLT Block എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. ഇതിൽ OT cum Surgical Block നിർമ്മാണത്തിനായി 16, 17, 18, 19, 24, 25 & BICU എന്നീ വാർഡുകളുടെ demolition ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഇതുവരെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും വേണ്ടി ചുവടെ ചേർത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി

| 2016-17 | | | |
|---|---|---|---|
| ക്രമ നം | വകുപ്പ് | ഉപകരണം | തുക |
| 1 | റേഡിയോ തെറാപ്പി | ടെലികോബാൾട് മെഷീൻ | 3 Crores 54 Lakhs |
| 2 | പീഡിയാട്രിക് കാർഡിയോളജി | കാത്ത് ലാബ് | 5 Crores 95 Lakhs |
| 3 | റേഡിയോ തെറാപ്പി | ലീനിയർ ആക്സിലറേറ്റർ | 18 Crores |

| | | | |
|---|---|---|---|
| 2017-18 | | | |
| 1 | റേഡിയോ ഡയഗ്നോസിസ് | DSA | 6 Crores |
| 2 | റേഡിയോ ഡയഗ്നോസിസ് | X റേ ഡിജിറ്റൽ ഫ്ളോയൂറോസ്കോപ്പി | 65 Lakhs |
| 3 | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | റെഫ്രിജറേറ്റർ സെൻട്രിഫ്യൂജ് | 56 Lakhs |
| 4 | ന്യൂറോ സർജറി | ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പി | 67 Lakhs |
| 5 | കാർഡിയോ വസ്ക്കുലർ തൊറാസിക് സർജറി | ലൈവ് 4 D എക്കോ കാർഡിയോഗ്രാഫ് സിസ്റ്റം | 52 Lakhs |
| 2018-19 | | | |
| 1 | സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി | അൾട്രാസോണിക് സക്ഷൻ ആസ്പിറേറ്റർ | 50.40 Lakhs |
| 2 | റേഡിയോ തെറാപ്പി | CT സിമുലേറ്റർ | 4 Crores |
| 2019-2020 | | | |
| 1 | ന്യൂറോളജി | കാത്ത് ലാബ് (DSA ) | 4.92 Crores |
| 2 | ഗൈനക്കോളജി | 3D ലാപ്രോസ്കോപ്പിക് സെറ്റ് | 61.74 Lakhs |
| 3 | ഗൈനക്കോളജി | USG അൾട്രാസൗണ്ട് മെഷീൻ | 75 Lakhs |
| 4 | റീ-പ്രൊഡക്ടീവ് മെഡിസിൻ | ഹൈ എൻഡ് അൾട്രാ സൗണ്ട് | 70 Lakhs |
| 2020-21 | | | |
| 1 | ജനറൽ മെഡിസിൻ | വെന്റിലേറ്റർ | 91.22 Lakhs |
| 2 | നിയോനാറ്റോളജി | നിയോനേറ്റൽ വെന്റിലേറ്റർ | 12,41,509 |
| 3 | പീഡിയാട്രിക് കാർഡിയോളജി | ഹൈ എൻഡ് മൾട്ടിപാരാമീറ്റർ മോണിറ്റർ | 8,08,546 |
| 4 | നിയോനാറ്റോളജി | HFO വെന്റിലേറ്റർ | 21,01,000 |
| 5 | പീഡിയാട്രിക് സർജറി | പീഡിയാട്രിക് ലാപ്രോസ്കോപ്പി & | 7,63,284 |

| | | | |
|---|---|---|---|
| | | തൊറാക്കോസ്കോപ്പി | |
| 6 | പൾമനറി മെഡിസിൻ | ബ്രോങ്കോസ്കോപ് | 14,27,798 |

<u>പൂർത്തീകരിച്ച നിർമ്മാണ പദ്ധതികൾ</u>

- മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറിയുടെയും അനിമൽ ഹൗസിന്റെയും നിർമ്മാണം - 27.22 കോടി രൂപ

- മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചു- 25.22 കോടി രൂപ

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ - 18.60 കോടി രൂപ

- പുതിയ അത്യാഹിത വിഭാഗം – 6.99 കോടി രൂപ

- ജീവനക്കാർക്കുള്ള പാർപ്പിട സമുച്ചയ നിർമ്മാണം -2.99 കോടി രൂപ

- പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് 7-ന് മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ - 2.25 കോടി രൂപ

- പുതിയ എൻഡോക്രൈനോളജി വാർഡിന്റെ നിർമ്മാണം – 1.70 കോടി രൂപ

- പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് 5-ന് മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ - 1.12 കോടി രൂപ

- പി.ഐ.പി.എം.എസ്. വനിതാ പാർപ്പിട സമുച്ചയത്തിന്റെ മൂന്നാം നിലനിർമ്മാണം – 1 കോടി രൂപ

- കോളേജിൽ നിന്നും പ്രധാന കവാടം വരെയുള്ള നടപ്പാതയുടെ നിർമ്മാണം – 1 കോടി രൂപ

- മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലേക്കുള്ള റോഡ് നിർമ്മാണം – 1 കോടി രൂപ

- പരീക്ഷാ ഹാൾ നിർമ്മാണം ഫാർമസി കോളേജ് (സിപിഎസ്) – 1 കോടി രൂപ

- ഡീ അഡിക്ഷൻ സെന്ററിന്റെ മുകളിലത്തെ നില നിർമ്മാണം - 94 ലക്ഷം രൂപ

- വിദ്യാർത്ഥികൾക്കുള്ള വാഹന പാർക്കിംഗ് സംവിധാനം – 80 ലക്ഷം രൂപ

- എം.എൽ.റ്റി; ബ്ലോക്കിന് മുകളിൽ രണ്ടാം നിലയുടെ നിർമ്മാണം – 80 ലക്ഷം രൂപ

- ഡെന്റൽ, ഫാർമസി, പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്കുള്ള ഏഴുനില ഹോസ്റ്റൽ സമുച്ചയം - ഒന്നാം ഘട്ടം - 5 കോടി രൂപ

- ഡെന്റൽ, ഫാർമസി, പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്കുള്ള ഏഴുനില ഹോസ്റ്റൽ സമുച്ചയം രണ്ടാം ഘട്ടം - 5 കോടി രൂപ

- ഡെന്റൽ, ഫാർമസി, പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്കുള്ള ഏഴുനില ഹോസ്റ്റൽ സമുച്ചയം മൂന്നാം ഘട്ടം - 5 കോടി രൂപ

- വക്കം റൂറൽ ഹെൽത്ത് സെന്ററിന് വേണ്ടിയുള്ള പുതിയ കെട്ടിട നിർമാണം – 2.35 കോടി രൂപ

- കൺസ്ട്രക്ഷൻ ഓഫ് എ ബിൽഡിംഗ് ഫോർ പാങ്ങപ്പാറ ഹെൽത്ത് യൂണിറ്റ് സബ് സെന്റർ അറ്റ് ചെറുവയ്ക്കൽ – 1 കോടി രൂപ

- എസ്.എ.ടി. ആശുപത്രിയിലെ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ വെർട്ടിക്കൽ എക്സ്പാൻഷൻ നാലാം ഘട്ടം – 1.65 കോടി രൂപ

- പി.ഐ.പി.എം.എസ്. ഹോസ്റ്റലുകളുടെ നവീകരണം – 1 കോടി രൂപ

എസ്.എ.ടി. ആശുപത്രിയിൽ ഒ.പി. കൺസൾട്ടേഷൻ റൂമുകൾ പെയിന്റ് ചെയ്യുകയും എയർകണ്ടീഷൻ ചെയ്യുകയും ശീതീകരിക്കുകയും പുതിയ ടൈൽ പാകുകയും ചെയ്തു. നവീകരിച്ച പീഡിയാട്രിക് കാഷ്വാലിറ്റി പ്രവർത്തന സജ്ജമായി. ഗൈനക്കോളജി വിഭാഗത്തിൽ രോഗികൾക്ക് ഇരിക്കാൻ ആവശ്യത്തിന് സ്ഥലവും എയർപോർട്ട് കസേരകളും സജ്ജീകരിച്ചു. ശീതീകരിച്ച കുടിവെള്ളം ലഭ്യമാക്കി. കൺസൾട്ടേഷൻ മുറികൾ ശീതീകരിച്ചു. ടി.വി.-കൾ സ്ഥാപിച്ചു. ഓരോ ഒ.പി.യിലേക്കും പോകുന്നതിനായി ദിശ അടയാളങ്ങൾ സ്ഥാപിച്ചു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ടോയ്ലെറ്റ് സജ്ജീകരിച്ചു. ഫിസിക്കൽ മെഡിസിൻ ഡിപ്പാർട്ട്മെന്റുകളിൽ ക്യൂ മാനേജ്മെന്റ് സമ്പ്രദായം ആരംഭിച്ചു. രക്ത പരിശോധനയ്ക്ക് ഒ.പി.യിൽനിന്നുതന്നെ ബ്ലഡ് ശേഖരണം ആരംഭിച്ചു. ഒ.പി. കഴിഞ്ഞാലുടനെ ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങി പോകുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം പ്രവർത്തനം ആരംഭിച്ചു. ഗർഭിണികളുടെ പരിചരണത്തിനുള്ള 7-ാം വാർഡിന്റെ നവീകരണം ഏകദേശം പൂർത്തിയാക്കി. ഗർഭിണികൾക്ക് വേണ്ടിയുള്ള ആരോഗ്യ സംരക്ഷണ ക്ലാസ്സുകൾ ഒ.പിയിൽ ക്രമീകരിച്ചിട്ടുണ്ട്.

- ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായി. എയർപോർട്ട് ചെയർ, ആർട്ട്, പെയിന്റിംഗ്, റാമ്പ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായി. പൊതുജന ഉപയോഗത്തിനായി വാട്ടർ പ്യൂരിഫെയറുകൾ സ്ഥാപിച്ചു.

- 17 നഴ്സിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

- രോഗപ്രതിരോധ ബോധവത്ക്കരണ പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നതിനായി ഒ.പി.യിൽ റ്റി.വി.- കൾ സ്ഥാപിച്ചു.

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പബ്ലിക് ടോയ്‌ലെറ്റുകൾ സ്ഥാപിച്ചു.

കാർഡിയോളജി, പ്രിവന്റീവ് ക്ലിനിക്ക്, പ്ലാസ്റ്റിക് സർജറി, റെസ്പിറേറ്ററി മെഡിസിൻ, ഓർത്തോ, റേഡിയോതെറാപ്പി, എൻഡോക്രൈനോളജി എന്നിവയുടെ നവീകരണം

<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>

24.03.2012-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(ആർ.റ്റി)നം.98/2012/ആ.കു.വ തീയതി പ്രകാരം പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ സർക്കാർ മെഡിക്കൽ കോളേജ്

തുടങ്ങുന്നതിന് തീരുമാനിച്ചു. ഈ പ്രോജക്ടിന് 10.01.2013-ൽ 167.33 കോടി രൂപയുടെ (നബാർഡ്) ഭരണാനുമതി നൽകിയിരുന്നു.

10.01.2013-ലെ ഉത്തരവ് നമ്പർ ജി.ഒ(ആർ.റ്റി)നം.132/2013/ആ.കു.വ പ്രകാരം ഒന്നാംഘട്ട നിർമ്മാണത്തിനായി 167.33 കോടി രൂപയുടെ ഭരണാനുമതി നൽകി. 300 കിടക്കകൾ ഉള്ള ടീച്ചിംഗ് ഹോസ്പിറ്റൽ (32000 സ്ക്വ.മീ) മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് (16300 സ്ക്വ.മീ), ക്യാമ്പസിനകത്തുള്ള റോഡുകൾ എന്നിവയാണ് ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ടിരുന്നത്.

ആശുപത്രിയുടേയും കോളേജിന്റെയും അനുബന്ധമായി നിർമ്മിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളായ അഡ്മിമിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ലോൺട്രി, അനിമൽ ഹൗസ്, ഓഡിറ്റോറിയം, മോർച്ചറി തുടങ്ങിയവ രണ്ടാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുന്ന ടി നിർമ്മാണ പ്രർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 264.5033 കോടി രൂപയും മെഡിക്കൽ ഉപകരണങ്ങൾക്കായി 87.22 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു (ജി.ഒ(ആർ.റ്റി) നമ്പർ 1352/2019/ആ.കു.വ തീയതി 05.06.2019).

കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് വ്യവസ്ഥകളോടെ പാരിസ്ഥിതിക അനുമതി ലഭ്യമാക്കി. ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ആശുപത്രി വികസന സമിതി (HDS) രൂപീകരിക്കുന്നതിന് അനുമതി നൽകി, ആയത് രജിസ്ട്രേഷൻ നടത്തുകയും സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആശുപത്രിയുടേയും കോളേജിന്റെയും അനുബന്ധമായി നിർമ്മിക്കേണ്ട മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, ലോൺട്രി, അനിമൽ ഹൗസ്, ഓഡിറ്റോറിയം, മോർച്ചറി, ക്യാന്റീൻ, 200 കിടക്കകളുള്ള ആശുപത്രിയുടെ രണ്ടാമത്തെ ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനായി 200 കോടി (199.19) രൂപയുടെ ഫിനാൻഷ്യൽ സാംഗ്ഷൻ കിഫ്ബിയിൽനിന്ന് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിച്ചു.

ബുക്കുകൾ, ക്ലാസ്സ് റൂം, ലേബർ റൂം, ബ്ലഡ് ബാങ്ക്, മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, ലാബ് ഉപകരണങ്ങൾ മുതലായവ ഒരുക്കുന്നതിന് 18.72 കോടി രൂപ കിഫ്ബിയിൽ നിന്നും പ്രത്യേകമായി ലഭ്യമാക്കി ഇവ സജ്ജീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജിൽ ഒ.പി.-യും ഐ.പി.-യും ആരംഭിച്ചു. മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു. ഇന്റേണൽ റോഡ്, ഫയർ വാട്ടർ സമ്പ്, എസ്.റ്റി.പി, എൻട്രൻസ് ഗേറ്റ് മുതലായവ നിർമ്മിക്കുന്നതിന് 15,50,76,322 രൂപയുടെ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തിയേറ്റർ സംവിധാനം ഒരുക്കി. 2022 ഫെബ്രുവരി മാസം 30 ബെഡ്ഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വാലിറ്റിയിൽ ലഭ്യമാക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി സൗകര്യം ഒരുക്കി. അത്യാഹിത വിഭാഗത്തിൽ നിലവിലുള്ളതിനേക്കാൾ അധികമായി 16 ലക്ഷം രൂപയുടെ ഫർണിച്ചറുകളും ലഭ്യമാക്കി. ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി 26.02.2022-ന് ഉദ്ഘാടനം നടത്തി. 5 കോടി രൂപ മുതൽ മുടക്കി റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സൈസ് സി.റ്റി. സ്കാൻ സ്ഥാപിക്കാൻ അനുമതി നൽകി. പണി പുരോഗമിക്കുന്നു.

അൾട്രാ സൗണ്ട് സ്കാൻ 07.10.2021 മുതൽ ആരംഭിച്ചു. മോഡ്യുലാർ ഓപ്പറേഷൻ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി 70 ലക്ഷം രൂപ അനുവദിച്ചു. ആധുനിക രീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി. കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിച്ചു. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിച്ചു. 10 നിലകളുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ബോയ്സ് ഹോസ്റ്റലിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണം ആരംഭിച്ചു. ടി നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 7 ലക്ഷം രൂപ ചെലവഴിച്ച് ഒഫ്താൽമോളജി വിഭാഗത്തിൽ ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ സ്ഥാപിക്കാൻ അനുമതി നൽകി. 12.98 ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വിത്ത് ഒബ്സർവൻസ് ക്യാമറ ആന്റ് വീഡിയോ സ്ഥാപിക്കാൻ അനുമതി നൽകി. ആട്ടോറഫ് കേരറ്റോമീറ്റർ 3.54 ലക്ഷം രൂപ, യു.എസ്.ജി.എ. സ്കാൻ 6.14 ലക്ഷം രൂപ, ഫാകോ മെഷീൻ, സെന്റർ കോൻ 24.78 ലക്ഷം രൂപ എന്നിവയ്ക്കും അനുമതി നൽകി. ജനറൽ സർജറി വിഭാഗത്തിൽ എച്ച്.ഡി. ലാപ്രോസ്കോപ്പിക് സിസ്റ്റം 63.88 ലക്ഷം രൂപ, ലാപ്രോസ്കോപ്പിക് ഹാൻഡ് ആക്സസ്സറീസ് 16 ലക്ഷം രൂപ, ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ്

ടേബിൾ 7 ലക്ഷം രൂപ എന്നിവയ്ക്കും അനുമതി നൽകി. ഓർത്തോപീഡിക്സ് വിഭാഗത്തിൽ സി.ആം. ഇമേജ് ഇന്റൻസിഫയർ 38.65 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്നതിനും അനുമതി നൽകി.

നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ നിയമിച്ചു. ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിൽ അനാട്ടമി വിഭാഗം ലാബ്, അനാട്ടമി മ്യൂസിയം, ലൈബ്രറി, ലക്ചർ തിയേറ്റർ മുതലായവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫാർമക്കോളജി വിഭാഗം ലാബ്, ബയോകെമിസ്ട്രി വിഭാഗം ലാബ് മുതലായവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഫിസിയോളജി ലാബ്, പ്രിൻസിപ്പാളിന്റെ കാര്യാലയം, പരീക്ഷാ ഹാൾ, ലക്ചർ ഹാൾ മുതലയവ സജ്ജീകരിച്ചു. ടി കെട്ടിടത്തിന്റെ മൂന്നാം നിലയിൽ പത്തോളജി വിഭാഗം ലാബ്, മൈക്രോബയോളജി ലക്ചർ ഹാൾ മുതലായവ സജ്ജീകരിച്ചു. മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറിക്ക് ആവശ്യമായ ബുക്കുകൾ, സ്പെസിമിനുകൾ, വിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ ചാർട്ടുകൾ, അനാട്ടമി വിഭാഗത്തിന് മൃതദേഹം സൂക്ഷിക്കുവാനുള്ള ടാങ്ക്,

പഠനത്തിന് ആവശ്യമായ ബോൺ സെറ്റ്, സ്കെൽട്ടണുകൾ, ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ റീയേജന്റുകൾ മുതലായവ പൂർണ്ണമായും സജ്ജമാക്കി. 2021 സെപ്റ്റംബറിൽ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കി.

കോവിഡിന്റെ കാലത്ത് മെഡിക്കൽ കോളേജ് ആശുപത്രി സി.എഫ്.എൽ.റ്റി.സി, ആയി പ്രവർത്തിപ്പിച്ച് ഉപയോഗപ്രദമാക്കി. എം.എൽ.എ, ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ മുടക്കി അൾട്രാസൗണ്ട് സ്കാൻ പ്രവർത്തനക്ഷമമാക്കി.

2022-23 അദ്ധ്യയന വർഷത്തിൽ 100 MBBS സീറ്റിന് അംഗീകാരം ലഭിക്കുകയും നവംബർ 15-ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.

ആശുപത്രിയിലേക്ക് മോഡുലാർ ഓപ്പറേഷൻ തിയേറ്ററിന് 70 ലക്ഷം രൂപയും അനസ്തേഷ്യ വർക്ക് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 13 ലക്ഷം രൂപയും ബുക്സ് & ജേണൽസിന് 35 ലക്ഷം രൂപയും ഫർണിച്ചറുകൾ വാങ്ങുന്നതിന് 32,85,726 രൂപയും ഉൾപ്പെടെ ഉപകരണങ്ങൾ വാങ്ങുന്നതിന് 03.08.2022-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1896/2022/ആ.കു.വ ഉത്തരവ് പ്രകാരം 20800,000 രൂപ അനുവദിച്ചു. Phase I അഡീഷണൽ 15.5 കോടി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനം നടന്നുവരുന്നു.

<u>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്-</u> ആശുപത്രിയുടെ വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പ്ലാൻ ഫണ്ടും എച്ച്.ഡി.എസ്. ഫണ്ടും ഉപയോഗിച്ച് നിരവധി വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാഷ്വാലിറ്റി നവീകരണം, ലേബർ റൂം വിപുലീകരണം, പുതിയ ഐ.സി.യു. യൂണിറ്റുകൾ, പ്രധാന കെട്ടിടത്തിലെ വിവിധ നിലകളെ ബന്ധിപ്പിച്ചുകൊണ്ട് റാംപിന്റെ നിർമ്മാണം, എം.ആർ.ഐ. സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണം, റസിഡന്റ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം തുടങ്ങി വിവിധ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ രോഗീ പരിചരണത്തിന് ഏറെ സഹായകരമായ ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.ആർ.ഐ. ഉൾപ്പെടെയുള്ള ആധുനിക ചികിത്സ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രിയെ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിന് ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി രോഗികൾക്ക് ഏറെ നേരം ക്യൂ നിൽക്കാതെ ചികിത്സ ലഭ്യമാക്കി വരുന്നു. വിവിധ ചികിത്സ പദ്ധതികളായ Medisep, KASP, JSSK, RBSK-കളിലൂടെ

മെച്ചപ്പെട്ട ചികിത്സ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ നിലവിൽ കാർഡിയോളജി, നെഫ്രോളജി വകുപ്പുകൾ ഇല്ലെങ്കിലും കാത്ത് ലാബ് ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ചികിത്സ നൽകി വരുകയും ചെയ്യുന്നു.

<u>കോഴിക്കോട് സർക്കാർ മെഡിക്കൽ</u> കോളേജ് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>എം.ആർ.യു. (മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്)</u>

സാംക്രമികേതര രോഗങ്ങളിൽ അടിസ്ഥാന ശാസ്ത്ര ഗവേഷണങ്ങൾ വഴി രോഗനിർണ്ണയത്തിനും നൂതന ചികിത്സാ രീതികൾക്കുംവേണ്ടിയുള്ള കണ്ടുപിടിത്തങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെൻറ് ആവിഷ്കരിച്ച പദ്ധതിയാണിത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 2013-14 കാലഘട്ടങ്ങളിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ചും കേരള സർക്കാരും സംയുക്തമായി കരാറിലേർപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 2.18 കോടി ഉപകരണങ്ങൾ വാങ്ങുന്നിതിനും അനുവദിച്ചു.

അഡ്വാൻസ്ഡ് മോളിക്കുലാർ ഡയഗ്നോസ്റ്റിക് ലബോറട്ടറി

ജനിതക വൈകല്യത്താലുള്ള കാൻസർ, ശിശു രോഗങ്ങൾ എന്നിവയുടെ നിർണ്ണയത്തിന് ആവശ്യമായ നൂതന മോളിക്കുലാർ ടെസ്റ്റുകൾ, അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അനിവാര്യമായ എച്ച്.എൽ.എ. ടൈപ്പിംഗ് മുതലായ സങ്കീർണ്ണമായ പരിശോധനകൾ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റ് സ്ഥാപിച്ചതാണിത്. 2020-21 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

വി.ആർ.ഡി.എൽ.

വൈറസ്മൂലമുണ്ടാകുന്ന രോഗങ്ങളിൽ ഗവേഷണങ്ങൾ നടത്തി രോഗ നിർണ്ണയവും നൂതന ചികിത്സാ രീതിയും നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണിത്. 2013-14 കാലഘട്ടങ്ങളിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള ഐ.സി.എം.ആർ.-ഉം കേരള സർക്കാരും സംയുക്തമായി 5 വർഷത്തേക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. 5 വർഷത്തിനുശേഷം ആവർത്തന ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കരാറിലെ പ്രധാന വ്യവസ്ഥ. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 3.29 കോടി രൂപയും 2018-19 സാമ്പത്തിക

വർഷത്തിൽ 61.6 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തിൽ 2.19 കോടി രൂപയും അനുവദിച്ചു. ബയോ സേഫ്റ്റി ലെവൽ 3 ലാബ് പ്രൊപ്പോസൽ അംഗികരിച്ചുകൊണ്ട് 6,09,50,000 (ആറ് കോടി ഒൻപത് ലക്ഷത്തി അൻപതിനായിരം) രൂപ അനുവദിച്ചു. മെഡിസിൻ ICU നവീകരണ പ്രവൃത്തികൾക്കും സർജറി വിഭാഗത്തിന് സെമിനാർ ഹാൾ നിർമ്മിക്കുന്നതിനുംവേണ്ടി 106 കോടി രൂപ അനുവദിച്ച് പ്രവർത്തനം നടന്നുവരുന്നു.

<u>വെന്റിലേറ്ററുകൾ</u> - കോഴിക്കോട് ജില്ലയിലെ 13 നിയമസഭ സാമാജികരും ആസ്തിവികസന നിധിയിൽ ഉൾപ്പെടുത്തി 13 വെന്റിലേറ്ററുകൾ വാങ്ങുന്നതിന് 1 കോടി 75 ലക്ഷം രൂപ അനുവദിക്കുകയും ആയത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഇന്റർവെൻഷണൽ റേഡിയോളി</u> – സർക്കാർ മേഖലയിലുള്ള ഏക ഇന്റർവെൻഷണൽ റേഡിയോളി വിഭാഗമാണ് കോഴിക്കോട് മെഡിക്കൽ കോളേജിലുള്ളത്. ഇത് 2017-ൽ സ്ഥാപിച്ചു. ഇന്റർവെൻഷണൽ റേഡിയോളിയിൽ പോസ്റ്റ് ഡോക്ടറൽ കോഴ്സ് നടത്തിവരുന്നുണ്ട്.

<u>വാർഡ് 7 – ആധുനികവത്ക്കരണം</u> – തിരുവമ്പാടി എം.എൽ.എ ശ്രീ. ജോർജ് എം. തോമസിന്റെ അവർകളുടെ ആസ്തി വികസന നിധി 40 ലക്ഷം രൂപ ഉപയോഗിച്ച് വാർഡ് 7 ആധുനികവത്ക്കരിക്കുന്നതിന് തീരുമാനിച്ചു.

<u>സ്കൈ വാക്ക്</u>– മെഡിക്കൽ കോളേജിനോട് അനുബന്ധമായുള്ള സൂപ്പർ സ്പെഷ്യാലിറ്റി, സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് രോഗികളെ സുഗമമായി ബന്ധപ്പെട്ട വിഭാഗങ്ങളിൽ എത്തിക്കുന്നതിനായി നിർമ്മിക്കുന്ന സ്കൈ വാക്കിന് ബി.പി.സി.എൽ.-ന്റെ സി.എസ്.ആർ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ചു. പ്രവൃത്തി പൂർത്തിയായി.

<u>സർജിക്കൽ ഓങ്കോളജി</u> – ത്രിതല കാൻസർ സെന്ററിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കാൻസർ ചികിത്സയ്ക്ക് മാത്രമായി സർജിക്കൽ ഓങ്കോളജി വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിസങ്കീർണ്ണമായ കാൻസർ ശസ്ത്രക്രിയകൾ ഇവിടെ നടത്തിവരുന്നു.

<u>ത്രിതല കാൻസർ സെന്റർ</u> - 2019-20 സാമ്പത്തിക വർഷത്തിൽ ത്രിതല കാൻസർ സെന്ററിൽ പുതിയ വാർഡ് ആരംഭിക്കുന്നതിനായി 4 കോടി രൂപ അനുവദിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

PMSSY - കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച PMSSY പ്രോജക്ടിനുവേണ്ടി കേന്ദ്ര വിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 82.68 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചു.

ഡ്രഗ് സ്റ്റോർ - 2016-17 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചു.

സ്ട്രെംഗ്തനിംഗ് ആന്റ് അപ്ഗ്രഡേഷൻ ഓഫ് മെഡിക്കൽ കോളേജ് അണ്ടർ ഇൻക്രീസിംഗ് പി.ജി. സീറ്റ്- കേന്ദ്ര സഹായമായ 4 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി അനുവദിച്ച 2,66,60,000 രൂപയും ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചു.

സ്ട്രോക്ക് യൂണിറ്റ് - പുതിയ സ്ട്രോക്ക് യൂണിറ്റ് ആരംഭിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും തുക പൊതുമരാമത്ത് വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്

മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ എച്ച്.ഡി.എസ്.-ൽനിന്നും 1.9 കോടി രൂപ ചെലവഴിച്ച് 16 slice CT Scan-ഉം 50 ലക്ഷം രൂപ ചെലവഴിച്ച് അൾട്രാസൗണ്ട് മെഷീനും പെറ്റ് CT Scaner-ഉം സ്ഥാപിച്ചു.

<u>മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്</u>- അടിസ്ഥാന ശാസ്ത്രഗവേഷണത്തിനായി സ്ഥാപിച്ച മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റിന് സംസ്ഥാന സർക്കാർ വിഹിതമായി 2 കോടി രൂപ അനുവദിച്ച് ഉപകരണങ്ങൾ വാങ്ങി.

<u>ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം</u> - ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റത്തിനായി 1,73,70,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സ്ഥാപിക്കുകയും ചെയ്തു.

<u>പേഷ്യന്റ് ഫ്രണ്ട്ലി ഹോസ്പിറ്റൽ അറ്റ്മോസ്ഫിയർ</u> - 2017 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

<u>ബേൺസ് യൂണിറ്റ്</u> - തീപ്പൊള്ളലേറ്റുവരുന്ന രോഗികൾക്ക് മാത്രമായി ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 1,24,70,000 രൂപ കേന്ദ്ര വിഹിതവും 83,20,000 സംസ്ഥാന വിഹിതവും ലഭിച്ചിട്ടുണ്ട്.

1 കോടി 35 ലക്ഷം രൂപ ചെലവഴിച്ച് വൈറോളജി ലാബിൽ രോഗനിർണ്ണയത്തിനായി ഒരു ഫ്ളൂറോസൈറ്റോമെട്രി മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

PMSSY Phase II നിർമ്മാണത്തിനായി 195.93 (കേന്ദ്ര സംസ്ഥാന ഫണ്ടിൽ നിന്നും) കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി 99% പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

Modernization of Drug Store നിർമ്മാണത്തിനായി സംസ്ഥാന ഫണ്ടിൽ നിന്നും 3 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

Tertiary cancer care centre നിർമ്മാണത്തിനായി കേന്ദ്ര സംസ്ഥാന ഫണ്ടിൽ നിന്നും 44.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

Construction of Building Exclusively for stroke centre under Neuromedicine-ന്റെ നിർമ്മാണത്തിനായി സംസ്ഥാന ഫണ്ടിൽ നിന്നും 5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിനായി വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.

| Sl. No | Name of equipment | Fund details |
|---|---|---|
| 1 | HD Camera system with light source and telescope (Urology) | 27,00,000 |
| 2 | HD Camera system (ENT) | 27,00,000 |
| 3 | HD Camera system (Gynaecology) | 25,00,000 |
| 4 | HD Laproscopy set (Surgical gastroentrerology) | 30,00,000 |
| 5 | Endobronchial Ultrasound (EBUS) | 1,08,00,000 |
| 6 | 3D Laproscopy system (General Surgery) | 80,00,000 |
| 7 | Cryfuge (Refrigerated centrifugal) | 32,00,000 |
| 8 | Operating miscroscope with integrated HD camera (Neurosurgery) | 80,00,000 |
| 9 | Harmonic scalpel (Radiotherapy) | 20,00,000 |
| 10 | CT Stimulator (Radiotherapy) | 4,00,00,000 |
| 11 | High end ultrasound scanner (Radiodiagnosis) | 59,92,000 |
| 12 | Portable Digital X-ray machine (Radiodiagnosis) | 32,98,000 |
| 13 | Urodynamic study system (Urology) | 25,00,000 |
| 14 | Cavitron Ultrasonic Surgical Aspirator (Surgical Gastro) | 47,00,000 |
| 15 | 3 Chip high end definition Laproscopic system (General Surgery) | 35,00,000 |
| 16 | Diode Cyclophoto coagulator with probe (Ophthalmology) | 20,00,000 |

| | | |
|---|---|---|
| 17 | Ultrasonic Aspirator with Universal hand piece-Neurosurgery | 26,00,000 |
| 18 | Automated stainer for Histopathology Lab (Pathology) | 30,00,000 |
| 19 | Automated Coagulation Analyser(pathology | 20,00,000 |
| 20 | Fully Automated random Access clinical Chemist Analyser (Biochemistry) | 23,60,000 |
| 21 | CUSA (Neurosurgery) | 28,00,000 |
| 22 | Self retaining brain retractor (Neurosurgery) | 14,00,000 |
| 23 | ESWL Machine (Urology) | 1,30,00,000 |
| 24 | Posterior segment vitrectomy machine (Ophthalmology) | 40,00,000 |
| 25 | Digital Radiography Unit (Radiodiagnosis) | 1,73,70,000 |
| 26 | Operating Microscope (ENT) | 70,00,000 |
| 27 | Video connectivity (Gynaecology) | 35,00,000 |
| 28 | ICU Cot(Cardiology) | 25,00,000 |
| 29 | HD Laproscopic set (Paediatric Surgery) | 46,00,000 |
| 30 | X-Ray machine (Radiodiagnosis) | 29,00,000 |
| 31 | Echo Cardiology (Paediatrics) | 23,00,000 |
| 32 | OCT with facility to do angiography (Ophthalmology) | 60,00,000 |
| 33 | Operating Microscope (Plastci Surgery) | 91,00,000 |
| 34 | High Defenition endoscopy system (General Surgery) | 35,00,000 |
| 35 | Echo Cardiography (Cardiology) | 21,85,000 |
| 36 | Automated Field analyser (Ophthalmology) | 34,00,000 |
| 37 | Enteroscope Double balloon (Gastroenterology) | 32,00,000 |
| 38 | Long term video EEG system | 23,52,000 |
| 39 | Flexible video Nasopharyngolaryngoscope | 45,42,682 |

| | | |
|---|---|---|
| 40 | Operating Microscope with observance camera and video long | 45,10,000 |
| 41 | Diesel operated ride on sweeping machine | 20,00,100 |
| 42 | Echo machine with Tee Probes (Small and medium sizes) | 80,00,000 |
| 43 | C-Arm mobile image Intensifier system (Model A) | 72,00,000 |
| 44 | Intubating Video Laryngoscope with Mascintosh Blade | 22,02,353 |
| 45 | Real Time PCR and Nano volume Spectrophotometer | 25,00,000 |
| 46 | Congfocal Microscope or high resolution imaging system | 1,40,00,000 |
| 47 | Advanced flow cytometry | 1,50,00,000 |
| 48 | Ventilators | 1,48,50,000 |
| 49 | Ventilator Adult | 50,00,000 |
| 50 | Karyo typing and fish work station | 65,00,000 |
| 51 | DNA/Genetic Analyzer (DNA Sequencer, Sanger) | 69,00,000 |
| 52 | Advanced flurescent microscope | 90,00,000 |
| 53 | FACS Analyzer system | 85,00,000 |
| 54 | HD Laproscopic system | 22,00,000 |
| 55 | Balastic Lithoclast with additional suction | 20,00,000 |
| 56 | 50 KWX-ray machine and computerized radiography model A | 40,00,000 |
| 57 | Digital mommogram | 1,75,00,000 |
| 58 | Ultra sound machine with color Doppler 3D/4D High resolutionmodel B | 1,62,05,757 |
| 59 | Electric drill | 24,00,000 |
| 60 | Steriotactic system (Neurosurgery) | 1,25,00,000 |
| 61 | Anesthesia workstation | 24,02,794 |

സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ

1. അക്കാദമിക് ബ്ലോക്ക് - (നബാർഡ് ധനസഹായം)

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി നബാർഡ് ഫണ്ടിൽ നിന്നും 41.83 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാവുകയും വിവിധ പ്രീ-ക്ലിനിക്കൽ പാരാ-ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ലക്ചർ ഹാളുകൾ തുടങ്ങിയവ 2 ½ ലക്ഷം ചതുരശ്രഅടി വിസ്തൃതിയുള്ള ഈ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

2. ആഭ്യന്തര റോഡുകളും സുരക്ഷാ നടപ്പാതകളും നിർമ്മാണം

ക്യാമ്പസിലെ ഹോസ്പിറ്റൽ, അക്കാദമിക്, റസിഡൻഷ്യൽ മേഖലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതകൾ 7 മീറ്റർ മുതൽ 14 മീറ്റർ വരെ വീതിയിൽ BMBC നിലവാരത്തിൽ സുരക്ഷാ നടപ്പാതകളോടുകൂടി നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ മൂലധനഫണ്ടിൽ നിന്നും 9.90 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാവുകയും ചെയ്തു.

3. <u>സ്റ്റാഫ് ക്വാർട്ടേഴ്സ്</u>

സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി സംസ്ഥാനസർക്കാരിന്റെ മൂലധനഫണ്ടിൽ നിന്നും 9.60 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാവുകയും ചെയ്തു.

4. <u>പി.ജി. ക്വാർട്ടേഴ്സുകൾ</u>

പി. ജി. ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി 3.4 കോടി രൂപയുടെയും 12.81 കോടി രൂപയുടെയും 12.08.2014-ലെ GO(Rt)No.2768/2014/H&FWD എന്ന ഉത്തരവ് പ്രകാരം 2 കോടി രൂപയുടെയും അനുമതി ലഭിക്കുകയും പ്രവൃത്തികൾ പൂർത്തിയാവുകയും ചെയ്തു. അഞ്ച് കെട്ടിടങ്ങളിലായി – 80 അപ്പാർട്ടുമെന്റുകൾ പി.ജി. വിദ്യാർത്ഥികൾക്കായി പണിപൂർത്തിയാക്കിയിരിക്കുന്നു.

5. <u>പേ വാർഡ്</u>

പേ വാർഡ് നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ മൂലധനഫണ്ടിൽ നിന്നും 4.90 കോടി രൂപ ചെലവഴിച്ച് പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി.

6. <u>കീമോതെറാപ്പി ഡേ കെയർ സെന്റർ</u>

കീമോതെറാപ്പി ഡേകെയർ സെന്റർ നിർമ്മാണത്തിനായി ആലത്തൂർ ലോക്സഭാംഗം ഡോ. പി. കെ. ബിജു എം.പി-യുടെ മണ്ഡല വികസന ഫണ്ടിൽ നിന്നുള്ള 1.50 കോടി രൂപയും സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയും ചെലവഴിച്ച് പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

7. <u>സെൻട്രൽ വെയർഹൗസ് - ഒന്നാം ഘട്ടം</u>

സെൻട്രൽ വെയർഹൗസിന്റെ നിർമ്മാണത്തിനായി സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 3 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാവുകയും ചെയ്തു.

8. <u>ഗസ്റ്റ് ഹൗസ്</u>

ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 1 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും ചെയ്തു.

9. <u>ലക്ചർ തീയറ്റർ കോംപ്ലക്സ്</u>

ലക്ചർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം 3 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു.

10. <u>ശിശു ചികിത്സ വിഭാഗം ഒന്നാം ഘട്ടം</u>

ചൈൽഡ് ഹെൽത്ത് കെയർ കെടിടം നിർമ്മാണത്തിനായി പി.ജി. വിഭാഗങ്ങളുടെ ശാക്തീകരണത്തിനായുള്ള കേന്ദ്ര ഫണ്ടിൽനിന്നും 4.24 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും ചെയ്തു.

11. വയോജനപരിചരണ പരിശീലന ഗവേഷണകേന്ദ്രം

ജെറിയാട്രിക് കെയർ, ട്രെയിനിംഗ് & റിസർച്ച് സെന്റർ നിർമ്മാണത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ ധനസഹായ ഫണ്ടിൽ നിന്നും ആകെ 3.11 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

12. മെൻസ് ഹോസ്റ്റൽ

MBBS ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായി 3.09 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.

13. ലേഡീസ് ഹോസ്റ്റൽ ഒന്നാം ഘട്ടം

MBBS പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായി ഒന്നാം ഘട്ടം 1.15 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

14. <u>കോളേജ് പ്ലേ ഗ്രൗണ്ട് നിർമ്മാണം</u>

കോളേജ് പ്ലേ ഗ്രൗണ്ട് നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ മൂലധനഫണ്ടിൽ നിന്നും 1.50 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

15. <u>മെറ്റേണിറ്റി അനക്സ് കെട്ടിടം</u>

Maternity Annex Building നിർമ്മാണത്തിനായി 1.45 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

16. <u>കാർഡിയോ തൊറാസിക്ക് സർജറി & കാത്ത് ലാബ്</u>

കാർഡിയോ തൊറാസിക്ക് സർജറി യൂണിറ്റ് കാത്ത്ലാബ് നിർമ്മാണത്തിനായി 8.60 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. കാത്ത്ലാബ് ഏറ്റവും നൂതനമായ ചികിത്സാ സൗകര്യങ്ങളായ IVUS, FFR, IABP 3D Echo/TEE എന്നീ അത്യാധുനിക ഉപകരണങ്ങൾ കാത്ത്ലാബിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. ആഞ്ജിയോപ്ലാസ്റ്റി, പേസ് മേക്കർ തുടങ്ങിയ ചികിത്സ നൽകാൻ സാധിക്കുന്നു. കാർഡിയോ തൊറാസിക്ക് സർജറി വിഭാഗം തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ തുടങ്ങുന്നതിനായി അത്യാധുനിക

സംവിധാനങ്ങളോടുകൂടിയ രണ്ട് ഐ.സി.യു.-കളും അതിനൂതനമായ ഉപകരണങ്ങളും സ്ഥാപിക്കുകയും 4 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 01.07.2017 മുതൽ ഈ വിഭാഗം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. Thoracic/Cardiac/Coronary Artery Bypass Grafting/Valve replacement/Lung Resection/Vascular Bypass/Medlastinal tumour removal തുടങ്ങിയ ശസ്ത്രക്രിയകൾ KARUNYA/KASP പദ്ധതി മുഖേന നടന്നുവരുന്നു.

17. ആർദ്രം മിഷൻ പദ്ധതി ഒ.പി. നവീകരണം

ആശുപത്രികൾ രോഗീസൗഹൃദമാക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒ.പി. വിഭാഗങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 3.96 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഒ.പി. ടിക്കറ്റ് കൗണ്ടർ, ക്യാഷ് കൗണ്ടർ, സഹായ കേന്ദ്രങ്ങൾ, വെയ്റ്റിംഗ് ഏരിയ എന്നിവ വിപുലീകരിച്ച് നിർമ്മിച്ചു.

18. ശിശു ചികിത്സ വിഭാഗം - രണ്ടാം ഘട്ടം

ചൈൽഡ് ഹെൽത്ത് കെയർ കെട്ടിടം നിർമ്മാണത്തിനായി പി. ജി. വിഭാഗങ്ങളുടെ ശാക്തീകരണത്തിനായുള്ള കേന്ദ്ര-സംസ്ഥാന ഫണ്ടിൽ നിന്നും 3.03 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കുകയും ചെയ്തു. ഒ.പി. വിഭാഗം, കുട്ടികളിലെ പ്രമേഹ ചികിത്സാ പദ്ധതിയായ മിഠായി, രക്തസംബന്ധ രോഗങ്ങൾ ആയ തലസീമിയ, ഹിമോഫിലിയ എന്നിവയ്ക്കുള്ള ഡേകെയർ സെന്ററുകൾ ആണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഒപ്പം തന്നെ ഭിന്നശേഷിക്കാരുടെ ചികിത്സ ലക്ഷ്യമാക്കി റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ (REIC & Autism) പ്രവർത്തനം ആരംഭിച്ചു.

19. <u>പുതിയ UG/ PG ലാബ്</u>

2.50 കോടി രൂപ ചെലവഴിച്ച് അക്കാദമിക് സമുച്ചയത്തിൽ മെഡിക്കൽ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ലാബുകൾ സജ്ജീകരിച്ചു.

20. <u>ആഭ്യന്തര റോഡ് നവീകരണം</u>

1.50 കോടി രൂപ ചെലവഴിച്ച് മെഡിക്കൽ കോളേജ് കാമ്പസിലെ നിലവിലെ റോഡുകൾ നവീകരിക്കുകയും പുതിയ കെട്ടിടങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുകയും ചെയ്തു.

21. <u>കാത്ത് ലാബിന് വേണ്ടിയുള്ള വൈദ്യുതീകരണ ജോലികൾ</u>

കാത്ത്‌ലാബിന് വേണ്ടി വൈദ്യുതീകരണ ജോലികൾ ചെയ്യുന്നതിനും ജനറേറ്റർ സ്ഥാപിക്കുന്നതിനുമായി 1.004 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.

22. <u>മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയുടെ വികസനം</u>

മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിൽ ലിനാക് മെഷീൻ സ്ഥാപിക്കുന്നതിനോട് അനുബന്ധമായി ആശുപത്രിയുടെ വൈദ്യുതി സംവിധാനങ്ങളുടെ നവീകരിക്കുന്നതിന് (LT to HT) 2 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കി.

23. <u>സെൻട്രൽ വെയർഹൗസ്</u>

സെൻട്രൽ വെയർഹൗസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 2 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കി.

24. <u>ലേഡീസ് ഹോസ്റ്റൽ രണ്ടാം ഘട്ടം</u>

MBBS പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ 3 കോടി രൂപ ചെലവഴിച്ച് രണ്ടാം ഘട്ടം പൂർത്തിയാക്കി.

25. കീമോ തെറാപി ഡേ കെയർ & സർജിക്കൽ ഓങ്കോളജി കെട്ടിടം രണ്ടാം ഘട്ടം

കീമോതെറാപ്പി ഡേ കെയർ & സർജിക്കൽ ഓങ്കോളജി കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിച്ച് പ്രവൃത്തി പൂർത്തിയാക്കി.

26. വൈറോളജി ലാബ് (VDRL)

വൈറോളജി ലാബ്(VDRL)സ്ഥാപിക്കുന്നതിന് 1.40 കോടി രൂപയുടെ അനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തിയാവുകയും ചെയ്തു.

25. പാരാമെഡിക്കൽ എഡ്യുക്കേഷൻ കെട്ടിടം

പാരാമെഡിക്കൽ കോഴ്സുകളുടെ അധ്യയന നിലവാരം ഉയർത്തുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായി അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ചുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

26. ആശ്വാസ് വാടക വീട്

മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് താമസസൗകര്യം നല്കുന്നതിനായി സംസ്ഥാന സർക്കാർ ഭവനനിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആശ്വാസ് വാടകവീട് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

27. സോളാർ വൈദ്യുത പദ്ധതി

1 കോടി രൂപ ഉപയോഗിച്ച് കെ.എസ്.ഇ.ബി. മുഖേന നടപ്പാക്കുന്ന 150 kwp ശേഷിയുള്ള സോളാർ വൈദ്യുത പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

28. പി.ജി., റസിഡന്റ് ക്വാർട്ടേഴ്സ് നിർമ്മാണം രണ്ടാംഘട്ടം 3 കോടി രൂപ ഉപയോഗിച്ച് പി.ജി. റസിഡന്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഡി) വിദേശ രാജ്യങ്ങളിലുൾപ്പെടെയുള്ള തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് നഴ്സിംഗ് പഠനത്തിനുള്ള സൗകര്യം വിപുലീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

സർക്കാർ മേഖലയിൽ മഞ്ചേരി, കോന്നി എന്നിവിടങ്ങളിലായി പുതിയ രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. 60 സീറ്റുകൾ വീതം 2 കോളേജുകളിലും ഈ വർഷം അദ്ധ്യയനം ആരംഭിച്ചു.

സർക്കാർ മേഖലയിൽ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ ബി.എസ്.സി. നഴ്സിംഗിന് 60 സീറ്റുകൾ വീതമായി രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 7 സർക്കാർ നഴ്സിംഗ് കോളേജുകളിൽ താഴെപ്പറയും പ്രകാരം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 8 |
| സർക്കാർ നഴ്സിംഗ് കോളേജ്, ആലപ്പുഴ | 14 |
| സർക്കാർ നഴ്സിംഗ് കോളേജ്, കോഴിക്കോട് | 14 |
| സർക്കാർ നഴ്സിംഗ് കോളേജ്, തൃശ്ശൂർ | 14 |
| സർക്കാർ നഴ്സിംഗ് കോളേജ്, എറണാകുളം | 14 |
| സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം | 14 |
| സർക്കാർ നഴ്സിംഗ് കോളേജ്, കണ്ണൂർ | 14 |
| ആകെ | 92 |

സ്വകാര്യ മേഖലയിൽ പുതുതായി 4 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്.

## പുതിയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

290(292) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകദേശം പതിനൊന്ന് ലക്ഷത്തോളം മലയാളി വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലും വിദേശത്തുമായി പഠനം

നടത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പുതിയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്വകാര്യ മേഖലയിലുൾപ്പെടെ കൂടുതൽ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസത്തിനുൾപ്പെടെ ഉന്നതവിദ്യാഭ്യാസത്തിനായി ധാരാളം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തുതന്നെ മെഡിക്കൽ വിദ്യാഭ്യാസ മേഖല മികച്ചതാക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എം.ബി.ബി.എസ്., മെഡിക്കൽ പി.ജി., നഴ്സിംഗ് കോഴ്സുകളിൽ സീറ്റ് വർദ്ധനവ് നടപ്പിലാക്കി മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഈ അദ്ധ്യയന വർഷം 100 എം.ബി.ബി.എസ്. സീറ്റുകളിൽ വീതം അഡ്മിഷൻ ആരംഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും അനുമതി ലഭ്യമാകുകയും ആയതിന്റെ

അടിസ്ഥാനത്തിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തു. ഇപ്രകാരം 2022-23 അധ്യയന വർഷത്തിൽ ആകെ 200 MBBS സീറ്റുകളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വയനാട് മെഡിക്കൽ കോളേജിൽ 2023-24 അദ്ധ്യയന വർഷം എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയാക്കിയ ബ്ലോക്കിൽ ഒ.പി. ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് എണ്ണം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

വിവിധ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ 26 സ്പെഷ്യാലിറ്റി കോഴ്സിനും 9 സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിനും നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 2022-23 അദ്ധ്യയന വർഷത്തിൽ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുകയും അവിടങ്ങളിൽ 60 ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2022-23 അദ്ധ്യയന വർഷത്തിൽ 120 പുതിയ ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ അനുവദിച്ചു. 27.11.2022-ലെ GO(Ms)No.243/22/H&FWD പ്രകാരം സംസ്ഥാനത്തെ 7 സർക്കാർ നഴ്സിംഗ് കോളേജുകളിൽ ആകെ 92 ബി.എസ്സ്.സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട കൗൺസിലുകൾ/സർവ്വകലാശാലകൾ/ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് മുതലായവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണ്ണ രീതിയിൽ പ്രവർത്തനസജ്ജമാണെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിൽ കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്വാശ്രയ കോളേജുകളിൽ സീറ്റ്

വർദ്ധനവിനുള്ള അനുമതിയും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് യു.ജി. തലത്തിലും പി.ജി. തലത്തിലും മികച്ച പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ മാതൃക സ്ഥാപനങ്ങളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശംങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## അലെയ്ഡ് ആന്റ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ട് പ്രകാരം സംസ്ഥാനത്ത് രൂപീകരിക്കുന്ന കൗൺസിൽ

291(293) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2021-ൽ പാസ്സാക്കിയ അലെയ്ഡ് ആന്റ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്ട് കേരളത്തിൽ നടപ്പാക്കുവാൻ ഇതുവരെ എന്ത് നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചത്; പ്രസ്തുത ആക്ടിനുകീഴിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് എന്തെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യതകളാണ് കേരളത്തിൽ ലഭ്യമാക്കുക; ഇതുസംബന്ധിച്ച് സ്പെഷ്യൽ റൂൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

28/03/2021-ലെ ദി നാഷണൽ കമ്മീഷൻ ഫോർ അലെയ്ഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCHAP) ആക്റ്റ് 2021 ലെ വ്യവസ്ഥകൾ പാലിച്ച് പ്രസ്തുത നിയമത്തിലെ സെക്ഷൻ 22 പ്രകാരം 28-09-2022-ലെ സഉ(അച്ചടി)നം.53/2022/ആ.കു.വ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അലെയ്ഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 68-ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന അലെയ്ഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങൾ പരിശോധിച്ചുവരികയാണ്. അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും നിലവിൽ പരിശോധനയിലാണ്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 66(I) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നാഷണൽ കമ്മീഷൻ റെഗുലേഷനുകൾ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്കും റെഗുലേഷനുകൾ നാഷണൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്കും കേരള സംസ്ഥാന അലെയ്ഡ് ഹെൽത്ത് കെയർ കൗൺസിൽ

പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതാണ്. നാഷണൽ കമ്മീഷൻ ഫോർ അലെയ്ഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021-ന്റെ ഷെഡ്യൂളിൽ ക്ലോസ് 6-ൽ ഒക്യൂപേഷണൽ തെറാപ്പിസ്റ്റുകളുടെ തൊഴിൽമേഖല വിവരിച്ചിട്ടുണ്ട്.

(ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ 2022 ജൂൺ 15-ന് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരമുള്ള (കാറ്റഗറി നമ്പർ 183/2022) ആരോഗ്യ വകുപ്പിലേയ്ക്കുള്ള ഒക്യൂപേഷണൽ തെറാപ്പിസ്റ്റുകളുടെ നിയമനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കേരള പബ്ലിക് സർവീസ് കമ്മീഷൻ 2022 ജൂൺ 15-ന് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള (കാറ്റഗറി നമ്പർ 183/2022) ആരോഗ്യ വകുപ്പിലേയ്ക്കുള്ള ഒക്യൂപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ പ്രാഥമിക തല സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

(സി) കേരളത്തിലെ ബാച്ചിലേഴ്സ് ഓഫ് ഒക്യൂപേഷണൽ തെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ് റെഗുലേഷൻസ് പ്രസിദ്ധീകരിക്കാനും അതുവഴി കൂടുതൽ മെഡിക്കൽ കോളേജുകളിൽ കോഴ്സ് ആരംഭിക്കാനും വേണ്ടുന്ന എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ബാച്ചിലേഴ്സ് ഓഫ് ഒക്യുപേഷണൽ തെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ് റെഗുലേഷൻസ് ആരോഗ്യ-ശാസ്ത്ര സർവ്വകലാശാല ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

(ഡി) അലെയ്ഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ടിന് ചുവടുപിടിച്ച് സംസ്ഥാനത്ത് രൂപീകരിക്കുന്ന കൗൺസിലിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുമോ; ആയതിന്റെ സ്പെഷ്യൽ റൂൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ നിലവിലുള്ള കെ2/27/2022/എച്ച്.ആന്റ്.എഫ്.ഡബ്ല്യു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന് ഉണ്ടായ കാലതാമസം വിശദമാക്കുമോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയ ദി നാഷണൽ കമ്മീഷൻ ഫോർ അലെയ്ഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCHAP) ആക്റ്റ് 2021-ന്റെ സെക്ഷൻ 22 (ഇ) പ്രകാരം ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിഭാഗത്തിൽ നിന്നും 2 പ്രതിനിധികളെ വീതം സംസ്ഥാന കൗൺസിലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്, ആക്ടിന്റെ ഷെഡ്യൂളിൽ ഒക്യുപേഷണൽ തെറാപ്പിയും ഉൾപ്പെട്ടിട്ടുണ്ട്.

കരട് ചട്ടങ്ങൾ നിയമവകുപ്പ് പരിശോധിച്ചുവരുന്നു (ഫയൽ നം. കെ2/2 കമ്മീഷൻ7/2022/ആ.കു.വ).

**കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റി വയ്ക്കൽ ശസ്ത്രക്രിയ**

292 (294) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരൾരോഗ ബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

കരളിന് രോഗം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരൾ മാറ്റിവയ്ക്കാൻ വേണ്ടിവരുന്ന ഭീമമായ ചെലവ് പാവപ്പെട്ട രോഗികൾക്ക് താങ്ങാൻ കഴിയാത്തവിധം ഉയർന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി & സി) സ്വകാര്യ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഭീമമായ ചെലവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ

നിന്നും പാവപ്പെട്ട രോഗികൾക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടങ്ങളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായാണ് ചെയ്തുവരുന്നത്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രസ്തുത ശസ്ത്രക്രിയ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ ലിവർ ആന്റ് മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രോപ്പോസൽ സമർപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് 06.04.2022-ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിൽ ഒരു യോഗം വിളിച്ചുചേർക്കുകയും സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരമുള്ള ബ്ലോക്കിന്റേയും പണികൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞാലുടൻ ലിവർ

ആന്റ് മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, കോഴിക്കോട് ജില്ലയിൽ ഒരു ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് 30.11.2022-ന് ചേർന്ന മന്ത്രിസഭായോഗം തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ പുതിയ ബ്ലോക്കുകൾ**

293 (295) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക്, മെറ്റേർണൽ &ചൈൽഡ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 169.01 കോടി (നൂറ്റി

അറുപത്തിയൊൻപത് കോടി ഒരു ലക്ഷം രൂപ)യുടെ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ അനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധനകൾ പൂർത്തിയായി വരികയാണ്. ഡിസൈൻ അനുമതി ലഭ്യമായതിനുശേഷം സാങ്കേതികാനുമതി നേടി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും. മാതൃശിശു കേന്ദ്രത്തിനായുള്ള സാമ്പത്തികാനുമതിക്കായി വിശദമായ രൂപരേഖ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാൻ നടപടി**

294(296) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോ വാസ്കുലർ തൊറാസിക് സർജറി (1 അദ്ധ്യാപകൻ), നെഫ്രോളജി (2 അദ്ധ്യാപകർ), യൂറോളജി (1 അദ്ധ്യാപകൻ), പ്ലാസ്റ്റിക് സർജറി (3 അദ്ധ്യാപകർ), ഗ്യാസ്ട്രോ എന്ററോളജി (1 അദ്ധ്യാപകൻ), കാർഡിയോളജി (4 അദ്ധ്യാപകർ) എന്നീ

വിഭാഗങ്ങളിലെ അദ്ധ്യാപകക്ഷാമം കാരണം രോഗികൾ ബുദ്ധിമുട്ടുന്ന സാഹചര്യമുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൃശ്ശൂർ മെഡിക്കൽ കേളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ യൂറോളജി (1 അദ്ധ്യാപകൻ) ഗ്യാസ്ട്രോ എന്ററോളജി (1 അദ്ധ്യാപകൻ) എന്നീ ഒഴിവുകൾ മാത്രമേ നിലവിലുള്ളൂ.

(ബി) ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും അതുവഴി സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾ നേടിയെടുക്കാനും തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽനിന്നുള്ള രോഗികൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം നൽകുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് നടപടി**

295 (297) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ കോബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള ടെലി കൊബാൾട്ട് റേഡിയേഷൻ മെഷീന്റെ Theratron 780 E പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി പഴയ റേഡിയോ ആക്ടീവ് കൊബാൾട്ട് സോഴ്സ് മാറ്റി പുതിയ കൊബാൾട്ട് സോഴ്സ് സ്ഥാപിക്കുന്നതിനുവേണ്ടി 24.5.2022-ലെ സർക്കാർ ഉത്തരവ് (സാധാ). 1178/2022/ആ.കു.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീന് 24 വർഷത്തോളം കാലപ്പഴക്കമുള്ളതിനാൽ പുതിയ സോഴ്സ് സ്ഥാപിച്ചാലും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന കാര്യത്തിൽ ഉറപ്പില്ലാത്തതിനാൽ മെഷീന്റെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി കോഴിക്കോട് റേഡിയോ തെറാപ്പി വിഭാഗം മേധാവി, അസോസിയേറ്റ് പ്രൊഫസർ & റേഡിയേഷൻ സേഫ്റ്റി ഓഫീസർ തുടങ്ങിയവരെ ചുമതലപ്പെടുത്തുകയും പരിശോധന റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരികയും ചെയ്യുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്**

296 (298) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളജുകൾക്ക് എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകി എന്ന് വ്യക്തമാക്കാമോ?

2020 ജനുവരി മുതൽ സ്വാശ്രയ മേഖലയിൽ പുതിയ മെഡിക്കൽ കോളജുകൾ ആരംഭിക്കുവാൻ എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സർക്കാർ അനുവദിച്ചിട്ടില്ല.

(ബി) 2020 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളജുകൾക്ക് എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പുതുക്കി നൽകി എന്ന് വ്യക്തമാക്കാമോ?

മുമ്പ് പ്രവർത്തിച്ചിരുന്ന പാലക്കാട് ചെർപ്പുളശ്ശേരി കേരളാ മെഡിക്കൽ കോളേജിന് എസെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് പുതുക്കി (Revalidate) അനുവദിച്ചിട്ടുണ്ട്.

**കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ്**

297 (299) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലും ആശുപത്രിയിലും നിലവിൽ നടന്നുവരുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) പുതിയ ലേഡീസ് ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ പണി (ഗ്രൗണ്ട് ഫ്ലോർ) പൂർത്തീകരിക്കുകയും 24.11.2022-ന് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

2) പുതിയ ലേഡീസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണത്തിന് (ഫസ്റ്റ് ഫ്ലോർ) 2 കോടി രൂപയുടെ ഭരണാനുമതി നൽകി പി.ഡബ്ല്യു.ഡി ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഉത്തരവ് നൽകി നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

3) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ NCISM-ന്റെ എം.എസ്.ആർ. പ്രകാരം സ്ഥാപിക്കുന്ന അനിമൽ ഹൗസിനും സെൻട്രൽ റിസർച്ച് ലബോറട്ടറിക്കുമായി പി.ഡബ്ല്യു.ഡി.- യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

4) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയുടെ ഭാഗമായി 1.92 കോടി രൂപ ചെലവിൽ പേ-വാർഡിന്റെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

5) കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ ഐ.പി. കെട്ടിടത്തിന്റെ ടൈൽ പാകൽ, ഫിസിയോതെറാപ്പി യൂണിറ്റിലെ നവീകരണ പ്രവൃത്തികൾക്കുമായി 21.66 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തുക പി.ഡബ്ല്യൂ.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

2022-23 വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിന്റെയും ആശുപത്രിയുടെയും പദ്ധതികൾ ചുവടെ കൊടുക്കുന്നു.

1) ലേഡീസ് ഹോസ്റ്റലിന്റെ മൂന്നാം നില (സെക്കന്റ് ഫ്ലോർ)-യുടെ നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2) സെൻട്രൽ റിസർച്ച് ലാബ് കെട്ടിടത്തിന് വേണ്ടി 29.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രോഗനിദാന, അഗദതന്ത്ര മ്യൂസിയങ്ങളുടെ അറ്റകുറ്റപ്പണിക്കായി 8.82 ലക്ഷം രൂപയുടെ ഭരണാനുമതിയും നഴ്സ്

ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്കായി 10.50 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

3) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 38.10 ലക്ഷം രൂപയുടെയും എ ബ്ലോക്ക് കെട്ടിടത്തിന്റെ റീ-വയറിംഗിനായി 20.10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

4) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് റാമ്പ് നിർമ്മാണം, ആശുപത്രിയിലെ ജനാലകൾക്കും എയർഹോളുകൾക്കും കൊതുകുവല പിടിപ്പിക്കൽ എന്നിവയ്ക്ക് 17.54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി തുകകൾ പി.ഡബ്ല്യു.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിയാരം ആയുർവേദ കോളേജിൽ നിന്നും സമർപ്പിച്ച പ്രധാന പ്രോജക്ട് ഏതൊക്കെയാണ്; വിശദമാക്കാമോ?

2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും, ആശുപത്രിയിൽ നിന്നും സമർപ്പിച്ച പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.

1. പി.ജി. ഹോസ്റ്റൽ ഫോർ മെൻ & വുമൺ - 2 കോടി രൂപ.

2. ക്ലാസ്-3 ജീവനക്കാർക്കുവേണ്ടിയുള്ള ടൈപ്പ്-2 ക്വാർട്ടേഴ്സ് - 2 കോടി രൂപ.

3. നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പേ വാർഡിന് ലിഫ്റ്റിന്റെ ക്യാബിൻ നിർമ്മാണം - 22 ലക്ഷം രൂപ

**ഉടുമ്പൻചോല ആയുർവേദ മെഡിക്കൽ കോളേജ്**

298 (300) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോലയിൽ അനുവദിച്ച ആയുർവ്വേദ മെഡിക്കൽ കോളേജിന് കെട്ടിടം പണിയുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് ആയുഷ് വകുപ്പിന് കെട്ടിടം പണിയുന്നതിനായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആയുർവേദ കോളേജിന് കെട്ടിടം അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ?

(എ-സി) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിൽ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ

മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിന്റെ ഭാഗമായി ഉടുമ്പൻചോലയിൽ 20.82 ഏക്കർ സ്ഥലം കണ്ടെത്തി. 11.02.2021-ൽ പ്രസ്തുത ഭൂമി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-നെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതി വിഹിതമായി അനുവദിച്ച 3 കോടി രൂപ വിനിയോഗിച്ച് പദ്ധതി പ്രദേശത്തിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള ഭരണാനുമതിയും പ്രവർത്തനാനുമതിയും നൽകിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് അധിക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഭാരതീയ ചികിത്സാ വകുപ്പിലെ ഭിന്നശേഷിക്കാരായ ഡോക്ടർമാർ

299(301) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിൽസാ വകുപ്പിൽ എത്ര എൻട്രി കേഡർ മെഡിക്കൽ ഓഫീസർമാർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ 745 എൻട്രി കേഡർ ആയുർവേദ മെഡിക്കൽ ഓഫീസർമാർ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഭിന്നശേഷിക്കാർ ജോലി ചെയ്തു വരുന്നുണ്ടെന്ന് അറിയിക്കുമോ; അവർ ഏതെല്ലാം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ?

20 പേർ.

Locomotor Disability/Cerebral Palsy-19

Low Vision -01.

(സി) ഭിന്നശേഷി വിഭാഗത്തിലെ ബാക്ക് ലോഗ് തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഭിന്നശേഷി വിഭാഗത്തിലെ ബാക്ക്ലോഗ് തസ്തികകൾ കണ്ടെത്തി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം ജില്ലയിലെ ആയുർവേദ ആശുപത്രി വികസന പ്രവൃത്തികൾ**

300(302) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ആയുർവേദ ആശുപത്രികളാണ് 100 കിടക്കകളുള്ള ആശുപത്രികളായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിൽ 100 കിടക്കകളുള്ള ആശുപത്രികൾ ഒന്നും നിലവിലില്ല. എന്നാൽ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു ആശുപത്രി നിലവിലുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ജില്ലാ ആശുപത്രികളിൽ 100 കിടക്കകൾ ഇല്ലാത്ത ആശുപത്രികളിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ വർക്കല ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ആയതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം**

301 (303) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ മുപ്പത്തി ഒൻപതാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക അതേ പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മാറ്റി അനുവദിക്കുന്നതിന് വനിതാ-ശിശു വികസന ഡയറക്ടറേറ്റിൽ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി 2021-22 വർഷം ബജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകിയിട്ടുള്ളതും കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക അതേ പഞ്ചായത്തിലെ 36-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മാറ്റി അനുവദിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ

ഭരണാനുമതി പുറപ്പെടുവിച്ച സാമ്പത്തിക വർഷം അവസാനിച്ചതിനാലും നടപ്പ് സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നതിനാലും പരിഗണിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 2023-24 വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

**ചിറയിൻകീഴ് മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ**

302 (304) ശ്രീ വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ ഏതൊക്കെയാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ചിറയിൻകീഴ് മണ്ഡലത്തിൽ 6 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ വനിതാ ശിശുവികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി# ചേർക്കുന്നു. ആയതിൽ ബഹു. എം.എൽ.എ. ശിപാർശ ചെയ്ത കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ AWC No. 69, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ AWC No. 11 എന്നീ 2 അങ്കണവാടികൾക്ക് നടപ്പ് സാമ്പത്തിക വർഷം സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

## ഹൃദ്യം പദ്ധതിയുടെ പുരോഗതി

303 (305) ശ്രീ. പി.വി. ശ്രീനിജിൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി.വി.അൻവർ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

# നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ നിലയിലാക്കുന്നതിനായി രൂപം നൽകിയ ഹൃദ്യം പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന ഹൃദ്യം പദ്ധതിക്ക് ദേശീയ തലത്തിൽ അംഗീകാരങ്ങൾ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ദേശീയ അംഗീകാരങ്ങൾ നേടുന്ന നിലയിലേയ്ക്ക് ഈ പദ്ധതിയെ സജ്ജമാക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

(എ-സി) ഉണ്ട്. ഹൃദ്രോഗമുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോ-അപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം ഐ.റ്റി. വിഭാഗവും സ്റ്റേറ്റ് ആർ.ബി.എസ്.കെ. വിഭാഗവും ചേർന്ന് ഒരു വെബ് സൈറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ക്രമീകരിച്ചിട്ടുള്ള വെബ്സൈറ്റ് മുഖാന്തരം ഹൃദ്രോഗമുള്ള കുട്ടികൾ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും

പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. യഥാസമയം ഹൃദ്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കൃത്യമായി അവലോകനം ചെയ്തു വരുന്നു.

'ഹൃദ്യം' പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ സ്കോച്ച് സ്വച്ഛ് ഭാരത് ഗോൾഡ് അവാർഡ്, Express Health Care അവാർഡ് എന്നീ രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ഹൃദ്യം പദ്ധതിക്ക് 2017-ലെ കേരള സംസ്ഥാന ഇ-ഗവേർണൻസ് അവാർഡ് 2018-ലും കേരള സംസ്ഥാന ചീഫ് മിനിസ്റ്റർ അവാർഡ് 2019-ലും ലഭിച്ചിട്ടുണ്ട്.

## ഐ.സി.ഡി.എസ്.പദ്ധതിയുടെ ഭാഗമായുള്ള ഫോർട്ടിഫൈഡ് റൈസ് വിതരണം

304 (306) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ എന്ന് മുതലാണ് വിതരണം ചെയ്തുതുടങ്ങിയത് എന്ന് അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ WBNP (Wheat Based Nutrition Program) എന്ന പദ്ധതി പ്രകാരം 2021 ജൂലൈ മുതൽ അങ്കണവാടികളിലെ

പ്രീസ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി സബ്സിഡി നിരക്കിൽ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്തുവരുന്നു.

(ബി) എത്ര പേർക്ക് എത്ര അളവിൽ അരി വിതരണം ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

ഒരു കുട്ടിക്ക് ഒരു ദിവസം 60 gm അരി എന്ന തോതിലാണ് അരി അനുവദിച്ച് വരുന്നത്. ഒരു ക്വാർട്ടറിൽ അനുവദിക്കുന്ന അരിയുടെ ശേഷിപ്പ് കുറച്ചാണ് തുടർക്വാർട്ടറിൽ അരി അനുവദിക്കുന്നത്. ഇപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഒന്നാം ക്വാർട്ടറിൽ അനുവദിച്ച അരിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നതിന് മുമ്പ് ഇതേക്കുറിച്ച് പഠനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ട് ലഭ്യമാകുന്ന അരി ആയതിനാൽ വകുപ്പ് തലത്തിൽ ഇതേക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

(ഡി) അരി വിതരണത്തിന് ശേഷം കുട്ടികളുടെ ആരോഗ്യസ്ഥിതിയിൽ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പഠനം നടത്തിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ

305 (307) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാതെയും ജീർണ്ണാവസ്ഥയിലുള്ളതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി കെട്ടിടം ഉണ്ടായിട്ടും അങ്കണവാടി പ്രവർത്തനം നടത്തുന്നതിന് അനുയോജ്യമല്ലായെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നതുമായ അങ്കണവാടികൾക്കാണ് വകപ്പ് മുഖേന അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നത്. ഇപ്രകാരമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്മാർട്ട് അങ്കണവാടി, MGNREGS എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്മാർട്ട് അങ്കണവാടി പദ്ധതി</u>

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3 (Slopping Terrain), 1.25 സെന്റ്) അനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ-ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ്സ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനംചെയ്യുന്നത്.

MGNREGS പദ്ധതി

MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കുന്ന പ്ലാനിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ വകുപ്പ് വിഹിതമായി 2 ലക്ഷം രൂപയും MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും ബാക്കിയുള്ള തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ 184, 109, 106, 25, 165 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജനപ്രതിനിധി നൽകിയ നിവേദനങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ 106, 25, 165 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ വനിതാ-ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ 184, 109 എന്നീ

നമ്പരായുള്ള അങ്കണവാടികൾക്ക് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അരി വില നിയന്ത്രിക്കാൻ നടപടി

306 (308) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സപ്ലൈകോ വില്പനശാലകൾ വഴി പച്ചരി, ജയ, മട്ട, കുറുവ എന്നീ ഇനങ്ങളിലുള്ള അരി സബ്സിഡി നിരക്കിൽ കാർഡൊന്നിന് 10 കിലോഗ്രാം വീതവും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കാവശ്യാനുസരണം ഫ്രീസെയിലായും വിതരണം ചെയ്തു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നുണ്ട്. ഇതിനുപുറമേ, പൊതു വിപണിയിലെ അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും ദൗർലഭ്യവും പിടിച്ചുനിർത്തുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം 'അരി വണ്ടി' 02.11.2022 മുതൽ 08.11.2022 വരെ ഞായറാഴ്ച ഒഴികെയുള്ള 6 ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ ക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote locations) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന തരം അരി ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിൽക്കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. പൊതുവിപണിയിൽ അരി വില

ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനും ചർച്ചകൾ നടത്തിവരുന്നുണ്ട്.

കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) പൊതുവിപണന കേന്ദ്രങ്ങളിൽ സെർവ്വർ തകരാർമൂലം റേഷൻ വിതരണം മുടങ്ങുന്നത് പതിവാകുന്ന സാഹചര്യത്തിൽ റേഷൻ വിതരണം മുടങ്ങാതിരിക്കാൻ ശാശ്വത പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സെർവർ തകരാർമൂലം റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുകയോ ഇ-പോസ് മെഷീൻ മുഖാന്തരമുള്ള ഇടപാടുകൾ തടസപ്പെടുന്നതുമൂലം ആർക്കും റേഷൻ കിട്ടാതിരിക്കുന്നതോ ആയ സാഹചര്യം ഉണ്ടായിട്ടില്ല.

(സി) റേഷൻ വിതരണക്കാരുടെ പ്രതിഫലം പകുതിയായി തടഞ്ഞുവയ്ക്കുന്നത് പൊതുവിതരണ കേന്ദ്രങ്ങളെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളെ ബാധിക്കുമെന്നിരിക്കെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ പൂർണ്ണമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

റേഷൻ വ്യാപാരികളുടെ കമ്മീഷൻ പകുതിയായി തടഞ്ഞുവച്ചിട്ടില്ല. 2022 ഒക്ടോബർ മാസം വരെയുള്ള ഭക്ഷ്യധാന്യ വിതരണത്തിന്റെ കമ്മീഷൻ പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടുണ്ട്. നവംബർ മാസത്തെ കമ്മീഷൻ പൂർണ്ണമായും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിതരണ സമ്പ്രദായം സംരക്ഷിക്കാൻ കൂടുതൽ നടപടി**

307 (309) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയ സമീപനങ്ങൾ കാരണം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവർദ്ധന നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം

സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. 02-11-2022 മുതൽ 08-11-2022 വരെ 1,31,464 കിലോ അരിയാണ് അരിവണ്ടി മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-08-2022 മുതൽ 07-09-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(ബി) ഗ്രാമതലത്തിൽ സഞ്ചരിക്കുന്ന പൊതുവിതരണ സംവിധാനം കൂടുതൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

യാത്രാസൗകര്യം കുറവുള്ള ഒറ്റപ്പെട്ട മലയോരപ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ചൂഷണത്തിന് വിധേയമാകാത്ത വിധത്തിൽ അവരുടെ കരങ്ങളിൽ

യഥാസമയം നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി'. കൂടാതെ നിലവിൽ 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെയും ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ട്. മൊബൈൽ മാവേലികൾ മുഖേന 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിലും മറ്റു പലചരക്ക് സാധനങ്ങൾ ന്യായമായ നിരക്കിലും മാവേലി സ്റ്റോർ കുറവായ മേഖലകൾ, പ്രളയ ബാധിതമേഖലകൾ, തീരപ്രദേശങ്ങൾ, മലയോര ആദിവാസി മേഖലകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്തുവരുന്നു.

**റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ആക്കുന്നതിനുള്ള നടപടി**

308 (310) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾ ബാധിച്ച് ചികിത്സ നടത്തുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് മറ്റു നിബന്ധനകളില്ലാതെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻഗണനാ മാനദണ്ഡം സംബന്ധിച്ച 18.09.2017-ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്.

(ബി) ആയിരം സ്ക്വയർഫീറ്റിന് തൊട്ടുമുകളിൽ വിസ്തൃതിയുള്ള വീടുകളുള്ള കുടുംബങ്ങൾക്ക് റേഷൻ കാർഡ് മുൻഗണനാ കാർഡാക്കി മാറ്റി കിട്ടാത്തതുമൂലം ചികിത്സാ സഹായങ്ങൾ ലഭിക്കാതെ വരുന്നത് ഒഴിവാക്കുന്നതിനായി, ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020-ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ**

309 (311) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

50 എണ്ണം ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 07

2. കൊല്ലം - 02

3. പത്തനംതിട്ട - 05

4. ആലപ്പുഴ - 07

5. കോട്ടയം - 02

6. ഇടുക്കി - 03

7. എറണാകുളം - 04

8. തൃശ്ശൂർ - 08

9. പാലക്കാട് - 02

10. മലപ്പുറം - 01

11. കോഴിക്കോട് - 03

12. വയനാട് - 02

13. കണ്ണൂർ - 02

14. കാസർഗോഡ് - 02

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ?

ഒരെണ്ണം ലഭിച്ചിട്ടുണ്ട്; ടി അപേക്ഷ ജില്ലാ സുഭിക്ഷ സമിതി അംഗീകരിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവിനായി ഓരോ ഹോട്ടലിനും 10 ലക്ഷം രൂപ വരെ പരമാവധി അനുവദിക്കും. സുഭിക്ഷ ഹോട്ടലിൽനിന്നും 20 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന

ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നുണ്ട്. ഹോട്ടലിന്റെ നടത്തിപ്പിനായി വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, വാടകരഹിത കെട്ടിടം ലഭ്യമാക്കാത്തപക്ഷം കെട്ടിട വാടക, ആവശ്യമെങ്കിൽ മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കായും തുക അനുവദിക്കുന്നുണ്ട്. കൂടാതെ കിടപ്പു രോഗികൾ, അശരണർ എന്നിവർക്ക് ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചുനൽകുന്നതിന് ഊണൊന്നിന് ഭക്ഷണത്തിന്റെ വിലയായ 25 രൂപയ്ക്കും കൈകാര്യ ചെലവായ 5 രൂപയ്ക്കും പുറമെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ADM അദ്ധ്യക്ഷനായ ജില്ലാ സുഭിക്ഷ സമിതിയുടെ അംഗീകാരത്തിന് വിധേമായി അനുവദിക്കുന്നുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ

310 (312) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കുടുംബശ്രീയുടെ സഹായത്തോടെ മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടില്ല. ഒരു നിയോജകമണ്ഡലത്തിൽ മിനിമം ഒന്ന് എന്ന രീതിയിലാണ് നിലവിൽ സുഭിക്ഷ ഹോട്ടൽ അനുവദിക്കുന്നത്. ഉചിതമായ ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വിശപ്പ് രഹിത കേരളം പദ്ധതി

311 (313) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

50 എണ്ണം ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 07

2. കൊല്ലം - 02

3. പത്തനംതിട്ട - 05

4. ആലപ്പുഴ - 07

5. കോട്ടയം - 02

6. ഇടുക്കി - 03

7. എറണാകുളം - 04

8. തൃശ്ശൂർ - 08

9. പാലക്കാട് - 02

10. മലപ്പുറം - 01

11. കോഴിക്കോട് - 03

12. വയനാട് - 02

13. കണ്ണൂർ - 02

14. കാസർഗോഡ് - 02

(ബി) സുഭിക്ഷ ഹോട്ടൽ പദ്ധതി വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സുഭിക്ഷഹോട്ടലുകൾ പുതിയതായി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ജില്ലകളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ഉചിതമായ ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

## ആലപ്പുഴ മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ

312 (314) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോട്ടലുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ നഗരസഭയിലാണ് സുഭിക്ഷ ഹോട്ടൽ പ്രവർത്തിക്കുന്നത്. ടി ഹോട്ടൽ നിലവിൽ സുഗമമായി പ്രവർത്തിച്ചു വരുന്നു. മാസം തോറും 12500 ഊണ് സബ്സിഡി നിരക്കിൽ ഈ സുഭിക്ഷാ ഹോട്ടലിൽ നിന്നും വിതരണം ചെയ്തു വരുന്നു.

## എ.എ.വൈ കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

313 (315) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സംവരണ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നറിയിക്കുമോ?

നിലവിൽ അപേക്ഷകൾ ഇല്ല.

(ബി) എ.എ.വൈ. കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേക്ക് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. താഴെപ്പറയുന്ന മാനദണ്ഡപ്രകാരമാണ് എ.എ.വൈ. ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

1) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും.

ഇതുകൂടാതെ കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ

ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ചവറ മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്ന മാവേലിസ്റ്റോറുകൾ

314(316) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മാവേലിസ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്ന പദ്ധതിയിൽ ചവറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മാവേലിസ്റ്റോറുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ചവറ നിയോജകമണ്ഡലത്തിലെ പടപ്പനാൽ മാവേലി സ്റ്റോർ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

## എ.എ.വൈ. റേഷൻ കാർഡ് ഉപഭോക്താക്കളുടെ ഒഴിവുകൾ

315 (317) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എ.എ.വൈ. കാർഡ് ഉപഭോക്താക്കളുടെ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ ഉണ്ട്; വെളിപ്പെടുത്തുമോ?

ഉണ്ട്. 6612 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള 1,54,80,040 (എ.എ.വൈ + പി.എച്ച്.എച്ച്.) മുൻഗണനാ കാർഡുകളിൽ, എ.എ.വൈ. വിഭാഗത്തിന് 5,95,800 കാർഡുകളാണുള്ളത്. ഇതിൽ ഒഴിവുള്ള കാർഡുകളിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സമൂഹത്തിലെ അതിദരിദ്രരെ കണ്ടെത്തി അവരുടെ ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിനും ഗുരുതരരോഗം ബാധിച്ചവർ ഉൾപ്പെട്ടിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ റേഷൻകാർഡ്

എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ റേഷൻ കാർഡുകൾ**

316 (318) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി സ്വന്തമാക്കിയ മുൻഗണനാ റേഷൻ കാർഡുകൾ തിരികെ സമർപ്പിക്കാൻ ഭക്ഷ്യവകുപ്പ് അഭ്യർത്ഥിച്ച പ്രകാരം നിരവധിപേർ പ്രസ്തുത കാർഡുകൾ തിരികെ നൽകി മുൻഗണനാ ലിസ്റ്റിൽ നിന്നും സ്വയം ഒഴിവായെങ്കിലും നിരവധിപേർ ഇനിയും അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വച്ചിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ റേഷൻ കാർഡുകൾ മുഴുവനായും തിരിച്ചുപിടിച്ച് അർഹരായവർക്ക് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനും

അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധന പരിപാടി ആരംഭിച്ചിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) 1967 എന്ന ടോൾഫ്രീ നമ്പറിലും അനർഹമായി മുൻഗണന കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ വിളിച്ചറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. അങ്ങനെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചവരിൽനിന്നും നോട്ടീസ് നൽകി പിഴ ഈടാക്കുന്നതിനും ടി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ 48 മണിക്കൂറിനുള്ളിൽ കൈക്കൊള്ളുന്നു. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും ഫീൽഡ് തല പരിശോധനയിലൂടെയും അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ നിലവിൽവരുന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തി മുൻഗണനാ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അനർഹമായി കൈവശം വച്ചിരുന്ന മുൻഗണന കാർഡുകൾ**

317(319) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹമായി കൈവശം വച്ചിരുന്ന എത്ര മുൻഗണനാ റേഷൻ കാർഡുകൾ കണ്ടുകെട്ടിയിട്ടുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് അറിയിക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് മുൻഗണനാ റേഷൻകാർഡുകൾ**

318 (320) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ ബാധിച്ചവരിൽ ആയിരം ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളുള്ളവർക്ക് പ്രസ്തുത കാരണത്താൽ അവരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനാവുന്നില്ലെന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരമുള്ള ഈ വിഷയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020-ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മുൻഗണനാ റേഷൻ കാർഡ്**

319 (321) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര എ.പി.എൽ. കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി നൽകിയെന്ന് വിശദമാക്കാമോ?

1403 കാർഡുകൾ (എ.എ.വൈ - 139+ മുൻഗണന - 1264)

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വിശദമാക്കാമോ?

2453 അപേക്ഷകൾ.

**അനധികൃത ബി.പി.എൽ. കാർഡുകൾ**

320 (322) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ. കാർഡുകൾ അനധികൃതമായി നിലനിർത്തിയിരിക്കുന്ന കുടുംബങ്ങളിൽ നിന്നും പിഴ ഈടാക്കുന്ന നടപടി പ്രകാരം പരിശോധന നടത്തി പിഴ തുക നിശ്ചയിക്കുന്ന നടപടികളിൽ പോരായ്മയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. അനർഹർക്ക് സ്വമേധയാ കാർഡ് സറണ്ടർ ചെയ്യുന്നതിന് ഒരു വർഷക്കാലയളവ് അനുവദിച്ചിരുന്നു.

(ബി) തുക നിർണ്ണയിക്കുന്നതിന് മാനദണ്ഡമാക്കുന്ന പരിശോധന ഘടകങ്ങൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(സി) സർക്കാർ/സന്നദ്ധ സംഘടനകൾ/ജീവകാരുണ്യ സ്ഥാപനങ്ങൾ എന്നിവരുടെ ധനസഹായത്താൽ വീട് നിർമ്മാണം പൂർത്തിയാക്കിയ

നിർധനരായ കുടുംബങ്ങളെ അവർ പാർക്കുന്ന വീടിന്റെ സ്ഥിതി മാത്രം പരിഗണിച്ച് ബി.പി.എൽ.-ൽ നിന്നും ഒഴിവാക്കി പിഴ ചുമത്തുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികൾ പരിഹരിക്കുവാൻ കാര്യക്ഷമമായ ജനകീയ സമിതികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

(ബി-ഡി) മുൻഗണനാ മാനദണ്ഡങ്ങൾ സംബന്ധിച്ച 18.09.2017-ലെ സ.ഉ(സാധാ)നം.320/17/ ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമായി വരുന്ന കുടുംബങ്ങളാണ് മുൻഗണനയിൽ ഉൾപ്പെടാൻ അനർഹമായി വരുന്നത്. അതുപ്രകാരം 1000 sq. ft-ന മുകളിൽ വീടുള്ള കുടുംബങ്ങൾ മുൻഗണനയിൽ ഉൾപ്പെടാൻ അയോഗ്യരാണ്. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽനിന്ന് കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിലാണ് പിഴ ഈടാക്കുന്നത്. എന്നാൽ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക്

മാറ്റുന്നതിന് 27.10.2020-ലെ സ.ഉ(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**റേഷൻകട ലൈസൻസ്**

321 (323) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി സസ്പെന്റ് ചെയ്യപ്പെടുകയോ ക്യാൻസൽ ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ള റേഷൻ കടകൾ പുതിയ ലൈസൻസികൾക്ക് നൽകാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സസ്പെന്റ് ചെയ്യപ്പെടുകയോ ക്യാൻസൽ ചെയ്യപ്പെടുകയോ ചെയ്തിട്ടുള്ള റേഷൻ കടകൾ പുതിയ ലൈസൻസികൾക്ക് നൽകുന്നതിനായി ആദ്യഘട്ടത്തിൽ 599 റേഷൻ കടകളിൽ വിജ്ഞാപനം നടത്തുകയും തുടർനടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ബി) ഉണ്ടെങ്കിൽ നെടുമങ്ങാട് താലൂക്കിൽ ഏതെല്ലാം റേഷൻ കടകളാണ് ഇത്തരത്തിൽ പുതിയതായി ലൈസൻസികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നെടുമങ്ങാട് താലൂക്കിൽ എ.ആർ.ഡി നം. 440 പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്ത് വിജ്ഞാപനം ചെയ്യുകയും സ്ഥിരം ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് പുതുതായി റേഷൻകട അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; മാനദണ്ഡങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും ഉണ്ടായിരിക്കുക. പുതുതായി റേഷൻ കട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ റേഷൻകട അനുവദിക്കുന്നതിൽ സംവരണ വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്ന വിധത്തിലാണ് പുതിയ വിജ്ഞാപനങ്ങൾ നടത്തിവരുന്നത്.

**കോട്ടയം ജില്ലയിൽ പുതിയതായി അനുവദിച്ച റേഷൻ കടകൾ**

322 (324) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പുതിയതായി റേഷൻ കടകൾ ആരംഭിക്കുന്നതിന് കോട്ടയം ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

14 അപേക്ഷകൾ ലഭ്യമായതിൽ 3 റേഷൻകടകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | താലൂക്ക് | സ്ഥലം | സർക്കാർ ഉത്തരവ് |
|---|---|---|---|
| 1. | കാഞ്ഞിരപ്പള്ളി | പാറത്തോട് - ഊരയ്ക്കനാട് | സ.ഉ.(സാധാ) നം. 33/2022/ഭ.പൊ.വി.വ തീയതി. 08.02.2022 |
| 2. | മീനച്ചിൽ | തിടനാട് പഞ്ചായത്ത് - വാര്യാനിക്കാട് (വാർഡ് - 7) | സ.ഉ.(സാധാ)നം.250/2022/ ഭ.പൊ.വി.വ തീയതി. 25/07/2022 |
| 3. | മീനച്ചിൽ | പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് - ചോലത്തടം (വാർഡ് - 10) | സ.ഉ.(സാധാ)നം.253/2022/ ഭ.പൊ.വി.വ തീയതി. 26/07/2022 |

ശേഷിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലയിൽ എത്ര പുതിയ റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ?

4 റേഷൻ കടകൾ.

| | | |
|---|---|---|
| 1. | കാഞ്ഞിരപ്പള്ളി താലൂക്ക് | ഊരയ്ക്കനാട്(പാറത്തോട്) |
| 2. | മീനച്ചിൽ താലൂക്ക് | പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് - ചോലത്തടം (വാർഡ് - 10) |
| 3. | കോട്ടയം താലൂക്ക് (മുൻ സർക്കാർ കാലത്ത് അനുമതി നൽകിയത്) | നാരകത്തോട്(പുതുപ്പള്ളി) |
| 4. | മീനച്ചിൽ താലൂക്ക് | തിടനാട് പഞ്ചായത്ത് - വാര്യാനിക്കാട് (വാർഡ് - 7) |

**റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

323 (325) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻകടകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും ഉണ്ടായിരിക്കുക തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് പുതിയ റേഷൻകടകൾ അനുവദിക്കുന്നത്.

## ഇ-പോസ് മെഷീൻ തകരാർ

324(326) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ ഇ-പോസ് മെഷീൻ സംവിധാനം തകരാറിലായി റേഷൻ വിതരണം തടസ്സപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇത്തരത്തിൽ എത്ര തവണ റേഷൻ വിതരണം തടസ്സപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) ഉണ്ട്. വളരെ കുറച്ച് സമയത്തേയ്ക്ക് റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഇ-പോസ് മെഷീൻ സംവിധാനം തകരാർമൂലം റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കേരള ഐ.ടി. മിഷൻ, ഹൈദരാബാദ് എൻ.ഐ.സി. എന്നീ ഏജൻസികളുമായി

ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിച്ച് റേഷൻ വിതരണം വീണ്ടും സാധ്യമാക്കിയിട്ടുമുണ്ട്. ഈ വർഷം ജനുവരി, ജൂൺ, ഓഗസ്റ്റ് മാസങ്ങളിൽ ആപ്ലിക്കേഷൻ സെർവർ തകരാർമൂലം റേഷൻ വിതരണം കുറച്ച് സമയത്തേയ്ക്ക് തടസ്സപ്പെട്ടിരുന്നു.

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഡാറ്റ സെന്ററിനാണോ കേന്ദ്ര സെർവറുകൾക്കാണോ പ്രശ്നമെന്നത് വിലയിരുത്താൻ പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന നെറ്റ്‌വർക്ക് എറർ കാരണം റേഷൻവിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി ഹൈദരാബാദ് എൻ.ഐ.സി.-യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ഈ

സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇ-പോസ് മെഷീൻ തകരാർ കണ്ടെത്തുന്ന സന്ദർഭങ്ങളിൽ ഒ.ടി.പി. ഉപയോഗിച്ച് റേഷൻ വിതരണം നടത്തുന്ന കണക്കും ഇ- പോസിൽ ബയോമെട്രിക് വിതരണം നടത്തുന്ന കണക്കും താരതമ്യം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന സാഹചര്യത്തിൽ റേഷൻ കാർഡുകളിൽ ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിലേക്ക് വരുന്ന OTP ഉപയോഗിച്ചുള്ള റേഷൻവിതരണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ പരിശോധിക്കാറുണ്ട്.

(ഇ) ഇ-പോസ് മെഷീൻ തകരാർ സംബന്ധിച്ച് സ്വതന്ത്ര ഏജൻസിയെ കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരമൊരു ഓഡിറ്റിനോ അന്വേഷണത്തിനോ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ

325(327)ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെടുന്ന പൂഞ്ഞാർ പഞ്ചായത്ത് പതിനൊന്നാം വാർഡിൽ ചേന്നാട്, തീക്കോയി പഞ്ചായത്ത്, പതിനൊന്നാം വാർഡിൽ വെട്ടിപ്പറമ്പ് എന്നിവിടങ്ങളിൽ പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി)പുതിയ റേഷൻകടകൾക്കായി ലഭ്യമായ അപേക്ഷകൾ കോട്ടയം ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പുതിയ റേഷൻകടകൾ അനുവദിക്കേണ്ടതിന്റെ

ആവശ്യകത പരിശോധന പ്രകാരം ബോധ്യപ്പെടുന്നപക്ഷം ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആനയ്ക്കലിൽ അനുവദിച്ച റേഷൻകട ആരംഭിക്കാൻ നടപടി

326 (328) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭാ പരിധിയിൽ ഉൾപ്പെട്ട ആനയ്ക്കലിൽ അനുവദിച്ച റേഷൻ കട ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻകട എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ &ബി)പുതിയ റേഷൻകട അനുവദിച്ചുകൊണ്ട് 23.12.2021-ലെ 527/2021/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസിയെ നിയമിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻകടകൾക്ക് സ്ഥിരം ലൈസൻസി നിയമനം

327 (329) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള പരവൂർ ചാത്തന്നൂർ ഫർക്കകളിലുൾപ്പെട്ട 231, 236, 238, 246, 276, 281, 287, 300 എന്നീ നമ്പരുകളിലുള്ള റേഷൻകടകൾക്ക് സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞിട്ടുള്ള റേഷൻ കടകൾക്കേതിനെങ്കിലും സ്ഥിരം ലൈസൻസികളെ നിയമിക്കാൻ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) സ്ഥിരം ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ-സി)

| | |
|---|---|
| എ.ആർ.ഡി. 231 | ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ ടി കടയുടെ വിഷയം ഉൾപ്പെടുത്തുകയുണ്ടായി. ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| എ.ആർ.ഡി | ലൈസൻസി നിയമനത്തിനുള്ള അടുത്തഘട്ട |

| | |
|---|---|
| 236, എ.ആർ.ഡി 276 | വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| എ.ആർ.ഡി 238 | ലൈസൻസിയുടെ മരണത്തെത്തുടർന്ന് ലൈസൻസ് താത്ക്കാലികമായി റദ്ദ് ചെയ്തു. അദാലത്തിൽ പങ്കെടുക്കുന്നതിന് അവകാശികൾക്ക് നോട്ടീസ് അയച്ചിരുന്നുവെങ്കിലും ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അടുത്തഘട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| എ.ആർ.ഡി 246, 281, 287 | ലൈസൻസിയെ നിയമിക്കുന്നതിനായി ആദ്യഘട്ട വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. നടപടികൾ അന്തിമഘട്ടത്തിലാണ്. |
| എ.ആർ.ഡി. 300 | മുൻ ലൈസൻസി കട പുന:സ്ഥാപിച്ച് നൽകുന്നതിന് ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം പരിശോധിച്ചു വരുന്നു. |

## സ്മാർട്ട് റേഷൻകടകൾ

328 (330) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകൾ സ്മാർട്ട് റേഷൻകടകളാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻകടകൾ സ്മാർട്ടാകുന്നതിലൂടെ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഉണഭോക്താക്കൾക്ക് ലഭിക്കുക; വിശദമാക്കുമോ?

(എ&ബി) പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് "കെ-സ്റ്റോർ"എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉല്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

"കെ-സ്റ്റോർ" പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉല്പന്നങ്ങളുടെ വിൽപ്പന 5,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി

വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കുന്നംകുളം മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ**

329 (331) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിൽ പുതുതായി റേഷൻ കടകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ലഭ്യമായ ഒരു അപേക്ഷ പരിശോധിച്ചുവരുന്നു.

**റേഷൻകടകളുടെ പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി**

330 (332) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ റേഷൻ കടകളുടെ പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജിലൻസ് കമ്മിറ്റിയുടെ റിപ്പോർട്ട് താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ &ബി) ഉണ്ട്. 2022 നവംബർ 1-നകം റേഷൻകടതല വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് ആദ്യയോഗം ചേരണമെന്ന് എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തലപ്പിള്ളി താലൂക്ക് തെക്കുംകര പഞ്ചായത്തിന്റെ പരിധിയിൽ 9 റേഷൻ കടകളും വടക്കാഞ്ചേരി മുനിസിപ്പാലിറ്റി പരിധിയിൽ 24 റേഷൻ കടകളും ഉണ്ട്. തെക്കുംകര പഞ്ചായത്തിലെ 9 റേഷൻകടകളിൽ റേഷൻകടതല വിജിലൻസ് കമ്മിറ്റി ആദ്യയോഗം 17.11.2022-ൽ കൂടിയിട്ടുണ്ട്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ 24 റേഷൻ കടകളിൽ റേഷൻകടതല വിജിലൻസ് കമ്മിറ്റി യോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റി രൂപീകരിച്ച് യോഗം കൂടുന്നതിന് തീയതി

നിശ്ചയിച്ച് നൽകുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് കീഴിലുള്ള മുഴുവൻ റേഷൻ കടകളുടെയും റേഷൻകടതല വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണവും യോഗം ചേരലും 2022 ഡിസംബർ ആദ്യവാരത്തോടെ പൂർത്തീകരിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം**

331 (333) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ആദിവാസി ഊരുകളിലെ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

പാറശ്ശാല മണ്ഡലത്തിലെ ആദിവാസി മേഖലയായ പുരവിമലയിലേയ്ക്ക് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻസാധനങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി

പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ പ്രദേശങ്ങളിലാണ് വ്യാപിപ്പിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ടുവരുന്ന പാറശ്ശാല മണ്ഡലത്തിലെ ആദിവാസി മേഖലയായ പുരവിമല ആദിവാസി ഊരിൽ കൊമ്പ, പിയണപ്പാറ, കണ്ണമാംമൂട്, തെന്മല, വെല്ലി, തേക്കുംമൂട് തുടങ്ങിയ പ്രദേശങ്ങളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം റേഷൻവിതരണം നടത്തിവരുന്നുണ്ട്.

(സി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതിക്കായി എം.എൽ.എ.-മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തനചെലവുകൾ ഏതു രീതിയിൽ നിർവ്വഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) പരിശോധിച്ചുവരുന്നു.

**റേഷൻ വിതരണം**

332 (334) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയുടെ വില വർദ്ധനവ് തടയുന്നതിനുവേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പൊതുവിപണിയിൽ അരി വില ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കി മറ്റ് ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യക്കാർക്ക് വിതരണം ചെയ്യാതെ അരി ഗോഡൗണുകളിൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ എത്രമാത്രം അരിയാണ് നശിച്ചുപോയിട്ടുള്ളതെന്നതിന്റെ കണക്ക് ലഭ്യമാണോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മാസങ്ങളായി റേഷൻകടകളിലൂടെ കാർഡ് ഉടമകൾക്ക് പുഴക്കലരി നൽകാതെ പച്ചരി മാത്രം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

FCI-യിൽ നിന്നും ആവശ്യപ്പെട്ട അളവിൽ പുഴക്കലരി ലഭിക്കാതെ കൂടുതലായി പച്ചരി ലഭ്യമാകുന്ന സാഹചര്യമുണ്ട്. പുഴക്കലരിയുടെ ലഭ്യതക്കുറവാണ് കാരണമെന്നാണ് FCI-യിൽ നിന്നും അറിയിച്ചിട്ടുള്ളത്.

05.11.2022-ൽ ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ FCI ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ പുഴക്കലരി ലഭ്യതയുടെ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നല്കുകയും കൂടുതൽ പുഴക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടാനും ഇക്കാര്യം എം.പി.-മാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു.

(ഇ) പച്ചരി ആവശ്യത്തിൽ അധികമായി സംഭരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് അരിമാവ് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും വിതരണം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പച്ചരി അരിമാവ് ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നില്ല. സപ്ലൈകോ വഴി അരിപ്പൊടി, അപ്പപ്പൊടി എന്നിവ ശബരി ബ്രാൻഡിൽ വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) നിലവിൽ കമ്മീഷൻ വെട്ടിക്കുറച്ചത് കാരണം റേഷൻ കട ഉടമകൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

നിലവിൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വെട്ടിക്കുറച്ചിട്ടില്ല. 2022 ഒക്ടോബർ വരെയുള്ള റേഷൻ ഭക്ഷ്യധാന്യവിതരണത്തിന്റെ കമ്മീഷൻ പൂർണ്ണമായും അനുവദിച്ചുനൽകിയിട്ടുണ്ട്. നവംബർ മാസത്തെ കമ്മീഷൻ നൽകുന്നതിന് ഫണ്ട് ലഭ്യമാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ വ്യാപാരികളുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

333(335) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പ് 2022 ഒക്ടോബർ, നവംബർ മാസങ്ങളിലേക്കുള്ള റേഷൻ ഫണ്ട് വെട്ടിക്കുറയ്ക്കുകയുണ്ടായോ?

ഇല്ല.

(ബി) എങ്കിൽ റേഷൻ ഫണ്ടിലെ തുക ഏതൊക്കെ ആവശ്യങ്ങൾക്കായിട്ടാണ് മാറ്റിവച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഫണ്ട് വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തുകയുടെ 50 ശതമാനത്തിൽ താഴെയാകുന്ന സാഹചര്യം ഉണ്ടാകുമോ; എങ്കിൽ റേഷൻ വ്യാപാരികൾക്ക് നഷ്ടമാകുന്ന ബാക്കി കമ്മീഷൻ തുക എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വെളിപ്പെടുത്താമോ?

(ബി&സി) ബാധകമല്ല.

(ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ ക്രമക്കേട് തടയാൻ റേഷൻ വ്യാപാരികൾക്ക് ജീവിക്കാനാവശ്യമായ വേതനം നൽകണമെന്ന വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ മിനിമം വേതനം ഉറപ്പാക്കുന്ന രീതിയിലുള്ള കമ്മീഷൻ വ്യവസ്ഥ ഉണ്ടാക്കിയതെന്ന് അറിയിക്കാമോ?

അതെ.

(ഇ) കോവിഡ് കാലയളവിൽ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തതിന്റെ കുടിശ്ശിക വ്യാപാരികൾക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വെളിപ്പെടുത്താമോ?

അതിജീവനക്കിറ്റ് വിതരണം ഒരു സേവനമായിക്കണ്ട് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകേണ്ടതില്ല എന്നതാണ് സർക്കാർ നിലപാട്. എന്നാൽ റേഷൻവ്യാപാരികൾക്ക് കിറ്റ് വിതരണം ചെയ്ത വകയിൽ കൊടുക്കാമെന്നേറ്റ തുകയിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയത് നൽകണമെന്ന കോടതി ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവിലൂടെ റേഷൻ വ്യാപാരികൾക്ക് നൽകാമെന്നേറ്റ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

(എഫ്) കുടിശ്ശികയുള്ളപ്പോൾ വീണ്ടും കമ്മീഷൻ തുക കുറയ്ക്കുന്നത് കെട്ടിട വാടക, വൈദ്യുതി ചാർജ്, സെയിൽസ്മാൻമാർക്കുള്ള വേതനം എന്നീ ചെലവുകൾക്ക് പോലും പണം കണ്ടെത്താൻ റേഷൻ കടക്കാർക്ക് കഴിയാത്ത സാഹചര്യമുണ്ടാക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ജി) എങ്കിൽ റേഷൻ വ്യാപാരികളുടെ ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എഫ് &ജി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുകയിൽ കുറവു വരുത്തിയിട്ടില്ല. പൊതുവിതരണ മേഖലയിൽ നിലവിൽ ഒരു പ്രതിസന്ധിയുമില്ല.

## ഫോർട്ടിഫൈഡ് റൈസ് വിതരണം

334 (336) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായത്തിലൂടെ ഫോർട്ടിഫൈഡ് റൈസ് നിർബന്ധമായും കൊടുക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 2022 നവംബർ മാസം നടന്ന സംസ്ഥാന ഭക്ഷ്യസെക്രട്ടറിമാരുടെ യോഗത്തിൽ കേന്ദ്രം ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്നും സംസ്ഥാനം എന്ത് നിലപാട് അറിയിച്ചുവെന്നും വിശദമാക്കുമോ?

2023 ഏപ്രിൽ മുതൽ പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന മുഴുവൻ അരിയും സമ്പുഷ്ടീകരിച്ചതായിരിക്കണമെന്ന നിലപാടാണ് കേന്ദ്രം സംസ്ഥാന ഭക്ഷ്യസെക്രട്ടറിമാരുടെ യോഗത്തിൽ കൈക്കൊണ്ടത്. എന്നാൽ കേരളത്തിൽ പൊതുവിതരണത്തിനായി എഫ്.സി.ഐ. സംഭരിക്കുന്ന സി.എം.ആർ. അരി സമ്പുഷ്ടീകരിക്കേണ്ടതില്ലെന്നാണ് സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ മിനിട്സ് ഇതുവരെ ലഭ്യമായിട്ടില്ല.

(സി) കേരളത്തിൽ സപ്ലൈകോ സംഭരിച്ച് മില്ലിൽ കുത്തി അരിയാക്കുന്ന കസ്റ്റം മിൽഡ് റൈസ് (സി.എം.ആർ.) എത്രത്തോളം പോഷകസമ്പുഷ്ടമാണെന്ന് ലാബിൽ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ ഫലം ലഭ്യമാക്കുമോ?

ഉണ്ട്. ഓരോ 100 ഗ്രാം സി.എം.ആർ.-ലും 0.76 മി.ഗ്രാം ഇരുമ്പിന്റെ അംശം അടങ്ങിയിട്ടുണ്ട്. പുഴക്കലരിയുമായി താരതമ്യം ചെയ്യുമ്പോൾ 6.25%

ഇരുമ്പിന്റെ അംശം സി.എം.ആർ.-ൽ കൂടുതലാണ്. പരിശോധനാഫലം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഈ പരിശോധനാ ഫലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പ്രതികരണം ലഭ്യമായിട്ടില്ല.

(ഇ) വയനാട് ജില്ലയിൽ ഫോർട്ടിഫൈഡ് റൈസ് വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റേഷൻ കടകളിലാണെന്നത് താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

വയനാട് ജില്ലയിൽ എല്ലാ റേഷൻ കടകളിലും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത അരിയുടെ വിതരണത്തിൽ നിന്നും സിക്കിൾസെൽ അനീമിയ, തലാസീമിയ രോഗബാധിതരെ ഒഴിവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ റേഷൻ വിതരണം

335 (337) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് ജില്ലയിൽ അടുത്തമാസം മുതൽ റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിന് വേണ്ടി ഗോഡൗണുകളിൽ എത്തിയിരിക്കുന്നത് മുഴുവനായും പച്ചരിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡിസംബർ മാസത്തെ നോർമൽ വിതരണത്തിനായി കോഴിക്കോട് ജില്ലയിലേക്ക് പുഴുക്കലരി (boiled rice), പച്ചരി, CMR (മട്ടയരി) എന്നിവ ലഭ്യമായിട്ടുണ്ട്. ലഭ്യമായ അരിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ PMGKAY വിതരണത്തിനായി പച്ചരി മാത്രമാണ് ലഭ്യമായിട്ടുള്ളത്.

(ബി) പ്രസ്തുത മേഖലയിലെ ആളുകൾ ഭൂരിഭാഗവും പുഴുക്കലരി ഉപയോഗിച്ച് ശീലിച്ചവരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് പുഴുക്കലരി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) കോഴിക്കോട് ജില്ലയിൽ പുഴുക്കലരി, പച്ചരി എന്നിവയാണ് കൂടുതലായും ഉപഭോക്താക്കൾ ആവശ്യപ്പെടുന്നത്. പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകൾക്ക് 50% വീതം പച്ചരിയും പുഴുക്കലരി/സി.എം.ആർ. എന്നിവയുമാണ് വിതരണം ചെയ്യുന്നത്. എ.എ.വൈ. കാർഡുകൾക്ക് കുറഞ്ഞത് 5 കി.ഗ്രാം പച്ചരിയും ബാക്കി പുഴുക്കലരി/സി.എം.ആർ. എന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രീതിയിലാണ് വിതരണം ചെയ്യുന്നത്. എന്നാൽ പുഴക്കലരിയുടെ അഭാവം മൂലം ആവശ്യപ്പെടുന്നത്ര പുഴക്കലരി FCI-യിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യമുള്ളതിനാൽ 05.11.2022-ൽ വകുപ്പുമന്ത്രി FCI ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിൽ പുഴക്കലരി ലഭ്യതയുടെ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് FCI-യോട് നിർദ്ദേശിക്കുകയും കൂടുതൽ പുഴക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടാനും ഇക്കാര്യം എം.പി.-മാരുടെയടക്കം ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിക്കുകയും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

336 (338) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില കഴിഞ്ഞ മാസങ്ങളിലെ വിലയെക്കാൾ ഇരട്ടിയിലധികം വർദ്ധിച്ചതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ & ബി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന

വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02.11.2022 മുതൽ 08.11.2022 വരെ 6 ദിവസത്തേയ്ക്ക് (06.11.2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങൾ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരിവണ്ടി'യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി

സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ച കൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

പൊതുവിപണിയിൽ അരി വില ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർനടപടിയായി സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനും ചർച്ചകൾ നടത്തി വരുന്നുണ്ട്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽക്കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ്

കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും ദൗർലഭ്യവും പിടിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ മറ്റുസംസ്ഥാനങ്ങളിലെ സർക്കാരുമായും കർഷകരുമായും വിതരണക്കാരുമായും സപ്ലൈകോ ആശയവിനിമയം നടത്തിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ വിലയിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്ക്കരിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായാണ് റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് 'കെ-സ്റ്റോർ' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ

സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോയുടെ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന, 5,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 5 റേഷൻകടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി 14 ജില്ലകളിൽ നിന്നുമായി 73 റേഷൻകടകളുടെ ലിസ്റ്റാണ് ലഭ്യമായിരിക്കുന്നത്.

## ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ

337(339) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സർക്കാർ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും

2022-23 സാമ്പത്തിക വർഷം (ഒക്ടോബർ 2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡിയിൽ വില്ക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, പുളി, ഏലം, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ ' ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും Fast Moving Consumer Goods ഉൽപ്പന്നങ്ങളും Maximum Retail Price-നേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്. 90

ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പെടെ 14 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ 85,69,583 ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെയുള്ള കാലയളവിൽ ഓണംഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി

ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(ബി) റേഷൻകടകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്ന പദ്ധതി ആലോചനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റേഷൻ കടകൾ വഴി എൽ.പി.ജി. വിതരണം നടത്തുന്ന പദ്ധതി ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ബി & സി) മിൽമയുടെ സംഭരണശേഷി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സബ്സിഡി ഉൽപ്പന്നങ്ങൾ എന്നിവ റേഷൻകടകൾ വഴി വിതരണം നടത്തുന്നതിനായി 'കെ-സ്റ്റോർ' എന്ന പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

കെ-സ്റ്റോർ വഴി 5 കിലോഗ്രാം ഫ്രീ ട്രേഡ് LPG (FTL) സിലിണ്ടറുകൾ വിപണനം ചെയ്യുന്നതിന് ധാരണാപത്രം ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ 14 ജില്ലകളിൽ നിന്നും 72 ന്യായവില കടകൾ വഴിയാണ് വില്പന നടത്തുവാൻ ഉദ്ദേശിക്കുന്നത്.

**വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

338 (340) ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:

<u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയങ്ങളുടെയും പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിന്റെയും ഫലമായി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലുണ്ടാകുന്ന ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തി ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) രാജ്യത്ത് വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിലും സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന

നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന്

പരിഹാരമുണ്ടാക്കുന്നു. കോവിഡ്-19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻകടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രി മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ

ആസ്ഥാനങ്ങളിലെല്ലാം പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെ യുള്ള കാലയളവിൽ ഓണംഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ

വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളുടെ സഹകരണത്തോടെ ഭക്ഷ്യവസ്തുക്കൾ നേരിട്ട് സംഭരിച്ച് ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഇടനിലക്കാരെ ഒഴിവാക്കി മറ്റ് ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് നേരിട്ടെത്തിക്കുന്നതിനായി മന്ത്രിതല ചർച്ചകൾ നടത്തിയതിനുശേഷം ഉൽപ്പന്നങ്ങളുടെ വില, ഗുണനിലവാര പരിശോധനാ നടപടികൾ, മറ്റ് നിബന്ധനകൾ, (മുൻകൂറായി പണം നൽകൽ തുടങ്ങിയവ) ഗതാഗത സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ധാരണയിലെത്തുന്നതിന് ചർച്ചകളും നടപടികളും നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന വില

വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. 1955-ലെ അവശ്യസാധന നിയമത്തെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https: fcainfoweb.nic.in/ECRE/) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടു വിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

339(341) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ

വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക്

ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെ യുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ

ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(സി) 2021-22, 2022-23 വർഷങ്ങളിൽ കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തി അരിയും മറ്റ് നിത്യോപയോഗ സാധനങ്ങളും സംസ്ഥാനത്തിന്

ലഭിച്ചത് എത്രയെന്ന് വ്യക്തമാക്കാമോ; ഇത് പൂർണ്ണമായും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പൊതുവിതരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ ഭക്ഷ്യധാന്യങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. ലഭ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തെ അരി വില നിയന്ത്രിക്കുന്നതിനുള്ള നടപടി**

340(342) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സപ്ലൈകോ വില്പനശാലകൾ വഴി പച്ചരി, ജയ, മട്ട, കുറുവ എന്നീ ഇനങ്ങളിലുള്ള അരി സബ്സിഡി നിരക്കിൽ കാർഡൊന്നിന് 10 കിലോഗ്രാം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വീതവും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കാവശ്യനുസരണം ഫ്രീസെയിലായും വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ, പൊതു വിപണിയിലെ അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും ദൗർലഭ്യവും പിടിച്ചുനിർത്തുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം 'അരി വണ്ടി' 02.11.2022 മുതൽ 08.11.2022 വരെ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി ക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote locations) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരി വണ്ടിയുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ കൂടി

സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

പൊതുവിപണിയിൽ അരി വില ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനും ചർച്ചകൾ നടത്തിവരുന്നുണ്ട്.

കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) റേഷൻ കടകളിൽ സ്റ്റോക്ക് ഇല്ലാത്തതിനാൽ സ്ഥിരമായി റേഷൻ വാങ്ങുന്ന 9 ലക്ഷം കുടുംബങ്ങൾക്ക് അരി നഷ്ടപ്പെട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഒരു പ്രമുഖ മാധ്യമത്തിൽ ഇത്തരത്തിൽ വാർത്ത വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ റേഷൻ വിഹിതം കൈപ്പറ്റിയവരുടെ എണ്ണത്തോടൊപ്പം 2022 ഒക്ടോബർ മാസങ്ങളിൽ വന്ന കുറവ് ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആഗസ്റ്റിന് മുമ്പുള്ള മാസങ്ങളിൽ വിഹിതം കൈപ്പറ്റിയവരുടെ എണ്ണം കണക്കിലെടുക്കാതെ രണ്ട് മാസത്തെ വിവരങ്ങൾ മാത്രം കണക്കാക്കി ശരാശരി 83 ലക്ഷം കുടുംബങ്ങൾ റേഷൻ കൈപ്പറ്റുന്നതായി പറഞ്ഞാണ് ടി 9 ലക്ഷം കുടുംബങ്ങൾക്ക് വിഹിതം നഷ്ടമായെന്ന തരത്തിൽ റിപ്പോർട്ട് നൽകിയിരിക്കുന്നത്. എന്നാൽ 2022 ഏപ്രിൽ മുതൽ 2022 ജൂലൈ വരെയുള്ള മാസങ്ങളിൽ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുള്ളത് 74,34,260 കാർഡുടമകളാണ്. 2022 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഓണക്കിറ്റ് വിതരണവും മുൻഗണനേതര വിഭാഗത്തിന് നോർമൽ വിഹിതത്തിനുപുറമെ അധിക വിഹിതമായി 10 കി.ലോഗ്രാം വീതം അരി വിതരണം നടത്തിയതും പ്രസ്തുത മാസങ്ങളിൽ വിഹിതം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന സ്കീമിലെ വിഹിതം സമയബന്ധിതമായി FCI-യിൽ നിന്ന് ലഭിക്കുന്നതിന് ചില

ജില്ലകളിലുണ്ടായിരുന്ന തടസ്സങ്ങൾ പരിഗണിച്ച് 2022 സെപ്റ്റംബർ മാസത്തിലെ വിഹിതം ഒക്ടോബർ മാസത്തിലെ വിതരണത്തോടൊപ്പവും 2022 ഒക്ടോബർ മാസത്തിലെ വിഹിതം നവംബർ മാസത്തിലെ വിഹിതത്തോടൊപ്പവും ക്രമീകരിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) റേഷൻ കടകളിൽ സ്റ്റോക്ക് എത്തിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അരിവില വർദ്ധിക്കുന്നതിന് കാരണം എഫ്.സി.ഐ.-യിൽ നിന്നും കൃത്യമായി റേഷൻ സ്റ്റോക്ക് എടുക്കാത്തതുകൊണ്ടാണോയെന്ന് അറിയിക്കാമോ?

(സി&ഡി) റേഷൻ കടകളിൽ സ്റ്റോക്ക് എത്തിക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വീഴ്ച ഉണ്ടായിട്ടില്ല. അലോട്ട്മെന്റ് പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുത്ത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം റേഷൻകടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തിവരുന്നുണ്ട്.

**വില നിലവാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

341(343) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഉയരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വില നിലവാരം നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ?

(എ & ബി) അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ്, വിദൂര സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് മുതലായ കാരണങ്ങളാലാണ് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഉയരുന്നത്.

സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം

പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ഒരാഴ്ച കൊണ്ട് 1,31,464 കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ

റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലവർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിപണനം നടത്തുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

കോവിഡ് 19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻകടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പടെയുള്ള 14 ഇനം അവശ്യസാധങ്ങൾ

ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും മുഖേന കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ പരിശോധന നടത്തി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി-റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്തിവരുന്നു.

## വിലക്കയറ്റം നേരിടാൻ നടപടി

342 (344) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി, പച്ചക്കറി, പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യ സാധനങ്ങൾക്ക് പൊതുവിപണിയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വില വർദ്ധിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണിയിൽ ഇടപെടുന്നതിനും ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

(എ-സി) അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷത്തെ വില നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ പച്ചക്കറികൾക്ക് പ്രകടമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. പാലിന് നേരിയ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ

വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച്

വിജയകരമായി നടപ്പാക്കി. 02.11.2022 മുതൽ 08.11.2022 വരെ ഒരാഴ്ച്കൊണ്ട് 1,31,464 കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പടെയുള്ള 14 ഇനം അവശ്യസാധങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും

ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണംഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ

വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(ഡി) റേഷൻ കടകൾ, മാവേലി സ്റ്റോർ, ഹോർട്ടികോർപ്പ് തുടങ്ങിയവയിലൂടെ അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് പൊതുജനങ്ങളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ സപ്ലൈകോയുടെ വിവിധ വില്പനശാലകളിലൂടെയും 21 മൊബൈൽ മാവേലി വാഹനങ്ങളിലൂടെയും 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

ഓണം, ക്രിസ്തുമസ് പോലുള്ള ഉത്സവ സീസണുകളിൽ സംസ്ഥാനത്തെ കർഷകരിൽനിന്ന് സംഭരിക്കുന്ന പച്ചക്കറികൾ 20 മുതൽ 30% വരെ

സബ്സിഡി നിരക്കിൽ ഹോർട്ടികോർപ്പ് വിപണന കേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം

343 (345) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം എന്തായിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ 2022 നവംബർ 30-ലെ വില നിലവാരം വ്യക്തമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരവും 2022 നവംബർ 30-ലെ വില നിലവാരവും അനുബന്ധം ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വില നിലവാരം ഉയരാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും

2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വില്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. 02.11.2022 മുതൽ 08.11.2022 വരെ ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് 'അരിവണ്ടി' മുഖേന സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയും മറ്റും വിലവർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെടുന്നില്ല. 90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം

റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്ന് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27.08.2022 മുതൽ 07.09.2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു. റേഷൻകടകൾ വഴി പ്രധാനമന്ത്രി

ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെകൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചു നിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2022 നവംബർ 30 വരെയുള്ള കാലയളവിൽ മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ സാധനങ്ങളുടെ വിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2022 നവംബർ 30 വരെയുള്ള കാലയളവിൽ മാവേലി സ്റ്റോറുകളിലെ നിത്യോപയോഗ

സാധനങ്ങളുടെ വിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം അനുബന്ധം ആയി ചേർക്കുന്നു.+

**പയ്യന്നൂർ സപ്ലൈകോ താലൂക്ക് ഡിപ്പോ അനുവദിക്കാൻ നടപടി**

344(346) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽസപ്ലൈസ് കോർപ്പറേഷന്റെ തളിപ്പറമ്പ് താലൂക്ക് ഡിപ്പോ മുഖേനയാണ് നിലവിൽ പയ്യന്നൂർ താലൂക്കിന്റെ പരിധിയിൽ വരുന്ന സിവിൽ സപ്ലൈസ് വില്പനശാലകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പയ്യന്നൂർ താലൂക്ക് നിലവിൽ വന്ന സാഹചര്യത്തിൽ പയ്യന്നൂർ ആസ്ഥാനമായി പുതിയ സപ്ലൈകോ താലൂക്ക് ഡിപ്പോ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ?

ഉണ്ട്. നിലവിൽ കേരളത്തിലുടനീളം 56 സപ്ലൈകോ ഡിപ്പോകൾ മുഖേനയാണ് 78 താലൂക്കുകളിലെ സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുവരുന്നത്. എല്ലാ താലൂക്കുകളിലും സപ്ലൈകോ ഡിപ്പോകൾ പ്രവർത്തിക്കുന്നില്ല. വിൽപ്പനശാലകളുടെ എണ്ണം, ദൂരം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യകത, സാമ്പത്തിക ബാധ്യത, ജീവനക്കാരുടെ ലഭ്യത തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പുതിയ സപ്ലൈകോ ഡിപ്പോകൾ സ്ഥാപിക്കുന്നത്. നിലവിൽ തളിപ്പറമ്പ്, പയ്യന്നൂർ താലൂക്കുകളിലെ സപ്ലൈകോ വിൽപ്പനശാലകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നത് തളിപ്പറമ്പ് ഡിപ്പോയിൽ നിന്നുമാണ്. പയ്യന്നൂർ ആസ്ഥാനമാക്കി പുതിയ സപ്ലൈകോ ഡിപ്പോ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## നെല്ലുസംഭരണം

345 (347) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുസംഭരണം ഊർജ്ജിതമാക്കുന്നതിനും നെല്ലുസംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കർഷകർക്ക് സഹായമാകുന്ന എന്തെല്ലാം നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

2022-23 സീസണിലെ നെല്ല് സംഭരണം സുഗമമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടു.

2022-23 സീസണിലെ നെല്ല് സംഭരണത്തിനായി 2022 ജൂലൈ മാസം മില്ലുകളെ ക്ഷണിച്ചുകൊണ്ട് താൽപ്പര്യപത്രം പുറപ്പെടുവിക്കുകയും 2022 ആഗസ്റ്റ് ഒന്നാം തീയതി മുതൽ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും സെപ്റ്റംബർ 30 മുതൽ പാടങ്ങൾ മില്ലുകൾക്ക് അനുവദിച്ചുകൊടുത്തുകൊണ്ട് നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. പി.ആർ.എസ്. പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സപ്ലൈകോ തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതി നിലനിന്നിരുന്നു. എന്നാൽ ലോൺ തിരിച്ചടവിൽ താമസം നേരിട്ടാൽ അത് കർഷകരുടെ CIBIL സ്കോറിനെ ബാധിക്കും എന്ന് തിരിച്ചറിഞ്ഞുകൊണ്ട് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക വേഗത്തിൽ നൽകാൻ കഴിയുന്ന കാര്യം പരിശോധിച്ചുവരുന്നു.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നെല്ല് സംഭരണ പ്രക്രിയയിൽ നിന്ന് മാറി നിന്ന മില്ലുകളുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിച്ചു. ഇങ്ങനെ ആകെ 58 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടു. കഴിഞ്ഞ വർഷം 56 മില്ലുകൾ മാത്രമാണ് കരാറിൽ ഏർപ്പെട്ട് നെല്ല് സംഭരണത്തിൽ

പങ്കെടുത്തിരുന്നത്. നെല്ല് സംഭരണം ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചു.

(ബി) നെല്ല് സംഭരണ പദ്ധതിക്ക് കീഴിൽ കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. 28.11.2022 വരെ 15,754 കർഷകർക്ക് നെല്ലിന്റെ വിലയായി 136.68 കോടി രൂപ വിതരണം ചെയ്തു. 8,166 കർഷകർക്ക് 21.17 കോടി രൂപ മാത്രമാണ് നെല്ലിന്റെ വിലയിനത്തിൽ ഇനി വിതരണം ചെയ്യാനുള്ളത്. ഈ തുക നൽകുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. നെല്ല് സംഭരണം അവസാനിക്കുന്ന ജൂൺ മാസത്തിനുശേഷം മാത്രമേ തുക വിതരണം പൂർണ്ണമാകുകയുള്ളൂ.

(സി) നെല്ല് സംഭരണത്തിനുശേഷം നെല്ലിന്റെ വില കർഷകർക്ക് താമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. PRS ലോൺ കൃത്യമായി തിരിച്ചടക്കാത്തതിനാൽ കർഷകരുടെ CIBIL സ്കോറിനെ ദോഷകരമായി ബാധിച്ചിരുന്നു. കൂടാതെ

PRS ലോണുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കർഷകർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. ആയതിനാൽ, സപ്ലൈകോ ബാങ്കുകളിൽ നിന്നും നേരിട്ട് വായ്പ എടുത്ത് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന കാര്യം ഗൗരവമായി പരിശോധിച്ചു വരുന്നു.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

346 (348) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം സമയബന്ധിതമായി നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മില്ലുടമകളുടെ നിസ്സഹകരണം കാരണം നെല്ല് സംഭരണം തുടങ്ങാൻ അല്പം കാലതാമസമുണ്ടായെങ്കിലും നിലവിൽ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം സുഗമമായി നടന്നുവരുന്നു. 28.11.2022 വരെ 11,079 കർഷകരിൽ നിന്നും 32,470 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ നെല്ല് സംഭരണം വൈകാനിടയായ സാഹചര്യം വിശദമാക്കുമോ?

നെല്ല് സംഭരണം തടസ്സപ്പെടുന്ന സാഹചര്യം കേരളത്തിൽ എവിടെ ഉണ്ടായാലും സർക്കാരും സപ്ലൈകോയും സത്വര ഇടപെടൽ നടത്താറുണ്ട്.

**റേഷൻ വിതരണത്തിന് ആവശ്യമായ ഗോഡൗൺ നിർമ്മിക്കുന്ന പദ്ധതി**

347(349) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷ നിയമ പ്രകാരം റേഷൻ വിതരണത്തിന് ആവശ്യമായ ഗോഡൗൺ ഇല്ലാത്ത താലൂക്കുകളിൽ ഗോഡൗൺ നിർമ്മിക്കുന്ന പദ്ധതി പ്രകാരം പയ്യന്നൂർ താലൂക്കിലെ എരമം വില്ലേജിലെ പുല്ലുപാറയിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ തുടർനടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ ചുമതല വഹിക്കുന്ന നിർവ്വഹണ ഏജൻസി ഏത് വകുപ്പിന് കീഴിലാണെന്ന് അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ താലൂക്കിലെ എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനായി 50 സെന്റ് സ്ഥലമാണ് കണ്ടെത്തിയിരുന്നത്. ടി സ്ഥലം പൊതുവിതരണ വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള അന്തിമ

നടപടികൾ നടന്നുവരുന്നു. ടി സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനായി വകുപ്പ് തയ്യാറാക്കിയ ഗോഡൗണിന്റെ രൂപരേഖയെ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.ഡബ്ല്യൂ.ഡി. നിർവ്വഹിച്ചുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഗോഡൗൺ നിർമ്മാണത്തിന് പി.ഡബ്ല്യൂ.ഡി.യെ ചുമതല പ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

**സുഭിക്ഷ ഹോട്ടൽ**

348 (350) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് ആരംഭിക്കുന്ന സുഭിക്ഷ ഹോട്ടലിന്റെ പൂർത്തിയായ നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സുഭിക്ഷ ഹോട്ടൽ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഹോട്ടൽ പ്രവർത്തനം

ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ വിവിധതലങ്ങളിൽ സ്വീകരിച്ചുവരുന്നു.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

349 (351) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1842 വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം 647 വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 60

2. കൊല്ലം - 1 8

3. പത്തനംതിട്ട - 53

4. ആലപ്പുഴ - 47

5. കോട്ടയം - 46

6. ഇടുക്കി - 20

7. എറണാകുളം - 71

8. തൃശ്ശൂർ - 89

9. പാലക്കാട് - 47

10. മലപ്പുറം - 50

11. കോഴിക്കോട് - 34

12. വയനാട് - 15

13. കണ്ണൂർ - 73

14. കാസർഗോഡ് - 24

**തദ്ദേശസ്വയംഭരണ വകുപ്പ് നിർവ്വഹണ ഏജൻസിയായിട്ടുള്ള**

**പ്രവൃത്തികൾ**

350(352) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള എത്ര പ്രവൃത്തികളുണ്ടെന്നും എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

2022-23-ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള 50 പ്രവൃത്തികളുണ്ട്. ആയതിൽ 5 എണ്ണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**റീബിൽഡ് കേരള പദ്ധതി പ്രകാരം റോഡ് നിർമ്മാണം**

351(353) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം നിർമ്മാണം നടത്തുന്ന ഗ്രാമീണ റോഡുകൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും അറിയിക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണ ഏജൻസിയായ മൂലിത്തോട് കവട്ടക്കുഴി റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രോജക്ട് മാനേജിംഗ് യൂണിറ്റ് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിവരമുൾപ്പെടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത നിർമ്മാണം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏത് റോഡിന്റെ നിർമ്മാണം നടത്തുന്നതിനാണ് തടസ്സമെന്നും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

(ബി & സി) നിലവിലുള്ള റോഡ് ഫോർമേഷന്റെ പാർശ്വഭാഗങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നതുമൂലം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ചെറിയ തോതിൽ വിഘാതം നേരിടുന്നുണ്ട്. വള്ളിയൂർക്കാവ് വരടിമൂല, 44-ാം മൈൽ മക്കിമല, പീലക്കാവ് പഞ്ചാരക്കൊല്ലി, വിളനിലം-പീലക്കാവ് എന്നീ റോഡുകളിലാണ് ഇത്തരത്തിൽ പ്രശ്നങ്ങളുള്ളത്. അതുമൂലം പ്രവൃത്തിക്കാവശ്യമായി വരുന്ന അധിക തുക കണ്ടെത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രൈസ് 3 സോഫ്റ്റ്‌വെയർ

352(354) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ പ്രൈസ് 3 സോഫ്റ്റ്‌വെയർ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന നോൺ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് സാധിക്കുമോ എന്നറിയിക്കുമോ?

പ്രൈസ് 3 സോഫ്റ്റ്‌വെയർ തദ്ദേശസ്വയംഭരണ വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. Non-PMC Accredited Agency-കളെ പ്രൈസ് 3 സോഫ്റ്റ്‌വെയർ മുഖേന പ്രവൃത്തികൾ ഏൽപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) തദ്ദേശ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ ആധിക്യം മൂലം പ്രൈസ് 3 സോഫ്റ്റ്‌വെയർ ഫലവത്തായി നടപ്പിലാക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ മരാമത്ത് പ്രവൃത്തികളുടെ ആധിക്യം ഉണ്ടെന്നുള്ളത് വസ്തുതയാണ്. ആയതുകൊണ്ടുള്ള ജോലിഭാരം കുറയ്ക്കുന്നതിനായാണ് പ്രൈസ് 3 സോഫ്റ്റ് വെയർ തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സോഫ്റ്റ് വെയറിന്റെ പരിശീലനം നൽകിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ പൊതു സർവീസ്

353(355) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ടൗൺ പ്ലാനിംഗ് വിഭാഗം വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കുമോ?

തദ്ദേശസ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒരു സംവിധാനത്തിന്റെ കീഴിൽ എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിച്ചുകൊണ്ടുപോകുന്നതിനാണ് വിഭാവനം

ചെയ്തിരിക്കുന്നത്. ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ ഘടനയിൽ മാറ്റംവരുത്തുന്നില്ല. ടൗൺ പ്ലാനിംഗ് വിഭാഗം വിപുലീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പദ്ധതി പ്രവർത്തനത്തിലും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേലും അതിവേഗം തീരുമാനം കൈക്കൊള്ളുന്നതിന് പ്രസ്തുത തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സംവിധാനം സഹായിക്കുമോ; വിശദമാക്കുമോ?

വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെയും ജീവനക്കാരുടെയും ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക്

വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിന് നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണനിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണംവഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്.

(സി) തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, വാഹന പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവയുടെ ഫയലുകൾ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അയക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

പൊതുസർവ്വീസിന്റെ ഭാഗമായി ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി മുഖേനയും വാഹന പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം മുഖേനയുമാണ് നടപ്പിലാക്കുന്നത്. നിലവിലെ സംവിധാനത്തിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ പരമാവധി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ലൈഫ് മിഷൻ പദ്ധതി

354 (356) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

45,711 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എത്ര വീതം വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

23,244 വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിലൂടെ പുതിയ അപേക്ഷകർക്ക് വീട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2018-ലും 2020-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ 15.11.22-ലെ സ.ഉ. (സാധാ) 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിലും 2019-ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഭൂമിവാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ മുളപ്ര പാലം പ്രവൃത്തിക്ക് ഭരണാനുമതി

355(357) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന മുളപ്ര പാലം പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന മുളപ്ര പാലം പ്രവൃത്തിക്ക് നിലവിൽ ജി.എസ്.ടി. നിരക്ക് 18% ആയി വർദ്ധിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് കണ്ണൂർ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് നടപടി**

356(358) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭാ പരിധിയിൽ നിർമ്മിച്ച നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് നഗരസഭ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചതെന്നും ഇല്ലെങ്കിൽ നമ്പർ അനുവദിക്കാത്തതിനുള്ള കാരണവും വിശദമാക്കുമോ?

ഇല്ല. പ്രസ്തുത മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുവാനായി സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ മലപ്പുറം ജില്ലാ ടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ എല്ലാം പരിഹരിക്കാൻ കഴിയാത്തതിനാൽ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടാനുസരണം സർക്കാരിന്റെ ഇളവിനായുള്ള പ്രൊപ്പോസൽ നഗരസഭ, നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് നഗരകാര്യ ഡയറക്ടർ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കിയാൽ മാത്രമേ ഇളവനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് ആരാണ് നിലമ്പൂർ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതെന്നും ഏത് തീയതിയിലാണ് പ്രസ്തുത അപേക്ഷ നൽകിയതെന്നും അറിയിക്കാമോ?

18.06.2020-ൽ നിലമ്പൂർ തഹസിൽദാർ ആണ് നിലമ്പൂർ നഗരസഭയിൽ ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചത്.

(സി) നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് അപേക്ഷയിലോ പ്ലാനിലോ മാറ്റം വരുത്തേണ്ടതുണ്ടെന്ന് നിലമ്പൂർ നഗരസഭ കണ്ടെത്തിയിട്ടുണ്ടോ; എന്തെല്ലാം

ന്യൂനതകളാണ് പരിഹരിക്കേണ്ടതായിട്ടുള്ളതെന്നും ഇക്കാര്യം അപേക്ഷകനെ എന്നാണ് അറിയിച്ചതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ചുവടെ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി 08.04.2022 തീയതിയായി നിലമ്പൂർ തഹസിൽദാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

1. കെ.എം.ബി.ആർ. റൂൾ 34 പ്രകാരം ആവശ്യമായ പാർക്കിംഗ് ലഭ്യമല്ല.

2. കെ.എം.ബി.ആർ. റൂൾ 54 ടേബിൾ 9 പ്രകാരം ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

3. കെ.എം.ബി.ആർ. റൂൾ 40(എ) പ്രകാരം differently abled person-ന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

4. കെ.എം.ബി.ആർ. റൂൾ 45 പ്രകാരം ആവശ്യമായ സ്റ്റെയർ എക്സിറ്റ് വിഡ്ത് ലഭ്യമല്ല.

ഇവ കൂടാതെ ടി കെട്ടിടത്തിന് ഫയർ NOC ഇതുവരേയും ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഫയലിൽ നഗരസഭ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഉദ്ഘാടനം കഴിഞ്ഞ് 20 മാസത്തോളമായിട്ടും കെട്ടിട നമ്പർ അനുവദിക്കാത്തതുകാരണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 15

സർക്കാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നത്തേയ്ക്ക് കെട്ടിട നമ്പർ നൽകാനാകുമെന്ന് അറിയിക്കുമോ?

നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണാനുമതിക്കായി 18.06.2020-ന് നിലമ്പൂർ തഹസിൽദാർ 1 സൈറ്റ് പ്ലാൻ സഹിതം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചു. നിർമ്മാണം അന്തിമ ഘട്ടത്തിലെത്തി നിൽക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് സൈറ്റ്, സർവീസ്, പാർക്കിംഗ് പ്ലാനുകളുടെ 3 സെറ്റ് സമർപ്പിക്കണമെന്ന് 07.07.2020-ന് അറിയിപ്പ് നൽകി. ആയതിന് മറുപടിയായി 02.12.2021-ന് തഹസിൽദാറിൽ നിന്നും ലഭിച്ച കത്തിൽ സൈറ്റ്, സർവീസ്, പാർക്കിംഗ് പ്ലാനുകൾ ഉൾപ്പെടുത്തി 15.07.2021-ന് പ്ലാൻ PWD നിലമ്പൂർ ഡിവിഷനിലേയ്ക്ക് അയച്ചതായി അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന്, ടി പ്ലാൻ രേഖകൾ സഹിതം, ടി കെട്ടിടത്തിന്റെ വിസ്തൃതി 5195.63 m2 വരുന്നതിനാൽ ജില്ലാ ടൗൺ പ്ലാനിംഗിൽനിന്നും ലേ ഔട്ട് അപ്രൂവൽ ലഭ്യമാക്കേണ്ടതിനാൽ കൃത്യവും വ്യക്തവുമായ പ്രിന്റ് സഹിതം നഗരസഭയിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് 29.12.2021-ന് കത്ത് നൽകി. ആയത് പ്രകാരം 12.01.2022-ന് ലഭിച്ച പ്ലാൻ അപ്രൂവലിനായി 19.01.2022-ന്

മലപ്പുറം ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും ആയതിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കണമെന്ന് അറിയിച്ച് 18.03.2022-ന് DTP യിൽ നിന്നും കത്ത് ലഭിക്കുകയും പ്രസ്തുത കത്തിൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് 08.04.2022-ന് തഹസിൽദാർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആയതിന് മറുപടി ഒന്നും ലഭ്യമാവാത്തതിനാൽ, 20.06.2022-ന് ലിഫ്റ്റ് NOC അനുവദിച്ചുകൊണ്ട് നൽകിയ സർട്ടിഫിക്കറ്റിൽ, മേൽ ന്യൂനതകൾ പരിഹരിക്കണമെന്ന കാര്യം വീണ്ടും സൂചിപ്പിക്കുകയുണ്ടായി. ന്യൂനതകൾ പരിഹരിക്കുന്നതിനായി അസി. എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് മലപ്പുറം സെക്ഷന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് 29.06.2022-ലെ തഹസിൽദാരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. പിന്നീട് 22.07.2022-ലെ തഹസിൽദാരുടെ കത്തിന്റെയും കത്തിൽ ഉള്ളടക്കം ചെയ്ത സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ, പൊതുമരാമത്ത് മലപ്പുറം അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ, ടി ന്യൂനതകൾ പരിഹരിക്കാനാവാത്തതിനാൽ, 07.11.2022-ന് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള ഇളവുകൾ, സർക്കാരിൽ നിന്നും ലഭിക്കുന്നതിനായി നഗരസഭ, നഗരകാര്യ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് നഗരകാര്യ

ഡയറക്ടറുടെ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കിയാൽ മാത്രമേ കെട്ടിട നിർമ്മാണ ചട്ടാനുസരണമുള്ള ഇളവനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

357(359) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗം മുഖേന നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി സാങ്കേതിക പരിശോധനാ സംവിധാനം രൂപീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിന് സ്വീകരിക്കുന്ന ഡെപ്പോസിറ്റ് തുക

വിനിയോഗിച്ച് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിന് സ്വീകരിക്കുന്ന Restoration charge വിനിയോഗിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിന് മരാമത്ത് പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രധാന റോഡുകൾ ആധുനിക നിലവാരത്തിലാക്കുന്നതിന് നടപടി വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രധാന റോഡുകൾ ആധുനിക നിലവാരത്തിലാക്കുന്നതിനായി അതത് റോഡുകളിലൂടെ കടന്ന് പോകുന്ന വാഹനങ്ങളുടെ ബാഹുല്യത്തിനനുസരിച്ച് ഡിസൈൻ ചെയ്ത് അനുമതി വാങ്ങി നടപ്പിലാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ?

സമർപ്പിക്കുന്ന പെർമിറ്റ്/കംപ്ലീഷൻ/ഒക്യുപെൻസി മുതലായവ കൂടാതെ ഗുണഭോക്താക്കൾ മുഖാന്തരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വാല്യുവേഷനുകൾ എന്നിവ നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

## കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് മുഖാന്തരം നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ

358(360) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് മുഖാന്തിരം നടപ്പാക്കുന്ന മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ച കാലപരിധി എന്നുവരെയാണെന്ന് വിശദമാക്കാമോ?

കോൺട്രാക്ട് പ്രകാരം മട്ടാഞ്ചേരി ഹോസ്പിറ്റലിന്റെ പണികൾ പൂർത്തീകരിക്കാൻ അനുവദിച്ച സമയം 18 ആഗസ്റ്റ് 2020 ആണ്.

(ബി) എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധി കഴിഞ്ഞും സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഗവൺമെന്റ് ഏജൻസിയായ ടി.ഡി.എൽ.സി.സി.എസ്. (തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ആണ് മട്ടാഞ്ചേരി ഹോസ്പിറ്റലിന്റെ പണികൾ ചെയ്യുന്നത്. കോവിഡ് പ്രതിസന്ധിമൂലം പദ്ധതിക്ക് സ്വാഭാവിക തടസ്സങ്ങൾ നേരിട്ടിരുന്നു. പുതിയ ബ്ലോക്ക് പണിയുന്നതിന് മട്ടാഞ്ചേരി ജയിൽ അധികൃതരുടെ ഭാഗത്തുനിന്ന് നിരാക്ഷേപപത്രം ലഭിച്ചാൽ മാത്രമേ പണി നടത്താൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തുനിന്ന് 2021 ആഗസ്റ്റ് 6-ാം തീയതി ഒരു കത്ത് ലഭിക്കുകയും അത് പ്രകാരം പണികൾ നിർത്തിവയ്ക്കുകയും ചെയ്തു. 2022 ജൂൺ 26-നാണ് ജയിൽ സൂപ്രണ്ടിന്റെ ഭാഗത്തുനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിക്കൊണ്ട് പ്രവർത്തന അനുമതി ലഭിച്ചത്. അനുമതി ലഭിച്ച ഉടനെ തന്നെ പണികൾ പുനരാരംഭിക്കുകയും ചെയ്തു.

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മറ്റു തടസ്സങ്ങളൊന്നും തന്നെ ഇപ്പോൾ ഇല്ല. കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പണികൾ ദ്രുതഗതിയിൽ ആക്കാൻ ടി.ഡി.എൽ.സി.സി.എസ്.-ന് കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

2023 ജനുവരി അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രവികസനം

359 (361) <u>ശ്രീ. എം രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രവികസനം മുൻനിർത്തി പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്ര വികസനം ലക്ഷ്യമാക്കി അഞ്ച് വർഷത്തിലൊരിക്കൽ തയ്യാറാക്കുന്ന വികസനരേഖയുടെ അടിസ്ഥാനത്തിലാണ് ഓരോ പഞ്ചവൽസര പദ്ധതിയിലെയും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന്റെ ഭാഗമായി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

പൊതു വികസന കാഴ്ചപ്പാടും പ്രതിപാദിക്കുന്നതിനൊപ്പം ഓരോ വിഷയ മേഖലയുടെയും അവസ്ഥയും വികസനതന്ത്രവും വ്യക്തമാക്കുന്ന വികസനരേഖ തയ്യാറാക്കുന്നതിന് 26.11.2021-ലെ സ.ഉ.(കൈ) നം.275/2021 തസ്വഭവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. അതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവസ്ഥാരേഖ തയ്യാറാക്കുകയും വികസനരേഖ പരിഷ്കരിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 23.09.2017-ലെ സ.ഉ.(കൈ) നം.19/2017/പ്ലാനിംഗ് ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ പദ്ധതി എല്ലാ ജില്ലകളിലും തയ്യാറാക്കിയിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ പ്ലാൻ സ്കീമായ 'ഐഡിഡിപി/എൽഡിപി തയ്യാറാക്കലിനു' കീഴിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും (LDP), ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും (IDDP) നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്നതിനു ലക്ഷ്യമിടുന്നുണ്ട്. ഒരു ജില്ലയുടെ വികസന പ്രശ്നങ്ങൾ പരിഗണിച്ച് ജില്ലയുടെ മൊത്തത്തിലുള്ള വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ്

സംയോജിത ജില്ലാ വികസന രൂപരേഖ (IDDP) തയ്യാറാക്കുന്നത്. പ്രസ്തുത സ്കീമിന്റെ കീഴിൽ കൊല്ലം ജില്ലയിൽ ആദ്യമായി സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളുടെ സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ഇതിൽ തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്, കോഴിക്കോട് എന്നിവയുടെ കരട് തയ്യാറാക്കിയിട്ടുള്ളതുമാണ്. ജില്ലയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശത്തിന്റെ വികസനത്തിനായി പ്രാദേശിക വികസന രൂപരേഖ (LDP) തയ്യാറാക്കുന്നതിനും ഈ പ്ലാൻ സ്കീമിൽ ഉദ്ദേശിക്കുന്നുണ്ട്.

**ലൈഫ് പദ്ധതി**

360(362) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത കുടുംബങ്ങളായി കഴിയേണ്ട ഒരു കുടുംബത്തിലെ അംഗങ്ങളെല്ലാം ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടതിനാൽ ലൈഫ്

പദ്ധതിയുടെ ആനുകൂല്യം ഒരാൾക്ക് മാത്രം ലഭിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

06.09.2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുകയും ടി വിഭാഗത്തിൽപ്പെട്ട വ്യത്യസ്ത കുടുംബങ്ങളായി കഴിയേണ്ട അംഗങ്ങളെ പ്രത്യേക കുടുംബമായി പരിഗണിച്ച് ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 27.07.2020-ലെ സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലൈഫ് 2020 ഓൺലൈൻ അപേക്ഷ ക്ഷണിച്ച ഘട്ടത്തിലും പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവരിൽ വ്യത്യസ്ത കുടുംബമായി കഴിയേണ്ടവർ

ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി അംഗങ്ങളെ പ്രത്യേകം കുടുംബമായി പരിഗണിച്ചാണ് ലൈഫ് 2020 ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുള്ളത്.

(സി) അർഹരായ എല്ലാവർക്കും വീട് ലഭിക്കുന്ന തരത്തിൽ മാനദണ്ഡത്തിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ അപേക്ഷിച്ചവരിൽ അർഹരായ എല്ലാവരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മാനദണ്ഡത്തിൽ ഭേദഗതി ആവശ്യമായി വരുന്നില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ**

361(363) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച തീയതി, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ലൈഫ് മിഷൻ

362(364) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നാളിതുവരെ എത്ര വീടുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

40,827 വീടുകൾ അനുവദിച്ചു നൽകി.

(ബി) നിർമ്മാണം പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ വീടുകളുടെ എണ്ണം ലഭ്യമാക്കുമോ?

35,438 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5,389 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്.

## കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തസ്തികകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

363(365) <u>ശ്രീ എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ എന്നാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കുമോ;

അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ജില്ലയിൽ കാസർഗോഡ് നഗരസഭയിൽ 2 പേരും ഗ്രാമപഞ്ചായത്തുകളിൽ 12 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്യുന്നുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 3 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ പുനർനിർമ്മാണം

364(366) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

365(367) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എസ്.പി.വി. ആയ ഇംപാക്ട് കേരള ലിമിറ്റഡ്

2016 മുതൽ 2022 വരെയുള്ള കാലയളവിൽ നടപ്പാക്കുന്നതിന് അനുമതി നൽകിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആസ്തികൾ നിർമ്മിക്കുന്നതിനായി Special Purpose Vehicle എന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള ഇംപാക്ട് കേരള ലിമിറ്റഡ് മുഖേനെ ചുവടെ ചേർത്തിരിക്കുന്ന 5 മേഖലകളിലായാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

1. നഗരസഭകളുടെ ഓഫീസ് കെട്ടിട നിർമ്മാണം

2. ആധുനിക അറവുശാലകൾ

3. മാർക്കറ്റ് നവീകരണം

4.വാതക ശ്മശാനം

5. Sewage/Septage Treatment Plants

കിഫ്ബിയുടെ അനുമതി ലഭ്യമായ പദ്ധതികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുന്നയൂർക്കുളം പഞ്ചായത്തിലെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച അണ്ടത്തോട് പാലം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അണ്ടത്തോട് പാലം നിർമ്മാണം പദ്ധതി മേൽപ്പറഞ്ഞ 5 മേഖലകളിൽ ഒന്നിലും ഉൾപ്പെടാത്തതിനാൽ കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള വഴി നടപ്പിലാക്കുവാൻ സാധിക്കില്ല.

**തിരുവമ്പാടി മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

366(368) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി.-യിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(ബി) അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

(എ & ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭരണാനുമതി തുകയിൽ നീക്കിയിരുപ്പുണ്ടെങ്കിൽ പുതിയ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**നാദാപുരം മണ്ഡലത്തിലെ തയ്യിൽ പാലം നിർമ്മാണം**

367(369) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തയ്യിൽ പാലം നിർമ്മാണത്തിന് സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) പ്രസ്തുത പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിയതല്ല.

**ഭിന്നശേഷിക്കാർക്കുള്ള താൽക്കാലിക സർട്ടിഫിക്കറ്റ്**

368 (370) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലിക ഭിന്നശേഷി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ക്ഷേമ പെൻഷനുകൾ അനുവദിക്കേണ്ടതില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

താൽക്കാലിക വൈകല്യം എന്നു രേഖപ്പെടുത്തിയ വികലാംഗ സർട്ടിഫിക്കറ്റിന്മേൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം വികലാംഗ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലായെന്നും UDID മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ശേഷം സ്ഥിര വൈകല്യം എന്ന് രേഖപ്പെടുത്തിയ UDID കാർഡ് ലഭിക്കുന്ന പക്ഷം വികലാംഗ പെൻഷന് അർഹതയുണ്ടെന്നുമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായ പ്രകാരം ധനകാര്യ വകുപ്പ് നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഭിന്നശേഷിക്കാർക്ക് താൽക്കാലിക സർട്ടിഫിക്കറ്റാണ് ആദ്യം ലഭിക്കുകയെന്ന വസ്തുത പരിഗണിക്കാതെ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉത്തരവ് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിന് വിരുദ്ധമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ മുൻകാലങ്ങളിലേത് പോലെ ഭിന്നശേഷിക്കാരായ എല്ലാപേർക്കും ക്ഷേമ പെൻഷനുകൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**(371-ാം നമ്പർ ചോദ്യം ഒഴിവാക്കിയിരിക്കുന്നു.)**

**ജനവാസ മേഖലയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ**

369(372) <u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോതി, ആവിക്കൽ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ജനകീയ പ്രക്ഷോഭം ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോഴിക്കോട് ജില്ലയിലെ കോതി, ആവിക്കൽ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ഒരു വിഭാഗമാളുകളുടെ

നേതൃത്വത്തിൽ പ്രക്ഷോഭം നടക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നടന്നുവന്ന കേസിൽ 14.11.2022-ന് വന്ന കോടതിവിധി കോതി പദ്ധതി നടത്തിപ്പിന് അനുകൂലമാണ്. ആയതിനെ തുടർന്നാണ് 23.11.2022-ന് പ്രവൃത്തി ആരംഭിച്ചത്.

(ബി) ജനവാസ മേഖലയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് മൂലമുണ്ടാകാവുന്ന ദോഷഫലങ്ങളെ കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജനവാസ മേഖലയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമൂലം ഏതെങ്കിലും ദോഷഫലങ്ങളുണ്ടാകുമോ എന്നതിനെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തിയിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ എല്ലാ അനുമതികളും കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് (PCB), തീരദേശ പരിപാലന അതോറിറ്റി (KCZMA) എന്നിവയുടെ അനുമതി ഇതിൽ ഉൾപ്പെടുന്നു. ഇതിലുപരി പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA), CRZ സ്റ്റാറ്റസ് റിപ്പോർട്ട് Risk Assessment & Emergency response and Disaster management plan എന്നീ പഠന റിപ്പോർട്ടുകൾ ഗവണ്മെന്റ് അംഗീകൃത ഏജൻസികളെക്കൊണ്ട് നടത്തിയിട്ടുണ്ട്. ഇവയെല്ലാം തീരദേശ

പരിപാലന അതോറിറ്റി പരിഗണിച്ചതിനുശേഷമാണ് അനുമതി ലഭ്യമായിട്ടുള്ളത്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് (PCB)-ന്റെ നിർദ്ദേശ പ്രകാരം Stringent Noise Control Measures, Odour Control System, Continuous Effluent Monitoring System എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രദേശത്തെ മുഴുവൻ വീടുകളിലേയും ശുചിമുറി മാലിന്യം സംഭരിച്ച് സംസ്കരിച്ചതിനുശേഷം പുറത്തുവിടുന്നത് വഴി ഈ പ്രദേശത്തെ ഭൂഗർഭജല മലിനീകരണം വലിയതോതിൽ ഒഴിവാക്കാനാകും.

(സി) ജനകീയ പ്രതിഷേധം കണക്കിലെടുത്ത് ജനവാസ മേഖലയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന നടപടിയിൽനിന്നും സർക്കാർ പിൻമാറുമോ; വിശദാംശം ലഭ്യമാക്കുമോ?

മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന നടപടിയിൽനിന്നും പിന്മാറുന്നത് മാലിന്യപ്രശ്നം ഗുരുതരമാക്കുകയും ജനജീവിതത്തെയും നാടിനെയും ദോഷമായി ബാധിക്കുകയും ചെയ്യും. മാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുത്ത വിവിധ സോണുകൾ പ്രകാരം കോതി, ആവിക്കൽ പ്രദേശം ഏറ്റവും താഴ്ന്നനിൽക്കുന്നതും ഗ്രാവിറ്റി ഫ്ളോ വഴി മാലിന്യം ശേഖരിക്കാൻ ഉതകുന്നതുമായ പ്രദേശമാണ്. കൂടാതെ റെയിൽവേ

ലൈനിന്റെ പടിഞ്ഞാറുവശം ഉൾപ്പെടുത്തിയാണ് നെറ്റ്‌വർക്ക് വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ നഗരത്തിലെ മറ്റൊരു സ്ഥലം കണ്ടെത്തുകയാണെങ്കിൽ റെയിൽവേ ലൈൻ ക്രോസിംഗ് ആവശ്യമായി വരികയും ഇതുകാരണം മൊത്തം നെറ്റ്‌വർക്ക് അലൈൻമെന്റിൽ മാറ്റം വരികയും ചെയ്യും. നിലവിൽ ടെൻഡർ നടപടികൾ പൂർത്തിയായതിനാൽ അത്തരത്തിൽ ഒരു മാറ്റം വരുത്തലും അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തലും പ്രായോഗികമല്ല. മാത്രമല്ല പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി പ്രദേശത്തെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് പരിഹാരമാവുകയും പൊതുജനങ്ങളുടെ ആരോഗ്യരക്ഷയ്ക്ക് വലിയ സഹായമാവുകയും ചെയ്യും.

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ

370(373) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ഏതെല്ലാം തസ്തികകൾ ആണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഉത്തരവിന്റെ വിശദാംശം നൽകുമോ; ഇതിൽ എത്ര

പ്രിൻസിപ്പാൾ, ലക്ചറർ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത ഒഴിവുകൾ ഇനി മുതൽ എപ്രകാരമാണ് നികത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

17.07.2020-ലെ സർക്കാർ ഉത്തരവ്(കൈ )നം.106/2020/തസ്വഭവ ഖണ്ഡിക 14 പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കുന്നതിനും കിലയുടെതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളുടെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതിനനുസരിച്ച് കിലയ്ക്ക് വിട്ടുനൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഗ്രാമവികസന വകുപ്പിലെ എസ്.ഐ.ആർ.ഡി.-യിലെയും ഇ.ടി.സി.-കളിലെയും എല്ലാ തസ്തികകളിലെയും ഉദ്യോഗസ്ഥരുടെ നിയന്ത്രണം കില ഡയറക്ടറിൽ നിക്ഷിപ്തമാക്കിയും ഇ.ടി.സി.-കളിലെ നിയമനങ്ങൾ കില ഡയറക്ടറുടെ അറിവോടെ നടത്തുന്നതിനും 24.02.2021-ലെ സ.ഉ.(കൈ) 65/2021/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രൻസിപ്പാൾ, ലെക്ചറർ തസ്തികകൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ചവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിൽ (ഇ.റ്റി.സി.) എത്ര പ്രിൻസിപ്പാൾ, ലക്ചറർ തസ്തികകൾ ഉണ്ടെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടുന്നവരുടെ അക്കാദമിക് യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ; പ്രിൻസിപ്പലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്നും പ്രിൻസിപ്പലിന് അദ്ധ്യാപന ചുമതലയുണ്ടോയെന്നും വ്യക്തമാക്കുമോ?

തസ്തികകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+ 22-01-2010-ലെ GO(P)No. 18/2010/LSGD ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിലെ യോഗ്യതകൾക്കനുസൃതമായാണ് വിവിധ ലെക്ചറർ തസ്തികകളിൽ നിയമനം നടത്തുന്നത്. പ്രിൻസിപ്പാൾ ഇ.ടി.സി.-കളുടെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആണ്. അദ്ദേഹത്തിന് അദ്ധ്യാപന ചുമതല ഇല്ല.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ലക്ചറർ തസ്തികയിൽനിന്നുള്ള സ്ഥാനക്കയറ്റം വഴിയാണോ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നതെന്നറിയിക്കുമോ; പ്രിൻസിപ്പൽ ആയി നിയമിക്കപ്പെടുന്നതിന് അദ്ധ്യാപന പരിചയം ആവശ്യമുണ്ടോ; എത്ര വർഷം സർവീസുള്ള ലക്ചറർമാരാണ് ഇപ്പോൾ സർവീസിൽ ഉള്ളതെന്നും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലെക്ചറർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴിയല്ല ഇ.റ്റി.സി.-കളിലെ പ്രിൻസിപ്പാൾ നിയമനം. പ്രിൻസിപ്പാളായി നിയമിക്കുന്നതിന് അധ്യാപന പരിചയം ആവശ്യം ഇല്ല. ലക്ചർമാരുടെ സർവ്വീസ് സംബന്ധിച്ച വിവരം അനുബന്ധം + ആയി ചേർത്തിരിക്കുന്നു

(ഡി) ലക്ചറർമാർക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

ലക്ചറർമാരുടെ സ്പെഷ്യൽ റൂളിൽ ഇതിനുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ലെക്ചറർമാർക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിക്കുന്നില്ല.

(ഇ) ലക്ചറർമാർക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം നിലവിൽ വന്ന തീയതി മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് പരാതി പരിഹാര സംവിധാനം പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുണ്ട്. പരാതി ലഭ്യമാകുന്ന മുറയ്ക്ക് പ്രിൻസിപ്പൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടർ നൽകുന്ന റിപ്പോർട്ട് പരിശോധിച്ച് അവശ്യമെങ്കിൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഗ്രാമ വികസന വകുപ്പിലെ ക്ലാർക്കുമാരുടെ പുനർവിന്യാസം

371(374) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും അതത് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തിൽ ഒഴിവുള്ള പുനർവിന്യാസ തസ്തികയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽ നിന്നുള്ള ക്ലാർക്ക് തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് 04.07.2000-ലെ സ.ഉ. (അ)നം. 187/2000/ എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്പുനർവിന്യാസം പുനഃക്രമീകരിച്ചുകൊണ്ട് 26.09.2019-ലെ സ.ഉ. (സാധാ)നം.2082/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരമാണ് ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ

നിന്നും ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നത്.

(ബി) പ്രസ്തുത പുനർവിന്യാസം വഴി ബ്ലോക്ക് പഞ്ചായത്തുകളിൽ നിയമിക്കപ്പെടേണ്ട ക്ലാർക്കുമാരുടെ സേവനം വകുപ്പ് പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

26.09.2019-ലെ സ.ഉ.(സാധാ)നം.2082/2019/തസ്വഭവ. പ്രകാരം വിവിധ വകുപ്പുകളിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികകൾ പൂർണ്ണമായും ചില വകുപ്പുകൾ പുനർവിന്യസിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഗ്രാമവികസന വകുപ്പിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും മറ്റു വകുപ്പുകളിലേക്ക് പുനർവിന്യാസം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്രകാരം പുനർവിന്യാസം വഴി നിയമിക്കപ്പെടുന്ന ക്ലാർക്ക് തസ്തിക ഗ്രാമ വികസന വകുപ്പിന്റെ കേഡർ തസ്തികയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി & ഡി) 26.09.2019-ലെ സ.ഉ. (സാധാ)നം.2082/2019/തസ്വഭവ. പ്രകാരം നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽനിന്നും ക്ലാർക്കുമാരെയും സീനിയർ ക്ലാർക്കുമാരെയും ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് പുനർവിന്യസിച്ചുവരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 5 വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്നിട്ടുണ്ട്. 26.09.2019-ലെ സ.ഉ. (സാധാ)നം.2082/ 2019/തസ്വഭവ. പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ക്ലാർക്കുമാരെ പുനർവിന്യസിക്കുന്ന വിഷയം പുനപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഏകീകൃത വകുപ്പ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിന്റെ 11 പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ സംബന്ധിച്ച വിഷയം ഇതോടൊപ്പം പരിശോധിക്കുന്നതാണ്.

**മലപ്പുറം മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി**

372(375) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച 45 പദ്ധതികളിൽ പൂർത്തീകരിച്ചവ എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പദ്ധതികൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എ & ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മങ്ങാട്ടുപുലം-ഹാജിയാർപള്ളി ചുങ്കപാലം പുനർനിർമാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

02.12.2022-ലെ സ.ഉ.(കൈ)നം.263/2022/LSGD ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച് എത്രയും വേഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പുതിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**താഴെ പേക്കാൻതോട്-നെയ്തല റോഡും പാലവും നിർമ്മാണ പദ്ധതി**

373(376) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ താഴെ പേക്കാൻതോട്-നെയ്തല റോഡും പാലവും നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും അറിയിക്കുമോ?

(എ &ബി) പ്രസ്തുത പദ്ധതിക്ക് 17.11.2022-ന് നടന്ന സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (SLSC) അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് ഈ

റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസിയായ എൻ.ആർ.ഡി.എ.-യുടെ പ്രീ-എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും അതുകഴിഞ്ഞ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചതിനുശേഷം സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

## കിലയിലെ സ്ഥിരം/താത്കാലിക/കരാർ തസ്തികകൾ

374(377) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ടെന്ന് അറിയിക്കുമോ; ഇവയുടെ യോഗ്യതയും ശമ്പള സ്കെയിലും നിയമന രീതിയും ജീവനക്കാരുടെ പേരുവിവരങ്ങളും നൽകുമോ?

104 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ഇവയുടെ യോഗ്യതയും ശമ്പള സ്കെയിലും നിയമന രീതിയും ജീവനക്കാരുടെ പേരുവിവരങ്ങളും അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

(ബി) കിലയിൽ എത്ര താത്കാലിക/കരാർ തസ്തികകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; ഇവയുടെ യോഗ്യതയും ശമ്പള സ്കെയിലും നിയമന രീതിയും ജീവനക്കാരുടെ പേരുവിവരങ്ങളും എത്ര നാളായി പ്രസ്തുത തസ്തികയിൽ തുടരുന്നുവെന്നുമുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

കിലയിൽ താത്കാലിക തസ്തികകൾ നിലവിലില്ല. എന്നാൽ സ്ഥിരം തസ്തികയിലെ ഒഴിവുള്ള പോസ്റ്റിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. +

(സി) മേല്പറഞ്ഞവ കൂടാതെ ആർക്കൊക്കെ എത്ര രൂപ വീതം കിലയിൽ നിന്നും ശമ്പളം/ഓണറേറിയം നൽകുന്നുണ്ടെന്നും ഇവരുടെ നിയമന രീതിയും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

104 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ഇവയുടെ യോഗ്യതയും ശമ്പള സ്കെയിലും നിയമന രീതിയും ജീവനക്കാരുടെ പേരുവിവരങ്ങളും അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

കിലയിൽ താത്കാലിക തസ്തികകൾ നിലവിലില്ല. എന്നാൽ സ്ഥിരം തസ്തികയിലെ ഒഴിവുള്ള പോസ്റ്റിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. +

കില ഒരു പരിശീലനസ്ഥാപനമായതിനാലും വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനാലും പരിശീലനങ്ങളുടെ നടത്തിപ്പിനായി വിവിധ വിഷയ മേഖലകളിൽ പ്രാവീണ്യമുള്ള സർവീസിലുള്ളവരും അല്ലാത്തവരുമായ റിസോഴ്സ് പേഴ്സൺമാരെ ആവശ്യാനുസരണം നിയോഗിച്ച് ഓണറേറിയം നൽകിവരുന്നുണ്ട്. അതുപോലെതന്നെ കില ഏറ്റെടുക്കുന്ന വിവിധ പ്രോജക്ടുകൾ മറ്റ് അസൈൻമെന്റുകൾ എന്നിവയുടെ നിർവ്വഹണത്തിനായി ആവശ്യാനുസരണം ഹ്രസ്വകാല അടിസ്ഥാനത്തിൽ കൺസൾട്ടൻസി വ്യവസ്ഥയിൽ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ കൺസൾട്ടൻസി ഫീസ്/ഓണറേറിയം മുതലായവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏൽപ്പിക്കപെടുന്ന പ്രവൃത്തിയുടെ കാലയളവ്, വൈദഗ്ധ്യം എന്നിവയ്ക്കനുസൃതമായി നിശ്ചയിച്ചുവരുന്നു. കിലയിൽ നിന്ന് വേതനം കൈപ്പറ്റുന്നവരുടെ പട്ടിക അനുബന്ധം ആയി ചെയ്തിട്ടുണ്ട്. +

(ഡി) കിലയുടെ തനത് വരുമാനം ഏതൊക്കെ വിധത്തിലാണെന്നും ഒരു മാസം ശമ്പളം/ഓണറേറിയം മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയ്ക്കായി എത്ര തുക ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുക എന്നുള്ളതാണ് കിലയുടെ പ്രധാന ലകഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി നടത്തുന്ന പരിശീലനത്തിന്റെ ചെലവിനത്തിൽ കിലയ്ക്ക് ലഭിക്കുന്ന അഡ്മിനിസ്ട്രേഷൻ ചാർജ്ജും അതിനോടനുബന്ധിച്ച് കിലയുടെ ഭൗതിക സൗകര്യങ്ങൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കിലയ്ക്ക് ലഭിക്കുന്ന തുകയും അതോടൊപ്പം കില ഏറ്റെടുത്ത് നടത്തുന്ന വിവിധ പ്രോജക്ടുളിൽ നിന്നും കൺസൾട്ടൻസിയിനത്തിലും കിലയിലെ നിലവിലുള്ള മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തിയും പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന തുകയും അടങ്ങിയതാണ് കിലയുടെ വരുമാന സ്രോതസ്സ്. കൂടാതെ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെയും സഹായം കില കൊട്ടാരകേന്ദ്രത്തിന്റെ (KILA CHRD) ദൈനംദിന ചെലവുകൾക്കായി ലഭ്യമാകുന്നുണ്ട്. കിലയ്ക്ക് നോൺ-പ്ലാൻ ഗ്രാന്റ്-ഇൻ-എയിഡ് ധനസഹായമായി ഒരു വർഷം പരമാവധി 46.33 ലക്ഷം രൂപ മാത്രമാണ് ലഭ്യമാകുന്നത്. എന്നാൽ പ്രതിമാസം ശമ്പളം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയ്ക്കായി കിലയിൽ നിന്നും ഏകദേശം 60 ലക്ഷം രൂപയോളം ചെലവുവരുന്നുണ്ട്. സെൽഫ്ഫിനാൻസിംഗ് മോഡിലാണ് കില പ്രവർത്തിക്കുന്നത് എന്നതിനാൽ കില ജീവനക്കാർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിലയുടെ തനതുവരുമാനത്തിൽ നിന്നാണ് നൽകി വരുന്നത്.

## വേസ്റ്റ് ടു എനർജി പ്ലാന്റ്

375(378) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് ജൈവ മാലിന്യ പ്ലാന്റ് തകർന്ന സാഹചര്യത്തിൽ കൊച്ചി നഗരസഭയുടെ മാലിന്യ സംസ്കരണത്തിന് മറ്റെന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മാലിന്യ സംസ്കരണത്തിനായി പുതിയ വേസ്റ്റ് ടു എനർജി പ്ലാന്റ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 30.04.2020-ലെ സ.ഉ.(ആർ.ടി.) നം.805/2020/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തെരുവ് നായ ശല്യം ദൂരീകരിക്കാൻ നടപടി**

376(379) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തെരുവ് നായ ശല്യം ദൂരീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വികേന്ദ്രീകൃതാസൂത്രിത സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26.07.2022-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23.08.2022-ൽ സ.ഉ. (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സംസ്ഥാനത്ത് തെരുവുനായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.09.2022, 13.09.2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15.09.2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ ടി ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ

ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29.09.2022-ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്. പരാമർശ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സർക്കാരിന് സാധ്യമായ നടപടികൾ എല്ലാംതന്നെ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ

*നിലവിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 637-ഓളം ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

*941 ഗ്രാമപഞ്ചായത്തുകളിൽ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവുനായ്ക്കൾക്കും 2,43,950 വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

* ഗ്രാമ പഞ്ചായത്ത് തലത്തിൽ 81,283 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

*15.09.2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 482 ഗ്രാമ പഞ്ചായത്തുകൾ തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

*നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താല്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവുനായശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 16,74,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ</u>

01.09.2022 മുതൽ 14.11.2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവിധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരക്കണക്ക് താഴെക്കാണും പ്രകാരമാണ്.

*വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285

*വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022

*വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812

*രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452

*കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)

*ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730

*പൊതു നിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴത്തുക - 31,58,323

*സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം - 1,003

*വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി. ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663

ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 30.08.2022 വരെ 79,859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

**കെ.എം.ബി.ആർ. ലംഘനങ്ങൾക്കെതിരെ നടപടി**

377(380) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടും കെ.എം.ബി.ആർ. ലംഘനങ്ങൾ ഉള്ളത് കാരണം അംഗീകാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ലംഘനങ്ങൾ കാരണം പ്രവൃത്തികൾക്ക് അംഗീകാരം നൽകാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പരാതികൾ ഒന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. കെ.എം.ബി.ആർ/കെ.പി.ബി.ആർ. ലംഘനമുള്ള സ്കൂളുകളുടെ ലിസ്റ്റ് നിർവ്വഹണ ഏജൻസിയായ കില വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ സ്ഥാപനം ആയതിനാൽ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിൽ നിന്ന് നിലവിലെ നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നടപടി

378(381) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നിലവിലെ നിയമം പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീംകോടതിയുടെ അനുമതി നേടാൻ തീരുമാനിച്ചിട്ടുണ്ടോ?

(എ & ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് കണ്ടതിനെ തുടർന്ന് അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീംകോടതിയുടെ അനുമതി തേടിയിരുന്നുവെങ്കിലും ആയത് കോടതി പരിഗണിക്കുകയുണ്ടായില്ല.

(സി) ഇത്തരം കാര്യങ്ങൾക്ക് ചെലവ് വരുന്ന തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, വന്ധ്യംകരണം, തെരുവ് നായ്ക്കൾക്കും ഉപേക്ഷിക്കപ്പെട്ട നായ്ക്കൾക്കുമുള്ള അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, അവയുടെ പരിപാലനം, ഐ.ഇ.സി. ക്യാമ്പയിൻ മുതലായ പ്രവർത്തനങ്ങൾക്കുള്ള ചെലവ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്.

(ഡി) പ്രസ്തുത നടപടികൾ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും നിലവിലെ വിധിന്യായങ്ങളുടെ പരിധിക്കുള്ളിൽ നിന്ന് ചെയ്യാൻ സാധ്യമായ എല്ലാ കർമ്മപരിപാടികളും സർക്കാർ ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ശാശ്വത പരിഹാരത്തിന് കൂടുതൽ ശക്തമായ നടപടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്**

379(382) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) പരാതി പരിഹാര സംവിധാനത്തിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് ഏത് വിധത്തിലാണെന്നും ഒരു പരാതി ലഭിച്ചാൽ എത്ര നാളുകൊണ്ടാണ് തീർപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

(എ&ബി) പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2022-ലെ 1099/ബി1/പിഡിഎൽഎസ്ജിഡി/2022 നമ്പർ നടപടിക്രമം പ്രകാരം പരാതി പരിഹാര സെൽ 27.10.2022 മുതൽ ഒരു വർഷത്തേയ്ക്കാണ് രൂപീകരിച്ചിട്ടുള്ളത്. സെല്ലിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. അവയിൽ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ തീരുമാനം ആവശ്യമായിട്ടുള്ള കേസുകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്.

(സി) നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പരാതികളുടെ വിശദാംശങ്ങളും സ്വീകരിച്ച നടപടിയും അറിയിക്കുമോ?

നാളിതുവരെ 2 പരാതികൾ ലഭ്യമായിട്ടുണ്ട്.

1) ശ്രീ. ഷമീർ ഖാൻ - ഇ.റ്റി.സി.-കളിലെ ലക്ചറർ 1, 2 തസ്തികകളിലെ വിവേചനം സംബന്ധിച്ച പരാതി (ലഭിച്ച തീയതി - 24.11.2022)

2) ശ്രീ. വിജിൻ ജോസ് - ഇ.റ്റി.സി.-കളിലെ ലക്ചറർമാരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/എൽ.എസ്.ജി.ഡി. എഞ്ചിനീയർ/വെറ്ററിനറി സർജൻ തസ്തികകളിലെ നിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച നിവേദനം. (ലഭിച്ച തീയതി - 28.11.2022)

പരാതി പരിഹാര സെൽ യോഗം ചേർന്ന് പരാതികൾ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണം**

380(383) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നടുവണ്ണൂർ മന്ദൻകാവിൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച ലൈഫ് മിഷൻ ഫ്ലാറ്റിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണൊരുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിൽ നടുവണ്ണൂർ മന്ദൻകാവിൽ ആരംഭിച്ച ലൈഫ് മിഷൻ ഫ്ളാറ്റിന്റെ അടിസ്ഥാന നിർമ്മാണ പ്രവൃത്തികൾ പുരോഗതിയിലായിരുന്നു. നിർമ്മാണസാമഗ്രികൾക്ക് കമ്പോള വിലയിലുണ്ടായ വർദ്ധനവ് കാരണം കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് കരാറുകാരൻ നിർമ്മാണം നിർത്തിവച്ചിരുന്നു. നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 70 കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണ് ഒരുക്കുന്നത്.

(സി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

30.04.2023-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**എം.എൽ.എ.ഫണ്ട് മുഖേന പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ**

381(384) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എഫ്. മുഖാന്തരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിച്ചതിനുശേഷം ഫണ്ട് അനുവദിക്കാതെ ചീഫ് എഞ്ചിനീയർ ഓഫീസിൽ തടഞ്ഞുവച്ചിരിക്കുന്നതും അനാവശ്യ കാലതാമസം വരുത്തുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

പൂർണ്ണമായും ന്യൂനതകൾ ഒന്നും തന്നെയില്ലാതെ തയ്യാറാക്കി സമർപ്പിക്കപ്പെടുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ റിക്വസിഷനുകളിന്മേൽ സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബിൽ തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലേയ്ക്ക് സമയബന്ധിതമായി നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും ലഭിക്കുന്ന പൂർണ്ണമല്ലാത്തതും ന്യൂനതകളോടുകൂടിയതുമായ റിക്വസിഷനുകളും അനുബന്ധരേഖകളും പൂർണ്ണമാക്കാനും ന്യൂനതകൾ പരിഹരിക്കാനുമായി നിർദ്ദേശം നൽകി പര്യാപ്തമായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നഷ്ടപ്പെടാതെ അലോട്ട്മെന്റ് അനുവദിക്കുന്നുണ്ട്.

(ബി) എത്ര മാസത്തെ ബില്ലുകൾ ആണ് ഇപ്രകാരം തടഞ്ഞുവച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; എം.എൽ.എ. ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സി.ഇ. ഓഫീസിൽ 2021 മുതൽ തീർപ്പാകാതിരിക്കുന്ന പെൻഡിംഗ് ബില്ലുകൾ ജില്ല തിരിച്ച് അറിയിക്കുമോ?

2022-23 വർഷത്തിൽ ലഭ്യമായ ബഡ്ജറ്റ് വിഹിതം 300 കോടി രൂപയാണ്. ചീഫ് എഞ്ചിനീയർ വിവിധ തവണകളായി അഭ്യർത്ഥിച്ചതിൽ

ലഭിച്ച 225.00 കോടി രൂപയിൽ 224.14 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പൂർണ്ണമായും ന്യൂനതകൾ ഒന്നുമില്ലാത്തതും ന്യൂനതകൾ പരിഹരിക്കപ്പെട്ടതും 2022 മേയ് മാസം വരെ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചതുമായ റിക്വസിഷനുകളിന്മേൽ അലോട്ട്മെന്റ് നൽകാൻ സാധിച്ചിട്ടുണ്ട്.

കോഴിക്കോട് - 8

തൃശ്ശൂർ - 11

ഇടുക്കി - 4

കോട്ടയം - 11

ആലപ്പുഴ - 9

കൊല്ലം - 4

തിരുവനന്തപുരം - 3

(സി) കൃത്യതയോടെ എം.എൽ.എ. ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ കരാറുകാർക്കും മറ്റ് സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

വിവിധ തവണകളായുള്ള ചീഫ് എഞ്ചിനീയറുടെ ധനാഭ്യർത്ഥനകൾ പരിഗണിച്ചാണ് വാർഷിക ബഡ്ജറ്റ് വിഹിതം സർക്കാർ അനുവദിക്കുന്നത്.

2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതം 300.00 കോടി രൂപ ആയിരുന്നുവെങ്കിലും അധിക ധനാനുമതിക്കായി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടത് പരിഗണിച്ച് 100.00 കോടി രൂപ കൂടി അനുവദിച്ചു. ഇപ്രകാരം ലഭ്യമായ 400.00 കോടി രൂപയിൽ 399.06 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ CMLRP ഫണ്ട് കൈകാര്യം ചെയ്യുന്ന മാതൃക MLA-ADS-ന് കൂടി ബാധകമാക്കി ജില്ലകളിലേയ്ക്ക് സുതാര്യമായി തുക കൈമാറുന്ന രീതി പിന്തുടരുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ഓഡിറ്റ് നടത്തി കൃത്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും ഇത്തരത്തിൽ എത്ര ബില്ലുകൾ പെൻഡിംഗ് ഉണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകും എന്നും അറിയിക്കുമോ?

5 ബില്ലുകൾ പെൻഡിംഗ് ഉണ്ട്. പരമാവധി വേഗതയിൽ ഫണ്ട് ലഭ്യത അനുസരിച്ച് ബില്ലുകൾ തീർപ്പാക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികൾ**

382(385) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള 14 പ്രവൃത്തികളുടെ വിവരങ്ങളും അവയുടെ നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച പട്ടികയും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

സൈറ്റിലുണ്ടാകുന്ന തർക്കങ്ങൾമൂലവും മഴമൂലവുമാണ് പ്രധാനമായും പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്.

**കുണ്ടറ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ. പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

383(386) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ. പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ആദ്യ ടെണ്ടർ ആരും ഏറ്റെടുക്കാതിരുന്നതിനാലും ജൽജീവൻ മിഷൻ, ജലഅതോറിറ്റി എന്നിവയുടെ പൈപ്പിടലുമായി ബന്ധപ്പെട്ട് സൈറ്റിൽ തർക്കങ്ങൾ നിലനിൽക്കുന്നതിനാലുമാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ഒഴിവുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

384(387) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ 2022 ഒക്ടോബർ മുതൽ 2023 മേയ് മാസം വരെ ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ ഓഫീസർ ഗ്രേഡ് -2, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക് എന്നീ തസ്തികകളിൽ എത്ര റിട്ടയർമെന്റ് ഒഴിവുകളുണ്ടെന്നും ഇവ ഏതൊക്കെ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമാണെന്നും വ്യക്തമാക്കുമോ?

ഒഴിവുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.+

(ബി) 2022 ഒക്ടോബർ മുതൽ 2023 മേയ് വരെയുള്ള വിരമിക്കൽ ഒഴിവുകളുടെ വിവരങ്ങൾ മാസം തിരിച്ച് ലഭ്യമാക്കുമോ?

വിരമിക്കൽ ഒഴിവുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു+

**ജനകീയ ഹോട്ടലുകളുടെ സബ്സിഡി കുടിശ്ശിക നൽകാൻ നടപടി**

385(388) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നിലവിൽ 1198 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത ഹോട്ടലുകൾക്കുള്ള സബ്സിഡി തുക ഏത് മാസം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം ജൂൺ മാസത്തിൽ 20 കോടി രൂപയും നവംബർ മാസത്തിൽ 10 കോടി രൂപയും ജനകീയ ഹോട്ടലുകളുടെ സബ്സിഡി ഇനത്തിൽ നല്കിയിട്ടുണ്ട്. ജനകീയ ഹോട്ടലുകളിൽ നിന്നും സബ്സിഡി ക്ലെയിം ലഭിക്കുന്ന മുറയ്ക്കാണ് ഫണ്ട് അനുവദിച്ച് നല്കുന്നത്.

(സി) സബ്സിഡി കുടിശ്ശിക നൽകാൻ എത്ര തുക ആവശ്യമാണെന്ന് അറിയിക്കുമോ?

സബ്സിഡി കുടിശ്ശിക നൽകാൻ 12 കോടി രൂപ ആവശ്യമാണ്.

(ഡി) പ്രസ്തുത കുടിശ്ശിക തുക എന്ന് നല്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഇതിനകം അനുവദിച്ചതു പോലെ, പരമാവധി വേഗത്തിൽ നൽകുന്നതാണ്.

## ലൈഫ് ഭവന പദ്ധതി

386(389) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി മുഖേന നാളിതുവരെ എത്രപേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അതിൽ വീട് മാത്രം നൽകപ്പെട്ടവർ, വസ്തുവാങ്ങി വീട് നിർമ്മിച്ച് നൽകപ്പെട്ടവർ എന്നിങ്ങനെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

2022 നവംബർ വരെ 3,18,042 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | വീട് മാത്രം നൽകപ്പെട്ടവർ | വസ്തു വാങ്ങി വീട് നിർമ്മിച്ച് നൽകപ്പെട്ടവർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 41993 | 953 | 42946 |
| കൊല്ലം | 24366 | 2965 | 27331 |
| പത്തനംതിട്ട | 7817 | 703 | 8520 |
| ആലപ്പുഴ | 21631 | 837 | 22468 |
| കോട്ടയം | 10250 | 1784 | 12034 |
| ഇടുക്കി | 18629 | 1146 | 19775 |
| എറണാകുളം | 21449 | 1634 | 23083 |
| തൃശ്ശൂർ | 21101 | 1642 | 22743 |
| പാലക്കാട് | 34204 | 1234 | 35438 |
| മലപ്പുറം | 30843 | 1655 | 32498 |
| കോഴിക്കോട് | 22593 | 434 | 23027 |

| | | | |
|---|---|---|---|
| വയനാട് | 20991 | 639 | 21630 |
| കണ്ണൂർ | 13395 1 | 841 | 14236 |
| കാസർഗോഡ് | 11539 | 774 | 12313 |
| ആകെ | 3,00,801 | 17,241 | 3,18,042 |

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിലേയ്ക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണെന്നും അവയുടെ സൂക്ഷ്മപരിശോധനകൾ പൂർത്തിയാക്കി അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ടവരുടെ വിശദാംശവും ജില്ല തിരിച്ച് ലഭ്യമാക്കുമോ?

27.07.2020-ലെ സ.ഉ(കൈ) നം. 112/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് രണ്ടാം ഘട്ടമായ ലൈഫ് 2020-യിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചത്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | അർഹരായ ഗുണഭോക്താക്കൾ | | |
|---|---|---|---|
| | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവനരഹിതർ | ആകെ |
| തിരുവനന്തപുരം | 43204 | 30775 | 73979 |
| കൊല്ലം | 33654 | 22510 | 56164 |
| പത്തനംതിട്ട | 10356 | 5104 | 15460 |
| ആലപ്പുഴ | 30488 | 10495 | 40983 |
| കോട്ടയം | 17309 | 11466 | 28775 |
| ഇടുക്കി | 26238 | 11401 | 37639 |

| | | | |
|---|---|---|---|
| എറണാകുളം | 23312 | 16892 | 40204 |
| തൃശ്ശൂർ | 27857 | 21351 | 49208 |
| പാലക്കാട് | 57835 | 24357 | 82192 |
| മലപ്പുറം | 33515 | 14909 | 48424 |
| കോഴിക്കോട് | 20849 | 8600 | 29449 |
| വയനാട് | 17266 | 5764 | 23030 |
| കണ്ണൂർ | 12168 | 5762 | 17930 |
| കാസർഗോഡ് | 14415 | 7789 | 22204 |
| ആകെ | 368466 | 197175 | 565641 |

(സി) രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ആദ്യമായി അനുമതി നൽകിയ എത്രപേർക്ക് വീട് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അവയ്ക്കായി എത്ര തുക സർക്കാർ നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്ഥാപനം തിരിച്ച് വിശദാംശം നൽകുമോ?

സർക്കാരിന്റെ 15.11.2022-ലെ സ.ഉ. (സാധാ) നം 2806/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളെയും അതിദാരിദ്ര്യ സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ പട്ടികയിലെ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട അർഹരായ കുടുംബങ്ങളുടെ ഗുണഭോക്തൃ സംഗമം, കരാർ വയ്ക്കൽ തുടങ്ങിയ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ഫണ്ട് അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കും.

(ഡി) കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികൾ ലൈഫ് പദ്ധതിയുമായി കൂട്ടിക്കലർത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതമായി ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും എത്ര തുക ലഭിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ വിഹിതം കൂടാതെ സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി കേന്ദ്ര വിഹിതമായി പി.എം.എ.വൈ.

(ഗ്രാമീൺ) വിഭാഗത്തിൽ 157.0476 കോടി രൂപയും പി.എം.എ.വൈ. (അർബൻ) വിഭാഗത്തിൽ 1202.72353 കോടി രൂപയും ലഭ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാർ ടി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിനായി 5352.13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ലൈഫ് മിഷൻ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിലൂടെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19,153 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 17,400 കുടുംബങ്ങൾക്കും ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60,801 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18,149 കുടുംബങ്ങൾക്കും ലൈഫ് മിഷൻ/വകുപ്പുകൾ മുഖേന ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ഏതൊക്കെ മാർഗങ്ങളിൽക്കൂടിയാണ് സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി പണം കണ്ടെത്തിയിട്ടുള്ളതെന്നും ഇതിനായി വായ്പ

എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പലിശനിരക്ക് എത്ര ശതമാനമാണെന്നും എത്ര കാലംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടതെന്നും വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയ്ക്ക് പുറമെ എറണാകുളം ജില്ല കോ-ഓപ്പറേറ്റീവ് ബാങ്ക്, ഹഡ്കോ എന്നിവിടങ്ങളിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി വായ്പ എടുത്തിട്ടുണ്ട്. എറണാകുളം ജില്ല കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 9.5% പലിശ നിരക്കിൽ എടുത്ത ബ്രിഡ്ജ് ലോൺ തീർപ്പാക്കിയിട്ടുണ്ട്. ലോണിന്റെ തിരിച്ചടവ് കാലാവധി 13 മാസമായിരുന്നു. ഹഡ്കോ-യിൽനിന്നും റൂറൽ സെക്ടറിലെ ഭവന നിർമ്മാണത്തിനായി വായ്പയെടുത്ത തുകയിൽ പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി വിനിയോഗിക്കുന്ന തുകയ്ക്ക് 9.90%-വും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി വിനിയോഗിക്കുന്ന വായ്പാ തുകയ്ക്ക് 9.75%-വും നഗര പ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ (പൊതു വിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗം) ഭവന നിർമ്മാണത്തിനായി വിനിയോഗിക്കുന്ന തുകയ്ക്ക് 9.85%-വും പലിശ നിരക്കിലാണ് വായ്പ എടുത്തിട്ടുള്ളത്. റിപ്പോ നിരക്കിലുണ്ടാകുന്ന മാറ്റം ടി പലിശയ്ക്ക് ബാധകമാണ്. ഹഡ്കോ-യിൽ നിന്നും എടുത്ത വായ്പയ്ക്ക്

രണ്ട് വർഷത്തെ ഇളവ് കാലാവധി ഉൾപ്പെടെ തിരിച്ചടവ് കാലാവധി 17 വർഷമാണ്.

(ജി) ലൈഫ് പദ്ധതി നിലവിൽ വരുന്നതിന് മുമ്പ് ഭവന-ഭൂരഹിതരെ കണ്ടെത്തി വീട് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം പുനസ്ഥാപിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

ഭവന/ഭൂരഹിതരെ കണ്ടെത്തി വീട് അനുവദിച്ച് നൽകുന്നതിന് ലൈഫ് പദ്ധതി വരുന്നതിന് മുമ്പ് പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാരം മാറ്റിയിട്ടില്ലാത്തതിനാൽ പുനഃസ്ഥാപിച്ച് നൽകേണ്ടുന്ന കാര്യം പരിഗണിക്കേണ്ടിവരുന്നില്ല.

**ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ**

387(390) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്; പ്രസ്തുത തസ്തിക ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 595 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്, പ്രസ്തുത തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക നിലവിലില്ല.

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച നിബന്ധനകൾ അനുസരിച്ച് എത്ര ക്ലാർക്കുമാർ ഉള്ള ഓഫീസുകളിലാണ് ജൂനിയർ സൂപ്രണ്ട് തസ്തിക ആവശ്യമായുള്ളതെന്ന് വ്യക്തമാക്കുമോ?

1985-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ആറോ അതിലധികമോ ക്ലറിക്കൽ ജീവനക്കാരുള്ള ഓഫീസിലെ സൂപ്പർവൈസർ തസ്തിക ജൂനിയർ സൂപ്രണ്ട് ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(സി) പ്രസ്തുത നിബന്ധനകളിൽ പരാമർശിക്കുന്നതിനേക്കാൾ കൂടുതൽ ക്ലാർക്ക് (എൽ.ഡി./യു.ഡി.)മാരുള്ള ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച എന്തെങ്കിലും ഫയൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്.

**ലൈഫ് ഭവന പദ്ധതി - അപേക്ഷകൾ**

388(391) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാതിരുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾ അന്തിമ ലിസ്റ്റിൽ ഉൾപ്പെടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ അർഹതാ പരിശോധനയുടെ ഭാഗമായുള്ള ഒന്നാംഘട്ട അപ്പീൽ സ്വീകരിച്ച അവസാന ദിവസമായ 17.06.2022-ന് പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച 928 അപേക്ഷകൾ പരിശോധിച്ച് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും യോഗ്യത ഉള്ളവരുടേയും അയോഗ്യരാവയവരുടേയും ലിസ്റ്റ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലും

സാങ്കേതിക പ്രശ്നങ്ങൾ കാരണം 119 അപേക്ഷകൾ സൈറ്റിൽ അപ്‌ലോഡ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

(സി) ഈ അപേക്ഷകളിൽ നിന്നും അർഹരായവരെ വീണ്ടും പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലൈഫ് 2020 അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ തൽക്കാലം ഇത് പരിഗണിക്കേണ്ടതില്ലെന്ന് 21.08.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങളിലെ അഴിമതി തടയാൻ നടപടി**

389(392) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ-താൽക്കാലിക നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി എപ്രകാരമാണെന്ന് വിശദമാക്കുമോ?

റെഗുലർ തസ്തികകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സ്ഥിരനിയമനവും റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തപക്ഷം, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനവും നടത്തിവരുന്നു.

(സി) നിയമനങ്ങൾ നീതിയുക്തമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നിയമനരീതി നീതിയുക്തമാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചുവരുന്നുണ്ട്.

(ഡി) താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താൻ നടപടി സ്വീകരിക്കുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത റെഗുലർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുന്നു.

**വണ്ടൂർ മണ്ഡലത്തിലെ പുള്ളിപ്പാടം തൂക്കുപാലം പുനർനിർമ്മാണം**

390(393) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിലെ പുള്ളിപ്പാടം തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി 2.81 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. വർദ്ധനവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ പ്രസ്തുത പാലം നിർമ്മാണത്തിന് അനുവദിച്ച തുകയേക്കാൾ എസ്റ്റിമേറ്റിൽ വർദ്ധനവ് വന്ന തുക എം.എൽ.എ. ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തോ നൽകാൻ തയ്യാറാണെന്ന് അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ഉണ്ട്. 2.90 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. രണ്ട് തവണ ടെണ്ടർ നടത്തിയിട്ടും ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ 18.07.2022-ന് ശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുവാൻ വേണ്ടി

ജി.എസ്.ടി 12%-ൽ നിന്നും 18% ആയി ഉയർത്തിയ സാഹചര്യത്തിൽ ഭരണാനുമതി തുക വർദ്ധിപ്പിച്ച് 02.12.2022-ൽ സ.ഉ.(കൈ) നം.263/2022/തസ്വഭവ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഗ്രാമ പഞ്ചായത്ത് വകുപ്പിലെ റിട്ടയർമെന്റ് ഒഴിവുകൾ**

391(394) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനുവരി 1 മുതൽ 2026 മേയ് 31 വരെ ഗ്രാമപഞ്ചായത്ത് വകുപ്പിൽ വിരമിക്കപ്പെടുന്ന ജീവനക്കാരുടെ എണ്ണം, അവരുടെ തസ്തിക/ ജില്ലാ/വർഷം/മാസം എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത്തരത്തിൽ വരുന്ന ഒഴിവുകൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ നിന്ന് തന്നെയാണോ നികത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

27.10.2022-ന് പ്രസിദ്ധീകരിച്ച LSGD വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം പ്രസ്തുത ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് സേവനത്തിലുള്ള ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ തുടങ്ങിയവ ചട്ടങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ വരുന്നതിന് മുമ്പുള്ള രീതിയിൽ ലഭിക്കുന്നതാണ്. പ്രസ്തുത ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് PSC വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ഏകീകരണത്തിന് മുമ്പുള്ള വിശേഷാൽ ചട്ടങ്ങളാണ് ബാധകമായിരിക്കുകയെന്ന് വ്യക്തമായിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണം പൊതുസർവ്വീസിന്റെ ഭാഗമായി നിലവിൽ വന്ന റൂൾ ഭേദഗതിക്ക് ശേഷം വകുപ്പിലെ സ്ഥലംമാറ്റങ്ങൾക്ക് ഇന്റർ ട്രാൻസ്ഫറബിൾ പോളിസി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗങ്ങളിലും 2022 വർഷത്തേയ്ക്കുള്ള പൊതുസ്ഥലംമാറ്റ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിനാൽ പുതിയ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്റർട്രാൻസ്ഫറബിൾ പോളിസി ഈ വർഷം നടപ്പിലാക്കിയിട്ടില്ല.

**തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി**

392(395) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ അക്രമം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വികേന്ദ്രീകൃതാസൂത്രിത സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26.07.2022-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23.08.2022-ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.09.2022, 13.09.2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15.09.2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കൂടാതെ ടി ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29.09.2022-ലെ സ.ഉ

(സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്. പരാമർശ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് സാധ്യമായ നടപടികൾ എല്ലാം തന്നെ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

<u>ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ</u>

*നിലവിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 637-ഓളം ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

*941 ഗ്രാമപഞ്ചായത്തുകളിലെ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവ് നായ്ക്കൾക്കും 2,43,950 വളർത്തുനായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

* ഗ്രാമ പഞ്ചായത്ത് തലത്തിൽ 81,283 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

* 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 482 ഗ്രാമപഞ്ചായത്തുകൾ തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

* നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താല്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവുനായശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 16,74,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ

01.09.2022 മുതൽ 14.11.2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരകണക്ക് താഴെ കാണും പ്രകാരമാണ്.

* വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285

* വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022

* വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812

* രജിസ്ട്രേഷൻ/ ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452

* കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730

* പൊതു നിരത്തുകളിലെ മാലിന്യനിക്ഷേപത്തിന് ഈടാക്കിയ പിഴത്തുക - 3158323

* സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം - 1003

* വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം - 663

ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 30.08.2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി. പ്രോഗ്രാം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

## തദ്ദേശസ്ഥാപനങ്ങളിലെ വസ്തു നികുതിക്കായി ഓൺലൈൻ സംവിധാനം

393(396)ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ വസ്തു നികുതി സംബന്ധിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശ സ്ഥാപനങ്ങളിൽ വസ്തു നികുതി സംബന്ധിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും തനത് വരുമാനം

കുറവായതിനാൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുമെന്നതിനാൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനും വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഗരസഭകളിലും വസ്തു നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതിപിരിവിന്റെ പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പ് തലത്തിൽ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി) വസ്തുനികുതി സംബന്ധിച്ച നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓൺലൈൻ സംവിധാനം നഗരസഭകളിലും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(ബി & സി) ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി നിർണ്ണയിക്കുന്നതും പൂർണ്ണമായും പിരിച്ചെടുക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. നികുതി ഓൺലൈൻ ആയി അടയ്ക്കാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർക്ക് മെസ്സേജിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

നഗരസഭകളിൽ വസ്തുനികുതി സംബന്ധിച്ച നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയർ ആണ് നഗരസഭകളിലും ഉപയോഗിച്ച് വരുന്നത്.

(ഡി) പ്രസ്തുത നികുതി സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വസ്തുനികുതി നിർണ്ണയത്തിനെതിരെ ആക്ഷേപമുള്ളപക്ഷം സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ച് മുപ്പതുദിവസത്തിനകം കെട്ടിട ഉടമയ്ക്ക് രേഖാമൂലം തദ്ദേശസ്ഥാപനങ്ങളുടെ നികുതികാര്യ അപ്പീലുകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെടുത്ത തീരുമാനത്തിനെതിരെ ആക്ഷേപമുള്ള ഏതൊരാൾക്കും മുപ്പതുദിവസത്തിനകം ഒരു റിവിഷൻ ഹർജി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്.

കോർപ്പറേഷനുകളിൽ വസ്തുനികുതി പിരിവ് സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ നികുതി അപ്പീൽകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലാണ് നൽകേണ്ടത്. അതിനുശേഷമുള്ള റിവിഷൻ ഹർജി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്.

## ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സംവിധാനം

394(397) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(ബി) യിൽ ഒരു കെട്ടിടം നിർമ്മിക്കാനോ പുനർനിർമ്മിക്കാനോ അല്ലെങ്കിൽ ഒരു കെട്ടിടത്തിന്റെ വിനിയോഗ ഗണത്തിൽ മാറ്റം വരുത്താനോ ഉദ്ദേശിക്കുന്നുവെങ്കിൽ അനുബന്ധമായി നൽകിയിട്ടുള്ള എ 1 ഫോറത്തിൽ രേഖാമൂലം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണെന്ന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. അത്തരം അപേക്ഷകളോടൊപ്പം ഈ ചട്ടങ്ങൾ പ്രകാരമുള്ള (മൂന്ന് പകർപ്പ്) രൂപരേഖകളും വിവരണങ്ങളും ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസിൽനിന്ന് നൽകുന്ന കൈവശാവകാശ സാക്ഷ്യപത്രം, ഭൂനികുതി അടച്ച രസീത്, അപേക്ഷകന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആധാരം, പട്ടിക-1-ൽ നിർദ്ദേശിച്ചിരിക്കുന്ന അപേക്ഷ ഫീസും രൂപരേഖകളും ഡ്രോയിംഗുകളും വിവരണങ്ങളും തയ്യാറാക്കി ഒപ്പിട്ട സ്ഥാപനത്തിന്റെയോ ആർക്കിടെക്റ്റിന്റെയോ ബിൽഡിംഗ് ഡിസൈനറുടെയോ എഞ്ചിനീയറുടെയോ ടൗൺ പ്ലാനറുടേയോ സൂപ്പർവൈസറുടേയോ അതത് സംഗതികളനുസരിച്ച് ആരുടെയാണോ അവരുടെ രജിസ്ട്രേഷൻ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഉണ്ടായിരിക്കേണ്ടതാണ്. ഭൂമി സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ വിശദാംശങ്ങളും അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്. സംയുക്ത വികസന ഉദ്യമങ്ങളുടെ സംഗതികളിൽ ഭൂമി ഉടമയും വികസിപ്പിക്കുന്നയാളും തമ്മിലുള്ള കരാറും ഹാജരാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സെക്രട്ടറിയോ അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും അനുബന്ധരേഖകളും കിട്ടിയ അതേ ദിവസം

തന്നെ അപേക്ഷ ലഭിച്ചുവെന്ന അറിയിപ്പ് നൽകേണ്ടതും മറ്റേതെങ്കിലും അധികാരസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രം ഏതെങ്കിലും വേണമെന്നുണ്ടെങ്കിൽ അത് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലാത്തതാണെന്ന വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. സെക്രട്ടറി സൈറ്റ് പരിശോധിക്കുകയും പ്ലാനും പ്രമാണങ്ങളും ശരിയായതാണോ എന്ന് ഉറപ്പുവരുത്തുകയും ചട്ടാനുസരണം സൈറ്റ് പ്ലാനും ഡ്രോയിംഗും നിർമ്മാണ വിവരങ്ങളും സൈറ്റിന്റെ ഉടമസ്ഥാവകാശവും ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അല്ലെങ്കിൽ ഈ നിയമത്തിന്റെയോ മറ്റേതെങ്കിലും നിയമത്തിന്റെയോ അതിന് കീഴിലുണ്ടാക്കിയിട്ടുള്ള ബൈലായ്ക്കോ അനുരൂപമാണെന്ന് ഉത്തമവിശ്വാസത്തിൽ ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം സൈറ്റും സൈറ്റ് പ്ലാനും അംഗീകരിക്കുകയും അനുബന്ധം ജെ-2-ൽ നൽകിയിട്ടുള്ള ഫോറത്തിൽ ഒരു സർട്ടിഫിക്കറ്റ് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ പരിശോധന റിപ്പോർട്ട് ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു.

സൈറ്റും സൈറ്റ്പ്ലാനും അംഗീകരിച്ചതിനുശേഷം സെക്രട്ടറി, കെട്ടിട നിർമ്മാണപ്ലാനും കെട്ടിടത്തിന്റെ എലിവേഷനും സെക്ഷണൽ എലിവേഷനും പണിയുടെ വിവരണങ്ങളും സൈറ്റിനും സൈറ്റ്പ്ലാനിനും അനുരൂപമാണോയെന്നും ഈ ആക്റ്റിന് കീഴിലുള്ള ചട്ടങ്ങൾക്കും ബൈലാക്കും അല്ലെങ്കിൽ മറ്റേതെങ്കിലും നിയമങ്ങൾക്കും അനുസൃതമാണോയെന്നും പരിശോധിച്ച് പ്ലാൻ അംഗീകരിക്കുകയും നിർമ്മാണ നിർവ്വഹണനത്തിനുള്ള പെർമിറ്റ് നൽകുകയും ചെയ്യേണ്ടതാണ്. സൈറ്റിന്റെയും പ്ലാനുകളുടെയും അംഗീകാരം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും II-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ പെർമിറ്റ് ഫീസ് ഒടുക്കുകയും പരിഷ്കരിച്ചതോ അല്ലെങ്കിൽ ഭേദഗതി വരുത്തിയതോ ആയ പ്ലാനുകൾ ഭേദഗതിയോടുകൂടിയോ അല്ലെങ്കിൽ ഉപാധികളോടുകൂടിയോ അംഗീകരിച്ചിട്ടുണ്ടെങ്കിൽ അനുബന്ധം ബി2-ലുള്ള പോലെ പെർമിറ്റ് നൽകേണ്ടതാണ്. സൈറ്റ് പരിശോധിക്കുകയും പ്ലാനുകളും പ്രമാണങ്ങളും ഒത്തുനോക്കി ബോദ്ധ്യപ്പെടുകയും ചെയ്തതിനുശേഷം അംഗീകാരം നിരസിക്കാനാണ് സെക്രട്ടറി തീരുമാനിക്കുന്നതെങ്കിൽ, ആ വിവരം കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. സെക്രട്ടറിക്ക് ഒരു തീരുമാനം കൈക്കൊള്ളുന്നതിന്

ഈ ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും പ്ലാനിനോ ഡ്രോയിംഗിനോ നിർമ്മാണ വിവരണങ്ങൾക്കോ ഭേദഗതി ആവശ്യമുണ്ടങ്കിലോ അല്ലെങ്കിൽ ഏതെങ്കിലും അധികം പ്രമാണങ്ങളോ, വിവരണങ്ങളോ അല്ലെങ്കിൽ പുതിയ പ്ലാനോ ആവശ്യമുണ്ടെങ്കിൽ സെക്രട്ടറി അപേക്ഷയോ പ്ലാനോ രേഖയോ വിവരമോ ലഭിച്ച തീയതി മുതൽ പത്തുദിവസത്തിനുള്ളിൽ അപേക്ഷകനെ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച തീയതി മുതൽ സൈറ്റിന്റെയും പ്ലാനിന്റെയും അംഗീകാരം പ്രാബല്യത്തിൽ വരുന്നതും പെർമിറ്റ് അനുവദിക്കുന്നതിന് തത്സമയം പ്രാബല്യത്തിലുള്ള ചട്ടങ്ങൾ ബാധകമായിരിക്കുന്നതുമാണ്.

സൈറ്റ് പ്ലാനിന്റെ അംഗീകാരത്തിനായുള്ള അപേക്ഷയോ അല്ലെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമോ ആക്ടിന്റെ കീഴിലുള്ള ബൈലാകൾ പ്രകാരമോ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരങ്ങൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സെക്രട്ടറി രേഖാമൂലമായി ഉത്തരവിൽ സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ അല്ലെങ്കിൽ ചട്ടം 11-ൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരാകരിക്കുകയോ ചെയ്യേണ്ടതും പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥചെയ്യുന്നു.

(ബി) നഗരസഭകളിലും കോർപ്പറേഷനുകളിലും ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സംവിധാനം നടപ്പാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ കോഴിക്കോട് നഗരസഭ ഒഴികെയുള്ള 92 നഗരസഭകളിൽ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ച് നടപ്പാക്കിവരുന്നത് എം.എസ്. ദേവ് ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി.) ടെണ്ടർ മുഖാന്തരം പ്രൊപ്പോസൽ ക്ഷണിക്കുകയും എം.എസ്. ദേവ് ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് മുഖേന ഐ.ബി.പി.എം.എസ്. വികസിപ്പിച്ച് കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പ്രവർത്തിച്ച് വരുന്നത്.

(സി) നഗരസഭകളുടെ ഓൺലൈൻ സർവ്വീസുകളിൽ ഇൻഫർമേഷൻ കേരള മിഷന്റെ സംഭാവന വ്യക്തമാക്കുമോ; 2016 ഏപ്രിൽ മാസം മുതൽ നാളിതുവരെ ഈ മിഷൻ ഏറ്റെടുത്ത പ്രവർത്തനങ്ങളിൽ പൂർത്തികരിച്ചവ എത്രയെന്നും പൂർത്തീകരിക്കാത്തവ എത്രയെന്നും വ്യക്തമാക്കുമോ?

കേരളത്തിലെ നഗരസഭകളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ഓൺലൈൻ സർവ്വീസുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ ഐ.കെ.എം. ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

## തദ്ദേശ പൊതു സർവീസ് ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം

395(398) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ജി-സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന വിവിധ വകുപ്പിലെ ജീവനക്കാരെ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഏകീകൃത തദ്ദേശപൊതുസർവ്വീസിൽ ഉൾപ്പെടുന്ന മുനിസിപ്പൽ, പഞ്ചായത്ത് ജീവനക്കാർ ഒഴികെയുള്ള വകുപ്പിലെ ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം നിലവിലുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ ജീവനക്കാർക്ക് ജി-സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകം രൂപീകരിച്ച് സ്പാർക്ക് അധിഷ്ഠിതമായ ഏകീകൃത ശമ്പള വിതരണ രീതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ ഏകീകൃത പൊതുസർവ്വീസ് രൂപകരിക്കപ്പെട്ട സാഹചര്യത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ (പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/മുനിസിപ്പൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/

ജി.പി.എഫ്.) ഏകീകരിച്ച് പൊതുവായി ജി.പി.എഫ്. അക്കൗണ്ട് ആക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 27.10.2022-ലെ SRO No. 1030/2022, 1031/2022 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി സ്പാർക്ക് അധിഷ്ഠിത ഏകീകൃത ശമ്പള വിതരണ രീതി, പി.എഫ്. അക്കൗണ്ട് ഏകീകരണം തുടങ്ങിയ വിഷയങ്ങളും പരിശോധിക്കുന്നതാണ്.

## വയനാട് ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി

396(399) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ വയനാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ എത്ര എസ്.ടി. കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2557 എസ്.ടി. കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധം ആയി ചേർക്കുന്നു+

## തമ്പാനിമറ്റം ഇുക്കുപാലത്തിന്റെ പുനർനിർമ്മാണം

397(400) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന കുന്നത്തുനാട് മണ്ഡലത്തിലെ തമ്പാനിമറ്റം ഇുക്കുപാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള 5.37 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. തമ്മാനിമറ്റം ളുക്കപാലം പുനർനിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്യുന്നത് സർക്കാർ പരിഗണനയിലാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് നടപടി

398(401) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം രൂക്ഷമാണെന്നും നിരവധി ആളുകൾ തെരുവുനായ്ക്കളുടെ കടിയേറ്റ് പേ വിഷബാധമൂലം മരണമടഞ്ഞുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റുവെന്നും എത്രപേർ പേവിഷബാധമൂലം മരണമടഞ്ഞുവെന്നുമുള്ള വിശദവിവരം നൽകുമോ?

2021 മുതൽ 2022 ആഗസ്റ്റ് മാസം വരെ 4,17,931 പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുണ്ട്. 2021 മുതൽ 2022 സെപ്റ്റംബർ 16 വരെ പേവിഷബാധ മൂലം മരണമടഞ്ഞവരുടെ എണ്ണം 32 ആണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി പുനരാരംഭിച്ചിട്ടുണ്ടോ?

പദ്ധതി നടന്നുവരുന്നുണ്ട്.

(ഡി) കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഹൈക്കോടതി വിധിയെത്തുടർന്ന് കുടുംബശ്രീ യൂണിറ്റുകളെ താല്ക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടോ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും എ.ബി.സി. ചെയ്യുന്നതിന് അനുമതിയുമുള്ള മൃഗക്ഷേമ സംഘടനകൾ മുഖേനയോ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വികേന്ദ്രീകൃതാസൂത്രിത സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26.07.2022-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23.08.2022-ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സംസ്ഥാനത്ത് തെരുവുനായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.09.2022, 13.09.2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15.09.2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കൂടാതെ ടി ഉത്തരവിലെ നിർമ്മാണ, നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29.09.2022-ലെ സ.ഉ.

(സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്.

സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

<u>ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ</u>

*നിലവിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 637 -ഓളം ഹോട്ട് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

*52144 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവു നായ്ക്കൾക്കും 2,43,950 വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

*PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ 81,283 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

*15.09.2022-ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 482 ഗ്രാമപഞ്ചായത്തുകൾ തദ്ദേശസ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

*നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താല്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവുനായശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചയത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 16,74,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

<u>നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ</u>

01.09.2022 മുതൽ 14.11.2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരക്കണക്ക് താഴെ കാണും പ്രകാരമാണ്.

*വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285

*വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022

*വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812

*രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452

*കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)

*ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730

*പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴത്തുക - 3158323

*സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം - 1003

*വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹപ്പെട്ട് നടത്തിയ ഐ.ഇ.സി ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം - 663

ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തി വരുന്നു.

2016 മുതൽ 30.08.2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(എഫ്) തെരുവ് നായ്ക്കളുടെ കടിയേറ്റവർക്കുള്ള നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് അർഹമായ നഷ്ടപരിഹാരം നല്കിയെന്നുമുള്ള വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ?

തെരുവുനായ്ക്കളുടെ കടിയേറ്റവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ സിരിജഗൻ കമ്മിറ്റി മുമ്പാകെയാണ് സമർപ്പിക്കേണ്ടത്. സിരിജഗൻ കമ്മിറ്റിയുടെ നഷ്ടപരിഹാരത്തിനായുള്ള ശിപാർശയിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹരായവർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തുവരുന്നത്.

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ടി കമ്മിറ്റി 31-37, 39 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 24.02.2022-ലെ സ.ഉ. (സാധാ) 453/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

ടി കമ്മിറ്റി സമർപ്പിച്ച ശേഷിച്ച 34, 35, 36, 37 & 39 റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരികയാണ് (38 നമ്പർ റിപ്പോർട്ട് ക്ലെയിം റിപ്പോർട്ടല്ല. ആയത് സ്റ്റാറ്റസ് റിപ്പോർട്ടാണ്).

**വില്ലജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവീസ് പരിശീലനം**

399(402) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967, 1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവീസ് പരിശീലനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ; ഇപ്പോൾ നിലവിലുള്ള പരിശീലന സിലബസ് എന്നുമുതൽ പ്രാബല്യത്തിൽ ഉള്ളതാണെന്ന് അറിയിക്കുമോ; സർക്കാർ ഉത്തരവിന്റെ വിശദാംശം നൽകുമോ?

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലനകാലം ഇൻസർവ്വീസ് പരിശീലനമാക്കി മാറ്റി 28.09.2016-ലെ ജി.ഒ. (എം.എസ്) നം.137/16/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പരിശീലനത്തിന്റെ സിലബസ് 22.09.2017-ലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇൻ-സർവീസ് പരീക്ഷ ബോർഡ് തീരുമാനപ്രകാരം കില ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) 1967-ലെ സ്പെഷ്യൽ റൂൾ പ്രകാരം പരിശീലന കാലയളവ് ഇൻക്രിമെന്റ്, പ്രൊബേഷൻ എന്നിവയ്ക്ക് പരിഗണിക്കില്ല എന്നത് 1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഒഴിവാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1977, 2008 വർഷങ്ങളിലെ സ്പെഷ്യൽ റൂളുകളിൽ ബന്ധപ്പെട്ട തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഏതെങ്കിലും ട്രെയിനിംഗ് സെന്ററിൽ നിന്നും ആറ് മാസത്തെ പ്രീ-സർവ്വീസ് പരിശീലനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം മാത്രമാണ് ഒരു ജീവനക്കാരന്റെ ഇൻക്രിമെന്റ്, പ്രൊബേഷൻ എന്നിവ ആരംഭിക്കുന്നത് എന്നതിനാൽത്തന്നെ ഇൻക്രിമെന്റ്, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവ പ്രത്യേകമായി മേൽ സ്പെഷ്യൽ റൂളുകളിൽ എടുത്തുപറഞ്ഞിട്ടില്ല.

(സി) വിവിധ വകുപ്പുകളിൽ യൂണിഫോം തസ്തികകളുടേത് ഉൾപ്പെടെ പരിശീലന കാലം, മുൻകാല പ്രാബല്യത്തോടെ സർവീസ് ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് ഉത്തരവായപ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ-സർവ്വീസ് പരിശീലന കാലയളവ് പെൻഷൻ ഉൾപ്പെടെ യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. പ്രീ-സർവ്വീസ് പരിശീലനകാലം സർവ്വീസ് അല്ല. ടി വിഷയത്തിൽ ചട്ടപ്രകാരം മാത്രമാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്.

**നബാർഡ് ഫണ്ട്-കോട്ടായി പി.എച്ച്.സി. കെട്ടിട നിർമ്മാണം**

400(403) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ഡി.പി.ആർ. സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

(എ & ബി) പരിശോധിച്ചിട്ടുണ്ട്. എന്നാൽ, നബാർഡ് RIDF Tranche-XXVIII-ൽ (2022-23) തദ്ദേശസ്വയംഭരണ വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതി പരിഗണിക്കാൻ കഴിഞ്ഞില്ല.

**കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ നവീകരിക്കാൻ നടപടി**

401(404) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്ത് ഓഫീസുകൾ നാശോന്മുഖമാക്കുന്ന സാഹചര്യത്തിൽ രേഖകൾ സൂക്ഷിക്കുന്നതിലും മറ്റും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കുട്ടനാട്ടിലെ എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളും ആധുനിക രീതിയിൽ

നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2022 ഏപ്രിൽ 4 മുതൽ എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഫയൽ മാനേജ്മെന്റിനായി ഐ.എൽ.ജി.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുവഴി 941 ഗ്രാമപഞ്ചായത്ത് ഓഫീസുകളിലേയും ഫയൽ നടപടികൾ, അപേക്ഷ സ്വീകരണം മുതൽ സേവനം നൽകൽ വരെ പൂർണ്ണമായും ക്ലൗഡ് അധിഷ്ഠിത ഓൺലൈൻ സംവിധാനം വഴിയാണ് നടക്കുന്നത്. അതിനാൽ വെള്ളപ്പൊക്കം വന്നാലും ഫയലുകളും മറ്റും നഷ്ടപ്പെടില്ല. ഒപ്പംതന്നെ കുട്ടനാട്ടിലെ ചമ്പക്കുളം, രാമങ്കരി എന്നീ ഗ്രാമപഞ്ചായത്തുകളുടെ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. വെളിയനാട് ഭാഗീകമായി നവീകരിച്ചിട്ടുണ്ട്. മുട്ടാർ, വെളിയനാട് തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം കെട്ടിട നവീകരണം പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിലാണ്. ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിന്റെ കുറവുമൂലമാണ് ഗ്രാമപഞ്ചായത്തുകളുടെ ആധുനിക രീതിയിലുള്ള നവീകരണം സാധ്യമാകാത്തത്. നികുതി പരിഷ്കരണം ഉൾപ്പെടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഏറ്റവും കുറവ് തനത് വരുമാനമുള്ള ഗ്രാമപഞ്ചായത്തുകൾ എന്ന നിലയിൽ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തനത് വരുമാനത്തിലെ കുറവുള്ള ഗ്യാപ്പ് ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം**

402(405) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നീ പ്രദേശങ്ങളിൽ 2021 ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതിൽ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇനിയും ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് പുനർനിർമ്മിക്കാനുള്ളതെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത റോഡുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രദേശങ്ങളിലെ തകർന്ന റോഡുകളും പാലങ്ങളും അടിയന്തരമായി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ഡി&ഇ) തകർന്ന റോഡുകളുടെയും പാലങ്ങളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ഉടുമ്പൻചോല മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

403(406) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഉടുമ്പൻചോല മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പേര്, വകയിരുത്തിയ തുക, ഇവയിൽ നിർമ്മാണം പൂർത്തിയായവ, നിലവിൽ നിർമ്മാണം നടക്കുന്നവ, ടെൻഡർ ഘട്ടത്തിൽ ഇരിക്കുന്നവ, നിലവിൽ ആരംഭിച്ചിട്ടില്ലാത്തവ തുടങ്ങിയ എല്ലാ പ്രവൃത്തികളുടെയും വിശദാംശം നൽകുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## മലപ്പുറം ജില്ലയിലെ ലൈഫ് പാർപ്പിട സമുച്ചയ നിർമ്മാണം

404(407) <u>ഡോ. കെ. ടി. ജലീൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള നാൽപ്പത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായി വിട്ടുകിട്ടുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി നൽകിയ അപേക്ഷ സർക്കാരിന് ലഭ്യമായിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ & ബി) അപേക്ഷ സർക്കാരിലേയ്ക്ക് ലഭ്യമായിട്ടില്ല. പ്രസ്തുത ഭൂമി ചെറുകിട ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതായതിനാൽ ടി വകുപ്പിൽ നിന്നുമുള്ള സമ്മതം പഞ്ചായത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ 44 സെന്റ് ഭൂമി ലൈഫ് പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന് ഉടമസ്ഥവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് അനുവാദം നൽകാൻ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ, മലപ്പുറം ജില്ലാകളക്ടർക്ക് ലഭ്യമാക്കി നടപടി സ്വീകരിച്ചുവരുന്നു. പുതിയ ഭവനസമുച്ചയം നിർമ്മിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ തീരുമാനവും ഉണ്ടാകേണ്ടതുണ്ട്.

**മുളവുകാട് ഗ്രാമപഞ്ചായത്തിലെ വല്ലാർപാടം ദ്വീപ്**

**405**(408) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ തുക വകയിരുത്തിയിരുന്നതും 13.12.2012-ൽ തദ്ദേശസ്വയംഭരണ വകുപ്പ് 17.14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതും മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയുമായ മുളവുകാട് ഗ്രാമപഞ്ചായത്തിലെ വല്ലാർപാടം ദ്വീപിന് ചുറ്റും പാർശ്വഭിത്തിയും ബണ്ട് റോഡും നിർമ്മിക്കുന്നതിനായി മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി 29.3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) വല്ലാർപാടം ഔട്ടർ ബണ്ട് നിർമ്മാണത്തിനുവേണ്ടി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 29.3 കോടി രൂപയുടെ എസ്റ്റിമേറ്റ്, ജിഡയുടെ ടെക്നിക്കൽ കൺസൾട്ടന്റ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് പുതുക്കി സമർപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## കെട്ടിട നിർമ്മാണത്തിനായി മണ്ണ് മാറ്റുന്നതിനുള്ള അനുമതി

406(409) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവായിരം ചതുരശ്ര അടി വരെയുള്ള കെട്ടിട നിർമ്മാണത്തിന് മണ്ണ് മാറ്റുന്നതിനുള്ള അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) നിലവിൽ ഇത്തരം അധികാരം നല്കിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവോ മറ്റോ നല്കിയിട്ടില്ല.

## ലൈഫ് ഭവന പദ്ധതി

407(410) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

25.11.2022 വരെ ലൈഫ് ഭവന പദ്ധതി പ്രകാരം 3,18,042 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വാമനപുരം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വാമനപുരം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് ചുവടെച്ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | വീടുകളുടെ എണ്ണം |
|---|---|
| നെല്ലനാട് | 221 |
| പുല്ലമ്പാറ | 406 |
| വാമനപുരം | 234 |
| ആനാട് | 296 |
| നന്ദിയോട് | 631 |
| പനവൂർ | 379 |
| പാങ്ങോട് | 272 |
| പെരിങ്ങമ്മല | 867 |
| ആകെ | 3306 |

(സി) വരുംവർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ നൽകുമെന്ന് അറിയിക്കാമോ?

ഒരു വർഷം ഒരു ലക്ഷം വീടെന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ നിർമ്മിച്ചുനൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടി

408(411) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ അഭാവംമൂലം സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുണ്ടാകുന്ന അമിത ജോലിഭാരം, ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലെ നിയമന പ്രക്രിയകളിലെ സങ്കീർണ്ണതകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയം, പി.എസ്.സി. നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് എന്നിവമൂലം ചിലയിടങ്ങളിൽ

വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നുണ്ട്. നിലവിലുള്ള മാനവവിഭവശേഷി പരമാവധി ഉപയോഗിച്ചും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചും പ്രസ്തുത കാലതാമസത്തിന് പരിഹാരം കാണുന്നതിന് ശ്രമിക്കുന്നുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ നഗരസഭയിലും മൊകേരി പഞ്ചായത്തിലും ഓവർസിയർമാരുടെ ഒഴിവ് നികത്തുന്ന കാര്യം പരിശോധിക്കുമോ; അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ ഓവർസിയർ തസ്തികകളുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത ലിസ്റ്റിൽനിന്നും പരമാവധി വേഗത്തിൽ പാനൂർ നഗരസഭ, മൊകേരി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) തദ്ദേശ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നമ്പർ നൽകൽ തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അനുമതി, കെട്ടിട നമ്പർ നൽകൽ തുടങ്ങിയ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സങ്കേതം സോഫ്റ്റ്‌വെയർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓൺലൈൻ സംവിധാനമായ ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കിവരുന്നു. പെർമിറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി 30 ദിവസം എന്നുള്ളത് 15 ആക്കി കുറച്ചിട്ടുണ്ട്. നഗരസഭകളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ സമയബന്ധിതവും സുതാര്യവുമായി കൈകാര്യം ചെയ്യുന്നതിന് ഐ.ബി.പി.എം.എസ്. സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളതും (കോഴിക്കോട് നഗരസഭയിൽ സുലേഖ സോഫ്റ്റ്‌വെയർ) കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ പ്രകാരം ലോ റിസ്ക് കാറ്റഗറിയിൽ ഉള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഐ.ബി.പി.എം.എസ്. മുഖേന പ്രോസസ് ചെയ്തുവരികയുമാണ്. കൂടാതെ, എല്ലാ വിഭാഗം ഒക്യുപ്പൻസിയിലും ഉള്ള കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള അപേക്ഷകൾ 8 നഗരസഭകളിൽ (തിരുവനന്തപുരം, കൊച്ചി, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, ഗുരുവായൂർ, ആലപ്പുഴ) ഐ.ബി.പി.എം.എസ്.

മുഖേന കൈകാര്യം ചെയ്തുവരികയുമാണ്. തുടർന്ന് മറ്റുനഗരസഭകളിലേയ്ക്കും ഈ സംവിധാനം വ്യാപിപ്പിക്കുകയാണ്.

## പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വിപുലീകരണം

409(412) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റ് വിപുലീകരണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് വിപുലീകരണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ബസ് സ്റ്റാന്റ് നിർമ്മാണത്തിന് അനുയോജ്യമാണെങ്കിലും പ്രസ്തുത ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം എന്ന വിഭാഗത്തിൽ പെടുന്നതാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, വകുപ്പ് 27 എ(6) പ്രകാരം

പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും മാത്രമാണ് വ്യവസ്ഥയുള്ളത്. 27 എ (8, 9) വകുപ്പുകൾ പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിലേയ്ക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തലിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെയും സർക്കാരിന്റെയും അനുമതി ആവശ്യമാണ്. നിലവിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വിപുലീകരണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം അനുവദിച്ചിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

410(413) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുകൾക്ക് കീഴിൽ അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ചിട്ടുള്ള തുകയും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

ഫ്ലഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുകൾക്ക് കീഴിൽ അനുമതി ലഭിച്ചിട്ടുള്ള ആകെ 36 പ്രവൃത്തികളാണുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ചിട്ടുള്ള തുകയും പഞ്ചായത്ത് തിരിച്ചുള്ള പട്ടികയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

(ബി) ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളിലും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എത്രയുണ്ടെന്നും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ 19 എണ്ണവും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 17 എണ്ണവും ആകുന്നു. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഇതോടൊപ്പം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

## റോഡുവികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

411(414) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക റോഡുകളുടെ വികസനത്തിന് വേണ്ടി ഭൂമി വിട്ടുനൽകുന്നതിന് സറണ്ടർ ഫോം, പത്രം എന്നിവയിൽ എഴുതിനൽകുന്ന രീതിക്കുപകരം ഭൂമി രജിസ്റ്റർ ചെയ്ത് നൽകണമെന്ന വ്യവസ്ഥ നിലവിൽ വന്നതുമൂലം പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുവാൻ കാലതാമസം നേരിടുന്നതും പദ്ധതി നിർവ്വഹണം തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ഇന്ദിരാ ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം

412(415) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഇന്ദിരാ ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സന്തോഷ് ട്രോഫി പോലുള്ള ദേശീയതല മത്സരങ്ങൾ നടക്കുന്ന പ്രസ്തുത സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് തുക അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ആലപ്പുഴ നഗരസഭയിൽ തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ

413(416) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിൽ തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം വാർഡ് തിരിച്ച് ലഭ്യമാക്കുമോ?

ആലപ്പുഴ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ?

എഗ്രിമെന്റ് വെച്ചിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടെണ്ടർ പോകാത്ത പ്രവൃത്തികൾക്ക് റീ-ടെണ്ടർ, ഓഫർ ക്വട്ടേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാരാണ് സേവനം അനുഷ്ഠിക്കുന്നതെന്നും അവരുടെ സേവനം പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചും വ്യക്തമാക്കുമോ?

എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1

അസിസ്റ്റന്റ് എഞ്ചിനീയർ - 3

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓവർസിയർ - 10

സർക്കാരിന്റെ വിവിധങ്ങളായ വികസന പദ്ധതികളും നഗരസഭയുടെ വാർഷിക പദ്ധതികളും സമയബന്ധിതമായും സുതാര്യമായും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും KMBR ചട്ടങ്ങൾക്ക് അനുസൃതമായി നൽകുന്നതിനും വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ എന്നിവ യഥാസമയം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകുന്നതിനും ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് ജീവനക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് നഗരസഭ മുഖേന നടപ്പിലാക്കുന്നതെന്നും അവയുടെ വിശദവിവരവും ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിലെ നഗരസഭ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു.+

**നെയ്യാറ്റിൻകര മണ്ഡലത്തിലെ മാർക്കറ്റുകളുടെ നവീകരണം**

414(417) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ്, ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് എന്നിവ നവീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ, നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ?

നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ്, ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് എന്നിവ നവീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർ, നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണത്തിനായി ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുന്നതായും നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യ്ക്ക് അനുവദിച്ച ഫണ്ടുപയോഗിച്ച് 1 കോടി രൂപയുടെ മാർക്കറ്റ് കോംപ്ലക്സ്

നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ്, സോയിൽ ഇൻവെസ്റ്റിഗേഷൻ, സാങ്കേതികാനുമതി ഇവയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പഞ്ചായത്ത് ഡയറക്ടർ</u>

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തിൽ പ്രോജക്ട് രൂപീകരിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണത്തിനായി എം.എൽ.എ. ഫണ്ട് വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതാണ്. മാർക്കറ്റ് നവീകരണത്തിനായി നിലവിൽ ഉദിയൻകുളങ്ങര മാർക്കറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും 22,845.509 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യാൻ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റ്, ഡെവലപ്പ്മെന്റ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 24.11.2022-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിലവിൽ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ട് വകയിരുത്തി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുപുറമെ ഉദിയൻകുളങ്ങര കെ.എസ്.ഇ.ബി.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ജൽജീവൻ

പദ്ധതിക്കായി വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും സ്ഥലം നൽകേണ്ടതിനാൽ ഇക്കാര്യങ്ങൾക്കുവേണ്ടി സ്ഥലം അളന്നുതിരിച്ചുനൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

നഗരകാര്യ ഡയറക്ടർ

നെയ്യാറ്റിൻകര നഗരസഭ ആറാലുംമൂട് മാർക്കറ്റിലെ പ്രവൃത്തി ജില്ലാ പഞ്ചായത്തിൽനിന്നും സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും സൈറ്റ് പ്ലാൻ ആവശ്യപ്പെട്ടതുപ്രകാരം നഗരസഭയിൽനിന്നും വരച്ച് നൽകിയിട്ടുള്ളതുമാണ്.

**കോട്ടക്കൽ നഗരസഭയിലെ സാങ്കേതിക വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

415(418) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ടെക്നിക്കൽ വിഭാഗം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ നഗരസഭയിലെ ഒഴിഞ്ഞുകിടക്കുന്ന ഓവർസിയർ തസ്തികയിലെ ഒഴിവിൽ കേരള പി.എസ്.സി. മുഖേന അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥിയെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒരു ഒഴിവ് പ്രസവാവധിയെ തുടർന്ന് ഉണ്ടായതാണ്. മറ്റൊഴിവുകളൊന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലില്ല.

(സി) കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്. കൂടാതെ, ഉദ്യോഗക്കയറ്റം മുഖേനയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## തിരുവനന്തപുരം കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം

416(419) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരുടെ നിയമനത്തിന് പട്ടിക ആവശ്യപ്പെട്ടുകൊണ്ട് മേയർ തന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ;

(ബി) ഇതുസംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ആരൊക്കെയാണ് പരാതിക്കാർ; പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പേരിലുള്ള ലെറ്റർ പാഡിൽ പാർട്ടി ജില്ലാ സെക്രട്ടറിയുടെ വിലാസത്തിൽ എഴുതിയതെന്ന് പറയുന്ന കത്തിന്റെ പകർപ്പ് മാധ്യമങ്ങളിലൂടെയും മറ്റും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ഒരു പരാതിയാണ് സർക്കാരിൽ

ലഭിച്ചിട്ടുള്ളത്. ഇതിന്മേൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ലഭ്യമായ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) കത്തിന്റെ ഉറവിടം സംബന്ധിച്ച് എന്തൊക്കെ വിവരങ്ങളാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്; കത്ത് സാമൂഹ്യ മാധ്യമങ്ങളിൽ ഇട്ടവരുടെയും പ്രചരിപ്പിച്ചവരുടെയും പേര് വിവരങ്ങൾ അറിയിക്കുമോ?

ഈ വിഷയത്തിൽ ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് Crime No.225/CB/Tvm/D/22, U/S 465, 466, 469 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നതുമാണ്.

(ഡി) ഇതുസംബന്ധിച്ച് ഓംബുഡ്സ്മാൻ കോർപ്പറേഷന് കത്ത് നൽകുകയുണ്ടായോ; പ്രസ്തുത കത്തിന് മേയറോ കോർപ്പറേഷൻ സെക്രട്ടറിയോ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മറുപടി നൽകാത്തത്; വിശദാംശം ലഭ്യമാക്കുമോ?

ഓംബുഡ്സ്മനിൽ നിന്നും കോർപ്പറേഷന് ലഭിച്ച നോട്ടീസിന് നഗരസഭയിൽ നിന്നും മറുപടി നൽകിയിട്ടുള്ളതായും വിഷയം സംബന്ധിച്ച് മേയർ 25.11.2022 തീയതിയിൽ മറുപടി നൽകിയതായും സെക്രട്ടറി

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഓംബുഡ്സ്മാന്റെ ഹിയറിംഗിലും മേയറും സെക്രട്ടറിയും ഹാജരായിട്ടുണ്ട്.

## ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം

417(420) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില ഉദ്യോഗസ്ഥരുടെ ഒഴിവ് ഉണ്ടെങ്കിലും ആയതുമൂലം നഗരസഭയുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഭാഗത്തിൽ ഏതെല്ലാം ഒഴിവുകളാണ് നിലവിലുള്ളത്; ആയത് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം മുഖേന നിയമനം നടത്തിയിരുന്നുവെങ്കിലും ടിയാൾ അവധിയിൽ പോയതിനെത്തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന

ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 23.09.2022-ലെ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം ഹരിപ്പാട് നഗരസഭയിൽ നിയോഗിച്ചിരുന്ന അസിസ്റ്റൻറ് എഞ്ചിനീയർ ജോലിയിൽ പ്രവേശിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

വ്യക്തിപരമായ കാരണങ്ങളാലാണ് അസിസ്റ്റന്റ് എഞ്ചിനീയർ അവധിയിൽ പ്രവേശിച്ചിട്ടുള്ളത്.

(ഡി) സ്ഥലമാറ്റം ഉത്തരവ് ലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ പുതിയ ലാവണത്തിൽ പ്രവേശിക്കണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ളത്; ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം അറിയിക്കുമോ?

സ്ഥലമാറ്റം ഉത്തരവ് ലഭിച്ചാൽ 15 ദിവസത്തിനകം സേവനത്തിൽ പ്രവേശിക്കണമെന്നാണ് സർവ്വീസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി 3 മാസം വരെ അനുവദിക്കാവുന്നതാണ്.

**താന്തോന്നിതുരുത്ത് പുറംബണ്ടിന്റെ നിർമ്മാണം**

418(421) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ കൊച്ചി കോർപ്പറേഷൻ ഡിവിഷനിൽപ്പെട്ട താന്തോന്നിതുരുത്ത് പുറംബണ്ടിന്റെ നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദീകരിക്കുമോ?

താന്തോന്നിതുരുത്ത് ഔട്ടർ ബണ്ട് റോഡ് നിർമ്മാണത്തിന് 6 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതും ആയത് ഇറിഗേഷൻ മേജർ വകുപ്പിന് തുടർനടപടികൾക്കായി കൈമാറിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിക്ക് ചട്ടപ്രകാരമുള്ള CRZ അനുമതി ലഭിച്ചിട്ടില്ലാത്താണ്. ഗോശ്രീ ഐലൻഡ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ തീരുമാനമെടുത്തത് പ്രകാരം ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച പദ്ധതി പൂർത്തീകരണത്തിനാവശ്യമായ അധിക തുകയായ 7.87 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ടി എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് നല്കിയപ്പോൾ Reinforced Soil Wall എന്ന ഒരു നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുകയാണെങ്കിൽ Coconut Piling-ഉം

അധികമായിട്ടുള്ള മണ്ണ് ഫില്ലിംഗും ഒഴിവാക്കാനാകുമെന്നും നിർമ്മാണച്ചെലവിൽ ഗണ്യമായ ലാഭം കൈവരിക്കാനാകുമെന്നും ജിഡ സെക്രട്ടറിയെ അറിയിക്കുകയും ആയതിലേയ്ക്ക് 1,18,000 രൂപ പരിശോധനാ ഫീസ് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ടി തുക ജിഡ നല്കിയിട്ടുള്ളതുമാണ്. എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. എൽ.ബി.എസ്. നല്കിയ 23.70 കോടി രൂപ എസ്റ്റിമേറ്റ് തുകയായ ഡിസൈൻ സ്വീകാര്യമല്ലാത്തതിനാൽ എൽ.ബി.എസ്. മുമ്പ് വാഗ്ദാനം ചെയ്തിരുന്നതുപോലെ നിർമ്മാണച്ചെലവ് കുറഞ്ഞ ഡിസൈൻ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ Geo Cells Geo Walls ഉപയോഗിച്ച് നിർമ്മിക്കുന്ന 1.50 മീറ്റർ വീതിയുള്ള Walkway Bund-ന്റെ ഡിസൈൻ ആണ് എൽ.ബി.എസ്. തയ്യാറാക്കി സമർപ്പിച്ചത്. ആയതിന് 9 കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയത്. തുടർന്ന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി നടത്തിയ ചർച്ചയിൽ കോൺക്രീറ്റ് Pile & Slab ഉപയോഗിച്ചുള്ള ബണ്ട് റോഡ് തന്നെയാണ്

അഭികാമ്യമെന്ന് വ്യക്തമായിട്ടുള്ളതാണ്. പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നോ; ഇവർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സന്ദർശിച്ചിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.+

## കോർപ്പറേഷനുകളിലെ നിയമനം സുതാര്യമാക്കാൻ നടപടി

419(422) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ആരോഗ്യവിഭാഗത്തിൽ 295 ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് ലിസ്റ്റ് തയ്യാറാക്കി നൽകാൻ മേയർ തന്റെ പാർട്ടി ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകിയതായി പറയപ്പെടുന്ന സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഈ വിഷയത്തിൽ തിരുവനന്തപുരം ജില്ലാ കോൺഗ്രസ് കമ്മിറ്റി നൽകിയ പരാതിയിൽ നഗരകാര്യ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കഴിഞ്ഞ കാലഘട്ടങ്ങളിൽ കോർപ്പറേഷനുകളിൽ നടത്തിയ നിയമനങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

കഴിഞ്ഞ കാലഘട്ടങ്ങളിലെ കോർപ്പറേഷനുകളിലെ നിയമനങ്ങളെക്കുറിച്ച് സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യത ഉറപ്പുവരുത്തിയാണ് നടത്തിവരുന്നത്. താൽക്കാലിക നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്താൻ സർക്കാരിന്റെ 26.02.2016-ലെ ജി.ഒ.(പി)28/2016/ഫിൻ, 28.04.2017-ലെ ജി.ഒ.(പി)56/2017/ഫിൻ നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തുന്നതിന് നഗരസഭകൾക്ക് വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**നീലേശ്വരം നഗരസഭയിലെ റോഡുകളുടെ പുനരുദ്ധാരണം**

420(423) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീലേശ്വരം നഗരസഭയിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് ബജറ്റിൽ 20% തുക വകയിരുത്തി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വകുപ്പിന് കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നീലേശ്വരം ബസാർ-തളിയിലമ്പം റോഡ് ആധുനീകരിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ NATPAC-ൽനിന്നും ലഭ്യമാക്കുകയും തുടർന്ന് PRICE Software മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരികയുമാണ്. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ടാണ് പ്രവൃത്തിയുടെ ടെണ്ടർ നടപടി വൈകിയത്. നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

**പള്ളിക്കത്തോട് ട്രഷറിക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം വിട്ടുകൊടുക്കാൻ നടപടി**

**421**(424) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2-3796-2018 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

(എ&ബി) പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം പണിയുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 2022 നവംബർ 2-ലെ ഡി2-3796-2018 നമ്പർ കത്ത് 02.12.2022-ൽ ലഭിച്ചിട്ടുണ്ട്. ഫയൽ നടപടികൾ ആരംഭദശയിലാണ്.

## ഗോശ്രീ പാലങ്ങൾ

422(425) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റി 18 വർഷം മുൻപ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്ത ഗോശ്രീ പാലങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡി.പി. വേൾഡ്, എൽ.എൻ.ജി., ഐ.ഒ.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള ഭാരമേറിയ കണ്ടെയ്നർ ലോറികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോകുന്ന പ്രസ്തുത പാലങ്ങളുടെ പരിപാലനം എഞ്ചിനീയറിംഗ് വിങ്ങില്ലാത്ത ജിഡക്ക് സാധ്യമല്ലാത്തതിനാലും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലും തന്ത്രപ്രധാനമായ കേന്ദ്രങ്ങളിലേയ്ക്കുള്ള ഈ പാലങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് 9.11.2022-ന് നൽകിയിട്ടുള്ള പി.ഡബ്ലിയു.ഡി- ഡി1/392/2019 നമ്പർ അനൗദ്യോഗിക കുറിപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

(ബി&സി) ഗോശ്രീ പാലങ്ങളുടെ പരിപാലനം നടത്തുന്നതിന് പര്യാപ്തമായ തുക ലഭ്യമല്ലാത്തതിനാൽ ആയത് ഏറ്റെടുക്കുവാൻ സാധിക്കുകയില്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ വരുന്ന സാമ്പത്തിക വർഷങ്ങളിൽ ടി പാലങ്ങളുടെ പരിപാലനം ഏറ്റെടുത്ത് ആയതിന്റെ നിർവ്വഹണത്തിനാവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച അഭിപ്രായം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗോശ്രീ പാലങ്ങളുടെ പരിപാലനം ഗോശ്രീ ദ്വീപ് വികസന അതോറിറ്റി തന്നെ ടെണ്ടർ നടപടികളിലൂടെ നടപ്പിലാക്കുന്ന നിലവിലെ രീതി തുടരേണ്ടതാണെന്ന് ജിഡയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കുവാൻ കഴിയില്ലെന്നറിയിച്ച സാഹചര്യത്തിൽ ടി പാലങ്ങൾ നല്ല നിലവാരത്തിൽ കേടുപാടുകൾ തീർത്ത് സമയാസമയങ്ങളിൽ പരിശോധന നടത്തി അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സംബന്ധിച്ച്

അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓവർസിയർമാരുടെയും എ.ഇ.-മാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി**

423(426) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകളിലും പ്രസ്തുത ബ്ലോക്കുകളുടെ കീഴിൽ വരുന്ന പഞ്ചായത്തുകളിലും ഗ്രേഡ് 1, ഗ്രേഡ് 2, ഗ്രേഡ് -3 ഓവർസിയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ?

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഒരു രണ്ടാംതരം ഓവർസിയർ, 3 മൂന്നാംതരം ഓവർസിയർ തസ്തികകളിൽ ഒഴിവുകളുണ്ട്. മേലടി ബ്ലോക്ക് പഞ്ചായത്തിലോ അതിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലോ ഒന്നാംതരം ഓവർസിയർ, രണ്ടാംതരം ഓവർസിയർ, മൂന്നാംതരം ഓവർസിയർ തസ്തികകളിൽ ഒഴിവുകളില്ല. പന്തലായനി ബ്ലോക്ക് പഞ്ചായത്തിന് പരിധിയിൽ ഒരു ഒന്നാംതരം ഓവർസിയർ തസ്തിക ഒഴിവുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത ഒഴിവുകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഓവർസിയർമാരുടെയും എ.ഇ.-മാരുടെയും പ്രൊമോഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഓവർസിയർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം വഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് 2022-ൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അർഹതയുള്ളവരുടെ ഡി.പി.സി. ലിസ്റ്റും നിലവിലുണ്ട്. 2023-ലേയ്ക്കുള്ള ഉദ്യോഗക്കയറ്റംവഴി നിയമനം നൽകേണ്ടവരുടെ ഡി.പി.സി. ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള lower DPC 2022 ഡിസംബർ മാസത്തിൽ ചേരുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

424(427) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ കിലയെ ഏജൻസിയായി ചുമതലപ്പെടുത്തിയതിന്റെ വിശദാംശം, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

18.06.2019-ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നം..2396/2019/GEDN, 13.05.2022-ലെ സ.ഉ.(സാധാ) നം.2960/2022/GEDN എന്നിവ പ്രകാരം പ്രസ്തുത വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. കാരപറമ്പ് (1 കോടി രൂപ) - ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

2. ജി.എച്ച്.എസ്.എസ്. ഈസ്റ്റ് ഹിൽ (1 കോടി രൂപ)- സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പ്രീ-കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ഡിസൈനിംഗ് അംഗികാരം (PED approval) ലഭിക്കുന്ന മുറയ്ക്ക് മറ്റ് നടപടികൾ ആരംഭിക്കുന്നതാണ്.

3. ജി.എച്ച്.എസ്. നടക്കാവ് (3 കോടി രൂപ) - ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ബി) ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ ബീവറേജസ് ഔട്ട്‌ലെറ്റുകൾ**

425(428) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ 2022 നവംബർ 1 വരെ എത്ര പുതിയ ബീവറേജസ് ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

2016 ജൂൺ ഒന്നിനുമുമ്പ് 306 ബിവറേജസ് ഔട്ട്‌ലെറ്റുകളാണ് നിലവിലുണ്ടായിരുന്നത്. 2016 ജൂൺ 1 മുതൽ 2022 നവംബർ 1 വരെ പുതിയ 3 എണ്ണം ആരംഭിച്ചിട്ടുണ്ട്. 07.10.2022-ലെ സർക്കാർ ഉത്തരവുപ്രകാരം 78 വിദേശ മദ്യഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ 2022 നവംബർ 30 വരെ എത്ര പുതിയ ബിയർ പാർലറുകൾ, ബാറുകൾ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ 2022 നവംബർ 30 വരെ പുതുതായി 62 ബിയർ/വൈൻ പാർലറുകളും 247 ബാറുകളും അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് 2016 മുതൽ 2022 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാകുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി എക്സൈസ്-വിമുക്തി ഉണർവ് പദ്ധതി പ്രകാരം കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 4 സ്കൂളുകളിൽ എക്സൈസ് വകുപ്പിന്റെ ശിപാർശ പ്രകാരം 5 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 2016 മുതൽ 2022 വരെ കാലയളവിൽ 14,24,600/- രൂപ (പതിനാല് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പിൽ നിന്നും ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2016 മുതൽ 2022 നവംബർ 29 വരെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരുടെ ചികിത്സാ ചെലവുൾപ്പെടെ 46,59,26,258 രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

## കിളിമാനൂർ എക്സ്സൈസ് ഇൻസ്പെക്ടർ ഓഫീസിന് അടിസ്ഥാന സൗകര്യം

426(429) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സ്സൈസ് ഇൻസ്പെക്ടർ ഓഫീസിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ്, നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം ഓഫീസിന്റെ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്തതിനാൽ, പ്രസ്തുത റേഞ്ച് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് 120 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്. കെട്ടിട

നിർമ്മാണത്തിനായി അധിക തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുവാൻ കഴിയാത്തതിനാൽ പരിഗണിച്ചിട്ടില്ല.

**കാട്ടാക്കട പഞ്ചായത്തിൽ എക്സൈസ് ഓഫീസിന് കെട്ടിടം**

427(430) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ എക്സൈസ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; കാലതാമസം ഒഴിവാക്കി ഭൂമി കൈമാറ്റം വേഗത്തിൽ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ 254/10-ൽപ്പെട്ട 10 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൊന്നാനി മണ്ഡലത്തിൽ കോസ്റ്റൽ എക്സ്സൈസ് സ്റ്റേഷനും വിമുക്തി ഡീ-അഡിക്ഷൻ സെന്ററും**

428(431) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന്റെ ഭാഗമായി പൊന്നാനി മണ്ഡലത്തിലെ തീരദേശ മേഖലയിൽ കോസ്റ്റൽ എക്സ്സൈസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊന്നാനി മണ്ഡലത്തിലെ തീരദേശ മേഖലയിൽ കോസ്റ്റൽ എക്സൈസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) "വിമുക്തി" ഡി -അഡിക്ഷൻ സെന്റർ പൊന്നാനി മണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, പൊന്നാനി താലൂക്ക് ആശുപത്രി എന്നീ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സംസ്ഥാനത്ത് നടപ്പിലാക്കിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

429(432) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പിലാക്കിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

യുവജനങ്ങളിലെ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരെ ഏകോപിപ്പിച്ച് വിവിധ പ്രചരണ പരിപാടികൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകി.

സംസ്ഥാനത്തെ ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയ വിവിധ

വിഭാഗങ്ങളെ ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരി വിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ " ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ സിനിമാപ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22-നും സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര

സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിലും ലഹരിവിരുദ്ധ ദീപം തെളിയിച്ചു. ഒന്നാംഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് വിളംബര ജാഥകളും റാലികളും സംഘടിപ്പിച്ചു. ഒന്നാം ഘട്ട പ്രചാരണ പരിപാടി 2022 നവംബർ 1-ന് സംസ്ഥാനത്തൊട്ടാകെ എല്ലാ വിദ്യാലയങ്ങളിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർചേർന്ന് ലഹരിവിരുദ്ധ ശൃംഖല തീർത്ത് സമാപിച്ചു. ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. ഒന്നാംഘട്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ജനകീയ പങ്കാളിത്തത്തെത്തുടർന്ന് രണ്ടാം ഘട്ട ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കിവരുന്നു.

സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം', ഹോസ്റ്റലുകളിൽ 'ശ്രദ്ധ', എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരെ

പ്രവർത്തിക്കുന്നു. മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസലിംഗും ചികിത്സയും നൽകിവരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസിലിംഗ് സേവനം ലഭ്യമാക്കിവരുന്നുണ്ട്.

(ബി) 2021-22 കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

202122 കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ആലപ്പുഴ മണ്ഡലത്തിലെ ലഹരി വിമുക്ത ജനകീയ കാമ്പയിൻ**

430(433) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന ലഹരി വിമുക്ത ജനകീയ കാമ്പയിൻ പരിപാടിയുടെ വിശദവിവരം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, വ്യാപാരി-വ്യവസായികൾ എന്നിവരുമായി ചേർന്ന് സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, തീരദേശം, അതിഥി തൊഴിലാളി ക്യാമ്പുകൾ എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും കലാകായിക പരിപാടികളും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. ക്യാമ്പയിന്റെ ഭാഗമായി ആലപ്പുഴ അസംബ്ലി നിയോജകമണ്ഡലത്തിലെ മുനിസിപ്പൽ വാർഡുകളിലും ഗ്രാമപഞ്ചായത്ത് വാർഡുകളിലും ജാഗ്രതാസമിതികൾ കൂടിയിട്ടുണ്ട്. മണ്ഡലത്തിലെ ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചന്തകൾ, ടൗണുകൾ എന്നിവിടങ്ങളിൽ വ്യാപാരി-വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സദസ്സ്, ദീപം തെളിയിക്കൽ, റാലികൾ എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് മത്സ്യത്തൊഴിലാളികൾക്കിടയിലും ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ആലപ്പുഴ ബീച്ചിൽ ഫ്ലാഷ് മോബും ആലപ്പുഴ, അർത്തുങ്കൽ എന്നീ

തീരദേശ മേഖലകളിൽ പാവകളിയും അർത്തുങ്കലിൽ തീരദേശ അവബോധ ജാഥ, മനുഷ്യച്ചങ്ങല, ഫുട്ബോൾ മത്സരം എന്നിവ സംഘടിപ്പിക്കുകയും ലൈബ്രറികളിൽ ബോധവൽക്കരണ പരിപാടികളും റാലികളും നടത്തുകയും ചെയ്തു. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിന് മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും പ്ലക്കാർഡുകൾ പിടിച്ചുകൊണ്ട് നഗര പ്രദക്ഷിണം, മനുഷ്യശൃംഖല, പ്രതിജ്ഞ എന്നിവ നടത്തി.

മയക്കുമരുന്ന് ലഹരിക്കെതിരെ ഫുട്ബോൾ ലഹരി എന്ന രണ്ടാംഘട്ട പരിപാടി മണ്ഡലത്തിൽ വിപുലമായി നടത്തിവരുന്നു. ആലപ്പുഴ മണ്ഡലത്തെ സമ്പൂർണ്ണ ലഹരി വിമുക്ത മണ്ഡലമാക്കുന്നതിനായി 'കരുതൽ' എന്ന പേരിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സമൂഹത്തിലെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന വിവിധ ജനകീയ പരിപാടികളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ലഹരിവിമുക്ത കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ലഹരി വിമുക്ത കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് എക്സൈസ്/വിമുക്തിയിൽ നിന്നും ധനസഹായം നൽകുന്നില്ല.

(ഡി) ആലപ്പുഴ മണ്ഡലത്തിൽ പുതുതായി ലഹരിവിമുക്ത കൗൺസലിംഗ് സെന്റർ ആരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിച്ചുവരുന്ന ഡി-അഡിക്ഷൻ സെന്ററുകൾക്ക് പുറമേ പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക്

ആശുപത്രി, ഹരിപ്പാട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മയക്കുമരുന്നിന്റെ വ്യാപനം തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ**

431(434)ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ നിന്നും മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മയക്കുമരുന്ന് കടത്ത്, വിപണനം, ഉപയോഗം എന്നിവ പ്രതിരോധിക്കുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, കൺട്രോൾ റൂം സംവിധാനം, വാഹനപരിശോധന സംവിധാനം എന്നിവ

പ്രവർത്തിച്ചുവരുന്നു. സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിങ്ങും, വാഹന പരിശോധനകളും നടത്തുകയും ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കി മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ലഹരിക്കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫ്.-മായി ചേർന്നും തീരദേശമേഖലയിൽ തീരദേശ പോലീസ് സേനയുമായി ചേർന്നും പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു.

മയക്കുമരുന്ന് കടത്ത്, വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കുറ്റകൃത്യം ആവർത്തിക്കുന്നവർക്ക് കൂടുതൽ ശിക്ഷ ലഭിക്കുന്നതിനും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി വിമുക്തി

മിഷൻ മുഖേന വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെ വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുമുണ്ട്.

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും യുവജന ക്ലബ്ബുകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ വിമുക്തി മിഷന്റെ

നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ/കോളേജ് തലങ്ങളിലെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾവഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും അദ്ധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തുവരുന്നു.

ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ

2023 ജനുവരി 26 വരെ രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെ വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുമുണ്ട്.

(സി) രാഷ്ട്രീയ യുവജന സംഘടനകളെ സഹകരിപ്പിച്ചുകൊണ്ട് പഞ്ചായത്തുതലങ്ങളിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാപ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ

എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഇപ്പോൾ നടപ്പിലാക്കിവരുന്ന ലഹരിവിരുദ്ധ പ്രചരണ പരിപാടികളിൽ ഏറിയ പങ്കും നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്.

## ലഹരിവിരുദ്ധ പ്രവർത്തനം

432(435) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ?

കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാൽക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക

എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും അവയുടെ വാർഡ് തലത്തിലും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ കലാകായികപരമായുള്ള കഴിവുകളെ പരിപോഷിപ്പിച്ച് വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ " ഉണർവ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിച്ച് ആദിവാസി മേഖലകളിൽ കരിയർഗൈഡൻസ് ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കലാകായിക പരിപാടികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്തിവരുന്നു. ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ " നേർക്കൂട്ടം" എന്ന പേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസലിംഗ് ലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്ത എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി പ്രാഥമിക കൗൺസലിംഗ് സേവനം ലഭ്യമാക്കിവരുന്നു.

ബോധവൽക്കരണത്തോടൊപ്പം തന്നെ ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡീക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖലാ കൗൺസലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു. സൗജന്യ കൗൺസലിംഗ് ലഭിക്കുന്നതിനായി 14405 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗമുള്ള വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് അവരെ നേർവഴിക്ക് നയിക്കുവാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ " നേർവഴി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിനായി ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തൊട്ടാകെ ലഹരിക്കെതിരെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണ പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രചാരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, മനുഷ്യച്ചങ്ങല, കൂട്ടയോട്ടം, ബൈക്ക് റാലികൾ, കാൽനട ജാഥകൾ, വിവിധ കലാകായിക പരിപാടികൾ, സംവാദ

മൽസരങ്ങൾ തുടങ്ങി വിവിധ മത്സരങ്ങൾ സംസ്ഥാന വ്യാപകമായി നടത്തിയിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ രൂപകല്പന ചെയ്ത് അച്ചടിച്ച് സംസ്ഥാന വ്യാപകമായി വിതരണം ചെയ്യുകയും തലസ്ഥാനനഗരി കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ പ്രചാരണ ബോർഡുകൾ സ്ഥാപിച്ച് വാഹനത്തിൽ ഇലക്ട്രോണിക് പരസ്യ പ്രചരണം നടത്തിയിട്ടുള്ളതുമാണ്. ലഹരിക്കെതിരെയുള്ള പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 22-ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ദീപം തെളിയിച്ചു. ആദ്യഘട്ട ലഹരിവിരുദ്ധ പ്രചരണപ്രവർത്തനങ്ങളിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തം കണക്കിലെടുത്ത് 2022 നവംബർ 14 മുതൽ 2023 ജനവരി 26 വരെ രണ്ടാം ഘട്ട പ്രചരണ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ

433(436) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ലഹരി ഉപയോഗം തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പരിസര പ്രദേശങ്ങളിലെ കടകൾ, വിദ്യാർത്ഥികൾ കൂട്ടംകൂടി നിൽക്കുന്ന സ്ഥലങ്ങൾ തുടങ്ങിയ ഭാഗങ്ങളിൽ നിരീക്ഷണങ്ങളും പരിശോധനകളും നിരന്തരം നടത്തി വരുന്നുണ്ട്. ട്രെയിനുകളിലും റെയിൽവെ സ്റ്റേഷനുകളിലും റെയിൽവെ പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരുന്നു. മുൻ എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളുടെ ലിസ്റ്റ് തയ്യാറാക്കി അവരെ സ്ഥിരമായി നിരീക്ഷിച്ച് മയക്കുമരുന്നു മാഫിയക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. രജിസ്റ്റർ ചെയ്യുന്ന എല്ലാ എൻ.ഡി.പി.എസ്. കേസുകളിലും തൊണ്ടിമുതലുകളുടെ

സ്രോതസിനെ സംബന്ധിച്ചും സാമ്പത്തിക സ്രോതസിനെ സംബന്ധിച്ചും കാര്യക്ഷമമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ നടത്തിയിരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യും എക്സൈസ് വകുപ്പും, വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകി. ജനപ്രതിനിധികൾ അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു. ലഹരിവിരുദ്ധ പ്രചരണ പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ

റാലികൾ, ലഹരിവിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചാരണ ജാഥകൾ, ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ ഊരുകളിൽ " ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ സിനിമ പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെടുകയുണ്ടായി. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ നിയമസഭാമണ്ഡലങ്ങളിലും ഒക്ടോബർ 22-നും സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിലും ലഹരിവിരുദ്ധ ദീപം തെളിയിച്ചു.

ഒന്നാംഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് വിളംബര ജാഥകളും റാലികളും സംഘടിപ്പിച്ചു. ഒന്നാം ഘട്ട പ്രചാരണ പരിപാടി 2022 നവംബർ 1-ന് സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അദ്ധ്യാപകർ,

ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർചേർന്ന് ലഹരിവിരുദ്ധ ശൃംഖല തീർത്ത് സമാപിച്ചു. ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. ഒന്നാംഘട്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ജനകീയ പങ്കാളിത്തത്തെ തുടർന്ന് മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കിവരുന്നു.

## കുട്ടികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം

434(437) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് കണ്ടെടുക്കുന്ന മയക്കുമരുന്ന് കേസുകളിൽ കുട്ടികൾ ഉൾപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ ജില്ല തിരിച്ച് വിശദമാക്കാമോ?

ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 21 വയസ്സിനുതാഴെ പ്രായമുള്ളവർക്കെതിരെ കഴിഞ്ഞ 5 വർഷങ്ങളിൽ തിരുവനന്തപുരം -11, കോട്ടയം -103, ഇടുക്കി -27, എറണാകുളം -95, തൃശ്ശൂർ -5, പാലക്കാട് -41, കോഴിക്കോട് -3, കണ്ണൂർ -1, കാസർഗോഡ് -1 എന്നിങ്ങനെ ആകെ 287 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമങ്ങളിലടക്കം വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

വർദ്ധിച്ചുവരുന്ന കഞ്ചാവ്-മയക്കുമരുന്ന് കച്ചവടം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും അതോടൊപ്പം വിവിധ വകുപ്പുകളുമായും മറ്റ് സാമൂഹ്യ-സാംസ്കാരിക സംഘടനകളുമായി ചേർന്ന് വിവിധ തലങ്ങളിലായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ മയക്കുമരുന്നുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാഭ്യാസ

സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രൂപീകരിച്ച ജനകീയ കമ്മിറ്റികളുമായിചേർന്നും ബോധവൽക്കരണ പ്രവർത്തനങ്ങളും വിവരശേഖരണവും നടത്തിവരുന്നു. ആദിവാസി, തീരദേശ മേഖലകളിൽ യുവാക്കളെയും കുട്ടികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിന് വിമുക്തിയുടെ ഭാഗമായി വിവിധ കായികയിനങ്ങളിൽ പരിശീലനവും മത്സരങ്ങളും നടത്തിവരുന്നു.

2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കുകയുമുണ്ടായി. പ്രസ്തുത പ്രചാരണ പരിപാടിയിൽ വമ്പിച്ച പൊതുജന പങ്കാളിത്തം ഉണ്ടായതിനെത്തുടർന്ന് ആയതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാം ഘട്ട പ്രചാരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ലഹരിമുക്ത നവകേരളം സൃഷ്ടിക്കുക എന്നതാണ് പ്രസ്തുത പ്രചാരണ പരിപാടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകൾ

435(438) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ ഉണ്ടായിരുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; 2016 മേയ് മാസത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാനത്ത് എത്ര ബാറുകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച ബാറുകളുടെയും വിശദമായ കണക്ക് ലഭ്യമാക്കുമോ?

2013-14 കാലഘട്ടത്തിൽ സംസ്ഥാനത്ത് 720 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. 2014-15 വർഷത്തിലെ പുതുക്കിയ മദ്യനയം GO(Ms) 205/2014/നികുതി വകുപ്പ് dated 20/12/2014 നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ 5 സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ളവയുടെ എഫ്.എൽ. 3 ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതാണ്. അത്തരം ഹോട്ടലുകൾക്ക് സർക്കാർ ബിയർ/വൈൻ പാർലറുകൾ അനുവദിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ടി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും 31.03.2015-ലെ അന്തിമ ഉത്തരവിൽ ടി സർക്കാർ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ 01.04.2015 മുതൽ സംസ്ഥാനത്ത് 5 സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള 20 ഹോട്ടലുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് അന്ന്

നിലവിലിരുന്ന സർക്കാർ പുതുതായി അനുവദിച്ച ലൈസൻസുകൾ ഉൾപ്പെടെ 2016-ൽ 29 ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം എഫ്.എൽ 3 ലൈസൻസ് ഉണ്ടായിരുന്നു.

2016 മേയ് മാസത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാനത്ത് 200 ബാറുകൾ അനുവദിച്ചു. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 47 ബാറുകൾ പുതുതായി അനുവദിച്ചു (2014 മാർച്ച് 31 വരെ ബാർ ആയി പ്രവർത്തിച്ച് വന്നിരുന്നതും പിന്നീട് ബിയർ/വൈൻ പാർലർ ആയി മാറ്റിയതുമായ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്).

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലഹരിമരുന്നുകളുടെ ഉപയോഗം തടയാൻ നടപടി

436(439) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിലും കൗമാരക്കാരിലും ലഹരിമരുന്നുകളുടെ ഉപയോഗം ആശങ്കാജനകമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിലയിരുത്തി ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രർത്തനങ്ങളും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ വിപുലമായ ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) ഇത്തരം രാസലഹരി മരുന്നുകളുടെ ഉല്പാദന വിതരണത്തിന്റെ ഉറവിടം സംബന്ധിച്ച് വകുപ്പ് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രാസലഹരി മരുന്നുകൾ പിടികൂടി രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അവയുടെ ഉറവിടം സംബന്ധിച്ചുള്ള അന്വേഷണം നടത്താറുണ്ട്. പ്രസ്തുത അന്വേഷണത്തിൽ രാസലഹരി മരുന്നുകളുടെ ഉറവിടം

അന്യസംസ്ഥാനങ്ങളിൽ നിന്നാണെന്ന് ബോദ്ധ്യമായിട്ടുണ്ട്. ആയത് തടയുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ, അന്തർസംസ്ഥാന വാഹനങ്ങൾ, തീരദേശ മേഖലകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തി വരുന്നുണ്ട്.

(സി) വിദ്യാർത്ഥികൾ തന്നെ ക്യാരിയർമാരായി പ്രവർത്തിക്കുന്ന ഇത്തരം സാഹചര്യം പൂർണ്ണമായി ഒഴിവാക്കുന്നതിനായി പോലീസുമായി ചേർന്ന് സംയുക്ത പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

വിദ്യാർത്ഥികളെ ക്യാരിയർമാരായി ഉപയോഗിക്കുന്ന സാഹചര്യം പൂർണ്ണമായി ഒഴിവാക്കുന്നതിനായി പോലീസ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം**

437(440) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീർണ്ണിച്ച പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാ കളക്ടർക്ക് എക്സൈസ് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(ബി) ജീർണ്ണിച്ച പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന്റെ പരാധീനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

**ലഹരിവ്യാപനം തടയുന്നതിന് നിയമ നിർമ്മാണം.**

438(441) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വില്പനക്കാർ നിയമ നടപടിയിൽനിന്ന് ഒഴിവാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കുറ്റകൃത്യങ്ങൾ തരംതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതിന് സഹായകരമാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിലെ ഷെഡ്യൂൾ ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികളിലടക്കം വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനും ഫലപ്രദവും മറ്റ് സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാകുന്ന തരത്തിലുമുള്ള നിയമനിർമ്മാണം നടത്തുന്നത് പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരം മയക്കുമരുന്നുകൾ സംബന്ധമായ കുറ്റകൃത്യങ്ങൾക്ക് എതിരെ കർശനമായ നിയമനടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്ട് 1985 കേന്ദ്രനിയമം ആയതിനാൽ, കേന്ദ്ര സർക്കാർ ആണ് നിയനിർമ്മാണം സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത്. സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി സ്ലാബുകളിൽ കുറവുവരുത്തുന്നതിന് കേന്ദ്രസർക്കാരിന് സംസ്ഥാനം ശിപാർശ നൽകിയിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികളിൽ ചിലർ കേരളത്തിലേയ്ക്കുള്ള മയക്കമരുന്ന് വാഹകരായി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് ട്രെയിനുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ പ്രത്യേക കർശന പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് മയക്കമരുന്ന് കടത്തുന്നത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിൽ നിരീക്ഷണം നടത്തുകയും റെയിൽവേ പോലീസുമായി ചേർന്ന് പരിശോധനകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രെയിനുകളിലും ബസുകളിലും അതിഥി തൊഴിലാളികൾ തങ്ങുന്ന താമസസ്ഥലങ്ങളിലും പരിശോധനകൾ ഊർജ്ജിതപ്പെടുത്തുകയും അതിർത്തി പ്രദേശങ്ങളിലും

ചെക്ക് പോസ്റ്റുകളിലും പട്രോളിംഗും വാഹന പരിശോധനയും കർശനമാക്കുകയും ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ മയക്കുമരുന്ന് കേസുകളെ സംബന്ധിച്ചും ആയതിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും അതത് ഭാഷയിൽ പ്രാവീണ്യമുള്ളവരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## മയക്കുമരുന്ന് പ്രതിരോധം

439(442) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഉപയോഗം പ്രതിരോധിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മയക്കുമരുന്നിന്റെ കടത്ത്, വിപണനം, ഉപയോഗം എന്നിവ ഇല്ലാതാക്കുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിലും ബോർഡർ പട്രോളിങ്ങും വാഹന പരിശോധനകളും കർശനമാക്കിയിട്ടുണ്ട്. ചെക്ക്

പോസ്റ്റുകളിൽ പരിശോധന കർശനമാക്കി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫ്.-മായി ചേർന്നും തീരദേശമേഖലയിൽ തീരദേശ പോലീസ് സേനയുമായി ചേർന്നും പരിശോധനകളും പട്രോളിംഗും നടത്തിവരുന്നു. മയക്കമരുന്ന് കടത്ത്, വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും സ്റ്റേറ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു.

മയക്കമരുന്ന് ഉപയോഗം തടയുന്നതിനായി വിമുക്തി മിഷൻ മുഖേന വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചാരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെ തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ

രണ്ടാം ഘട്ട ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത കാലയളവിൽ ലഹരിക്കെതിരെ ബഹുജന പങ്കാളിത്തത്തോടെയും വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

(ബി) ലഹരി ഉപയോഗം സംബന്ധിച്ച് 2020 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ?

ആകെ രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം 2020 വർഷത്തിൽ 3667-ഉം 2021-ൽ 3922-ഉം 2022-ൽ (29.11.2022 വരെ) 5488-ഉം ആണ്. ലഹരി ഉപയോഗം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളുടെ എണ്ണം 2020-ൽ 16-ഉം 2021-ൽ 5-ഉം 2022-ൽ (29.11.2022 വരെ) 185-ഉം ആണ്.

(സി) സംസ്ഥാനത്ത് യോദ്ധാവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി സംസ്ഥാന പോലീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'യോദ്ധാവ്'. ഈ പദ്ധതിയുടെ ഭാഗമായി

ഓരോ സ്കൂളിലും യോദ്ധാവായി തെരഞ്ഞെടുക്കുന്ന അദ്ധ്യാപകർക്ക്, സ്കൂളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് അവരെ ബോധവൽക്കരിക്കുന്നതിനും അവർ വീണ്ടും മയക്കുമരുന്ന് ഉപയോഗത്തിലേയ്ക്ക് പോകാതെ തടയുന്നതിനും ആവശ്യമായ പരിശീലനം നൽകിവരുന്നു.

ലഹരിവിരുദ്ധ പ്രവർത്തന മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ചവരെയാണ് ട്രെയിനിംഗ് നൽകുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായി ഒരു പരിശീലന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിദഗ്ദ്ധരെ റിസോഴ്സ് പേഴ്സണുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ജനമൈത്രി പോലീസുകാർക്കും ട്രെയിനിംഗ് നൽകിവരുന്നുണ്ട്.

**വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്**

440(443) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ടുന്ന വെള്ളരിക്കുണ്ട് ഉൾപ്പെടെയുള്ള പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് വിശദമായ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

(ബി) എക്സൈസ് റേഞ്ച് ഓഫീസ് ഇല്ലാത്ത താലൂക്കുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. എക്സൈസ് വകുപ്പിനുകീഴിൽ വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ മാത്രമാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലില്ലാത്തത്.

(259, 261 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## അനുബന്ധം II

### 1. നക്ഷത്രചിഹ്നമിട്ട (*1)-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിന് ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പൊതു വിപണിയിലെ അരിയുൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവിനെത്തുടർന്ന് കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, വിലക്കയറ്റം, വിലവിവരപട്ടിക പ്രദർശിപ്പിക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ തടയുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നവംബർ ഒന്നാം തീയതി മുതൽ പതിനഞ്ചാം തീയതിവരെ പൊതുവിതരണ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പുകളെ ഉൾപ്പെടുത്തി എല്ലാ ജില്ലയിലും പൊതു വിപണിയിൽ പരിശോധന നടത്തി. ഇത്തരത്തിൽ മൊത്ത വ്യാപാരക്കടകൾ, ചെറുകിട വ്യാപാരക്കടകൾ, പച്ചക്കറിക്കടകൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങൾ പരിശോധിച്ചു. FSSAI ലൈസൻസ് എടുക്കാതിരിക്കുക, പഞ്ചായത്ത് ലൈസൻസ് ഹാജരാക്കാതിരിക്കുക, ത്രാസ്സ് സ്റ്റാമ്പ് ചെയ്യാതിരിക്കുക, വിലവിവരപട്ടിക പ്രദർശിപ്പിക്കാതിരിക്കുക എന്നീ ക്രമക്കേടുകൾ കണ്ടെത്തിയ 520 സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട

വകുപ്പുകൾ പ്രാഥമിക നടപടിയായി നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, മറ്റ് ക്രമക്കേടുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല.

വിലക്കയറ്റത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തിയ പരിശോധന സംബന്ധിച്ച വിശദാംശം താഴെക്കൊടുക്കുന്നു

| ക്രമ നം | ജില്ല | ആകെ പരിശോധന നടന്നത് | നടപടിക്ക് വിധേയമായത് | കണ്ടെത്തിയ ക്രമക്കേട് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 460 | 149 | വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് നൽകി. മറ്റു ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |
| 2 | കൊല്ലം | 54 | 32 | വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് |

| | | | | |
|---|---|---|---|---|
| | | | | നൽകി. |
| 3 | പത്തനംതിട്ട | 348 | Nil | ക്രമക്കേടുകൾ കണ്ടെത്തി യിട്ടില്ല. |
| 4 | ആലപ്പുഴ | 258 | 32 | വിലവിവര പട്ടിക പ്രദർശിപ്പി ക്കാത്ത സ്ഥാപനത്തി ന് നോട്ടീസ് നൽകി |
| 5 | കോട്ടയം | 47 | 5 | വില വിവര പട്ടിക പ്രദർശിപ്പി ക്കാത്ത സ്ഥാപനത്തി ന് നോട്ടീസ് നൽകി |
| 6 | ഇടുക്കി | 410 | Nil | ക്രമക്കേടുകൾ കണ്ടെത്തി യിട്ടില്ല |
| 7 | എറണാകുളം | 252 | 14 | വില വിവര പട്ടിക പ്രദർശിപ്പി ക്കാത്ത സ്ഥാപനത്തി ന് നോട്ടീസ് നൽകി |
| 8 | തൃശ്ശൂർ | 537 | 104 | വില വിവര പട്ടിക പ്രദർശിപ്പി ക്കാത്ത |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനത്തിന് നോട്ടീസ് നൽകി |
| 9 | പാലക്കാട് | 49 | 26 | വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് നൽകി |
| 10 | മലപ്പുറം | 277 | 44 | വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് നൽകി |
| 11 | കോഴിക്കോട് | 78 | 24 | വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് നൽകി |
| 12 | വയനാട് | 215 | 76 | വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനത്തിന് നോട്ടീസ് നൽകി |
| 13 | കണ്ണൂർ | 199 | Nil | ക്രമക്കേടുകൾ |

| | | | | |
|---|---|---|---|---|
| | | | | കണ്ടെത്തി യിട്ടില്ല |
| 14 | കാസർഗോഡ് | 32 | 14 | വില വിവര പട്ടിക പ്രദർശിപ്പി ക്കാത്ത സ്ഥാപനത്തി ന് നോട്ടീസ് നൽകി |
| | Total | 3216 | 520 | |

2. <u>വിഴിഞ്ഞം തുറമുഖ സമരം സംബന്ധിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

സമഗ്രവും ശാസ്ത്രീയവുമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ യു.പി.എ. സർക്കാർ ഈ പ്രോജക്ടിന് പാരിസ്ഥിതികാനുമതി നൽകിയിട്ടുള്ളത്. വിഴിഞ്ഞത്തിന്റെ പ്രത്യേകമായ ആകൃതിയും ഘടനയുംമൂലം സമീപപ്രദേശങ്ങളിൽ വലിയ തോതിലുള്ള തീരശോഷണമുണ്ടാകില്ലെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള expert appraisal committee കണ്ടെത്തിയിരിക്കുന്നത്. എന്നിരുന്നാലും ഈ പാരിസ്ഥിതിക അനുമതിക്കെതിരെ സുപ്രീംകോടതിയിലും ഹരിത ട്രൈബ്യൂണലിലും പരാതികളുണ്ടായി.

സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ദേശീയ ഹരിത ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് ഈ കേസുകളെല്ലാം കേൾക്കുകയും വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

പ്രധാന കക്ഷികളുടെ അപേക്ഷ പരിഗണിച്ച് രണ്ട് വിദഗ്ദ്ധ സമിതികൾക്ക് ദേശീയ ഹരിത ട്രൈബ്യൂണൽ രൂപം നൽകിയിരുന്നു. രാജ്യത്തെ പ്രധാന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളിലെ മുതിർന്ന ശാസ്ത്രജ്ഞരാണ് ഈ കമ്മിറ്റികളിൽ അംഗങ്ങളായിട്ടുള്ളത്. അവർ 6 മാസത്തിലൊരിക്കൽ യോഗം ചേരുകയും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ഇവയെല്ലാം നടപ്പാക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ നിശ്ചയിച്ച സമിതികളുടെ റിപ്പോർട്ടുപ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം കാര്യമായ തീരശോഷണമുണ്ടായിട്ടില്ലെന്നാണ് കാണിക്കുന്നത്. എന്നാൽ അറബിക്കടലിന്റെ പടിഞ്ഞാറെ തീരപ്രദേശമായ കേരളത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഒട്ടേറെ ചുഴലിക്കാറ്റും തീരശോഷണവുമുണ്ടാകുന്നുണ്ട്. ഇത് ലോകമാകമാനമുള്ള കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമാണ്. എന്നിരുന്നാലും തുറമുഖനിർമ്മാണം തീരശോഷണം വരുത്തുന്നുവെന്ന ആക്ഷേപം

പഠിക്കുന്നതിനായി 6.10.2022-ന് Central Water and Power Research Station (CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ. കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ധരെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം ഏതെങ്കിലും തരത്തിലുള്ള തീരശോഷണം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അങ്ങനെയുണ്ടെങ്കിൽ അതിന് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാനുമാണ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. റിപ്പോർട്ട് അന്തിമമാക്കുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട പ്രദേശവാസികളെ കേൾക്കുവാനും അവരുടെ ആശങ്കകൾകൂടി പരിഹരിക്കാനുതകുന്ന തരത്തിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനുമാണ് സമിതിയോട് നിർദ്ദേശിച്ചിട്ടുള്ളത്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിൽ അശാസ്ത്രീയതയുണ്ടെന്നും അതുമൂലം മണൽത്തിട്ട രൂപപ്പെട്ട് അപകടം ഉണ്ടാകുന്നുണ്ടെന്നുമുള്ളത് വസ്തുതയാണ്. ഇതിന് പരിഹാരമായി കരാർ കമ്പനി മുംബൈയിൽനിന്നും പ്രത്യേകമായി രൂപകൽപ്പന ചെയ്ത ഡ്രഡ്ജർ കൊണ്ടുവന്ന് കഴിഞ്ഞ രണ്ട് വർഷങ്ങളിലും ഡ്രഡ്ജിംഗ് നടത്തി മണൽത്തിട്ടയും തീരത്തോടടുത്തുള്ള വലിയ കല്ലുകളും മാറ്റി. അതുമൂലം രണ്ട് വർഷമായി അപകടങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം

നിർദ്ദേശിക്കുന്നതിനുവേണ്ട പഠനം നടത്തി Rectification നടപടികൾ ശിപാർശ ചെയ്യുന്നതിനായി 22.10.2022-ന് കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS)-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാർ മണ്ണെണ്ണ വില അടിക്കടി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ തമിഴ്നാട്ടിലേതുപോലെ 25 രൂപയ്ക്ക് നൽകണമെന്നാണ് സമരക്കാരുടെ ആവശ്യം. ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്ര മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. എന്നാൽ മണ്ണെണ്ണ വില കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറല്ല. Pollution തടയുന്നതിന് മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ ഈ നടപടിയെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ നിലവിൽ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നൽകുന്നുണ്ട്. അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ എണ്ണം കേരളത്തിൽ മൂന്നരലക്ഷത്തോളം വരും. ഈ സാഹചര്യത്തിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചാൽ സംസ്ഥാനത്തിന് വരുന്ന സാമ്പത്തിക ബാധ്യത ഭീമമായിരിക്കുന്നതിനാൽ ഇത് പ്രായോഗികമല്ല. എന്നാൽ പരിസ്ഥിതി സൗഹൃദമായ മറ്റു ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്നതിലേയ്ക്ക് സബ്സിഡി നൽകുവാൻ തയ്യാറാണെന്ന്

ക്യാബിനറ്റ് സബ്കമ്മിറ്റിയും ഫിഷറീസ് വകുപ്പുമന്ത്രിയും സമരക്കാരെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലും സർക്കാർ അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. നിർമ്മാണ കാലയളവിൽ മത്സ്യബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുമെന്ന സമരക്കാരുടെ ആവശ്യം സർക്കാർ അനുകൂലമായി പരിഗണിച്ചു. ഓരോ ബോട്ടിനും എഞ്ചിൻ കപ്പാസിറ്റി അനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ 2017 മുതൽ സൗജന്യമായി നൽകിവരുന്നുണ്ട്. ഇതിനുമാത്രം സർക്കാർ പ്രതിവർഷം 23 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ ഈ വർഷം 41 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിരുന്നാലും ഇത് തുടരുന്നതിനായി 30.4.2022-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യബന്ധനം നടത്തുവാൻ കഴിയാത്ത ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് കൂലി നൽകണമെന്ന ആവശ്യം നടപ്പാക്കുന്നതിന് വലിയ തുക വേണ്ടിവരും. ഇത് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നിലവിലില്ല. ഇത് ഫിഷറീസ് വകുപ്പിന്റെ ഇപ്പോഴത്തെ ബഡ്ജറ്റ് അലോക്കേഷൻകൊണ്ട് നടപ്പാക്കുവാനും കഴിയില്ല. അതുകൊണ്ട് ഇക്കാര്യം പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക്

സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ പ്രയാസം നേരിട്ട എല്ലാ ഘട്ടങ്ങളിലും അവരെ സർക്കാർ ചേർത്തുനിർത്തി സംരക്ഷിച്ചിട്ടുണ്ട്. അത് ഇടതുപക്ഷ സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. നിലവിൽ ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ചുനൽകുന്നുണ്ട്. ഓഖി പോലെ വലിയ കെടുതികൾ ഉണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻപേർക്കും സൗജന്യ റേഷനും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ധനസഹായവും നൽകിയിട്ടുണ്ട്. എന്നാൽ തുറമുഖനിർമ്മാണം നിർത്തിവയ്ക്കുക എന്ന ആവശ്യം പരിഗണിക്കുവാൻ ഒരു ഘട്ടത്തിലും നിർവ്വാഹമില്ല. 2015-ൽ യു.ഡി.എഫ്. സർക്കാർ ഒപ്പുവച്ച കൺസഷൻ കരാർപ്രകാരം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കികൊടുക്കേണ്ട ബാദ്ധ്യത സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. അല്ലെങ്കിൽ സർക്കാർ ഭീമമായ നഷ്ടപരിഹാരം നൽകേണ്ടിവരും. നേരത്തെ വിഴിഞ്ഞം തീരവാസികൾ സമരം ചെയ്തതുമൂലം നഷ്ടപ്പെട്ട ദിസങ്ങൾക്കുപോലും നഷ്ടപരിഹാരം നൽകണമെന്ന് നിർമ്മാണ കമ്പനി ആർബിട്രേഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കൂടുതൽ പ്രതിരോധത്തിലാക്കുവാനേ ഇപ്പോഴത്തെ സമരം ഉപകരിക്കൂ. പ്രതിദിനം ലക്ഷക്കണക്കിന് രൂപ വാടകയുള്ള വലിയ യന്ത്രങ്ങളും ബാർജ്ജുകളും വിദഗ്ദ്ധ

തൊഴിലാളികളെയുമാണ് കരാർ കമ്പനി എത്തിച്ചിട്ടുള്ളത്. ഇതുവരെ ഏതാണ്ട് 200 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് നിർമ്മാണ കമ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രോജക്ട് കമ്മീഷൻ ചെയ്യാനുള്ള കാലതാമസത്തിന് പുറമെ നഷ്ടപരിഹാരവും ആവശ്യപ്പെട്ട് അവർ ആർബിട്രേഷനെ സമീപിക്കുവാനിടയുണ്ട്. ഇത് സംസ്ഥാനത്തിന് വലിയ ബാധ്യത വരുത്തും. സമരക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. സമരക്കാരുടെ ആവശ്യങ്ങൾ കേൾക്കുവാനും അവ നടപ്പാക്കുന്നതിനുമായി ഫിഷറീസ്, ഗതാഗതം, റവന്യൂ, ഭക്ഷ്യ-സിവിൽ സപ്ലൈസ്, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിമാരടങ്ങിയ സബ്കമ്മിറ്റിയെ മുഖ്യമന്ത്രി ചുമതലപ്പെടുത്തി. അതനുസരിച്ച് സബ്കമ്മിറ്റി രൂപതാ അധികൃതരുമായി നാലുവട്ടം ഔദ്യോഗികമായി ചർച്ച നടത്തുകയുണ്ടായി. ഇതുകൂടാതെ ഫിഷറീസ്, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുമായി നിരവധി അനൗദ്യോഗിക ചർച്ചകളും നടന്നിട്ടുണ്ട്. സെപ്റ്റംബർ 26-ന് ക്യാബിനറ്റ് സബ്കമ്മിറ്റിയുമായുള്ള നാലാമത്തെ ചർച്ചയിൽ തുറമുഖനിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റ് കാര്യങ്ങളിൽ ഏത് വിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്ന് മന്ത്രിസഭാ ഉപസമിതി സമരക്കാരെ അറിയിച്ചു. രണ്ട്

ദിവസത്തിനുള്ളിൽ ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് വരാമെന്ന് സമ്മതിച്ചിട്ടാണ് അവർ പിരിഞ്ഞത്. എന്നാൽ പിന്നീട് അവർ ചർച്ചയ്ക്ക് വന്നില്ല. തുടർന്ന് ചീഫ് സെക്രട്ടറിതലത്തിൽ നടത്തിയ ചർച്ചയിലും ചർച്ച തൃപ്തികരമാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പിലെത്താമെന്നും സമ്മതിച്ച് പിരിഞ്ഞു. പിന്നീട് അവർ ഈ ധാരണയിൽ നിന്നും പിൻമാറി; ചർച്ചയ്ക്ക് വന്നിട്ടില്ല. അതേസമയം സർക്കാരുമായി ചർച്ച നടത്തിവരികയാണെന്നും നിർമ്മാണത്തെ ഒരർത്ഥത്തിലും തടസ്സപ്പെടുത്തില്ലെന്നും സമരക്കാർ കോടതിക്ക് ഉറപ്പുനൽകി. എന്നാൽ, എല്ലാ ഉറപ്പുകളും കാറ്റിൽപ്പറത്തി അക്രമാസക്തമായി നിർമ്മാണപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതും തുടർന്ന് പോലീസ് സ്റ്റേഷൻ ആക്രമിക്കുന്നതുൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കാണ് കേരളം സാക്ഷിയായത്. ഈ സാഹചര്യത്തിൽ ഹൈക്കോടതിയുടെ 2.12.2022-ലെ ഉത്തരവുകൂടി പരിഗണിച്ച് കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ ടൂറിസം, ഗതാഗത, വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ വമ്പിച്ച കുതിപ്പ് ഉണ്ടാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്.

3. <u>രാഷ്ട്രീയ തടവുകാരുടെ ശിക്ഷാ ഇളവ് സംബന്ധിച്ച പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)-ന്റെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി</u>

നമ്മുടെ സംസ്ഥാനത്ത് അംബേദ്കർ ജന്മശതാബ്ദിയോടനുബന്ധിച്ച് 1991-ലും സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 1997-ലും ഈ നൂറ്റാണ്ടിന് തുടക്കം കുറിച്ച 2000-ത്തിലും ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2011, 2012 വർഷങ്ങളിലും ജയിലിൽ കഴിഞ്ഞ തടവുകാർക്ക് അവരുടെ ആകെ ശിക്ഷാ കാലയളവ് കണക്കിലെടുത്ത് 15 ദിവസം മുതൽ ഒരു വർഷം വരെ പ്രത്യേക ശിക്ഷാ ഇളവ് അനുവദിച്ചിരിക്കുന്നു. ഓരോ തടവുകാരന്റെയും ശിക്ഷായിളവുദിവസങ്ങൾ കണക്കാക്കി അത് യഥാർത്ഥ ശിക്ഷാകാലയളവിൽനിന്ന് കുറവ് ചെയ്ത്, ജയിൽ സൂപ്രണ്ടുമാരാണ് നടപടികൾ സ്വീകരിച്ചിരുന്നത്. ഇളവിന് പരിഗണിക്കുമ്പോൾ സർക്കാർ തലത്തിൽ തടവുകാരുടെ വിവരങ്ങൾ ശേഖരിക്കുകയോ ജയിലിലെ അവരുടെ സ്വഭാവഗുണം വിലയിരുത്തുകയോ ചെയ്തിരുന്നില്ല. 2012-ൽ പുറപ്പെടുവിച്ച മാനദണ്ഡത്തിൽ രാഷ്ട്രീയതടവുകാരെ ശിക്ഷായിളവിൽനിന്ന് ഒഴിവാക്കിയിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 23.11.2018-ൽ ശിക്ഷായിളവ് നൽകുന്നതിന് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയുണ്ടായി. തടവുകാരുടെ ഇളവിനുള്ള അർഹത സർക്കാർ തലത്തിൽ വിലയിരുത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത മാനദണ്ഡമനുസരിച്ച്

രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ Premature Release അനുവദിക്കുന്നതിന് 14 വർഷം ജയിൽവാസം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് പ്രത്യേക ശിക്ഷായിളവ് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനായി തടവുകാരുടെ അർഹത സർക്കാർതലത്തിൽ പരിശോധിക്കുന്നതിനായി രണ്ട് സൂക്ഷ്മപരിശോധനാ സമിതികൾക്ക് രൂപം നൽകി. ശിക്ഷായിളവിന്റെ തോത് നിർണ്ണയിക്കുന്ന കാര്യത്തിലും രാഷ്ട്രീയകൊലപാതക കേസുകളിലെ തടവുകാരുടെ കാര്യത്തിലും ക്രൂരമായ കൊലപാതകം എന്നത് നിർവ്വചിക്കുന്ന കാര്യത്തിലും വ്യക്തത ആവശ്യമായി വന്നു. ക്രിമിനൽ നടപടി സംഹിതയുടെ 433(എ) വകുപ്പ് പ്രകാരം ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാർ (രാഷ്ട്രീയ കൊലപാതക കേസുകളിലെ തടവുകാർ ഉൾപ്പെടെ) 14 വർഷം യഥാർത്ഥ ശിക്ഷാകാലാവധി പൂർത്തിയാക്കി എന്ന കാരണത്താൽ മാത്രം വിട്ടയൽ ചെയ്യുവാൻ കഴിയില്ല. 2014-ലെ ജയിൽ ചട്ടം 462 പ്രകാരം രൂപീകരിച്ച ജയിൽ ഉപദേശകസമിതികളുടെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വിട്ടയലിനുള്ള അർഹത മന്ത്രിസഭാ തലത്തിൽ ശിപാർശ ചെയ്ത്

ഭരണഘടനയുടെ അനുച്ഛേദം 161 പ്രകാരം ഗവർണറുടെ അനുമതിയോടെ വിട്ടുതൽ അനുവദിക്കുകയാണ് ചെയ്യുന്നത്. ഇവർക്ക് ശിക്ഷായിളവ് നല്കിയാലും 14 വർഷത്തിനുമുമ്പ് വിട്ടയയ്ക്കാൻ കഴിയില്ല. ക്രിമിനൽ നടപടി സംഹിതയിൽ ഈ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ 2018-ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന 'persons involved in political murder shall not be considered for Premature Release before completion of 14 years of actual imprisonment' എന്ന വ്യവസ്ഥയ്ക്ക് പ്രസക്തിയില്ല. ഇക്കാരണത്താലാണ് 25.11.2022-ൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങളിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കിയത്. അതോടൊപ്പം ഹീനമായ കൊലപാതകമെന്നത് നിർവ്വചിക്കുകയും ചെയ്തു. 2012 മുതൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഇളവ് തോതുകളിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്നവർക്ക് അനർഹമായി പ്രത്യേക ശിക്ഷായിളവ് ലഭിച്ച് വിട്ടയയ്ക്കുന്നതരത്തിൽ ഒരു ഭേദഗതിയും സർക്കാർ വരുത്തിയിട്ടില്ല.

### ശിക്ഷാ ഇളവ് നൽകുന്നതിന്റെ അളവ് 2012 മുതൽ നിലനിൽക്കുന്ന ഇളവ് തോത്

| ശിക്ഷാ കാലയളവ് | ഇളവ് (സ്കെയിൽ) |
|---|---|

| | |
|---|---|
| 3 മാസം വരെ | 15 ദിവസം |
| 3 മുതൽ 6 മാസം | 1 മാസം |
| 6 മാസം മുതൽ 1 വർഷം വരെ | 2 മാസം |
| 1 മുതൽ 2 വർഷം വരെ | 3 മാസം |
| 2 മുതൽ 5 വർഷം വരെ | 4 മാസം |
| 5 മുതൽ 10 വർഷം വരെ | 5 മാസം |
| ജീവപര്യന്തം | 1 വർഷം |

## 4. നൈജീരിയയിൽ അകപ്പെട്ട നാവികരുടെ മോചനം സംബന്ധിച്ച ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

ഇക്വറ്റേറിയൽ ഗിനിയയിൽ സമുദ്രാതിർത്തി ലംഘിച്ചതിന്റെ പേരിൽ കസ്റ്റഡിയിൽ എടുത്ത 'എം. റ്റി. ഹിറോയിക് ഐഡൻ' എന്ന ചരക്കുകപ്പലിലെ മലയാളികൾ ഉൾപ്പെടെയുള്ള നാവികരുടെ മോചനത്തിന് അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് 8.11.2022-ൽ കത്തയച്ചിട്ടുണ്ട്. ഇവരുടെ മോചനത്തിന് ആവശ്യമായ നിയമസഹായം ഉൾപ്പെടെയുള്ള നയതന്ത്ര ഇടപെടൽ ശക്തമാക്കണമെന്ന് ചീഫ് സെക്രട്ടറി കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി. തുടർനടപടികൾക്കായി കേന്ദ്ര വിദേശകാര്യ

മന്ത്രാലയവുമായും നൈജീരിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുമായും നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി കത്തുകൾ മുഖാന്തരം ബന്ധപ്പെട്ടിട്ടുണ്ട്. തടങ്കലിലുള്ളവരെ സന്ദർശിക്കുകയും കപ്പൽ കമ്പനിയുമായും നിയമ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് ഇവരെ എത്രയുംവേഗം വിട്ടയയ്ക്കാൻ എല്ലാ നിയമസഹായവും ക്ഷേമവും ഉറപ്പാക്കിയിട്ടുണ്ടെന്ന് നൈജീരിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഇവർ സുരക്ഷിതരാണെന്നും കപ്പലിലെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെട്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇവരുടെ മോചനം എത്രയുംവേഗം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)-ന്റെ സബ്മിഷന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടി

കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിന് കായിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2.16 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2018-ലുണ്ടായ പ്രളയത്തെത്തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ധനവിനിയോഗത്തിൽ പുനഃക്രമീകരണം ആവശ്യമായി വന്ന സാഹചര്യത്തിൽ പദ്ധതി മാറ്റിവച്ചു. പ്രസ്തുത സ്കൂളിന്റെ കായിക അടിസ്ഥാന സൗകര്യവികസനം കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി

തത്വത്തിൽ അംഗീകരിച്ചുകൊണ്ടും പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കാൻ കിറ്റ്കോയെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിന്റെ ഉടമസ്ഥാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽത്തന്നെ നിലനിർത്തി, കായിക വകുപ്പിന്റെ നേതൃത്വത്തിൽ കായിക അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കി സ്പോർട്സ് സ്കൂളാക്കി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കിറ്റ്കോ പദ്ധതിയുമായി മുന്നോട്ടുപോകാതിരുന്ന സാഹചര്യത്തിൽ ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി. ആയ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി 14.10.2022-ൽ ഉത്തരവായിട്ടുള്ളതാണ്. അതുപ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസ്ഡ് അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കിയിട്ടുള്ളതുമാണ്. മണ്ണ് പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്, ഈ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. സ്ഥലത്ത് നിലനിൽക്കുന്ന മരങ്ങളും പഴയ

കെട്ടിടങ്ങളും പൊളിച്ചുനീക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. കായിക വകുപ്പ് എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. രമേശ് സി.എസ്-ന് ടി പ്രവൃത്തിയുടെ നോഡൽ ഓഫീസറുടെ ചുമതല നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 6. ഗ്രീൻഫീൽഡ് ദേശീയപാതയ്ക്ക് സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

പാലക്കാട് ജില്ലയിലെ മരുത്വാ റോഡ് (ch 0.00) മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ (ch 121.006) 121 കി.മീ. ദൈർഘ്യമുള്ള പാലക്കാട് - കോഴിക്കോട് ദേശീയപാത – 966 (ഗ്രീൻഫീൽഡ് ഹൈവേ) പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 545.527 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭാരത്മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത അതോറിറ്റി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ NH Act 1956 പ്രകാരം പാലക്കാട് - കോഴിക്കോട് ദേശീയപാതയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. പൊതു ആവശ്യങ്ങൾക്ക് സ്ഥലമേറ്റെടുക്കൽ നടത്തുന്നത് LARR Act, 2013-ലെ നിബന്ധനകൾക്കനുസരിച്ചാണ്. പാലക്കാട് -

കോഴിക്കോട് ദേശീയപാത നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക -1 പ്രകാരമുള്ള നഷ്ടപരിഹാരവും ആ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക – 2 പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിക്കും കുഴിക്കൂർ ചമയങ്ങൾക്കും വെവ്വേറെ വിലനിർണ്ണയം നടത്തി ആയതിന്റെ ഇരട്ടി തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്. ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 26(1) പ്രകാരമാണ് മാർക്കറ്റ് വില കണക്കാക്കുന്നത്. മാർക്കറ്റ് വില തയ്യാറാക്കുന്നത് 1956-ലെ NH ആക്ടിലെ 3D പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷമാണ്. ഇന്ത്യൻ സ്റ്റാമ്പ് ആക്ട് പ്രകാരം Market Value നിശ്ചയിച്ച സ്ഥലങ്ങളിൽ അപ്രകാരമുള്ള മാർക്കറ്റ് വാല്യുവോ മാർക്കറ്റ് വാല്യു നിശ്ചയിച്ചിട്ടില്ലെങ്കിൽ 3A നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്ക് 3 വർഷക്കാലയളവിൽ ഭൂമി ഏറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനവുമായ ഭൂമിയുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയോ ഏതാണോ കൂടുതൽ അതാണ് മാർക്കറ്റ് വിലയായി കണക്കാക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയ മാർക്കറ്റ് വിലയുടെ ഗുണന ഘടകവും (അതായത് നഗര

പ്രദേശത്ത് നിന്നും 10 കി.മീ. ഉള്ളിൽ ഗുണന ഘടകം 1.2 ഉം 10-20 കി.മീ ഉള്ളിൽ ഗുണന ഘടകം 1.4 ഉം 20-30 കി.മീ. ഉള്ളിൽ ഗുണന ഘടകം 1.6 ഉം പ്രകാരം) ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന വില, Social Forestry വകുപ്പ് കണക്കാക്കുന്ന മരങ്ങളുടെ വില, കൃഷിവകുപ്പ് കണക്കാക്കുന്ന കാർഷിക വിളകളുടെ വില എന്നിവ കൂട്ടിക്കിട്ടുന്ന ആകെ വിലയും ആയതിന്റെ 100% സൊലേഷ്യവും അടക്കം കണക്കാക്കുന്ന വിലയും അതോടൊപ്പം 3A വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12% നിരക്കിൽ മാർക്കറ്റ് വിലയുടെ അധിക വർദ്ധനവും നൽകുന്നതാണ്. അതോടൊപ്പം ഭൂമി ഏറ്റെടുക്കൽമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്. ദേശീയപാത – 966 (ഗ്രീൻ ഫീൽഡ് ഹൈവേ) കടന്നുപോകുന്ന മിക്ക പ്രദേശങ്ങളും അവികസിത സ്ഥലങ്ങളും യഥാർത്ഥ വില ആധാരങ്ങളിൽ കാണിക്കാത്തതിനാൽ ശരാശരി തുക എടുക്കുന്ന അവസരങ്ങളിൽ മാർക്കറ്റ് വില തീരെ താഴ്ന്നുപോകുന്ന അവസ്ഥ സംജാതമാകുമെന്നതിനാൽ ആയതിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ്

ദേശീയപാത നിർമ്മാണത്തിന് മാർക്കറ്റ് വില നിർണ്ണയിച്ചിട്ടില്ല. ആയതിനാൽ മാർക്കറ്റ് വില തീരെ താഴ്ന്നുപോകുന്ന അവസ്ഥയുണ്ടെന്ന് നിലവിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള അവസ്ഥ ഉണ്ടാകുന്നുവെങ്കിൽ നിലവിലുള്ള നിയമത്തിന്റെ സെക്ഷൻ 108-ന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള എല്ലാവിധ പരിഹാരമാർഗ്ഗങ്ങളും തേടിക്കൊണ്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കും. ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുന്ന കാര്യവും പരിഗണിക്കുന്നതായിരിക്കും.

## 7. കോസ്റ്റൽ ഹൈവേ റീച്ച് ഒന്നിലെ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കണ്ടക്കടവ്, ചാളക്കടവ്, സൊസൈറ്റി, പുത്തൻതോട് പാലങ്ങൾ എറണാകുളം ജില്ലയിലെ തീരദേശ ഹൈവേയുടെ ഒന്നാം റീച്ചായ സൗത്ത്-ചെല്ലാനം-ഫോർട്ട് കൊച്ചിയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്നതാണ്. ഈ റീച്ചിൽ ഭൂമിയേറ്റെടുക്കുന്നതിനായി 184.60 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇവിടെ സ്ഥലമേറ്റെടുക്കാനുള്ള 6(1)

നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്തുകയുമാണ്. ഭാരം കൂടിയ വാഹനങ്ങൾ കടന്നുപോകുന്ന മേഖല ആയതിനാൽ കാലപ്പഴക്കം ചെന്ന ഈ പാലങ്ങൾ അപകടാവസ്ഥയിലായതിനാൽ പുനർനിർമ്മിക്കേണ്ടതാണ്. ഇതിൽ ഒരു പാലത്തിന് നിലവിൽ ഭരണാനുമതി നൽകിയതാണ്. തീരദേശ ഹൈവേയുടെ ഭാഗമായതിനാൽ അതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പുനർനിർമ്മിക്കേണ്ടത്. തീരദേശ ഹൈവേയുടെ ഫൈനൽ ഡി.പി.ആർ. തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. എങ്കിലും ഈ പാലങ്ങളുടെ ഡിസൈൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് പാലങ്ങൾ വിഭാഗവും കെ.ആർ.എഫ്.ബി.-പി.എം.യു-വും തമ്മിൽ ആശയവിനിമയം നടത്തുന്നുണ്ട്. പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഏകോപിതമായ തീരുമാനമെടുത്ത് മുന്നോട്ടുപോകാൻ ഇരുവിഭാഗങ്ങളുടെയും ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകാം.

## 8. കുറ്റ്യാടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഗൗരവമേറിയ വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തെ കരാറുകാരിൽ ഭൂരിഭാഗവും മികച്ച

നിലയിൽ പ്രവൃത്തി നടത്തുകയും പൂർത്തീകരിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ അപൂർവ്വമായി ചിലർ തെറ്റായ സമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. പ്രവൃത്തി ഏറ്റെടുക്കുക, ആരംഭിക്കുക, പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുക എന്ന രീതിയാണ് ഇത്തരക്കാർ ചെയ്യുന്നത്. ഇത് ഒരുതരത്തിലും അംഗീകരിക്കാനാവില്ല എന്നതാണ് വകുപ്പിന്റെ നിലപാട്. കുറ്റ്യാടി മണ്ഡലത്തിൽ നിലനിൽക്കുന്ന ഇത്തരത്തിലുള്ള മൂന്ന് പ്രവൃത്തികളെക്കുറിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ 30.12.2021-ന് കരാറുകാരന് സൈറ്റ് ഹാൻഡ്ഓവർ ചെയ്തതാണ്. കരാർപ്രകാരം പ്രവൃത്തി തീരേണ്ട സമയമായി. മൂന്ന് കിലോമീറ്റർ ബി.എം. പ്രവൃത്തിയാണ് ഇവിടെ പൂർത്തീകരിച്ചത്. മഴയ്ക്കുശേഷം പ്രവൃത്തി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട കരാറുകാരനെതിരെയുള്ള നടപടികൾ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടക്കുകയാണ്. പ്രവൃത്തി പൂർത്തിയാക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. പൂർത്തിയാക്കുന്നില്ലെങ്കിൽ കടുത്ത നടപടികൾ തന്നെ സ്വീകരിക്കും. കക്കട്ടിൽ ടൗൺ, കുറ്റ്യാടി ടൗൺ എന്നീ പ്രവൃത്തികളിലും

സമാനമായ സാഹചര്യമാണുള്ളത്. കക്കട്ടിൽ ടൗൺ പ്രവൃത്തി നിലവിൽ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടരുകയുമാണ്. കുറ്റ്യാടി ടൗണിൽ എം.എൽ.എ-യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രവൃത്തി വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. എന്നാൽ തുടർന്നും പുരോഗതിയുണ്ടാകാത്ത സാഹചര്യത്തിൽ 2.11.2022-ൽ കരാറുകാരന് ഫൈനൽ നോട്ടീസ് നൽകി. കരാറുകാരൻ ഹൈക്കോടതിയെ സമീപിക്കുകയും തുടർ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാര്യങ്ങൾ കോടതിയെ ബോധ്യപ്പെടുത്താനും പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഉയർന്ന പരിഗണനയാണ് നൽകിയിട്ടുള്ളത്. ഇതുവരെ 3284.49 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തി. 5210.82 കി.മീ. റോഡുകളുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. ഈ പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പുതലത്തിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ അപ്പോഴും ചിലയിടങ്ങളിൽ

പ്രവൃത്തി പൂർത്തിയാക്കാതിരിക്കുക എന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇതിനെതിരെ കടുത്ത നടപടി സ്വീകരിക്കുക എന്നതാണ് വകുപ്പിന്റെ നിലപാട്. പ്രവൃത്തി പൂർത്തീകരിക്കാത്ത സമയങ്ങളിൽ കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുക എന്നതാണ് വകുപ്പിന് മുന്നിലുള്ള ആദ്യ നടപടി. ഇതിനെക്കുറിച്ച് പി.ഡബ്ല്യു.ഡി. മാനുവലിൽ തന്നെ പറയുന്നുണ്ട്.

2116.2, Termination OF Contract

The Department can Terminate the contract and rearrange the work at the risk and cost of contractor in the following cases:

i. If the contractor does not turn up for starting the work within the specified period to take charge of the site after executing the agreement.

ii. If the contractor does not show the proportionate progress during the extended period of time of completion.

iii. If the contractor abandons the work after executing a portion without genuine reason and does not resume or complete it even after specific direction from the Department.

iv. Fails to make application for extension of time of completion in time.

v. The licence or the contractor whose work has been terminated shall be cancelled with immediate effect and shall be barred from quoting for another work for a minimum period of five years. Contract licence shall not be renewed in his name or different name of a binamy.

vi. A company or person or firm once terminated shall be disqualified from participating in any tender in his name or by using a different name or binamy. There shall also be a fine and forfeiture of deposits.

റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി പി.ഡബ്ല്യു.ഡി. മിഷൻ ടീം പരിശോധിച്ചിരുന്നു. ഇതേത്തുടർന്ന് കർശന നിലപാട് വകുപ്പ് സ്വീകരിക്കുകയാണ്. അതനുസരിച്ച് റിസ്ക് ആന്റ് കോസ്റ്റുമായി ബന്ധപ്പെട്ട കാര്യം സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തി കർക്കശമാക്കാനുള്ള നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലാണ്. പ്രവൃത്തി പുനഃക്രമീകരിക്കലും ടെണ്ടർ നടപടികളും വൈകുമോ എന്ന സംശയത്താൽ പലരും റിസ്ക് & കോസ്റ്റ് ടെർമിനേഷൻ പരമാവധി ഒഴിവാക്കണമെന്നാണ് ആവശ്യപ്പെടാറുള്ളത്. എന്നാൽ പ്രവൃത്തി

പുനഃക്രമീകരിക്കുന്ന കാര്യത്തിലും ടെണ്ടറിന്റെ കാര്യത്തിലും ചില ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. ഇത്തരം ടെണ്ടറുകളിൽ അക്രഡിറ്റഡ് ഏജൻസികൾകൂടി നിർബന്ധമായും പങ്കെടുക്കണമെന്ന നിർദ്ദേശമാണ് പരിശോധിക്കുന്നത്. ഈ തരത്തിൽ പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കുന്ന നടപടികളുമായി മുന്നോട്ടുപോകാനാണ് തീരുമാനം. നിലവിലുള്ള മാന്വൽ ഭേദഗതിക്ക് പ്രത്യേക കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

9. ബി.എം.& ബി.സി. നിലവാരത്തിൽ റോഡുകളുടെ നിർമ്മാണം സംബന്ധിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി

പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. പെരുമ്പാവൂർ മണ്ഡലത്തിൽ ആകെ 250.6 കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ളത്. ഇതിൽ നൂറ് കിലോമീറ്ററോളം റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളെല്ലാം എല്ലാം ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ

വരുമ്പോൾ പതിനായിരം കിലോമീറ്ററോളം റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ഉണ്ടായിരുന്നു. ഈ സർക്കാരിന്റെ പതിനഞ്ച് മാസംകൊണ്ട് 3284.49 കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തി. 5210.82 കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. 1670.10 കിലോമീറ്റർ റോഡ് കൂടി ബി.എം.&ബി.സി. നിലവാരത്തിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കുന്നതിന് ചെലവ് കൂടുതലാണ്. സാധാരണ ചിപ്പിംഗ് കാർപ്പെറ്റ് റോഡുകളിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് 25 ലക്ഷത്തോളം രൂപ ചെലവ് വരുമ്പോൾ ബി.എം.&ബി.സി-ക്ക് ഒരു കോടിയോളം രൂപയാണ് ചെലവ് വരിക. ഈ സാഹചര്യത്തിൽ ഘട്ടംഘട്ടമായി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലാക്കുന്നതിനുള്ള ദീർഘകാല പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകളും ആനുപാതികമായി ബി.എം&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തും. സബ്മിഷനിൽ സൂചിപ്പിച്ചവയിൽ 11 റോഡുകൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നുണ്ട്.

## 10. പുതുക്കാട് കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നത് സംബന്ധിച്ച ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

2020-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലുള്ള 4 ഏക്കർ സ്ഥലത്ത് Modernisation of Puthukad KSRTC Bus Station പദ്ധതിയുടെ ഭാഗമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് Project Management Consultant ആയി Hindustan Prefab Ltd-നെ ചുമതലപ്പെടുത്തിയെങ്കിലും നടപടിയുണ്ടായില്ല. തുടർന്ന് 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി-യുടെ മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതിന് കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു. അതിന്റെ ഭാഗമായി 24.9.2021-ലും 12.7.2022-ലും ഗതാഗത വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കിഫ്ബി ഫണ്ട് ലഭ്യമാക്കുന്നതുസംബന്ധിച്ച് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള സാദ്ധ്യതാ പഠനത്തെത്തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി., IFC-യുമായി ചേർന്ന് ആരംഭിക്കുന്നതിനുള്ള എഗ്രിമെന്റിന്റെ കരട് തയ്യാറായിവരുന്നു. Viability Gap Fund വ്യവസ്ഥയിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പുതുക്കാട് തന്നെ

കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്‌ലെറ്റ് പമ്പ് ആരംഭിക്കുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു. ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

11 കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ കണക്കിലെടുത്ത് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായാണ് കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചത്. എത്രയുംവേഗം ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നത്. കാസർഗോഡ് ജനറൽ ആശുപത്രിയിൽനിന്നും 30 കിലോമീറ്ററും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽനിന്നും 3 കിലോമീറ്ററും അകലത്തിലായാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥിതിചെയ്യുന്നത്. 3000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 100 കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികളാണ് 9.41

കോടി രൂപ ചെലവഴിച്ച് നിലവിൽ പൂർത്തിയായിട്ടുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സ ദേശീയനിലവാര സൂചികയുടെ ലക്ഷ്യനിലവാരത്തിൽ ലഭ്യമാകുന്ന വിധത്തിൽ ഒ.പി., ഐ.പി., കാഷ്വാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു. എന്നീ സൗകര്യങ്ങളോടുകൂടിയ കെട്ടിടമാണ് സജ്ജമായിട്ടുള്ളത്. നിലവിൽ ആശുപത്രി കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റിയിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടികളും കാഞ്ഞങ്ങാട് നഗരസഭയിൽനിന്നും കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആശുപത്രിക്കാവശ്യമായ ജനറൽ ഉപകരണങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കാഞ്ഞങ്ങാട് നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിലേയ്ക്കാവശ്യമായ എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മെഡിക്കൽ ഗ്യാസ്, പൈപ്പ് ലൈൻ സിസ്റ്റം എന്നിവ സ്ഥാപിക്കൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൂർത്തീകരണം എന്നിവ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു. മോഡുലാർ ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവൃത്തി 19.11.2022-ന് ആരംഭിച്ചിട്ടുണ്ട്. എൻ.എച്ച്.എം-ന്റെ വാർഷിക

പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് 1.60 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഭരണാനുമതി നൽകുകയുണ്ടായി. ആയതുപ്രകാരം വാങ്ങി നൽകുവാൻ നിർദ്ദേശിച്ച 48 തരം ഉപകരണങ്ങളിൽ 28 ഉപകരണങ്ങൾ KMSCL വഴി വിതരണം ചെയ്തിട്ടുണ്ട്. 16 ഉപകരണങ്ങൾക്ക് വിതരണ ഉത്തരവ് നൽകുകയും വിതരണം നടന്നുവരികയുമാണ്. ബാക്കിയുള്ള 4 ഉപകരണങ്ങൾ 2022 ഡിസംബർ 31-ന് മുമ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 15.9.2022-ൽ 13.37 ലക്ഷം രൂപ ചെലവിൽ 12 ലാബ് ഉപകരണങ്ങൾ വാങ്ങി നൽകുവാൻ എൻ.എച്ച്.എം. നിർദ്ദേശിച്ചതിൽ 7 ഉപകരണങ്ങൾ KMSCL വിതരണം ചെയ്തിട്ടുണ്ട്. 5 ഉപകരണങ്ങൾക്കുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ആയത് 2022 ഡിസംബർ 31-ന് മുമ്പ് വിതരണം ചെയ്യുവാൻ സാധിക്കും. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും 12.11.2022-ൽ കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് 1.16 കോടി രൂപയ്ക്ക് വാങ്ങി നൽകുവാൻ ഭരണാനുമതി നൽകിയ 56 തരം ഉപകരണങ്ങളിൽ 36 എണ്ണത്തിന് വിതരണ ഉത്തരവ് KMSCL ഇതിനകം നൽകിയിട്ടുണ്ട്. ആയത്

രണ്ടാഴ്ചയ്ക്കകം ലഭ്യമാകും. 20 ഉപകരണങ്ങൾക്കുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. 22.9.2021-ലെ സ.ഉ.(കൈ)നം. 168/21/ആ.കു.വ. എന്ന ഉത്തരവുപ്രകാരം ഈ ആശുപത്രിക്കായി സ്റ്റാഫ് നഴ്സ് - 7, ഫാർമസിസ്റ്റ് - 2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് - 1 എന്നിങ്ങനെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമെ 15 ഡോക്ടർമാർ അടക്കം 37 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്. മേൽപ്പറഞ്ഞ പ്രകാരം ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും മറ്റ് സൗകര്യങ്ങൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

## 12. അലൈഡ് ഹെൽത്ത് കോഴ്സ് പാസ്സായവരുടെ രജിസ്ട്രേഷനും തുല്യതാ സർട്ടിഫിക്കറ്റും സംബന്ധിച്ച ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

ആരോഗ്യപരിപാലന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ്

ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCHAP) ആക്ട് 2021 എന്ന പേരിൽ കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ അദ്ധ്യായം III സെക്ഷൻ 22 പ്രകാരം സംസ്ഥാന ഗവൺമെന്റിനുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി നിയമം നടപ്പിലാക്കിയ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ 'ദി സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ' എന്ന പേരിൽ സംസ്ഥാന കൗൺസിൽ രൂപീകരിക്കേണ്ടതാണ്. മികച്ച കഴിവും ഭരണശേഷിയും തെളിയിക്കപ്പെട്ട അംഗീകൃത വിഭാഗത്തിലുള്ള അലൈഡ് ഹെൽത്ത് കെയർ സയൻസിലെ ബിരുദാനന്തര ബിരുദവും മേഖലയിൽ 25 വർഷത്തെ പരിചയമുള്ള വ്യക്തി ചെയർപേഴ്സൺ ആയും സർക്കാരിലെ മെഡിക്കൽ അല്ലെങ്കിൽ ഹെൽത്ത് സയൻസുകളെ പ്രതിനിധീകരിക്കുന്ന ഡയറക്ടർ അല്ലെങ്കിൽ ജോയിന്റ് ഡയറക്ടർ, മെഡിക്കൽ കോളേജുകളിൽനിന്നുള്ള ഡീൻ അല്ലെങ്കിൽ വകുപ്പ് മേധാവി, കൗൺസിൽ രൂപീകരിച്ച സ്വയംഭരണ ബോർഡുകളുടെ പ്രസിഡന്റുമാർ, ആക്ടിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗീകൃത വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന രണ്ട് പേർ, ഏതെങ്കിലും അംഗീകൃത വിഭാഗവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസത്തിലോ സേവനത്തിലോ

ഏർപ്പെട്ടിരിക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ ഉൾപ്പെടുന്ന അംഗങ്ങൾ അടങ്ങുന്ന കൗൺസിലാണ് രൂപീകരിക്കേണ്ടത്. 28.09.2022-ലെ 3327-ാം നം. കേരള അസാധാരണ ഗസറ്റിൽ SRO No. 924/22 ആയി പ്രസിദ്ധീകരിച്ച 28.9.2022-ലെ GO(P) 53/2022/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് അസോസിയേറ്റ് പ്രൊഫസർ എം.എൽ.റ്റി. ശ്രീ. അബ്ദുനാസിർ എം. ചെയർപേഴ്സനായും മൂന്ന് എക്സ്-ഒഫിഷ്യോ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമപ്രകാരം രൂപീകരിക്കപ്പെടുന്ന കൗൺസിലിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയായവിധം നിർവ്വഹിക്കുന്നതിന് കേന്ദ്ര റഗുലേഷനുകളും അതോടൊപ്പം സംസ്ഥാന ചട്ടങ്ങളും അനിവാര്യമാണ്. 2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ടിലെ സെക്ഷൻ 68 പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ പരിശോധനയിലാണ്. അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ

തുടങ്ങിയവയും നിലവിൽ പരിശോധനയിലാണ്. നിയമത്തിലെ സെക്ഷൻ 66(1) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റഗുലേഷനുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്കും റഗുലേഷനുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കും കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്. 21.3.2002-ലെ സ.ഉ.(എം.എസ്)73/2002/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ കേരളാ പാരാമെഡിക്കൽ കൗൺസിലിന് പുതിയ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതുവരെ പാരാമെഡിക്കൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനുമുള്ള അനുമതി കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. നിലവിലെ കേരള പാരാമെഡിക്കൽ കൗൺസിലിന്റെ 8.12.2021-ൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക് അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ളവരോ അതത് സംസ്ഥാനത്തിന്റെ റഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷൻ ഉള്ളവരോ ആണെങ്കിൽ കേരള പാരാമെഡിക്കൽ കൗൺസിൽ

രജിസ്ട്രേഷൻ നൽകാവുന്നതാണ് എന്ന ഒരു തീരുമാനം കൈക്കൊള്ളുകയും 8.3.2022-ലെ ഉത്തരവുപ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളിലും കേരളാ പാരാമെഡിക്കൽ കൗൺസിൽ പോലൊരു റഗുലേറ്ററി ബോഡി ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾക്ക് കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

*****